സംയോജിത സുവിശേഷങ്ങൾ

നാല് സുവിശേഷങ്ങളിലെ ആവർത്തനഭാഗങ്ങളെ
ഒഴിവാക്കിക്കൊണ്ട് കാലക്രമത്തിനനുസരിച്ച്
തുടർമാന കഥാരൂപത്തിൽ തയ്യാറാക്കിയത്.

www.mergedgospels.in

ആമുഖം

യേശു ക്രിസ്തുവിന്റെ ജനനം മുതൽ സ്വർഗ്ഗാരോഹണംവരെയുള്ള സംഭവങ്ങളെ ഒരു തുടർമാന കഥാരൂപത്തിൽ കാലക്രമത്തിനനുസരിച്ച് നാല് സുവിശേഷങ്ങളിൽനിന്നും ആവർത്തനഭാഗങ്ങളെ ഒഴിവാക്കികൊണ്ട് ദൈവ വചനങ്ങളെ മാത്രം കോർത്തിണക്കി തയ്യാറാക്കിയതാണ് **സംയോജിത സുവിശേഷങ്ങൾ.** ഡോ. ഗ്യാരി ക്രോസ്സ്ലാൻഡിന്റെ 'മേർജ്ഡ് ഗോസ്പെൽസ്' എന്ന പുസ്തകത്തെ ആധാരമാക്കി ആധുനിക മലയാള ഭാഷാശൈലിയിലാണിത് തയ്യാറാക്കിയിരിക്കുന്നത്. അക്രൈസ്തവരായ ക്രിസ്തീയ വിശ്വാസികൾക്ക് യേശുവിനെക്കുറിച്ചും യേശുവിന്റെ പ്രബോധനങ്ങളെക്കുറിച്ചും വളരെ സരളമായ രീതിയിൽ മനസ്സിലാക്കുവാനും ദൈവവചനങ്ങളെ ഒർത്തൂവെക്കുവാനും ഇത് സഹായിക്കുന്നു. വിശ്വാസത്തോടെ ഇതു വായിക്കുമ്പോൾ പരിശുദ്ധാത്മാവ് പല ഉൾക്കാഴചകളും നമുക്ക് നൽകുന്നു. പല പ്രതികൂല സാഹചര്യങ്ങളിലൂടെ കടന്നുപോയപ്പോഴും തടസ്സമില്ലാതെ ഇത് പൂർത്തീകരിക്കാൻ കർത്താവ് തന്ന കൃപയോർത്ത് ദൈവത്തിന് നന്ദി പറയുന്നു.

ഉള്ളടക്കം

1	സംയോജിത സുവിശേഷങ്ങളുടെ പ്രാരംഭം
2	സുവിശേഷത്തിന്റെ ആരംഭം
3	യേശുവിൻെറ വംശാവലി
4	സക്കറിയക്ക് കിട്ടിയ അരുളപ്പാട്
5	മറിയക്ക് കിട്ടിയ അരുളപ്പാട്
6	മറിയ എലിസബത്തിനെ സന്ദർശിക്കുന്നൂ
7	സ്നാപകയോഹന്നാൻെറ ജനനം
8	മറിയത്തിന്റെ ഗർഭം ധരിക്കൽ
9	യേശുവിൻെറ ജനനം
10	ആട്ടിടയൻമാർക്കു ലഭിച്ച സന്ദേശം
11	യേശുവിനെ ദേവാലയത്തിൽ സമർപ്പിക്കുന്നു
12	ജ്ഞാനികളുടെ സന്ദർശനം
13	ഈജിപ്തീലേക്കുള്ള പാലായനം
14	നിരപരാധികളൂടെ കശാപ്പ്
15	ഈജിപ്തിൽന്നിന്നുള്ള തിരിച്ചുവരവ്
16	ബാലനായ യേശു ദേവാലയത്തിൽ
17	സ്നാപകയോഹന്നാൻെറ പ്രഭാഷണം
18	യോഹന്നാൻ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു
19	യേശുവിൻെറ ജ്ഞാനസ്നാനം
20	യേശുവിൻെറ പരീക്ഷ
21	സ്നാപകയോഹന്നാൻെറ സാക്ഷ്യം
22	ദൈവത്തിൻെറ കുഞ്ഞാട്
23	യേശുവിൻെറ ആദ്യശിഷ്യൻമാർ
24	യേശു പീലിപ്പോസിനേയും നഥാനയേയും വിളിക്കുന്നു
25	കാനായിലെ വിവാഹവിരുന്ന്
26	യേശു ദേവാലയം ശുദ്ധീകരിക്കുന്നു
27	യേശുവും നിക്കൊദേമോസും
28	സ്നാപകയോഹന്നാൻെറ ദൗത്യം
29	യോഹന്നാൻ കാരാഗൃഹത്തിൽ

30	യേശുവും സമരിയാക്കാരിയും
31	ഗലീലയിലെ യേശുവിന്റെ ശിശ്രൂഷ
32	യേശു രാജസേവകൻെറ പുത്രനെ സുഖപ്പെടുത്തുന്നു
33	യേശു സ്വദേശത്ത് അവഗണിക്കപ്പെടുന്നു
34	യേശു ദൗത്യം ആരംഭിക്കുന്നു
35	യേശു സിനഗോഗിൽ പഠിപ്പിക്കുന്നു
36	പിശാചുബാധിതനെ സുഖപ്പെടുത്തുന്നു
37	ശിമയോൻെറ അമ്മായിയമ്മ
38	യേശു രോഗികളെ സൗഖ്യമാക്കുന്നു
39	യേശു കഫർണാമിൽ നിന്നും പുറപ്പെടുന്നു
40	യേശുവിന്റെ ആദ്യത്തെ ശിഷ്യൻമാർ
41	യേശുവിന്റെ ആദ്യത്തെ പ്രസംഗ പര്യടനം
42	യേശു കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നു
43	യേശു തളർവാത രോഗിയെ സൗഖ്യമാക്കുന്നു
44	യേശു മത്തായി ലേവിയെ വിളിക്കുന്നു
45	ഉപവാസത്തെക്കുറിച്ച് തർക്കം
46	പുതിയ വീഞ്ഞ്
47	യേശു ജയ്റോസിന്റെ വീട്ടിൽ പോകുന്നൂ
48	രക്തസ്രാവമുള്ള സ്ത്രീ
49	ജയ്റോസിന്റെ മകൾ
50	സാബത്താചരണത്തെക്കുറിച്ചു തർക്കം
51	കൈ ശോഷിച്ചവനേ സൗഖ്യമാക്കുന്നു
52	കടൽത്തീരത്തെ അദ്ഭുതങ്ങൾ
53	അപ്പസ്തോലൻമാരെ തെരഞ്ഞെടുക്കുന്നു
54	സുവിശേഷഭാഗ്യങ്ങൾ
55	ഭൂമിയുടെ ഉപ്പ്
56	ലോകത്തിൻെറ പ്രകാശം
57	നിയമവും പ്രവാചകൻമാരും
58	കൊലപാതകവും ക്രോധവും
59	ആരോപിതനുമായി രമ്യതപ്പെടുക
60	വ്യഭിചാരവും വിവാഹമോചനവും
61	ആണയിടരുത്

62	തിൻമയെ നൻമകൊണ്ട് ജയിക്കുക
63	ശത്രുക്കളെ സ്നേഹിക്കുക
64	ധർമദാനം
65	യേശു പഠിപ്പിച്ച പ്രാർഥന
66	ക്ഷമിക്കുവാനുള്ള മനസ്സ്
67	ഉപവാസം
68	സ്വർഗത്തിലെ നിക്ഷേപം
69	കണ്ണ് ശരീരത്തിൻെറ വിളക്ക്
70	രണ്ട് യജമാനൻമാർ
71	ദൈവപരിപാലനയിൽ ആശ്രയിക്കുക
72	അന്യരെ വിധിക്കരുത്
73	വിശുദ്ധമായവ അശുദ്ധമാക്കരുത്
74	പ്രാർഥനയ്ക്കുള്ള ഉത്തരം
75	സുവർണ്ണ നിയമം
76	ഇടുങ്ങിയ വാതിൽ
77	വ്യാജപ്രവാചകൻമാർ
78	യഥാർഥ ശിഷ്യൻ
79	പാറമേൽ പണിത ഭവനം
80	ശതാധിപൻെറ ഭൃത്യനെ സുഖപ്പെടുത്തുന്നു
81	വിധവയുടെ മകൻ
82	സ്നാപക യോഹന്നാൻെറ ശിഷ്യൻമാർ യേശുവിനെ സമീപിക്കുന്നു
83	യോഹന്നാനെക്കുറിച്ച് യേശുവിൻെറ സാക്ഷ്യം
84	പാപിനിക്കു മോചനം
85	യേശുവിനെ അനുഗമിച്ച സ്ത്രീകൾ
86	യേശുവിന്റെ ഉപമകളുടെ തുടക്കം
87	വിതക്കാരൻെറ ഉപമ
88	ഉപമകളുടെ ഉദ്ദേശ്യം
89	വിതക്കാരൻെറ ഉപമ വിശദീകരിക്കുന്നു
90	വിത്തിൻെറ ഉപമ
91	രഹസ്യ പ്രവർത്തികൾ
92	യേശുവിന്റെ യഥാർത്ഥ ബന്ധുക്കൾ
93	യേശു കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു

94	പിശാചുബാധിതനെ സുഖപ്പെടുത്തുന്നു
95	ബേത്സഥായിലെ രോഗശാന്തി
96	അന്ധർക്കു കാഴ്ച നൽകുന്നു
97	ഊമനെ സുഖമാക്കുന്നു
98	അപ്പസ്തോലൻമാരെ അയയ്ക്കുന്നു
99	അപ്പസ്തോലൻമാർ തിരിച്ചുവരുന്നു
100	സ്നാപക യോഹന്നാന്റെ മരണം
101	അഞ്ച് അപ്പം അയ്യായിരം പേർക്ക്
102	യേശു വെള്ളത്തിനുമീതേ നടക്കുന്നു
103	ജീവൻെറ അപ്പം
104	നിത്യജീവൻെറ വചസ്സുകൾ
105	ഗനേസറത്തിലെ അദ്ഭുതങ്ങൾ
106	ഹേറോദേസിൻെറ ഉത്കണ്ഠ
107	യേശു പാരമ്പര്യത്തെക്കുറിച്ചു പഠിപ്പിയ്ക്കുന്നു
108	കനാന്യ സ്ത്രീയുടെ വിശ്വാസം
109	ബധിരനെ സുഖപ്പെടുത്തുന്നു
110	നാലായിരം പേരെ ഊട്ടുന്നു
111	ഫരിസേയർ അടയാളം ആവശ്യപ്പെടുന്നു
112	ഫരിസേയരുടെയും സദുക്കായരുടെയും പുളിമാവ്
113	ബേത്സയ്ദായിലെ അന്ധന് കാഴ്ച ലഭിക്കുന്നു
114	പത്രോസിൻെറ വിശ്വാസപ്രഖ്യാപനം
115	പീഡാനുഭവവും ഉത്ഥാനവും – ഒന്നാം പ്രവചനം
116	ശിഷ്യത്വം ആവശ്യപ്പെടുന്ന ത്യാഗങ്ങൾ
117	യേശു രൂപാന്തരപ്പെടുന്നു
118	ഏലിയായുടെ വരവ്
119	പിശാചു ബാധിച്ച ബാലനെ സുഖപ്പെടുത്തുന്നു
120	പീഡാനുഭവവും ഉത്ഥാനവും–രണ്ടാം പ്രവചനം
121	ആരാണു വലിയവൻ?
122	നമുക്ക് എതിരല്ലാത്തവൻ നമ്മുടെ ഭാഗത്താണ്
123	ദേവാലയ നികുതി
124	സമരിയാക്കാരുടെ തിരസ്കാരം
125	യേശുവിനെ അനുഗമിക്കുന്നവർ

126	എഴുപത്തിരണ്ടു പേരെ അയയ്ക്കുന്നു
127	അനുതപിക്കാത്ത നഗരങ്ങൾ
128	എഴുപത്തിരണ്ടുപേർ മടങ്ങിയെത്തുന്നു
129	യേശു ആത്മാവിൽ ആനന്ദിക്കുന്നു
130	ക്ലേശിതർക്കാശ്രയം
131	പ്രതിഫല വാഗ്ദാനം
132	നിയമജ്ഞർ യേശുവിനെ പരീക്ഷിക്കുന്നു
133	നല്ല സമരിയാക്കാരൻെറ ഉപമ
134	കൂടാരത്തിരുനാൾ
135	യേശു ദേവാലയത്തിൽ പഠിപ്പിക്കുന്നു
136	അധികാരികളുടെ അവിശ്വാസം
137	മർത്തായും മറിയവും
138	യേശു പഠിപ്പിച്ച പ്രാർഥന
139	സൗഹൃദത്തിന്റെ വില
140	പിടിക്കപ്പെട്ട വ്യഭിചാരിണി
141	യേശു ലോകത്തിൻെറ പ്രകാശം
142	യഹൂദർക്കു മുന്നറിയിപ്പ്
143	സത്യം നിങ്ങളെ സ്വതന്ത്രരാക്കും
144	പിശാചിന്റെ സന്തതികൾ
145	അബ്രാഹത്തിനുമുമ്പു ഞാനുണ്ട്
146	ജന്മനാ അന്ധനായ മനുഷ്യൻ
147	നല്ല ഇടയൻ
148	യേശു ദൈവപുത്രൻ
149	ലാസറിൻെറ മരണം
150	യേശുവിനെ വധിക്കാൻ ആലോചന
151	യേശുവും ബേൽസെബൂലും
152	അശുദ്ധാത്മാവിൻെറ തിരിച്ചുവരവ്
153	യോനായുടെ അടയാളം
154	ഫരിസേയരുടെയും നിയമജ്ഞരുടെയും കപടനാട്യം
155	ഭയംകൂടാതെ സാക്ഷ്യം നൽകുക
156	പരിശുദ്ധാത്മാവിനെതിരായ പാപം
157	ഫലത്തിൽനിന്നു വൃക്ഷത്തെ അറിയുക

158	പരിശുദ്ധാത്മാവിന്റെ സഹായം
159	അത്യാഗ്രഹങ്ങൾ
160	ഭോഷ്ക്കനായ ധനികൻ
161	വിശ്വസ്തരും ജാഗരൂകരുമായ ഭൃത്യൻമാർ
162	വീടുകളിലെ ഭിന്നതകൾ
163	കാലത്തിൻെറ അടയാളങ്ങൾ വിവേചിക്കുവിൻ
164	പശ്ചാത്തപ്പിക്കുക
165	ഫലം തരാത്ത അത്തിവൃക്ഷം
166	കൂനുള്ള സ്ത്രീയെ സുഖപ്പെടുത്തുന്നു
167	കളകളുടെ ഉപമ
168	കടുകുമണിയുടെ ഉപമ
169	പുളിമാവിന്റെ ഉപമ
170	യേശു ഉപമകൾ ഉപയോഗിക്കുന്നു
171	കളകളുടെ ഉപമ – വിശദീകരണം
172	ഒളിച്ചുവച്ചിരിക്കുന്ന നിധി
173	ഒളിച്ചുവച്ചിരിക്കുന്ന രത്നങ്ങൾ
174	കടലിൽ എറിയപ്പെട്ട വല
175	പുതിയതും പഴയതുമായ നിക്ഷേപങ്ങൾ
176	പെസഹാത്തിരുനാളിൽ യഹൂദർ യേശുവിനെ അന്വേഷിക്കുന്നു
177	ഇടുങ്ങിയ വാതിൽ
178	യേശു ഹേറോദാവിനെതിരെ മുന്നറിയീപ്പ് നൽകുന്നു
179	മഹോദരരോഗിയെ സുഖപ്പെടുത്തുന്നു
180	അതിഥിക്കും ആതിഥേയനും ഉപദേശം
181	വിരുന്നിൻെറ ഉപമ
182	ശിഷ്യത്വത്തിൻെറ വില
183	കാണാതായ ആടിൻെറ ഉപമ
184	കാണാതായ നാണയത്തിൻെറ ഉപമ
185	ധൂർത്തപുത്രൻെറ ഉപമ
186	അവിശ്വസ്തനായ കാര്യസ്ഥൻ
187	വിശ്വസ്തത
188	ഫരിസേയർ ശാസിക്കപ്പെടുന്നു
189	നിയമവും പ്രവാചകൻമാരും

190	ധനവാനും ലാസറും
191	ദുഷ്പ്രേരണ
192	പ്രലോഭനങ്ങൾ
193	സഹോദരനെ ശാസിക്കുക
194	പരസ്പരം തിരുത്തുക
195	ക്ഷമ
196	നിർദയനായ ഭൃത്യന്റെ ഉപമ
197	വിശ്വാസം
198	ഉത്തരവാദിത്വ ബോധം
199	പത്തു കുഷ്ഠരോഗികൾ
200	മനുഷ്യപുത്രന്റെ ആഗമനം
201	നീതിരഹിതനായ ന്യായാധിപൻ
202	ചുങ്കക്കാരൻ
203	വിവാഹമോചനം, വ്യഭിചാരം, ബ്രഹ്മചര്യം
204	ശിശുക്കളെ അനുഗ്രഹിക്കുന്നു
205	ധനികനായ യുവ അധികാരി
206	ത്യാഗം
207	മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ
208	പീഡാനുഭവവും ഉത്ഥാനവും – മൂന്നാം പ്രവചനം
209	സെബദീപുത്രൻമാരുടെ അഭ്യർഥന
210	ജറീക്കോയിലെ അന്ധനു കാഴ്ച നൽകുന്നു
211	സക്കേവൂസിന്റെ ഭവനത്തിൽ
212	പത്തു നാണയത്തിന്റെ ഉപമ
213	ബർതിമേയൂസിനു കാഴ്ച നൽകുന്നു
214	തൈലാഭിഷേകം
215	രാജകീയപ്രവേശനം
216	വിജയകരമായ യാത്ര
217	യേശു ജറുസലെമിനേയോർത്ത് വിലപിക്കുന്നു
218	യേശു ജറുസലെമിൽ പ്രവേശിക്കുന്നു
219	അത്തിവൃക്ഷത്തെ ശപിക്കുന്നു
220	ദേവാലയ ശുദ്ധീകരണം
221	യഹൂദർ യേശുവിനെതിരെ ഗൂഢാലോചന നടത്തുന്നു

222	ഉണങ്ങിപ്പോയ അത്തിവൃക്ഷം
223	യേശുവിൻെറ അധികാരം
224	രണ്ടു പുത്രൻമാരുടെ ഉപമ
225	മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ
226	വിവാഹവിരുന്നിൻെറ ഉപമ
227	സീസറിനു നികുതി
228	പുനരുത്ഥാനത്തെക്കുറിച്ച്
229	സുപ്രധാന കൽപനകൾ
230	ക്രിസ്തു ദാവീദിൻെറ പുത്രൻ
231	നിയമജ്ഞരുടെയും ഫരിസേയരുടെയും കപടനാട്യം
232	വിധവയുടെ കാണിക്ക
233	ദേവാലയത്തിൻെറ നാശത്തെക്കുറിച്ച്
234	വേദനകളുടെ ആരംഭം
235	വരാനിരിക്കുന്ന കഷ്ടത
237	മനുഷ്യപുത്രൻെറ ആഗമനം
238	അത്തിമരത്തിന്റെ ഉപമ
239	ജാഗരൂകരായിരിക്കജശ
240	പത്തുകന്യകമാരുടെ ഉപമ
241	താലന്തുകളുടെ ഉപമ
242	അവസാന വിധി
243	യേശുവിനെ വധിക്കാൻ ആലോചന
244	യേശു തന്റെ മരണത്തേക്കുറിച്ച് സംസാരിക്കുന്നു
245	യഹൂദരുടെ അവിശ്വാസം
246	വചനത്താലുള്ള വിധി
247	ശിഷ്യൻമാർ പെസഹാ ഒരുക്കുന്നു
248	യേശു ശിഷ്യൻമാരുടെ പാദം കഴുകുന്നു
249	യൂദാസിൻെറ വഞ്ചന
250	അന്ത്യത്താഴം
251	ശിഷ്യൻമാർക്കിടയിലെ മുൻഗണനയേപ്പററിയുള്ള തർക്കം
252	പുതിയ പ്രമാണം
253	പത്രോസ് ഗുരുവിനെ നിഷേധിക്കും
254	പണവും വാളും കരുതുക

255	യേശു പിതാവിലേക്കുള്ള വഴി
256	പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്നു
257	സമാധാനം
258	മുന്തിരിച്ചെടിയും ശാഖകളും
259	ക്രിസ്തുവിന്റെ സ്നേഹത്തിൽ വസിക്കുക
260	ലോകം നിങ്ങളെ വെറുക്കും
261	പരിശുദ്ധാത്മാവിൻെറ പ്രവർത്തനം
262	ദുഃഖം സന്തോഷമായി മാറും
263	ശിഷ്യൻമാർ ചിതറിപോകും
264	ശിഷ്യൻമാർക്കുവേണ്ടി പ്രാർഥിക്കുന്നു
265	ഗത്സേമനിയിൽ പ്രാർഥിക്കുന്നു
266	യേശുവിനെ ഒറ്റിക്കൊടുക്കുന്നു
267	ശിഷ്യൻമാർ യേശുവിനെ അനുഗമിക്കുന്നു
268	യേശു പ്രധാനപുരോഹിതൻെറ മുമ്പിൽ
269	പത്രോസ് യേശുവിനെ തള്ളിപ്പറയുന്നു
270	യേശു കയ്യഫാസിന്റെ മുമ്പിൽ
271	യേശുവിനെ പിലാത്തോസിന്റെ അടുത്തേക്ക് അയക്കുന്നു
272	യൂദാസിൻെറ അന്ത്യം
273	യേശു പിലാത്തോസിന്റെ മുമ്പിൽ
274	യേശു ഹേറോദേസിൻെറ മുമ്പിൽ
275	പിലാത്തോസ് യേശുവിന്റെ നിരപരാധിത്വം പ്രഖ്യാപിക്കുന്നു
276	യേശുവിനെ പരിഹസിക്കുന്നു
277	യേശുവിനെ മുൾക്കിരീടം ചൂടിക്കുന്നു
278	പിലാത്തോസ് യേശുവിനെ ക്രൂശിക്കാൻ ഉത്തരവിടുന്നു
279	യേശുവിനെ ക്രൂശിക്കുന്നു
280	യേശുവിനെ കുരിശിൽ തറയ്ക്കുന്നു
281	മാനസാന്തരപ്പെട്ട കള്ളൻ
282	സ്ത്രീകൾ കുരിശിനരികെ
283	യേശുവിൻെറ മരണം
284	യേശുവിൻെറ പാർശ്വം പിളർക്കപ്പെടുന്നു
285	യേശുവിനെ സംസ്കരിക്കുന്നു
286	കല്ലറയ്ക്കു കാവൽ

287	പുനരുത്ഥാനം
288	സ്ത്രീകൾ കല്ലറയെ സമീപിക്കുന്നു
289	സ്ത്രീകൾ കല്ലറയ്ക്കകത്തു കടക്കുന്നു
290	കാവൽക്കാരുടെ വ്യാജപ്രസ്താവന
291	പത്രോസും യോഹന്നാനും കല്ലറക്കരികിൽ
292	യേശു മഗ്ദലേനമറിയത്തിനുപ്രത്യക്ഷപ്പെടുന്നു
293	എമ്മാവൂസിലേക്കു പോയ ശിഷ്യൻമാർ
294	യേശു ശിഷ്യഗണത്തിനു പ്രത്യക്ഷനാകുന്നു
295	ശിഷ്യൻമാർക്കു പ്രത്യക്ഷപ്പെടുന്നു
296	പ്രേഷിതദൗത്യം
297	യേശു വീണ്ടും പ്രത്യക്ഷപ്പെടുന്നു
298	യേശുവിൻെറ സ്വർഗാരോഹണം
299	ഉപസംഹാരം

1. സംയോജിത സുവിശേഷങ്ങളുടെ പ്രാരംഭം

ലൂക്കാ 1:1	നമ്മുടെ ഇടയിൽ നിറവേറിയ കാര്യങ്ങളുടെ വിവരണം എഴുതാൻ അനേകം പേർ പരിശ്രമിച്ചിട്ടുണ്ടല്ലോ.
ലൂക്കാ 1:2	അതാകട്ടെ ആദിമുതൽതന്നെ വചനത്തിൻെറ ദൃക്സാക്ഷികളും ശുശ്രൂഷകൻമാരും ആയിരുന്നവർ നമുക്ക് ഏൽപിച്ചു തന്നിട്ടുള്ളതനുസരിച്ചാണ്.
ലൂക്കാ 1:3	അല്ലയോ, ശ്രേഷ്ഠനായ തെയോഫിലോസ്, എല്ലാകാര്യങ്ങളും പ്രാരംഭം മുതൽക്കേ സൂക്ഷ്മമായി പരിശോധിച്ചതിനുശേഷം എല്ലാം ക്രമമായി നിനക്കെഴുതുന്നത് ഉചിതമാണെന്ന് എനിക്കും തോന്നി.
ലൂക്കാ 1:4	അത് നിന്നെ പഠിപ്പിച്ചിട്ടുള്ള വചനങ്ങളുടെ വിശ്വസ്തതയെക്കുറിച്ചു നിനക്കുബോധ്യംവരാനാണ്.

2. സുവിശേഷത്തിൻ്റെ ആരംഭം

യോഹ 1:1	ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു.
യോഹ 1:2	അവൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്നു.
യോഹ 1:3	സമസ്തവും അവനിലൂടെ ഉണ്ടായി; ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല.
യോഹ 1:4	അവനിൽ ജീവനുണ്ടായിരുന്നു. ആ ജീവൻമനുഷ്യരുടെ വെളിച്ചമായിരുന്നു.
യോഹ 1:5	ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; അതിനെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല.
യോഹ 1:6	ദൈവം അയച്ച ഒരു മനുഷ്യനുണ്ടായിരുന്നു. അവൻെറ പേരു യോഹന്നാൻ എന്നാണ്.
യോഹ 1:7	അവൻ സാക്ഷ്യത്തിനായി വന്നു – വെളിച്ചത്തിനു സാക്ഷ്യം നൽകാൻ; അവൻ വഴി എല്ലാവരും വിശ്വസിക്കാൻ.
യോഹ 1:8	അവൻ വെളിച്ചമായിരുന്നില്ല; വെളിച്ചത്തിനു സാക്ഷ്യം നൽകാൻ വന്നവനാണ്.
യോഹ 1:9	എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർഥ വെളിച്ചം ലോകത്തിലേക്കു വരുന്നുണ്ടായിരുന്നു.
യോഹ 1:10	അവൻ ലോകത്തിലായിരുന്നു. ലോകം അവനിലൂടെ സൃഷ്ടിക്കപ്പെട്ടു. എങ്കിലും, ലോകം അവനെ അറിഞ്ഞില്ല.
യോഹ 1:11	അവൻ സ്വജനത്തിൻെറ അടുത്തേക്കു വന്നു; എന്നാൽ, അവർ അവനെ സ്വീകരിച്ചില്ല.
യോഹ 1:12	തന്നെ സ്വീകരിച്ചവർക്കെല്ലാം, തൻെറ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നൽകി.
യോഹ 1:13	അവർ ജനിച്ചതു രക്തത്തിൽനിന്നോ ശാരീരികാഭിലാഷത്തിൽനിന്നോ പുരുഷൻെറ ഇച്ഛയിൽ നിന്നോ അല്ല, ദൈവത്തിൽനിന്നത്രേ.
യോഹ 1:14	വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവൻെറ മഹത്വം നമ്മൾ ദർശിച്ചു – കൃപയും സത്യവും നിറഞ്ഞതും പിതാവിൻെറ ഏകജാതൻേറതുമായ മഹത്വം.
യോഹ 1:15	യോഹന്നാൻ അവനു സാക്ഷ്യം നൽകിക്കൊണ്ടു വിളിച്ചുപറഞ്ഞു: ഇവനെപ്പറ്റിയാണു ഞാൻ പറഞ്ഞത്, എൻെറ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണ്; കാരണം, എനിക്കുമുമ്പുതന്നെ അവനുണ്ടായിരുന്നു.
യോഹ 1:16	അവൻെറ പൂർണതയിൽനിന്നു നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു.
യോഹ 1:17	എന്തുകൊണ്ടെന്നാൽ, നിയമം മോശവഴി നൽകപ്പെട്ടു; കൃപയും സത്യവുമാകട്ടെ, യേശുക്രിസ്തുവഴി ഉണ്ടായി.
യോഹ 1:18	ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്.

3. യേശുവിൻെറ വംശാവലി

മത്താ 1:1	അബ്രാഹത്തിൻെറ പുത്രനായ ദാവീദിൻെറ പുത്രൻ യേശുക്രിസ്തുവിൻെറ വംശാവലി ഗ്രന്ഥം.
മത്താ 1:2	അബ്രാഹം ഇസഹാക്കിൻെറ പിതാവായിരുന്നു. ഇസഹാക്ക് യാക്കോബിൻെറയും യാക്കോബ് യൂദായുടെയും സഹോദരൻമാരുടെയും പിതാവായിരുന്നു.
മത്താ 1:3	താമാറിൽ നിന്നു ജനിച്ച പേരെസിൻെറയും സേറായുടെയും പിതാവായിരുന്നു യൂദാ. പേരെസ്ഹെസ്റോൻെറയും ഹെസ്റോൻ ആരാമിൻെറയും പിതാവായിരുന്നു.
മത്താ 1:4	ആരാം അമിനാദാബിൻെറയും അമിനാദാബ് നഹ്ഷോൻെറയും നഹ്ഷോൻ സൽമോൻെറയും പിതാവായിരുന്നു.
മത്താ 1:5	സൽമോൻ റാഹാബിൽ നിന്നു ജനിച്ച ബോവാസിൻെറയും
മത്താ 1:6	ബോവാസ് റൂത്തിൽനിന്നു ജനിച്ച ഓബദിൻെറയും ഓബദ് ജസ്സെയുടെയും ജസ്സെ ദാവീദ് രാജാവിൻെറയും പിതാവായിരുന്നു. ദാവീദ് ഊറിയായുടെ ഭാര്യയിൽനിന്നു ജനിച്ച സോളമൻെറ പിതാവായിരുന്നു.
മത്താ 1:7	സോളമൻ റഹോബോവാമിൻെറയും റഹോബോവാം അബിയായുടെയും അബിയാ ആസായുടെയും പിതാവായിരുന്നു.
മത്താ 1:8	ആസാ യോസഫാത്തിൻെറയും യോസഫാത്ത് യോറാമിൻെറയും യോറാം ഓസിയായുടെയും
മത്താ 1:9	ഓസിയാ യോഥാമിൻെറയും യോഥാം ആഹാസിൻെറയും ആഹാസ് ഹെസെക്കിയായുടെയും ഹെസെക്കിയാ മനാസ്സെയുടെയും

മത്താ 1:10	മനാസ്സെ ആമോസിൻെറയും ആമോസ് ജോസിയായുടെയും പിതാവായിരുന്നു.
മത്താ 1:11	ബാബിലോൺ പ്രവാസകാലത്തു ജനിച്ചയാക്കോണിയായുടെയും സഹോദരൻമാരുടെയും പിതാവായിരുന്നു ജോസിയാ.
മത്താ 1:12	യാക്കോണിയാ ബാബിലോൺ പ്രവാസത്തിനുശേഷം ജനിച്ച സലാത്തിയേലിൻെറയും സലാത്തിയേൽ സൊറൊബാബേലിൻെറയും പിതാവായിരുന്നു.
മത്താ 1:13	സൊറൊബാബേൽ അബിയൂദിൻെറയും അബിയൂദ് എലിയാക്കിമിൻെറയും
മത്താ 1:14	എലിയാക്കിം ആസോറിൻെറയും ആസോർ സാദോക്കിൻെറയും സാദോക്ക് അക്കീമിൻെറയും
മത്താ 1:15	അക്കീം എലിയൂദിൻെറയും എലിയൂദ് എലെയാസറിൻെറയും എലെയാസർ മഥാൻെറയും മഥാൻ യാക്കോബിൻെറയും പിതാവായിരുന്നു.
മത്താ 1:16	യാക്കോബ് മറിയത്തിൻെറ ഭർത്താവായ ജോസഫിൻെറ പിതാവായിരുന്നു. അവളിൽ നിന്നു ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശു ജനിച്ചു.
മത്താ 1:17	ഇങ്ങനെ, അബ്രാഹം മുതൽ ദാവീദുവരെ പതിന്നാലും ദാവീദുമുതൽ ബാബിലോൺ പ്രവാസംവരെ പതിന്നാലും ബാബിലോൺ പ്രവാസം മുതൽ ക്രിസ്തുവരെ പതിന്നാലും തലമുറകളാണ് ആകെയുള്ളത്.

4. സക്കറിയക്ക് കിട്ടിയ അരുളപ്പാട്

ലൂക്കാ 1:5	ഹേറോദേസ യൂദയാ രാജാവായിരുന്ന കാലത്ത്, അബിയായുടെ ഗണത്തിൽ സഖറിയാ എന്ന ഒരു പുരോഹിതൻ ഉണ്ടായിരുന്നു. അഹറോൻെറ പുത്രിമാരിൽപ്പെട്ട എലിസബത്ത് ആയിരുന്നു അവൻെറ ഭാര്യ.
ലൂക്കാ 1:6	അവർ ദൈവത്തിൻെറ മുമ്പിൽ നീതിനിഷ്ഠരും കർത്താവിൻെറ കൽപനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു.
ലൂക്കാ 1:7	അവർക്കു മക്കളുണ്ടായിരുന്നില്ല; എലിസബത്ത് വന്ധ്യയായിരുന്നു. ഇരുവരും പ്രായം കവിഞ്ഞവരുമായിരുന്നു.
ലൂക്കാ 1:8	തൻെറ ഗണത്തിനു നിശ്ചയിക്കപ്പെട്ടിരുന്ന ക്രമമനുസരിച്ച് ദൈവസന്നിധിയിൽ ശുശ്രൂഷ നടത്തിവരവേ,
ലൂക്കാ 1:9	പൗരോഹിത്യവിധിപ്രകാരം കർത്താവിൻെറ ആലയത്തിൽ പ്രവേശിച്ച് ധൂപം സമർപ്പിക്കാൻ സഖറിയായ്ക്ക് കുറിവീണു.
ലൂക്കാ 1:10	ധൂപാർപ്പണസമയത്ത് സമൂഹം മുഴുവൻ വെളിയിൽ പ്രാർഥിച്ചുകൊണ്ടിരുന്നു.
ലൂക്കാ 1:11	അപ്പോൾ, കർത്താവിൻെറ ദൂതൻ ധൂപപീഠത്തിൻെറ വലത്തുവശത്തു നിൽക്കുന്നതായി അവനു പ്രത്യക്ഷപ്പെട്ടു.
ലൂക്കാ 1:12	അവനെക്കണ്ട് സഖറിയാ അസ്വസ്ഥനാവുകയും ഭയപ്പെടുകയും ചെയ്തു.
ലൂക്കാ 1:13	ദൂതൻ അവനോടു പറഞ്ഞു: സഖറിയാ ഭയപ്പെടേണ്ടാ. നിൻെറ പ്രാർഥന കേട്ടിരിക്കുന്നു. നിൻെറ ഭാര്യ എലിസബത്തിൽ നിനക്ക് ഒരു പുത്രൻ ജനിക്കും. നീ അവന് യോഹന്നാൻ എന്നു പേരിടണം.
ലൂക്കാ 1:14	നിനക്ക് ആനന്ദവും സന്തുഷ്ടിയുമുണ്ടാകും. അനേകർ അവൻെറ ജനനത്തിൽ ആഹ്ളാദിക്കുകയുംചെയ്യും.
ലൂക്കാ 1:15	കർത്താവിൻെറ സന്നിധിയിൽ അവൻ വലിയവനായിരിക്കും. വീഞ്ഞോ മറ്റു ലഹരിപാനീയങ്ങളോ അവൻ കുടിക്കുകയില്ല. അമ്മയുടെ ഉദരത്തിൽവച്ചുതന്നെ അവൻ പരിശുദ്ധാത്മാവിനാൽ നിറയും.
ലൂക്കാ 1:16	ഇസ്രായേൽമക്കളിൽ വളരെപ്പേരെ അവരുടെ ദൈവമായ കർത്താവിലേക്ക് അവൻ തിരികെ കൊണ്ടുവരും.
ലൂക്കാ 1:17	പിതാക്കൻമാരുടെ ഹൃദയങ്ങളെ മക്കളിലേക്കും അനുസരണമില്ലാത്തവരെ നീതിമാൻമാരുടെ വിവേകത്തിലേക്കും തിരിച്ചുവിടാനും സജ്ജീകൃത മായ ഒരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കാനും ഏലിയായുടെ ചൈതന്യത്തോടും ശക്തിയോടും കൂടെ അവൻ കർത്താവിൻെറ മുമ്പേ പോകും.
ലൂക്കാ 1:18	സഖറിയാ ദൂതനോടു ചോദിച്ചു: ഞാൻ ഇത് എങ്ങനെ അറിയും? ഞാൻ വൃദ്ധനാണ്; എൻെറ ഭാര്യ പ്രായം കവിഞ്ഞവളുമാണ്.
ലൂക്കാ 1:19	ദൂതൻമറുപടി പറഞ്ഞു: ഞാൻ ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രിയേൽ ആണ്. നിന്നോടു സംസാരിക്കാനും സന്തോഷകരമായ ഈ വാർത്തനിന്നെ അറിയിക്കാനും ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നു.
ലൂക്കാ 1:20	യഥാകാലം പൂർത്തിയാകേണ്ട എൻെറ വചനം അവിശ്വസിച്ചതു കൊണ്ട് നീ മൂകനായിത്തീരും. ഇവ സംഭവിക്കുന്നതുവരെ സംസാരിക്കാൻ നിനക്കു സാധിക്കുകയില്ല.
ലൂക്കാ 1:21	ജനം സഖറിയായെ കാത്തുനിൽക്കുകയായിരുന്നു. ദേവാലയത്തിൽ അവൻ വൈകുന്നതിനെപ്പററി അവർ അദ്ഭുതപ്പെട്ടു.
ലൂക്കാ 1:22	പുറത്തുവന്നപ്പോൾ അവരോടു സംസാരിക്കുന്നതിന് സഖറിയായ്ക്കു കഴിഞ്ഞില്ല. ദേവാലയത്തിൽവച്ച് അവന് ഏതോ ദർശനമുണ്ടായി എന്ന് അവർ മനസ്സിലാക്കി. അവൻ അവരോട് ആംഗ്യം കാണിക്കുകയും ഊമനായി കഴിയുകയും ചെയ്തു.
ലൂക്കാ 1:23	തൻെറ ശുശ്രൂഷയുടെ ദിവസങ്ങൾ പൂർത്തിയായപ്പോൾ അവൻ വീട്ടിലേക്കു പോയി.
ലൂക്കാ 1:24	താമസിയാതെ അവൻെറ ഭാര്യ എലിസബത്ത് ഗർഭം ധരിച്ചു. അഞ്ചു മാസത്തേക്ക് അവൾ മറ്റുള്ളവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടാതെ കഴിഞ്ഞുകൂടി. അവൾ പറഞ്ഞു:
ലൂക്കാ 1:25	മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടായിരുന്ന അപമാനം നീക്കിക്കളയാൻ കർത്താവ് എന്നെ കടാക്ഷിച്ച് എനിക്ക് ഇതു ചെയ്തു തന്നിരിക്കുന്നു.

5. മറിയക്ക് കിട്ടിയ അരുളപ്പാട്

ലൂക്കാ 1:26	ആറാംമാസം ഗബ്രിയേൽ ദൂതൻ ഗലീലിയിൽ നസറത്ത് എന്ന പട്ടണത്തിൽ,
ലൂക്കാ 1:27	ദാവീദിൻെറ വംശത്തിൽപ്പെട്ട ജോസഫ് എന്നുപേരായ പുരുഷനുമായി വിവാഹനിശ്ചയം ചെയ്തിരുന്ന കന്യകയുടെ അടുത്തേക്ക്, ദൈവത്താൽ അയയ്ക്കപ്പെട്ടു. അവളുടെ പേര് മറിയം എന്നായിരുന്നു.
ലൂക്കാ 1:28	ദൂതൻ അവളുടെ അടുത്തുവന്നു പറഞ്ഞു. ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി, കർത്താവ് നിന്നോടുകൂടെ!
ലൂക്കാ 1:29	ഈ വചനം കേട്ട് അവൾ വളരെ അസ്വസ്ഥയായി; എന്താണ് ഈ അഭിവാദനത്തിൻെറ അർഥം എന്ന് അവൾ ചിന്തിച്ചു.
ലൂക്കാ 1:30	ദൂതൻ അവളോടു പറഞ്ഞു: മറിയമേ, നീ ഭയപ്പെടേണ്ടാ; ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു.
ലൂക്കാ 1:31	നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം.
ലൂക്കാ 1:32	അവൻ വലിയ വനായിരിക്കും; അത്യുന്നതൻെറ പുത്രൻ എന്നു വിളിക്കപ്പെടും. അവൻെറ പിതാവായ ദാവീദിൻെറ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും.
ലൂക്കാ 1:33	യാക്കോബിൻെറ ഭവനത്തിൻമേൽ അവൻ എന്നേക്കും ഭരണം നടത്തും. അവൻെറ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല.
ലൂക്കാ 1:34	മറിയം ദൂതനോടു പറഞ്ഞു: ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ.
ലൂക്കാ 1:35	ദൂതൻ മറുപടി പറഞ്ഞു: പരിശുദ്ധാത്മാവ് നിൻെറ മേൽ വരും; അത്യുന്നതൻെറ ശക്തി നിൻെറ മേൽ ആവസിക്കും. ആകയാൽ, ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും.
ലൂക്കാ 1:36	ഇതാ, നിൻെറ ചാർച്ചക്കാരി വൃദ്ധയായ എലിസബത്തും ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. വന്ധ്യയെന്നു പറഞ്ഞിരുന്ന അവൾക്ക് ഇത് ആറാം മാസമാണ്.
ലൂക്കാ 1:37	ദൈവത്തിന് ഒന്നും അസാധ്യമല്ല.
ലൂക്കാ 1:38	മറിയം പറഞ്ഞു: ഇതാ, കർത്താവിൻെറ ദാസി! നിൻെറ വാക്ക് എന്നിൽ നിറവേറട്ടെ! അപ്പോൾ ദൂതൻ അവളുടെ മുമ്പിൽ നിന്നു മറഞ്ഞു.

6. മറിയ എലിസബത്തിനെ സന്ദർശിക്കുന്നു

ലൂക്കാ. 1:39	ആദിവസങ്ങളിൽ, മറിയംയൂദയായിലെ മലമ്പ്രദേശത്തുള്ള ഒരു പട്ടണത്തിലേക്കു തിടുക്കത്തിൽയാത്രപുറപ്പെട്ടു.
ലൂക്കാ. 1:40	അവൾ സഖറിയായുടെ വീട്ടിൽ പ്രവേശിച്ച് എലിസബത്തിനെ അഭിവാദനം ചെയ്തു.
ലൂക്കാ. 1:41	മറിയത്തിൻെറ അഭിവാദനം കേട്ടപ്പോൾ എലിസബത്തിൻെറ ഉദരത്തിൽ ശിശു കുതിച്ചു ചാടി. എലിസബത്ത് പരിശുദ്ധാത്മാവു നിറഞ്ഞവളായി.
ലൂക്കാ. 1:42	അവൾ ഉദ്ഘോഷിച്ചു: നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. നിൻെറ ഉദരഫലവും അനുഗൃഹീതം.
ലൂക്കാ. 1:43	എൻെറ കർത്താവിൻെറ അമ്മ എൻെറ അടുത്തു വരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെ നിന്ന്?
ലൂക്കാ. 1:44	ഇതാ, നിൻെറ അഭിവാദനസ്വരം എൻെറ ചെവികളിൽ പതിച്ചപ്പോൾ ശിശു എൻെറ ഉദരത്തിൽ സന്തോഷത്താൽ കുതിച്ചുചാടി.
ലൂക്കാ. 1:45	കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി. ന
ലൂക്കാ. 1:46	മറിയം പറഞ്ഞു : എൻെറ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു.
ലൂക്കാ. 1:47	എൻെറ ചിത്തം എൻെറ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു.
ലൂക്കാ. 1:48	അവിടുന്ന് തൻെറ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും.
ലൂക്കാ. 1:49	ശക്തനായവൻ എനിക്കു വലിയകാര്യങ്ങൾ ചെയ്തിരിക്കുന്നു,അവിടുത്തെനാമം പരിശുദ്ധമാണ്.
ലൂക്കാ. 1:50	അവിടുത്തെ ഭക്തരുടെമേൽ തലമുറകൾ തോറും അവിടുന്ന് കരുണ വർഷിക്കും.
ലൂക്കാ. 1:51	അവിടുന്ന് തൻെറ ഭുജംകൊണ്ട് ശക്തി പ്രകടിപ്പിച്ചു; ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു.
ലൂക്കാ. 1:52	ശക്തന്മാരെ സിംഹാസനത്തിൽ നിന്നു മറിച്ചിട്ടു; എളിയവരെ ഉയർത്തി.
ലൂക്കാ. 1:53	വിശക്കുന്നവരെ വിശിഷ്ടവിഭവങ്ങൾ കൊണ്ട് സംതൃപ്തരാക്കി; സമ്പന്നരെ വെറുംകൈയോടെ പറഞ്ഞയച്ചു.
ലൂക്കാ. 1:54	തൻെറ കാരുണ്യം അനുസ്മരിച്ചുകൊണ്ട് അവിടുന്ന് തൻെറ ദാസനായ ഇസ്രായേലിനെ സഹായിച്ചു.
ലൂക്കാ. 1:55	നമ്മുടെ പിതാക്കൻമാരായ അബ്രാഹത്തോടും അവൻെറ സന്തതികളോടും എന്നേക്കുമായി ചെയ്ത വാഗ്ദാനം അനുസരിച്ചുതന്നെ.
ലൂക്കാ. 1:56	മറിയം അവളുടെകൂടെ മൂന്നു മാസത്തോളം താമസിച്ചു. പിന്നെ വീട്ടിലേക്കു മടങ്ങി.

7. സ്നാപകയോഹന്നാൻെറ ജനനം

ലൂക്കാ 1:57	എലിസബത്തിനു പ്രസവസമയമായി; അവൾ ഒരു പുത്രനെ പ്രസവിച്ചു.
ലൂക്കാ 1:58	കർത്താവ് അവളോടു വലിയ കാരുണ്യം കാണിച്ചിരിക്കുന്നു എന്നു കേട്ട അയൽക്കാരും ബന്ധുക്കളും അവളോടൊത്തു സന്തോഷിച്ചു.
ലൂക്കാ 1:59	എട്ടാംദിവസം അവർ ശിശുവിൻെറ പരിച്ഛേദനത്തിനു വന്നു. പിതാവിൻെറ പേര നുസരിച്ച് സഖറിയാ എന്ന് അവനു പേരു നൽകാൻ അവർ ആഗ്രഹിച്ചു.
ലൂക്കാ 1:60	എന്നാൽ, ശിശുവിൻെറ അമ്മ അവരോടു പറഞ്ഞു: അങ്ങനെയല്ല, അവൻ യോഹന്നാൻ എന്നു വിളിക്കപ്പെടണം.
ലൂക്കാ 1:61	അവർ അവളോടു പറഞ്ഞു: നിൻെറ ബന്ധുക്കളിലാർക്കും ഈ പേര് ഇല്ലല്ലോ.
ലൂക്കാ 1:62	ശിശുവിന് എന്ത് പേരു നൽകാനാണ് ആഗ്രഹിക്കുന്നതെന്ന് അവൻെറ പിതാവിനോട് അവർ ആംഗ്യം കാണിച്ചു ചോദിച്ചു.
ലൂക്കാ 1:63	അവൻ ഒരു എഴുത്തുപലക വരുത്തി അതിൽ എഴുതി: യോഹന്നാൻ എന്നാണ് അവൻെറ പേര്. എല്ലാവരും അദ്ഭുതപ്പെട്ടു.
ലൂക്കാ 1:64	തത്ക്ഷണം അവൻെറ വായ് തുറക്കപ്പെട്ടു. നാവ് സ്വതന്ത്രമായി. അവൻ ദൈവത്തെ വാഴ്ത്തിക്കൊണ്ട് സംസാരിക്കാൻ തുടങ്ങി.
ലൂക്കാ 1:65	അയൽക്കാർക്കെല്ലാം ഭയമുണ്ടായി;യൂദയായിലെ മലനാട്ടിലെങ്ങും ഈ സംഗതികൾ സംസാരവിഷയമാവുകയും ചെയ്തു.
ലൂക്കാ 1:66	കേട്ടവരെല്ലാം ഈ ശിശു ആരായിത്തീരും എന്നു ചിന്തിച്ചു തുടങ്ങി. കർത്താവിൻെറ കരം അവനോടുകൂടെ ഉണ്ടായിരുന്നു.
ലൂക്കാ 1:67	അവൻെറ പിതാവായ സഖറിയാ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു പ്രവചിച്ചു:
ലൂക്കാ 1:68	ഇസ്രായേലിൻെറ ദൈവമായ കർത്താവ് വാഴ്ത്തപ്പെട്ടവൻ. അവിടുന്ന് തൻെറ ജനത്തെ സന്ദർശിച്ചു രക്ഷിച്ചു;
ലൂക്കാ 1:69	തൻെറ ദാസനായ ദാവീദിൻെറ ഭവനത്തിൽ നമുക്ക് ശക്തനായ ഒരു രക്ഷകനെ ഉയർത്തി;
ലൂക്കാ 1:70	ആദിമുതൽ തൻെറ വിശുദ്ധൻമാരായ പ്രവാചകൻമാരുടെ അധരങ്ങളിലൂടെ അവിടുന്ന് അരുളിച്ചെയ്തതുപോലെ,
ലൂക്കാ 1:71	ശത്രുക്കളിൽനിന്നും നമ്മെ വെറുക്കുന്നവരുടെ കൈയിൽനിന്നും നമ്മെ രക്ഷിക്കാനും
ലൂക്കാ 1:72	നമ്മുടെ പിതാക്കൻമാരോടു വാഗ്ദാനംചെയ്ത കാരുണ്യം നിവർത്തിക്കാനും
ലൂക്കാ 1:73	നമ്മുടെ പിതാവായ അബ്രാഹത്തോടു ചെയ്ത അവിടുത്തെ വിശുദ്ധമായ ഉടമ്പടി അനുസ്മരിക്കാനും
ലൂക്കാ 1:74	ശത്രുക്കളുടെ കൈകളിൽനിന്നു വിമോചിതരായി, നിർഭയം
ലൂക്കാ 1:75	പരിശുദ്ധിയിലും നീതിയിലും എപ്പോഴും അവിടുത്തെ മുമ്പിൽ ശുശ്രൂഷ ചെയ്യാൻ വേണ്ട അനുഗ്രഹം നമുക്കു നൽകാനുമായിട്ടാണ് ഇത്.
ലൂക്കാ 1:76	നീയോ, കുഞ്ഞേ, അത്യുന്നതൻെറ പ്രവാചകൻ എന്നു വിളിക്കപ്പെടും. കർത്താവിനു വഴിയൊരുക്കാൻ അവിടുത്തെ മുമ്പേ നീ പോകും.
ലൂക്കാ 1:77	അത് അവിടുത്തെ ജനത്തിന് പാപമോചനംവഴിയുള്ള രക്ഷയെക്കുറിച്ച് അറിവുകൊടുക്കാനും,
ലൂക്കാ 1:78	നമ്മുടെ ദൈവത്തിൻെറ കാരുണ്യാതിരേകംകൊണ്ട് ഉയരത്തിൽ നിന്നുള്ള ഉദയരശ്മി നമ്മെ സന്ദർശിക്കുമ്പോൾ
ലൂക്കാ 1:79	ഇരുളിലും, മരണത്തിൻെറ നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം വീശാനും സമാധാനത്തിൻെറ മാർഗത്തിലേക്ക് നമ്മുടെ പാദങ്ങളെ നയിക്കാനും വേണ്ടിയാണ്.
ലൂക്കാ 1:80	ശിശു വളർന്നു, ആത്മാവിൽ ശക്തിപ്പെട്ടു. ഇസ്രായേലിനു വെളിപ്പെടുന്നതുവരെ അവൻ മരുഭൂമിയിലായിരുന്നു.

8. മറിയത്തിന്റെ ഗർഭം ധരിക്കൽ

മത്താ 1:18	യേശുക്രിസ്തുവിൻെറ ജനനം ഇപ്രകാരമായിരുന്നു: അവൻെറ മാതാവായ മറിയവും ജോസഫും തമ്മിലുള്ള വിവാഹ നിശ്ചയം കഴിഞ്ഞിരിക്കെ, അവർ സഹവസിക്കുന്നതിനുമുമ്പ് അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു.
മത്താ 1:19	അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകയാലും അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു.
മത്താ 1:20	അവൻ ഇതേക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കെ, കർത്താവിൻെറ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അവനോടു പറഞ്ഞു: ദാവീദിൻെറ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ടാ. അവൾ ഗർഭംധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്നാണ്.
മത്താ 1:21	അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നുപേരിടണം. എന്തെന്നാൽ, അവൻ തൻെറ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിക്കും.
മത്താ 1:22	കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും.
മത്താ 1:23	ദൈവം നമ്മോടുകൂടെ എന്നർഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും എന്നു കർത്താവ് പ്രവാചകൻമുഖേന അരുളിച്ചെയ്തതു പൂർത്തിയാകാൻവേണ്ടിയാണ് ഇതെല്ലാം സംഭവിച്ചത്.
മത്താ 1:24	ജോസഫ് നിദ്രയിൽനിന്ന് ഉണർന്ന്, കർത്താവിൻെറ ദൂതൻ കൽപിച്ചതുപോലെപ്രവർത്തിച്ചു; അവൻ തൻെറ ഭാര്യയെ സ്വീകരിച്ചു.
മത്താ 1:25	പുത്രനെ പ്രസവിക്കുന്നതുവരെ അവളെ അവൻ അറിഞ്ഞില്ല; അവൻ ശിശുവിന് യേശു എന്നു പേരിട്ടു.

9. യേശുവിൻെറ ജനനം

ലൂക്കാ 2:1	അക്കാലത്ത്, ലോകമാസകലമുള്ള ജനങ്ങളുടെ പേര് എഴുതിച്ചേർക്കപ്പെടണം എന്ന് അഗസ്റ്റസ് സീസറിൽനിന്ന് കൽപന പുറപ്പെട്ടു.
ലൂക്കാ 2:2	ക്വിരിനിയോസ് സിറിയായിൽ ദേശാധിപതി ആയിരിക്കുമ്പോൾ ആദ്യത്തെ ഈ പേരെഴുത്തു നടന്നു.
ലൂക്കാ 2:3	പേരെഴുതിക്കാനായി ഓരോരുത്തരും താന്താങ്ങളുടെ നഗരത്തിലേക്കുപോയി.
ലൂക്കാ 2:4	ജോസഫ് ദാവീദിൻെറ കുടുംബത്തിലും വംശത്തിലുംപെട്ടവനായിരുന്നതിനാൽ ,
ലൂക്കാ 2:5	പേരെഴുതിക്കാനായി ഗലീലിയിലെ പട്ടണമായ നസറത്തിൽനിന്നുയൂദയായിൽ ദാവീദിൻെറ പട്ടണമായ ബേത് ലെഹെമിലേക്ക് ഗർഭിണിയായ ഭാര്യ മറിയത്തോടുകൂടെ പോയി.
ലൂക്കാ 2:6	അവിടെയായിരിക്കുമ്പോൾ അവൾക്കു പ്രസവസമയമടുത്തു. അവൾ തൻെറ കടിഞ്ഞൂൽപുത്രനെ പ്രസവിച്ചു. അവനെ പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി. കാരണം, സത്രത്തിൽ അവർക്കു സ്ഥലം ലഭിച്ചില്ല.

10. ആട്ടിടയൻമാർക്കു ലഭിച്ച സന്ദേശം

ലൂക്കാ 2:8	ആ ഃപ്രദേശത്തെ വയലുകളിൽ, ആടുകളെ രാത്രി കാത്തുകൊണ്ടിരുന്ന ഇടയൻമാർ ഉണ്ടായിരുന്നു.
ലൂക്കാ 2:9	കർത്താവിൻെറ ദൂതൻ അവരുടെ അടുത്തെത്തി. കർത്താവിൻെറ മഹത്വം അവരുടെമേൽ പ്രകാശിച്ചു. അവർ വളരെ ഭയപ്പെട്ടു.
ലൂക്കാ 2:10	ദൂതൻ അവരോടു പറഞ്ഞു: ഭയപ്പെടേണ്ടാ. ഇതാ, സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിൻെറ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു.
ലൂക്കാ 2:11	ദാവീദിൻെറ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു.
ലൂക്കാ 2:12	ഇതായിരിക്കും നിങ്ങൾക്ക് അടയാളം: പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ്, പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും.
ലൂക്കാ 2:13	പെട്ടെന്ന്, സ്വർഗീയ സൈന്യത്തിൻെറ ഒരു വ്യൂഹം ആദൂതനോടുകൂടെ പ്രത്യക്ഷപ്പെട്ട് ദൈവത്തെ സ്തുതിച്ചുകൊണ്ട് പറഞ്ഞു:
ലൂക്കാ 2:14	അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം!
ലൂക്കാ 2:15	ദൂതൻമാർ അവരെവിട്ട്, സ്വർഗത്തിലേക്കു പോയപ്പോൾ ആട്ടിടയൻമാർ പരസ് പരം പറഞ്ഞു: നമുക്ക് ബേത്ലെഹെംവരെ പോകാം. കർത്താവ് നമ്മെ അറിയിച്ച ഈ സംഭവം നമുക്കു കാണാം.
ലൂക്കാ 2:16	അവർ അതിവേഗം പോയി മറിയത്തെയും ജോസഫിനെയും പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടു.
ലൂക്കാ 2:17	അനന്തരം, ശിശുവിനെക്കുറിച്ച് തങ്ങളോടു പറയപ്പെട്ട കാര്യങ്ങൾ മറ്റുള്ളവരെ അവർ അറിയിച്ചു.
ലൂക്കാ 2:18	അതു കേട്ടവരെല്ലാം ഇടയൻമാർ തങ്ങളോടു പറഞ്ഞസംഗതികളെക്കുറിച്ച് അദ്ഭുതപ്പെട്ടു.
ലൂക്കാ 2:19	മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു.
ലൂക്കാ 2:20	തങ്ങളോടു പറയപ്പെട്ടതുപോലെ കാണുകയും കേൾക്കുകയുംചെയ്ത സകല കാര്യങ്ങളെയുംകുറിച്ച് ദൈവത്തെ മഹത്വപ്പെടുത്തുകയും സ്തുതിക്കുകയുംചെയ്തുകൊണ്ട് ആ ഇടയൻമാർ തിരിച്ചുപോയി.

11. യേശുവിനെ ദേവാലയത്തിൽ സമർപ്പിക്കുന്നു

ലൂക്കാ 2:21	ശിശുവിൻെറ പരിച്ഛേദനത്തിനുള്ള എട്ടാംദിവസം ആയപ്പോൾ, അവൻ ഗർഭത്തിൽ ഉരുവാകുന്നതിനുമുമ്പ്, ദൂതൻ നിർദേശിച്ചിരുന്ന, യേശു എന്ന പേര് അവനു നൽകി.
ലൂക്കാ 2:22	മോശയുടെ നിയമമനുസരിച്ച്, ശുദ്ധീകരണത്തിനുള്ള ദിവസങ്ങൾ പൂർത്തിയായപ്പോൾ, അവർ അവനെ കർത്താവിനു സമർപ്പിക്കാൻ ജറുസലെമിലേക്കു കൊണ്ടുപോയി.
ലൂക്കാ 2:23	കടിഞ്ഞൂൽപുത്രൻമാരൊക്കെയും കർത്താവിൻെറ പരിശുദ്ധൻ എന്നുവിളിക്കപ്പെടണം എന്നും,
ലൂക്കാ 2:24	ഒരു ജോടി ചെങ്ങാലികളെയോ രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയോ ബലി അർപ്പിക്കണം എന്നും കർത്താവിൻെറ നിയമത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ചാണ് അവർ അങ്ങനെ ചെയ്തത്.
ലൂക്കാ 2:25	ജറുസലെമിൽ ശിമയോൻ എന്നൊരുവൻ ജീവിച്ചിരുന്നു. അവൻ നീതിമാനും ദൈവഭക്തനും ഇസ്രായേലിൻെറ ആശ്വാസം പ്രതീക്ഷിച്ചിരുന്നവനും ആയിരുന്നു. പരിശുദ്ധാത്മാവ് അവൻെറ മേൽ ഉണ്ടായിരുന്നു.
ലൂക്കാ 2:26	കർത്താവിൻെറ അഭിഷിക്തനെ കാണുന്നതുവരെ മരിക്കുകയില്ല എന്ന് പരിശുദ്ധാത്മാവ് അവന് വെളിപ്പെടുത്തിയിരുന്നു.
ലൂക്കാ 2:27	പരിശുദ്ധാത്മാവിൻെറ പ്രേരണയാൽ അവൻ ദേവാലയത്തിലേക്കു വന്നു. നിയമപ്രകാരമുള്ള അനുഷ്ഠാനങ്ങൾക്കായി ശിശുവായ യേശുവിനെ മാതാപിതാക്കൻമാർ ദേവാലയത്തിൽ കൊണ്ടുചെന്നു.
ലൂക്കാ 2:28	ശിമയോൻ ശിശുവിനെ കൈയിലെടുത്ത്, ദൈവത്തെ സ്തുതിച്ചുകൊണ്ട് പറഞ്ഞു:
ലൂക്കാ 2:29	കർത്താവേ, അവിടുത്തെ വാഗ്ദാനമനുസരിച്ച് ഇപ്പോൾ ഈ ദാസനെ സമാധാനത്തിൽ വിട്ടയയ്ക്കണമേ!
ലൂക്കാ 2:30	എന്തെന്നാൽ,
ലൂക്കാ 2:31	സകല ജനതകൾക്കുംവേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എൻെറ കണ്ണുകൾ കണ്ടുകഴിഞ്ഞു.
ലൂക്കാ 2:32	അത് വിജാതീയർക്കു വെളിപാടിൻെറ പ്രകാശവും അവിടുത്തെ ജനമായ ഇസ്രായേലിൻെറ മഹിമയും ആണ്.

ലൂക്കാ 2:33	അവനെക്കുറിച്ചു പറയപ്പെട്ടതെല്ലാം കേട്ട് അവന്‍റെ പിതാവും മാതാവും അദ്ഭുതപ്പെട്ടു.
ലൂക്കാ 2:34	ശിമയോന്‍ അവരെ അനുഗ്രഹിച്ചുകൊണ്ട് അവന്‍റെ അമ്മയായ മറിയത്തോടു പറഞ്ഞു: ഇവന്‍ ഇസ്രായേലില്‍ പലരുടെയും വീഴ്ചയ്ക്കും ഉയര്‍ച്ചയ്ക്കും കാരണമാകും. ഇവന്‍ വിവാദവിഷയമായ അടയാളവുമായിരിക്കും.
ലൂക്കാ 2:35	അങ്ങനെ, അനേ കരുടെ ഹൃദയവിചാരങ്ങള്‍ വെളിപ്പെടും. നിന്‍റെ ഹൃദയത്തിലൂടെ ഒരു വാള്‍ തുളച്ചുകയറുകയും ചെയ്യും.
ലൂക്കാ 2:36	ഫനുവേലിന്‍റെ പുത്രിയും ആഷേര്‍ വംശജയുമായ അന്നാ എന്നൊരു പ്രവാചികയും അവിടെയുണ്ടായിരുന്നു. ഇവള്‍ കന്യകാപ്രായം മുതല്‍ ഏഴു വര്‍ഷം ഭര്‍ത്താവിനോടൊത്തു ജീവിച്ചു.
ലൂക്കാ 2:37	എണ്‍പത്തിനാലു വയസ്സായ ഈ വിധവ ദേവാലയം വിട്ടുപോകാതെ രാപകല്‍ ദൈവത്തെ സ്തുതിച്ചുകൊണ്ട് ഉപവാസത്തിലും പ്രാര്‍ഥനയിലും കഴിയുകയായിരുന്നു.
ലൂക്കാ 2:38	അവള്‍ അപ്പോള്‍ത്തന്നെ മുമ്പോട്ടുവന്ന് ദൈവത്തെ സ്തുതിക്കുകയും ജറുസലെമില്‍ രക്ഷപ്രതീക്ഷിച്ചുകൊണ്ടിരുന്ന എല്ലാവരോടും ശിശുവിനെക്കുറിച്ചു സംസാരിക്കുകയും ചെയ്തു.
ലൂക്കാ 2:39	കര്‍ത്താവിന്‍റെ നിയമപ്രകാരം എല്ലാം നിവര്‍ത്തിച്ചശേഷം അവര്‍ സ്വനഗരമായ ഗലീലിയിലെ നസറത്തിലേക്കു മടങ്ങി. ശിശു വളര്‍ന്നു. ജ്ഞാനം നിറഞ്ഞു ശക്ത നായി; ദൈവത്തിന്‍റെ കൃപ അവന്‍റെ മേല്‍ ഉണ്ടായിരുന്നു.

12. ജ്ഞാനികളുടെ സന്ദര്‍ശനം

മത്താ 2:1	ഹേറോദേസ് രാജാവിന്‍റെ കാലത്ത്‌യൂദയായിലെ ബേത്‌ലെഹെമില്‍ യേശു ജനിച്ചപ്പോള്‍ പൗരസ്ത്യദേശത്തുനിന്നു ജ്ഞാനികള്‍ ജറുസലെമിലെത്തി.
മത്താ 2:2	അവര്‍ അന്വേഷിച്ചു: എവിടെയാണ് യഹൂദന്‍മാരുടെ രാജാവായി ജനിച്ചവന്‍? ഞങ്ങള്‍ കിഴക്ക് അവന്‍റെ നക്ഷത്രം കണ്ട് അവനെ ആരാധിക്കാന്‍ വന്നിരിക്കുകയാണ്.
മത്താ 2:3	ഇതുകേട്ട് ഹേറോദേസ് രാജാവ് അസ്വസ്ഥനായി; അവനോടൊപ്പം ജറുസലെം മുഴുവനും.
മത്താ 2:4	അവന്‍ പ്രധാനപുരോഹിതന്‍മാരെയും ജനത്തിന്‍റെ യിടയിലെ നിയമജ്ഞരെയും വിളിച്ചുകൂട്ടി, ക്രിസ്തു എവിടെയാണ് ജനിക്കുന്നതെന്നു ചോദിച്ചു.
മത്താ 2:5	അവര്‍ പറഞ്ഞു:യൂദയായിലെ ബേത്‌ലെഹെമില്‍. പ്രവാചകന്‍ എഴുതിയിരിക്കുന്നു:
മത്താ 2:6	യൂദയായിലെ ബേത്‌ലെഹെമേ, നീയൂദയായിലെ പ്രമുഖ നഗരങ്ങളില്‍ ഒട്ടും താഴെയല്ല; എന്‍റെ ജനമായ ഇസ്രായേലിനെ നയിക്കാനുള്ളവന്‍ നിന്നില്‍ നിന്നാണ് ഉദ്ഭവിക്കുക.
മത്താ 2:7	അപ്പോള്‍ ഹേറോദേസ് ആജ്ഞാനികളെ രഹസ്യമായി വിളിച്ച്, നക്ഷത്രം പ്രത്യക്ഷപ്പെട്ടതെപ്പോഴെന്നു സൂക്ഷ്മമായി ആകാംക്ഷയോടെ അന്വേഷിച്ചറിഞ്ഞു.
മത്താ 2:8	അവന്‍ അവരെ ബേത്‌ലെഹെമിലേക്ക് അയച്ചുകൊണ്ടു പറഞ്ഞു: പോയി ശിശുവിനെപ്പറ്റി സൂക്ഷ്മമായി അന്വേഷിക്കുക; അവനെ കണ്ടുകഴിയുമ്പോള്‍ ഞാനും ചെന്ന് ആരാധിക്കേണ്ടതിന് എന്നെയും അറിയിക്കുക.
മത്താ 2:9	രാജാവു പറഞ്ഞതുകേട്ടിട്ട് അവര്‍ പുറപ്പെട്ടു. കിഴക്കുകണ്ട നക്ഷത്രം അവര്‍ക്കുമുമ്പേ നീങ്ങിക്കൊണ്ടിരുന്നു. അതു ശിശു കിടക്കുന്ന സ്ഥലത്തിനു മുകളില്‍ വന്നുനിന്നു.
മത്താ 2:10	നക്ഷത്രം കണ്ടപ്പോള്‍ അവര്‍ അത്യധികം സന്തോഷിച്ചു.
മത്താ 2:11	അവര്‍ ഭവനത്തില്‍ പ്രവേശിച്ച് ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും അവനെ കുമ്പിട്ട് ആരാധിക്കുകയും ചെയ്തു. നിക്ഷേപപാത്രങ്ങള്‍ തുറന്ന് പൊന്നും കുന്തുരുക്കവും മീറയും കാഴ്ചയര്‍പ്പിച്ചു.
മത്താ 2:12	ഹേറോദേസിന്‍റെ അടുത്തേക്കു മടങ്ങിപ്പോകരുതെന്ന് സ്വപ്നത്തില്‍ മുന്നറിയിപ്പു ലഭിച്ചതനുസരിച്ച് അവര്‍ മറ്റൊരു വഴിയേ സ്വദേശത്തേക്കു പോയി.

13. ഈജിപ്തിലേക്കുള്ള പാലായനം

മത്താ 2:13	അവര്‍ പൊയ്ക്കഴിഞ്ഞപ്പോള്‍ കര്‍ത്താവിന്‍റെ ദൂതന്‍ സ്വപ്നത്തില്‍ പ്രത്യക്ഷപ്പെട്ടു ജോസഫിനോടു പറഞ്ഞു: എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഈജിപ്തിലേക്കു പലായനം ചെയ്യുക. ഞാന്‍ പറയുന്നതുവരെ അവിടെ താമസിക്കുക. ഹേറോദേസ് ശിശുവിനെ വധിക്കാന്‍ വേണ്ടി ഉടനെ അന്വേഷണം തുടങ്ങും.
മത്താ 2:14	അവന്‍ ഉണര്‍ന്ന്, ശിശുവിനെയും അമ്മയെയും കൂട്ടി, ആ രാത്രിതന്നെ ഈജിപ്തിലേക്കുപോയി;
മത്താ 2:15	ഹേറോദേസിന്‍റെ മരണംവരെ അവിടെ വസിച്ചു. ഈജിപ്തില്‍നിന്നു ഞാന്‍ എന്‍റെ പുത്രനെ വിളിച്ചു എന്നു പ്രവാചകനിലൂടെ കര്‍ത്താവ് അരുളിച്ചെയ്തതു പൂര്‍ത്തിയാകാനാണ് ഇതു സംഭവിച്ചത്.

14. നിരപരാധികളുടെ കശാപ്പ്

മത്താ 2:16	ജ്ഞാനികള്‍ തന്നെ കബളിപ്പിച്ചെന്നു മനസ്സിലാക്കിയ ഹേറോദേസ് രോഷാകുലനായി. അവരില്‍നിന്നു മനസ്സിലാക്കിയ സമയമനുസരിച്ച് അവന്‍ ബേത്‌ലെഹെമിലെയും സമീപപ്രദേശങ്ങളിലെയും രണ്ടും അതില്‍ താഴെയും വയസ്സുള്ള എല്ലാ ആണ്‍കുട്ടികളെയും ആളയച്ചു വധിച്ചു.
മത്താ 2:17	ഇങ്ങനെ, ജറെമിയാപ്രവാചകന്‍ വഴി അരുളിച്ചെയ്യപ്പെട്ടതു പൂര്‍ത്തിയായി:
മത്താ 2:18	റാമായില്‍ ഒരുസ്വരം, വലിയ കരച്ചിലും മുറവിളിയും. റാഹേല്‍ സന്താനങ്ങളെക്കുറിച്ചു കരയുന്നു. അവളെ സാന്ത്വനപ്പെടുത്തുക അസാധ്യം. എന്തെന്നാല്‍, അവള്‍ക്കു സന്താനങ്ങള്‍ നഷ്ടപ്പെട്ടിരിക്കുന്നു.

15. ഈജിപ്തില്‍നിന്നുള്ള തിരിച്ചുവരവ്

മത്താ 2:19	ഹേറോദേസിന്‍റെ മരണത്തിനുശേഷം ഈജിപ്തില്‍വച്ചു കര്‍ത്താവിന്‍റെ ദൂതന്‍ ജോസഫിനു സ്വപ്നത്തില്‍ പ്രത്യക്ഷപ്പെട്ടു പറഞ്ഞു:
മത്താ 2:20	എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി, ഇസ്രായേല്‍ദേശത്തേക്കു മടങ്ങുക; ശിശുവിനെ വധിക്കാന്‍ ശ്രമിച്ചവര്‍ മരിച്ചുകഴിഞ്ഞു.
മത്താ 2:21	അവന്‍ എഴുന്നേറ്റ്, ശിശുവിനെയും അമ്മയെയുംകൂട്ടി, ഇസ്രായേല്‍ ദേശത്തേക്കു പുറപ്പെട്ടു.

മത്താ 2:22	മകൻ അർക്കലാവോസാണ് പിതാവായ ഹേറോദേസിൻെറ സ്ഥാനത്ത്യൂദയായിൽ ഭരിക്കുന്നതെന്നു കേട്ടപ്പോൾ അവിടേക്കുപോകാൻ ജോസഫിനു ഭയമായി. സ്വപ്നത്തിൽ ലഭിച്ച മുന്നറിയിപ്പനുസരിച്ച് അവൻ ഗലീലി പ്രദേശത്തേക്കു പോയി.
മത്താ 2:23	അവൻ നസറായൻ എന്നു വിളിക്കപ്പെടും എന്നു പ്രവാചകൻവഴി അരുളിച്ചെയ്യപ്പെട്ടതു നിവൃത്തിയാകുവാൻ, നസ്രത്ത് എന്ന പട്ടണത്തിൽ അവൻ ചെന്നുപാർത്തു.
ലൂക്കാ 2:40	ശിശു വളർന്നു. ജ്ഞാനം നിറഞ്ഞു ശക്ത നായി; ദൈവത്തിൻെറ കൃപ അവൻെറ മേൽ ഉണ്ടായിരുന്നു.

16. ബാലനായ യേശു ദേവാലയത്തിൽ

ലൂക്കാ 2:41	യേശുവിൻെറ മാതാപിതാക്കൻമാർ ആണ്ടുതോറും പെസഹാത്തിരുനാളിന് ജറുസലെമിൽ പോയിരുന്നു.
ലൂക്കാ 2:42	അവനു പന്ത്രണ്ടു വയസ്സായപ്പോൾ പതിവനുസരിച്ച് അവർ തിരുനാളിനു പോയി.
ലൂക്കാ 2:43	തിരുനാൾ കഴിഞ്ഞ് അവർ മടങ്ങിപ്പോന്നു. എന്നാൽ ബാലനായ യേശു ജറുസലെമിൽ തങ്ങി; മാതാപിതാക്കന്മാർ അത് അറിഞ്ഞില്ല.
ലൂക്കാ 2:44	അവൻ യാത്രാസംഘത്തിൻെറ കൂടെ കാണും എന്നു വിചാരിച്ച് അവർ ഒരു ദിവസത്തെ വഴി പിന്നിട്ടു. ബന്ധുക്കളുടെയും പരിചയക്കാരുടെയും ഇടയിൽ
ലൂക്കാ 2:45	അന്വേഷിച്ചിട്ടു കാണായ്കയാൽ, യേശുവിനെത്തിരക്കി അവർ ജറുസലെമിലേക്കു തിരിച്ചുപോയി.
ലൂക്കാ 2:46	മൂന്നു ദിവസങ്ങൾക്കുശേഷം അവർ അവനെ ദേവാലയത്തിൽ കണ്ടെത്തി. അവൻ ഉപാധ്യായൻമാരുടെ ഇടയിലിരുന്ന്, അവർ പറയുന്നതു കേൾക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുകയായിരുന്നു.
ലൂക്കാ 2:47	കേട്ടവരെല്ലാം അവൻെറ ബുദ്ധിശക്തിയിലും മറുപടികളിലും അദ്ഭുതപ്പെട്ടു.
ലൂക്കാ 2:48	അവനെക്കണ്ടപ്പോൾ മാതാപിതാക്കൾ വിസ്മയിച്ചു. അവൻെറ അമ്മ അവനോടു പറഞ്ഞു: മകനേ, നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്? നിൻെറ പിതാവും ഞാനും ഉത്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു. അവൻ അവരോടു ചോദിച്ചു:
ലൂക്കാ 2:49	നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്? ഞാൻ എൻെറ പിതാവിൻെറ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ?
ലൂക്കാ 2:50	അവൻ തങ്ങളോടു പറഞ്ഞതെന്തെന്ന് അവർ ഗ്രഹിച്ചില്ല.
ലൂക്കാ 2:51	പിന്നെ അവൻ അവരോടൊപ്പം പുറപ്പെട്ട് നസറത്തിൽ വന്ന്, അവർക്ക് വിധേയനായി ജീവിച്ചു. അവൻെറ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു.
ലൂക്കാ 2:52	യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിൻെറയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു.

17. സ്നാപകയോഹന്നാൻെറ പ്രഭാഷണം

ലൂക്കാ 3:1	തിബേരിയൂസ് സീസറിൻെറ പതിനഞ്ചാം ഭരണവർഷം പൊന്തിയൂസ് പീലാത്തോസ്യൂദയായുടെ ദേശാധിപതിയുംഹേറോദേസ് ഗലീലിയുടെയും അവൻെറ സഹോദരൻ പീലിപ്പോസ് ഇത്തൂറിയ, ത്രാക്കോണിത്തിസ് പ്രദേശങ്ങളുടെയും ലിസാനിയോസ് അബിലേനെയുടെയും ഭരണാധിപൻമാരും,
ലൂക്കാ 3:2	അന്നാസും കയ്യാഫാസും പ്രധാനപുരോഹിതൻമാരും ആയിരിക്കേ, സഖറിയായുടെ പുത്രനായ യോഹന്നാന് മരുഭൂമിയിൽവച്ചു ദൈവത്തിൻെറ അരുളപ്പാടുണ്ടായി.
ലൂക്കാ 3:3	അവൻ പാപമോചനത്തിനുള്ള മാനസാന്തരത്തിൻെറ ജ്ഞാനസ്നാനം പ്രസംഗിച്ചുകൊണ്ട് ജോർദാൻെറ സമീപപ്രദേശങ്ങളിലേക്കു വന്നു.
ലൂക്കാ 3:4	ഏശയ്യാപ്രവാചകൻെറ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ, മരുഭൂമിയിൽ വിളിച്ചുപറയുന്നവൻെറ ശബ്ദം: കർത്താവിൻെറ വഴി ഒരുക്കുവിൻ;
ലൂക്കാ 3:5	അവൻെറ പാത നേരെയാക്കുവിൻ. താഴ്വരകൾ നികത്തപ്പെടും, കുന്നും മലയും നിരത്തപ്പെടും, വളഞ്ഞവഴികൾ നേരെയാക്കപ്പെടും, പരുപരുത്തവ മൃദുവാക്കപ്പെടും;
ലൂക്കാ 3:6	സകല മനുഷ്യരും ദൈവത്തിൻെറ രക്ഷ കാണുകയും ചെയ്യും.
ലൂക്കാ 3:7	ജ്ഞാനസ്നാനം സ്വീകരിക്കാൻ തൻെറ അടുത്തേക്കു വന്നിരുന്ന ജനക്കൂട്ടങ്ങളോട് അവൻ ചോദിച്ചു: അണലിസന്തതികളേ, ആസന്നമായ ക്രോധത്തിൽനിന്ന് ഓടിയകലാൻ നിങ്ങൾക്കു മുന്നറിയിപ്പു നൽകിയത് ആരാണ്?
ലൂക്കാ 3:8	മാനസാന്തരത്തിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുവിൻ. ഞങ്ങൾക്കു പിതാവായി അബ്രാഹമുണ്ട് എന്നു പറഞ്ഞു നിങ്ങൾ അഭിമാനിക്കേണ്ടാ. കാരണം, ഈ കല്ലുകളിൽനിന്ന് അബ്രാഹത്തിനു സന്താനങ്ങളെ പുറപ്പെടുവിക്കാൻ ദൈവത്തിനു കഴിയുമെന്ന് ഞാൻ നിങ്ങളോടു പറയുന്നു.
ലൂക്കാ 3:9	വൃക്ഷങ്ങളുടെ വേരിനു കോടാലിവയ്ക്കപ്പെട്ടു കഴിഞ്ഞു. നല്ല ഫലം നൽകാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയിൽ എറിയപ്പെടും.

18. യോഹന്നാൻ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു

ലൂക്കാ 3:10	ജനക്കൂട്ടം അവനോടു ചോദിച്ചു: ഞങ്ങൾ എന്താണു ചെയ്യേണ്ടത്?
ലൂക്കാ 3:11	അവൻ പറഞ്ഞു: രണ്ടുടുപ്പുള്ളവൻ ഒന്ന് ഇല്ലാത്തവനു കൊടുക്കട്ടെ. ഭക്ഷണം ഉള്ള വനും അങ്ങനെ ചെയ്യട്ടെ.
ലൂക്കാ 3:12	ചുങ്കക്കാരും സ്നാനം സ്വീകരിക്കാൻ വന്നു. അവരും അവനോടു ചോദിച്ചു: ഗുരോ, ഞങ്ങൾ എന്തു ചെയ്യണം?
ലൂക്കാ 3:13	അവൻ പറഞ്ഞു: നിങ്ങളോട് ആജ്ഞാപിച്ചിട്ടുള്ളതിൽ കൂടുതൽ ഈടാക്കരുത്.
ലൂക്കാ 3:14	പടയാളികളും അവനോടു ചോദിച്ചു: ഞങ്ങൾ എന്തു ചെയ്യണം? അവൻ അവ രോടു പറഞ്ഞു: നിങ്ങൾ ആരെയും ഭീഷണിപ്പെടുത്തരുത്. വ്യാജമായ കുററാരോപണവും അരുത്. വേതനംകൊണ്ടു തൃപ്തിപ്പെടണം.

ലൂക്കാ 3:15	പ്രതീക്ഷയോടെയിരുന്ന ജനമെല്ലാം ഇവൻ തന്നെയോ ക്രിസ്തു എന്നു യോഹന്നാനെപ്പറ്റി ചിന്തിച്ചു തുടങ്ങി.
ലൂക്കാ 3:16	യോഹന്നാൻ അവരോടു പറഞ്ഞു: ഞാൻ ജലം കൊണ്ടു സ്നാനം നൽകുന്നു. എന്നാൽ, എന്നെക്കാൾ ശക്തനായ ഒരുവൻ വരുന്നു. അവൻെറ ചെരിപ്പിൻെറ കെട്ട് അഴിക്കാൻ പോലും ഞാൻ യോഗ്യനല്ല. അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങൾക്കു സ്നാനം നൽകും.
ലൂക്കാ 3:17	വീശുമുറം അവൻെറ കൈയിൽ ഉണ്ട്. അവൻ കളം വെടിപ്പാക്കി, ഗോതമ്പ് അറപ്പുരയിൽ ശേഖരിക്കുകയും പതിര് കെടാത്ത തീയിൽ ദഹിപ്പിക്കുകയും ചെയ്യും.
ലൂക്കാ 3:18	ഇതുപോലെ, മററു പല ഉദ്ബോധനങ്ങളിലൂടെയും അവൻ ജനത്തെ സദ്വാർത്ത അറിയിച്ചു

19. യേശുവിൻെറ ജ്ഞാനസ്നാനം

മത്താ 3:13	യേശു യോഹന്നാനിൽ നിന്നു സ്നാനം സ്വീകരിക്കാൻ ഗലീലിയിൽ നിന്നു ജോർദാനിൽ അവൻെറ അടുത്തേക്കുവന്നു.
മത്താ 3:14	ഞാൻ നിന്നിൽനിന്ന് സ്നാനം സ്വീകരിക്കേണ്ടിയിരിക്കെ, നീ എൻെറ അടുത്തേക്കുവരുന്നുവോ എന്നു ചോദിച്ചുകൊണ്ട് യോഹന്നാൻ അവനെ തടഞ്ഞു.
മത്താ 3:15	എന്നാൽ, യേശു പറഞ്ഞു: ഇപ്പോൾ ഇതു സമ്മതിക്കുക; അങ്ങനെ സർവനീതിയും പൂർത്തിയാക്കുക നമുക്ക് ഉചിതമാണ്. അവൻ സമ്മതിച്ചു.
മത്താ 3:16	സ്നാനം കഴിഞ്ഞയുടൻ യേശു വെള്ളത്തിൽ നിന്നു കയറി. അപ്പോൾ സ്വർഗം തുറക്കപ്പെട്ടു. ദൈവാത്മാവ് പ്രാവിൻെറ രൂപത്തിൽ തൻെറ മേൽ ഇറങ്ങിവരുന്നത് അവൻ കണ്ടു.
മത്താ 3:17	ഇവൻ എൻെറ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് ഒരു സ്വരം സ്വർഗത്തിൽനിന്നു കേട്ടു.
ലൂക്കാ 3:23	പരസ്യജീവിതം ആരംഭിക്കുമ്പോൾ യേശുവിന് ഏകദേശം മുപ്പതു വയസ്സുപ്രായമായിരുന്നു.

20. യേശുവിൻെറ പരീക്ഷ

ലൂക്കാ 4:1	യേശു പരിശുദ്ധാത്മാവു നിറഞ്ഞവനായി ജോർദാനിൽ നിന്നു മടങ്ങി. ആത്മാവ് അവനെ മരുഭൂമിയിലേക്കു നയിച്ചു.
ലൂക്കാ 4:2	അവൻ പിശാചിനാൽ പരീക്ഷിക്കപ്പെട്ട് നാൽപതു ദിവസം അവിടെ കഴിഞ്ഞുകൂടി. ആദിവസങ്ങളിൽ അവൻ ഒന്നും ഭക്ഷിച്ചില്ല. അവസാനം അവനു വിശന്നു.
ലൂക്കാ 4:3	അപ്പോൾ പിശാച് അവനോടു പറഞ്ഞു: നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലിനോട് അപ്പമാകാൻ കൽപിക്കുക.
ലൂക്കാ 4:4	യേശു അവനോടു പറഞ്ഞു: അപ്പംകൊണ്ടു മാത്രമല്ല, മനുഷ്യൻ ജീവിക്കുന്നത് എന്ന് എഴുതപ്പെട്ടിരിക്കുന്നു.
ലൂക്കാ 4:5	പിന്നെ, പിശാച് അവനെ ഒരു ഉയർന്ന സ്ഥലത്തേക്കു കൊണ്ടുപോയി, ഭൂമിയിലെ സകല രാജ്യങ്ങളും ക്ഷണനേരംകൊണ്ട് അവനു കാണിച്ചുകൊടുത്തു.
ലൂക്കാ 4:6	പിശാച് അവനോട് പറഞ്ഞു: ഇവയുടെമേൽ എല്ലാ അധികാരവും മഹത്വവും നിനക്കു ഞാൻ തരാം. ഇതെല്ലാം എനിക്കു നൽകപ്പെട്ടിരിക്കുന്നു. എനിക്ക് ഇഷ്ടമുള്ളവർക്കു ഞാൻ ഇതു കൊടുക്കുന്നു.
ലൂക്കാ 4:7	നീ എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിൻേറ താകും.
ലൂക്കാ 4:8	യേശു മറുപടി പറഞ്ഞു: നിൻെറ ദൈവമായ കർത്താവിനെ നീ ആരാധിക്കണം; അവനെ മാത്രമേ പൂജിക്കാവൂ എന്ന് എഴുതപ്പെട്ടിരിക്കുന്നു.
ലൂക്കാ 4:9	അനന്തരം പിശാച് അവനെ ജറുസലെമിലേക്കു കൊണ്ടുപോയി, ദേവാലയഗോപുരത്തിൻെറ ശൃംഗത്തിൽ നിർത്തിക്കൊണ്ട് പറഞ്ഞു: നീ ദൈവപുത്രനാണെങ്കിൽ ഇവിടെനിന്നു താഴേക്കു ചാടുക.
ലൂക്കാ 4:10	നിന്നെ സംരക്ഷിക്കാൻ അവൻ ദൂതൻമാരോടു കൽപിക്കുമെന്നും
ലൂക്കാ 4:11	നിൻെറ കാൽ കല്ലിൽ തട്ടാതെ അവർ നിന്നെ കൈകളിൽ താങ്ങിക്കൊള്ളുമെന്നും എഴുതപ്പെട്ടിട്ടുണ്ടല്ലോ.
ലൂക്കാ 4:12	യേശു പറഞ്ഞു: നിൻെറ ദൈവമായ കർത്താവിനെ പരീ ക്ഷിക്കരുത് എന്നും പറയപ്പെട്ടിരിക്കുന്നു.
ലൂക്കാ 4:13	അപ്പോൾ പിശാച് പ്രലോഭനങ്ങൾ എല്ലാം അവസാനിപ്പിച്ച്, നിശ്ചിതകാലത്തേക്ക് അവനെ വിട്ടുപോയി.

21. സ്നാപകയോഹന്നാൻെറ സാക്ഷ്യം

യോഹ 1:19	നീ ആരാണ് എന്നു ചോദിക്കാൻ യഹൂദർ ജറുസലെമിൽനിന്നു പുരോഹിതൻമാരെയും ലേവ്യരെയും അയച്ചപ്പോൾ യോഹന്നാൻെറ സാക്ഷ്യം ഇതായിരുന്നു:
യോഹ 1:20	ഞാൻ ക്രിസ്തുവല്ല, അവൻ അസന്ദിഗ്ധമായി പ്രഖ്യാപിച്ചു. അവർ ചോദിച്ചു: എങ്കിൽപ്പിന്നെ നീ ആരാണ്? ഏലിയായോ? അല്ല എന്ന് അവൻ പ്രതിവചിച്ചു. അവർ വീണ്ടും ചോദിച്ചു:
യോഹ 1:21	എങ്കിൽ, നീ പ്രവാചകനാണോ? അല്ല എന്ന് അവൻ മറുപടി നൽകി.
യോഹ 1:22	അവർ വീണ്ടും ചോദിച്ചു: അങ്ങനെയെങ്കിൽ നീ ആരാണ്, ഞങ്ങളെ അയച്ചവർക്കു ഞങ്ങൾ എന്തു മറുപടി കൊടുക്കണം? നിന്നെക്കുറിച്ചുതന്നെ നീ എന്തു പറയുന്നു?
യോഹ 1:23	അവൻ പറഞ്ഞു: ഏശയ്യാ ദീർഘദർശി പ്രവചിച്ചതുപോലെ, കർത്താവിൻെറ വഴികൾ നേരേയാക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്നവൻെറ ശബ്ദമാണു ഞാൻ.
യോഹ 1:24	ഫരിസേയരാണ് അവരെ അയച്ചത്.
യോഹ 1:25	അവർ അവനോടു ചോദിച്ചു: നീ ക്രിസ്തുവോ ഏലിയായോ പ്രവാചകനോ അല്ലെങ്കിൽ, പിന്നെ സ്നാനം നൽകാൻ കാരണമെന്ത്?
യോഹ 1:26	യോഹന്നാൻ പറഞ്ഞു: ഞാൻ ജലംകൊണ്ടു സ്നാനം നൽകുന്നു. എന്നാൽ, നിങ്ങൾ അറിയാത്ത ഒരുവൻ നിങ്ങളുടെ മധ്യേ നിൽപുണ്ട്.

യോഹ 1:27	എൻെറ പിന്നാലെ വരുന്ന അവൻെറ ചെരിപ്പിൻെറ വാറഴിക്കുവാൻപോലും ഞാൻ യോഗ്യനല്ല.
യോഹ 1:28	യോഹന്നാൻ സ്നാനം നൽകിക്കൊണ്ടിരുന്ന ജോർദാൻെറ അക്കരെ ബഥാനിയായിലാണ് ഇതു സംഭവിച്ചത്.

22. ദൈവത്തിൻെറ കുഞ്ഞാട്

യോഹ 1:29	അടുത്ത ദിവസം യേശു തൻെറ അടുത്തേക്കു വരുന്നതു കണ്ട് അവൻ പറഞ്ഞു: ഇതാ, ലോകത്തിൻെറ പാപം നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാട്.
യോഹ 1:30	എൻെറ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണെന്നു ഞാൻ പറഞ്ഞത് ഇവനെപ്പറ്റിയാണ്. കാരണം, എനിക്കുമുമ്പുതന്നെ ഇവനുണ്ടായിരുന്നു.
യോഹ 1:31	ഞാനും ഇവനെ അറിഞ്ഞിരുന്നില്ല. എന്നാൽ, ഇവനെ ഇസ്രായേലിനു വെളി പ്പെടുത്താൻവേണ്ടിയാണ് ഞാൻ വന്നു ജലത്താൽ സ്നാനം നൽകുന്നത്.
യോഹ 1:32	ആത്മാവ് പ്രാവിനെപ്പോലെ സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന് അവൻെറ മേൽ ആവസിക്കുന്നത് താൻ കണ്ടു എന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തി.
യോഹ 1:33	ഞാൻ അവനെ അറിഞ്ഞിരുന്നില്ല. എന്നാൽ, ജലംകൊണ്ടു സ്നാനം നൽകാൻ എന്നെ അയച്ചവൻ എന്നോടു പറഞ്ഞിരുന്നു: ആത്മാവ് ഇറങ്ങിവന്ന് ആരുടെമേൽ ആവസിക്കുന്നത് നീ കാണുന്നുവോ, അവനാണു പരിശുദ്ധാത്മാവുകൊണ്ടു സ്നാനം നൽകുന്നവൻ.
യോഹ 1:34	ഞാൻ അതു കാണുകയും ഇവൻ ദൈവപുത്രനാണ് എന്നു സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

23. യേശുവിൻെറ ആദ്യശിഷ്യൻമാർ

യോഹ 1:35	അടുത്തദിവസം യോഹന്നാൻ തൻെറ ശിഷ്യൻമാരിൽ രണ്ടുപേരോടുകൂടെ നിൽക്കുമ്പോൾ
യോഹ 1:36	യേശു നടന്നുവരുന്നതു കണ്ടു പറഞ്ഞു: ഇതാ, ദൈവത്തിൻെറ കുഞ്ഞാട്!
യോഹ 1:37	അവൻ പറഞ്ഞതു കേട്ട് ആ രണ്ടു ശിഷ്യൻമാർ യേശുവിനെ അനുഗമിച്ചു.
യോഹ 1:38	യേശു തിരിഞ്ഞ്, അവർ തൻെറ പിന്നാലെ വരുന്നതുകണ്ട്, ചോദിച്ചു: നിങ്ങൾ എന്തന്വേഷിക്കുന്നു? അവർ ചോദിച്ചു: റബ്ബീ – ഗുരു. എന്നാണ് ഇതിനർഥം – അങ്ങ് എവിടെയാണു വസിക്കുന്നത്?
യോഹ 1:39	അവൻ പറഞ്ഞു: വന്നു കാണുക. അവർ ചെന്ന് അവൻ വസിക്കുന്നിടം കാണുകയും അന്ന് അവനോടുകൂടെ താമസിക്കുകയും ചെയ്തു. അപ്പോൾ ഏകദേശം പത്താം മണിക്കൂർ ആയിരുന്നു.
യോഹ 1:40	യോഹന്നാൻ പറഞ്ഞതു കേട്ട് അവനെ അനുഗമിച്ച ആ രണ്ടുപേരിൽ ഒരുവൻ ശിമയോൻ പത്രോസിൻെറ സഹോദരൻ അന്ത്രയോസായിരുന്നു.
യോഹ 1:41	അവൻ ആദ്യമേ തൻെറ സഹോദരനായ ശിമയോനെ കണ്ട് അവനോട്, ഞങ്ങൾ മിശിഹായെ – ക്രിസ്തുവിനെ – കണ്ടു എന്നു പറഞ്ഞു.
യോഹ 1:42	അവനെ യേശുവിൻെറ അടുത്തു കൊണ്ടുവന്നു. യേശു അവനെ നോക്കി പറഞ്ഞു: നീ യോഹന്നാൻെറ പുത്രനായ ശിമയോനാണ്. കേപ്പാ – പാറ – എന്നു നീ വിളിക്കപ്പെടും.

24. യേശു പീലിപ്പോസിനേയും നഥാനയേയും വിളിക്കുന്നു

യോഹ 1:43	പിറ്റേദിവസം അവൻ ഗലീലിയിലേക്കു പോകാനൊരുങ്ങി. പീലിപ്പോസിനെക്കണ്ടപ്പോൾ യേശു അവനോടു പറഞ്ഞു: എന്നെ അനുഗമിക്കുക.
യോഹ 1:44	പീലിപ്പോസ് അന്ത്രയോസിൻെറയും പത്രോസിൻെറയും പട്ടണമായ ബേത്സയ്ദായിൽനിന്നുള്ളവനായിരുന്നു.
യോഹ 1:45	പീലിപ്പോസ് നഥാനയേലിനെക്കണ്ട് അവനോടു പറഞ്ഞു: മോശയുടെ നിയമത്തിലും പ്രവാചകഗ്രന്ഥങ്ങളിലും ആരെപ്പറ്റി എഴുതിയിരിക്കുന്നുവോ അവനെ – ജോസഫിൻെറ മകൻ , നസറത്തിൽനിന്നുള്ള യേശുവിനെ – ഞങ്ങൾ കണ്ടു.
യോഹ 1:46	നഥാനയേൽ ചോദിച്ചു: നസ്രത്തിൽനിന്ന് എന്തെങ്കിലും നൻമ ഉണ്ടാകുമോ? പീലിപ്പോസ് പറഞ്ഞു: വന്നു കാണുക!
യോഹ 1:47	നഥാനയേൽ തൻെറ അടുത്തേക്കു വരുന്നതു കണ്ട് യേശു അവനെപ്പറ്റി പറഞ്ഞു: ഇതാ, നിഷ്കപടനായ ഒരുയഥാർഥ ഇസ്രായേൽക്കാരൻ!
യോഹ 1:48	അപ്പോൾ നഥാനയേൽ ചോദിച്ചു: നീ എന്നെ എങ്ങനെ അറിയുന്നു? യേശു മറുപടി പറഞ്ഞു: പീലിപ്പോസ് നിന്നെ വിളിക്കുന്നതിനുമുമ്പ്, നീ അത്തിമരത്തിൻെറ ചുവട്ടിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെക്കണ്ടു.
യോഹ 1:49	നഥാനയേൽ പറഞ്ഞു: റബ്ബീ, അങ്ങു ദൈവപുത്രനാണ്; ഇസ്രായേലിൻെറ രാജാവാണ്.
യോഹ 1:50	യേശു പറഞ്ഞു: അത്തിമരത്തിൻെറ ചുവട്ടിൽ നിന്നെ കണ്ടു എന്നു ഞാൻ പറഞ്ഞതുകൊണ്ട് നീ എന്നിൽ വിശ്വസിക്കുന്നു, അല്ലേ? എന്നാൽ ഇതിനെക്കാൾ വലിയ കാര്യങ്ങൾ നീ കാണും.
യോഹ 1:51	അവൻ തുടർന്നു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, സ്വർഗം തുറക്കപ്പെടുന്നതും ദൈവദൂതൻമാർ കയറിപ്പോകുന്നതും മനുഷ്യപുത്രൻെറ മേൽ ഇറങ്ങിവരുന്നതും നിങ്ങൾ കാണും.

25. കാനായിലെ വിവാഹവിരുന്ന്

യോഹ 2:1	മൂന്നാം ദിവസം, ഗലീലിയിലെ കാനായിൽ ഒരു വിവാഹവിരുന്നു നടന്നു. യേശുവിൻെറ അമ്മ അവിടെയുണ്ടായിരുന്നു.
യോഹ 2:2	യേശുവും ശിഷ്യൻമാരും വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു.
യോഹ 2:3	അവിടെ വീഞ്ഞു തീർന്നുപോയപ്പോൾ യേശുവിൻെറ അമ്മ അവനോടു പറഞ്ഞു: അവർക്കു വീഞ്ഞില്ല.
യോഹ 2:4	യേശു അവളോടു പറഞ്ഞു: സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എൻെറ സമയം ഇനിയും ആയിട്ടില്ല.

യോഹ 2:5	അവൻെറ അമ്മ പരിചാരകരോടു പറഞ്ഞു: അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ.
യോഹ 2:6	യഹൂദരുടെ ശുദ്ധീകരണകർമത്തിനുള്ള വെള്ളം നിറയ്ക്കുന്ന ആറു കൽഭരണികൾ അവിടെ ഉണ്ടായിരുന്നു. ഓരോന്നിലും രണ്ടോ മൂന്നോ അളവു കൊള്ളുമായിരുന്നു.
യോഹ 2:7	ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ എന്ന് യേശു അവരോടു കൽപിച്ചു. അവർ അവയെല്ലാം വക്കോളം നിറച്ചു.
യോഹ 2:8	ഇനി പകർന്നു കലവറക്കാരൻെറ അടുത്തു കൊണ്ടുചെല്ലുവിൻ എന്ന് അവൻ പറഞ്ഞു. അവർ അപ്രകാരം ചെയ്തു.
യോഹ 2:9	കലവറക്കാരൻ വീഞ്ഞായി മാറിയ ആ വെള്ളം രുചിച്ചു നോക്കി. അത് എവിടെനിന്നാണെന്ന് അവൻ അറിഞ്ഞില്ല. എന്നാൽ, വെള്ളം കോരിയ പരിചാരകർ അറിഞ്ഞിരുന്നു.
യോഹ 2:10	അവൻ മണവാളനെ വിളിച്ചു പറഞ്ഞു: എല്ലാവരും മേൽത്തരം വീഞ്ഞ് ആദ്യം വിളമ്പുന്നു, അതിഥികൾക്കു ലഹരിപിടിച്ചുകഴിയുമ്പോൾ താഴ്ന്നതരവും. എന്നാൽ, നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവച്ചുവല്ലോ.
യോഹ 2:11	യേശു തൻെറ മഹത്വം വെളിപ്പെടുത്തുന്നതിനുപ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ്, ഗലീലിയിലെ കാനായിൽ ചെയ്ത ഈ അദ്ഭുതം. അവൻെറ ശിഷ്യൻമാർ അവനിൽ വിശ്വസിച്ചു.

26. യേശു ദേവാലയം ശുദ്ധീകരിക്കുന്നു

യോഹ 2:12	ഇതിനുശേഷം അവൻ തൻെറ അമ്മയോടും സഹോദരൻമാരോടും ശിഷ്യൻമാരോടുംകൂടി കഫർണാമിലേക്കു പോയി. അവർ അവിടെ ഏതാനും ദിവസം താമസിച്ചു.
യോഹ 2:13	യഹൂദരുടെ പെസഹാ അടുത്തിരുന്നതിനാൽ യേശു ജറുസലെമിലേക്കു പോയി.
യോഹ 2:14	കാള, ആട്, പ്രാവ് എന്നിവ വിൽക്കുന്നവരെയും നാണയം മാറ്റാനിരിക്കുന്നവരെയും ദേവാലയത്തിൽ അവൻ കണ്ടു.
യോഹ 2:15	അവൻ കയറുകൊണ്ട് ഒരു ചമ്മട്ടിയുണ്ടാക്കി അവരെയെല്ലാം ആടുകളോടും കാളകളോടുംകൂടെ ദേവാലയത്തിൽനിന്നു പുറത്താക്കി; നാണയമാറ്റക്കാരുടെ നാണയങ്ങൾ ചിതറിക്കുകയും മേശകൾ തട്ടിമറിക്കുകയും ചെയ്തു.
യോഹ 2:16	പ്രാവുകളെ വിൽക്കുന്നവരോട് അവൻ കൽപിച്ചു: ഇവയെ ഇവിടെനിന്ന് എടുത്തുകൊണ്ടു പോകുവിൻ. എൻെറ പിതാവിൻെറ ആലയം നിങ്ങൾ കച്ചവടസ്ഥലമാക്കരുത്.
യോഹ 2:17	അവിടുത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും എന്നെഴുതപ്പെട്ടിരിക്കുന്നത് അപ്പോൾ അവൻെറ ശിഷ്യൻമാർ അനുസ്മരിച്ചു.
യോഹ 2:18	യഹൂദർ അവനോടുചോദിച്ചു: ഇതു ചെയ്യുവാൻ നിനക്ക് അധികാരം ഉണ്ടെന്നതിന് എന്തടയാളമാണ് നീ ഞങ്ങളെ കാണിക്കുക?
യോഹ 2:19	യേശു മറുപടി പറഞ്ഞു: നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുക; മൂന്നു ദിവസത്തിനകം ഞാൻ അതു പുനരുദ്ധരിക്കും.
യോഹ 2:20	യഹൂദർ ചോദിച്ചു: ഈ ദേവാലയം പണിയുവാൻ നാൽപത്താറു സംവത്സരമെടുത്തു. വെറും മൂന്നു ദിവസത്തിനകം നീ അതു പുനരുദ്ധരിക്കുമോ?
യോഹ 2:21	എന്നാൽ, അവൻ പറഞ്ഞത് തൻെറ ശരീരമാകുന്ന ആലയത്തെപ്പറ്റിയാണ്.
യോഹ 2:22	അവൻ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടപ്പോൾ, അവൻെറ ശിഷ്യൻമാർ അവൻ ഇതു പറഞ്ഞിരുന്നുവെന്ന് ഓർമിക്കുകയും അങ്ങനെ, വിശുദ്ധ ലിഖിതവും യേശു പ്രസ്താവിച്ചവച നവും വിശ്വസിക്കുകയും ചെയ്തു.
യോഹ 2:23	പെസ ഹാത്തിരുനാളിന് അവൻ ജറുസലെമിലായിരിക്കുമ്പോൾ പ്രവർത്തിച്ച അടയാളങ്ങൾ കണ്ട് വളരെപ്പേർ അവൻെറ നാമത്തിൽ വിശ്വസിച്ചു.
യോഹ 2:24	യേശുവാകട്ടെ അവരെ വിശ്വസിച്ചില്ല. കാരണം, അവൻ അവരെയെല്ലാം അറിഞ്ഞിരുന്നു.
യോഹ 2:25	മനുഷ്യനെപ്പറ്റി ആരുടെയും സാക്ഷ്യം അവന് ആവശ്യമായിരുന്നില്ല; മനുഷ്യനിലുള്ളത് എന്താണെന്ന് അവൻ വ്യക്തമായി അറിഞ്ഞിരുന്നു.

27. യേശുവും നിക്കോദേമോസും

യോഹ 3:1	ഫരിസേയരിൽ നിക്കോദേമോസ് എന്നുപേരായ ഒരു യഹൂദപ്രമാണിയുണ്ടായിരുന്നു.
യോഹ 3:2	അവൻ രാത്രി യേശുവിൻെറ അടുത്തു വന്നു പറഞ്ഞു: റബ്ബീ, അങ്ങ് ദൈവത്തിൽനിന്നു വന്ന ഒരു ഗുരുവാണെന്നു ഞങ്ങൾ അറിയുന്നു. ദൈവം കൂടെയില്ലെങ്കിൽ ഒരുവനും നീ ചെയ്യുന്ന ഈ അടയാളങ്ങൾ പ്രവർത്തിക്കാൻ കഴിയുകയില്ല.
യോഹ 3:3	യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനു ദൈവരാജ്യം കാണാൻ കഴിയുകയില്ല.
യോഹ 3:4	നിക്കോദേമോസ് ചോദിച്ചു: പ്രായമായ മനുഷ്യന് ഇത് എങ്ങനെ സാധിക്കും? അമ്മയുടെ ഉദരത്തിൽ വീണ്ടും പ്രവേശിച്ച് അവനു ജനിക്കുവാൻ കഴിയുമോ?
യോഹ 3:5	യേശു പ്രതിവചിച്ചു: സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല.
യോഹ 3:6	മാംസത്തിൽനിന്നു ജനിക്കുന്നതു മാംസമാണ്; ആത്മാവിൽനിന്നു ജനിക്കുന്നത് ആത്മാവും.
യോഹ 3:7	നിങ്ങൾ വീണ്ടും ജനിക്കണം എന്നു ഞാൻ പറഞ്ഞതുകൊണ്ടു നീ വിസ്മയിക്കേണ്ടാ.
യോഹ 3:8	കാറ്റ് അതിനിഷ്ടമുള്ളിടത്തേക്കു വീശുന്നു; അതിൻെറ ശബ്ദം നീ കേൾക്കുന്നു. എന്നാൽ, അത് എവിടെനിന്നു വരുന്നെന്നോ എവിടേക്കു പോകുന്നെന്നോ നീ അറിയുന്നില്ല. ഇതുപോലെയാണ് ആത്മാവിൽനിന്നു ജനിക്കുന്ന ഏവനും.
യോഹ 3:9	ഇതെല്ലാം എങ്ങനെ സംഭവിക്കും എന്നു നിക്കോദേമോസ് ചോദിച്ചു.

യോഹ 3:10	യേശു പറഞ്ഞു: നീ ഇസ്രായേലിലെ ഗുരുവല്ലേ? എന്നിട്ടും ഇക്കാര്യമൊന്നും മനസ്സിലാകുന്നില്ലേ?
യോഹ 3:11	സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു: ഞങ്ങൾ അറിയുന്നവയെപ്പറ്റി സംസാരിക്കുന്നു; കണ്ടവയെപ്പറ്റി സാക്ഷ്യപ്പെടുത്തുന്നു. എന്നിട്ടും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ സ്വീകരിക്കുന്നില്ല.
യോഹ 3:12	ഭൗമിക കാര്യങ്ങളെപ്പറ്റി ഞാൻ പറഞ്ഞത് നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ സ്വർഗീയ കാര്യങ്ങൾ പറഞ്ഞാൽ എങ്ങനെ വിശ്വസിക്കും?
യോഹ 3:13	സ്വർഗത്തിൽ നിന്നിറങ്ങിവന്ന മനുഷ്യപുത്രനല്ലാതെ മറ്റാരും ഇതുവരെ സ്വർഗത്തിൽ കയറിയിട്ടില്ല.
യോഹ 3:14	മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, തന്നിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു.
യോഹ 3:15	തന്നിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു.
യോഹ 3:16	എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തൻെറ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.
യോഹ 3:17	ദൈവം തൻെറ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല. പ്രത്യുത, അവൻ വഴി ലോകം രക്ഷപ്രാപിക്കാനാണ്.
യോഹ 3:18	അവനിൽ വിശ്വസിക്കുന്ന ഒരുവനും ശിക്ഷയ്ക്കു വിധിക്കപ്പെടുന്നില്ല. വിശ്വസിക്കാത്തവനോ, ദൈവത്തിൻെറ ഏകജാതൻെറ നാമത്തിൽ വിശ്വസിക്കായ്കമൂലം, നേരത്തേതന്നെ ശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു.
യോഹ 3:19	ഇതാണു ശിക്ഷാവിധി: പ്രകാശം ലോകത്തിലേക്കു വന്നിട്ടും മനുഷ്യർ പ്രകാശത്തെക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു. കാരണം, അവരുടെ പ്രവൃത്തികൾ തിൻമ നിറഞ്ഞതായിരുന്നു.
യോഹ 3:20	തിൻമ പ്രവർത്തിക്കുന്നവൻ പ്രകാശത്തെ വെറുക്കുന്നു. അവൻെറ പ്രവൃത്തികൾ വെളിപ്പെടാതിരിക്കുന്നതിന് അവൻ വെളിച്ചത്തു വരുന്നുമില്ല.
യോഹ 3:21	സത്യം പ്രവർത്തിക്കുന്നവൻ വെളിച്ചത്തിലേക്കു വരുന്നു. അങ്ങനെ, അവൻെറ പ്രവൃത്തികൾ ദൈവൈക്യത്തിൽ ചെയ്യുന്നവയെന്നു വെളിപ്പെടുന്നു.

28. സ്നാപകയോഹന്നാൻെറ ദൗത്യം

യോഹ 3:22	ഇതിനുശേഷം യേശുവും ശിഷ്യൻമാരുംയൂദയാദേശത്തേക്കു പോയി. അവിടെ അവൻ അവരോടൊത്തു താമസിച്ച് സ്നാനം നൽകി.
യോഹ 3:23	സാലിമിനടുത്തുള്ള ഏനോനിൽ വെള്ളം ധാരാളമുണ്ടായിരുന്നതിനാൽ അവിടെ യോഹന്നാനും സ്നാനം നൽകിയിരുന്നു. ആളുകൾ അവൻെറ അടുത്തു വന്ന് സ്നാനം സ്വീകരിച്ചിരുന്നു.
യോഹ 3:24	യോഹന്നാൻ ഇനിയും കാരാഗൃഹത്തിലടയ്ക്കപ്പെട്ടിരുന്നില്ല.
യോഹ 3:25	അവൻെറ ശിഷ്യൻമാരും ഒരു യഹൂദനും തമ്മിൽ ശുദ്ധീകരണത്തെപ്പററി തർക്കമുണ്ടായി.
യോഹ 3:26	അവർ യോഹന്നാനെ സമീപിച്ചു പറഞ്ഞു: ഗുരോ, ജോർദാൻെറ അക്കരെ നിന്നോടുകൂടിയുണ്ടായിരുന്നവൻ, നീ ആരെപ്പറ്റി സാക്ഷ്യപ്പെടുത്തിയോ അവൻ , ഇതാ, ഇവിടെ സ്നാനം നൽകുന്നു. എല്ലാവരും അവൻെറ അടുത്തേക്കു പോവുകയാണ്.
യോഹ 3:27	യോഹന്നാൻ പ്രതിവചിച്ചു: സ്വർഗത്തിൽനിന്നു നൽകപ്പെടുന്നില്ലെങ്കിൽ ആർക്കും ഒന്നും സ്വീകരിക്കാൻ സാധിക്കുകയില്ല.
യോഹ 3:28	ഞാൻ ക്രിസ്തുവല്ല. പ്രത്യുത, അവനുമുമ്പേ അയയ്ക്കപ്പെട്ടവനാണ് എന്നു ഞാൻ പറഞ്ഞതിനു നിങ്ങൾതന്നെ സാക്ഷികളാണ്.
യോഹ 3:29	മണവാട്ടിയുള്ളവനാണ് മണവാളൻ. അടുത്തുനിന്നു മണവാളനെ ശ്രവിക്കുന്ന സ്നേഹിതൻ അവൻെറ സ്വരത്തിൽ വളരെ സന്തോഷിക്കുന്നു. അതുപോലെ, എൻെറ ഈ സന്തോഷം ഇപ്പോൾ പൂർണമായിരിക്കുന്നു.
യോഹ 3:30	അവൻ വളരുകയും ഞാൻ കുറയുകയും വേണം.
യോഹ 3:31	ഉന്നതത്തിൽനിന്നു വരുന്നവൻ എല്ലാവർക്കും ഉപരിയാണ്. ഭൂമിയിൽനിന്നുള്ളവൻ ഭൂമിയുടേതാണ്. അവൻ ഭൗമികകാര്യങ്ങൾ സംസാരിക്കുകയും ചെയ്യുന്നു. സ്വർഗത്തിൽനിന്നു വരുന്നവൻ എല്ലാവർക്കും ഉപരിയാണ്.
യോഹ 3:32	അവൻ കാണുകയും കേൾക്കുകയും ചെയ്തതിനെപ്പറ്റി സാക്ഷ്യപ്പെടുത്തുന്നു; എങ്കിലും, അവൻെറ സാക്ഷ്യം ആരും സ്വീകരിക്കുന്നില്ല.
യോഹ 3:33	അവൻെറ സാക്ഷ്യം സ്വീകരിക്കുന്നവൻ ദൈവം സത്യവാനാണ് എന്നതിനു മുദ്രവയ്ക്കുന്നു.
യോഹ 3:34	ദൈവം അയച്ചവൻ ദൈവത്തിൻെറ വാക്കുകൾ സംസാരിക്കുന്നു; ദൈവം അളന്നല്ല ആത്മാവിനെ കൊടുക്കുന്നത്.
യോഹ 3:35	പിതാവ് പുത്രനെ സ്നേഹിക്കുന്നു. എല്ലാം അവൻെറ കൈകളിൽ ഏൽപിക്കുകയും ചെയ്തിരിക്കുന്നു. പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ലഭിക്കുന്നു. എന്നാൽ, പുത്രനെ അനുസരിക്കാത്തവൻ ജീവൻ ദർശിക്കുകയില്ല. ദൈവകോപം അവൻെറ മേൽ ഉണ്ട്.

29. യോഹന്നാൻ കാരാഗൃഹത്തിൽ

മത്താ 14:3	ഹേറോദേസ് യോഹന്നാനെ ബന്ധിച്ചു കാരാഗൃഹത്തിൽ അടച്ചിരുന്നു. സ്വന്തം സഹോദരനായ പീലിപ്പോസിൻെറ ഭാര്യ ഹേറോദിയാ നിമിത്തമാണ് അവൻ ഇതു ചെയ്തത്.
മത്താ 14:4	എന്തെന്നാൽ, യോഹന്നാൻ അവനോടു പറഞ്ഞിരുന്നു: അവളെ നീ സ്വന്തമാക്കുന്നത് നിയമാനുസൃതമല്ല.
മത്താ 14:5	ഹേറോദേസിന് അവനെ വധിക്കണമെന്നുണ്ടായിരുന്നു. എങ്കിലും അവൻ ജനങ്ങളെ ഭയപ്പെട്ടു. എന്തെന്നാൽ, അവർ യോഹന്നാനെ പ്രവാചകനായി പരിഗണിച്ചിരുന്നു.
മത്താ 14:6	ഹേറോദേസിൻെറ ജൻമദിനത്തിൽ ഹേറോദിയായുടെ പുത്രി രാജസദസ്സിൽ നൃത്തംചെയ്ത് അവനെ സന്തോഷിപ്പിച്ചു.
മത്താ 14:7	തൻമൂലം അവൾ ചോദിക്കുന്നതെന്തും നൽകാമെന്നു രാജാവ് അവളോട് ആണയിട്ടു വാഗ്ദാനം ചെയ്തു.

മത്താ 14:8	അവൾ അമ്മയുടെ നിർദേശമനുസരിച്ചു പറഞ്ഞു: സ്നാപകയോഹന്നാൻെറ ശിരസ്സ് ഒരു തളികയിൽവച്ച് എനിക്കു തരുക.
മത്താ 14:9	രാജാവു ദുഃഖിതനായി; എങ്കിലും തൻെറ ശപഥത്തെയും അതിഥികളെയും പരിഗണിച്ച് അത് അവൾക്ക് നൽകാൻ അവൻ ആജ്ഞാപിച്ചു.
മത്താ 14:10	അവൻ കാരാഗൃഹത്തിൽ ആളയച്ച് യോഹന്നാൻെറ തല വെട്ടിയെടുത്തു.
മത്താ 14:11	അത് ഒരു തളികയിൽവച്ചു പെൺകുട്ടിക്കു നൽകി. അവൾ അത് അമ്മയുടെ അടുത്തേക്കുകൊണ്ടുപോയി.
മത്താ 14:12	അവൻെറ ശിഷ്യർ ചെന്നു മൃതശരീരമെടുത്തു സംസ്കരിച്ചു. അനന്തരം, അവർ യേശുവിനെ വിവരമറിയിച്ചു.

30. യേശുവും സമരിയാക്കാരിയും

യോഹ 4:1	യോഹന്നാനെക്കാൾ അധികം ആളുകളെ താൻ ശിഷ്യപ്പെടുത്തുകയും സ്നാനപ്പെടുത്തുകയും ചെയ്യുന്നുവെന്ന് ഫരിസേയർ കേട്ടതായി കർത്താവ് അറിഞ്ഞു.
യോഹ 4:2	വാസ്തവത്തിൽ, ശിഷ്യൻമാരല്ലാതെ യേശു നേരിട്ട് ആരെയും സ്നാനപ്പെടുത്തിയില്ല.
യോഹ 4:3	അവൻ യൂദയാ വിട്ട് വീണ്ടും ഗലീലിയിലേക്കു പുറപ്പെട്ടു.
യോഹ 4:4	അവനു സമരിയായിലൂടെ കടന്നുപോകേണ്ടിയിരുന്നു.
യോഹ 4:5	സമരിയായിലെ സിക്കാർ എന്ന പട്ടണത്തിൽ അവൻ എത്തി. യാക്കോബ് തൻെറ മകൻ ജോസഫിനു നൽകിയ വയലിനടുത്താണ് ഈ പട്ടണം.
യോഹ 4:6	യാക്കോബിൻെറ കിണർ അവിടെയാണ്. യാത്രചെയ്തു ക്ഷീണിച്ച യേശു ആ കിണറിൻെറ കരയിൽ ഇരുന്നു. അപ്പോൾ ഏകദേശം ആറാം മണിക്കൂറായിരുന്നു.
യോഹ 4:7	ആ സമയം ഒരു സമരിയാക്കാരി അവിടെ വെള്ളം കോരാൻ വന്നു. യേശു അവളോട് എനിക്കു കുടിക്കാൻ തരുക എന്നു പറഞ്ഞു.
യോഹ 4:8	അവൻെറ ശിഷ്യൻമാരാകട്ടെ, ഭക്ഷണസാധനങ്ങൾ വാങ്ങാൻ പട്ടണത്തിലേക്കു പോയിരുന്നു.
യോഹ 4:9	ആ സമരിയാക്കാരി അവനോടു ചോദിച്ചു: നീ ഒരു യഹൂദനായിരിക്കേ, സമരിയാക്കാരിയായ എന്നോടു കുടിക്കാൻ ചോദിക്കുന്നതെന്ത്? യഹൂദരും സമരിയാക്കാരും തമ്മിൽ സമ്പർക്കമൊന്നുമില്ലല്ലോ.
യോഹ 4:10	യേശു അവളോടു പറഞ്ഞു: ദൈവത്തിൻെറ ദാനം എന്തെന്നും എനിക്കു കുടിക്കാൻ തരുക എന്നു നിന്നോട് ആവശ്യപ്പെടുന്നത് ആരെന്നും അറിഞ്ഞിരുന്നുവെങ്കിൽ, നീ അവനോടു ചോദിക്കുകയും അവൻ നിനക്കു ജീവജലം തരുകയും ചെയ്യുമായിരുന്നു.
യോഹ 4:11	അവൾ പറഞ്ഞു: പ്രഭോ, വെള്ളം കോരാൻ നിനക്കു പാത്രമില്ല; കിണറോ ആഴമുള്ളതും. പിന്നെ ഈ ജീവജലം നിനക്ക് എവിടെനിന്നു കിട്ടും?
യോഹ 4:12	ഈ കിണർ ഞങ്ങൾക്കു തന്ന ഞങ്ങളുടെ പിതാവായ യാക്കോബിനെക്കാൾ വലിയവനാണോ നീ? അവനും അവൻെറ മക്കളും കന്നുകാലികളും ഈ കിണറ്റിൽനിന്നാണു കുടിച്ചിരുന്നത്.
യോഹ 4:13	യേശു പറഞ്ഞു: ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും.
യോഹ 4:14	എന്നാൽ, ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല. ഞാൻ നൽകുന്ന ജലം അവനിൽ നിത്യജീവനിലേക്കു നിർഗളിക്കുന്ന അരുവിയാകും.
യോഹ 4:15	അപ്പോൾ അവൾ പറഞ്ഞു: ആ ജലം എനിക്കു തരുക. മേലിൽ എനിക്കു ദാഹിക്കുകയില്ലല്ലോ. വെള്ളം കോരാൻ ഞാൻ ഇവിടെ വരുകയും വേണ്ടല്ലോ.
യോഹ 4:16	അവൻ പറഞ്ഞു: നീ ചെന്ന് നിൻെറ ഭർത്താവിനെ കൂട്ടിക്കൊണ്ടു വരുക.
യോഹ 4:17	എനിക്കു ഭർത്താവില്ല എന്ന് ആ സ്ത്രീ മറുപടി പറഞ്ഞു. യേശു അവളോടു പറഞ്ഞു: എനിക്കു ഭർത്താവില്ല എന്നു നീ പറഞ്ഞതു ശരിയാണ്.
യോഹ 4:18	നിനക്ക് അഞ്ചു ഭർത്താക്കൻമാരുണ്ടായിരുന്നു. ഇപ്പോഴുള്ളവൻ നിൻെറ ഭർത്താവല്ല. നീ പറഞ്ഞതു സത്യമാണ്.
യോഹ 4:19	അവൾ പറഞ്ഞു: പ്രഭോ, അങ്ങ് ഒരു പ്രവാചകനാണെന്നു ഞാൻ മനസ്സിലാക്കുന്നു.
യോഹ 4:20	ഞങ്ങളുടെ പിതാക്കൻമാർ ഈ മലയിൽ ആരാധന നടത്തി; എന്നാൽ, യഥാർഥമായ ആരാധനാസ്ഥലം ജറുസലെമിലാണ് എന്നു നിങ്ങൾ പറയുന്നു.
യോഹ 4:21	യേശു പറഞ്ഞു: സ്ത്രീയേ, എന്നെ വിശ്വസിക്കുക. ഈ മലയിലോ ജറുസലെമിലോ നിങ്ങൾ പിതാവിനെ ആരാധിക്കാത്ത സമയം വരുന്നു.
യോഹ 4:22	നിങ്ങൾ അറിയാത്തതിനെ ആരാധിക്കുന്നു. ഞങ്ങൾ അറിയുന്നതിനെ ആരാധിക്കുന്നു. എന്തെന്നാൽ, രക്ഷ യഹൂദരിൽ നിന്നാണ്.
യോഹ 4:23	എന്നാൽ, യഥാർഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ല, അത് ഇപ്പോൾത്തന്നെയാണ്. യഥാർഥത്തിൽ അങ്ങനെയുള്ള ആരാധകരെത്തന്നെയാണ് പിതാവ് അന്വേഷിക്കുന്നതും.
യോഹ 4:24	ദൈവം ആത്മാവാണ്. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്.
യോഹ 4:25	ആ സ്ത്രീ പറഞ്ഞു: മിശിഹാ – ക്രിസ്തു – വരുമെന്ന് എനിക്ക് അറിയാം. അവൻ വരുമ്പോൾ എല്ലാക്കാര്യങ്ങളും ഞങ്ങളെ അറിയിക്കും.
യോഹ 4:26	യേശു അവളോടു പറഞ്ഞു: നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെയാണ് അവൻ .
യോഹ 4:27	അവൻെറ ശിഷ്യൻമാർ തിരിച്ചെത്തി. അവൻ ഒരു സ്ത്രീയോടു സംസാരിക്കുന്നതു കണ്ട് അവർ അദ്ഭുതപ്പെട്ടു. എന്നാൽ, എന്തു ചോദിക്കുന്നെന്നോ എന്തുകൊണ്ട് അവളോടു സംസാരിക്കുന്നെന്നോ ആരും അവനോടു ചോദിച്ചില്ല.

യോഹ 4:28	ആ സ്ത്രീയാകട്ടെ കുടം അവിടെ വച്ചിട്ട്, പട്ടണത്തിലേക്കു പോയി, ആളുകളോടു പറഞ്ഞു:
യോഹ 4:29	ഞാൻ ചെയ്ത കാര്യങ്ങളെല്ലാം എന്നോടു പറഞ്ഞഒരു മനുഷ്യനെ നിങ്ങൾ വന്നു കാണുവിൻ. ഇവൻതന്നെയായിരിക്കുമോ ക്രിസ്തു?
യോഹ 4:30	അവർ പട്ടണത്തിൽനിന്നു പുറപ്പെട്ട് അവൻെറ അടുത്തു വന്നു.
യോഹ 4:31	തത്സമയം ശിഷ്യൻമാർ അവനോട് അപേക്ഷിച്ചു: റബ്ബി, ഭക്ഷണം കഴിച്ചാലും.
യോഹ 4:32	അവൻ പറഞ്ഞു: നിങ്ങൾ അറിയാത്ത ഭക്ഷണം എനിക്കുണ്ട്.
യോഹ 4:33	ആരെങ്കിലും ഇവനു ഭക്ഷണം കൊണ്ടുവന്നു കൊടുത്തിരിക്കുമോ എന്നു ശിഷ്യൻമാർ പരസ്പരം പറഞ്ഞു.
യോഹ 4:34	യേശു പറഞ്ഞു: എന്നെ അയച്ചവൻെറ ഇഷ്ടം പ്രവർത്തിക്കുകയും അവൻെറ ജോലി പൂർത്തിയാക്കുകയുമാണ് എൻെറ ഭക്ഷണം.
യോഹ 4:35	നാലു മാസം കൂടി കഴിഞ്ഞാൽ വിളവെടുപ്പായി എന്നു നിങ്ങൾ പറയുന്നില്ലേ? എന്നാൽ ഞാൻ പറയുന്നു, നിങ്ങൾ കണ്ണുകളുയർത്തി വയലുകളിലേക്കു നോക്കുവിൻ. അവ ഇപ്പോൾത്തന്നെ വിളഞ്ഞുകൊയ്ത്തിനു പാകമായിരിക്കുന്നു.
യോഹ 4:36	കൊയ്യുന്നവനു കൂലി കിട്ടുകയും അവൻ നിത്യജീവിതത്തിലേക്കു ഫലം ശേഖരിക്കുകയും ചെയ്യുന്നു. അങ്ങനെ, വിതയ്ക്കുന്നവനും കൊയ്യുന്നവനും ഒപ്പം സന്തോഷിക്കുന്നു.
യോഹ 4:37	വിതയ്ക്കുന്നത് ഒരുവൻ , കൊയ്യുന്നതു മറ്റൊരുവൻ എന്ന ചൊല്ല് ഇവിടെ സാർഥകമായിരിക്കുന്നു.
യോഹ 4:38	നിങ്ങൾ അധ്വാനിച്ചിട്ടില്ലാത്ത വിളവു ശേഖരിക്കാൻ ഞാൻ നിങ്ങളെ അയച്ചു; മറ്റുള്ളവരാണ് അധ്വാനിച്ചത്. അവരുടെ അധ്വാനത്തിൻെറ ഫലത്തിലേക്കു നിങ്ങൾ പ്രവേശിച്ചിരിക്കുന്നു.
യോഹ 4:39	ഞാൻ ചെയ്തതെല്ലാം അവൻ എന്നോടു പറഞ്ഞു എന്ന ആ സ്ത്രീയുടെ സാക്ഷ്യംമൂലം പട്ടണത്തിലെ സമരിയാക്കാരിൽ അനേകർ അവനിൽ വിശ്വസിച്ചു.
യോഹ 4:40	ആ സമരിയാക്കാർ അവൻെറ അടുത്തു വന്നു തങ്ങളോടൊത്തു വസിക്കണമെന്ന് അവനോട് അപേക്ഷിക്കുകയും അവൻ രണ്ടു ദിവസം അവിടെ താമസിക്കുകയും ചെയ്തു.
യോഹ 4:41	അവൻെറ വചനം ശ്രവിച്ച മറ്റു പലരും അവനിൽ വിശ്വസിച്ചു.
യോഹ 4:42	അവർ ആ സ്ത്രീയോടു പറഞ്ഞു: ഇനിമേൽ ഞങ്ങൾ വിശ്വസിക്കുന്നതു നിൻെറ വാക്കുമൂലമല്ല. കാരണം, ഞങ്ങൾതന്നെ നേരിട്ടു ശ്രവിക്കുകയും ഇവനാണുയഥാർഥത്തിൽ ലോക രക്ഷകൻ എന്ന് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു.

31. ഗലീലയിലെ യേശുവിന്റെ ശിശ്രൂഷ

യോഹ 4:43	രണ്ടു ദിവസം കഴിഞ്ഞ് അവൻ അവിടെനിന്നു ഗലീലിയിലേക്കു പോയി.
യോഹ 4:45	അവൻ ഗലീലിയിൽ വന്നപ്പോൾ ഗലീലിയാക്കാർ അവനെ സ്വാഗതം ചെയ്തു. എന്തെന്നാൽ, തിരുനാളിൽ അവൻ ജറുസലെമിൽ ചെയ്ത കാര്യങ്ങൾ അവർ കണ്ടിരുന്നു. അവരും തിരുനാളിനു പോയിട്ടുണ്ടായിരുന്നു.
ലൂക്കാ 4:14	അവൻെറ കീർത്തി സമീപപ്രദേശങ്ങളിലെങ്ങും വ്യാപിച്ചു.
ലൂക്കാ 4:15	അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചുകൊണ്ടിരുന്നു. എല്ലാവരും അവനെ പുകഴ്ത്തി.

32. യേശു രാജസേവകൻെറ പുത്രനെ സുഖപ്പെടുത്തുന്നു

യോഹ 4:46	അവൻ വീണ്ടും ഗലീലിയിലെ കാനായിലെത്തി. അവിടെവച്ചാണ് അവൻ വെള്ളം വീഞ്ഞാക്കിയത്. കഫർണാമിൽ ഒരു രാജസേവകൻ ഉണ്ടായിരുന്നു. അവൻെറ മകൻ രോഗബാധിതനായിരുന്നു.
യോഹ 4:47	യേശുയൂദയായിൽ നിന്നു ഗലീലിയിലേക്കുവന്നെന്നു കേട്ടപ്പോൾ അവൻ ചെന്ന് തൻെറ ആസന്നമരണനായ മകനെ വന്നു സുഖപ്പെടുത്തണമെന്ന് അവനോട് അപേക്ഷിച്ചു.
യോഹ 4:48	അപ്പോൾ യേശു പറഞ്ഞു: അടയാളങ്ങളും അദ്ഭുതങ്ങളും കാണുന്നില്ലെങ്കിൽ നിങ്ങൾ ഒരിക്കലും വിശ്വസിക്കുകയില്ലല്ലോ.
യോഹ 4:49	അപ്പോൾ, ആ രാജസേവകൻ അവനോട് അപേക്ഷിച്ചു: കർത്താവേ, എൻെറ മകൻ മരിക്കുംമുമ്പ് വരണമേ! യേശു പറഞ്ഞു:പൊയ്ക്കൊള്ളുക. നിൻെറ മകൻ ജീവിക്കും.
യോഹ 4:50	യേശു പറഞ്ഞവചനം വിശ്വസിച്ച് അവൻ പോയി.
യോഹ 4:51	പോകുംവഴി മകൻ സുഖം പ്രാപിച്ചിരിക്കുന്നു എന്ന വാർത്തയുമായി ഭൃത്യൻമാർ എതിരേ വന്നു.
യോഹ 4:52	ഏതു സമയത്താണ് അവൻെറ സ്ഥിതി മെച്ചപ്പെട്ടത് എന്ന് അവൻ അന്വേഷിച്ചു. ഇന്നലെ ഏഴാം മണിക്കൂറിൽ പനി വിട്ടുമാറി എന്ന് അവർ പറഞ്ഞു.
യോഹ 4:53	നിൻെറ മകൻ ജീവിക്കും എന്ന് യേശു പറഞ്ഞത് ആ മണിക്കൂറിൽത്തന്നെയാണെന്ന് ആ പിതാവു മനസ്സിലാക്കി; അവനും കുടുംബം മുഴുവനും വിശ്വസിച്ചു.
യോഹ 4:54	ഇത്യൂദയായിൽനിന്നു ഗലീലിയിലേക്കു വന്നപ്പോൾ യേശു പ്രവർത്തിച്ച രണ്ടാമത്തെ അടയാളമാണ്.

33. യേശു സ്വദേശത്ത് അവഗണിക്കപ്പെടുന്നു

ലൂക്കാ 4:16	യേശു താൻ വളർന്ന സ്ഥലമായ നസറത്തിൽ വന്നു. പതിവുപോലെ ഒരു സാബത്തുദിവസം അവൻ അവരുടെ സിനഗോഗിൽ പ്രവേശിച്ച് വായിക്കാൻ എഴുന്നേറ്റുനിന്നു.
ലൂക്കാ 4:17	ഏശയ്യാ പ്രവാചകൻെറ പുസ്തകം അവനു നൽകപ്പെട്ടു. പുസ്തകം തുറന്നപ്പോൾ ഇപ്രകാരം എഴുതിയിരിക്കുന്നത് അവൻ കണ്ടു:

ലൂക്കാ 4:18	കർത്താവിൻെറ ആത്മാവ് എൻെറ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും
ലൂക്കാ 4:19	കർത്താവിനു സ്വീകാര്യമായ വത്സരവുംപ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു.
ലൂക്കാ 4:20	പുസ്തകം അടച്ചു ശുശ്രൂഷകനെ ഏൽപിച്ചതിനുശേഷം അവൻ ഇരുന്നു. സിനഗോഗിൽ ഉണ്ടായിരുന്ന എല്ലാവരും അവനെ ഉറ്റുനോക്കിക്കൊണ്ടിരുന്നു.
ലൂക്കാ 4:21	അവൻ അവരോടു പറയാൻ തുടങ്ങി. നിങ്ങൾ കേട്ടിരിക്കെത്തന്നെ ഇന്ന് ഈ തിരുവെഴുത്തു നിറവേറിയിരിക്കുന്നു.
ലൂക്കാ 4:22	എല്ലാവരും അവനെപ്പറ്റി പ്രശംസിച്ചു പറയുകയും അവൻെറ നാവിൽനിന്നു പുറപ്പെട്ട കൃപാവചസ്സുകേട്ട് അദ്ഭുതപ്പെടുകയും ചെയ്തു. ഇവൻ ജോസഫിൻെറ മകനല്ലേ എന്ന് അവർ ചോദിച്ചു.
ലൂക്കാ 4:23	അവൻ അവരോടു പറഞ്ഞു: വൈദ്യാ, നിന്നെത്തന്നെ സുഖപ്പെടുത്തുക എന്ന ചൊല്ല് ഉദ്ധരിച്ചുകൊണ്ട് തീർച്ചയായും നിങ്ങൾ എന്നോട് കഫർണാമിൽ നീ ചെയ്ത അദ്ഭുതങ്ങൾ ഇവിടെ നിൻെറ സ്വന്തം സ്ഥലത്തും ചെയ്യുക എന്നു പറയും.
ലൂക്കാ 4:24	എന്നാൽ, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഒരു പ്രവാചകനും സ്വന്തം നാട്ടിൽ സ്വീകരിക്കപ്പെടുന്നില്ല.
ലൂക്കാ 4:25	സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ഏലിയാപ്രവാചകൻെറ കാലത്ത് ഇസ്രായേലിൽ അനേകം വിധവകൾ ഉണ്ടായിരുന്നു. അന്ന് മൂന്നു വർഷവും ആറു മാസവും ആകാശം അടയ്ക്കപ്പെടുകയും ഭൂമിയിലെങ്ങും രൂക്ഷമായ ക്ഷാമം ഉണ്ടാവുകയും ചെയ്തു.
ലൂക്കാ 4:26	എന്നാൽ, സീദോനിൽ സറെപ്തായിലെ ഒരു വിധവയുടെ അടുക്കലേക്കല്ലാതെ മറ്റാരുടെ അടുക്കലേക്കും ഏലിയാ അയയ്ക്കപ്പെട്ടില്ല.
ലൂക്കാ 4:27	ഏലീശാപ്രവാചകൻെറ കാലത്ത് ഇസ്രായേലിൽ അനേകം കുഷ്ഠരോഗികൾ ഉണ്ടായിരുന്നു. എന്നാൽ, അവരിൽ സിറിയാക്കാരനായ നാമാൻ അല്ലാതെ മറ്റാരും സുഖമാക്കപ്പെട്ടില്ല.
ലൂക്കാ 4:28	ഇതു കേട്ടപ്പോൾ സിനഗോഗിൽ ഉണ്ടായിരുന്ന എല്ലാവരും കോപാകുലരായി.
ലൂക്കാ 4:29	അവർ അവനെ പട്ടണത്തിൽനിന്നു പുറത്താക്കുകയും തങ്ങളുടെ പട്ടണം സ്ഥിതിചെയ്യുന്ന മലയുടെ ശൃംഗത്തിൽനിന്നു താഴേക്കു തള്ളിയിടാനായി കൊണ്ടുപോവുകയും ചെയ്തു.
ലൂക്കാ 4:30	എന്നാൽ, അവൻ അവരുടെ ഇടയിലൂടെ നടന്ന് അവിടം വിട്ടുപോയി.
മർക്കോ 6:5	ഏതാനും രോഗികളുടെമേൽ കൈകൾവച്ചു സുഖപ്പെടുത്തുവാനല്ലാതെ മറ്റ് അത്ഭുതമൊന്നും അവിടെ ചെയ്യാൻ അവനു സാധിച്ചില്ല.
മർക്കോ 6:6	അവരുടെ വിശ്വാസരാഹിത്യത്തെക്കുറിച്ച് അവൻ വിസ്മയിച്ചു.

34. യേശു ദൗത്യം ആരംഭിക്കുന്നു

മത്താ 4:13	അവൻ നസറത്തുവിട്ടു സെബുലൂണിൻെറയും നഫ്ത്താലിയുടെയും അതിർത്തിയിൽ, സമുദ്രതീരത്തുള്ള കഫർണാമിൽചെന്നു പാർത്തു.
മത്താ 4:14	ഇത് ഏശയ്യാപ്രവാചകൻ വഴി അരുളിച്ചെയ്യപ്പെട്ടത് നിവൃത്തിയാകാൻ വേണ്ടിയാണ്:
മത്താ 4:15	സമുദ്രത്തിലേക്കുള്ള വഴിയിൽ, ജോർദാൻെറ മറുകരയിൽ, സെബുലൂൺ, നഫ്ത്താലി പ്രദേശങ്ങൾ – വിജാതീയരുടെ ഗലീലി!
മത്താ 4:16	അന്ധകാരത്തിൽ സ്ഥിതിചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു. മരണത്തിൻെറ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു.
മത്താ 4:17	അപ്പോൾ മുതൽ യേശു പ്രസംഗിക്കാൻ തുടങ്ങി: മാനസാന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു.

35. യേശു സിനഗോഗിൽ പഠിപ്പിക്കുന്നു

മർക്കോ 1:21	അവർ കഫർണാമിൽ എത്തി. സാബത്തുദിവസം അവൻ സിനഗോഗിൽ പ്രവേശിച്ചു പഠിപ്പിച്ചു.
മർക്കോ 1:22	അവൻെറ പ്രബോധനത്തിൽ അവർ വിസ്മയഭരിതരായി. കാരണം, നിയമജ്ഞരെപ്പോലെയല്ല, അധികാര മുള്ളവനെപ്പോലെയാണ് അവൻ പഠിപ്പിച്ചത്.

36. പിശാചുബാധിതനെ സുഖപ്പെടുത്തുന്നു

മർക്കോ 1:23	അശുദ്ധാത്മാവു ബാധിച്ച ഒരുവൻ അവിടെ ഉണ്ടായിരുന്നു.
മർക്കോ 1:24	അവൻ അലറി: നസറായനായ യേശുവേ, നീ എന്തിന് ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു? ഞങ്ങളെ നശിപ്പിക്കാനാണോ നീ വന്നിരിക്കുന്നത്? നീ ആരാണെന്ന് എനിക്കറിയാം – ദൈവത്തിൻെറ പരിശുദ്ധൻ.
മർക്കോ 1:25	യേശു അവനെ ശാസിച്ചു: നിശ്ശബ്ദനായിരിക്കുക; അവനെ വിട്ടു നീ പുറത്തുവരുക.
മർക്കോ 1:26	അശുദ്ധാത്മാവ് അവനെ തള്ളിവീഴ്ത്തിയിട്ട് ഉച്ചസ്വരത്തിൽ അലറിക്കൊണ്ടു പുറത്തുവന്നു.
മർക്കോ 1:27	എല്ലാവരും അദ്ഭുതപ്പെട്ടു പരസ്പരം പറഞ്ഞു. ഇതെന്ത്? അധികാരത്തോടെയുള്ള പുതിയ പ്രബോധനമോ? അശുദ്ധാത്മാക്കളോടുപോലും അവൻ ആജ്ഞാപിക്കുന്നു; അവ അനുസരിക്കുകയും ചെയ്യുന്നു.
മർക്കോ 1:28	അവൻെറ പ്രശസ്തി ഗലീലിയുടെ സമീപപ്രദേശങ്ങളിലെല്ലാം പെട്ടെന്നു വ്യാപിച്ചു.

37. ശിമയോൻെറ അമ്മായിയമ്മ

മർക്കോ 1:29	യേശു സിനഗോഗിൽനിന്ന് ഇറങ്ങി യാക്കോബിനോടും യോഹന്നാനോടും കൂടെ ശിമയോൻെറയും അന്ത്രയോസിൻെറയും ഭവനത്തിലെത്തി.
മർക്കോ 1:30	ശിമയോൻെറ അമ്മായിയമ്മ പനിപിടിച്ചു കിടപ്പായിരുന്നു. അവളുടെ കാര്യം അവർ അവനോടു പറഞ്ഞു.
മർക്കോ 1:31	അവൻ അടുത്തു ചെന്ന് അവളെ കൈയ്ക്കു പിടിച്ച് എഴുന്നേൽപിച്ചു. പനി അവളെ വിട്ടുമാറി. അവൾ അവരെ ശുശ്രൂഷിച്ചു.

38. യേശു രോഗികളെ സൗഖ്യമാക്കുന്നു

മർക്കോ 1:32	അന്നു വൈകുന്നേരം സൂര്യാസ്ത മയമായപ്പോൾ, രോഗികളും പിശാചുബാധിതരുമായ എല്ലാവരെയും അവർ അവൻെറ അടുത്തു കൊണ്ടുവന്നു.
മർക്കോ 1:33	നഗരവാസികളെല്ലാം വാതിൽക്കൽ സമ്മേളിച്ചു.
മർക്കോ 1:34	വിവിധ രോഗങ്ങൾ ബാധിച്ചിരുന്ന വളരെപ്പേരെ അവൻ സുഖപ്പെടുത്തി.
ലൂക്കാ 4:41	നീ ദൈവപുത്രനാണ് എന്ന് ഉറക്കെവിളിച്ചു പറഞ്ഞുകൊണ്ട് അനേകരിൽനിന്ന് പിശാചുക്കൾ വിട്ടുപോയി. അവൻ അവ യെ ശാസിച്ചു. താൻ ക്രിസ്തുവാണെന്ന് അവയ്ക്ക് അറിയാമായിരുന്നതുകൊണ്ട്, അവൻ അവയെ സംസാരിക്കാൻ അനുവദിച്ചില്ല.
മത്താ 8:17	അവൻ നമ്മുടെ ബലഹീനതകൾ ഏറ്റെടുക്കുകയും രോഗങ്ങൾ വഹിക്കുകയുംചെയ്തു എന്ന് ഏശയ്യാ പ്രവചിച്ചത് അങ്ങനെ നിറവേറി.

39. യേശു കഫർണാമിൽ നിന്നും പുറപ്പെടുന്നു

മർക്കോ 1:35	അതിരാവിലെ അവൻ ഉണർന്ന് ഒരു വിജനസ്ഥലത്തേക്കു പോയി. അവിടെ അവൻ പ്രാർഥിച്ചുകൊണ്ടിരുന്നു.
മർക്കോ 1:36	ശിമയോനും കൂടെയുണ്ടായിരുന്നവരും അവനെ തേടിപ്പുറപ്പെട്ടു.
മർക്കോ 1:37	കണ്ടെത്തിയപ്പോൾ അവർ പറഞ്ഞു: എല്ലാവരും നിന്നെ അന്വേഷിക്കുന്നു.
മർക്കോ 1:38	അവൻ പറഞ്ഞു: നമുക്ക് അടുത്ത പട്ടണങ്ങളിലേക്കു പോകാം. അവിടെയും എനിക്കു പ്രസംഗിക്കേണ്ടിയിരിക്കുന്നു. അതിനാണു ഞാൻ വന്നിരിക്കുന്നത്.

40. യേശുവിന്റെ ആദ്യത്തെ ശിഷ്യൻമാർ

ലൂക്കാ 5:1	ദൈവവചനം ശ്രവിക്കാൻ ജനങ്ങൾ അവനു ചുറ്റും തിങ്ങിക്കൂടി. അവൻ ഗനേ സറത്തു തടാകത്തിൻെറ തീരത്തു നിൽക്കുകയായിരുന്നു.
ലൂക്കാ 5:2	രണ്ടു വള്ളങ്ങൾ കരയോടടുത്ത് കിടക്കുന്നത് അവൻ കണ്ടു. മീൻ പിടിത്തക്കാർ അവയിൽ നിന്നിറങ്ങി വല കഴുകുകയായിരുന്നു.
ലൂക്കാ 5:3	ശിമയോൻെറ തായിരുന്നു വള്ളങ്ങളിൽ ഒന്ന്. യേശു അതിൽ കയറി. കരയിൽ നിന്ന് അൽപം അകലേക്കു വള്ളം നീക്കാൻ അവനോട് യേശു ആവശ്യപ്പെട്ടു. അതിൽ ഇരുന്ന് അവൻ ജനങ്ങളെ പഠിപ്പിച്ചു.
ലൂക്കാ 5:4	സംസാരിച്ചുതീർന്നപ്പോൾ അവൻ ശിമയോനോടു പറഞ്ഞു: ആഴത്തിലേക്കു നീക്കി, മീൻ പിടിക്കാൻ വലയിറക്കുക.
ലൂക്കാ 5:5	ശിമയോൻ പറഞ്ഞു: ഗുരോ, രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഞങ്ങൾക്ക് ഒന്നും കിട്ടിയില്ല. എങ്കിലും നീ പറഞ്ഞതനുസരിച്ച് ഞാൻ വലയിറക്കാം.
ലൂക്കാ 5:6	വലയിറക്കിയപ്പോൾ വളരെയേറെ മത്സ്യങ്ങൾ അവർക്കു കിട്ടി. അവരുടെ വല കീറിത്തുടങ്ങി.
ലൂക്കാ 5:7	അവർ മറ്റേ വള്ളത്തിൽ ഉണ്ടായിരുന്ന കൂട്ടുകാരെ ആംഗ്യം കാണിച്ച് സഹായത്തിനു വിളിച്ചു. അവർ വന്ന് രണ്ടു വള്ളങ്ങളും മുങ്ങാറാകുവോളം നിറ ച്ചു.
ലൂക്കാ 5:8	ശിമയോൻപത്രോസ് ഇതു കണ്ടപ്പോൾ യേശുവിൻെറ കാൽക്കൽ വീണ്, കർത്താവേ, എന്നിൽനിന്ന് അകന്നുപോകണമേ; ഞാൻ പാപിയാണ് എന്നുപറഞ്ഞു.
ലൂക്കാ 5:9	എന്തെന്നാൽ, തങ്ങൾക്കു കിട്ടിയ മീനിൻെറ പെരുപ്പത്തെപ്പറ്റി ശിമയോനും കൂടെയുണ്ടായിരുന്നവരും അദ്ഭുതപ്പെട്ടു.
ലൂക്കാ 5:10	അതുപോലെതന്നെ, അവൻെറ പങ്കുകാരായ സെബദീപുത്രന്മാർ വ യാക്കോബും യോഹന്നാനുംവ വിസ്മയിച്ചു. യേശു ശിമയോനോടു പറഞ്ഞു: ഭയപ്പെടേണ്ടാ; നീ ഇപ്പോൾ മുതൽ മനുഷ്യരെപ്പിടിക്കുന്നവനാകും. അവൻ അവരോടു പറഞ്ഞു: എന്നെ അനുഗമിക്കുക; ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കും.
ലൂക്കാ 5:11	വ ള്ളങ്ങൾ കരയ്ക്കടുപ്പിച്ചതിനുശേഷം എല്ലാം ഉപേക്ഷിച്ച് അവർ അവനെ അനുഗ മിച്ചു.
മത്താ 4:21	അവർ അവിടെ നിന്നു മുന്നോട്ടു നീങ്ങിയപ്പോൾ വേറെ രണ്ടു സഹോദരൻമാരെ കണ്ടു – സെബദീപുത്രനായ യാക്കോബും സഹോദരൻ യോഹന്നാനും. അവർ പിതാവുമൊത്ത് വഞ്ചിയിലിരുന്നു വല നന്നാക്കുകയായിരുന്നു. അവരെയും അവൻ വിളിച്ചു.
മത്താ 4:22	തത്ക്ഷണം അവർ വഞ്ചി ഉപേക്ഷിച്ച്, പിതാവിനെയും വിട്ട്, അവനെ അനുഗമിച്ചു.

41. യേശുവിന്റെ ആദ്യത്തെ പ്രസംഗ പര്യടനം

മത്താ 4:23	അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിൻെറ സുവിശേഷംപ്രസംഗിച്ചും ജനങ്ങളുടെ എല്ലാരോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീലി മുഴുവൻ ചുറ്റിസഞ്ചരിച്ചു.
മത്താ 4:24	അവൻെറ കീർത്തി സിറിയായിലെങ്ങും വ്യാപിച്ചു. എല്ലാ രോഗികളെയും, വിവിധ വ്യാധികളാലും വ്യഥകളാലും അവശരായവരെയും, പിശാചുബാധിതർ, അപസ്മാരരോഗികൾ, തളർവാതക്കാർ എന്നിവരെയും അവർ അവൻെറ അടുത്തുകൊണ്ടുവന്നു. അവൻ അവരെ സുഖപ്പെടുത്തി.
മത്താ 4:25	ഗലീലി, ദക്കാപ്പോളിസ്, ജറുസലെം, യൂദയാ, ജോർദാൻെറ മറുകര എന്നിവിടങ്ങളിൽനിന്ന് വലിയ ജനക്കൂട്ടങ്ങൾ അവനെ അനുഗമിച്ചു.

42. യേശു കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നു

ലൂക്കാ 5:12	പിന്നീടൊരിക്കൽ യേശു ഒരു പട്ടണത്തിൽ ആയിരിക്കുമ്പോൾ ഒരു കുഷ്ഠരോഗി വന്ന് അവനെക്കണ്ട് സാഷ്ടാംഗം വീണു പ്രാർഥിച്ചു: കർത്താവേ, അങ്ങേക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും.
ലൂക്കാ 5:13	യേശു കൈ നീട്ടി അവനെ തൊട്ടുകൊണ്ടു പറഞ്ഞു: എനിക്കു മനസ്സുണ്ട്; നിനക്കു ശുദ്ധിയുണ്ടാകട്ടെ! തത്ക്ഷണം കുഷ്ഠം അവനെ വിട്ടുമാറി.
ലൂക്കാ 5:14	യേശു അവനോടു പറഞ്ഞു: ഇക്കാര്യം നീ ആരോടും പറയരുത്. ഠപായി, നിന്നെത്തന്നെ പുരോഹിതനു കാണിച്ചു കൊടുക്കുകയും മോശ കൽപിച്ചിട്ടുള്ളതനുസരിച്ച് ജനങ്ങൾക്കു സാക്ഷ്യത്തിനായി ശുദ്ധീ കരണക്കാഴ്ചകൾ സമർപ്പിക്കുകയും ചെയ്യുക.
ലൂക്കാ 5:15	എന്നാൽ, യേശുവിൻെറ കീർത്തി പൂർവാധികം വ്യാപിച്ചതേയുള്ളു. അവൻെറ വാക്കു കേൾക്കുന്നതിനും രോഗശാന്തി നേ ടുന്നതിനും വേണ്ടി വളരെ ആളുകൾ തിങ്ങിക്കൂടി.
ലൂക്കാ 5:16	അവനാകട്ടെ വിജനപ്രദേശങ്ങളിലേക്കു പിൻവാങ്ങി അവിടെ പ്രാർഥിച്ചുകൊണ്ടിരുന്നു.

43. യേശു തളർവാത രോഗിയെ സൗഖ്യമാക്കുന്നു

മത്താ 9:1	യേശു തോണിയിൽകയറി കടൽ കടന്ന് സ്വന്തം പട്ടണത്തിലെത്തി.
മർക്കോ 2:1	കുറെ ദിവസങ്ങൾ കഴിഞ്ഞ്, യേശു കഫർണാമിൽ തിരിച്ചെത്തിയപ്പോൾ, അവൻ വീട്ടിലുണ്ട് എന്ന വാർത്ത പ്രചരിച്ചു.
ലൂക്കാ 5:17	ഒരു ദിവസം യേശു പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ, ഗലീലിയിലെ എല്ലാഗ്രാമങ്ങളിൽനിന്നുംയൂദയായിൽനിന്നും ജറുസലെമിൽനിന്നും ഫരിസേയരും നിയമാധ്യാപകരും അവിടെ വന്നുകൂടി. രോഗികളെ സുഖപ്പെടുത്താൻ കർത്താവിൻെറ ശക്തി അവനിൽ ഉണ്ടായിരുന്നു.
മർക്കോ 2:2	വാതിൽക്കൽപോലും നിൽക്കാൻ സ്ഥലം തികയാത്തവിധം നിരവധിയാളുകൾ അവിടെക്കൂടി. അവൻ അവരോടു വചനം പ്രസംഗിച്ചുകൊണ്ടിരുന്നു.
ലൂക്കാ 5:18	അപ്പോൾ, ചിലർ ഒരു തളർവാതരോഗിയെ കിടക്കയിൽ എടുത്തു കൊണ്ടുവന്നു. അവർ അവനെ അകത്ത് യേശുവിൻെറ മുമ്പിൽ കൊണ്ടുവരാൻ പരിശ്രമിച്ചു.
ലൂക്കാ 5:19	ജനക്കൂട്ടം നിമിത്തം അതു സാധിക്കാഞ്ഞതുകൊണ്ട്, അവർ പുരമുകളിൽ കയറി ഓടിളക്കി കിടക്കയോടെ അവനെ യേശുവിൻെറ മുമ്പിലേക്ക് ഇറക്കി.
ലൂക്കാ 5:20	അവരുടെ വിശ്വാസം കണ്ട് അവൻ പറഞ്ഞു: മനുഷ്യാ, നിൻെറ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു.
ലൂക്കാ 5:21	നിയമജ്ഞരും ഫരിസേയരും ചിന്തിച്ചു തുടങ്ങി: ദൈവദൂഷണം പറയുന്ന ഇവൻ ആര്? ദൈവത്തിനല്ലാതെ മറ്റാർക്കാണ് പാപങ്ങൾ ക്ഷമിക്കാൻ സാധിക്കുക?
ലൂക്കാ 5:22	അവരുടെ വിചാരം മനസ്സിലാക്കി യേശു അവരോടു പറഞ്ഞു: എന്തുകൊണ്ടാണ് നിങ്ങൾ ഇങ്ങനെ ഹൃദയത്തിൽ ചോദിക്കുന്നത്?
ലൂക്കാ 5:23	ഏതാണ് എളുപ്പം, നിൻെറ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നതോ എഴുന്നേറ്റു നടക്കുക എന്നു പറയുന്നതോ?
ലൂക്കാ 5:24	ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കാൻമനുഷ്യപുത്രന് അധികാരമുണ്ട് എന്നു നിങ്ങൾ അറിയേണ്ടതിന് യേശു തളർവാതരോഗിയോടു പറഞ്ഞു: ഞാൻ നിന്നോടു പറയുന്നു, എഴുന്നേറ്റ് കിടക്കയുമെടുത്ത് വീട്ടിലേക്കു പോവുക.
ലൂക്കാ 5:25	ഉടനെ, എല്ലാവരും കാൺകേ, അവൻ എഴുന്നേറ്റ് കിടക്കയു മെടുത്തു ദൈവത്തെ സ്തുതിച്ചുകൊണ്ട് വീട്ടിലേക്കുപോയി.
ലൂക്കാ 5:26	എല്ലാവരും വിസ്മയ ഭരിതരായി ദൈവത്തെ മഹത്വപ്പെടുത്തി. അവർ സംഭ്രമത്തോടെ പറഞ്ഞു: അസാധാ രണ സംഭവങ്ങൾ ഇന്നു നാം കണ്ടിരിക്കുന്നു.

44. യേശു മത്തായി ലേവിയെ വിളിക്കുന്നു

ലൂക്കാ 5:27	ഇതിനുശേഷം, അവൻ പോകുംവഴി മത്തായി ലേവി എന്നൊരു ചുങ്കക്കാരൻ ചുങ്കസ്ഥ ലത്ത് ഇരിക്കുന്നതു കണ്ടു. എന്നെ അനുഗമിക്കുക എന്ന് യേശു അവനോടു പറഞ്ഞു.
ലൂക്കാ 5:28	അവൻ എല്ലാം ഉപേക്ഷിച്ച്, എഴുന്നേറ്റ് അവനെ അനുഗമിച്ചു.
ലൂക്കാ 5:29	ലേവി തൻെറ വീട്ടിൽ അവനുവേണ്ടി ഒരു വലിയ വിരുന്നു നടത്തി. ചുങ്കക്കാരുടെയും മറ്റു ള്ളവരുടെയും ഒരു വലിയഗണം അവരോടൊപ്പം ഭക്ഷണത്തിനിരുന്നു.
ലൂക്കാ 5:30	ഫരിസേയരും നിയമജ്ഞരും പിറുപിറുപ്പോടെ അവൻെറ ശിഷ്യരോടു പറഞ്ഞു: നിങ്ങൾ ചുങ്കക്കാരോടും പാപികളോടുമൊത്ത് തിന്നുകയും കുടിക്കുകയും ചെയ്യുന്നതെന്ത്? യേശു അവരോടു പറഞ്ഞു:
ലൂക്കാ 5:31	ആരോഗ്യമുള്ള വർക്കല്ല, രോഗികൾക്കാണു വൈദ്യനെ ആവശ്യം.
മത്താ 9:13	ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്നതിൻെറ അർഥം നിങ്ങൾ പോയി പഠിക്കുക. ഞാൻ വന്നത് നീതിമാൻമാരെ വിളിക്കാനല്ല പാപികളെ വിളിക്കാനാണ്

45. ഉപവാസത്തെക്കുറിച്ച് തർക്കം

ലൂക്കാ 5:33	അവർ അവനോടു പറഞ്ഞു: യോഹന്നാൻെറ ശിഷ്യർ പലപ്പോഴും ഉപവസിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. ഫരിസേയരുടെ ശിഷ്യരും അങ്ങനെതന്നെ. എന്നാൽ, നിൻെറ ശിഷ്യർ തിന്നുകുടിച്ചു നടക്കുന്നു.
ലൂക്കാ 5:34	യേശു അവരോട് പറഞ്ഞു: മണവാളൻ കൂടെയുള്ളപ്പോൾ മണവറത്തോഴരെക്കൊണ്ട് ഉപവസിപ്പിക്കാൻ നിങ്ങൾക്ക് കഴിയുമോ?
ലൂക്കാ 5:35	എന്നാൽ, മണവാളൻ അവരിൽ നിന്ന് അകറ്റ പ്പെടുന്ന ദിവസങ്ങൾ വരും; അപ്പോൾ അവർ ഉപവസിക്കും.

46. പുതിയ വീഞ്ഞ്

ലൂക്കാ 5:36	അവൻ അവരോട് ഒരു ഉപമയും പറഞ്ഞു: ആരും പുതിയ വസ്ത്രത്തിൽനിു കഷണം കീറിയെടുത്ത് പഴയവസ്ത്രത്തോടു ചേർക്കാറില്ല. അങ്ങനെ ചെയ്താൽ പുതിയ വസ്ത്രം കീറുന്നു എന്നു മാത്രമല്ല പുതിയ കഷണം പഴയതിനോട് ചേരാതെ വരുകയും ചെയ്യും.
ലൂക്കാ 5:37	ആരും പുതിയ വീഞ്ഞ് പഴയ തോൽക്കുടങ്ങളിൽ ഒഴിച്ചുവയ്ക്കാറില്ല. അങ്ങനെ ചെയ്താൽ, പുതിയ വീഞ്ഞ് പഴയ തോൽക്കുടങ്ങൾ ഭേദിച്ച് ഒഴുകിപ്പോവുകയും തോൽക്കുടങ്ങൾ നശിക്കുകയും ചെയ്യും.
ലൂക്കാ 5:38	പുതിയ വീഞ്ഞ് പുതിയ തോൽക്കുടങ്ങളിലാണ് ഒഴിച്ചുവയ്ക്കേണ്ടത്.
ലൂക്കാ 5:39	പഴയവീഞ്ഞു കുടി ച്ച ഒരുവനും പുതിയത് ഇഷ്ടപ്പെടുകയില്ല. പഴയതാണു മെച്ചം എന്നല്ലേ പറയുന്നത്.

47. യേശു ജയ്റോസിന്റെ വീട്ടിൽ പോകുന്നു

മർക്കോ 5:22	അപ്പോൾ, സിനഗോഗധികാരികളിൽ ഒരുവനായ ജായ് റോസ് അവിടെ വന്നു. അവൻ യേശുവിനെക്കണ്ട് കാൽക്കൽ വീണ് അപേക്ഷിച്ചു:
മർക്കോ 5:23	എൻെറ കൊച്ചുമകൾ മരിക്കാറായിക്കിടക്കുന്നു. അങ്ങു വന്ന്, അവളുടെമേൽ കൈ കൾവച്ച്, രോഗം മാറ്റി അവളെ ജീവിപ്പിക്കണമേ!
മർക്കോ 5:24	യേശു അവൻെറ കൂടെപോയി.

48. രക്തസ്രാവമുള്ള സ്ത്രീ

മർക്കോ 5:25	പന്ത്രണ്ടു വർഷമായി രക്തസ്രാവമുള്ള ഒരു സ്ത്രീ ഉണ്ടായിരുന്നു.
മർക്കോ 5:26	പല വൈദ്യൻമാരുടെ അടുത്തു പോയി വളരെ കഷ്ടപ്പെടുകയും കൈവശമുള്ളതെല്ലാം ചെലവഴിക്കുകയും ചെയ്തിട്ടും അവളുടെ സ്ഥിതി മെച്ചപ്പെടുകയല്ല, കൂടുതൽ മോശമാവുകയാണു ചെയ്തത്.
മർക്കോ 5:27	അവൾ യേശുവിനെക്കുറിച്ചു കേട്ടിരുന്നു. ജനക്കൂട്ടത്തിനിടയിലൂടെ അവൾ അവൻെറ പിന്നിൽചെന്ന്, വസ്ത്രത്തിൽ സ്പർശിച്ചു.
മർക്കോ 5:28	അവൻെറ വസ്ത്രത്തിൽ ഒന്നു തൊട്ടാൽ മാത്രം മതി, ഞാൻ സുഖം പ്രാപിക്കും എന്ന് അവൾ വിചാരിച്ചിരുന്നു.
മർക്കോ 5:29	തത്ക്ഷണം അവളുടെ രക്തസ്രാവം നിലച്ചു. താൻ രോഗവിമുക്തയായിരിക്കുന്നുവെന്ന് അവൾക്കു ശരീരത്തിൽ അനുഭവപ്പെട്ടു.
മർക്കോ 5:30	യേശുവാകട്ടെ, തന്നിൽനിന്നു ശക്തി പുറപ്പെട്ടെന്ന് അറിഞ്ഞ്, പെട്ടെന്നു ജനക്കൂട്ടത്തിനുനേരേ തിരിഞ്ഞു ചോദിച്ചു: ആരാണ് എൻെറ വസ്ത്രത്തിൽ സ്പർശിച്ചത്?
മർക്കോ 5:31	ശിഷ്യൻമാർ അവനോടു പറഞ്ഞു: ജനം മുഴുവൻ നിനക്കുചുറ്റും തിക്കിക്കൂടുന്നതു കാണുന്നില്ലേ?
മർക്കോ 5:32	എന്നിട്ടും, ആരാണ് എന്നെ സ്പർശിച്ചത് എന്നു നീ ചോദിക്കുന്നുവോ? ആരാണ് അതു ചെയ്തതെന്നറിയാൻ അവൻ ചുറ്റും നോക്കി.
മർക്കോ 5:33	ആ സ്ത്രീ തനിക്കു സംഭവിച്ച തറിഞ്ഞ് ഭയന്നുവിറച്ച് അവൻെറ കാൽക്കൽ വീണ് സത്യം തുറന്നുപറഞ്ഞു.
മർക്കോ 5:34	അവൻ അവളോടു പറഞ്ഞു: മകളേ, നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോവുക; വ്യാധിയിൽനിന്നു വിമുക്തയായിരിക്കുക.

49. ജയ്റോസിന്റെ മകൾ

മർക്കോ 5:35	യേശു സംസാരിച്ചുകൊണ്ടിരിക്കെ, സിനഗോഗധികാരിയുടെ വീട്ടിൽനിന്ന് ചിലർവന്നു പറഞ്ഞു: നിൻെറ മകൾ മരിച്ചു; ഗുരുവിനെ ഇനിയും എന്തിനു ബുദ്ധിമുട്ടിക്കുന്നു?
മർക്കോ 5:36	അതുകേട്ട് യേശു സിനഗോഗധികാരിയോടു പറഞ്ഞു: ഭയപ്പെടേണ്ടാ, വിശ്വസിക്കുകമാത്രം ചെയ്യുക.
മർക്കോ 5:37	പത്രോസും യാക്കോബും യാക്കോബിൻെറ സഹോദരൻ യോഹന്നാനുമൊഴികെ മറ്റാരും തന്നോടുകൂടെ പോരാൻ അവൻ അനുവദിച്ചില്ല.
മർക്കോ 5:38	അവർ സിനഗോഗധികാരിയുടെ വീട്ടിലെത്തി. അവിടെ ആളുകൾ വലിയ ബഹളം വയ്ക്കുന്നതും ഉച്ചത്തിൽ കരയുന്നതും അലമുറയിടുന്നതും അവൻ കണ്ടു.
മർക്കോ 5:39	അകത്തു പ്രവേശിച്ച് അവൻ അവരോടു പറഞ്ഞു: എന്തിനാണു നിങ്ങൾ ബഹളം വയ്ക്കുകയും വിലപിക്കുകയും ചെയ്യുന്നത്? കുട്ടി മരിച്ചിട്ടില്ല, ഉറങ്ങുകയാണ്.
മർക്കോ 5:40	അവർ അവനെ പരിഹസിച്ചു. അവനാകട്ടെ, അവരെ എല്ലാവരെയും പുറത്താക്കി. അനന്തരം പെൺകുട്ടിയുടെ മാതാപിതാക്കൻമാരെയും തൻെറ കൂടെയുണ്ടായിരുന്നവരെയും കൂട്ടിക്കൊണ്ട് അവളെ കിടത്തിയിരുന്നിടത്തേക്ക് അവൻ ചെന്നു.
മർക്കോ 5:41	അവൻ അവളുടെ കൈയ്ക്കുപിടിച്ചുകൊണ്ട്, ബാലികേ, എഴുന്നേൽക്കൂ എന്നർഥമുള്ള തലീത്താ കും എന്നുപറഞ്ഞു.
മർക്കോ 5:42	തത് ക്ഷണം ബാലിക എഴുന്നേറ്റു നടന്നു. അവൾക്കു പന്ത്രണ്ടു വയസ്സു പ്രായമുണ്ടായിരുന്നു. അവർ അത്യന്തം വിസ്മയിച്ചു.

50. സാബത്താചരണത്തെക്കുറിച്ചു തർക്കം

മത്താ 12:1	അക്കാലത്ത്, ഒരു സാബത്തിൽ യേശു ഗോതമ്പുവയലിലൂടെ കടന്നുപോവുകയായിരുന്നു. അവൻെറ ശിഷ്യൻമാർക്കു വിശന്നു. അവർ കതിരുകൾ പറിച്ചു തിന്നാൻ തുടങ്ങി.
മത്താ 12:2	ഫരിസേയർ ഇതുകണ്ട് അവനോടു പറഞ്ഞു: നോക്കൂ, സാബത്തിൽ നിഷിദ്ധമായത് നിൻെറ ശിഷ്യൻമാർ ചെയ്യുന്നു.
മത്താ 12:3	അവൻ പറഞ്ഞു: വിശന്നപ്പോൾ ദാവീദും അനുചരൻമാരും എന്താണു ചെയ്തതെന്നു നിങ്ങൾ വായിച്ചിട്ടില്ലേ?
മത്താ 12:4	അവൻ ദൈവഭവനത്തിൽ പ്രവേശിച്ച്, പുരോഹിതൻമാർക്കല്ലാതെ തനിക്കോ സഹചരൻമാർക്കോ ഭക്ഷിക്കാൻ അനുവാദമില്ലാത്ത കാഴ്ചയപ്പം ഭക്ഷിച്ചതെങ്ങനെ?
മത്താ 12:5	അല്ലെങ്കിൽ, സാബത്തു ദിവസം ദേവാലയത്തിലെ പുരോഹിതൻമാർ സാബത്തു ലംഘിക്കുകയും അതേ സമയം കുറ്റമറ്റവരായിരിക്കുകയും ചെയ്യുന്നതെങ്ങനെയെന്ന് നിങ്ങൾ നിയമത്തിൽ വായിച്ചിട്ടില്ലേ?
മത്താ 12:6	എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: ദേവാലയത്തെക്കാൾ ശ്രേഷ്ഠമായ ഒന്ന് ഇവിടെയുണ്ട്.
മത്താ 12:7	ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്നതിൻെറ അർഥം മനസ്സിലാക്കിയിരുന്നെങ്കിൽ നിങ്ങൾ നിരപരാധരെ കുറ്റം വിധിക്കുമായിരുന്നില്ല.
മർക്കോ 2:27	അവൻ അവരോടു പറഞ്ഞു: സാബത്ത് മനുഷ്യനുവേണ്ടിയാണ്; മനുഷ്യൻ സാബത്തിനുവേണ്ടിയല്ല.
മത്താ 12:8	എന്തെന്നാൽ, മനുഷ്യപുത്രൻ സാബത്തിൻെറയും കർത്താവാണ്.

51 കൈ ശോഷിച്ചവനേ സൗഖ്യമാക്കുന്നു

ലൂക്കാ 6:6	മറ്റൊരു സാബത്തിൽ അവൻ ഒരു സിനഗോഗിൽ പ്രവേശിച്ചു പഠിപ്പിക്കുകയായിരുന്നു. അവിടെ വലത്തുകൈ ശോഷിച്ച ഒരുവൻ ഉണ്ടായിരുന്നു.
ലൂക്കാ 6:7	നിയമജ്ഞരും ഫരിസേയരും യേശുവിൽ കുറ്റമാരോപിക്കാൻ പഴുതുനോക്കി, സാബത്തിൽ അവൻ രോഗശാന്തി നൽകുമോ എന്നു ശ്രദ്ധിച്ചുകൊണ്ടിരുന്നു.
മത്താ 12:10	അവർ അവനോടു ചോദിച്ചു: സാബത്തിൽ രോഗശാന്തി നൽകുന്നത് അനുവദനീയമാണോ?
മത്താ 12:11	അവൻ പറഞ്ഞു: നിങ്ങളിലാരാണ്, തൻെറ ആട് സാബത്തിൽ കുഴിയിൽ വീണാൽ പിടിച്ചു കയറ്റാത്തത്?
മത്താ 12:12	ആടിനെക്കാൾ എത്രയേറെ വിലപ്പെട്ടവനാണു മനുഷ്യൻ! അതിനാൽ, സാബത്തിൽ നൻമചെയ്യുക അനുവദനീയമാണ്.
മത്താ 12:13	അനന്തരം, അവൻ ആ മനുഷ്യനോടു പറഞ്ഞു: കൈ നീട്ടുക. അവൻ കൈനീട്ടി. ഉടനെ അതു സുഖം പ്രാപിച്ച് മറ്റേ കൈപോലെയായി.
മത്താ 12:14	ഫരിസേയർ അവിടെനിന്നു പോയി, അവനെ നശിപ്പിക്കേണ്ടതെങ്ങനെയെന്ന് ആലോചന നടത്തി.

52. കടൽത്തീരത്തെ അദ്ഭുതങ്ങൾ

മത്താ 12:15	ഇതു മനസ്സിലാക്കിയ യേശു അവിടെനിന്നു പിൻവാങ്ങി. അനേകം പേർ അവനെ അനുഗമിച്ചു. അവരെയെല്ലാം അവൻ സുഖപ്പെടുത്തി.
മർക്കോ 3:8	യൂദാ, ജറുസലെം, ഇദുമെയാ എന്നിവിടങ്ങളിൽനിന്നും ജോർദാൻെറ മറുകരെനിന്നും ടയിർ, സീദോൻ എന്നിവയുടെ പരിസരങ്ങളിൽനിന്നും ധാരാളം ആളുകൾ, അവൻെറ പ്രവൃത്തികളെക്കുറിച്ചു കേട്ട്, അവൻെറ അടുത്തെത്തി.
മർക്കോ 3:9	ആൾത്തിരക്കിൽപ്പെട്ടു ഞെരുങ്ങാതിരിക്കുന്നതിന്, അവൻ ശിഷ്യൻമാരോട് ഒരു വള്ളം ഒരുക്കിനിറുത്താൻ ആവശ്യപ്പെട്ടു.
മർക്കോ 3:10	എന്തെന്നാൽ, അവൻ പലർക്കും രോഗശാന്തി നൽകിയതുമൂലം രോഗമുണ്ടായിരുന്നവരെല്ലാം അവനെ സ്പർശിക്കാൻ തിക്കിത്തിരക്കിക്കൊണ്ടിരുന്നു.
മർക്കോ 3:11	അശുദ്ധാത്മാക്കൾ അവനെ കണ്ടപ്പോൾ അവൻെറ മുമ്പിൽ വീണ്, നീ ദൈവപുത്രനാണ് എന്നു വിളിച്ചുപറഞ്ഞു.
മർക്കോ 3:12	തന്നെ വെളിപ്പെടുത്തരുതെന്ന് അവൻ അവയ്ക്കു കർശനമായ താക്കീതു നൽകി.
മത്താ 12:17	ഇത് ഏശയ്യാപ്രവാചകൻ വഴി അരുളിച്ചെയ്യപ്പെട്ടതു പൂർത്തിയാകുന്നതിനുവേണ്ടിയാണ്:
മത്താ 12:18	ഇതാ, ഞാൻ തിരഞ്ഞെടുത്ത എൻെറ ദാസൻ; എൻെറ ആത്മാവു പ്രസാദിച്ച എൻെറ പ്രിയപ്പെട്ടവൻ! ഞാൻ അവൻെറ മേൽ എൻെറ ആത്മാവിനെ അയയ്ക്കും;
മത്താ 12:19	അവൻ വിജാതീയരെന്യായവിധി അറിയിക്കും. അവൻ തർക്കിക്കുകയോ ബഹളംകൂട്ടുകയോ ഇല്ല; തെരുവീഥികളിൽ അവൻെറ ശബ്ദം ആരും കേൾക്കുകയില്ല.
മത്താ 12:20	നീതിയെ വിജയത്തിലെത്തിക്കുന്നതുവരെ അവൻ ചതഞ്ഞഞാങ്ങണ ഒടിക്കുകയില്ല; പുകഞ്ഞതിരി കെടുത്തുകയില്ല.
മത്താ 12:21	അവൻെറ നാമത്തിൽ വിജാതീയർ പ്രത്യാശവയ്ക്കും.

53. അപ്പസ്തോലൻമാരെതെരഞ്ഞെടുക്കുന്നു

മർക്കോ 3:13	പിന്നെ, അവൻ മലമുകളിലേക്കു കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു. അവർ അവൻെറ സമീപത്തേക്കു ചെന്നു.
മർക്കോ 3:14	തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും
മർക്കോ 3:15	പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നൽകുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു.
മർക്കോ 3:16	അവർ, പത്രോസ് എന്ന് അവൻ പേരു നൽകിയ ശിമയോൻ, ഇടിമുഴക്കത്തിൻെറ പുത്രൻമാർ എന്നർഥമുള്ള
മർക്കോ 3:17	ബൊവനെർഗെസ് എന്നു പേരു നൽകിയ സെബദീപുത്രൻമാരായ യാക്കോബും സഹോദരൻ യോഹന്നാനും, അന്ത്രയോസ്, പീലിപ്പോസ്, ബർത്തലോമിയ,മത്താ , തോമസ്, ഹൽപൈയുടെ പുത്രൻ യാക്കോബ്, തദേവൂസ്, കാനാൻകാരനായ ശിമയോൻ,
മർക്കോ 3:18	യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസ് സ്കറിയോത്താ.

54. സുവിശേഷഭാഗ്യങ്ങൾ

ലൂക്കാ 6:17	അവൻ അവരോടുകൂടെ ഇറങ്ങി സമ തലത്തിൽ വന്നുനിന്നു. ശിഷ്യൻമാരുടെ ഒരു വലിയ ഗണവും അവൻെറ വചനം ശ്ര വിക്കുന്നതിനും രോഗശാന്തി നേടുന്നതിനുമായിയൂദയാ, ജറുസലെം എന്നിവിടങ്ങളിൽനിന്നും ടയിർ, സീദോൻ, എന്നീ തീരപ്രദേശങ്ങളിൽനിന്നും വന്നവലിയ ജനസ മൂഹവും അവിടെ ഒരുമിച്ചു കൂടി.
ലൂക്കാ 6:18	അശുദ്ധാത്മാക്കളാൽ പീഡിതരായവർ സുഖമാക്കപ്പെട്ടു.
ലൂക്കാ 6:19	ജനങ്ങളെല്ലാം അവനെ ഒന്നു സ്പർശിക്കാൻ അവസരം പാർത്തിരുന്നു. എന്തെന്നാൽ, അവനിൽനിന്നു ശക്തിപുറപ്പെട്ട് എല്ലാവരെയും സുഖപ്പെടുത്തിയിരുന്നു.
ലൂക്കാ 6:20	അവൻ ശിഷ്യരുടെ നേരേ കണ്ണുകളുയർത്തി അരുളിച്ചെയ്തു: ദരിദ്രരേ, നിങ്ങൾ ഭാഗ്യവാൻമാർ; ദൈവരാജ്യം നിങ്ങളുടേതാണ്.
മത്താ 5:4	വിലപിക്കുന്നവർ ഭാഗ്യവാൻമാർ; അവർ ആശ്വസിപ്പിക്കപ്പെടും.
ലൂക്കാ 6:21	ഇപ്പോൾ വിശപ്പു സഹിക്കുന്നവരേ, നിങ്ങൾ ഭാഗ്യവാൻമാർ; നിങ്ങൾ തൃപ്തരാക്കപ്പെടും. ഇപ്പോൾ കരയുന്നവരേ, നിങ്ങൾ ഭാഗ്യവാൻമാർ; നിങ്ങൾ ചിരിക്കും.
മത്താ 5:5	ശാന്തശീലർ ഭാഗ്യവാൻമാർ; അവർ ഭൂമി അവകാശമാക്കും.
മത്താ 5:7	കരുണയുള്ളവർ ഭാഗ്യവാൻമാർ; അവർക്കു കരുണ ലഭിക്കും.
മത്താ 5:8	ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ; അവർ ദൈവത്തെ കാണും.
മത്താ 5:9	സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാൻമാർ; അവർ ദൈവപുത്രൻ മാരെന്നു വിളിക്കപ്പെടും.
മത്താ 5:10	നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാൻമാർ; സ്വർഗരാജ്യം അവരുടേതാണ്.
മത്താ 5:11	എന്നെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിൻമകളും നിങ്ങൾക്കെതിരേ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാൻമാർ;
മത്താ 5:12	നിങ്ങൾ ആനന്ദിച്ചാഹ്ളാദിക്കുവിൻ; സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകൻമാരെയും അവർ ഇപ്രകാരം പീഡിപ്പിച്ചിട്ടുണ്ട്.
ലൂക്കാ 6:24	എന്നാൽ, സമ്പന്നരേ, നിങ്ങൾക്കു ദുരിതം! നിങ്ങളുടെ ആശ്വാസം നിങ്ങൾക്കു ലഭിച്ചു കഴിഞ്ഞു. ഇപ്പോൾ സംതൃപ്തരായി കഴിയുന്നവരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾക്കു വിശക്കും.
ലൂക്കാ 6:25	ഇപ്പോൾ ചിരിക്കുന്നവരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ ദുഃഖിച്ചു കരയും.
ലൂക്കാ 6:26	മനുഷ്യരെല്ലാം നിങ്ങളെ പ്രശംസിച്ചു സംസാരിക്കുമ്പോൾ നിങ്ങൾക്കു ദുരിതം! അവരുടെ പിതാക്കൻമാർ വ്യാജപ്രവാചകൻമാരോടും അങ്ങനെ തന്നെ ചെയ്തു.

55. ഭൂമിയുടെ ഉപ്പ്

മത്താ 5:13	നിങ്ങൾ ഭൂമിയുടെ ഉപ്പാണ്. ഉറകെട്ടുപോയാൽ ഉപ്പിന് എങ്ങനെ വീണ്ടും ഉറകൂട്ടും? പുറത്തേക്കു വലിച്ചെറിഞ്ഞ് മനുഷ്യരാൽ ചവിട്ടപ്പെടാനല്ലാതെ മറ്റൊന്നിനും അതുകൊള്ളുകയില്ല.
മർക്കോ 9:50	നിങ്ങളിൽ ഉപ്പ് ഉണ്ടായിരിക്കട്ടെ. പരസ്പരം സമാധാനത്തിൽ വർത്തിക്കുകയും ചെയ്യുവിൻ.
ലൂക്കാ 14:35	കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

56. ലോകത്തിൻെറ പ്രകാശം

മത്താ 5:14	നിങ്ങൾ ലോകത്തിൻെറ പ്രകാശമാണ്. മലമുകളിൽ പണിതുയർത്തിയ പട്ടണത്തെ മറച്ചുവയ്ക്കുക സാധ്യമല്ല.
മത്താ 5:15	വിളക്കു കൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല, പീഠത്തിൻമേലാണു വയ്ക്കുക. അപ്പോൾ അത് ഭവനത്തിലുള്ള എല്ലാവർക്കും പ്രകാശം നൽകുന്നു.
മത്താ 5:16	അപ്രകാരം, മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.

57. നിയമവും പ്രവാചകൻമാരും

മത്താ 5:17	നിയമത്തെയോ പ്രവാചകൻമാരെയോ അസാധുവാക്കാനാണു ഞാൻ വന്നതെന്നു നിങ്ങൾ വിചാരിക്കരുത്. അസാധുവാക്കാനല്ല പൂർത്തിയാക്കാനാണ് ഞാൻ വന്നത്.
മത്താ 5:18	ആകാശവും ഭൂമിയും കടന്നുപോകുന്നതുവരെ, സമസ്തവും നിറവേറുവോളം നിയമത്തിൽനിന്നു വള്ളിയോ പുള്ളിയോ മാറുകയില്ലെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.
മത്താ 5:19	ഈ പ്രമാണങ്ങളിൽ ഏറ്റവും നിസ്സാരമായ ഒന്ന് ലംഘിക്കുകയോ ലംഘിക്കാൻമറ്റുള്ളവരെ പഠിപ്പിക്കുകയോ ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ ചെറിയവനെന്നു വിളിക്കപ്പെടും. എന്നാൽ, അത് അനുസരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ വലിയവനെന്നു വിളിക്കപ്പെടും.
മത്താ 5:20	നിങ്ങളുടെ നീതി നിയമജ്ഞരുടെയും ഫരിസേയരുടെയും നീതിയെ അതിശയിക്കുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ലെന്നു ഞാൻ നിങ്ങളോടു പറയുന്നു.

58. കൊലപാതകവും ക്രോധവും

മത്താ 5:21	കൊല്ലരുത്; കൊല്ലുന്നവൻന്യായവിധിക്ക് അർഹനാകും എന്നു പൂർവികരോടു പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.
മത്താ 5:22	എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: സഹോദരനോടു കോപിക്കുന്നവൻന്യായവിധിക്ക് അർഹനാകും. സഹോദരനെ ഭോഷാ എന്നു വിളിക്കുന്നവൻന്യായാധിപസംഘത്തിൻെറ മുമ്പിൽ നിൽക്കേണ്ടിവരും; വിഡ്ഢീ എന്നു വിളിക്കുന്നവനാകട്ടെ നരകാഗ്നിക്ക് ഇരയായിത്തീരും.
മത്താ 5:23	നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ, നിൻെറ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെവച്ച് ഓർത്താൽ,
മത്താ 5:24	കാഴ്ചവസ്തു അവിടെ ബലിപീഠത്തിനു മുമ്പിൽ വച്ചിട്ട് പോയി സഹോദരനോടു രമ്യതപ്പെടുക; പിന്നെ വന്നു കാഴ്ചയർപ്പിക്കുക.

59. ആരോപിതനുമായി രമ്യതപ്പെടുക

ലൂക്കാ 12:57	എന്തുകൊണ്ട് നിങ്ങൾ ശരിയായി വിധിക്കുന്നില്ല?
ലൂക്കാ 12:58	നീ നിൻെറ ശത്രുവിനോടുകൂടെ അധികാരിയുടെ അടുത്തേക്കു പോകുമ്പോൾ, വഴിയിൽ വച്ചുതന്നെ അവനുമായി രമ്യതപ്പെട്ടു കൊള്ളുക: അല്ലെങ്കിൽ അവൻ നിന്നെന്യായാധിപൻെറ അടുത്തേക്കുകൊണ്ടുപോവുകയുംന്യായാധിപൻ നിന്നെ കാരാഗൃഹപാലകനെ ഏൽപിക്കുകയും അവൻ നിന്നെതടവിലാക്കുകയും ചെയ്യും.
ലൂക്കാ 12:59	അവസാനത്തെ തുട്ടുവരെ കൊടുക്കാതെ നീ അവിടെനിന്നു പുറത്തുവരുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.

60. വ്യഭിചാരവും വിവാഹമോചനവും

മത്താ 5:27	വ്യഭിചാരംചെയ്യരുത് എന്നു കൽപിച്ചിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.
മത്താ 5:28	എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു.
മത്താ 5:29	വലത്തുകണ്ണ് നിനക്കു പാപഹേതുവാകുന്നെങ്കിൽ അതു ചൂഴ്ന്നെടുത്ത് എറിഞ്ഞുകളയുക; ശരീരമാകെ നരകത്തിലേക്ക് എറിയപ്പെടുന്നതിനെക്കാൾ നല്ലത്, അവയവങ്ങളിലൊന്നു നഷ്ടപ്പെടുകയാണ്.
മത്താ 5:30	വലത്തുകരം നിനക്കു പാപഹേതുവാകുന്നെങ്കിൽ, അതു വെട്ടി ദൂരെയെറിയുക. ശരീരമാകെ നരകത്തിൽ പതിക്കുന്നതിനെക്കാൾ നല്ലത്, അവയവങ്ങളിലൊന്നു നഷ്ടപ്പെടുന്നതാണ്.
മത്താ 5:31	ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവൾക്ക് ഉപേക്ഷാപത്രം കൊടുക്കണം എന്നു കൽപിച്ചിട്ടുണ്ടല്ലോ.
മത്താ 5:32	എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവളെ വ്യഭിചാരിണിയാക്കുന്നു. ഉപേക്ഷിക്കപ്പെട്ടവളെ പരിഗ്രഹിക്കുന്നവനും വ്യഭിചാരംചെയ്യുന്നു.

61. ആണയിടരുത്

മത്താ 5:33	വ്യാജമായി ആണയിടരുത്; കർത്താവിനോടു ചെയ്ത ശപഥം നിറവേറ്റണം എന്നു പൂർവികരോടു കൽപിച്ചിട്ടുള്ളതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.
മത്താ 5:34	എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: ആണയിടുകയേ അരുത്. സ്വർഗത്തെക്കൊണ്ട് ആണയിടരുത്; അതു ദൈവത്തിൻെറ സിംഹാസനമാണ്.
മത്താ 5:35	ഭൂമിയെക്കൊണ്ടും അരുത്; അത് അവിടുത്തെ പാദപീഠമാണ്. ജറുസലെമിനെക്കൊണ്ടും അരുത്; അതു മഹാരാജാവിൻെറ നഗരമാണ്.
മത്താ 5:36	നിൻെറ ശിരസ്സിനെക്കൊണ്ടും ആണയിടരുത്; അതിലെ ഒരു മുടിയിഴ വെളുപ്പിക്കാനോ കറുപ്പിക്കാനോ നിനക്കു സാധിക്കുകയില്ല.
മത്താ 5:37	നിങ്ങളുടെ വാക്ക് അതേ, അതേ എന്നോ അല്ല, അല്ല എന്നോ ആയിരിക്കട്ടെ. ഇതിനപ്പുറമുള്ളതു ദുഷ്ടനിൽനിന്നു വരുന്നു.

62. തിൻമയെ നൻമകൊണ്ട് ജയിക്കുക

മത്താ 5:38	കണ്ണിനുപകരം കണ്ണ്, പല്ലിനുപകരം പല്ല് എന്നു പറഞ്ഞിട്ടുള്ളതു നിങ്ങൾകേട്ടിട്ടുണ്ടല്ലോ.
മത്താ 5:39	എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: ദുഷ്ടനെ എതിർക്കരുത്. വലത്തുകരണത്തടിക്കുന്നവന് മറ്റേകരണം കൂടി കാണിച്ചുകൊടുക്കുക.
മത്താ 5:40	നിന്നോടു വ്യവഹരിച്ച് നിൻെറ ഉടുപ്പു കരസ്ഥമാക്കാനുദ്യമിക്കുന്നവന് മേലങ്കികൂടി കൊടുക്കുക.
മത്താ 5:41	ഒരുമൈൽ ദൂരംപോകാൻ നിന്നെ നിർബന്ധിക്കുന്നവനോടുകൂടെ രണ്ടു മൈൽ ദൂരം പോകുക.
മത്താ 5:42	ചോദിക്കുന്നവനു കൊടുക്കുക. വായ്പ വാങ്ങാൻ ഇച്ഛിക്കുന്നവനിൽ നിന്ന് ഒഴിഞ്ഞുമാറരുത്.

63. ശത്രുക്കളെ സ്നേഹിക്കുക

മത്താ 5:43	അയൽക്കാരനെ സ്നേഹിക്കുക, ശത്രുവിനെ ദ്വേഷിക്കുക എന്നുപറഞ്ഞിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.
മത്താ 5:44	എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കുവിൻ.
മത്താ 5:45	അങ്ങനെ, നിങ്ങൾ നിങ്ങളുടെ സ്വർഗസ്ഥനായ പിതാവിൻെറ മക്കളായിത്തീരും. അവിടുന്ന് ശിഷ്ടരുടെയുംദുഷ്ടരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാൻമാരുടെയും, നീതിരഹിതരുടെയും മേൽ മഴ പെയ്യിക്കുകയും ചെയ്യുന്നു.
മത്താ 5:46	നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ സ്നേഹിച്ചാൽ നിങ്ങൾക്കെന്തു പ്രതിഫലമാണു ലഭിക്കുക? ചുങ്കക്കാർപോലും അതുതന്നെ ചെയ്യുന്നില്ലേ?
മത്താ 5:47	സഹോദരങ്ങളെ മാത്രമേ നിങ്ങൾ അഭിവാദനം ചെയ്യുന്നുള്ളുവെങ്കിൽ വിശേഷവിധിയായി എന്താണു നിങ്ങൾചെയ്യുന്നത്? വിജാതീയരും അതുതന്നെ ചെയ്യുന്നില്ലേ?
മത്താ 5:48	അതുകൊണ്ട്, നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ.

64. ധർമദാനം

മത്താ 6:1	മറ്റുള്ളവരെ കാണിക്കാൻവേണ്ടി അവരുടെ മുമ്പിൽവച്ചു നിങ്ങളുടെ സത്കർമങ്ങൾ അനുഷ്ഠിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. അല്ലെങ്കിൽ നിങ്ങളുടെ സ്വർഗ സ്ഥനായ പിതാവിങ്കൽ നിങ്ങൾക്കു പ്രതിഫലമില്ല.
മത്താ 6:2	മറ്റുള്ളവരിൽനിന്നു പ്രശംസ ലഭിക്കാൻ കപടനാട്യക്കാർ സിനഗോഗുകളിലും തെരുവീഥികളിലും ചെയ്യുന്നതുപോലെ, നീ ഭിക്ഷകൊടുക്കുമ്പോൾ നിൻെറ മുമ്പിൽ കാഹളം മുഴക്കരുത്. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അവർക്കു പ്രതിഫലം ലഭിച്ചുകഴിഞ്ഞു.
മത്താ 6:3	നീ ധർമദാനം ചെയ്യുമ്പോൾ അതു രഹസ്യമായിരിക്കേണ്ടതിന് നിൻെറ വലത്തുകൈ ചെയ്യുന്നത് ഇടത്തുകൈ അറിയാതിരിക്കട്ടെ.
മത്താ 6:4	രഹസ്യങ്ങൾ അറിയുന്ന നിൻെറ പിതാവ് നിനക്കു പ്രതിഫലം നൽകും.

65. യേശു പഠിപ്പിച്ച പ്രാർഥന

മത്താ 6:5	നിങ്ങൾ പ്രാർഥിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ ആകരുത്. അവർ മറ്റുള്ളവരെ കാണിക്കാൻവേണ്ടി സിനഗോഗുകളിലും തെരുവീഥികളുടെ കോണുകളിലും നിന്നു പ്രാർഥിക്കാനാണ് ഇഷ്ടപ്പെടുന്നത്. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അവർക്കു പ്രതിഫലം ലഭിച്ചു കഴിഞ്ഞു.
മത്താ 6:6	എന്നാൽ, നീ പ്രാർഥിക്കുമ്പോൾ നിൻെറ മുറിയിൽ കടന്ന്, കതകടച്ച്, രഹസ്യമായി നിൻെറ പിതാവിനോടു പ്രാർഥിക്കുക; രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്കു പ്രതിഫലംനൽകും.
മത്താ 6:7	പ്രാർഥിക്കുമ്പോൾ വിജാതീയരെപ്പോലെ നിങ്ങൾ അതിഭാഷണം ചെയ്യരുത്. അതിഭാഷണം വഴി തങ്ങളുടെ പ്രാർഥന കേൾക്കുമെന്ന് അവർ കരുതുന്നു. നിങ്ങൾ അവരെപ്പോലെ ആകരുത്.
മത്താ 6:8	നിങ്ങൾ ചോദിക്കുന്നതിനുമുമ്പുതന്നെ നിങ്ങളുടെ ആവശ്യം നിങ്ങളുടെ പിതാവ് അറിയുന്നു.
മത്താ 6:9	നിങ്ങൾ ഇപ്രകാരം പ്രാർഥിക്കുവിൻ: സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ.
മത്താ 6:10	അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.
മത്താ 6:11	അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു നൽകണമേ.
മത്താ 6:12	ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ.
മത്താ 6:13	ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിൻമയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.

66. ക്ഷമിക്കുവാനുള്ള മനസ്സ്

മർക്കോ 11:25	നിങ്ങൾ പ്രാർഥിക്കുമ്പോൾ നിങ്ങൾക്ക് ആരോടെങ്കിലും എന്തെങ്കിലും വിരോധമുണ്ടെങ്കിൽ അതു ക്ഷമിക്കുവിൻ.
മർക്കോ 11:26	അപ്പോൾ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകൾ ക്ഷമിക്കും.
മത്താ 6:14	മറ്റുള്ളവരുടെ തെറ്റുകൾ നിങ്ങൾ ക്ഷമിക്കുമെങ്കിൽ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും.
മത്താ 6:15	മറ്റുള്ളവരോടു നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകളും ക്ഷമിക്കുകയില്ല.

67. ഉപവാസം

മത്താ 6:16	നിങ്ങൾ ഉപവസിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ വിഷാദം ഭാവിക്കരുത്. തങ്ങൾ ഉപവസിക്കുന്നുവെന്ന് അന്യരെ കാണിക്കാൻവേണ്ടി അവർ മുഖം വികൃതമാക്കുന്നു. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അവർക്കു പ്രതിഫലം ലഭിച്ചുകഴിഞ്ഞു.
മത്താ 6:17	എന്നാൽ, നീ ഉപവസിക്കുന്നത് അദൃശ്യനായ പിതാവല്ലാതെ മറ്റാരും കാണാതിരിക്കുന്നതിന്, ശിരസ്സിൽ തൈലം പുരട്ടുകയും മുഖം കഴുകുകയും ചെയ്യുക.
മത്താ 6:18	രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്കു പ്രതിഫലം നൽകും.

68. സ്വർഗത്തിലെ നിക്ഷേപം

മത്താ 6:19	ഭൂമിയിൽ നിക്ഷേപം കരുതിവയ്ക്കരുത്. തുരുമ്പും കീടങ്ങളും അവനശിപ്പിക്കും; കള്ളൻമാർ തുരന്നു മോഷ്ടിക്കും.
മത്താ 6:20	എന്നാൽ, സ്വർഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവനശിപ്പിക്കുകയില്ല; കള്ളൻമാർ മോഷ്ടിക്കുകയില്ല.
മത്താ 6:21	നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും.

69. കണ്ണ് ശരീരത്തിൻെറ വിളക്ക്

ലൂക്കാ 11:34	കണ്ണാണ് ശരീരത്തിൻെറ വിളക്ക്. കണ്ണു കുറ്റമറ്റതെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും. കണ്ണു ദുഷിച്ചതെങ്കിലോ ശരീരം മുഴുവനും ഇരുണ്ടുപോകും.
ലൂക്കാ 11:35	അതുകൊണ്ട്, നിന്നിലുള്ള വെളിച്ചം ഇരുളാകാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക.
ലൂക്കാ 11:36	ഇരുളടഞ്ഞഒരു ഭാഗവുമില്ലാതെ ശരീരം മുഴുവൻ പ്രകാശം നിറഞ്ഞതാണെങ്കിൽ, വിളക്ക് അതിൻെറ രശ്മികൾകൊണ്ടു നിനക്കു വെളിച്ചം തരുന്നതുപോലെ ശരീരം മുഴുവൻ പ്രകാശമാനമായിരിക്കും.

70. രണ്ട് യജമാനൻമാർ

മത്താ 6:24	രണ്ട്യജമാനൻമാരെ സേവിക്കാൻ ആർക്കും സാധിക്കുകയില്ല: ഒന്നുകിൽ, ഒരുവനെ ദ്വേഷിക്കുകയും അപരനെ സ്നേഹിക്കുകയും ചെയ്യും; അല്ലെങ്കിൽ ഒരുവനെ ബഹുമാനിക്കുകയും അപരനെ നിന്ദിക്കുകയുംചെയ്യും. ദൈവത്തെയും മാമോനെയും സേവിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല.

71. ദൈവപരിപാലനയിൽ ആശ്രയിക്കുക

മത്താ 6:25	ഞാൻ നിങ്ങളോടു പറയുന്നു: എന്തു ഭക്ഷിക്കും, എന്തു പാനംചെയ്യും എന്നു ജീവനെക്കുറിച്ചോ എന്തു ധരിക്കും എന്നു ശരീരത്തെക്കുറിച്ചോ നിങ്ങൾ ഉത്കണ്ഠാകുലരാകേണ്ടാ. ഭക്ഷണത്തെക്കാൾ ജീവനും വസ്ത്രത്തെക്കാൾ ശരീരവും ശ്രേഷ്ഠമല്ലേ?
മത്താ 6:26	ആകാശത്തിലെ പക്ഷികളെ നോക്കുവിൻ: അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ ശേഖരിക്കുന്നുമില്ല. എങ്കിലും, നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് അവയെ തീറ്റിപ്പോറ്റുന്നു. അവയെക്കാൾ എത്രയോ വിലപ്പെട്ടവരാണു നിങ്ങൾ!
മത്താ 6:27	ഉത്കണ്ഠമൂലം ആയുസ്സിൻെറ ദൈർഘ്യം ഒരു മുഴമെങ്കിലും കൂട്ടാൻ നിങ്ങളിലാർക്കെങ്കിലും സാധിക്കുമോ?
മത്താ 6:28	വസ്ത്രത്തെപ്പറ്റിയും നിങ്ങൾ എന്തിന് ആകുലരാകുന്നു? വയലിലെ ലില്ലികൾ എങ്ങനെ വളരുന്നു എന്നു നോക്കുക; അവ അധ്വാനിക്കുന്നില്ല, നൂൽനൂൽക്കുന്നുമില്ല.
മത്താ 6:29	സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: സോളമൻപോലും തൻെറ സർവമഹത്വത്തിലും ഇവയിൽ ഒന്നിനെപ്പോലെ അലംകൃതനായിരുന്നില്ല.
മത്താ 6:30	ഇന്നുള്ളതും നാളെ അടുപ്പിൽ എറിയപ്പെടുന്നതും ആയ പുല്ലിനെ ദൈവം ഇപ്രകാരം അലങ്കരിക്കുന്നെങ്കിൽ, അൽപവിശ്വാസികളേ, നിങ്ങളെ അവിടുന്ന് എത്രയ ധികം അലങ്കരിക്കുകയില്ല!
മത്താ 6:31	അതിനാൽ എന്തു ഭക്ഷിക്കും, എന്തു പാനംചെയ്യും, എന്തു ധരിക്കും എന്നു വിചാരിച്ചു നിങ്ങൾ ആകുലരാകേണ്ടാ.
മത്താ 6:32	വിജാതീയരാണ് ഇവയെല്ലാം അന്വേഷിക്കുന്നത്. നിങ്ങൾക്കിവയെല്ലാം ആവശ്യമാണെന്നു നിങ്ങളുടെ സ്വർഗീയ പിതാവ് അറിയുന്നു.
മത്താ 6:33	നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെനീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും.
മത്താ 6:34	അതിനാൽ, നാളെയെക്കുറിച്ചു നിങ്ങൾ ആകുലരാകരുത്. നാളത്തെ ദിനംതന്നെ അതിനെക്കുറിച്ച് ആകുലപ്പെട്ടുകൊള്ളും. ഓരോ ദിവസത്തിനും അതതിൻെറ ക്ളേശം മതി.
ലൂക്കാ 12:32	ചെറിയ അജഗണമേ, ഭയപ്പെടേണ്ടാ. എന്തെന്നാൽ, നിങ്ങൾക്കു രാജ്യം നൽകാൻ നിങ്ങളുടെ പിതാവ് പ്രസാദിച്ചിരിക്കുന്നു.

72. അന്യരെ വിധിക്കരുത്

മത്താ 7:1	വിധിക്കപ്പെടാതിരിക്കാൻ നിങ്ങളും വിധിക്കരുത്.
മത്താ 7:2	നിങ്ങൾ വിധിക്കുന്ന വിധിയാൽത്തന്നെ നിങ്ങളും വിധിക്കപ്പെടും. നിങ്ങൾ അളക്കുന്ന അളവുകൊണ്ടു തന്നെ നിങ്ങൾക്കും അളന്നുകിട്ടും.
ലൂക്കാ 6:37	ക്ഷമിക്കുവിൻ; നിങ്ങളോടും ക്ഷമിക്കപ്പെടും.
ലൂക്കാ 6:38	കൊടുക്കുവിൻ; നിങ്ങൾക്കും കിട്ടും. അമർത്തിക്കുലുക്കി നിറച്ചളന്ന് അവർ നിങ്ങളുടെ മടിയിൽ ഇട്ടുതരും. നിങ്ങൾ അളക്കുന്ന അളവു കൊണ്ടുതന്നെ നിങ്ങൾക്കും അളന്നു കിട്ടും.
ലൂക്കാ 6:41	നിൻെറ സഹോദരൻെറ കണ്ണിലെ കരട് നീ കാണുകയും സ്വന്തം കണ്ണിലെ തടിക്കഷണത്തെ ഗൗനിക്കാതിരിക്കുകയും ചെയ്യുന്നതെന്ത്?

ലൂക്കാ 6:42	സ്വന്തം കണ്ണിലെ തടിക്കഷണം കാണാതിരിക്കേ, സഹോദരാ, നിന്റെ കണ്ണിലെ കരട് ഞാൻ എടുത്തു കളയട്ടെ എന്നു പറയാൻ നിനക്ക് എങ്ങനെ കഴിയും? കപടനാട്യക്കാരാ, ആദ്യമേ നിന്റെ കണ്ണിലെ തടിക്കഷണം എടുത്തു മാറ്റുക. അപ്പോൾ നിന്റെ സഹോദരന്റെ കണ്ണിലെ കരട് എടുത്തുകളയാൻ കഴിയത്തക്കവിധം നിന്റെ കാഴ്ച തെളിയും

73. വിശുദ്ധമായവ അശുദ്ധമാക്കരുത്

മത്താ 7:6	വിശുദ്ധമായതു നായ്ക്കൾക്കു കൊടുക്കരുത്. നിങ്ങളുടെ മുത്തുകൾ പന്നികൾക്ക് ഇട്ടുകൊടുക്കരുത്. അവ അതു ചവിട്ടി നശിപ്പിക്കുകയും തിരിഞ്ഞു നിങ്ങളെ ആക്രമിക്കുകയും ചെയ്തേക്കാം.

74. പ്രാർഥനയ്ക്കുള്ള ഉത്തരം

മത്താ 7:7	ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, നിങ്ങൾക്കു തുറന്നുകിട്ടും.
മത്താ 7:8	ചോദിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവനു തുറന്നുകിട്ടുകയും ചെയ്യുന്നു.
മത്താ 7:9	മകൻ അപ്പംചോദിച്ചാൽ കല്ലു കൊടുക്കുന്ന ആരെങ്കിലും നിങ്ങളിൽ ഉണ്ടോ?
മത്താ 7:10	അഥവാ, മീൻ ചോദിച്ചാൽ പാമ്പിനെ കൊടുക്കുമോ?
മത്താ 7:11	മക്കൾക്കു നല്ല വസ്തുക്കൾ കൊടുക്കണമെന്നു ദുഷ്ടരായ നിങ്ങൾ അറിയുന്നുവെങ്കിൽ, നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ്, തന്നോടു ചോദിക്കുന്നവർക്ക് എത്രയോ കൂടുതൽ നൻമകൾ നൽകും!
ലൂക്കാ 11:	മുട്ട ചോദിച്ചാൽ പകരം തേളിനെ കൊടുക്കുമോ?

75. സുവർണ്ണ നിയമം

മത്താ 7:12	മറ്റുള്ളവർ നിങ്ങൾക്കുചെയ്തു തരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ. ഇതാണു നിയമവും പ്രവാചകൻമാരും.

76. ഇടുങ്ങിയ വാതിൽ

മത്താ 7:13	ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ; വിനാശത്തിലേക്കു നയിക്കുന്ന വാതിൽ വിസ്തൃതവും വഴി വിശാലവുമാണ്; അതിലേ കടന്നുപോകുന്നവർ വളരെയാണുതാനും.
മത്താ 7:14	എന്നാൽ, ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി വീതികുറഞ്ഞതുമാണ്. അതു കണ്ടെത്തുന്നവരോ ചുരുക്കം.

77. വ്യാജപ്രവാചകൻമാർ

മത്താ 7:15	ആടുകളുടെ വേഷത്തിൽ വരുന്ന വ്യാജപ്രവാചകൻമാരെ സൂക്ഷിച്ചുകൊള്ളുവിൻ. ഉള്ളിൽ അവർ കടിച്ചുചീന്തുന്ന ചെന്നായ്ക്കളാണ്.
മത്താ 7:16	ഫലങ്ങളിൽനിന്ന് അവരെ മനസ്സിലാക്കാം. മുൾച്ചെടിയിൽ നിന്നു മുന്തിരിപ്പഴമോ ഞെരിഞ്ഞിലിൽ നിന്ന് അത്തിപ്പഴമോ പറിക്കാറുണ്ടോ?
മത്താ 7:17	നല്ല വൃക്ഷം നല്ല ഫലവും ചീത്ത വൃക്ഷം ചീത്തഫലവും നൽകുന്നു.
മത്താ 7:18	നല്ല വൃക്ഷത്തിനു ചീത്തഫലങ്ങളോ ചീത്ത വൃക്ഷത്തിനു നല്ല ഫലങ്ങളോ പുറപ്പെടുവിക്കാൻ സാധിക്കുകയില്ല.
മത്താ 7:19	നല്ല ഫലം കായ്ക്കാത്ത വൃക്ഷമെല്ലാം വെട്ടി തീയിലെറിയപ്പെടും.
മത്താ 7:20	അവരുടെ ഫലങ്ങളിൽനിന്നു നിങ്ങൾ അവരെ അറിയും.

78. യഥാർഥ ശിഷ്യൻ

ലൂക്കാ 6:46	നിങ്ങൾ എന്നെ കർത്താവേ, കർത്താവേ, എന്നു വിളിക്കുകയും ഞാൻ പറയുന്ന കാര്യങ്ങൾ പ്രവർത്തിക്കാതിരിക്കുകയുംചെയ്യുന്നത് എന്തുകൊണ്ട്?
മത്താ 7:21	കർത്താവേ, കർത്താവേ എന്ന്, എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗരാജ്യത്തിൽ പ്രവേശിക്കുക.
മത്താ 7:22	അന്ന് പലരും എന്നോടു ചോദിക്കും: കർത്താവേ, കർത്താവേ, ഞങ്ങൾ നിന്റെ നാമത്തിൽ പ്രവചിക്കുകയും നിന്റെ നാമത്തിൽ പിശാചുക്കളെ പുറത്താക്കുകയും നിന്റെ നാമത്തിൽ നിരവധി അദ്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തില്ലേ?
മത്താ 7:23	അപ്പോൾ ഞാൻ അവരോടു പറയും: നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല; അനീതി പ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നിൽനിന്ന് അകന്നുപോകുവിൻ.

79. പാറമേൽ പണിത ഭവനം

മത്താ 7:24	എന്റെ ഈ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യനു തുല്യനായിരിക്കും.
മത്താ 7:25	മഴപെയ്തു, വെള്ളപ്പൊക്കമുണ്ടായി, കാറ്റൂതി, അതു ഭവനത്തിൻമേൽ ആഞ്ഞടിച്ചു. എങ്കിലും അതു വീണില്ല. എന്തുകൊണ്ടെന്നാൽ, അതു പാറമേൽ സ്ഥാപിതമായിരുന്നു.
മത്താ 7:26	എന്റെ ഈ വചനങ്ങൾ കേൾക്കുകയും എന്നാൽ, അത് അനുസരിക്കാതിരിക്കുകയും ചെയ്യുന്നവൻമണൽപ്പുറത്തു ഭവനം പണിത ഭോഷനു തുല്യനായിരിക്കും.
മത്താ 7:27	മഴപെയ്തു, വെള്ളപ്പൊക്കമുണ്ടായി, കാറ്റൂതി, അതു ഭവനത്തിൻമേൽ ആഞ്ഞടിച്ചു, അതു വീണുപോയി. അതിന്റെ വീഴ്ച വലുതായിരുന്നു.

മത്താ 7:28	യേശു ഈ വചനങ്ങൾ അവസാനിപ്പിച്ചപ്പോൾ ജനാവലി അവൻെറ പ്രബോധനത്തെപ്പറ്റി വിസ്മയിച്ചു. അവരുടെ നിയമജ്ഞരെപ്പോലെയല്ല, അധികാരമുള്ളവനെപ്പോലെയാണ് അവൻ പഠിപ്പിച്ചത്.

80. ശതാധിപൻെറ ഭൃത്യനെ സുഖപ്പെടുത്തുന്നു

മത്താ 8:1	യേശു മലയിൽനിന്ന് ഇറങ്ങിവന്നപ്പോൾ വലിയ ജനക്കൂട്ടം അവനെ അനുഗമിച്ചു.
ലൂക്കാ 7:2	അവിടെ ഒരു ശതാധിപൻെറ ഭൃത്യൻ രോ ഗം ബാധിച്ച് ആസന്നമരണനായിക്കിടന്നിരുന്നു. അവൻ യജമാനനു പ്രിയങ്കരനായിരുന്നു.
ലൂക്കാ 7:3	ശതാധിപൻ യേശുവിനെപ്പറ്റി കേട്ട്, തൻെറ ഭൃത്യനെ സുഖപ്പെടുത്തണമെന്ന് അപേക്ഷിക്കാൻ ചില യഹൂദപ്രമാണികളെ അവൻെറ അടുത്ത് അയച്ചു.
ലൂക്കാ 7:4	അവർ യേശുവിൻെറ അടുത്തുവന്ന് കേണപേക്ഷിച്ചു പറഞ്ഞു: നീ ഇതു ചെയ്തുകൊടുക്കാൻ അവൻ അർഹനാണ്.
ലൂക്കാ 7:5	എന്തെന്നാൽ, അവൻ നമ്മുടെ ജനത്തെ സ്നേഹിക്കുന്നു. നമുക്ക് ഒരു സിനഗോഗു പണിയിച്ചു തരുകയും ചെയ്തിട്ടുണ്ട്. യേശു അവരോടൊപ്പം പുറപ്പെട്ടു.
ലൂക്കാ 7:6	അവൻ വീടിനോടടുക്കാറായപ്പോൾ ആ ശതാധിപൻ തൻെറ സ്നേഹിതരിൽ ചിലരെ അയച്ച് അവനോടു പറഞ്ഞു: കർത്താവേ, അങ്ങ് ബുദ്ധിമുട്ടേണ്ടാ. അങ്ങ് എൻെറ വീട്ടിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല.
ലൂക്കാ 7:7	അങ്ങയെ നേരിട്ടു സമീപിക്കാൻപോലും എനിക്കു യോഗ്യതയില്ല എന്നു ഞാൻ വിചാരിച്ചു. അങ്ങ് ഒരു വാക്ക് ഉച്ചരിച്ചാൽ മാത്രം മതി, എൻെറ ഭൃത്യൻ സുഖപ്പെട്ടുകൊള്ളും.
ലൂക്കാ 7:8	കാരണം, ഞാനും അധികാരത്തിനു കീഴ്പ്പെട്ടവനാണ്; എൻെറ കീഴിലും പടയാളികൾ ഉണ്ട്. ഞാൻ ഒരുവനോടു പോവുക എന്നു പറയുമ്പോൾ അവൻ പോകുന്നു. വേറൊരുവനോടു വരുക എന്നു പറയുമ്പോൾ അവൻ വരുന്നു. എൻെറ ദാസനോട് ഇതു ചെയ്യുക എന്നുപറയുമ്പോൾ അവൻ ചെയ്യുന്നു.
ലൂക്കാ 7:9	യേശു ഇതു കേട്ട് അവനെപ്പറ്റി വിസ്മയിച്ചു. തന്നെ അനുഗമിച്ചിരുന്ന ജനക്കൂട്ടത്തിനുനേരേ തിരിഞ്ഞ് അവൻ പറഞ്ഞു: ഞാൻ നിങ്ങളോടു പറയുന്നു, ഇസ്രായേലിൽപോലും ഇതുപോലുള്ള വി ശ്വാസം ഞാൻ കണ്ടിട്ടില്ല.
മത്താ 8:11	വീണ്ടും ഞാൻ നിങ്ങളോടു പറയുന്നു, കിഴക്കുനിന്നും പടിഞ്ഞാറുനിന്നും നിരവധിയാളുകൾ വന്ന് അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗരാജ്യത്തിൽ വിരുന്നിനിരിക്കും.
മത്താ 8:12	രാജ്യത്തിൻെറ മക്കളാകട്ടെ, പുറത്തുള്ള അന്ധകാരത്തിലേക്ക് എറിയപ്പെടും. അവിടെ വിലാപവും പല്ലുകടിയുമായിരിക്കും.
മത്താ 8:13	യേശു ശതാധിപനോടു പറഞ്ഞു: പൊയ്ക്കൊൾക; നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ. ആ സമയത്തുതന്നെ ഭൃത്യൻ സുഖം പ്രാപിച്ചു.
ലൂക്കാ 7:10	അയയ്ക്കപ്പെട്ടവർ തിരിച്ചുചെന്നപ്പോൾ ആ ഭൃത്യൻ സുഖപ്പെട്ടിരിക്കുന്നതായികണ്ടു.

81. വിധവയുടെ മകൻ

ലൂക്കാ 7:11	അതിനുശേഷം അവൻ നായിൻ എന്ന പട്ടണത്തിലേക്കു പോയി. ശിഷ്യൻമാരും വലിയ ഒരു ജനക്കൂട്ടവും അവനെ അനുഗമിച്ചു.
ലൂക്കാ 7:12	അവൻ നഗരകവാടത്തിന ടുത്തെത്തിയപ്പോൾ, മരിച്ചുപോയ ഒരുവനെ ചിലർ എടുത്തുകൊണ്ടുവരുന്നതു കണ്ടു. ഒരു വിധവയുടെ ഏകപുത്രനായിരുന്നു അവൻ . പട്ടണത്തിൽനിന്ന് വലിയ ഒരു ജനക്കൂട്ടവും അവളോടൊപ്പം ഉണ്ടായിരുന്നു.
ലൂക്കാ 7:13	അവളെക്കണ്ട് മനസ്സലിഞ്ഞ് കർത്താവ് അവളോടു പറഞ്ഞു: കരയേണ്ടാ.
ലൂക്കാ 7:14	അവൻ മുന്നോട്ടു വന്ന് ശവമഞ്ചത്തിൻമേൽ തൊട്ടു. അതു വഹിച്ചിരുന്നവർ നിന്നു. അപ്പോൾ അവൻ പറഞ്ഞു:യുവാവേ, ഞാൻ നിന്നോടു പറയുന്നു, എഴുന്നേൽക്കുക.
ലൂക്കാ 7:15	മരിച്ചവൻ ഉടനെ എഴുന്നേറ്റിരുന്നു. അവൻ സംസാരിക്കാൻ തുടങ്ങി. യേശു അവനെ അമ്മയ്ക്ക് ഏൽപിച്ചു കൊടുത്തു
ലൂക്കാ 7:16	എല്ലാവരും ഭയപ്പെട്ടു. അവർ ദൈവത്തെ സ്തുതിച്ചുകൊണ്ടു പറഞ്ഞു: ഒരു വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ ഉദയംചെയ്തിരിക്കുന്നു. ദൈവം തൻെറ ജനത്തെ സന്ദർശിച്ചിരിക്കുന്നു.
ലൂക്കാ 7:17	അവനെപ്പറ്റിയുള്ള ഈ വാർത്തയൂദയാമുഴുവനിലും പരിസരങ്ങളിലും പരന്നു.

82. സ്നാപക യോഹന്നാൻെറ ശിഷ്യൻമാർ യേശുവിനെ സമീപിക്കുന്നു.

ലൂക്കാ 7:18	ഈ സംഭവങ്ങളെപ്പറ്റിയെല്ലാം യോഹന്നാൻെറ ശിഷ്യൻമാർ അവനെ അറിയി ച്ചു. അവൻ ശിഷ്യൻമാരിൽ രണ്ടുപേരെ വിളിച്ച്,
ലൂക്കാ 7:19	വരാനിരിക്കുന്നവൻ നീ തന്നെയോ, അതോ ഞങ്ങൾ വേറൊരുവനെ കാത്തിരിക്കണമോ എന്ന് കർത്താവിനോടു ചോദിക്കാൻ പറഞ്ഞയച്ചു.
ലൂക്കാ 7:20	അവർ അവൻെറ അടുത്തു ചെന്നു പറഞ്ഞു: വരാനിരിക്കുന്നവൻ നീ തന്നെയോ അതോ ഞങ്ങൾ വേറൊരുവനെ കാത്തിരിക്കണമോ എന്നു ചോദിക്കാൻ സ്നാപകയോഹന്നാൻ ഞങ്ങളെ നിൻെറ അടുത്തേക്ക് അയച്ചിരിക്കുന്നു.
ലൂക്കാ 7:21	അപ്പോൾ യേശു വളരെപ്പേരെ രോഗങ്ങളിൽനിന്നും പീഡകളിൽനിന്നും അശുദ്ധാത്മാക്കളിൽനിന്നും സുഖപ്പെടുത്തുകയും അനേകം കുരുടൻമാർക്ക് കാഴ്ചകൊടുക്കുകയും ചെയ്തു.
ലൂക്കാ 7:22	അവൻ പറഞ്ഞു: നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതെല്ലാം ചെന്ന് യോഹന്നാനെ അറിയിക്കുക. കുരുടൻമാർ കാണുന്നു; മുടന്തൻമാർ നടക്കുന്നു; കുഷ്ഠരോഗികൾ സുഖപ്പെടുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നു; ദരിദ്രരോടു സുവിശേഷം പ്രസംഗിക്കപ്പെടുന്നു.
ലൂക്കാ 7:23	എന്നിൽ ഇടർച്ചയുണ്ടാകാത്തവൻ ഭാഗ്യവാൻ.

83. യോഹന്നാനെക്കുറിച്ച് യേശുവിൻെറ സാക്ഷ്യം

ലൂക്കാ 7:24	യോഹന്നാൻെറ ദൂതൻമാർ പോയപ്പോൾ യേശു അവനെപ്പറ്റി ജനക്കൂട്ടത്തോടു പറയാൻ തുടങ്ങി. നിങ്ങൾ എന്തു കാണാനാണ് മരുഭൂമിയിലേക്ക് പോയത്? കാ റ്റത്തുലയുന്ന ഞാങ്ങണയോ?
ലൂക്കാ 7:25	അല്ലെങ്കിൽ പിന്നെ എന്തു കാണാനാണ് നിങ്ങൾ പോയത്? മൃദുല വസ്ത്രങ്ങൾ ധരിച്ചവനെയോ? മോടിയായി വസ്ത്രം ധരിച്ച് ആഡംബരത്തിൽ ജീവിക്കുന്നവർ രാജകൊട്ടാരങ്ങളിലാണല്ലോ.
ലൂക്കാ 7:26	അതുമല്ലെങ്കിൽ, എന്തു കാണാനാണു നിങ്ങൾ പോയത്? പ്രവാച കനെയോ? അതേ, ഞാൻ നിങ്ങളോടു പറയുന്നു, പ്രവാചകനെക്കാൾ വലിയവനെത്തന്നെ.
ലൂക്കാ 7:27	ഇവനെപ്പറ്റിയാണ് ഇങ്ങനെ എഴുതിയിരിക്കുന്നത്. ഇതാ, നിനക്കുമുമ്പേ എൻെറ ദൂതനെ ഞാനയയ്ക്കുന്നു. അവൻ മുമ്പേ പോയി നിനക്കു വഴിയൊരുക്കും..
ലൂക്കാ 7:28	ഞാൻ നിങ്ങളോടു പറയുന്നു, സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ഇല്ല. എങ്കിലും, ദൈവ രാജ്യത്തിലെ ഏറ്റവും ചെറിയവൻ അവനെക്കാൾ വലിയവനാണ്.
ലൂക്കാ 7:29	ഇതു കേട്ട്, യോഹന്നാൻെറ ജ്ഞാനസ്നാനം സ്വീകരിച്ച സാമാന്യജനവും ചുങ്കക്കാരും ദൈവനീതിയെ പ്രഘോഷിച്ചു.
ലൂക്കാ 7:30	ഫരിസേയരും നിയമജ്ഞരുമാകട്ടെ യോഹന്നാൻെറ ജ്ഞാനസ്നാനം സ്വീകരിക്കാതെ തങ്ങളെപ്പറ്റിയുള്ള ദൈവഹിതം നിരസിച്ചു കളഞ്ഞു
മത്താ 11:12	സ്നാപകയോഹന്നാൻെറ നാളുകൾ മുതൽ ഇന്നുവരെ സ്വർഗരാജ്യം ബലപ്രയോഗത്തിനു വിഷയമായിരിക്കുന്നു. ബലവാൻമാർ അതു പിടിച്ചടക്കുന്നു.
മത്താ 11:13	യോഹന്നാൻവരെ സകല പ്രവാചകൻമാരും നിയമവും പ്രവചനം നടത്തി.
മത്താ 11:14	നിങ്ങൾ സ്വീകരിക്കാൻ തയ്യാറാണെങ്കിൽ ഇവനാണ് വരാനിരിക്കുന്ന ഏലിയാ.
മത്താ 11:15	ചെവിയുള്ളവൻ കേൾക്കട്ടെ
മത്താ 11:16	ഈ തലമുറയെ എന്തിനോടാണു ഞാൻ ഉപമിക്കേണ്ടത്?
മത്താ 11:17	ചന്ത സ്ഥലത്തിരുന്ന്, കൂട്ടുകാരെ വിളിച്ച്, ഞങ്ങൾ നിങ്ങൾക്കുവേണ്ടി കുഴലൂതി. എങ്കിലും, നിങ്ങൾ നൃത്തം ചെയ്തില്ല; ഞങ്ങൾ വിലാപഗാനം ആലപിച്ചു എങ്കിലും, നിങ്ങൾ വിലപിച്ചില്ല എന്നുപറയുന്ന കുട്ടികൾക്കു സമാനമാണ് ഈ തലമുറ.
മത്താ 11:18	യോഹന്നാൻ ഭക്ഷിക്കാത്തവനും പാനം ചെയ്യാത്തവനുമായിവന്നു. അവൻ പിശാചുബാധിതനാണെന്ന് അപ്പോൾ അവർ പറയുന്നു.
മത്താ 11:19	മനുഷ്യപുത്രൻ ഭക്ഷിക്കുന്നവനും പാനംചെയ്യുന്നവനുമായി വന്നു. അപ്പോൾ അവർ പറയുന്നു: ഇതാ, ഭോജനപ്രിയനും വീഞ്ഞുകുടിയനും ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതനുമായ മനുഷ്യൻ! എങ്കിലും ജ്ഞാനം അതിൻെറ പ്രവൃത്തികളാൽ നീതീകരിക്കപ്പെട്ടിരിക്കുന്നു.

84. പാപിനിക്കു മോചനം

ലൂക്കാ 7:36	ഫരിസേയരിൽ ഒരുവൻ തന്നോടൊത്തു ഭക്ഷണം കഴിക്കാൻ അവനെ ക്ഷണിച്ചു. യേശു അവൻെറ വീട്ടിൽ പ്രവേശിച്ചു ഭക്ഷണത്തിനിരുന്നു.
ലൂക്കാ 7:37	അപ്പോൾ, ആ പട്ടണത്തിലെ പാപിനിയായ ഒരുവൾ ഫരിസേയൻെറ വീട്ടിൽ അവൻ ഭക്ഷണത്തിനിരിക്കുന്നു എന്നറിഞ്ഞ്, ഒരു വെൺകൽഭരണി നിറയെ സുഗന്ധതൈലവുമായി അവിടെ വന്നു.
ലൂക്കാ 7:38	അവൾ അവൻെറ പിന്നിൽ പാദത്തിനരികെ കരഞ്ഞുകൊണ്ടു നിന്നു. കണ്ണീരുകൊണ്ട് അവൾ അവൻെറ പാദങ്ങൾ കഴുകുകയും തലമുടികൊണ്ടു തുടയ്ക്കുകയും ചുംബിക്കുകയും സുഗന്ധതൈലം പൂശുകയും ചെയ്തു.
ലൂക്കാ 7:39	അവനെ ക്ഷണിച്ച ആ ഫരിസേയൻ ഇതുകണ്ട് സ്വഗതമായി പറഞ്ഞു: ഇവൻപ്രവാചകൻ ആണെങ്കിൽ തന്നെ സ്പർശിക്കുന്ന സ്ത്രീ ആരെന്നും ഏതു തരക്കാരി എന്നും അറിയുമായിരുന്നു. ഇവൾ ഒരു പാപിനി ആണല്ലോ.
ലൂക്കാ 7:40	യേശു അവനോടു പറഞ്ഞു: ശിമയോനേ, എനിക്കു നിന്നോട് ഒരു കാര്യം പറയാനുണ്ട്. ഗുരോ, അരുളിച്ചെയ്താലും എന്ന് അവൻ പറഞ്ഞു.
ലൂക്കാ 7:41	ഒരു ഉത്തമർണ്ണ നു രണ്ടു കടക്കാർ ഉണ്ടായിരുന്നു. ഒരുവൻ അഞ്ഞൂറും മറ്റവൻ അമ്പതും ദനാറ കടപ്പെട്ടിരുന്നു.
ലൂക്കാ 7:42	വീട്ടാൻ കഴിവില്ലാത്തതുകൊണ്ട് ഇരുവർക്കും അവൻ ഇളച്ചു കൊടുത്തു. ആ രണ്ടുപേരിൽ ആരാണ് അവനെ കൂടുതൽ സ്നേഹിക്കുക?
ലൂക്കാ 7:43	ശിമയോൻ മറുപടി പറഞ്ഞു: ആർക്ക് അവൻ കൂടുതൽ ഇളവുചെയ്തോ അവൻ എന്നു ഞാൻ വിചാരിക്കുന്നു. അവൻ പറഞ്ഞു: നീ ശരിയായിത്തന്നെ വിധിച്ചു.
ലൂക്കാ 7:44	അനന്ത രം യേശു ആ സ്ത്രീയുടെനേരേ തിരിഞ്ഞ് ശിമയോനോടു പറഞ്ഞു: നീ ഈ സ്ത്രീയെ കാണുന്നല്ലോ. ഞാൻ നിൻെറ വീട്ടിൽ വന്നു; കാലു കഴുകുവാൻ നീ എനിക്കുവെള്ളം തന്നില്ല. എന്നാൽ, ഇവൾ കണ്ണീരുകൊണ്ട് എൻെറ കാലു കഴുകുകയും തലമുടികൊണ്ട് തുടയ്ക്കുകയുംചെയ്തു.
ലൂക്കാ 7:45	നീ എനിക്കു ചുംബനം തന്നില്ല; എന്നാൽ, ഞാനിവിടെ പ്രവേശിച്ചതുമുതൽ എൻെറ പാദങ്ങൾ ചുംബിക്കുന്നതിൽനിന്ന് ഇവൾ വിരമിച്ചിട്ടില്ല.
ലൂക്കാ 7:46	നീ എൻെറ തലയിൽ തൈലം പൂശിയില്ല, ഇവളോ എൻെറ പാദങ്ങളിൽ സുഗന്ധതൈലം പൂശിയിരിക്കുന്നു.
ലൂക്കാ 7:47	അതിനാൽ, ഞാൻ നിന്നോടു പറയുന്നു, ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, ഇവൾ അധികം സ്നേഹിച്ചു. ആരോട് അൽപം ക്ഷമിക്കപ്പെടുന്നുവോ അവൻ അൽപം സ്നേഹിക്കുന്നു.
ലൂക്കാ 7:48	അവൻ അവളോടു പറഞ്ഞു: നിൻെറ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു.
ലൂക്കാ 7:49	അവനോടുകൂടെ പന്തിയിൽ ഇരുന്നവർ പരസ്പരം പറയാൻ തുടങ്ങി: പാപങ്ങൾ ക്ഷമിക്കുകപോലും ചെയ്യുന്ന ഇവൻ ആരാണ്?

ലൂക്കാ 7:50	അവൻ അവളോടു പറഞ്ഞു: നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോവുക.

85. യേശുവിനെ അനുഗമിച്ച സ്ത്രീകൾ

ലൂക്കാ 8:1	അതിനുശേഷം യേശു പട്ടണങ്ങളിലും ഗ്രാമങ്ങളിലുംചുറ്റിസഞ്ചരിച്ച് പ്രസംഗിക്കുകയും ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കുകയും ചെയ്തു. പന്ത്രണ്ടുപേരും അവനോടുകൂടെ ഉണ്ടായിരുന്നു.
ലൂക്കാ 8:2	അശുദ്ധാത്മാക്കളിൽനിന്നും മറ്റു വ്യാധികളിൽ നിന്നും വിമുക്തരാക്കപ്പെട്ട ചില സ്ത്രീകളും ഏഴു ദുഷ്ടാത്മാക്കൾ വിട്ടുപോയവളും മഗ്ദലേന എന്നു വിളിക്കപ്പെടുന്നവളുമായ മറിയവും
ലൂക്കാ 8:3	ഹേറോദേസിന്റെ കാര്യസ്ഥനായ കൂസായുടെ ഭാര്യ യോവാന്നയും സൂസന്നയും തങ്ങളുടെ സമ്പത്തുകൊണ്ട് അവരെ ശുശ്രൂഷിച്ചിരുന്ന മറ്റു പല സ്ത്രീകളും അവരോടൊപ്പമുണ്ടായിരുന്നു.

86. യേശുവിന്റെ ഉപമകളുടെ തുടക്കം

മത്താ 13:1	അന്നുതന്നെ യേശു ഭവനത്തിൽ നിന്നു പുറത്തുവന്ന്, കടൽത്തീരത്ത് ഇരുന്നു.
മത്താ 13:2	വലിയ ജനക്കൂട്ടങ്ങൾ അവന്റെ അടുത്തു വന്നു. തന്നിമിത്തം അവൻ ഒരു തോണിയിൽക്കയറി ഇരുന്നു. ജനക്കൂട്ടം മുഴുവൻ തീരത്തു നിന്നു.
മത്താ 13:3	അപ്പോൾ അവൻ വളരെക്കാര്യങ്ങൾ ഉപമകൾവഴി അവരോടു പറഞ്ഞു

87. വിതക്കാരന്റെ ഉപമ

മത്താ 13:3	വിതക്കാരൻ വിതയ്ക്കാൻ പുറപ്പെട്ടു.
മത്താ 13:4	അവൻ വിതച്ചപ്പോൾ വിത്തുകളിൽ കുറെ വഴിയരുകിൽ വീണു. പക്ഷികൾ വന്ന് അതു തിന്നു.
മത്താ 13:5	ചിലത് മണ്ണ് അധികമില്ലാത്ത പാറമേൽ വീണു. മണ്ണിന് ആഴമില്ലാതിരുന്നതിനാൽ അതു പെട്ടെന്ന് മുളച്ചുപൊങ്ങി.
മത്താ 13:6	സൂര്യനുദിച്ചപ്പോൾ അതു വെയിലേറ്റുവാടുകയും വേരില്ലാതിരുന്നതിനാൽ കരിഞ്ഞുപോവുകയും ചെയ്തു.
മത്താ 13:7	വേറെ ചിലതു മുൾച്ചെടികൾക്കിടയിൽ വീണു. മുൾച്ചെടികൾ വളർന്ന് അതിനെ ഞെരുക്കിക്കളഞ്ഞു.
മത്താ 13:8	മറ്റു ചിലതു നല്ല നിലത്തു വീണു. അതു നൂറു മേനിയും അറുപതു മേനിയും മുപ്പതു മേനിയും വിളവു നൽകി.
മത്താ 13:9	ചെവിയുള്ളവൻകേൾക്കട്ടെ.

88. ഉപമകളുടെ ഉദ്ദേശ്യം

മത്താ 13:10	അപ്പോൾ ശിഷ്യൻമാർ അടുത്തെത്തി അവനോടു ചോദിച്ചു: നീ അവരോട് ഉപമകൾ വഴി സംസാരിക്കുന്നതെന്തുകൊണ്ട്?
മത്താ 13:11	അവൻ മറുപടി പറഞ്ഞു: സ്വർഗരാജ്യത്തിന്റെ രഹസ്യങ്ങൾ അറിയാനുള്ള വരം നിങ്ങൾക്കാണു ലഭിച്ചിരിക്കുന്നത്. അവർക്ക് അതു ലഭിച്ചിട്ടില്ല.
മത്താ 13:12	ഉള്ളവനുനൽകപ്പെടും. അവനു സമൃദ്ധിയുണ്ടാവുകയും ചെയ്യും. ഇല്ലാത്തവനിൽനിന്ന് ഉള്ളതുപോലും എടുക്കപ്പെടും.
മത്താ 13:13	അതുകൊണ്ടാണ് ഞാൻ അവരോട് ഉപമകൾവഴി സംസാരിക്കുന്നത്. കാരണം, അവർ കണ്ടിട്ടും കാണുന്നില്ല, കേട്ടിട്ടും കേൾക്കുന്നില്ല, ഗ്രഹിക്കുന്നുമില്ല.
മത്താ 13:14	ഏശയ്യായുടെ പ്രവചനം അവരിൽ പൂർത്തിയായിരിക്കുന്നു: നിങ്ങൾ തീർച്ചയായും കേൾക്കും, എന്നാൽ മനസ്സിലാക്കുകയില്ല; നിങ്ങൾ തീർച്ചയായും കാണും, എന്നാൽ ഗ്രഹിക്കുകയില്ല.
മത്താ 13:15	അവർ കണ്ണുകൊണ്ടു കണ്ട്, കാതുകൊണ്ടു കേട്ട്, ഹൃദയംകൊണ്ടു മനസ്സിലാക്കി, മാനസാന്തരപ്പെടുകയും ഞാൻ അവരെ സുഖപ്പെടുത്തുകയും അസാധ്യമാകുമാറ് ഈ ജന തയുടെ ഹൃദയം കഠിനമായിത്തീർന്നിരിക്കുന്നു; ചെവിയുടെ കേൾവി മന്ദീഭവിച്ചിരിക്കുന്നു; കണ്ണ് അവർ അടച്ചുകളഞ്ഞിരിക്കുന്നു.
മത്താ 13:16	നിങ്ങളുടെ കണ്ണുകൾ ഭാഗ്യമുള്ളവ; എന്തെന്നാൽ, അവ കാണുന്നു. നിങ്ങളുടെ കാതുകൾ ഭാഗ്യമുള്ളവ; എന്തെന്നാൽ, അവ കേൾക്കുന്നു.
മത്താ 13:17	സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അനേകം പ്രവാചകൻമാരും നീതിമാൻമാരും നിങ്ങൾ കാണുന്നവ കാണാൻ ആഗ്രഹിച്ചു, എങ്കിലും കണ്ടില്ല; നിങ്ങൾ കേൾക്കുന്നവ കേൾക്കാൻ ആഗ്രഹിച്ചു, എങ്കിലും കേട്ടില്ല.

89. വിതക്കാരന്റെ ഉപമ വിശദീകരിക്കുന്നു

മർക്കോ 4:13	*അവൻ അവരോടു ചോദിച്ചു: ഈ ഉപമ നിങ്ങൾക്കു മനസ്സിലാകുന്നില്ലേ? അങ്ങനെയെങ്കിൽ, ഉപമകളെല്ലാം നിങ്ങൾ എങ്ങനെ മനസ്സിലാക്കും?*
ലൂക്കാ 8:11	ഉപമ ഇതാണ്: വിത്ത് ദൈവവചനമാണ്.
ലൂക്കാ 8:12	ചിലർ വചനം ശ്രവിച്ചെങ്കിലും അവർ വിശ്വസിക്കുകയോ രക്ഷപെടുകയോ ചെയ്യാതിരിക്കുവാൻവേണ്ടി പിശാചു വന്ന് അവരുടെ ഹൃദയങ്ങളിൽ നിന്ന് വചനം എടുത്തുകളയുന്നു. ഇവരാണ് വഴിയരികിൽ വീണ വിത്ത്.
ലൂക്കാ 8:13	പാറയിൽ വീണത്, വചനം കേൾക്കുമ്പോൾ സന്തോഷത്തോടെ അതു സ്വീകരിക്കുന്നവരാണ്. എങ്കിലും അവർക്കു വേരുകളില്ല. അവർ കുറെ നാളത്തേക്കു വിശ്വസിക്കുന്നു. എന്നാൽ പ്രലോഭനങ്ങളുടെ സമയത്ത് അവർ വീണുപോകുന്നു.
ലൂക്കാ 8:14	മുള്ളുകളുടെ ഇടയിൽ വീണത്, വചനം കേൾക്കുന്നെങ്കിലും ജീവിത ക്ലേശങ്ങൾ, സമ്പത്ത്, സുഖഭോഗങ്ങൾ എന്നിവ വചനത്തെ ഞെരുക്കിക്കളയുന്നതുകൊണ്ട് ഫലം പുറപ്പെടുവിക്കാത്തവരാണ്.
ലൂക്കാ 8:15	നല്ല നിലത്തു വീണതോ, വചനം കേട്ട്, ഉത്കൃഷ്ടവും നിർമലവുമായ ഹൃദയത്തിൽ അതു സംഗ്രഹിച്ച് ക്ഷമയോടെ ഫലം പുറപ്പെടുവിക്കുന്നവരാണ്.

90. വിത്തിൻെറ ഉപമ

മർക്കോ 4:26	അവൻ പറഞ്ഞു: ദൈവരാജ്യം, ഒരുവൻ ഭൂമിയിൽ വിത്തു വിതയ്ക്കുന്നതിനു സദൃശം.
മർക്കോ 4:27	അവൻ രാവും പകലും ഉറങ്ങിയും ഉണർന്നും കഴിയുന്നു. അവൻ അറിയാതെതന്നെ വിത്തുകൾ പൊട്ടിമുളച്ചു വളരുന്നു.
മർക്കോ 4:28	ആദ്യം ഇല, പിന്നെ കതിർ, തുടർന്ന് കതിരിൽ ധാന്യമണികൾ – ഇങ്ങനെ ഭൂമി ഫലം പുറപ്പെടുവിക്കുന്നു.
മർക്കോ 4:29	ധാന്യം വിളയുമ്പോൾ കൊയ്ത്തിനു കാലമാകുന്നതുകൊണ്ട് അവൻ അരിവാൾ വയ്ക്കുന്നു.

91. രഹസ്യ പ്രവർത്തികൾ

ലൂക്കാ 8:16	ആരും വിളക്കുകൊളുത്തി പാത്രംകൊണ്ടു മൂടുകയോ കട്ടിലിനടിയിൽ വയ്ക്കുകയോ ചെയ്യുന്നില്ല, മറിച്ച്, അകത്തു പ്രവേ ശിക്കുന്നവർക്ക് വെളിച്ചം കാണാൻ അത് പീഠത്തിൻമേൽ വയ്ക്കുന്നു.
ലൂക്കാ 8:17	മറഞ്ഞിരിക്കുന്നതൊന്നും വെളിപ്പെടാതിരിക്കുകയില്ല. അറിയപ്പെടാതെയും വെളിച്ചത്തുവരാതെയും ഇരിക്കുന്ന രഹസ്യവുമില്ല.
ലൂക്കാ 8:18	ആകയാൽ, നിങ്ങൾ എപ്രകാരമാണു കേൾക്കുന്നതെന്ന് സൂക്ഷിച്ചുകൊള്ളുവിൻ. എന്തെന്നാൽ, ഉള്ളവനു പിന്നെയും നൽകപ്പെടും; ഇല്ലാത്തവനിൽനിന്ന് ഉണ്ടെന്ന് അവൻ വിചാരിക്കുന്നതുകൂടെയും എടുക്കപ്പെടും.

92. യേശുവിന്റെ യഥാർത്ഥ ബന്ധുക്കൾ

മത്താ 12:46	അവൻ ജനക്കൂട്ടത്തോടു പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ അവൻെറ അമ്മയും സഹോദരരും അവനോടു സംസാരിക്കാൻ ആഗ്രഹിച്ചു പുറത്തു നിന്നിരുന്നു.
മത്താ 12:47	ഒരുവൻ അവനോടു പറഞ്ഞു: നിൻെറ അമ്മയും സഹോദരരും നിന്നോടു സംസാരിക്കാൻ ആഗ്രഹിച്ചു പുറത്തു നിൽക്കുന്നു.
മത്താ 12:48	യേശു അവനോടു പറഞ്ഞു: ആരാണ് എൻെറ അമ്മ? ആരാണ് എൻെറ സഹോദരർ?
മത്താ 12:49	തൻെറ ശിഷ്യരുടെ നേരേ കൈ ചൂണ്ടിക്കൊണ്ട് അവൻ പറഞ്ഞു: ഇതാ, എൻെറ അമ്മയും സഹോദരരും.
മത്താ 12:50	സ്വർഗസ്ഥനായ എൻെറ പിതാവിൻെറ ഇഷ്ടം നിറവേറ്റുന്നവനാരോ അവനാണ് എൻെറ സഹോദരനും സഹോദരിയും അമ്മയും.

93. യേശു കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു

മർക്കോ 4:35	അന്നു സായാഹ്നമായപ്പോൾ അവൻ അവരോടു പറഞ്ഞു:
മർക്കോ 4:36	നമുക്ക് അക്കരയ്ക്കുപോകാം. അവർ ജനക്കൂട്ടത്തെ വിട്ട്, അവൻ ഇരുന്ന വഞ്ചിയിൽത്തന്നെ അവനെ അക്കരയ്ക്കു കൊണ്ടുപോയി. വേറെ വള്ളങ്ങളും കൂടെയുണ്ടായിരുന്നു.
മർക്കോ 4:37	അപ്പോൾ ഒരു വലിയ കൊടുങ്കാറ്റുണ്ടായി. തിരമാലകൾ വഞ്ചിയിലേക്ക് ആഞ്ഞടിച്ചു കയറി. വഞ്ചിയിൽ വെള്ളം നിറഞ്ഞുകൊണ്ടിരുന്നു.
മർക്കോ 4:38	യേശു അമരത്തു തലയണവച്ച് ഉറങ്ങുകയായിരുന്നു. അവർ അവനെ വിളിച്ചുണർത്തി പറഞ്ഞു: ഗുരോ, ഞങ്ങൾ നശിക്കാൻ പോകുന്നു. നീ അതു ഗൗനിക്കുന്നില്ലേ?
മർക്കോ 4:39	അവൻ ഉണർന്ന് കാറ്റിനെ ശാസിച്ചുകൊണ്ട് കടലിനോടു പറഞ്ഞു: അടങ്ങുക; ശാന്തമാവുക. കാറ്റു ശമിച്ചു; പ്രശാന്തത ഉണ്ടായി.
മർക്കോ 4:40	അവൻ അവരോടു ചോദിച്ചു: നിങ്ങൾ ഭയപ്പെടുന്നതെന്ത്? നിങ്ങൾക്കു വിശ്വാസമില്ലേ?
മർക്കോ 4:41	അവർ അത്യധികം ഭയന്ന് പരസ്പരം പറഞ്ഞു: ഇവൻ ആരാണ്! കാറ്റും കടലും പോലും ഇവനെ അനുസരിക്കുന്നല്ലോ!

94. പിശാചുബാധിതനെ സുഖപ്പെടുത്തുന്നു

മർക്കോ 5:1	അവർ കടലിൻെറ മറുകരയിൽ ഗെരസേനറുടെ നാട്ടിലെത്തി.
മർക്കോ 5:2	അവൻ വഞ്ചിയിൽനിന്ന് ഇറങ്ങിയ ഉടനെ, അശുദ്ധാത്മാവു ബാധിച്ച ഒരുവൻ ശവകുടീരങ്ങൾക്കിടയിൽനിന്ന് എതിരേ വന്നു.
മർക്കോ 5:3	ശവകുടീരങ്ങൾക്കിടയിൽ താമസിച്ചിരുന്ന അവനെ ചങ്ങലകൊണ്ടുപോലും ബന്ധിച്ചിടാൻ കഴിഞ്ഞിരുന്നില്ല.
മർക്കോ 5:4	പലപ്പോഴും അവനെ കാൽവിലങ്ങുകളാലും ചങ്ങലകളാലും ബന്ധിച്ചിരുന്നെങ്കിലും, അവൻ ചങ്ങലകൾ വലിച്ചുപൊട്ടിക്കുകയും കാൽവിലങ്ങുകൾ തകർത്തുകളയുകയും ചെയ്തിരുന്നു. അവനെ ഒതുക്കിനിർത്താൻ ആർക്കും കഴിഞ്ഞിരുന്നില്ല.
മർക്കോ 5:5	രാപകൽ അവൻ കല്ലറകൾക്കിടയിലും മലകളിലും ആയിരുന്നു. അവൻ അലറിവിളിക്കുകയും കല്ലുകൊണ്ടു തന്നെത്തന്നെ മുറിപ്പെടുത്തുകയും ചെയ്തിരുന്നു.
മർക്കോ 5:6	അകലെവച്ചുതന്നെ അവൻ യേശുവിനെക്കണ്ട്, ഓടിവന്ന് അവനെ പ്രണമിച്ചു.
മർക്കോ 5:7	ഉച്ചത്തിൽനില വിളിച്ചുകൊണ്ട് അവൻ പറഞ്ഞു: മഹോന്നതനായ ദൈവത്തിൻെറ പുത്രാ, യേശുവേ, അങ്ങ് എൻെറ കാര്യത്തിൽ എന്തിന് ഇടപെടുന്നു? ദൈവത്തെക്കൊണ്ട് ആണയിട്ട് ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു: അങ്ങ് എന്നെ പീഡിപ്പിക്കരുതേ!
മർക്കോ 5:8	കാരണം, അശുദ്ധാത്മാവേ, ആ മനുഷ്യനിൽനിന്നു പുറത്തുവരൂ എന്ന് യേശു ആജ്ഞാപിച്ചിരുന്നു.
മർക്കോ 5:9	നിൻെറ പേരെന്താണ്? യേശു ചോദിച്ചു. അവൻ പറഞ്ഞു: എൻെറ പേര് ലെഗിയോൺ; ഞങ്ങൾ അനേകം പേരുണ്ട്.

മർക്കോ 5:10	തങ്ങളെ ആ നാട്ടിൽനിന്നു പുറത്താക്കരുതേ എന്ന് അവൻ കേണപേക്ഷിച്ചു.
മർക്കോ 5:11	വലിയ ഒരു പന്നിക്കൂട്ടം മലയരികിൽ മേയുന്നുണ്ടായിരുന്നു.
മർക്കോ 5:12	ഞങ്ങളെ ആ പന്നിക്കൂട്ടത്തിലേക്കയയ്ക്കുക, ഞങ്ങൾ അവയിൽ പ്രവേശിച്ചുകൊള്ളട്ടെ എന്ന് അവർ അപേക്ഷിച്ചു.
മർക്കോ 5:13	അവൻ അനുവാദം നൽകി. അശുദ്ധാത്മാക്കൾ പുറത്തുവന്ന്, പന്നിക്കൂട്ടത്തിൽ പ്രവേശിച്ചു. ഏകദേശം രണ്ടായിരം പന്നികളുണ്ടായിരുന്നു. അവ കിഴുക്കാംതൂക്കായ തീരത്തിലൂടെ പാഞ്ഞുചെന്ന് കടലിൽ മുങ്ങിച്ചത്തു.
മർക്കോ 5::14	പന്നികളെ മേയിച്ചുകൊണ്ടിരുന്നവർ ഓടിപ്പോയി നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും വിവര മറിയിച്ചു. സംഭവിച്ചതെന്തെന്നു കാണാൻ ജനങ്ങൾ വന്നുകൂടി.
മർക്കോ 5:15	അവർ യേശുവിൻെറ അടുത്തെത്തി, ലെഗിയോൻ ആവേ ശിച്ചിരുന്ന പിശാചുബാധിതൻ വസ്ത്രം ധരിച്ച്, സുബോധത്തോടെ അവിടെയിരിക്കുന്നതു കണ്ടു. അവർ ഭയപ്പെട്ടു.
മർക്കോ 5:16	പിശാചുബാധിതനും പന്നികൾക്കും സംഭവിച്ചതു കണ്ടവർ അക്കാര്യങ്ങൾ ജനങ്ങളോടു പറഞ്ഞു.
മർക്കോ 5:17	തങ്ങളുടെ പ്രദേശം വിട്ടുപോകണമെന്ന് അവർ യേശുവിനോട് അപേക്ഷിച്ചു.
മർക്കോ 5:18	അവർ വഞ്ചിയിൽ കയറാൻ തുടങ്ങിയപ്പോൾ, പിശാചു ബാധിച്ചിരുന്ന മനുഷ്യൻ അവനോടുകൂടെ പോകുന്നതിന് അനുവാദം ചോദിച്ചു.
മർക്കോ 5:19	എന്നാൽ, യേശു അനുവദിച്ചില്ല. അവൻ പറഞ്ഞു: നീ വീട്ടിൽ സ്വന്തക്കാരുടെ അടുത്തേക്കു പോവുക. കർത്താവു നിനക്കുവേണ്ടി എന്തെല്ലാം പ്രവർത്തിച്ചുവെന്നും എങ്ങനെ നിന്നോടു കരുണ കാണിച്ചുവെന്നും അവരെ അറിയിക്കുക.
മർക്കോ 5:20	അവൻ പോയി, യേശു തനിക്കു വേണ്ടി എന്തെല്ലാം ചെയ്തെന്ന് ദെക്കാപ്പോളിസിൽ പ്രഘോഷിക്കാൻ തുടങ്ങി. ജനങ്ങൾ അദ്ഭു തപ്പെട്ടു.

95. ബേത്സഥായിലെ രോഗശാന്തി

യോഹ 5:1	ഇതിനുശേഷം, യഹൂദരുടെ ഒരു തിരുനാളിന് യേശു ജറുസലെമിലേക്കു പോയി.
യോഹ 5:2	ജറുസലെമിൽ അജകവാടത്തിനടുത്ത് ഹെബ്രായഭാഷയിൽ ബേത്സഥാ എന്നു വിളിക്കുന്ന ഒരു കുളമുണ്ടായിരുന്നു; അതിന് അഞ്ചുമണ്ഡപങ്ങളും.
യോഹ 5:3	അവിടെ കുരുടരും മുടന്തരും തളർവാതക്കാരുമായ അനേകം രോഗികൾ വെള്ളം കലങ്ങുന്നതുവരെ കിടന്നിരുന്നു.
യോഹ 5:4	ചില സമയങ്ങളിൽ ഒരു ദൂതൻ കുളത്തിൽ ഇറങ്ങി വെള്ളം കലക്കും. വെള്ളം കലങ്ങിയ ശേഷം ആദ്യം ഇറങ്ങുന്നവൻ ഏത് വ്യാധി പിടിച്ചിരുന്നവനായിരുന്നാലും അവനു സൗഖ്യം വരും
യോഹ 5:5	മുപ്പത്തിയെട്ടു വർഷമായി രോഗിയായിരുന്ന ഒരുവൻ അവിടെയുണ്ടായിരുന്നു.
യോഹ 5:6	അവൻ അവിടെ കിടക്കുന്നത് യേശു കണ്ടു. അവൻ വളരെ നാളായി കിടപ്പിലാണെന്ന് അറിഞ്ഞ് യേശു ചോദിച്ചു: സുഖം പ്രാപിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ?
യോഹ 5:7	അവൻ പറഞ്ഞു: കർത്താവേ, വെള്ളമിളകുമ്പോൾ എന്നെ കുളത്തിലേക്കിറക്കാൻ ആരുമില്ല. ഞാൻ എത്തുമ്പോഴേക്കും മറ്റൊരുവൻ വെള്ളത്തിൽ ഇറങ്ങിക്കഴിഞ്ഞിരിക്കും.
യോഹ 5:8	യേശു അവനോടു പറഞ്ഞു: എഴുന്നേറ്റു കിടക്കയെടുത്തു നടക്കുക.
യോഹ 5:9	അവൻ തത്ക്ഷണം സുഖം പ്രാപിച്ച് കിടക്കയെടുത്തു നടന്നു. അന്ന് സാബത്ത് ആയിരുന്നു.
യോഹ 5:10	അതിനാൽ, സുഖംപ്രാപിച്ച ആ മനുഷ്യനോടു യഹൂദർ പറഞ്ഞു: ഇന്നു സാബത്താകയാൽ കിടക്ക ചുമക്കുന്നത് നിഷിദ്ധമാണ്.
യോഹ 5:11	അവൻ മറുപടി പറഞ്ഞു: എന്നെ സുഖപ്പെടുത്തിയവൻ നിൻെറ കിടക്കയെടുത്തു നടക്കുക എന്ന് എന്നോടു പറഞ്ഞു.
യോഹ 5:12	അപ്പോൾ അവർ ചോദിച്ചു: കിടക്കയെടുത്തു നടക്കുക എന്ന് നിന്നോടു പറഞ്ഞവൻ ആരാണ്?
യോഹ 5:13	അവിടെ ഉണ്ടായിരുന്ന ജനക്കൂട്ടത്തിൽ യേശു മറഞ്ഞുകഴിഞ്ഞിരുന്നതിനാൽ അവൻ ആരാണെന്നു സുഖം പ്രാപിച്ചവൻ അറിഞ്ഞിരുന്നില്ല.
യോഹ 5:14	പിന്നീട് യേശു ദേവാലയത്തിൽവച്ച് അവനെ കണ്ടപ്പോൾ പറഞ്ഞു: ഇതാ, നീ സൗഖ്യം പ്രാപിച്ചിരിക്കുന്നു. കൂടുതൽ മോശമായതൊന്നും സംഭവിക്കാതിരിക്കാൻ മേലിൽ പാപം ചെയ്യ രുത്.
യോഹ 5:15	അവൻ പോയി, യേശുവാണു തന്നെ സുഖപ്പെടുത്തിയതെന്ന് യഹൂദരെ അ റിയിച്ചു.
യോഹ 5:16	സാബത്തിൽ ഇപ്രകാരം പ്രവർത്തിച്ചതിനാൽ യഹൂദർ യേശുവിനെ ദ്വേഷിച്ചു.
യോഹ 5:17	യേശു അവരോടു പറഞ്ഞു: എൻെറ പിതാവ് ഇപ്പോഴും പ്രവർത്തനനിരതനാണ്; ഞാനും പ്രവർത്തിക്കുന്നു.
യോഹ 5:18	ഇതുമൂലം അവനെ വധിക്കാൻ യഹൂദർ കൂടുതലായി പരിശ്രമിച്ചു. കാരണം, അവൻ സാബത്തു ലംഘിക്കുക മാത്രമല്ല തന്നെത്തന്നെ ദൈവതുല്യനാക്കിക്കൊണ്ട് ദൈവത്തെ തൻെറ പിതാവെന്നു വിളിക്കുകയുംചെയ്തു
യോഹ 5:19	യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. പിതാവു ചെയ്തുകാണുന്നതല്ലാതെ പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. എന്നാൽ, പിതാവു ചെയ്യുന്നതെല്ലാം അപ്രകാരംതന്നെ പുത്രനും ചെയ്യുന്നു.
യോഹ 5:20	എന്തെന്നാൽ, പിതാവു പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതെല്ലാം അവനെ കാണിക്കുകയും ചെയ്യുന്നു. നിങ്ങൾ വിസ്മയിക്കത്തക്കവിധം ഇവയെക്കാൾ വലിയ പ്രവൃത്തികളും അവിടുന്ന് അവനെ കാണിക്കും.
യോഹ 5:21	പിതാവ് മരിച്ചവരെ എഴുന്നേൽപിച്ച് അവർക്കു ജീവൻ നൽകുന്നതുപോലെതന്നെ പുത്രനും താൻ ഇച്ഛിക്കുന്നവർക്കു ജീവൻ നൽകുന്നു.

യോഹ 5:22	പിതാവ് ആരെയും വിധിക്കുന്നില്ല; വിധി മുഴുവനും അവിടുന്നു പുത്രനെ ഏൽപിച്ചിരിക്കുന്നു.
യോഹ 5:23	പിതാവിനെ ആദരിക്കുന്നതുപോലെതന്നെ, എല്ലാവരും പുത്രനെയും ആദരിക്കേണ്ടതിനാണ് ഇത്. പുത്രനെ ആദരിക്കാത്തവരാരും അവനെ അയച്ച പിതാവിനെയും ആദരിക്കുന്നില്ല.
യോഹ 5:24	സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എൻെറ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവനു ശിക്ഷാവിധി ഉണ്ടാകുന്നില്ല. പ്രത്യുത, അവൻ മരണത്തിൽനിന്നു ജീവനിലേക്കു കടന്നിരിക്കുന്നു.
യോഹ 5:25	സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, മരിച്ചവർ ദൈവപുത്രൻെറ സ്വരം ശ്രവിക്കുന്ന സമയം വരുന്നു; അല്ല, വന്നുകഴിഞ്ഞു. ആ സ്വരം ശ്രവിക്കുന്നവർ ജീവിക്കും.
യോഹ 5:26	എന്തെന്നാൽ, പിതാവിനു തന്നിൽത്തന്നെ ജീവനുള്ളതുപോലെ പുത്രനും തന്നിൽത്തന്നെ ജീവനുണ്ടാകാൻ അവിടുന്നു വരം നൽകിയിരിക്കുന്നു.
യോഹ 5:27	മനുഷ്യപുത്രനായതുകൊണ്ട് വിധിക്കാനുള്ള അധികാരവും അവനു നൽകിയിരിക്കുന്നു.
യോഹ 5:28	ഇതിൽ നിങ്ങൾ വിസ്മയിക്കേണ്ടാ. എന്തെന്നാൽ, കല്ലറകളിലുള്ളവരെല്ലാം അവൻെറ സ്വരം ശ്രവിക്കുന്ന സമയം വരുന്നു.
യോഹ 5:29	അപ്പോൾ നൻമ ചെയ്തവർ ജീവൻെറ ഉയിർപ്പിനായും തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തു വരും.
യോഹ 5:30	സ്വമേധയാ ഒന്നും ചെയ്യാൻ എനിക്കു സാധിക്കുകയില്ല. ഞാൻ ശ്രവിക്കുന്നതുപോലെ, ഞാൻ വിധിക്കുന്നു. എൻെറ വിധി നീതിപൂർവകവുമാണ്. കാരണം, എൻെറ ഇഷ്ടമല്ല, എന്നെ അയച്ചവൻെറ ഇഷ്ടമാണ് ഞാൻ അന്വേഷിക്കുന്നത്.
യോഹ 5:31	ഞാൻ എന്നെക്കുറിച്ചുതന്നെ സാക്ഷ്യപ്പെടുത്തുന്നെങ്കിൽ എൻെറ സാക്ഷ്യം സത്യമല്ല.
യോഹ 5:32	എന്നെക്കുറിച്ചു സാക്ഷ്യം നൽകുന്ന വേറൊരാളുണ്ട്. എന്നെക്കുറിച്ചുള്ള അവൻെറ സാക്ഷ്യം സത്യമാണെന്ന് എനിക്കറിയാം.
യോഹ 5:33	നിങ്ങൾ യോഹന്നാൻെറ അടുത്തേക്ക് ആളയച്ചു. അവൻ സത്യത്തിനു സാക്ഷ്യം നൽകുകയും ചെയ്തു.
യോഹ 5:34	ഞാൻ മനുഷ്യരുടെ സാക്ഷ്യം സ്വീകരിക്കുന്നു എന്നു വിചാരിക്കേണ്ടാ; നിങ്ങൾ രക്ഷിക്കപ്പെടേണ്ടതിനാണ് ഞാൻ ഇതെല്ലാം പറയുന്നത്.
യോഹ 5:35	കത്തിജ്വലിക്കുന്ന ഒരു വിളക്കായിരുന്നു അവൻ . അൽപസമയത്തേക്ക് അവൻെറ പ്രകാശത്തിൽ ആഹ്ളാദിക്കാൻ നിങ്ങൾ ഒരുക്കവുമായിരുന്നു.
യോഹ 5:36	എന്നാൽ, യോഹന്നാൻേറതിനെക്കാൾ വലിയ സാക്ഷ്യം എനിക്കുണ്ട്. എന്തെന്നാൽ, ഞാൻ പൂർത്തിയാക്കാനായി പിതാവ് എന്നെ ഏൽപിച്ച ജോലികൾ – ഞാൻ ചെയ്തുകൊണ്ടിരിക്കുന്ന ജോലികൾതന്നെ – പിതാവാണ് എന്നെ അയച്ചതെന്നു സാക്ഷ്യപ്പെടുത്തുന്നു.
യോഹ 5:37	എന്നെ അയച്ച പിതാവുതന്നെ എന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവിടുത്തെ സ്വരം നിങ്ങൾ ഒരിക്കലുംകേട്ടിട്ടില്ല, രൂപം കണ്ടിട്ടുമില്ല.
യോഹ 5:38	അവിടുന്ന് അയച്ചവനെ നിങ്ങൾ വിശ്വസിക്കാത്തതുകൊണ്ട് അവിടുത്തെ വചനം നിങ്ങളിൽ വസിക്കുന്നില്ല.
യോഹ 5:39	വിശുദ്ധ ലിഖിതങ്ങൾ നിങ്ങൾ പഠിക്കുന്നു, എന്തെന്നാൽ, അവയിൽ നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ വിചാരിക്കുന്നു. അവതന്നെയാണ് എന്നെക്കുറിച്ചു സാക്ഷ്യം നൽകുന്നത്.
യോഹ 5:40	എന്നിട്ടും നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിന് എൻെറ അടുത്തേക്കുവരാൻ നിങ്ങൾ വിസമ്മതിക്കുന്നു.
യോഹ 5:41	മനുഷ്യരിൽനിന്നു ഞാൻ മഹത്വം സ്വീകരിക്കുന്നില്ല.
യോഹ 5:42	എനിക്കു നിങ്ങളെ അറിയാം. നിങ്ങളിൽ ദൈവസ്നേഹമില്ല.
യോഹ 5:43	ഞാൻ എൻെറ പിതാവിൻെറ നാമത്തിൽ വന്നിരിക്കുന്നു. എന്നിട്ടും നിങ്ങൾ എന്നെ സ്വീകരിക്കുന്നില്ല. എന്നാൽ, മറ്റൊരുവൻ സ്വന്തം നാമത്തിൽ വന്നാൽ നിങ്ങൾ അവനെ സ്വീകരിക്കും.
യോഹ 5:44	പരസ്പരം മഹത്വം സ്വീകരിക്കുകയും ഏകദൈവത്തിൽനിന്നു വരുന്ന മഹത്വം അന്വേഷിക്കാതിരിക്കുകയും ചെയ്യുന്ന നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കാൻ കഴിയും?
യോഹ 5:45	പിതാവിൻെറ സന്നിധിയിൽ ഞാനായിരിക്കും നിങ്ങളെ കുറ്റപ്പെടുത്തുന്നത് എന്നു നിങ്ങൾ വിചാരിക്കേണ്ടാ. നിങ്ങൾ പ്രത്യാശ അർപ്പിച്ചിരിക്കുന്നമോശയായിരിക്കും നിങ്ങളെ കുറ്റപ്പെടുത്തുക.
യോഹ 5:46	നിങ്ങൾ മോശയെ വിശ്വസിച്ചിരുന്നെങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു. കാരണം, എന്നെക്കുറിച്ച് അവൻ എഴുതിയിരിക്കുന്നു.
യോഹ 5:47	എന്നാൽ, അവൻ എഴുതിയവനിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ പിന്നെ എൻെറ വാക്കുകൾ എങ്ങനെ വിശ്വസിക്കും?

96. അന്ധർക്കു കാഴ്ച നൽകുന്നു

മത്താ 9:27	യേശു അവിടെനിന്നു കടന്നുപോകുമ്പോൾ, രണ്ട് അന്ധന്മാർ, ദാവീദിൻെറ പുത്രാ, ഞങ്ങളിൽ കനിയണമേ എന്നു കരഞ്ഞപേക്ഷിച്ചുകൊണ്ട് അവനെ അനുഗമിച്ചു.
മത്താ 9:28	അവൻ ഭവനത്തിലെത്തിയപ്പോൾ ആ അന്ധൻമാർ അവൻെറ സമീപം ചെന്നു. യേശു അവരോടു ചോദിച്ചു: എനിക്ക് ഇതു ചെയ്യാൻ കഴിയുമെന്നു നിങ്ങൾ വിശ്വസിക്കുന്നുവോ? ഉവ്വ്, കർത്താവേ, എന്ന് അവർ മറുപടി പറഞ്ഞു.
മത്താ 9:29	നിങ്ങളുടെ വിശ്വാസംപോലെ നിങ്ങൾക്കു ഭവിക്കട്ടെ എന്നു പറഞ്ഞുകൊണ്ട് അവൻ അവരുടെ കണ്ണുകളിൽ സ്പർശിച്ചു.
മത്താ 9:30	അവരുടെ കണ്ണുകൾ തുറന്നു. ഇത് ആരും അറിയാനിടയാകരുത് എന്ന് യേശു അവരോടു കർശനമായി നിർദേശിച്ചു.
മത്താ 9:31	എന്നാൽ, അവർ പോയി അവൻെറ കീർത്തി നാടെങ്ങും പരത്തി.

97. ഊമനെ സുഖമാക്കുന്നു

മത്താ 9:32	അവർ പൊയ്ക്കഴിഞ്ഞപ്പോൾ പിശാചുബാധിതനായ ഒരു ഊമനെ ജനങ്ങൾ അവൻെറ യടുക്കൽ കൊണ്ടുവന്നു.
മത്താ 9:33	അവൻ പിശാചിനെ പുറത്താക്കിയപ്പോൾ ആ ഊമൻ സംസാരിച്ചു. ജനങ്ങൾ അദ്ഭുതപ്പെട്ടു പറഞ്ഞു: ഇതുപോലൊരു സംഭവം ഇസ്രായേലിൽ ഒരിക്കലും കണ്ടിട്ടില്ല.
മത്താ 9:34	എന്നാൽ, ഫരിസേയർ പറഞ്ഞു: അവൻ പിശാചുക്കളുടെ തലവനെക്കൊണ്ടാണ് പിശാചുക്കളെ ബഹിഷ്കരിക്കുന്നത്.

98. അപ്പസ്തോലൻമാരെ അയയ്ക്കുന്നു

ലൂക്കാ 9:1	അവൻ പന്ത്രണ്ടുപേരെയും വിളിച്ച് സകല പിശാചുക്കളുടെയുംമേൽ അവർക്ക് അധികാരവും ശക്തിയും കൊടുത്തു; അതോടൊപ്പം രോഗങ്ങൾ സുഖപ്പെടുത്താനും.
ലൂക്കാ 9:2	ദൈവരാജ്യം പ്രസംഗിക്കാനും രോഗികളെ സുഖപ്പെടുത്താനുമായി അവൻ അവരെ അയച്ചു.
മത്താ 10:5	ഈ പന്ത്രണ്ടു പേരെയും യേശു ഇപ്രകാരം ചുമതലപ്പെടുത്തി അയച്ചു: നിങ്ങൾ വിജാതീയരുടെയടുത്തേക്കു പോകരുത്; സമരിയാക്കാരുടെ പട്ടണത്തിൽ പ്രവേശിക്കുകയുമരുത്.
മത്താ 10:6	പ്രത്യുത, ഇസ്രായേൽ വംശത്തിലെ നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുത്തേക്കു പോകുവിൻ.
മത്താ 10:7	പോകുമ്പോൾ, സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പ്രസംഗിക്കുവിൻ.
മത്താ 10:8	രോഗികളെ സുഖപ്പെടുത്തുകയും മരിച്ചവരെ ഉയിർപ്പിക്കുകയും കുഷ്ഠരോഗികളെ ശുദ്ധരാക്കുകയും പിശാചുക്കളെ ബഹിഷ്കരിക്കുകയും ചെയ്യുവിൻ. ദാനമായി നിങ്ങൾക്കു കിട്ടി; ദാനമായിത്തന്നെ കൊടുക്കുവിൻ.
മർക്കോ 6:8	യാത്രയ്ക്കു വടിയല്ലാതെ മറ്റൊന്നും – അപ്പമോ സഞ്ചിയോ അരപ്പട്ടയിൽ പണമോ – കരുതരുത്.
മർക്കോ 6:9	ചെരിപ്പു ധരിക്കാം, രണ്ട് ഉടുപ്പുകൾ ധരിക്കരുത്;
മർക്കോ 6:10	അവൻ തുടർന്നു: നിങ്ങൾ ഏതെങ്കിലും സ്ഥലത്ത് ഒരു വീട്ടിൽ പ്രവേശിച്ചാൽ, അവിടംവിട്ടു പോകുന്നതുവരെ ആ വീട്ടിൽ താമസിക്കുവിൻ.
മർക്കോ 6:11	എവിടെയെങ്കിലും ജനങ്ങൾ നിങ്ങളെ സ്വീകരിക്കാതിരിക്കുകയോ നിങ്ങളുടെ വാക്കുകൾ ശ്രവിക്കാതിരിക്കുകയോ ചെയ് താൽ അവിടെനിന്നു പുറപ്പെടുമ്പോൾ അവർക്കു സാക്ഷ്യത്തിനായി നിങ്ങളുടെ കാലിലെ പൊടി തട്ടിക്കളയുവിൻ.
മർക്കോ 6:12	ശിഷ്യൻമാർ പുറപ്പെട്ട്, ജനങ്ങളോട് അനുതപിക്കണമെന്നു പ്രസംഗിച്ചു.
മർക്കോ 6:13	അനേകം പിശാചുക്കളെ പുറത്താക്കി; അനേകം രോഗികളെ തൈലംപൂശി സുഖപ്പെടുത്തി.

99. അപ്പസ്തോലൻമാർ തിരിച്ചുവരുന്നു

മർക്കോ 6:30	അപ്പസ്തോലൻമാർ യേശുവിൻെറ അടുത്ത് ഒരുമിച്ചുകൂടി, തങ്ങൾ ചെയ്തതും പഠിപ്പിച്ചതും അറിയിച്ചു.
മർക്കോ 6:31	അനേകം ആളുകൾ അവിടെ വരുകയും പോകുകയും ചെയ്തിരുന്നു. ഭക്ഷണം കഴിക്കാൻപോലും അവർക്ക് ഒഴിവു കിട്ടിയിരുന്നില്ല. അതിനാൽ അവൻ പറഞ്ഞു: നിങ്ങൾ ഒരു വിജ നസ്ഥലത്തേക്കു വരുവിൻ; അൽപം വിശ്ര മിക്കാം.

100. സ്നാപക യോഹന്നാന്റെ മരണം

മർക്കോ 6:21	ഹേറോദേസ് തൻെറ ജൻമദിനത്തിൽ രാജസേവകൻമാർക്കും സഹസ്രാധിപൻമാർക്കും ഗലീലിയിലെ പ്രമാണികൾക്കും വിരുന്നു നൽകിയപ്പോൾ ഹേറോദിയായ്ക്ക് അനുകൂലമായ ഒരു അവസരം വന്നുചേർന്നു.
മർക്കോ 6:22	അവളുടെ മകൾ വന്ന് നൃത്തംചെയ്ത് ഹേറോദേസിനെയും അതിഥികളെയും പ്രീതിപ്പെടുത്തി. രാജാവു പെൺകുട്ടിയോടു പറഞ്ഞു: നീ ആഗ്രഹിക്കുന്നതെന്തും ചോദിച്ചുകൊള്ളുക. അതു ഞാൻ നിനക്കു തരും.
മർക്കോ 6:23	അവൻ അവളോടു ശപഥംചെയ്തു പറഞ്ഞു: നീ എന്തു തന്നെ ചോദിച്ചാലും, എൻെറ രാജ്യത്തിൻെറ പകുതിപോലും ഞാൻ നിനക്കു തരും.
മർക്കോ 6:24	അവൾ പോയി അമ്മയോടു ചോദിച്ചു: ഞാൻ എന്താണ് ആവശ്യപ്പെടേണ്ടത്? അമ്മ പറഞ്ഞു: സ്നാപകയോഹന്നാൻെറ ശിരസ്സ്.
മർക്കോ 6:25	അവൾ ഉടനെ അകത്തുവന്ന് രാജാവിനോട് ആവശ്യപ്പെട്ടു: ഇപ്പോൾത്തന്നെ സ്നാപകയോഹന്നാൻെറ ശിരസ്സ് ഒരു തളികയിൽ വച്ച് എനിക്കു തരണമെന്നു ഞാൻ ആഗ്രഹിക്കുന്നു.
മർക്കോ 6:26	രാജാവ് അതീവ ദുഃഖിതനായി. എങ്കിലും, തൻെറ ശപഥത്തെപ്രതിയും അതിഥികളെ വിചാരിച്ചും അവളുടെ ആഗ്രഹം നിരസിക്കാൻ അവനു തോന്നിയില്ല.
മർക്കോ 6:27	അവൻെറ തല കൊണ്ടുവരാൻ ആജ്ഞാപിച്ച് ഒരു സേവകനെ രാജാവ് ഉടനെ അയച്ചു. അവൻ കാരാഗൃഹത്തിൽ ചെന്ന് യോഹന്നാൻെറ തല വെട്ടിയെടുത്തു.
മർക്കോ 6:28	അത് ഒരു തളികയിൽ വച്ച് കൊണ്ടുവന്നു പെൺകുട്ടിക്കു കൊടുത്തു. അവൾ അത് അമ്മയെ ഏൽപിച്ചു.
മർക്കോ 6:29	ഈ വിവരം അറിഞ്ഞയോഹന്നാൻെറ ശിഷ്യൻമാർ വന്ന് മൃതദേഹം കല്ലറയിൽ സംസ്കരിച്ചു.

101. അഞ്ച് അപ്പം അയ്യായിരം പേർക്ക്

മത്താ 14:13	യേശു ഇതുകേട്ട് അവിടെനിന്നു പിൻവാങ്ങി, വഞ്ചിയിൽ കയറി, തനിച്ച് ഒരു വിജനസ്ഥലത്തേക്കുപോയി. ഇതറിഞ്ഞജനക്കൂട്ടം പട്ടണങ്ങളിൽനിന്നു കാൽനടയായി അവനെ പിന്തുടർന്നു.
മത്താ 14:14	അവൻ കരയ്ക്കിറങ്ങിയപ്പോൾ വലിയ ഒരു ജനക്കൂട്ടത്തെ കണ്ടു. അവരുടെമേൽ അവന് അനുകമ്പതോന്നി. അവരുടെയിടയിലെ രോഗികളെ അവൻ സുഖപ്പെടുത്തി.
മത്താ 14:15	സായാഹ്നമായപ്പോൾ ശിഷ്യൻമാർ അവനെ സമീപിച്ചു പറഞ്ഞു: ഇതൊരു വിജനസ്ഥലമാണ്; നേരവും വൈകിയിരിക്കുന്നു. ഗ്രാമങ്ങളിൽ പോയി തങ്ങൾക്കു ഭക്ഷണംവാങ്ങാൻ ഈ ജനക്കൂട്ടത്തെ പറഞ്ഞയയ്ക്കുക.
മത്താ 14:16	എന്നാൽ യേശു പറഞ്ഞു: അവർ പോകേണ്ടതില്ല; നിങ്ങൾ തന്നെ അവർക്കു ഭക്ഷണം കൊടുക്കുവിൻ.
യോഹ 6:5	അവൻ പീലിപ്പോസിനോടു ചോദിച്ചു: ഇവർക്കു ഭക്ഷിക്കുവാൻ നാം എവിടെനിന്ന് അപ്പം വാങ്ങും?
യോഹ 6:6	അവനെ പരീക്ഷിക്കാനാണ് യേശു ഇങ്ങനെ ചോദിച്ചത്. എന്തു ചെയ്യണമെന്ന് യേശു നേരത്തെ മനസ്സിൽ കരുതിയിരുന്നു.
യോഹ 6:7	പീലിപ്പോസ് മറുപടി പറഞ്ഞു: ഓരോരുത്തർക്കും അൽപം വീതം കൊടുക്കുവാൻ ഇരുനൂറു ദനാറയ്ക്കുള്ള അപ്പംപോലും തികയുകയില്ല
മർക്കോ 6:38	അവൻ ചോദിച്ചു: നിങ്ങളുടെ കൈവശം എത്ര അപ്പം ഉണ്ട്? ചെന്നുനോക്കുവിൻ.
മത്താ 14:17	അവർ പറഞ്ഞു: അഞ്ചപ്പവും രണ്ടു മത്സ്യവും മാത്രമേ ഇവിടെ ഞങ്ങളുടെ പക്കലുള്ളൂ.
മത്താ 14:18	അവൻ പറഞ്ഞു: അത് എൻെറ അടുത്തുകൊണ്ടുവരുക.
മത്താ 14:19	അവൻ ജനക്കൂട്ടത്തോടു പുൽത്തകിടിയിൽ ഇരിക്കാൻ കൽപിച്ചതിനുശേഷം ആ അഞ്ചപ്പവും രണ്ടു മത്സ്യവും എടുത്ത്, സ്വർഗത്തിലേക്കുനോക്കി, ആശീർവദിച്ച്, അപ്പംമുറിച്ച്, ശിഷ്യൻമാരെ ഏൽപിച്ചു. അവർ അതു ജനങ്ങൾക്കു വിളമ്പി.
മത്താ 14:20	അവരെല്ലാവരും ഭക്ഷിച്ചു തൃപ്തരായി. ബാക്കിവന്ന കഷണങ്ങൾ പന്ത്രണ്ടു കുട്ട നിറയെ അവർ ശേഖരിച്ചു.
മത്താ 14:21	ഭക്ഷിച്ചവർ സ്ത്രീകളും കുട്ടികളുമൊഴികെ അയ്യായിരത്തോളം പുരുഷൻമാർ ആയിരുന്നു.

102. യേശു വെള്ളത്തിനുമീതേ നടക്കുന്നു

മത്താ 14:22	ജനസഞ്ചയത്തെ പിരിച്ചുവിടുമ്പോഴേക്കും തനിക്കുമുമ്പേ വഞ്ചിയിൽ കയറി മറുകരയ്ക്കു പോകാൻ യേശു ശിഷ്യൻമാരെ നിർബന്ധിച്ചു.
മത്താ 14:23	അവൻ ജനക്കൂട്ടത്തെ പിരിച്ചുവിട്ടതിനുശേഷം ഏകാന്തതയിൽ പ്രാർഥിക്കാൻമലയിലേക്കുകയറി. രാത്രിയായപ്പോഴും അവൻ അവിടെ തനിച്ച് ആയിരുന്നു.
മത്താ 14:24	ഇതിനിടെ വഞ്ചി കരയിൽനിന്ന് ഏറെദൂരം അകന്നുകഴിഞ്ഞിരുന്നു. കാറ്റ് പ്രതികൂലമായിരുന്നതിനാൽ തിരമാലകളിൽപ്പെട്ട് അതു വല്ലാതെ ഉലഞ്ഞു.
മത്താ 14:25	രാത്രിയുടെ നാലാംയാമത്തിൽ അവൻ കടലിൻമീതേ നടന്ന് അവരുടെ അടുത്തേക്കു ചെന്നു.
മത്താ 14:26	അവൻ കടലിനുമീതേ നടക്കുന്നതുകണ്ട് ശിഷ്യൻമാർ പരിഭ്രാന്തരായി, ഇതാ, ഭൂതം എന്നുപറഞ്ഞ്, ഭയം നിമിത്തം നിലവിളിച്ചു.
മത്താ 14:27	ഉടനെ അവൻ അവരോടു സംസാരിച്ചു: ധൈര്യമായിരിക്കുവിൻ, ഞാനാണ്, ഭയപ്പെടേണ്ടാ.
മത്താ 14:28	പത്രോസ് അവനോടു പറഞ്ഞു: കർത്താവേ, അങ്ങാണെങ്കിൽ ഞാൻ ജലത്തിനുമീതേകൂടി അങ്ങയുടെ അടുത്തേക്കു വരാൻ കൽപിക്കുക. വരൂ, അവൻ പറഞ്ഞു.
മത്താ 14:29	പത്രോസ് വഞ്ചിയിൽ നിന്നിറങ്ങി വെള്ളത്തിനുമുകളിലൂടെ യേശുവിൻെറ അടുത്തേക്കു നടന്നു ചെന്നു.
മത്താ 14:30	എന്നാൽ, കാറ്റ് ആഞ്ഞടിക്കുന്നതുകണ്ട് അവൻ ഭയന്നു. ജലത്തിൽ മുങ്ങിത്താഴാൻ തുടങ്ങിയപ്പോൾ അവൻ നിലവിളിച്ചുപറഞ്ഞു: കർത്താവേ, രക്ഷിക്കണേ!
മത്താ 14:31	ഉടനെ യേശു കൈനീട്ടി അവനെ പിടിച്ചുകൊണ്ടു പറഞ്ഞു: അൽപവിശ്വാസീ, നീ സംശയിച്ചതെന്ത്?
മത്താ 14:32	അവർ വഞ്ചിയിൽ കയറിയപ്പോൾ കാറ്റു ശമിച്ചു.
മത്താ 14:33	വഞ്ചിയിലുണ്ടായിരുന്നവർ അവനെ ആരാധിച്ചുകൊണ്ട് സത്യമായും നീ ദൈവപുത്രനാണ് എന്നുപറഞ്ഞു.

103. ജീവൻെറ അപ്പം

യോഹ 6:22	അവിടെ ഒരു വള്ളം മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നും ശിഷ്യൻമാരോടുകൂടി യേശു അതിൽ കയറിയിരുന്നില്ല എന്നും ശിഷ്യൻമാർ തനിയേ ആണു പോയതെന്നും കടലിൻെറ മറുകരെ നിന്ന ആളുകൾ പിറ്റേദിവസം മനസ്സിലാക്കി.
യോഹ 6:23	കർത്താവ് കൃതജ്ഞതാസ്തോത്രം ചെയ്തു നൽകിയ അപ്പം ജനങ്ങൾ ഭക്ഷിച്ച ആ സ്ഥലത്തിനടുത്തേക്കു തിബേരിയാസിൽനിന്നു മറ്റു വള്ളങ്ങൾ വന്നു.
യോഹ 6:24	യേശുവോ ശിഷ്യൻമാരോ അവിടെയില്ലെന്നു കണ്ടപ്പോൾ ജനക്കൂട്ടം വള്ളങ്ങളിൽ കയറി യേശുവിനെത്തിരക്കി കഫർണാമിലെത്തി.
യോഹ 6:25	യേശുവിനെ കടലിൻെറ മറുകരയിൽ കണ്ടെത്തിയപ്പോൾ അവർ ചോദിച്ചു: റബ്ബീ, അങ്ങ് എപ്പോൾ ഇവിടെയെത്തി?
യോഹ 6:26	യേശു പ്രതിവചിച്ചു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അടയാളങ്ങൾ കണ്ടതുകൊണ്ടല്ല, അപ്പം ഭക്ഷിച്ചു തൃപ്തരായതുകൊണ്ടാണ് നിങ്ങൾ എന്നെ അന്വേഷിക്കുന്നത്.

യോഹ 6:27	നശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കാതെ മനുഷ്യപുത്രന്‍ തരുന്ന നിത്യജീവന്‍െറ അനശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കുവിന്‍. എന്തെന്നാല്‍, പിതാവായ ദൈവം അവന്‍െറ മേല്‍ അംഗീകാരമുദ്രവച്ചിരിക്കുന്നു.
യോഹ 6:28	അപ്പോള്‍ അവര്‍ ചോദിച്ചു: ദൈവഹിതമനുസരിച്ചു പ്രവര്‍ത്തിക്കുന്നവരാകാന്‍ ഞങ്ങള്‍ എന്തു ചെയ്യണം?
യോഹ 6:29	യേശു മറുപടി പറഞ്ഞു: ഇതാണു ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി – അവിടുന്ന് അയച്ചവനില്‍ വിശ്വസിക്കുക.
യോഹ 6:30	അപ്പോള്‍ അവര്‍ ചോദിച്ചു: ഞങ്ങള്‍ കണ്ട് നിന്നെ വിശ്വസിക്കേണ്ടതിന് എന്തടയാളമാണു നീ ചെയ്യുക? എന്താണു നീ പ്രവര്‍ത്തിക്കുക?
യോഹ 6:31	അവിടുന്ന് അവര്‍ക്കു ഭക്ഷിക്കുവാന്‍ സ്വര്‍ഗത്തില്‍നിന്ന് അപ്പം കൊടുത്തു എന്നെഴുതപ്പെട്ടിരിക്കുന്നതുപോലെ, ഞങ്ങളുടെ പിതാക്കന്‍മാര്‍ മരുഭൂമിയില്‍വച്ചു മന്നാ ഭക്ഷിച്ചു.
യോഹ 6:32	യേശു മറുപടി പറഞ്ഞു: സത്യം സത്യമായി ഞാന്‍ നിങ്ങളോടു പറയുന്നു, മോശയല്ല നിങ്ങള്‍ക്ക് സ്വര്‍ഗത്തില്‍നിന്ന് അപ്പം തന്നത്; എന്‍െറ പിതാവാണ് സ്വര്‍ഗത്തില്‍നിന്ന് നിങ്ങള്‍ക്കുയഥാര്‍ഥമായ അപ്പം തരുന്നത്.
യോഹ 6:33	എന്തെന്നാല്‍, ദൈവത്തിന്‍െറ അപ്പം സ്വര്‍ഗത്തില്‍നിന്നിറങ്ങിവന്ന് ലോകത്തിനു ജീവന്‍ നല്‍കുന്നതത്രേ.
യോഹ 6:34	അപ്പോള്‍ അവര്‍ അവനോട് അപേക്ഷിച്ചു: കര്‍ത്താവേ, ഈ അപ്പം ഞങ്ങള്‍ക്ക് എപ്പോഴും നല്‍കണമേ.
യോഹ 6:35	യേശു അവരോടു പറഞ്ഞു: ഞാനാണ് ജീവന്‍െറ അപ്പം. എന്‍െറ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നില്‍ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല.
യോഹ 6:36	എന്നാല്‍, നിങ്ങള്‍ എന്നെക്കണ്ടിട്ടും വിശ്വസിക്കുന്നില്ല എന്നു ഞാന്‍ നിങ്ങളോടു പറഞ്ഞിട്ടുണ്ടല്ലോ.
യോഹ 6:37	പിതാവ് എനിക്കു നല്‍കുന്നവരെല്ലാം എന്‍െറ അടുത്തു വരും. എന്‍െറ അടുക്കല്‍ വരുന്നവനെ ഞാന്‍ ഒരിക്കലും തള്ളിക്കളയുകയുമില്ല.
യോഹ 6:38	ഞാന്‍ സ്വര്‍ഗത്തില്‍ നിന്ന് ഇറങ്ങിവന്നിരിക്കുന്നത് എന്‍െറ ഇഷ്ടം പ്രവര്‍ത്തിക്കാനല്ല, എന്നെ അയച്ചവന്‍െറ ഇഷ്ടം നിറവേറ്റാനാണ്.
യോഹ 6:39	അവിടുന്ന് എനിക്കു നല്‍കിയവരില്‍ ഒരുവനെപ്പോലും ഞാന്‍ നഷ്ടപ്പെടുത്താതെ, അന്ത്യദിനത്തില്‍ ഉയിര്‍പ്പിക്കണമെന്നതാണ് എന്നെ അയച്ചവന്‍െറ ഇഷ്ടം.
യോഹ 6:40	പുത്രനെ കാണുകയും അവനില്‍ വിശ്വസിക്കുകയും ചെയ്യുന്നവനാരോ അവനു നിത്യജീവന്‍ ഉണ്ടാകണമെന്നതാണ് എന്‍െറ പിതാവിന്‍െറ ഇഷ്ടം. അന്ത്യദിനത്തില്‍ അവനെ ഞാന്‍ ഉയിര്‍പ്പിക്കുകയും ചെയ്യും.
യോഹ 6:41	സ്വര്‍ഗത്തില്‍നിന്ന് ഇറങ്ങിവന്ന അപ്പം ഞാനാണ് എന്ന് അവന്‍ പറഞ്ഞതിനാല്‍ യഹൂദര്‍ അവനെതിരേ പിറുപിറുത്തു.
യോഹ 6:42	അവര്‍ പറഞ്ഞു: ഇവന്‍ ജോസഫിന്‍െറ മകനായ യേശുവല്ലേ? ഇവന്‍െറ പിതാവിനെയും മാതാവിനെയും നമുക്കറിഞ്ഞുകൂടെ? പിന്നെയെങ്ങനെയാണ്, ഞാന്‍ സ്വര്‍ഗത്തില്‍നിന്നിറങ്ങിവന്നിരിക്കുന്നു എന്ന് ഇവന്‍ പറയുന്നത്?
യോഹ 6:43	യേശു അവരോടു പറഞ്ഞു: നിങ്ങള്‍ പരസ്പരം പിറുപിറുക്കേണ്ടതില്ല.
യോഹ 6:44	എന്നെ അയച്ച പിതാവ് ആകര്‍ഷിച്ചാലല്ലാതെ ഒരുവനും എന്‍െറ അടുക്കലേക്കു വരാന്‍ സാധിക്കുകയില്ല. അന്ത്യദിനത്തില്‍ അവനെ ഞാന്‍ ഉയിര്‍പ്പിക്കും.
യോഹ 6:45	അവരെല്ലാവരും ദൈവത്താല്‍ പഠിപ്പിക്കപ്പെട്ടവരാകും എന്ന് പ്രവാചകഗ്രന്ഥങ്ങളില്‍ എഴുതപ്പെട്ടിരിക്കുന്നു. പിതാവില്‍നിന്നു ശ്രവിക്കുകയും പഠിക്കുകയും ചെയ്തവരെല്ലാം എന്‍െറ അടുക്കല്‍ വരുന്നു.
യോഹ 6:46	ആരെങ്കിലും പിതാവിനെ കണ്ടിട്ടുണ്ട് എന്നല്ല ഇതിനര്‍ഥം. ദൈവത്തില്‍നിന്നുള്ളവന്‍മാത്രമേ പിതാവിനെ കണ്ടിട്ടുള്ളു.
യോഹ 6:47	സത്യം സത്യമായി ഞാന്‍ നിങ്ങളോടു പറയുന്നു, വിശ്വസിക്കുന്നവനു നിത്യജീവനുണ്ട്.
യോഹ 6:48	ഞാന്‍ ജീവന്‍െറ അപ്പമാണ്.
യോഹ 6:49	നിങ്ങളുടെ പിതാക്കന്‍മാര്‍ മരുഭൂമിയില്‍വച്ചു മന്നാ ഭക്ഷിച്ചു; എങ്കിലും അവര്‍ മരിച്ചു.
യോഹ 6:50	ഇതാകട്ടെ, മനുഷ്യന്‍ ഭക്ഷിക്കുന്നതിനുവേണ്ടി സ്വര്‍ഗത്തില്‍നിന്നിറങ്ങിയ അപ്പമാണ്. ഇതു ഭക്ഷിക്കുന്നവന്‍മരിക്കുകയില്ല.
യോഹ 6:51	സ്വര്‍ഗത്തില്‍നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തില്‍നിന്നു ഭക്ഷിച്ചാല്‍ അവന്‍ എന്നേക്കും ജീവിക്കും. ലോകത്തിന്‍െറ ജീവനുവേണ്ടി ഞാന്‍ നല്‍കുന്ന അപ്പം എന്‍െറ ശരീരമാണ്.
യോഹ 6:52	ഇതെപ്പറ്റി യഹൂദര്‍ക്കിടയില്‍ തര്‍ക്കമുണ്ടായി. തന്‍െറ ശരീരം നമുക്കു ഭക്ഷണമായിത്തരാന്‍ ഇവന് എങ്ങനെ കഴിയും എന്ന് അവര്‍ ചോദിച്ചു.
യോഹ 6:53	യേശു പറഞ്ഞു: സത്യം സത്യമായി ഞാന്‍ നിങ്ങളോടു പറയുന്നു, നിങ്ങള്‍ മനുഷ്യപുത്രന്‍െറ ശരീരം ഭക്ഷിക്കുകയും അവന്‍െറ രക്തം പാനംചെയ്യുകയും ചെയ്യുന്നില്ലെങ്കില്‍, നിങ്ങള്‍ക്കു ജീവന്‍ ഉണ്ടായിരിക്കുകയില്ല.
യോഹ 6:54	എന്‍െറ ശരീരം ഭക്ഷിക്കുകയും എന്‍െറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവസാന ദിവസം ഞാന്‍ അവനെ ഉയിര്‍പ്പിക്കും.
യോഹ 6:55	എന്തെന്നാല്‍, എന്‍െറ ശരീരംയഥാര്‍ഥ ഭക്ഷണമാണ്. എന്‍െറ രക്തംയഥാര്‍ഥ പാനീയവുമാണ്.
യോഹ 6:56	എന്‍െറ ശരീരം ഭക്ഷിക്കുകയും എന്‍െറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന്‍ എന്നിലും ഞാന്‍ അവനിലും വസിക്കുന്നു.
യോഹ 6:57	ജീവിക്കുന്നവനായ പിതാവ് എന്നെ അയച്ചു; ഞാന്‍ പിതാവുമൂലം ജീവിക്കുന്നു. അതുപോലെ, എന്നെ ഭക്ഷിക്കുന്നവന്‍ ഞാന്‍ മൂലം ജീവിക്കും.

യോഹ 6:58	ഇതു സ്വർഗത്തിൽനിന്നിറങ്ങിവന്ന അപ്പമാണ്. പിതാക്കൻമാർ മന്നാ ഭക്ഷിച്ചു; എങ്കിലും മരിച്ചു. അതുപോലെയല്ല ഈ അപ്പം. ഇതു ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും.
യോഹ 6:59	കഫർണാമിലെ സിനഗോഗിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോഴാണ് അവൻ ഇതു പറഞ്ഞത്.

104. നിത്യജീവൻെറ വചസ്സുകൾ

യോഹ 6:60	ഇതുകേട്ട് അവൻെറ ശിഷ്യരിൽ പലരും പറഞ്ഞു: ഈ വചനം കഠിനമാണ്. ഇതു ശ്രവിക്കാൻ ആർക്കു കഴിയും?
യോഹ 6:61	തൻെറ ശിഷ്യൻമാർ പിറുപിറുക്കുന്നു എന്നു മനസ്സിലാക്കി യേശു അവരോടു ചോദിച്ചു: ഇതു നിങ്ങൾക്ക് ഇടർച്ചവരുത്തുന്നുവോ?
യോഹ 6:62	അങ്ങനെയെങ്കിൽ മനുഷ്യപുത്രൻ ആദ്യം ആയിരുന്നിടത്തേക്ക് ആരോഹണം ചെയ്യുന്നതു നിങ്ങൾ കണ്ടാലോ?
യോഹ 6:63	ആത്മാവാണു ജീവൻ നൽകുന്നത്; ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. നിങ്ങളോടു ഞാൻ പറഞ്ഞവാക്കുകൾ ആത്മാവും ജീവനുമാണ്.
യോഹ 6:64	എന്നാൽ, വിശ്വസിക്കാത്തവരായി നിങ്ങളിൽ ചിലരുണ്ട്. അവർ ആരെന്നും തന്നെ ഒറ്റിക്കൊടുക്കാനിരിക്കുന്നവൻ ആരെന്നും ആദ്യം മുതലേ അവൻ അറിഞ്ഞിരുന്നു.
യോഹ 6:65	അവൻ പറഞ്ഞു: ഇതുകൊണ്ടാണ്, പിതാവിൽനിന്നു വരം ലഭിച്ചാലല്ലാതെ എൻെറയടുക്കലേക്കു വരാൻ ആർക്കും സാധിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞത്.
യോഹ 6:66	ഇതിനുശേഷം അവൻെറ ശിഷ്യൻമാരിൽ വളരെപ്പേർ അവനെ വിട്ടുപോയി; അവർ പിന്നീടൊരിക്കലും അവൻെറ കൂടെ നടന്നില്ല.
യോഹ 6:67	യേശു പന്ത്രണ്ടുപേരോടുമായി ചോദിച്ചു: നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ?
യോഹ 6:68	ശിമയോൻ പത്രോസ് മറുപടി പറഞ്ഞു: കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കു പോകും? നിത്യജീവൻെറ വചനങ്ങൾ നിൻെറ പക്കലുണ്ട്.
യോഹ 6:69	നീയാണു ദൈവത്തിൻെറ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു.
യോഹ 6:70	യേശു അവരോടു പറഞ്ഞു: നിങ്ങൾ പന്ത്രണ്ടുപേരെ ഞാൻ തിരഞ്ഞെടുത്തില്ലേ? എന്നാൽ നിങ്ങളിൽ ഒരുവൻ പിശാചാണ്.
യോഹ 6:71	അവൻ ഇതു പറഞ്ഞത് ശിമയോൻ സ്ക റിയോത്തായുടെ മകനായ യൂദാസിനെക്കുറിച്ചാണ്. എന്തെന്നാൽ, പന്ത്രണ്ടുപേരിലൊരുവനായ അവനാണ് യേശുവിനെ ഒറ്റിക്കൊടുക്കാനിരുന്നത്.

105. ഗനേസറത്തിലെ അദ്ഭുതങ്ങൾ

മത്താ 14:34	അവർ കടൽ കടന്ന് ഗനേസറത്തിലെത്തി.
മത്താ 14:35	അവിടത്തെ ജനങ്ങൾ അവനെ തിരിച്ചറിഞ്ഞ്, ചുറ്റുമുള്ള നാട്ടിലെല്ലാം ആളയച്ച്, സകല രോഗികളെയും അവൻെറ അടുത്തു കൊണ്ടുവന്നു.
മത്താ 14:36	അവൻെറ വസ്ത്രത്തിൻെറ വിളുമ്പിൽ ഒന്നു തൊടാനെങ്കിലും അനുവദിക്കണമെന്ന് അവർ അവനോടപേക്ഷിച്ചു. സ്പർശിച്ചവരെല്ലാം സുഖം പ്രാപിക്കുകയുംചെയ്തു.

106. ഹേറോദേസിൻെറ ഉത്കണ്ഠ

മർക്കോ 6:14	ഹേറോദേസ് രാജാവും ഇക്കാര്യങ്ങൾ കേട്ടു. യേശുവിൻെറ പേര് പ്രസിദ്ധമായിക്കഴിഞ്ഞിരുന്നു. ചിലർ പറഞ്ഞു: സ്നാപകയോഹന്നാൻമരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് അദ്ഭുത കരമായ ഈ ശക്തികൾ ഇവനിൽ പ്രവർത്തിക്കുന്നത്.
മർക്കോ 6:15	മറ്റുചിലർ പറഞ്ഞു: ഇവൻ ഏലിയാ ആണ്, വേറെ ചിലർ പറഞ്ഞു: പ്രവാചകരിൽ ഒരുവനെപ്പോലെ ഇവനും ഒരു പ്രവാചകനാണ്.
മർക്കോ 6:16	എന്നാൽ, ഇതെല്ലാം കേട്ടപ്പോൾ ഹേറോദേസ് പ്രസ്താവിച്ചു: ഞാൻ ശിരശ്ഛേദംചെയ്ത യോഹന്നാൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു.

107. യേശു പാരമ്പര്യത്തെക്കുറിച്ചു പഠിപ്പിയ്ക്കുന്നു

മത്താ 15:1	അനന്തരം ജറുസലെമിൽനിന്നു ഫരിസേയരും നിയമജ്ഞരും യേശുവിൻെറ അടുത്തുവന്നുപറഞ്ഞു:
മത്താ 15:2	നിൻെറ ശിഷ്യൻമാർ പൂർവികരുടെ പാരമ്പര്യം ലംഘിക്കുന്നതെന്തുകൊണ്ട്? ഭക്ഷണം കഴിക്കുന്നതിനു മുമ്പ് അവർ കൈകഴുകുന്നില്ലല്ലോ.
മത്താ 15:3	അവൻ മറുപടി പറഞ്ഞു: നിങ്ങളുടെ പാരമ്പര്യത്തിൻെറ പേരിൽ നിങ്ങൾ ദൈവത്തിൻെറ പ്രമാണം ലംഘിക്കുന്നതെന്തുകൊണ്ട്?
മത്താ 15:4	പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക; പിതാവിനെയോ മാതാവിനെയോ അധിക്ഷേപിക്കുന്നവൻമരിക്കണം എന്നു ദൈവം കൽപിച്ചിരിക്കുന്നു.
മത്താ 15:5	എന്നാൽ, നിങ്ങൾ പറയുന്നു, ആരെങ്കിലും തൻെറ പിതാവിനോടോ മാതാവിനോടോ എന്നിൽനിന്നു നിങ്ങൾക്കു ലഭിക്കേണ്ടത് വഴിപാടായി നൽകിക്കഴിഞ്ഞു എന്നു പറഞ്ഞാൽ പിന്നെ അവൻ അവരെ സംരക്ഷിക്കേണ്ടതില്ല എന്ന്.
മത്താ 15:6	ഇങ്ങനെ, നിങ്ങളുടെ പാരമ്പര്യത്തിനുവേണ്ടി ദൈവവചനത്തെനിങ്ങൾ വ്യർഥമാക്കിയിരിക്കുന്നു.
മത്താ 15:7	കപടനാട്യക്കാരേ, ഏശയ്യാ നിങ്ങളെപ്പറ്റി ശരിയായിത്തന്നെ പ്രവചിച്ചു:
മത്താ 15:8	ഈ ജനം അധരംകൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ, അവരുടെ ഹൃദയം എന്നിൽനിന്നു വളരെ അകലെയാണ്.
മത്താ 15:9	അവർ മാനുഷിക നിയമങ്ങൾ പ്രമാണങ്ങളായി പഠിപ്പിച്ചുകൊണ്ട് വ്യർഥമായി എന്നെ ആരാധിക്കുന്നു.

മത്താ 15:10	അവൻ ജനങ്ങളെ തൻെറ അടുത്തു വിളിച്ചു പറഞ്ഞു: നിങ്ങൾ കേട്ടു മനസ്സിലാക്കുവിൻ;
മത്താ 15:11	വായിലേക്കു പ്രവേശിക്കുന്നതല്ല, വായിൽനിന്നു വരുന്നതാണ് ഒരുവനെ അശുദ്ധനാക്കുന്നത്.
മത്താ 15:12	അപ്പോൾ ശിഷ്യൻമാർ അടുത്തുവന്നു പറഞ്ഞു: ഈ വചനം ഫരിസേയർക്ക് ഇടർച്ചയുണ്ടാക്കിയെന്ന് നീ അറിയുന്നുവോ?
മത്താ 15:13	അവൻ മറുപടി പറഞ്ഞു: എൻെറ സ്വർഗീയ പിതാവ് നട്ടതല്ലാത്ത ചെടികളൊക്കെയും പിഴുതുമാറ്റപ്പെടും.
മത്താ 15:14	അവരെ വിട്ടേക്കൂ; അവർ അന്ധരെ നയിക്കുന്ന അന്ധരാണ്. അന്ധൻ അന്ധനെ നയിച്ചാൽ ഇരുവരും കുഴിയിൽ വീഴും.
മത്താ 15:15	ഈ ഉപമ ഞങ്ങൾക്കു വിശദീകരിച്ചു തരണമേ എന്നു പത്രോസ് അപേക്ഷിച്ചു.
മത്താ 15:16	അവൻ ചോദിച്ചു: നിങ്ങൾ ഇപ്പോഴും ഗ്രഹണശക്തിയില്ലാത്തവരാണോ?
മത്താ 15:17	വായിൽ പ്രവേശിക്കുന്നവ ഉദരത്തിലേക്കുപോകുന്നെന്നും അവിടെനിന്ന് അതു വിസർജിക്കപ്പെടുന്നെന്നും നിങ്ങൾ ഗ്രഹിക്കുന്നില്ലേ?
മത്താ 15:18	എന്നാൽ, വായിൽനിന്നു വരുന്നത് ഹൃദയത്തിൽ നിന്നാണു പുറപ്പെടുന്നത്. അതു മനുഷ്യനെ അശുദ്ധനാക്കുന്നു.
മത്താ 15:19	ദുശ്ചിന്തകൾ, കൊലപാതകം, പരസംഗം, വ്യഭിചാരം, മോഷണം, കള്ളസാക്ഷ്യം, പരദൂഷണം എന്നിവയെല്ലാം ഹൃദയത്തിൽ നിന്നാണ് പുറപ്പെടുന്നത്.
മത്താ 15:20	ഇവയാണ് ഒരുവനെ അശുദ്ധനാക്കുന്നത്. കൈകഴുകാതെ ഭക്ഷണം കഴിക്കുന്നത് ആരെയും അശുദ്ധനാക്കുന്നില്ല.

108. കനാന്യ സ്ത്രീയുടെ വിശ്വാസം

മത്താ 15:21	യേശു അവിടെ നിന്നു പുറപ്പെട്ട് ടയിർ, സീദോൻ എന്നീ പ്രദേശങ്ങളിലെത്തി.
മത്താ 15:22	അപ്പോൾ ആ പ്രദേശത്തുനിന്ന് ഒരു കാനാൻകാരി വന്നു കരഞ്ഞപേക്ഷിച്ചു: കർത്താവേ, ദാവീദിൻെറ പുത്രാ, എന്നിൽ കനിയണമേ! എൻെറ മകളെ പിശാച് ക്രൂരമായി ബാധിച്ചിരിക്കുന്നു.
മത്താ 15:23	എന്നാൽ, അവൻ ഒരു വാക്കുപോലും ഉത്തരം പറഞ്ഞില്ല. ശിഷ്യൻമാർ അവനോട് അഭ്യർഥിച്ചു: അവളെ പറഞ്ഞയച്ചാലും; അവൾ നമ്മുടെ പിന്നാലെ വന്നു നിലവിളിക്കുന്നല്ലോ.
മത്താ 15:24	അവൻ മറുപടി പറഞ്ഞു: ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കു മാത്രമാണു ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്.
മത്താ 15:25	എന്നാൽ, അവൾ അവനെ പ്രണമിച്ച് കർത്താവേ, എന്നെ സഹായിക്കണമേ എന്ന് അപേക്ഷിച്ചു.
മത്താ 15:26	അവൻ പറഞ്ഞു: മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നത് ഉചിതമല്ല.
മത്താ 15:27	അവൾ പറഞ്ഞു: അതേ, കർത്താവേ, നായ്ക്കളും യജമാനൻമാരുടെ മേശയിൽ നിന്നു വീഴുന്ന അപ്പക്കഷണങ്ങൾ തിന്നുന്നുണ്ടല്ലോ.
മത്താ 15:28	യേശു പറഞ്ഞു: സ്ത്രീയേ, നിൻെറ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ. ആ സമയംമുതൽ അവളുടെ പുത്രി സൗഖ്യമുള്ളവളായി.

109. ബധിരനെ സുഖപ്പെടുത്തുന്നു

മത്താ 15:29	യേശു അവിടെനിന്നു പുറപ്പെട്ട് ഗലീലിക്കടലിൻെറ തീരത്തുവന്ന് ഒരു മലയിൽ കയറി അവിടെ ഇരുന്നു.
മർക്കോ 7:32	ബധിരനും സംസാരത്തിനു തടസ്സമുണ്ടായിരുന്നവനുമായ ഒരുവനെ അവർ അവൻെറ യടുത്തു കൊണ്ടുവന്നു. അവൻെറ മേൽ കൈകൾവയ്ക്കണമെന്ന് അവർ അവനോട് അപേക്ഷിച്ചു.
മർക്കോ 7:33	യേശു അവനെ ജനക്കൂട്ടത്തിൽനിന്നു മാറ്റിനിർത്തി, അവൻെറ ചെവികളിൽ വിരലുകളിട്ടു; തുപ്പലുകൊണ്ട് അവൻെറ നാവിൽ സ്പർശിച്ചു.
മർക്കോ 7:34	സ്വർഗത്തിലേക്കു നോക്കി നെടുവീർപ്പിട്ടുകൊണ്ട് അവനോടു പറഞ്ഞു: എഫ്ഫാത്ത – തുറക്കപ്പെടട്ടെ എന്നർഥം.
മർക്കോ 7:35	ഉടനെ അവൻെറ ചെവികൾ തുറന്നു. നാവിൻെറ കെട്ടഴിഞ്ഞു. അവൻ സ്ഫുടമായി സംസാരിച്ചു.
മർക്കോ 7:36	ഇക്കാര്യം ആരോടും പറയരുതെന്ന് അവൻ അവരെ വിലക്കി. എന്നാൽ, എത്രയേറെ അവൻ വിലക്കിയോ അത്രയേറെ ശുഷ്കാന്തിയോടെ അവർ അതു പ്രഘോഷിച്ചു.
മർക്കോ 7:37	അവർ അളവറ്റ വിസ്മയത്തോടെ പറഞ്ഞു: അവൻ എല്ലാക്കാര്യങ്ങളും നന്നായിച്ചെയ്യുന്നു; ബധിരർക്കു ശ്രവണശക്തിയും ഊമർക്കു സംസാര ശക്തിയും നൽകുന്നു.
മത്താ 15:30	തത്സമയം മുടന്തർ, വികലാംഗർ, അന്ധർ, ഊമർ തുടങ്ങി പലരെയും കൂട്ടിക്കൊണ്ടു വലിയ ജനക്കൂട്ടങ്ങൾ അവിടെ വന്ന് അവരെ അവൻെറ കാൽക്കൽ കിടത്തി. അവൻ അവരെ സുഖപ്പെടുത്തി.
മത്താ 15:31	ഊമർ സംസാരിക്കുന്നതും വികലാംഗർ സുഖംപ്രാപിക്കുന്നതും മുടന്തർ നടക്കുന്നതും അന്ധർ കാഴ്ചപ്രാപിക്കുന്നതും കണ്ട് ജനക്കൂട്ടം വിസ്മയിച്ചു. അവർ ഇസ്രായേലിൻെറ ദൈവത്തെ മഹത്വപ്പെടുത്തി.

110. നാലായിരം പേരെ ഊട്ടുന്നു

മത്താ 15:32	യേശു ശിഷ്യൻമാരെ വിളിച്ചു പറഞ്ഞു: ഈ ജനക്കൂട്ടത്തോട് എനിക്ക് അനുകമ്പതോന്നുന്നു. മൂന്നു ദിവസമായി അവർ എന്നോടുകൂടെയാണ്; അവർക്കു ഭക്ഷിക്കാൻയാതൊന്നുമില്ല. വഴിയിൽ അവർ തളർന്നു വീഴാനിടയുള്ളതിനാൽ ആഹാരം നൽകാതെ അവരെ പറഞ്ഞയയ്ക്കാൻ എനിക്കു മനസ്സുവരുന്നില്ല.
മത്താ 15:33	ശിഷ്യൻമാർ ചോദിച്ചു: ഇത്ര വലിയ ജനക്കൂട്ടത്തെ തൃപ്തിപ്പെടുത്താൻ വേണ്ടത്ര അപ്പം ഈ മരുഭൂമിയിൽ എവിടെ നിന്നു കിട്ടും?
മത്താ 15:34	യേശു അവരോടു ചോദിച്ചു: നിങ്ങളുടെ പക്കൽ എത്ര അപ്പമുണ്ട്? അവർ പറഞ്ഞു: ഏഴ്, കുറെ ചെറിയ മത്സ്യവും ഉണ്ട്.
മത്താ 15:35	ജനക്കൂട്ടത്തോടു നിലത്തിരിക്കാൻ ആജ്ഞാപിച്ചിട്ട്,
മത്താ 15:36	അവൻ ഏഴപ്പവും മത്സ്യവും എടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത്, മുറിച്ച് ശിഷ്യൻമാരെ ഏൽപിച്ചു. ശിഷ്യൻമാർ അതു ജനക്കൂട്ടങ്ങൾക്കു വിളമ്പി. അവർ ഭക്ഷിച്ചു തൃപ്തരായി.
മത്താ 15:37	ബാക്കിവന്ന കഷണങ്ങൾ ഏഴു കുട്ടനിറയെ അവർ ശേഖരിച്ചു.
മത്താ 15:38	ഭക്ഷിച്ചവർ സ്ത്രീകളും കുട്ടികളുമൊഴികെ നാലായിരം പുരുഷൻമാരായിരുന്നു.
മത്താ 15:39	ജനക്കൂട്ടത്തെ പറഞ്ഞയച്ചിട്ട് അവൻ വഞ്ചിയിൽ കയറി മഗദാൻ പ്രദേശത്തേക്കു പോയി.

111. ഫരിസേയർ അടയാളം ആവശ്യപ്പെടുന്നു

മത്താ 16:1	ഫരിസേയരും സദുക്കായരും യേശുവിനെ പരീക്ഷിക്കാൻ വന്നു. തങ്ങൾക്കു സ്വർഗത്തിൽനിന്ന് ഒരടയാളം നൽകണമെന്ന് അവർ അവനോട് ആവശ്യപ്പെട്ടു.
മത്താ 16:2	അവൻ പ്രതിവചിച്ചു: വൈകുന്നേരം നിങ്ങൾ പറയുന്നു: ആകാശംചെമന്നിരിക്കുന്നു; കാലാവസ്ഥ പ്രസന്നമായിരിക്കും.
മത്താ 16:3	രാവിലെ നിങ്ങൾ പറയുന്നു: ആകാശം ചെമന്നു മൂടിയിരിക്കുന്നു; ഇന്നു കാറ്റും കോളും ഉണ്ടാകും. ആകാശത്തിൻെറ ഭാവഭേദങ്ങൾ തിരിച്ചറിയാൻ നിങ്ങൾക്കു കഴിയുന്നു. എന്നാൽ, കാലത്തിൻെറ അടയാളങ്ങൾ തിരിച്ചറിയാൻ നിങ്ങൾക്കു കഴിയുകയില്ലേ?
മത്താ 16:4	ദുഷിച്ചതും അവിശ്വസ്തവുമായ തലമുറ അടയാളം അന്വേഷിക്കുന്നു. യോനായുടെ അടയാളമല്ലാതെ മറ്റൊരടയാളവും അതിനു നൽകപ്പെടുകയില്ല. അനന്തരം അവൻ അവരെ വിട്ടുപോയി.

112. ഫരിസേയരുടെയും സദുക്കായരുടെയും പുളിമാവ്

മത്താ 16:5	മറുകരയിലേക്കു പോകുമ്പോൾ അപ്പംഎടുക്കാൻ ശിഷ്യൻമാർ മറന്നിരുന്നു.
മത്താ 16:6	യേശു പറഞ്ഞു: ശ്രദ്ധിക്കുവിൻ; ഫരിസേയരുടെയും സദുക്കായരുടെയും പുളിമാവിനെ സൂക്ഷിച്ചുകൊള്ളുവിൻ.
മത്താ 16:7	നാം അപ്പമൊന്നും എടുക്കാത്തതുകൊണ്ടായിരിക്കാം എന്ന് അവർ പരസ്പരം പറഞ്ഞു.
മത്താ 16:8	യേശു ഇതറിഞ്ഞ് അവരോടുചോദിച്ചു: അൽപവിശ്വാസികളേ, അപ്പം ഇല്ലാത്തതിനെപ്പറ്റി നിങ്ങൾ പരസ്പരം സംസാരിക്കുന്നതെന്തിന്?
മത്താ 16:9	നിങ്ങൾ ഗ്രഹിക്കുന്നില്ലയോ? അയ്യായിരം പേരുടെ അഞ്ചപ്പം നിങ്ങൾ ഓർമിക്കുന്നില്ലേ? എത്ര കുട്ട അപ്പക്കഷണങ്ങൾ നിങ്ങൾശേഖരിച്ചു?
മത്താ 16:10	നാലായിരം പേരുടെ ഏഴപ്പവും നിങ്ങൾ ഓർമിക്കുന്നില്ലേ? അന്ന് എത്ര കുട്ടകളാണ് നിങ്ങൾ നിറച്ചത്?
മത്താ 16:11	ഞാൻ അപ്പത്തെപ്പറ്റിയല്ല സംസാരിച്ചതെന്നു നിങ്ങൾ മനസ്സിലാക്കാത്തതെന്തുകൊണ്ട്? ഫരിസേയരുടെയും സദുക്കായരുടെയും പുളിമാവിനെ സൂക്ഷിച്ചുകൊള്ളുവിൻ.
മത്താ 16:12	അപ്പത്തിൻെറ പുളിമാവിനെപ്പറ്റിയല്ല ഫരിസേയരുടെയും സദുക്കായരുടെയും പ്രബോധനത്തെപ്പറ്റിയാണ് സൂക്ഷിച്ചുകൊള്ളാൻ അവൻ അരുളിച്ചെയ്തതെന്ന് അവർക്ക് അപ്പോൾ മനസ്സിലായി.

113. ബേത്സയ്ദായിലെ അന്ധന് കാഴ്ച ലഭിക്കുന്നു

മർക്കോ 8:22	പിന്നീട് അവൻ ബേത്സയ്ദായിലെത്തി. കുറെപ്പേർ ഒരു അന്ധനെ അവൻെറ യടുത്തു കൊണ്ടുവന്ന്, അവനെ സ്പർശിക്കണമെന്ന് യേശുവിനോട് അപേക്ഷിച്ചു.
മർക്കോ 8:23	അവൻ അന്ധനെ കൈയ്ക്കുപിടിച്ച് ഗ്രാമത്തിനു വെളിയിലേക്കു കൊണ്ടുപോയി. അവൻെറ കണ്ണുകളിൽ തുപ്പിയശേഷം അവൻെറ മേൽ കൈകൾ വച്ചുകൊണ്ടു ചോദിച്ചു: നീ എന്തെങ്കിലും കാണുന്നുണ്ടോ?
മർക്കോ 8:24	നോക്കിയിട്ട് അവൻ പറഞ്ഞു: ഞാൻ മനുഷ്യരെ കാണുന്നുണ്ട്. അവർ മരങ്ങളെപ്പോലിരിക്കുന്നു; നടക്കുന്നതായും കാണുന്നു.
മർക്കോ 8:25	വീണ്ടും യേശു അവൻെറ കണ്ണുകളിൽ കൈകൾ വച്ചു. അവൻ സൂക്ഷിച്ചു നോക്കി; കാഴ്ച തിരിച്ചുകിട്ടുകയുംചെയ്തു. അവൻ എല്ലാ വസ്തുക്കളും വ്യക്തമായി കണ്ടു.
മർക്കോ 8:26	ഗ്രാമത്തിൽ പ്രവേശിക്കുകപോലും ചെയ്യരുത് എന്നു പറഞ്ഞ് യേശു അവനെ വീട്ടിലേക്ക് അയച്ചു.

114. പത്രോസിൻെറ വിശ്വാസപ്രഖ്യാപനം

മത്താ 16:13	യേശു കേസറിയാഫിലിപ്പിപ്രദേശത്ത് എത്തിയപ്പോൾ ശിഷ്യൻമാരോടു ചോദിച്ചു: മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്?
മത്താ 16:14	അവർ പറഞ്ഞു: ചിലർ സ്നാപകയോഹന്നാൻ എന്നും മറ്റു ചിലർ ഏലിയാ എന്നും വേറെ ചിലർ ജറെമിയാ അല്ലെങ്കിൽ പ്രവാചകൻമാരിലൊരുവൻ എന്നും പറയുന്നു.
മത്താ 16:15	അവൻ അവരോടു ചോദിച്ചു: എന്നാൽ, ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്?

മത്താ 16:16	ശിമയോൻ പത്രോസ് പറഞ്ഞു: നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ ക്രിസ്തുവാണ്.
മത്താ 16:17	യേശു അവനോട് അരുളിച്ചെയ്തു: യോനായുടെ പുത്രനായ ശിമയോനേ, നീ ഭാഗ്യവാൻ! മാംസരക്തങ്ങളല്ല, സ്വർഗസ്ഥനായ എൻെറ പിതാവാണ് നിനക്ക് ഇതു വെളിപ്പെടുത്തിത്തന്നത്.
മത്താ 16:18	ഞാൻ നിന്നോടു പറയുന്നു: നീ പത്രോസാണ്; ഈ പാറമേൽ എൻെറ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരേ പ്രബലപ്പെടുകയില്ല.
മത്താ 16:19	സ്വർഗരാജ്യത്തിൻെറ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും.
മത്താ 16:20	അനന്തരം അവൻ , താൻ ക്രിസ്തുവാണെന്ന് ആരോടും പറയരുതെന്നു ശിഷ്യൻമാരോടു കൽപിച്ചു.

115. പീഡാനുഭവവും ഉത്ഥാനവും - ഒന്നാം പ്രവചനം

മത്താ 16:21	അപ്പോൾ മുതൽ യേശു, തനിക്കു ജറുസലെമിലേക്കു പോകേണ്ടിയിരിക്കുന്നുവെന്നും ശ്രേഷ്ഠൻമാരിൽനിന്നും പ്രധാനപുരോഹിതൻമാരിൽനിന്നും നിയമജ്ഞരിൽനിന്നും വളരെയേറെ സഹിക്കേണ്ടിവരുമെന്നും താൻ വധിക്കപ്പെടുമെന്നും എന്നാൽ മൂന്നാം ദിവസം ഉയിർപ്പിക്കപ്പെടുമെന്നും ശിഷ്യൻമാരെ അറിയിച്ചുതുടങ്ങി.
മത്താ 16:22	പത്രോസ് അവനെ മാറ്റിനിറുത്തി തടസ്സം പറയാൻ തുടങ്ങി: ദൈവം കനിയട്ടെ! കർത്താവേ, ഇതൊരിക്കലും നിനക്കു സംഭവിക്കാതിരിക്കട്ടെ.
മത്താ 16:23	യേശു തിരിഞ്ഞ് പത്രോസിനോടു പറഞ്ഞു: സാത്താനേ, എൻെറ മുമ്പിൽ നിന്നുപോകൂ, നീ എനിക്കു പ്രതിബന്ധമാണ്. നിൻെറ ചിന്ത ദൈവികമല്ല, മാനുഷികമാണ്.

116. ശിഷ്യത്വം ആവശ്യപ്പെടുന്ന ത്യാഗങ്ങൾ

മത്താ 16:24	യേശു ശിഷ്യൻമാരോട് അരുളിച്ചെയ്തു: ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തൻെറ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ.
മത്താ 16:25	സ്വന്തം ജീവൻ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തും; എന്നാൽ, ആരെങ്കിലും എനിക്കുവേണ്ടി സ്വജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അതു കണ്ടെത്തും.
മത്താ 16:26	ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? ഒരുവൻ സ്വന്തം ആത്മാവിനുപകരമായി എന്തു കൊടുക്കും?
മത്താ 16:27	മനുഷ്യപുത്രൻ സ്വപിതാവിൻെറ മഹത്വത്തിൽ തൻെറ ദൂതൻമാരോടൊത്തു വരാനിരിക്കുന്നു. അപ്പോൾ അവൻ ഓരോരുത്തർക്കും താന്താങ്ങളുടെ പ്രവൃത്തിക്കനുസരിച്ചു പ്രതിഫലം നൽകും.
മത്താ 16:28	മനുഷ്യപുത്രൻ തൻെറ രാജ്യത്തിൽ വരുന്നതു ദർശിക്കുന്നതിനുമുമ്പ് ഇവിടെ നിൽക്കുന്നവരിൽ ചിലർ മരിക്കുകയില്ലെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

117. യേശു രൂപാന്തരപ്പെടുന്നു

മത്താ 17:1	യേശു, ആറു ദിവസം കഴിഞ്ഞ് പത്രോസ്, യാക്കോബ്, അവൻെറ സഹോദരൻ യോഹന്നാൻ എന്നിവരെ മാത്രം കൂട്ടിക്കൊണ്ട് ഒരു ഉയർന്ന മലയിലേക്കുപോയി.
മത്താ 17:2	അവൻ അവരുടെ മുമ്പിൽവച്ചു രൂപാന്തരപ്പെട്ടു. അവൻെറ മുഖം സൂര്യനെപ്പോലെവെട്ടിത്തിളങ്ങി. അവൻെറ വസ്ത്രം പ്രകാശംപോലെ ധവളമായി.
മത്താ 17:3	മോശയും ഏലിയായും അവനോടു സംസാരിക്കുന്നതായി അവർ കണ്ടു.
മത്താ 17:4	പത്രോസ് യേശുവിനോടു പറഞ്ഞു: കർത്താവേ, നാം ഇവിടെയായിരിക്കുന്നതു നല്ലതാണ്. നിനക്കു സമ്മതമാണെങ്കിൽ ഞങ്ങൾ ഇവിടെ മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം - ഒന്നു നിനക്ക്, ഒന്നു മോശയ്ക്ക്, ഒന്ന് ഏലിയായ്ക്ക്.
മത്താ 17:5	അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ശോഭയേറിയ ഒരുമേഘംവന്ന് അവരെ ആവരണം ചെയ്തു. മേഘത്തിൽനിന്ന് ഇങ്ങനെയൊരു സ്വരമുണ്ടായി: ഇവൻ എൻെറ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇവൻെറ വാക്കു ശ്രവിക്കുവിൻ.
മത്താ 17:6	ഇതുകേട്ട ക്ഷണത്തിൽ ശിഷ്യൻമാർ കമിഴ്ന്നു വീണു; അവർ ഭയവിഹ്വലരായി.
മത്താ 17:7	യേശു സമീപിച്ച് അവരെ സ്പർശിച്ചുകൊണ്ടു പറഞ്ഞു: എഴുന്നേൽക്കുവിൻ, ഭയപ്പെടേണ്ടാ.
മത്താ 17:8	അവർ കണ്ണുകളുയർത്തിനോക്കിയപ്പോൾ യേശുവിനെയല്ലാതെ മറ്റാരെയും കണ്ടില്ല.
മർക്കോ 9:9	അവർ കണ്ട കാര്യങ്ങൾ മനുഷ്യപുത്രൻമരിച്ചവരിൽനിന്ന് ഉയിർക്കുന്നതുവരെ ആരോടും പറയരുതെന്ന്, മലയിൽനിന്നിറങ്ങിപ്പോരുമ്പോൾ അവൻ അവരോടു കൽപിച്ചു.
മർക്കോ 9:10	മരിച്ചവരിൽനിന്ന് ഉയിർക്കുകയെന്നത് എന്താണെന്നു ചിന്തിച്ചുകൊണ്ട് അവർ ഈ വചനം രഹ സ്യമായി സൂക്ഷിച്ചു.

118. ഏലിയായുടെ വരവ്

മത്താ 17:10	ശിഷ്യൻമാർ അവനോടു ചോദിച്ചു: ആദ്യം ഏലിയാ വരണമെന്ന് നിയമജ്ഞർ പറയുന്നതെന്തുകൊണ്ട്?
മത്താ 17:11	അവൻ പറഞ്ഞു: ഏലിയാ വന്ന് എല്ലാം പുനഃസ്ഥാപിക്കുക തന്നെ ചെയ്യും.
മത്താ 17:12	എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു, ഏലിയാ വന്നു കഴിഞ്ഞു. എങ്കിലും അവർ അവനെ മനസ്സിലാക്കിയില്ല. തങ്ങൾക്കിഷ്ടമുള്ളതെല്ലാം അവർ അവനോടു ചെയ്തു. അതുപോലെ മനുഷ്യപുത്രനും അവരിൽനിന്നു പീഡകളേൽക്കാൻ പോകുന്നു.
മത്താ 17:13	സ്നാപകയോഹന്നാനെപ്പറ്റിയാണ് അവൻ തങ്ങളോടു സംസാരിച്ചതെന്ന് അപ്പോൾ ശിഷ്യൻമാർക്കു മനസ്സിലായി.

119. പിശാചു ബാധിച്ച ബാലനെ സുഖപ്പെടുത്തുന്നു

മർക്കോ 9:14	അവർ ശിഷ്യൻമാരുടെ അടുത്ത് എത്തിയപ്പോൾ വലിയ ഒരു ജനക്കൂട്ടം അവരുടെ ചുറ്റും കൂടിയിരിക്കുന്നതും നിയമജ്ഞർ അവരോടു തർക്കിച്ചുകൊണ്ടിരിക്കുന്നതും കണ്ടു.
മർക്കോ 9:15	അവനെ കണ്ടയുടനെ ജനക്കൂട്ടം മുഴുവൻ വിസ്മയഭരിതരായി ഓടിക്കൂടി അവനെ അഭിവാദനംചെയ്തു.
മർക്കോ 9:16	അവൻ അവരോടു ചോദിച്ചു: നിങ്ങൾ എന്താണ് അവരുമായി തർക്കിക്കുന്നത്?
മർക്കോ 9:17	ജനക്കൂട്ടത്തിൽ ഒരാൾ മറുപടി പറഞ്ഞു: ഗുരോ, ഞാൻ എൻെറ മകനെ അങ്ങയുടെ അടുത്തു കൊണ്ടുവന്നിട്ടുണ്ട്. മൂകനായ ഒരു ആത്മാവ് അവനെ ആവേശിച്ചിരിക്കുന്നു.
മർക്കോ 9:18	അത് എവിടെവച്ച് അവനെ പിടികൂടിയാലും അവനെ നിലംപതിപ്പിക്കുന്നു. അപ്പോൾ അവൻ പല്ലുകടിക്കുകയും നുരയും പതയും പുറപ്പെടുവിക്കുകയും മരവിച്ചുപോവുകയും ചെയ്യുന്നു. അതിനെ ബഹിഷ്കരിക്കാൻ അങ്ങയുടെ ശിഷ്യൻമാരോട് ഞാൻ അപേക്ഷിച്ചു; അവർക്കു കഴിഞ്ഞില്ല.
മർക്കോ 9:19	അവൻ അവരോടു പ്രതിവചിച്ചു: വിശ്വാസമില്ലാത്ത തലമുറയേ, എത്രനാൾ ഞാൻ നിങ്ങളോടുകൂടെയുണ്ടായിരിക്കും? എത്രനാൾ ഞാൻ നിങ്ങളോടു ക്ഷമിച്ചിരിക്കും? അവനെ എൻെറ അടുക്കൽ കൊണ്ടുവരൂ.
മർക്കോ 9:20	അവർ അവനെ അവൻെറ അടുക്കൽ കൊണ്ടുവന്നു. അവനെ കണ്ടയുടനെ ആത്മാവ് കുട്ടിയെ തള്ളിയിട്ടു. അവൻ നിലത്തു വീണ് ഉരുളുകയും അവൻെറ വായിലൂടെ നുരയും പതയും പുറപ്പെടുകയും ചെയ്തു.
മർക്കോ 9:21	യേശു അവൻെറ പിതാവിനോടു ചോദിച്ചു: ഇതു തുടങ്ങിയിട്ട് എത്ര കാലമായി? അവൻ പറഞ്ഞു: ശൈശവം മുതൽ.
മർക്കോ 9:22	പലപ്പോഴും അത് അവനെ നശിപ്പിക്കാൻവേണ്ടി തീയിലും വെള്ളത്തിലും വീഴ്ത്തിയിട്ടുണ്ട്. എന്തെങ്കിലും ചെയ്യാൻ നിനക്കു കഴിയുമെങ്കിൽ ഞങ്ങളുടെമേൽ കരുണതോന്നി ഞങ്ങളെ സഹായിക്കണമേ!
മർക്കോ 9:23	യേശു പറഞ്ഞു: കഴിയുമെങ്കിലെ ന്നോ! വിശ്വസിക്കുന്നവന് എല്ലാക്കാര്യങ്ങളും സാധിക്കും.
മർക്കോ 9:24	ഉടനെ കുട്ടിയുടെ പിതാവു വിളിച്ചുപറഞ്ഞു: ഞാൻ വിശ്വസിക്കുന്നു. എൻെറ അവിശ്വാസം പരിഹരിച്ച് എന്നെ സഹായിക്കണമേ!
മർക്കോ 9:25	ജനങ്ങൾ ഓടിക്കൂടുന്നതു കണ്ട് യേശു അശുദ്ധാത്മാ വിനെ ശകാരിച്ചു: മൂകനും ബധിരനുമായ ആത്മാവേ, നിന്നോടു ഞാൻ ആജ്ഞാപിക്കുന്നു, അവനിൽനിന്നു പുറത്തുപോവുക. ഇനിയൊരിക്കലും അവനിൽ പ്രവേശിക്ക രുത്.
മർക്കോ 9:26	അപ്പോൾ അവനെ ശക്തിയായി നിലത്തു തള്ളിയിടുകയും ഉച്ചത്തിൽ നിലവിളിക്കുകയും ചെയ്തുകൊണ്ട് അതു പുറത്തുപോയി. ബാലൻമരിച്ചവനെപ്പോലെയായി. അവൻ മരിച്ചുപോയി എന്നു പലരും പറഞ്ഞു.
മർക്കോ 9:27	യേശു അവനെ കൈയ്ക്കു പിടിച്ചുയർത്തി; അവൻ എഴുന്നേറ്റിരുന്നു.
മർക്കോ 9:28	യേശു വീട്ടിലെത്തിയപ്പോൾ ശിഷ്യൻമാർ സ്വകാര്യമായി ചോദിച്ചു: എന്തുകൊണ്ടാണ് അതിനെ ബഹിഷ്കരിക്കാൻ ഞങ്ങൾക്കു കഴിയാതെപോയത്?
മർക്കോ 9:29	അവൻ പറഞ്ഞു: പ്രാർഥനകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗം പുറത്തുപോവുകയില്ല.

120. പീഡാനുഭവവും ഉത്ഥാനവും-രണ്ടാം പ്രവചനം

മർക്കോ 9:30	അവർ അവിടെനിന്നുയാത്രതിരിച്ചു ഗലീലിയിലൂടെ കടന്നുപോയി. ഇക്കാര്യം ആരും അറിയരുതെന്ന് അവൻ ആഗ്രഹിച്ചു. കാരണം, അവൻ ശിഷ്യൻമാരെ പഠിപ്പിക്കുകയായിരുന്നു.
മർക്കോ 9:31	അവൻ പറഞ്ഞു: മനുഷ്യപുത്രൻമനുഷ്യരുടെകൈകളിൽ ഏൽപിക്കപ്പെടുകയും അവർ അവനെ വധിക്കുകയുംചെയ്യും. അവൻ വധിക്കപ്പെട്ടു മൂന്നു ദിവസം കഴിയുമ്പോൾ ഉയിർത്തെഴുന്നേൽക്കും.
മർക്കോ 9:33	ഈ വചനം അവർക്കു മനസ്സിലായില്ല. എങ്കിലും, അവനോടു ചോദിക്കാൻ അവർ ഭയപ്പെട്ടു.

121. ആരാണു വലിയവൻ?

ലൂക്കാ 9:46	തങ്ങളിൽ വലിയവൻ ആരാണ് എന്ന് അവർ തർക്കിച്ചു.
മർക്കോ 9:33	അവർ പിന്നീട് കഫർണാമിൽ എത്തി, അവൻ വീട്ടിലായിരിക്കുമ്പോൾ അവരോടു ചോദിച്ചു: വഴിയിൽവച്ച് എന്തിനെക്കുറിച്ചാണു നിങ്ങൾ തമ്മിൽ തർക്കിച്ചിരുന്നത്?
മർക്കോ 9:34	അവർ നിശ്ശബ്ദരായിരുന്നതേയുള്ളു. കാരണം, തങ്ങളിൽ ആരാണു വലിയവൻ എന്നതിനെക്കുറിച്ചാണ് വഴിയിൽവച്ച് അവർ തർക്കിച്ചത്.
മർക്കോ 9:35	അവൻ ഇരുന്നിട്ടു പന്ത്രണ്ടുപേരെയും വിളിച്ചു പറഞ്ഞു: ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ അവസാനത്ത വനും എല്ലാവരുടെയും ശുശ്രൂഷകനുമാകണം.
മർക്കോ 9:36	അവൻ ഒരു ശിശുവിനെ എടുത്ത് അവരുടെ മധ്യേ നിറുത്തി. അവനെ കരങ്ങളിൽ വഹിച്ചുകൊണ്ടു പറഞ്ഞു: ഇതുപോലുള്ള ഒരു ശിശുവിനെ എൻെറ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. എന്നെ സ്വീകരിക്കുന്നവൻ എന്നെയല്ല, എന്നെ അയച്ചവനെയാണ് സ്വീകരിക്കുന്നത്.

122. നമുക്ക് എതിരല്ലാത്തവൻ നമ്മുടെ ഭാഗത്താണ്

മർക്കോ 9:38	യോഹന്നാൻ അവനോടു പറഞ്ഞു: ഗുരോ, നിൻെറ നാമത്തിൽ പിശാചുക്കളെ പുറത്താക്കുന്ന ഒരാളെ ഞങ്ങൾ കണ്ടു. ഞങ്ങൾ അവനെ തടഞ്ഞു. കാരണം, അവൻ നമ്മളെ അനുഗമിച്ചില്ല.
മർക്കോ 9:39	യേശു പറഞ്ഞു: അവനെ തടയേണ്ടാ, ഒരുവന് എൻെറ നാമത്തിൽ അദ്ഭുതപ്രവൃത്തി ചെയ്യാനും ഉട നെ എന്നെക്കുറിച്ചു ദൂഷണം പറയാനും സാധിക്കുകയില്ല.
മർക്കോ 9:40	നമുക്ക് എതിരല്ലാത്ത വൻ നമ്മുടെ പക്ഷത്താണ്.
മർക്കോ 9:41	സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ ക്രിസ്തുവിനുള്ളവരാകയാൽ അവൻെറ നാമത്തിൽ ആരെങ്കിലും നിങ്ങൾക്ക് ഒരു പാത്രം വെള്ളം കുടിക്കാൻ തന്നാൽ അവനു പ്രതിഫലം ലഭിക്കാതിരിക്കുകയില്ല.

123. ദേവാലയ നികുതി

മത്താ 17:24	അവർ കഫർണാമിലെത്തിയപ്പോൾ ദേവാലയ നികുതി പിരിക്കുന്നവർ പത്രോസിൻെറ അടുത്തുചെന്നു ചോദിച്ചു: നിങ്ങളുടെ ഗുരു നികുതികൊടുക്കുന്നില്ലേ?
മത്താ 17:25	അവൻ പറഞ്ഞു: ഉവ്വ്. പിന്നീടു വീട്ടിലെത്തിയപ്പോൾ യേശു ചോദിച്ചു: ശിമയോനേ, നിനക്കെന്തു തോന്നുന്നു, ഭൂമിയിലെ രാജാക്കൻമാർ ആരിൽ നിന്നാണ് നികുതിയോചുങ്കമോ പിരിക്കുന്നത്? തങ്ങളുടെ പുത്രൻമാരിൽ നിന്നോ, അന്യരിൽ നിന്നോ?
മത്താ 17:26	അന്യരിൽ നിന്ന് വ പത്രോസ് മറുപടി പറഞ്ഞു. യേശു തുടർന്നു: അപ്പോൾ പുത്രൻമാർ സ്വതന്ത്രരാണല്ലോ; എങ്കിലുംഅവർക്ക് ഇടർച്ചയുണ്ടാക്കാതിരിക്കാൻ നീ കടലിൽപോയി ചൂണ്ടയിടുക; ആദ്യം ലഭിക്കുന്ന മത്സ്യത്തിൻെറ വായ് തുറക്കുമ്പോൾ ഒരു നാണയം കണ്ടെത്തും. അതെടുത്ത് എനിക്കും നിനക്കുംവേണ്ടി അവർക്കു കൊടുക്കുക.

124. സമരിയാക്കാരുടെ തിരസ്കാരം

ലൂക്കാ 9:51	തൻെറ ആരോഹണത്തിൻെറ ദിവസങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കവേ, അവൻ ജറുസലെമിലേക്കു പോകാൻ ഉറച്ചു.
ലൂക്കാ 9:52	അവൻ തനിക്കു മുമ്പേ ഏതാനും ദൂതൻമാരെ അയച്ചു. അവനുവേണ്ട ഒരുക്കങ്ങൾ ചെയ്യാൻ അവർ സമരിയാക്കാരുടെ ഒരു ഗ്രാമത്തിൽ പ്രവേശിച്ചു.
ലൂക്കാ 9:53	അവൻ ജറുസലെമിലേക്കു പോവുകയായിരുന്നതുകൊണ്ട് അവർ അവനെ സ്വീകരിച്ചില്ല.
ലൂക്കാ 9:54	ഇതു കണ്ടപ്പോൾ ശിഷ്യൻമാരായ യാക്കോബുംയോഹന്നാനും പറഞ്ഞു: കർത്താവേ, സ്വർ ഗത്തിൽനിന്ന് അഗ്നി ഇറങ്ങി ഇവരെ നശിപ്പിക്കട്ടെ എന്ന് ഞങ്ങൾ പറയട്ടെയോ?
ലൂക്കാ 9:55	അവൻ തിരിഞ്ഞ് അവരെ ശാസിച്ചു. .
ലൂക്കാ 9:56	അവർ മറ്റൊരു ഗ്രാമത്തിലേക്കുപോയി.

125. യേശുവിനെ അനുഗമിക്കുന്നവർ

ലൂക്കാ 9:57	അവർ പോകുംവഴി ഒരുവൻ അവനോടു പറഞ്ഞു: നീ എവിടെപ്പോയാലും ഞാൻ നിന്നെ അനുഗമിക്കും.
ലൂക്കാ 9:58	യേശു പറഞ്ഞു: കുറുനരികൾക്കു മാളങ്ങളും ആകാശത്തിലെ പക്ഷികൾക്കു കൂടുകളും ഉണ്ട്; മനുഷ്യപുത്രനു തലചായ്ക്കാൻ ഇടമില്ല.
ലൂക്കാ 9:59	അവൻ വേറൊരുവനോടു പറഞ്ഞു: എന്നെ അനുഗമിക്കുക. അവൻ പറഞ്ഞു: കർത്താ വേ, ഞാൻ ആദ്യം പോയി എൻെറ പിതാവിനെ സംസ്കരിക്കാൻ അനുവദിച്ചാലും.
ലൂക്കാ 9:60	അവൻ പറഞ്ഞു: മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ; നീ പോയി ദൈവരാജ്യം പ്രസംഗിക്കുക.
ലൂക്കാ 9:61	മറ്റൊരുവൻ പറഞ്ഞു: കർത്താവേ, ഞാൻ നിന്നെ അനുഗമിക്കാം; പക്ഷേ, ആദ്യം പോയി എൻെറ വീട്ടുകാരോടു വിടവാങ്ങാൻ അനുവദിക്കണം.
ലൂക്കാ 9:62	യേശു പറഞ്ഞു: കലപ്പയിൽ കൈ വച്ചിട്ടു പിന്തിരിഞ്ഞു നോക്കുന്നഒരുവനും സ്വർഗരാജ്യത്തിനു യോഗ്യനല്ല.

126. എഴുപത്തിരണ്ടു പേരെ അയയ്ക്കുന്നു

ലൂക്കാ 10:1	അനന്തരം, കർത്താവ് വേറെ എഴുപത്തിരണ്ടു പേരെ തെരഞ്ഞെടുത്ത്, താൻ പോകാനിരുന്ന എല്ലാ പട്ടണങ്ങളിലേക്കും നാട്ടിൻ പുറങ്ങളിലേക്കും ഈരണ്ടുപേരായി അവരെ തനിക്കു മുമ്പേ അയച്ചു.
ലൂക്കാ 10:2	അവൻ അവരോടു പറഞ്ഞു: കൊയ്ത്തു വളരെ; വേലക്കാരോ ചുരുക്കം. അതിനാൽ കൊയ്ത്തിനു വേലക്കാരെ അയയ്ക്കുവാൻ കൊയ്ത്തിൻെറ നാഥനോടു നിങ്ങൾ പ്രാർഥിക്കുവിൻ.
ലൂക്കാ 10:3	പോകുവിൻ, ഇതാ, ചെന്നായ്ക്ക ളുടെ ഇടയിലേക്കു കുഞ്ഞാടുകളെ എന്നപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു.
ലൂക്കാ 10:4	മടിശ്ശീലയോ സഞ്ചിയോ ചെരിപ്പോ നിങ്ങൾ കൊണ്ടുപോകരുത്. വഴിയിൽവച്ച് ആരെയും അഭിവാദനം ചെയ്യുകയും അരുത്.
ലൂക്കാ 10:5	നിങ്ങൾ ഏതു വീട്ടിൽ പ്രവേശിച്ചാലും, ഈ വീടിന് സമാധാനം എന്ന് ആദ്യമേ ആ ശംസിക്കണം.
ലൂക്കാ 10:6	സമാധാനത്തിൻെറ പുത്രൻ അവിടെയുണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവനിൽ കുടികൊള്ളും. ഇല്ലെങ്കിൽ അതു നിങ്ങളിലേക്കു തിരിച്ചുപോരും.
ലൂക്കാ 10:7	അവരോടൊപ്പം ഭക്ഷിക്കുകയും പാനംചെയ്യുകയുംചെയ്തുകൊണ്ട് ആ വീട്ടിൽ തന്നെ വസിക്കുവിൻ. വേലക്കാരൻ തൻെറ കൂലിക്ക് അർഹനാണല്ലോ. നിങ്ങൾ വീടുതോ റും ചുറ്റിനടക്കരുത്.
ലൂക്കാ 10:8	ഏതെങ്കിലും നഗരത്തിൽ നിങ്ങൾ പ്രവേശിക്കുകയും അവർ നിങ്ങളെ സ്വീകരിക്കുകയും ചെയ്യുമ്പോൾ നിങ്ങൾക്കു വിളമ്പുന്നതു ഭക്ഷിക്കുവിൻ.
ലൂക്കാ 10:9	അവിടെയുള്ള രോഗികളെ സുഖപ്പെടുത്തുവിൻ. ദൈവരാജ്യം നിങ്ങളെ സമീപിച്ചിരിക്കുന്നുവെന്ന് അവരോടു പറയുകയും ചെയ്യുവിൻ.
ലൂക്കാ 10:10	നിങ്ങൾ ഏതെങ്കിലും നഗരത്തിൽ പ്രവേശിക്കുമ്പോൾ അവർ നിങ്ങളെ സ്വീകരിക്കാതിരുന്നാൽ തെരുവിലിറങ്ങിനിന്നുകൊണ്ടു പറയണം:
ലൂക്കാ 10:11	നിങ്ങളുടെ നഗരത്തിൽനിന്ന് ഞങ്ങളുടെ കാലുകളിൽ പറ്റിയിട്ടുള്ള പൊടിപോലും നിങ്ങൾക്കെതിരേ ഞങ്ങൾ തട്ടിക്കളയുന്നു. എന്നാൽ, ദൈവ രാജ്യം സമീപിച്ചിരിക്കുന്നുവെന്നു നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ.
ലൂക്കാ 10:12	ഞാൻ നിങ്ങളോടു പറയുന്നു, ആദിവസം സോദോമിൻെറ സ്ഥിതി ഈ നഗരത്തിൻേറതിനെക്കാൾ സഹനീയമായിരിക്കും.

127. അനുതപിക്കാത്ത നഗരങ്ങൾ

മത്താ 11:20	യേശു താൻ ഏറ്റവും കൂടുതൽ അദ്ഭുതങ്ങൾ പ്രവർത്തിച്ച നഗരങ്ങൾ മാനസാന്തരപ്പെടാത്തതിനാൽ അവയെ ശാസിക്കാൻ തുടങ്ങി:
മത്താ 11:21	കൊറാസീൻ, നിനക്കു ദുരിതം! ബേത്സയ്ദാ, നിനക്കു ദുരിതം! നിന്നിൽ നടന്ന അദ്ഭുതങ്ങൾ ടയിറിലും സീദോനിലും നടന്നിരുന്നെങ്കിൽ അവ എത്ര പണ്ടേ ചാക്കുടുത്തു ചാരം പൂശി അനുതപിക്കുമായിരുന്നു!
മത്താ 11:22	വിധിദിനത്തിൽ ടയിറിനും സീദോനും നിങ്ങളെക്കാൾ ആശ്വാസമുണ്ടാകുമെന്നു ഞാൻ നിങ്ങളോടുപറയുന്നു.
മത്താ 11:23	കഫർണാമേ, നീ സ്വർഗംവരെ ഉയർത്തപ്പെട്ടുവെന്നോ? പാതാളംവരെ നീ താഴ്ത്തപ്പെടും. നിന്നിൽ സംഭവിച്ച അദ്ഭുതങ്ങൾസോദോമിൽ സംഭവിച്ചിരുന്നെങ്കിൽ, അത് ഇന്നും നിലനിൽക്കുമായിരുന്നു.
മത്താ 11:24	ഞാൻ നിന്നോടു പറയുന്നു: വിധിദിനത്തിൽ സോദോമിൻെറ സ്ഥിതി നിൻേറതിനെക്കാൾ സഹനീയമായിരിക്കും.

128. എഴുപത്തിരണ്ടുപേർ മടങ്ങിയെത്തുന്നു

ലൂക്കാ 10:16	നിങ്ങളുടെ വാക്കുകേൾക്കുന്നവൻ എൻെറ വാക്കു കേൾക്കുന്നു; നിങ്ങളെ നിരസിക്കുന്നവൻ എന്നെ നിരസിക്കുന്നു. എന്നെ നിരസിക്കുന്നവനോ എന്നെ അയച്ചവനെ നിരസിക്കുന്നു.
ലൂക്കാ 10:17	എഴുപത്തിരണ്ടുപേരും സന്തോഷത്തോടെ തിരിച്ചുവന്നു പറഞ്ഞു: കർത്താവേ, നിൻെറ നാമത്തിൽ പിശാചുക്കൾ പോലും ഞങ്ങൾക്കു കീഴ്പ്പെടുന്നു.
ലൂക്കാ 10:18	അവൻ പറഞ്ഞു: സാത്താൻ സ്വർഗത്തിൽനിന്ന് ഇടിമിന്നൽപോലെ നിപതിക്കുന്നതു ഞാൻ കണ്ടു.
ലൂക്കാ 10:19	ഇതാ, പാമ്പുകളുടെയും തേളുകളുടെയും ശത്രുവിൻെറ സകല ശക്തികളുടെയും മീതേ ചവിട്ടി നടക്കാൻ നിങ്ങൾക്കു ഞാൻ അധികാരം തന്നിരിക്കുന്നു. ഒന്നും നിങ്ങളെ ഉപദ്രവിക്കുകയില്ല.
ലൂക്കാ 10:20	എന്നാൽ, പിശാചുക്കൾ നിങ്ങൾക്കു കീഴടങ്ങുന്നു എന്നതിൽ നിങ്ങൾ സന്തോഷിക്കേണ്ടാ; മറിച്ച്, നിങ്ങളുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ സന്തോഷിക്കുവിൻ.

129. യേശു ആത്മാവിൽ ആനന്ദിക്കുന്നു

മത്താ 11:25	യേശു ഉദ്ഘോഷിച്ചു: സ്വർഗത്തിൻെറയും ഭൂമിയുടെയും നാഥനായ പിതാവേ, നീ ഇക്കാര്യങ്ങൾ ബുദ്ധിമാൻമാരിലും വിവേകികളിലും നിന്നു മറച്ച് ശിശുക്കൾക്കു വെളിപ്പെടുത്തിയതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു.
മത്താ 11:26	അതേ, പിതാവേ, ഇപ്രകാരമായിരുന്നു നിൻെറ തിരുവുള്ളം.
മത്താ 11:27	സർവവും എൻെറ പിതാവ് എന്നെ ഏൽപിച്ചിരിക്കുന്നു. പിതാവല്ലാതെ മറ്റാരും പുത്രനെ അറിയുന്നില്ല. പുത്രനും പുത്രൻ ആർക്കുവെളിപ്പെടുത്തിക്കൊടുക്കാൻമനസ്സാകുന്നുവോ അവനുമല്ലാതെ മറ്റാരും പിതാവിനെയും അറിയുന്നില്ല.

130. ക്ലേശിതർക്കാശ്രയം

മത്താ 11:28	അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എൻെറ അടുക്കൽ വരുവിൻ;
മത്താ 11:29	ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എൻെറ നുകം വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ, നിങ്ങൾക്ക് ആശ്വാസം ലഭിക്കും.
മത്താ 11:30	എന്തെന്നാൽ, എൻെറ നുകം വഹിക്കാനെളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ്.

131. പ്രതിഫല വാഗ്ദാനം

മത്താ 10:40	നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു; എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു.
മത്താ 10:41	പ്രവാചകനെ പ്രവാചകനായി സ്വീകരിക്കുന്നവന് പ്രവാചകൻെറ പ്രതിഫലവും നീതിമാനെ നീതിമാനായി സ്വീകരിക്കുന്നവന് നീതിമാൻെറ പ്രതിഫലവും ലഭിക്കുന്നു.
മത്താ 10:42	ഈ ചെറിയവരിൽ ഒരുവന്, ശിഷ്യന് എന്ന നിലയിൽ ഒരു പാത്രം വെള്ളമെങ്കിലും കൊടുക്കുന്നവനു പ്രതിഫലം ലഭിക്കാതിരിക്കുകയില്ലെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.
മത്താ 11:1	യേശു പന്ത്രണ്ടു ശിഷ്യൻമാർക്കും നിർദേശങ്ങൾ നൽകിയതിനുശേഷം, അവരുടെ പട്ടണങ്ങളിൽ പഠിപ്പിക്കാനും പ്രസംഗിക്കാനുമായി അവിടെനിന്നു പുറപ്പെട്ടു.

132. നിയമജ്ഞർ യേശുവിനെ പരീക്ഷിക്കുന്നു

ലൂക്കാ 10:25	അപ്പോൾ ഒരു നിയമജ്ഞൻ എഴുന്നേ റ്റു നിന്ന് അവനെ പരീക്ഷിക്കുവാൻ ചോദിച്ചു: ഗുരോ, നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?
ലൂക്കാ 10:26	അവൻ ചോദിച്ചു: നിയമത്തിൽ എന്ത് എഴുതിയിരിക്കുന്നു? നീ എന്തു വായിക്കുന്നു?
ലൂക്കാ 10:27	അവൻ ഉത്തരം പറഞ്ഞു: നീ നിൻെറ ദൈവമായ കർത്താവിനെ, പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണ ശക്തിയോടും പൂർണമനസ്സോടുംകൂടെ സ്നേഹിക്കണം; നിൻെറ അയൽക്കാരനെ നിന്നെപ്പോലെയും.
ലൂക്കാ 10:28	അവൻ പ്രതിവചിച്ചു: നീ ശരിയായിത്തന്നെ ഉത്തരം പറഞ്ഞു. ഇതനുസരിച്ചു പ്രവർത്തിക്കുക; നീ ജീവിക്കും.

133. നല്ല സമരിയാക്കാരൻെറ ഉപമ

ലൂക്കാ 10:29	എന്നാൽ അവൻ തന്നെത്തന്നെ സാധൂകരിക്കാൻ ആഗ്രഹിച്ച് യേശുവിനോടു ചോദിച്ചു: ആരാണ് എൻെറ അയൽക്കാരൻ?
ലൂക്കാ 10:30	യേശു പറഞ്ഞു: ഒരുവൻ ജറുസലെമിൽനിന്ന് ജറീക്കോയിലേക്കു പോവുകയായിരുന്നു. അവൻ കവർച്ചക്കാരുടെ കൈയിൽപ്പെട്ടു. അവർ അവൻെറ വസ്ത്രങ്ങൾ ഉരിഞ്ഞെടുത്ത്, അവനെ പ്രഹരിച്ച് അർധപ്രാണനാക്കിയിട്ടു പൊയ്ക്കളഞ്ഞു.

ലൂക്കാ 10:31	ഒരു പുരോഹിതൻ ആ വഴിയേ വന്നു. അവനെക്കണ്ട് മറുവശത്തുകൂടെ കടന്നുപോയി.
ലൂക്കാ 10:32	അതുപോലെ ഒരു ലേവായനും അവിടെ വന്നപ്പോൾ, അവനെ കണ്ടെങ്കിലും കടന്നുപോയി.
ലൂക്കാ 10:33	എന്നാൽ, ഒരു സമരിയാക്കാരൻയാത്രാമധ്യേ അവൻ കിടന്ന സ്ഥലത്തു വന്നു. അവനെക്കണ്ട് മനസ്സലിഞ്ഞ്,
ലൂക്കാ 10:34	അടുത്തുചെന്ന് എണ്ണയും വീഞ്ഞുമൊഴിച്ച്, അവൻെറ മുറിവുകൾ വച്ചു കെട്ടി, തൻെറ കഴുതയുടെ പുറത്തു കയറ്റി ഒരു സത്രത്തിൽ കൊണ്ടുചെന്നു പരിചരിച്ചു.
ലൂക്കാ 10:35	അടുത്ത ദിവസം അവൻ സത്രം സൂക്ഷിപ്പുകാരൻെറ കൈയിൽ രണ്ടു ദനാറ കൊടുത്തിട്ടു പറഞ്ഞു: ഇവൻെറ കാര്യം നോക്കിക്കൊള്ളണം. കൂടുതലായി എന്തെങ്കിലും ചെലവാകുന്നെങ്കിൽ ഞാൻ തിരിച്ചുവരുമ്പോൾ തന്നുകൊള്ളാം.
ലൂക്കാ 10:36	കവർച്ചക്കാരുടെ കൈയിൽപ്പെട്ട ആ മനുഷ്യന് ഈ മൂവരിൽ ആരാണ് അയൽക്കാരനായി വർത്തിച്ചത്?
ലൂക്കാ 10:37	അവനോടു കരുണ കാണിച്ചവൻ എന്ന് ആ നിയമജ്ഞൻ പറഞ്ഞു. യേശുപറഞ്ഞു: നീയും പോയി അതുപോലെ ചെയ്യുക.

134. കൂടാരത്തിരുനാൾ

യോഹ 7:1	യേശു ഗലീലിയിൽ ചുറ്റിസഞ്ചരിച്ചുകൊണ്ടിരുന്നു. യഹൂദർ അവനെ വധിക്കാൻ അവസരം പാർത്തിരുന്നതിനാൽ യൂദയായിൽ സഞ്ചരിക്കാൻ അവൻ ഇഷ്ടപ്പെട്ടില്ല.
യോഹ 7:2	യഹൂദരുടെ കൂടാരത്തിരുനാൾ സമീപിച്ചിരുന്നു.
യോഹ 7:3	അവൻെറ സഹോദരൻമാർ അവനോടു പറഞ്ഞു: നീ ചെയ്യുന്ന പ്രവൃത്തികൾ നിൻെറ ശിഷ്യൻമാർ കാണേണ്ടതിന് നീ ഇവിടംവിട്ടുയൂദയായിലേക്കു പോവുക.
യോഹ 7:4	പരസ്യമായി അറിയപ്പെടാൻ ആഗ്രഹിക്കുന്നവൻ രഹസ്യമായി പ്രവർത്തിക്കുകയില്ല. നീ ഇതെല്ലാം ചെയ്യുന്നെങ്കിൽ, നിന്നെ ലോകത്തിനു വെളിപ്പെടുത്തുക.
യോഹ 7:5	അവൻെറ സഹോദരൻമാർപോലും അവനിൽ വിശ്വസിച്ചിരുന്നില്ല.
യോഹ 7:6	യേശു പറഞ്ഞു: എൻെറ സമയം ഇതുവരെയും ആയിട്ടില്ല. നിങ്ങൾക്കാകട്ടെ എപ്പോഴും അനുകൂലമായ സമയമാണല്ലോ.
യോഹ 7:7	ലോകത്തിനു നിങ്ങളെ വെറുക്കാൻ സാധിക്കുകയില്ല. എന്നാൽ, അതിൻെറ പ്രവൃത്തികൾ തിൻമയാണെന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നതിനാൽ അത് എന്നെ വെറുക്കുന്നു.
യോഹ 7:8	നിങ്ങൾ തിരുനാളിനു പൊയ്ക്കൊള്ളുവിൻ. ഞാൻ ഈ തിരുനാളിനു പോകുന്നില്ല. എന്തെന്നാൽ, എൻെറ സമയം ഇനിയും പൂർത്തിയായിട്ടില്ല.
യോഹ 7:9	ഇപ്രകാരം പറഞ്ഞ് അവൻ ഗലീലിയിൽത്തന്നെതാമസിച്ചു.
യോഹ 7:10	എന്നാൽ, അവൻെറ സഹോദരൻമാർ തിരുനാളിനു പോയതിനുശേഷം അവനും പോയി; പരസ്യമായല്ല, രഹസ്യമായി. അവനെവിടെ എന്നു ചോദിച്ചുകൊണ്ട് തിരുനാളിൽ യഹൂദർ അവനെ അന്വേഷിച്ചു കൊണ്ടിരുന്നു. ആളുകൾ അവനെപ്പറ്റി രഹസ്യമായി പലതും പറഞ്ഞിരുന്നു. അവൻ ഒരു നല്ല മനുഷ്യനാണ് എന്നു ചിലർ പറഞ്ഞു. അല്ല, അവൻ ജനങ്ങളെ വഴിപിഴപ്പിക്കുന്നു എന്നു മറ്റു ചിലരും. എങ്കിലും യഹൂദരെ ഭയന്ന് ആരും അവനെപ്പറ്റി പരസ്യമായി ഒന്നും സംസാരിച്ചില്ല.

135. യേശു ദേവാലയത്തിൽ പഠിപ്പിക്കുന്നു

യോഹ 7:11	അവനെവിടെ എന്നു ചോദിച്ചുകൊണ്ട് തിരുനാളിൽ യഹൂദർ അവനെ അന്വേഷിച്ചു കൊണ്ടിരുന്നു.
യോഹ 7:12	ആളുകൾ അവനെപ്പറ്റി രഹസ്യമായി പലതും പറഞ്ഞിരുന്നു. അവൻ ഒരു നല്ല മനുഷ്യനാണ് എന്നു ചിലർ പറഞ്ഞു. അല്ല, അവൻ ജനങ്ങളെ വഴിപിഴപ്പിക്കുന്നു എന്നു മറ്റു ചിലരും.
യോഹ 7:13	എങ്കിലും യഹൂദരെ ഭയന്ന് ആരും അവനെപ്പറ്റി പരസ്യമായി ഒന്നും സംസാരിച്ചില്ല.
യോഹ 7:14	തിരുനാൾ പകുതിയായപ്പോൾ യേശു ദേവാലയത്തിൽ ചെന്നു പഠിപ്പിച്ചുതുടങ്ങി.
യോഹ 7:15	ഒന്നും പഠിച്ചിട്ടില്ലാതിരിക്കെ, ഇവന് ഇത്ര അറിവ് എവിടെനിന്നു കിട്ടി എന്നു പറഞ്ഞു യഹൂദർ വിസ്മയിച്ചു.
യോഹ 7:16	യേശു പറഞ്ഞു: എൻെറ പ്രബോധനം എൻെറ സ്വന്തമല്ല, എന്നെ അയച്ചവൻേറതത്രേ.
യോഹ 7:17	അവിടുത്തെ ഇഷ്ടം നിറവേറ്റാൻമനസ്സുള്ളവൻ ഈ പ്രബോധനം ദൈവത്തിൽനിന്നുള്ളതോ അതോ ഞാൻ സ്വയം നൽകുന്നതോ എന്നു മനസ്സിലാക്കും.
യോഹ 7:18	സ്വമേധയാ സംസാരിക്കുന്നവൻ സ്വന്തം മഹത്വം അന്വേഷിക്കുന്നു; എന്നാൽ, തന്നെ അയച്ചവൻെറ മഹത്വം അന്വേഷിക്കുന്നവൻ സത്യവാനാണ്. അവനിൽ അനീതിയില്ല.
യോഹ 7:19	മോശ നിങ്ങൾക്കു നിയമം നൽകിയില്ലേ? എന്നിട്ടും നിങ്ങളാരും നിയമം പാലിക്കുന്നില്ല. എന്തുകൊണ്ടാണ് നിങ്ങൾ എന്നെ കൊല്ലാൻ ആലോചിക്കുന്നത്?
യോഹ 7:20	ജനങ്ങൾ പറഞ്ഞു: നിനക്കു പിശാചുണ്ട്. ആരാണു നിന്നെ കൊല്ലാൻ ആലോചിക്കുന്നത്?
യോഹ 7:21	യേശു പ്രതിവചിച്ചു: ഞാൻ ഒരു പ്രവൃത്തി ചെയ്തു. അതിൽ നിങ്ങളെല്ലാവരും ആശ്ചര്യപ്പെടുന്നു.
യോഹ 7:22	മോശ നിങ്ങൾക്കു പരിച്ഛേദന നിയമം നൽകിയിരിക്കുന്നു. വാസ്തവത്തിൽ അതു മോശയിൽനിന്നല്ല, പിതാക്കൻമാരിൽനിന്നാണ്. അതനുസരിച്ച് സാബത്തിൽ ഒരുവനു നിങ്ങൾ പരിച്ഛേദനം നടത്തുന്നു.
യോഹ 7:23	മോശയുടെ നിയമം ലംഘിക്കാതിരിക്കുന്നതിന് ഒരുവൻ സാബത്തു ദിവസം പരിച്ഛേദനം സ്വീകരിക്കുന്നുവെങ്കിൽ, സാ ബത്തുദിവസം ഒരു മനുഷ്യനെ ഞാൻ പൂർണമായി സുഖമാക്കിയതിനു നിങ്ങൾ എന്നോടു കോപിക്കുന്നുവോ?

യോഹ 7:24	പുറമേ കാണുന്നതനുസരിച്ചു വിധിക്കാതെ നീതിയായി വിധിക്കുവിൻ.
യോഹ 7:25	ജറുസലെം നിവാസികളിൽ ചിലർ പറഞ്ഞു: ഇവനെയല്ലേ അവർ കൊല്ലാൻ അന്വേഷിക്കുന്നത്?
യോഹ 7:26	എന്നാൽ ഇതാ, ഇവൻ പരസ്യമായി സംസാരിക്കുന്നു. എന്നിട്ടും അവർ ഇവനോട് ഒന്നും പറയുന്നില്ല. ഇവൻതന്നെയാണു ക്രിസ്തുവെന്ന് ഒരുപക്ഷേ അധികാരികൾയഥാർഥത്തിൽ അറിഞ്ഞിരിക്കുമോ?
യോഹ 7:27	ഇവൻ എവിടെനിന്നു വരുന്നു എന്നു നമുക്കറിയാം. എന്നാൽ, ക്രിസ്തു വരുമ്പോൾ എവിടെനിന്നാണു വരുന്നതെന്ന് ആരും അറിയുകയില്ലല്ലോ.
യോഹ 7:28	ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ യേശു ഉച്ചത്തിൽ പറഞ്ഞു: ഞാൻ ആരാണെന്നും എവിടെനിന്നു വരുന്നുവെന്നും നിങ്ങൾക്കറിയാം. എന്നാൽ ഞാൻ സ്വമേധയാ വന്നവനല്ല. എന്നെ അയച്ചവൻ സത്യവാനാണ്. അവിടുത്തെനിങ്ങൾക്ക് അറിഞ്ഞുകൂടാ.
യോഹ 7:29	എനിക്ക് അവിടുത്തെ അറിയാം. എന്തെന്നാൽ, ഞാൻ അവിടുത്തെ അടുക്കൽനിന്നു വരുന്നു. അവിടുന്നാണ് എന്നെ അയച്ചത്.
യോഹ 7:30	അവനെ ബന്ധിക്കാൻ അവർ ശ്രമിച്ചു; എന്നാൽ ആർക്കും അവനെ പിടിക്കാൻ കഴിഞ്ഞില്ല. അവൻെറ സമയം ഇനിയും വന്നിരുന്നില്ല.
യോഹ 7:31	ജനക്കൂട്ടത്തിൽ വളരെപ്പേർ അവനിൽ വിശ്വസിച്ചു. അവർ ചോദിച്ചു: ക്രിസ്തു വരുമ്പോൾ ഇവൻ പ്രവർത്തിച്ചതിലേറെ അടയാളങ്ങൾ പ്രവർത്തിക്കുമോ?
യോഹ 7:32	ജനക്കൂട്ടം അവനെക്കുറിച്ചു പിറുപിറുക്കുന്നത് ഫരിസേയർ കേട്ടു. പുരോഹിത പ്രമുഖൻമാരും ഫരിസേയരും അവനെ ബന്ധിക്കാൻ സേവകരെ അയച്ചു.
യോഹ 7:33	യേശു പറഞ്ഞു: അൽപസമയംകൂടി ഞാൻ നിങ്ങളോടുകൂടെയുണ്ട്. അതിനുശേഷം ഞാൻ എന്നെ അയച്ചവൻെറ അടുത്തേക്കു പോകും.
യോഹ 7:34	നിങ്ങൾ എന്നെ അന്വേഷിക്കും; കണ്ടെത്തുകയില്ല. ഞാൻ ആയിരിക്കുന്നിടത്തു വരാൻ നിങ്ങൾക്കു സാധിക്കുകയില്ല.
യോഹ 7:35	യഹൂദർ പരസ്പരം പറഞ്ഞു: നമുക്കു കണ്ടെത്താൻ കഴിയാത്തവിധം എവിടേക്കാണ് അവൻ പോവുക? ഗ്രീക്കുകാരുടെയിടയിൽ ചിതറിപ്പാർക്കുന്നവരുടെ അടുക്കൽ പോയി ഗ്രീക്കുകാരെ പഠിപ്പിക്കാനായിരിക്കുമോ?
യോഹ 7:36	നിങ്ങൾ എന്നെ അന്വേഷിക്കും, കണ്ടെത്തുകയില്ല എന്നും ഞാൻ ആയിരിക്കുന്നിടത്തു വരാൻ നിങ്ങൾക്കു കഴിയുകയില്ല എന്നും അവൻ പറഞ്ഞഈ വചനം എന്താണ്?
യോഹ 7:37	തിരുനാളിൻെറ അവസാനത്തെ മഹാദിനത്തിൽ യേശു എഴുന്നേറ്റുനിന്നു ശബ്ദമുയർത്തിപ്പറഞ്ഞു: ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എൻെറ അടുക്കൽ വന്നു കുടിക്കട്ടെ.
യോഹ 7:38	എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്, വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും.
യോഹ 7:39	അവൻ ഇതു പറഞ്ഞതു തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരിക്കുന്ന ആത്മാവിനെപ്പറ്റിയാണ്. അതുവരെയും ആത്മാവു നൽകപ്പെട്ടിട്ടില്ലായിരുന്നു. എന്തെന്നാൽ, യേശു അതുവരെയും മഹത്വീകരിക്കപ്പെട്ടിരുന്നില്ല.

136. അധികാരികളുടെ അവിശ്വാസം

യോഹ 7:40	ഈ വാക്കുകൾ കേട്ടപ്പോൾ, ഇവൻയഥാർഥത്തിൽ പ്രവാചകനാണ് എന്നു ചിലർ പറഞ്ഞു.
യോഹ 7:41	മറ്റു ചിലർ പറഞ്ഞു: ഇവൻ ക്രിസ്തുവാണ്. എന്നാൽ, വേറെ ചിലർ ചോദിച്ചു: ക്രിസ്തു ഗലീലിയിൽനിന്നാണോ വരുക?
യോഹ 7:42	ക്രിസ്തു ദാവീദിൻെറ സന്താനപരമ്പരയിൽനിന്നാണെന്നും ദാവീദിൻെറ ഗ്രാമമായ ബേത്ലെഹെമിൽനിന്ന് അവൻ വരുമെന്നുമല്ലേ വിശുദ്ധ ലിഖിതം പറയുന്നത്?
യോഹ 7:43	അങ്ങനെ അവനെക്കുറിച്ചു ജനങ്ങൾക്കിടയിൽ ഭിന്നതയുണ്ടായി.
യോഹ 7:44	ചിലർ അവനെ ബന്ധിക്കാൻ ആഗ്രഹിച്ചു. എന്നാൽ, ആരും അവൻെറ മേൽ കൈവച്ചില്ല.
യോഹ 7:45	സേവകൻമാർ തിരിച്ചുചെന്നപ്പോൾ പുരോഹിതപ്രമുഖൻമാരും ഫരിസേയരും അവരോടു ചോദിച്ചു: എന്തുകൊണ്ടാണ് നിങ്ങൾ അവനെ കൊണ്ടുവരാഞ്ഞത്?
യോഹ 7:46	അവർ മറുപടി പറഞ്ഞു: അവനെപ്പോലെ ആരും ഇതുവരെ സംസാരിച്ചിട്ടില്ല.
യോഹ 7:47	അപ്പോൾ ഫരിസേയർ അവരോടു ചോദിച്ചു: നിങ്ങളും വഞ്ചിതരായോ?
യോഹ 7:48	അധികാരികളിലോ ഫരിസേയരിലോ ആരെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ?
യോഹ 7:49	നിയമം അറിഞ്ഞുകൂടാത്ത ഈ ജനക്കൂട്ടം ശപിക്കപ്പെട്ടതാണ്.
യോഹ 7:50	മുമ്പൊരിക്കൽ യേശുവിൻെറ അടുക്കൽ പോയവനും അവരിലൊരുവനുമായ നിക്കൊദേമോസ് അപ്പോൾ അവരോടു ചോദിച്ചു:
യോഹ 7:51	ഒരുവനു പറയാനുള്ളത് ആദ്യംകേൾക്കാതെയും അവനെന്താണു ചെയ്യുന്നതെന്ന് അറിയാതെയും അവനെ വിധിക്കാൻ നമ്മുടെ നിയമം അനുവദിക്കുന്നുണ്ടോ?
യോഹ 7:52	അവർ മറുപടി പറഞ്ഞു: നീയും ഗലീലിയിൽനിന്നാണോ? പരിശോധിച്ചു നോക്കൂ, ഒരു പ്രവാചകനും ഗലീലിയിൽനിന്നു വരുന്നില്ല എന്ന് അപ്പോൾ മനസ്സിലാകും.
യോഹ 7:53	ഓരോരുത്തരും സ്വന്തം വീടുകളിലേക്കു പോയി.
യോഹ 8:1	യേശു ഒലിവുമലയിലേക്കു പോയി.

137. മർത്തായും മറിയവും

ലൂക്കാ 10:38	അവർ പോകുന്നവഴി അവൻ ഒരു ഗ്രാമത്തിൽ പ്രവേശിച്ചു. മർത്താ എന്നുപേരുള്ള ഒരുവൾ അവനെ സ്വഭവനത്തിൽ സ്വീകരിച്ചു.
ലൂക്കാ 10:39	അവൾക്കു മറിയം എന്നു പേരായ ഒരു സഹോദരിയുണ്ടായിരുന്നു. അവൾ കർത്താവിൻെറ വചനങ്ങൾ കേട്ടുകൊണ്ട് അവൻെറ പാദത്തിങ്കൽ ഇരുന്നു.
ലൂക്കാ 10:40	മർത്തായാകട്ടെ പലവിധ ശുശ്രൂഷകളിൽ മുഴുകി വ്യഗ്രചിത്തയായിരുന്നു. അവൾ അവൻെറ അടുത്തുചെന്നു പറഞ്ഞു: കർത്താവേ, ശുശ്രൂഷയ്ക്കായി എൻെറ സഹോദരി എന്നെതനിയെ വിട്ടിരിക്കുന്നതു നീ ശ്രദ്ധിക്കുന്നില്ലേ? എന്നെ സഹായിക്കാൻ അവളോടു പറയുക.
ലൂക്കാ 10:41	കർത്താവ് അവളോടു പറഞ്ഞു: മർത്താ, മർത്താ, നീ പലതിനെക്കുറിച്ചും ഉത്കണ്ഠാകുലയും അസ്വസ്ഥയുമായിരിക്കുന്നു.
ലൂക്കാ 10:42	ഒന്നുമാത്രമേ ആവശ്യമുള്ളൂ. മറിയം നല്ലഭാഗം തെരഞ്ഞെടുത്തിരിക്കുന്നു. അത് അവളിൽ നിന്ന് എടുക്കപ്പെടുകയില്ല.

138. യേശു പഠിപ്പിച്ച പ്രാർഥന

ലൂക്കാ 11:1	അവൻ ഒരിടത്തു പ്രാർഥിച്ചുകൊണ്ടി രിക്കുകയായിരുന്നു. പ്രാർഥിച്ചു കഴിഞ്ഞപ്പോൾ ശിഷ്യൻമാരിലൊരുവൻ വന്നു പറഞ്ഞു: കർത്താവേ, യോഹന്നാൻ തൻെറ ശിഷ്യരെ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർഥിക്കാൻ പഠിപ്പിക്കുക.
ലൂക്കാ 11:2	അവൻ അരുളിച്ചെയ്തു: നിങ്ങൾ ഇങ്ങനെ പ്രാർഥിക്കു വിൻ. പിതാവേ, അങ്ങയുടെ നാമം പൂജിത മാകണമേ. അങ്ങയുടെ രാജ്യം വരണമേ;
ലൂക്കാ 11:3	അന്നന്നു വേണ്ട ആഹാരം ഓരോ ദിവസ വും ഞങ്ങൾക്കു നൽകണമേ.
ലൂക്കാ 11:4	ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേ. എന്തെന്നാൽ, ഞങ്ങളുടെ കടക്കാരോടു ഞങ്ങളും ക്ഷമിക്കുന്നു. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ.

139. സൗഹൃദത്തിന്റെ വില

ലൂക്കാ 11:5	അവൻ അവരോടു പറഞ്ഞു: നിങ്ങളിലൊരുവന് ഒരു സ്നേഹിതനുണ്ടെന്നിരിക്കട്ടെ. അർധരാത്രി അവൻെറ അടുത്തുചെന്ന് അവൻ പറയുന്നു: സ്നേഹിതാ, എനിക്കു മൂന്ന് അപ്പം വായ്പ തരുക.
ലൂക്കാ 11:6	ഒരു സ്നേഹിതൻയാത്രാ മധ്യേ എൻെറ അടുക്കൽ വന്നിരിക്കുന്നു. അവനു കൊടുക്കാൻ എനിക്കൊന്നുമില്ല.
ലൂക്കാ 11:7	അപ്പോൾ, അവൻെറ സ്നേഹിതൻ അകത്തുനിന്നു മറുപടി പറയുന്നു: എന്നെ ഉപദ്രവിക്കരുത്. കതകടച്ചു കഴിഞ്ഞു. എൻെറ കുഞ്ഞുങ്ങളും എൻെറ കൂടെ കിടക്കയിലാണ്. എഴുന്നേറ്റ് നിനക്ക് ഒന്നും തരാൻ സാധിക്കുകയില്ല
ലൂക്കാ 11:8	ഞാൻ നിങ്ങളോടു പറയുന്നു, അവൻ സ്നേഹിതനാണ് എന്നതിൻെറ പേരിൽ അവന് ഒന്നും കൊടുക്കുകയില്ലെങ്കിൽത്തന്നെ നിർബന്ധം നിമിത്തം എഴുന്നേറ്റ് അവന് വേണ്ടതു നൽകും

140. പിടിക്കപ്പെട്ട വ്യഭിചാരിണി

യോഹ 8:2	അതിരാവിലെ അവൻ വീണ്ടും ദേവാലയത്തിലേക്കു വന്നു. ജനങ്ങളെല്ലാം അവൻെറ അടുക്കലെത്തി. അവൻ ഇരുന്ന് അവരെ പഠിപ്പിച്ചു.
യോഹ 8:3	വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ നിയമജ്ഞരും ഫരിസേയരുംകൂടെ അവൻെറ അടുക്കൽ കൊണ്ടുവന്ന് നടുവിൽ നിർത്തി.
യോഹ 8:4	അവർ അവനോടു പറഞ്ഞു: ഗുരോ, ഈ സ്ത്രീ വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവളാണ്.
യോഹ 8:5	ഇങ്ങനെയുള്ളവരെ കല്ലെറിയണമെന്നാണ് മോശ നിയമത്തിൽ കൽപിച്ചിരിക്കുന്നത്. നീ എന്തു പറയുന്നു?
യോഹ 8:6	ഇത്, അവനിൽ കുറ്റമാരോപിക്കാൻവേണ്ടി അവനെ പരീക്ഷിച്ചുകൊണ്ടു ചോദിച്ചതാണ്. യേശുവാകട്ടെ, കുനിഞ്ഞ് വിരൽകൊണ്ടു നിലത്ത് എഴുതിക്കൊണ്ടിരുന്നു.
യോഹ 8:7	അവർ ആവർത്തിച്ചു ചോദിച്ചുകൊണ്ടിരുന്നതിനാൽ അവൻ നിവർന്ന് അവരോടു പറഞ്ഞു: നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം അവളെ കല്ലെറിയട്ടെ.
യോഹ 8:8	അവൻ വീണ്ടും കുനിഞ്ഞ് നിലത്ത് എഴുതിക്കൊണ്ടിരുന്നു.
യോഹ 8:9	എന്നാൽ, ഇതുകേട്ടപ്പോൾ മുതിർന്നവർ തുടങ്ങി ഓരോരുത്തരായി സ്ഥലം വിട്ടു. ഒടുവിൽ യേശുവും നടുവിൽ നിന്നിരുന്ന ആ സ്ത്രീയും മാത്രം ശേഷിച്ചു.
യോഹ 8:10	യേശു നിവർന്ന് അവളോടു ചോദിച്ചു: സ്ത്രീയേ, അവർ എവിടെ? ആരും നിന്നെ വിധിച്ചില്ലേ?
യോഹ 8:11	അവൾ പറഞ്ഞു: ഇല്ല, കർത്താവേ! യേശു പറഞ്ഞു: ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത്

141. യേശു ലോകത്തിൻെറ പ്രകാശം

യോഹ 8:12	യേശു വീണ്ടും അവരോടു പറഞ്ഞു: ഞാൻ ലോകത്തിൻെറ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവൻെറ പ്രകാശമുണ്ടായിരിക്കും.
യോഹ 8:13	അപ്പോൾ ഫരിസേയർ പറഞ്ഞു: നീതന്നെ നിനക്കു സാക്ഷ്യം നൽകുന്നു. നിൻെറ സാക്ഷ്യം സത്യമല്ല.
യോഹ 8:14	യേശു പ്രതിവചിച്ചു: ഞാൻ തന്നെ എനിക്കു സാക്ഷ്യം നൽകിയാലും എൻെറ സാക്ഷ്യം സത്യമാണ്. കാരണം, ഞാൻ എവിടെനിന്നു വന്നുവെന്നും എവിടേക്കു പോകുന്നുവെന്നും എനിക്കറിയാം. എന്നാൽ, ഞാൻ എവിടെനിന്നു വരുന്നുവെന്നോ എവിടേക്കു പോകുന്നുവെന്നോ നിങ്ങൾ അറിയുന്നില്ല.
യോഹ 8:15	നിങ്ങളുടെ വിധി മാനുഷികമാണ്. ഞാൻ ആരെയും വിധിക്കുന്നില്ല.

യോഹ 8:16	ഞാൻ വിധിക്കുന്നെങ്കിൽത്തന്നെ എൻെറ വിധി സത്യമാണ്; കാരണം, ഞാൻ തനിച്ചല്ല എന്നെ അയച്ച പിതാവും എന്നോടുകൂടെയുണ്ട്.
യോഹ 8:17	രണ്ടുപേരുടെ സാക്ഷ്യം സത്യമാണെന്നു നിങ്ങളുടെ നിയമത്തിൽത്തന്നെ എഴുതിയിട്ടുണ്ടല്ലോ.
യോഹ 8:18	എന്നെക്കുറിച്ചു ഞാൻ തന്നെ സാക്ഷ്യം നൽകുന്നു. എന്നെ അയച്ച പിതാവും എന്നെക്കുറിച്ച് സാക്ഷ്യം നൽകുന്നു.
യോഹ 8:19	അപ്പോൾ അവർ ചോദിച്ചു: നിൻെറ പിതാവ് എവിടെയാണ്? യേശു പറഞ്ഞു: നിങ്ങൾ എന്നെയാകട്ടെ എൻെറ പിതാവിനെയാകട്ടെ അറിയുന്നില്ല; എന്നെ അറിഞ്ഞിരുന്നുവെങ്കിൽ എൻെറ പിതാവിനെയും അറിയുമായിരുന്നു. ദേവാലയത്തിൽ ഭണ്ഡാരസ്ഥലത്തു പഠിപ്പിച്ചുകൊണ്ടിരുന്നപ്പോഴാണ് അവൻ ഇതെല്ലാം പറഞ്ഞത്. എന്നാൽ, ആരും അവനെ പിടിച്ചില്ല. കാരണം, അവൻെറ സമയം ഇനിയും വന്നുചേർന്നിട്ടില്ലായിരുന്നു.

142. യഹൂദർക്കു മുന്നറിയിപ്പ്

യോഹ 8:21	യേശു വീണ്ടും അവരോടു പറഞ്ഞു: ഞാൻ പോകുന്നു. നിങ്ങൾ എന്നെ അന്വേഷിക്കും; എന്നാൽ, നിങ്ങളുടെ പാപത്തിൽ നിങ്ങൾ മരിക്കും. ഞാൻ പോകുന്നിടത്തേക്കു വരാൻ നിങ്ങൾക്കു കഴിയുകയില്ല.
യോഹ 8:22	അപ്പോൾ യഹൂദർ പറഞ്ഞു: ഞാൻ പോകുന്നിടത്തേക്കു വരാൻ നിങ്ങൾക്കു കഴിയുകയില്ല എന്ന് അവൻ പറയുന്നല്ലോ. അവൻ ആത്മഹത്യ ചെയ്തേക്കുമോ?
യോഹ 8:23	അവൻ പറഞ്ഞു: നിങ്ങൾ താഴെനിന്നുള്ളവരാണ്; ഞാൻ മുകളിൽനിന്നുള്ളവനും. നിങ്ങൾ ഈലോകത്തിൻേറതാണ്; ഞാൻ ഈ ലോകത്തിൻേറതല്ല.
യോഹ 8:24	നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും എന്നു ഞാൻ നിങ്ങളോടു പറഞ്ഞു. എന്തെന്നാൽ, ഞാൻ ഞാൻ തന്നെ എന്നു വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും.
യോഹ 8:25	അപ്പോൾ അവർ ചോദിച്ചു: നീ ആരാണ്? യേശു പറഞ്ഞു: ആരംഭം മുതലേ ഞാൻ നിങ്ങളോടു പറഞ്ഞിരുന്നതുതന്നെ.
യോഹ 8:26	എനിക്കു നിങ്ങളെക്കുറിച്ചു പലതും പറയാനും വിധിക്കാനുമുണ്ട്. എന്നെ അയച്ചവൻ സത്യവാനാണ്. അവിടുത്തെ അധരത്തിൽനിന്നു കേട്ടതു ഞാൻ ലോകത്തോടു പറയുന്നു.
യോഹ 8:27	പിതാവിനെക്കുറിച്ചാണ് അവൻ തങ്ങളോടു സംസാരിച്ചതെന്ന് അവർ മനസ്സിലാക്കിയില്ല.
യോഹ 8:28	അതുകൊണ്ട് യേശു പറഞ്ഞു: നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ, ഞാൻ ഞാൻ തന്നെയെന്നും ഞാൻ സ്വമേധയാ ഒന്നും പ്രവർത്തിക്കുന്നില്ല, പ്രത്യുത, എൻെറ പിതാവ് എന്നെ പഠിപ്പിച്ചതുപോലെ ഇക്കാര്യങ്ങൾ ഞാൻ സംസാരിക്കുന്നുവെന്നും നിങ്ങൾ മനസ്സിലാക്കും. എന്നെ അയച്ചവൻ എന്നോടുകൂടെയുണ്ട്.
യോഹ 8:29	അവിടുന്ന് എന്നെതനിയെ വിട്ടിരിക്കുകയല്ല. കാരണം, ഞാൻ എപ്പോഴും അവിടുത്തേക്ക് ഇഷ്ടമുള്ളതു പ്രവർത്തിക്കുന്നു.

143. സത്യം നിങ്ങളെ സ്വതന്ത്രരാക്കും

യോഹ 8:30	ഇതു പറഞ്ഞപ്പോൾ വളരെപ്പേർ അവനിൽ വിശ്വസിച്ചു.
യോഹ 8:31	തന്നിൽ വിശ്വസിച്ച യഹൂദരോട് യേശു പറഞ്ഞു: എൻെറ വചനത്തിൽ നിലനിൽക്കുമെങ്കിൽ നിങ്ങൾയഥാർത്ഥത്തിൽ എൻെറ ശിഷ്യരാണ്.
യോഹ 8:32	നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും.
യോഹ 8:33	അവർ അവനോടു പറഞ്ഞു: ഞങ്ങൾ അബ്രാഹത്തിൻെറ സന്തതികളാണ്. ഞങ്ങൾ ഒരിക്കലും ആരുടെയും അടിമകളായിരുന്നിട്ടില്ല. പിന്നെ എങ്ങനെയാണ് നിങ്ങൾ സ്വതന്ത്രരാക്കപ്പെടും എന്നു നീ പറയുന്നത്?
യോഹ 8:34	യേശു പ്രതിവചിച്ചു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, പാപം ചെയ്യുന്നവൻ പാപത്തിൻെറ അടിമയാണ്.
യോഹ 8:35	അടിമ എക്കാലവും ഭവനത്തിൽ വസിക്കുന്നില്ല. പുത്രനാകട്ടെ എക്കാലവും വസിക്കുന്നു.
യോഹ 8:36	അതുകൊണ്ട് പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾയഥാർഥത്തിൽ സ്വതന്ത്രരാകും.

144. പിശാചിന്റെ സന്തതികൾ

യോഹ 8:37	നിങ്ങൾ അബ്രാഹത്തിൻെറ സന്തതികളാണെന്ന് എനിക്കറിയാം. എന്നിട്ടും നിങ്ങൾ എന്നെ കൊല്ലാൻ ആലോചിക്കുന്നു. കാരണം, എൻെറ വചനം നിങ്ങളിൽ വസിക്കുന്നില്ല.
യോഹ 8:38	എൻെറ പിതാവിൻെറ സന്നിധിയിൽ കണ്ടവയെപ്പറ്റി ഞാൻ സംസാരിക്കുന്നു. നിങ്ങളുടെ പിതാവിൽനിന്നു കേട്ടതു നിങ്ങൾ പ്രവർത്തിക്കുന്നു.
യോഹ 8:39	അവർ പറഞ്ഞു: അബ്രാഹമാണു ഞങ്ങളുടെ പിതാവ്. യേശു അവരോടു പറഞ്ഞു: നിങ്ങൾ അബ്രാഹത്തിൻെറ മക്കളാണെങ്കിൽ അബ്രാഹത്തിൻെറ പ്രവൃത്തികൾ ചെയ്യുമായിരുന്നു.
യോഹ 8:40	എന്നാൽ, ദൈവത്തിൽ നിന്നു കേട്ട സത്യം നിങ്ങളോടു പറഞ്ഞഎന്നെ കൊല്ലാൻ നിങ്ങൾ ആലോചിക്കുന്നു. അബ്രാഹം ഇങ്ങനെ ചെയ്തിട്ടില്ല.
യോഹ 8:41	നിങ്ങൾ നിങ്ങളുടെ പിതാവിൻെറ പ്രവൃത്തികൾ ചെയ്യുന്നു. അപ്പോൾ അവർ പറഞ്ഞു: ഞങ്ങൾ ജാരസന്തതികളല്ല; ഞങ്ങൾക്കു പിതാവ് ഒന്നേ ഉള്ളൂ – ദൈവം.
യോഹ 8:42	യേശു അവരോടു പറഞ്ഞു: ദൈവം ആണ് നിങ്ങളുടെ പിതാവെങ്കിൽ നിങ്ങൾ എന്നെ സ്നേഹിക്കുമായിരുന്നു. കാരണം, ഞാൻ ദൈവത്തിൽനിന്നാണു വന്നിരിക്കുന്നത്. ഞാൻ സ്വമേധയാ വന്നതല്ല; അവിടുന്ന് എന്നെ അയച്ചതാണ്.
യോഹ 8:43	ഞാൻ പറയുന്നത് എന്തുകൊണ്ടു നിങ്ങൾ ഗ്രഹിക്കുന്നില്ല? എൻെറ വചനം ശ്രവിക്കാൻ നിങ്ങൾക്കു കഴിവില്ലാത്തതുകൊണ്ടുതന്നെ.

യോഹ 8:44	നിങ്ങൾ നിങ്ങളുടെ പിതാവായ പിശാചിൽനിന്ന് ഉള്ളവരാണ്. നിങ്ങളുടെ പിതാവിന്റെ ഇഷ്ടമനുസരിച്ചു പ്രവർത്തിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു. അവനാകട്ടെ ആദിമുതൽ കൊലപാതകിയാണ്. അവൻ ഒരിക്കലും സത്യത്തിൽ നിലനിന്നിട്ടില്ല. എന്തെന്നാൽ, അവനിൽ സത്യമില്ല. കള്ളം പറയുമ്പോൾ, സ്വന്തം സ്വഭാവമനുസരിച്ചുതന്നെയാണ് അവൻ സംസാരിക്കുന്നത്. കാരണം, അവൻ നുണയനും നുണയുടെ പിതാവുമാണ്.
യോഹ 8:45	ഞാൻ സത്യം പറയുന്നതുകൊണ്ട് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല.
യോഹ 8:46	നിങ്ങളിൽ ആർക്ക് എന്നിൽ പാപം തെളിയിക്കാൻ കഴിയും? ഞാൻ സത്യമാണ് പറയുന്നതെങ്കിൽ, എന്തുകൊണ്ട് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല?
യോഹ 8:47	ദൈവത്തിൽനിന്നുള്ളവൻ ദൈവത്തിന്റെ വാക്കു ശ്രവിക്കുന്നു. നിങ്ങൾ ദൈവത്തിൽനിന്നുള്ള വരല്ല. അതുകൊണ്ട് നിങ്ങൾ അവ ശ്രവിക്കുന്നില്ല.

145. അബ്രാഹത്തിനുമുമ്പു ഞാനുണ്ട്

യോഹ 8:48	യഹൂദർ പറഞ്ഞു: നീ ഒരു സമരിയാക്കാരനാണെന്നും നിന്നിൽ പിശാചുണ്ടെന്നും ഞങ്ങൾ പറയുന്നതു ശരിയല്ലേ?
യോഹ 8:49	യേശു പറഞ്ഞു: എനിക്കു പിശാചില്ല. ഞാൻ എന്റെ പിതാവിനെ ബഹുമാനിക്കുന്നു. നിങ്ങളാകട്ടെ എന്നെ അപമാനിക്കുന്നു.
യോഹ 8:50	ഞാൻ എന്റെ മഹത്വം അന്വേഷിക്കുന്നില്ല. അത് അന്വേഷിക്കുന്നവനും വിധികർത്താവുമായ ഒരുവനുണ്ട്.
യോഹ 8:51	സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ആരെങ്കിലും എന്റെ വചനം പാലിച്ചാൽ അവൻ ഒരിക്കലും മരിക്കുകയില്ല.
യോഹ 8:52	യഹൂദർ പറഞ്ഞു: നിനക്കു പിശാചുണ്ടെന്ന് ഇപ്പോൾ ഞങ്ങൾക്കു വ്യക്തമായിരിക്കുന്നു. അബ്രാഹം മരിച്ചു; പ്രവാചകൻമാരും മരിച്ചു. എന്നിട്ടും, എന്റെ വചനം പാലിക്കുന്ന ഒരുവനും ഒരിക്കലും മരിക്കുകയില്ല എന്നു നീ പറയുന്നു.
യോഹ 8:53	ഞങ്ങളുടെ മരിച്ചുപോയ പിതാവായ അബ്രാഹത്തെക്കാൾ വലിയവനാണോ നീ? പ്രവാചകൻമാരും മരിച്ചുപോയി. ആരാണെന്നാണ് നീ അവകാശപ്പെടുന്നത്?
യോഹ 8:54	യേശു പറഞ്ഞു: ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തിയാൽ എന്റെ മഹത്വത്തിനു വിലയില്ല.
യോഹ 8:55	എന്നാൽ, നിങ്ങളുടെ ദൈവമെന്നു നിങ്ങൾ വിളിക്കുന്ന എന്റെ പിതാവാണ് എന്നെ മഹത്വപ്പെടുത്തുന്നത്. എന്നാൽ, നിങ്ങൾ അവിടുത്തെ അറിഞ്ഞിട്ടില്ല; ഞാനോ അവിടുത്തെ അറിയുന്നു. ഞാൻ അവിടുത്തെ അഭറിയുന്നില്ല എന്നു പറയുന്നെങ്കിൽ ഞാനും നിങ്ങളെപ്പോലെ നുണയനാകും. എന്നാൽ, ഞാൻ അവിടുത്തെ അറിയുകയും അവിടുത്തെ വചനം പാലിക്കുകയും ചെയ്യുന്നു.
യോഹ 8:56	എന്റെ ദിവസം കാണാം എന്ന പ്രതീക്ഷയിൽ നിങ്ങളുടെ പിതാവായ അബ്രാഹം ആനന്ദിച്ചു. അവൻ അതു കാണുകയും സന്തോഷിക്കുകയും ചെയ്തു.
യോഹ 8:57	അപ്പോൾ യഹൂദർ പറഞ്ഞു: നിനക്ക് ഇനിയും അമ്പതു വയസ്സായിട്ടില്ല. എന്നിട്ടും നീ അബ്രാഹത്തെ കണ്ടുവെന്നോ?
യോഹ 8:58	യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. അബ്രാഹം ഉണ്ടാകുന്നതിനുമുമ്പ് ഞാൻ ഉണ്ട്.
യോഹ 8:59	അപ്പോൾ അവർ അവനെ എറിയാൻ കല്ലുകളെടുത്തു. എന്നാൽ യേശു അവരിൽനിന്നു മറഞ്ഞ് ദേവാലയത്തിൽനിന്നു പുറത്തു പോയി.

146. ജന്മനാ അന്ധനായ മനുഷ്യൻ

യോഹ 9:1	അവൻ കടന്നുപോകുമ്പോൾ, ജന്മനാ അന്ധനായ ഒരുവനെ കണ്ടു.
യോഹ 9:2	ശിഷ്യൻമാർ യേശുവിനോടു ചോദിച്ചു: റബ്ബീ, ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്, ഇവന്റെയോ ഇവന്റെ മാതാപിതാക്കൻമാരുടെയോ?
യോഹ 9:3	യേശു മറുപടി പറഞ്ഞു: ഇവന്റെയോ ഇവന്റെ മാതാപിതാക്കൻമാരുടെയോ പാപം നിമിത്തമല്ല, പ്രത്യുത, ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്.
യോഹ 9:4	എന്നെ അയച്ചവന്റെ പ്രവൃത്തികൾ പകലായിരിക്കുവോളം നാം ചെയ്യേണ്ടിയിരിക്കുന്നു. ആർക്കും ജോലിചെയ്യാൻ കഴിയാത്ത രാത്രി വരുന്നു.
യോഹ 9:5	ലോകത്തിലായിരിക്കുമ്പോൾ ഞാൻ ലോകത്തിന്റെ പ്രകാശമാണ്.
യോഹ 9:6	ഇതു പറഞ്ഞിട്ട് അവൻ നിലത്തു തുപ്പി; തുപ്പൽകൊണ്ടു ചെളിയുണ്ടാക്കി, അവന്റെ കണ്ണുകളിൽ പൂശിയിട്ട്,
യോഹ 9:7	അവനോടു പറഞ്ഞു: നീ പോയി സീലോഹാ – അയയ്ക്കപ്പെട്ടവൻ എന്നർഥം – കുളത്തിൽ കഴുകുക. അവൻ പോയി കഴുകി, കാഴ്ചയുള്ളവനായി തിരിച്ചുവന്നു.
യോഹ 9:8	അയൽക്കാരും അവനെ മുമ്പുയാചകനായി കണ്ടിട്ടുള്ളവരും പറഞ്ഞു: ഇവൻതന്നെയല്ലേ, അവിടെയിരുന്നു ഭിക്ഷയാചിച്ചിരുന്നവൻ?
യോഹ 9:9	ചിലർ പറഞ്ഞു: ഇവൻതന്നെ, മറ്റുചിലർ പറഞ്ഞു: അല്ല, ഇവൻ അവനെപ്പോലെയിരിക്കുന്നു എന്നേയുള്ളു. എന്നാൽ അവൻ പറഞ്ഞു: ഞാൻ തന്നെ.
യോഹ 9:10	അപ്പോൾ അവർ അവനോടു ചോദിച്ചു: എങ്ങനെയാണു നിന്റെ കണ്ണുകൾ തുറക്കപ്പെട്ടത്?
യോഹ 9:11	അവൻ പറഞ്ഞു: യേശു എന്നു പേരുള്ള മനുഷ്യൻ ചെളിയുണ്ടാക്കി എന്റെ കണ്ണുകളിൽ പുരട്ടി, സീലോഹായിൽ പോയി കഴുകുക എന്നു പറഞ്ഞു. ഞാൻ പോയി കഴുകി; എനിക്കു കാഴ്ച ലഭിച്ചു.
യോഹ 9:12	എന്നിട്ട് അവനെവിടെ എന്ന് അവർ ചോദിച്ചു. എനിക്കറിഞ്ഞുകൂടാ എന്ന് അവൻ മറുപടി പറഞ്ഞു.
യോഹ 9:13	മുമ്പ് അന്ധനായിരുന്ന അവനെ അവർ ഫരിസേയരുടെ അടുത്തു കൊണ്ടുചെന്നു.

യോഹ 9:14	യേശു ചെളിയുണ്ടാക്കി അവൻെറ കണ്ണുകൾ തുറന്നത് ഒരു സാബത്തു ദിവസമാണ്.
യോഹ 9:15	വീണ്ടും ഫരിസേയർ അവനോട് എങ്ങനെ അവനു കാഴ്ച ലഭിച്ചു എന്നു ചോദിച്ചു. അവൻ പറഞ്ഞു: അവൻ എൻെറ കണ്ണുകളിൽ ചെളി പുരട്ടി; ഞാൻ കഴുകി; ഞാൻ കാണുകയും ചെയ്യുന്നു.
യോഹ 9:16	ഫരിസേയരിൽ ചിലർ പറഞ്ഞു: ഈ മനുഷ്യൻ ദൈവത്തിൽനിന്നുള്ളവനല്ല. എന്തെന്നാൽ, അവൻ സാബത്ത് ആചരിക്കുന്നില്ല. എന്നാൽ മറ്റുള്ളവർ പറഞ്ഞു: പാപിയായ ഒരു മനുഷ്യന് എങ്ങനെ ഇത്തരം അടയാളങ്ങൾ പ്രവർത്തിക്കാൻ കഴിയും? അങ്ങനെ അവരുടെയിടയിൽ ഭിന്നതയുണ്ടായി.
യോഹ 9:17	അപ്പോൾ ആ അന്ധനോടു വീണ്ടും അവർ ചോദിച്ചു: അവൻ നിൻെറ കണ്ണുകൾ തുറന്നല്ലോ; അവനെപ്പറ്റി നീഎന്തു പറയുന്നു? അവൻ പറഞ്ഞു: അവൻ ഒരു പ്രവാചകനാണ്.
യോഹ 9:18	അവൻ അന്ധനായിരുന്നെന്നും കാഴ്ചപ്രാപിച്ചെന്നും കാഴ്ച ലഭിച്ചവൻെറ മാതാപിതാക്കൻമാരെ വിളിച്ചു ചോദിക്കുവോളം, യഹൂദർ വിശ്വസിച്ചില്ല.
യോഹ 9:19	അവർ ചോദിച്ചു: അന്ധനായി ജനിച്ചു എന്നു നിങ്ങൾ പറയുന്ന നിങ്ങളുടെ മകൻ ഇവനാണോ? ആണെങ്കിൽ എങ്ങനെയാണ് അവനിപ്പോൾ കാണുന്നത്?
യോഹ 9:20	അവൻെറ മാതാപിതാക്കൻമാർ പറഞ്ഞു: അവൻ ഞങ്ങളുടെ മകനാണെന്നും അവൻ അന്ധനായി ജനിച്ചു എന്നും ഞങ്ങൾക്കറിയാം.
യോഹ 9:21	എന്നാൽ, ഇപ്പോൾ അവൻ എങ്ങനെ കാണുന്നു എന്നും അവൻെറ കണ്ണുകൾ ആരു തുറന്നു എന്നും ഞങ്ങൾക്കറിഞ്ഞുകൂടാ. അത് അവനോടുതന്നെ ചോദിക്കുവിൻ. അവനു പ്രായം ആയല്ലോ. തന്നെക്കുറിച്ച് അവൻ തന്നെ പറയും.
യോഹ 9:22	അവൻെറ മാതാപിതാക്കൻമാർ ഇങ്ങനെ പറഞ്ഞത് യഹൂദരെ ഭയന്നിട്ടാണ്. കാരണം, യേശുവിനെ ക്രിസ്തു എന്ന് ആരെങ്കിലും പരസ്യമായി ഏറ്റുപറഞ്ഞാൽ അവനെ സിനഗോഗിൽനിന്നു പുറത്താക്കണമെന്ന് യഹൂദർ തീരുമാനിച്ചിരുന്നു.
യോഹ 9:23	അതുകൊണ്ടാണ്, അവൻെറ മാതാപിതാക്കൻമാർ അവനു പ്രായമായല്ലോ; അവനോടുതന്നെ ചോദിക്കുവിൻ എന്നു പറഞ്ഞത്.
യോഹ 9:24	അന്ധനായിരുന്ന അവനെ യഹൂദർ വീണ്ടും വിളിച്ച് അവനോട് പറഞ്ഞു: ദൈവത്തെ മഹത്വപ്പെടുത്തുക. ആ മനുഷ്യൻ പാപിയാണെന്നു ഞങ്ങൾക്കറിയാം.
യോഹ 9:25	അവൻ പറഞ്ഞു: അവൻ പാപിയാണോ എന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ, ഒരു കാര്യം എനിക്കറിയാം. ഞാൻ അന്ധനായിരുന്നു; ഇപ്പോൾ ഞാൻ കാണുന്നു.
യോഹ 9:26	അവർ ചോദിച്ചു: അവൻ നിനക്കുവേണ്ടി എന്തു ചെയ്തു? എങ്ങനെയാണ് അവൻ നിൻെറ കണ്ണുകൾ തുറന്നത്?
യോഹ 9:27	അവൻ മറുപടി പറഞ്ഞു: നിങ്ങളോടു ഞാൻ പറഞ്ഞുകഴിഞ്ഞുവല്ലോ. അപ്പോൾ നിങ്ങൾ കേട്ടില്ല. എന്തുകൊണ്ടാണ് വീണ്ടും കേൾക്കാൻ നിങ്ങളാഗ്രഹിക്കുന്നത്? നിങ്ങളും അവൻെറ ശിഷ്യരാകുവാൻ ഇച്ഛരിക്കുന്നുവോ?
യോഹ 9:28	അവനെ ശകാരിച്ചുകൊണ്ട് അവർ പറഞ്ഞു: നീയാണ് അവൻെറ ശിഷ്യൻ. ഞങ്ങൾ മോശയുടെ ശിഷ്യൻമാരാണ്.
യോഹ 9:29	ദൈവം മോശയോടു സംസാരിച്ചുവെന്ന് ഞങ്ങൾക്കറിയാം. എന്നാൽ, ഈ മനുഷ്യൻ എവിടെനിന്നാണെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ.
യോഹ 9:30	അവൻ മറുപടി പറഞ്ഞു. ഇതു വിചിത്രമായിരിക്കുന്നു! അവൻ എവിടെനിന്നാണെന്നു നിങ്ങളറിയുന്നില്ല. എന്നാൽ, അവൻ എൻെറ കണ്ണുകൾ തുറന്നു.
യോഹ 9:31	ദൈവം പാപികളുടെ പ്രാർഥന കേൾക്കുകയില്ലെന്നു നമുക്കറിയാം. എന്നാൽ, ദൈവത്തെ ആരാധിക്കുകയും അവൻെറ ഇഷ്ടം പ്രവർത്തിക്കുകയും ചെയ്യുന്നവൻെറ പ്രാർഥന ദൈവം ശ്രവിക്കുന്നു.
യോഹ 9:32	അന്ധനായിപ്പിറന്ന ഒരു മനുഷ്യൻെറ കണ്ണ് ആരും തുറന്നതായി ലോകാരംഭം മുതൽ ഇന്നോളം കേട്ടിട്ടില്ല.
യോഹ 9:33	ഈ മനുഷ്യൻ ദൈവത്തിൽനിന്നുള്ള വനല്ലെങ്കിൽ ഒന്നുംചെയ്യാൻ അവനു കഴിയുമായിരുന്നില്ല.
യോഹ 9:34	അപ്പോൾ അവർ പറഞ്ഞു: തികച്ചും പാപത്തിൽ പിറന്ന നീ ഞങ്ങളെ പഠിപ്പിക്കുന്നുവോ? അവർ അവനെ പുറത്താക്കി.
യോഹ 9:35	അവർ അവനെ പുറത്താക്കി എന്നു യേശു കേട്ടു. അവനെക്കണ്ടപ്പോൾ യേശു ചോദിച്ചു: മനുഷ്യപുത്രനിൽ നീ വിശ്വസിക്കുന്നുവോ?
യോഹ 9:36	അവൻ ചോദിച്ചു: കർത്താവേ, ഞാൻ അവനിൽ വിശ്വസിക്കേണ്ടതിന് അവൻ ആരാണ്?
യോഹ 9:37	യേശു പറഞ്ഞു: നീ അവനെ കണ്ടുകഴിഞ്ഞു. നിന്നോടു സംസാരിക്കുന്നവൻതന്നെയാണ് അവൻ .
യോഹ 9:38	കർത്താവേ, ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞുകൊണ്ട് അവൻ യേശുവിനെ പ്രണമിച്ചു.
യോഹ 9:39	യേശു പറഞ്ഞു: കാഴ്ചയില്ലാത്ത വർ കാണുകയും കാഴ്ചയുള്ളവർ അന്ധരായിത്തീരുകയും ചെയ്യേണ്ടതിന്ന്യായവിധിക്കായിട്ടാണു ഞാൻ ഈ ലോകത്തിലേക്കു വന്നത്.
യോഹ 9:40	അവൻെറ അടുത്തുണ്ടായിരുന്ന ഏതാനും ഫരിസേയർ ഇതുകേട്ട് അവനോടു ചോദിച്ചു: അപ്പോൾ ഞങ്ങളും അന്ധരാണോ?
യോഹ 9:41	യേശു അവരോടു പറഞ്ഞു: അന്ധരായിരുന്നെങ്കിൽ നിങ്ങൾക്കു പാപം ഉണ്ടാകുമായിരുന്നില്ല. എന്നാൽ, ഞങ്ങൾ കാണുന്നു എന്നു നിങ്ങൾ പറയുന്നു. അതുകൊണ്ടു നിങ്ങളിൽ പാപം നിലനിൽക്കുന്നു.

147. നല്ല ഇടയൻ

യോഹ 10:1	സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ആട്ടിൻതൊഴുത്തിലേക്കു വാതിലിലൂടെയല്ലാതെ മറ്റുവഴിക്കു കടക്കുന്നവൻ കള്ളനും കവർച്ചക്കാരനുമാണ്.
യോഹ 10:2	എന്നാൽ, വാതിലിലൂടെ പ്രവേശിക്കുന്നവൻ ആടുകളുടെ ഇടയനാണ്.
യോഹ 10:3	കാവൽക്കാരൻ അവനു വാതിൽ തുറന്നുകൊടുക്കുന്നു. ആടുകൾ അവൻെറ സ്വരം കേൾക്കുന്നു. അവൻ തൻെറ ആടുകളെ പേരു ചൊല്ലി വിളിക്കുകയും പുറത്തേക്കു നയിക്കുകയും ചെയ്യുന്നു.
യോഹ 10:4	തനിക്കുള്ളതിനെയെല്ലാം പുറത്തിറക്കിയിട്ട് അവൻ അവയ്ക്കുമുമ്പേ നടക്കുന്നു. അവൻെറ സ്വരം തിരിച്ചറിയുന്നതുകൊണ്ട് ആടുകൾ അവനെ അനുഗമിക്കുന്നു.
യോഹ 10:5	അവ ഒരിക്കലും അപരിചിതനെ അനുഗമിക്കുകയില്ല. അന്യരുടെ സ്വരം അറിയാത്തതിനാൽ അവ അവരിൽനിന്ന് ഓടിയകലും–
യോഹ 10:6	യേശു അവരോട് ഈ ഉപമ പറഞ്ഞു. എന്നാൽ, അവൻ തങ്ങളോടു പറഞ്ഞത് എന്തെന്ന് അവർ മനസ്സിലാക്കിയില്ല.
യോഹ 10:7	അതുകൊണ്ട് യേശു വീണ്ടും പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഞാനാണ് ആടുകളുടെ വാതിൽ.
യോഹ 10:8	എനിക്കുമുമ്പേ വന്നവരെല്ലാം കള്ളൻമാരും കവർച്ചക്കാരുമായിരുന്നു. ആടുകൾ അവരെ ശ്രവിച്ചില്ല.
യോഹ 10:9	ഞാനാണ് വാതിൽ; എന്നിലൂടെ പ്രവേശിക്കുന്നവൻ രക്ഷപ്രാപിക്കും. അവൻ അകത്തു വരുകയും പുറത്തു പോവുകയും മേച്ചിൽസ്ഥലം കണ്ടെത്തുകയും ചെയ്യും.
യോഹ 10:10	മോഷ്ടിക്കാനും കൊല്ലാനും നശിപ്പിക്കാനുമാണു കള്ളൻ വരുന്നത്. ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്.
യോഹ 10:11	ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു.
യോഹ 10:12	ഇടയനല്ലാത്തവനും ആടുകൾ സ്വന്തമല്ലാത്തവനുമായ കൂലിക്കാരൻ ചെന്നായ് വരുന്നതു കാണുമ്പോൾ ആടുകളെ ഉപേക്ഷിച്ച് ഓടിപ്പോകുന്നു. ചെന്നായ് വന്ന് അവയെ പിടിക്കുകയും ചിതറിച്ചുകളയുകയും ചെയ്യുന്നു.
യോഹ 10:13	അവൻ ഓടിപ്പോകുന്നതു കൂലിക്കാരനായതുകൊണ്ടും ആടുകളെപ്പറ്റി താത്പര്യമില്ലാത്തതുകൊണ്ടുമാണ്.
യോഹ 10:14	ഞാൻ നല്ല ഇടയനാണ്. പിതാവ് എന്നെയും ഞാൻ പിതാവിനെയും അറിയുന്നതുപോലെ ഞാൻ എനിക്കുള്ളവയെയും എനിക്കുള്ളവ എന്നെയും അറിയുന്നു.
യോഹ 10:15	ആടുകൾക്കുവേണ്ടി ഞാൻ ജീവൻ അർപ്പിക്കുന്നു.
യോഹ 10:16	ഈ തൊഴുത്തിൽപ്പെടാത്ത മറ്റാടുകളും എനിക്കുണ്ട്. അവയെയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു. അവ എൻെറ സ്വരം ശ്രവിക്കും. അങ്ങനെ ഒരാട്ടിൻപറ്റവും ഒരിടയനുമാകും.
യോഹ 10:17	തിരിച്ചെടുക്കുന്നതിനുവേണ്ടി ഞാൻ ജീവൻ അർപ്പിക്കുന്നതിനാൽ പിതാവ് എന്നെ സ്നേഹിക്കുന്നു.
യോഹ 10:18	ആരും എന്നിൽനിന്ന് അതു പിടിച്ചെടുക്കുകയല്ല, ഞാൻ അതു സ്വമനസ്സാ സമർപ്പിക്കുകയാണ്. അതു സമർപ്പിക്കാനും തിരികെ എടുക്കാനും എനിക്കധികാരമുണ്ട്. ഈ കൽപന എൻെറ പിതാവിൽനിന്നാണ് എനിക്കു ലഭിച്ചത്.
യോഹ 10:19	ഈ വാക്കുകൾമൂലം യഹൂദരുടെ ഇടയിൽ വീണ്ടും ഭിന്നതയുണ്ടായി.
യോഹ 10:20	അവനു പിശാചുണ്ട്; അവനു ഭ്രാന്താണ്; എന്തിന് അവൻ പറയുന്നതു കേൾക്കണം എന്നിങ്ങനെ അവരിൽ വളരെപ്പേർ പറഞ്ഞു.
യോഹ 10:21	എന്നാൽ, മറ്റുള്ളവർ പറഞ്ഞു: ഈ വാക്കുകൾ പിശാചുബാധിതൻേറതല്ല; പിശാചിന് അന്ധരുടെ കണ്ണുകൾ തുറക്കുവാൻ കഴിയുമോ?

148. യേശു ദൈവപുത്രൻ

യോഹ 10:22	ജറുസലെമിൽ പ്രതിഷ്ഠയുടെ തിരുനാളായിരുന്നു. അത് ശീതകാലമായിരുന്നു.
യോഹ 10:23	യേശു ദേവാലയത്തിൽ സോളമൻെറ മണ്ഡപത്തിൽ നടക്കുമ്പോൾ
യോഹ 10:24	യഹൂദർ അവൻെറ ചുറ്റുംകൂടി ചോദിച്ചു: നീ ഞങ്ങളെ എത്രനാൾ ഇങ്ങനെ സന്ദിഗ്ധാവസ്ഥയിൽ നിർത്തും? നീ ക്രിസ്തുവാണെങ്കിൽ വ്യക്തമായി ഞങ്ങളോടു പറയുക.
യോഹ 10:25	യേശു പ്രതിവചിച്ചു: ഞാൻ നിങ്ങളോടു പറഞ്ഞു; എന്നിട്ടും നിങ്ങൾ വിശ്വസിക്കുന്നില്ല. എൻെറ പിതാവിൻെറ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എനിക്കു സാക്ഷ്യം നൽകുന്നു.
യോഹ 10:26	എന്നാൽ നിങ്ങൾ വിശ്വസിക്കുന്നില്ല; കാരണം, നിങ്ങൾ എൻെറ ആടുകളിൽപ്പെടുന്നവരല്ല.
യോഹ 10:27	എൻെറ ആടുകൾഎൻെറ സ്വരം ശ്രവിക്കുന്നു. എനിക്ക് അവയെ അറിയാം. അവ എന്നെ അനുഗമിക്കുന്നു.
യോഹ 10:28	ഞാൻ അവയ്ക്കു നിത്യജീവൻ നൽകുന്നു. അവ ഒരിക്കലും നശിച്ചുപോവുകയില്ല. അവയെ എൻെറ അടുക്കൽനിന്ന് ആരും പിടിച്ചെടുക്കുകയുമില്ല.
യോഹ 10:29	അവയെ എനിക്കു നൽകിയ എൻെറ പിതാവ് എല്ലാവരെയുംകാൾ വലിയവനാണ്. പിതാവിൻെറ കൈയിൽനിന്ന് അവയെ പിടിച്ചെടുക്കാൻ ആർക്കും സാധിക്കുകയില്ല.
യോഹ 10:30	ഞാനും പിതാവും ഒന്നാണ്.
യോഹ 10:31	യഹൂദർ അവനെ എറിയാൻ വീണ്ടും കല്ലെടുത്തു.

യോഹ 10:32	യേശു അവരോടു ചോദിച്ചു: പിതാവിൽനിന്നുള്ള അനേകം നല്ല പ്രവൃത്തികൾ ഞാൻ നിങ്ങളെ കാണിച്ചു. ഇവയിൽ ഏതു പ്രവൃത്തിമൂലമാണ് നിങ്ങൾ എന്നെ കല്ലെറിയുന്നത്?
യോഹ 10:33	യഹൂദർ പറഞ്ഞു: ഏതെങ്കിലും നല്ല പ്രവൃത്തികൾമൂല മല്ല, ദൈവദൂഷണംമൂലമാണ് ഞങ്ങൾ നിന്നെ കല്ലെറിയുന്നത്; കാരണം, മനുഷ്യ നായിരിക്കെ, നീ നിന്നെത്തന്നെ ദൈവമാക്കുന്നു.
യോഹ 10:34	യേശു അവരോടു ചോദിച്ചു: നിങ്ങൾ ദൈവങ്ങളാണെന്നു ഞാൻ പറഞ്ഞു എന്നു നിങ്ങളുടെ നിയമത്തിൽ എഴുതപ്പെട്ടിട്ടില്ലേ?
യോഹ 10:35	വിശുദ്ധ ലിഖിതം നിറവേറാതിരിക്കുകയില്ലല്ലോ. ദൈവവചനം ആരുടെ അടുത്തേക്കു വന്നുവോ അവരെ ദൈവങ്ങൾ എന്ന് അവൻ വിളിച്ചു.
യോഹ 10:36	അങ്ങനെയെങ്കിൽ, പിതാവ് വിശുദ്ധീകരിച്ച് ലോകത്തിലേക്കയച്ച എന്നെ ഞാൻ ദൈവപുത്രനാണ് എന്നു പറഞ്ഞതുകൊണ്ട്, നീ ദൈവദൂഷണം പറയുന്നു എന്നു നിങ്ങൾ കുറ്റപ്പെടുത്തുന്നുവോ?
യോഹ 10:37	ഞാൻ എൻെറ പിതാവിൻെറ പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കേണ്ടാ.
യോഹ 10:38	എന്നാൽ, ഞാൻ അവ ചെയ്യുന്നെങ്കിൽ, നിങ്ങൾ എന്നിൽ വിശ്വസിക്കുന്നില്ലെങ്കിലും ആ പ്രവൃത്തികളിൽ വിശ്വസിക്കുവിൻ. അപ്പോൾ, പിതാവ് എന്നിലും ഞാൻ പിതാവിലും ആണെന്നു നിങ്ങൾ അറിയുകയും ആ അറിവിൽ നിലനിൽക്കുകയും ചെയ്യും.
യോഹ 10:39	വീണ്ടും അവർ അവനെ ബന്ധിക്കാൻ ശ്രമിച്ചു; എന്നാൽ അവൻ അവരുടെ കൈയിൽനിന്ന് രക്ഷപെട്ടു.
യോഹ 10:40	ജോർദാൻെറ മറുകരയിൽ യോഹന്നാൻ ആദ്യം സ്നാനം നൽകിയിരുന്ന സ്ഥലത്തേക്ക് അവൻ വീണ്ടും പോയി അവിടെ താമസിച്ചു.
യോഹ 10:41	വളരെപ്പേർ അവൻെറ അടുത്തു വന്നു. അവർ പറഞ്ഞു: യോഹന്നാൻ ഒരടയാളവും പ്രവർത്തിച്ചില്ല. എന്നാൽ, ഈ മനുഷ്യനെപ്പറ്റി യോഹന്നാൻ പറഞ്ഞിരുന്നതെല്ലാം സത്യമാണ്.
യോഹ 10:42	അവിടെവച്ച് വളരെപ്പേർ അവനിൽ വിശ്വസിച്ചു.

149. ലാസറിൻെറ മരണം

യോഹ 11:1	ലാസർ എന്നു പേരായ ഒരുവൻ രോഗബാധിതനായി. ഇവൻമറിയത്തിൻെറയും അവളുടെ സഹോദരിയായ മർത്തായുടെയും ഗ്രാമമായ ബഥാനിയായിൽനിന്നുള്ളവനായിരുന്നു.
യോഹ 11:2	ഈ മറിയമാണു സുഗന്ധതൈലംകൊണ്ടു കർത്താവിനെ പൂശുകയും തൻെറ തലമുടികൊണ്ട് അവൻെറ പാദങ്ങൾ തുടയ്ക്കുകയും ചെയ്തത്. ഇവളുടെ സഹോദരൻ ലാസറാണു രോഗബാധിതനായത്.
യോഹ 11:3	കർത്താവേ, ഇതാ, അങ്ങു സ്നേഹിക്കുന്നവൻ രോഗിയായിരിക്കുന്നു എന്നു പ റയാൻ ആ സഹോദരിമാർ അവൻെറ അടുക്കലേക്ക് ആളയച്ചു.
യോഹ 11:4	അതു കേട്ടപ്പോൾ യേശു പറഞ്ഞു: ഈ രോഗം മരണത്തിൽ അവസാനിക്കാനുള്ളതല്ല; പ്രത്യുത, ദൈവത്തിൻെറ മഹത്വത്തിനും അതുവഴി ദൈവപുത്രൻ മഹത്വം പ്രാപിക്കുന്നതിനും വേണ്ടിയുള്ളതാണ്.
യോഹ 11:5	യേശു മർത്തായെയും അവ ളുടെ സഹോദരിയെയും ലാസറിനെയും സ്നേഹിച്ചിരുന്നു.
യോഹ 11:6	എങ്കിലും, അവൻ രോഗിയായി എന്നു കേട്ടിട്ടും യേശു താൻ താമസിച്ചിരുന്ന സ്ഥലത്തുതന്നെ രണ്ടു ദിവസം കൂടി ചെലവഴിച്ചു.
യോഹ 11:7	അനന്തരം, അവൻ ശിഷ്യൻമാരോടു പറഞ്ഞു: നമുക്ക് വീണ്ടുംയൂദയായിലേക്കു പോകാം.
യോഹ 11:8	ശിഷ്യൻമാർ ചോദിച്ചു: ഗുരോ, യഹൂദർ ഇപ്പോൾത്തന്നെ നിന്നെ കല്ലെറിയാൻ അന്വേഷിക്കുകയായിരുന്നല്ലോ. എന്നിട്ട് അങ്ങോട്ടു പോവുകയാണോ?
യോഹ 11:9	യേശു പ്രതിവചിച്ചു: പകലിനു പന്ത്രണ്ടു മണിക്കൂറില്ലേ? പകൽ നടക്കുന്നവൻ കാൽതട്ടി വീഴുന്നില്ല. ഈ ലോകത്തിൻെറ പ്രകാശം അവൻ കാണുന്നു.
യോഹ 11:10	രാത്രി നടക്കുന്നവൻ തട്ടിവീഴുന്നു. കാരണം, അവനു പ്രകാശമില്ല.
യോഹ 11:11	അവൻ തുടർന്നു: നമ്മുടെ സ്നേഹിതനായ ലാസർ ഉറങ്ങുകയാണ്. അവനെ ഉണർത്താൻ ഞാൻ പോകുന്നു.
യോഹ 11:12	ശിഷ്യൻമാർ പറഞ്ഞു: കർത്താവേ, ഉറങ്ങുകയാണെങ്കിൽ അവൻ സുഖം പ്രാപിക്കും.
യോഹ 11:13	യേശു അവൻെറ മരണത്തെക്കുറിച്ചാണു സംസാരിച്ചത്. എന്നാൽ, നിദ്രയുടെ വിശ്രമത്തെക്കുറിച്ചാണ് അവൻ പറഞ്ഞതെന്ന് അവർ വിചാരിച്ചു.
യോഹ 11:14	അപ്പോൾ യേശു വ്യക്തമായി അവരോടു പറഞ്ഞു: ലാസർ മരിച്ചുപോയി.
യോഹ 11:15	നിങ്ങൾ വിശ്വസിക്കേണ്ടതിന്, ഞാൻ അവിടെ ഇല്ലാഞ്ഞതിൽ നിങ്ങളെപ്രതി ഞാൻ സന്തോഷിക്കുന്നു. നമുക്ക് അവൻെറ അടുത്തേക്കു പോകാം.
യോഹ 11:16	ദീദിമോസ് എന്ന തോമസ് അപ്പോൾ മറ്റു ശിഷ്യൻമാരോടു പറഞ്ഞു: അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം.
യോഹ 11:17	ലാസർ സംസ്കരിക്കപ്പെട്ടിട്ടു നാലു ദിവസമായെന്ന് യേശു അവിടെയെത്തിയപ്പോൾ അറിഞ്ഞു.
യോഹ 11:18	ബഥാനിയാ ജറുസലെ മിന് അടുത്ത് ഏകദേശം പതിനഞ്ചു സ്താദിയോൺ ദൂരത്തായിരുന്നു.
യോഹ 11:19	അനേകംയഹൂദർ മർത്തായെയും മറിയത്തെയും അവരുടെ സഹോദരനെപ്രതി ആശ്വസിപ്പിക്കാൻ വന്നിരുന്നു.
യോഹ 11:20	യേശു വരുന്നുണ്ടെന്നു കേട്ടപ്പോൾ മർത്താ ചെന്ന് അവനെ സ്വീകരിച്ചു. എന്നാൽ, മറിയം വീട്ടിൽത്തന്നെ ഇരുന്നു.
യോഹ 11:21	മർത്താ യേശുവിനോടു പറഞ്ഞു: കർത്താവേ, നീ ഇവിടെയുണ്ടായിരുന്നെങ്കിൽ എൻെറ സഹോദരൻമരിക്കുകയില്ലായിരുന്നു.
യോഹ 11:22	എന്നാൽ, നീ ചോദിക്കുന്നതെന്തും ദൈവം നിനക്കു തരും എന്ന് എനിക്കറിയാം.

യോഹ 11:23	യേശു പറഞ്ഞു: നിൻെറ സഹോദരൻ ഉയിർത്തെഴുന്നേൽക്കും.
യോഹ 11:24	മർത്താ പറഞ്ഞു: അന്ത്യദിനത്തിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേൽക്കുമെന്ന് എനിക്കറിയാം.
യോഹ 11:25	യേശു അവളോടു പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻമരിച്ചാലും ജീവിക്കും.
യോഹ 11:26	അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല. ഇതു നീ വിശ്വസിക്കുന്നുവോ?
യോഹ 11:27	അവൾ പറഞ്ഞു: ഉവ്വ്, കർത്താവേ! നീ ലോകത്തിലേക്കു വരാനിരുന്ന ദൈവപുത്രനായ ക്രിസ്തു ആണെന്നു ഞാൻ വിശ്വസിക്കുന്നു.
യോഹ 11:28	ഇതു പറഞ്ഞിട്ട് അവൾ പോയി തൻെറ സഹോദരിയായ മറിയത്തെ വിളിച്ച്, ഇതാ, ഗുരു ഇവിടെയുണ്ട്; നിന്നെ വിളിക്കുന്നു എന്നു സ്വകാര്യമായിപ്പറഞ്ഞു.
യോഹ 11:29	ഇതു കേട്ടയുടനെ അവൾ എഴുന്നേറ്റ് അവൻെറ അടുത്തേക്കു ചെന്നു.
യോഹ 11:30	യേശു അപ്പോഴും ഗ്രാമത്തിൽ പ്രവേശിച്ചിട്ടില്ലായിരുന്നു. മർത്താ കണ്ട സ്ഥലത്തുതന്നെ അവൻ നിൽക്കുകയായിരുന്നു.
യോഹ 11:31	മറിയം തിടുക്കത്തിൽ എഴുന്നേറ്റു പുറത്തേക്കു പോകുന്നതു കണ്ട്, വീട്ടിൽ അവളെ ആശ്വസിപ്പിച്ചുകൊണ്ടിരുന്ന യഹൂദർ അവളെ അനുഗമിച്ചു. അവൾ ശവകുടീരത്തിങ്കൽ കരയാൻ പോവുകയാണെന്ന് അവർ വിചാരിച്ചു.
യോഹ 11:32	മറിയം യേശു നിന്നിരുന്നിടത്തു വന്ന്, അവനെക്കണ്ടപ്പോൾ കാൽക്കൽ വീണു പറഞ്ഞു: കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എൻെറ സഹോദരൻമരിക്കുമായിരുന്നില്ല.
യോഹ 11:33	അവളും അവളോടുകൂടെ വന്ന യഹൂദരും കരയുന്നതു കണ്ടപ്പോൾ യേശു ആത്മാവിൽ നെടുവീർപ്പിട്ടുകൊണ്ട് അസ്വസ്ഥനായി ചോദിച്ചു:
യോഹ 11:34	അവനെ അടക്കിയിരിക്കുന്നത് എവിടെയാണ്? അവർ അവനോടു പറഞ്ഞു: കർത്താവേ, വന്നു കാണുക.
യോഹ 11:35	യേശു കണ്ണീർ പൊഴിച്ചു.
യോഹ 11:36	അപ്പോൾ യഹൂദർ പറഞ്ഞു: നോക്കൂ, അവൻ എത്ര മാത്രം അവനെ സ്നേഹിച്ചിരുന്നു!
യോഹ 11:37	എന്നാൽ അവരിൽ ചിലർ പറഞ്ഞു: അന്ധൻെറ കണ്ണു തുറന്ന ഈ മനുഷ്യന് ഇവനെ മരണത്തിൽനിന്നു രക്ഷിക്കാൻ കഴിയുമായിരുന്നില്ലേ?
യോഹ 11:38	യേശു വീണ്ടും നെടുവീർപ്പിട്ടുകൊണ്ടു ശവകുടീരത്തിങ്കൽ വന്നു. അത് ഒരു ഗുഹയായിരുന്നു. അതിൻമേൽ ഒരു കല്ലും വച്ചിരുന്നു.
യോഹ 11:39	യേശു പറഞ്ഞു: ആ കല്ലെടുത്തു മാറ്റുവിൻ. മരിച്ചയാളുടെ സഹോദരിയായ മർത്താ പറഞ്ഞു: കർത്താവേ, ഇപ്പോൾ ദുർഗന്ധം ഉണ്ടായിരിക്കും. ഇത് നാലാം ദിവസമാണ്.
യോഹ 11:40	യേശു അവളോടു ചോദിച്ചു: വിശ്വസിച്ചാൽ നീ ദൈവമഹത്വം ദർശിക്കുമെന്നു ഞാൻ നിന്നോടു പറഞ്ഞില്ലേ?
യോഹ 11:41	അവർ കല്ലെടുത്തു മാറ്റി. യേശു കണ്ണുയർത്തി പറഞ്ഞു: പിതാവേ, അങ്ങ് എൻെറ പ്രാർഥന ശ്രവിച്ചതിനാൽ ഞാൻ അങ്ങേക്കു നന്ദി പറയുന്നു.
യോഹ 11:42	അങ്ങ് എൻെറ പ്രാർഥന എപ്പോഴും ശ്രവിക്കുമെന്നും എനിക്കറിയാം. എന്നാൽ, എന്നെ അയച്ചത് അവിടുന്നാണെന്ന് ചുറ്റും നിൽക്കുന്ന ജനം വിശ്വസിക്കുന്നതിനുവേണ്ടിയാണ് ഞാനിതു പറയുന്നത്.
യോഹ 11:43	ഇതു പറഞ്ഞിട്ട് അവൻ ഉച്ചത്തിൽ പറഞ്ഞു: ലാസറേ, പുറത്തു വരുക.
യോഹ 11:44	അപ്പോൾ മരിച്ചവൻ പുറത്തു വന്നു. അവൻെറ കൈകാലുകൾ നാടകൾകൊണ്ട് ബന്ധിക്കപ്പെട്ടും മുഖം തുണികൊണ്ട് ആവരണം ചെയ്യപ്പെട്ടുമിരുന്നു. യേശു അവരോടു പറഞ്ഞു: അവൻെറ കെട്ടുകളഴിക്കുവിൻ. അവൻ പോകട്ടെ.

150. യേശുവിനെ വധിക്കാൻ ആലോചന

യോഹ 11:45	മറിയത്തിൻെറ അടുക്കൽ വന്നിരുന്ന യഹൂദരിൽ വളരെപ്പേർ അവൻ പ്രവർത്തിച്ചതു കണ്ട് അവനിൽ വിശ്വസിച്ചു.
യോഹ 11:46	എന്നാൽ, അവരിൽ ചിലർ ചെന്ന് യേശു പ്രവർത്തിച്ച കാര്യങ്ങൾ ഫരിസേയരോടു പറഞ്ഞു.
യോഹ 11:47	അപ്പോൾ, പുരോഹിതപ്രമുഖൻമാരും ഫരിസേയരും ആലോചനാസംഘം വിളിച്ചുകൂട്ടി പറഞ്ഞു: നാം എന്താണു ചെയ്യേണ്ടത്? ഈ മനുഷ്യൻ വളരെയധികം അടയാളങ്ങൾ പ്രവർത്തിക്കുന്നല്ലോ.
യോഹ 11:48	അവനെ നാം ഇങ്ങനെ വിട്ടാൽ എല്ലാവരും അവനിൽ വിശ്വസിക്കും. അപ്പോൾ റോമാക്കാർ വന്ന് നമ്മുടെ വിശുദ്ധസ്ഥലത്തെയും ജനത്തെയും നശിപ്പിക്കും.
യോഹ 11:49	അവരിൽ ഒരുവനും ആ വർഷത്തെ പ്രധാന പുരോഹിതനുമായ കയ്യാഫാസ് പറഞ്ഞു: നിങ്ങൾക്ക് ഒന്നും അറിഞ്ഞുകൂടാ.
യോഹ 11:50	ജനം മുഴുവൻ നശിക്കാതിരിക്കാനായി അവർക്കുവേണ്ടി ഒരുവൻ മരിക്കുന്നതുയുക്തമാണെന്നു നിങ്ങൾ മനസ്സിലാക്കുന്നുമില്ല.
യോഹ 11:51	അവൻ ഇതു സ്വമേധയാ പറഞ്ഞതല്ല; പ്രത്യുത, ആ വർഷത്തെ പ്രധാന പുരോഹിതൻ എന്ന നിലയിൽ, ജനത്തിനുവേണ്ടി യേശു മരിക്കേണ്ടിയിരിക്കുന്നുവെന്നു പ്രവചിക്കുകയായിരുന്നു-
യോഹ 11:52	ജനത്തിനുവേണ്ടി മാത്രമല്ല, ചിതറിക്കിടക്കുന്ന ദൈവമക്കളെ ഒരുമിച്ചുകൂട്ടുന്നതിനുവേണ്ടിയും.
യോഹ 11:53	അന്നുമുതൽ അവനെ വധിക്കാൻ അവർ ആലോചിച്ചുകൊണ്ടിരുന്നു.
യോഹ 11:54	അതുകൊണ്ട് യേശു പിന്നീടൊരിക്കലും യഹൂദരുടെയിടയിൽ പരസ്യമായി സഞ്ചരിച്ചില്ല. അവൻ പോയി, മരുഭൂമിക്കടുത്തുള്ള എഫ്രായിം പട്ടണത്തിൽ, ശിഷ്യരോടൊത്തു വസിച്ചു.

151. യേശുവും ബേൽസെബൂലും

മർക്കോ 3:20	അനന്തരം അവൻ ഒരു ഭവനത്തിൽ പ്രവേശിച്ചു. ജനങ്ങൾ വീണ്ടും വന്നുകൂടിക്കൊണ്ടിരുന്നു. തൻമൂലം, ഭക്ഷണം കഴിക്കാൻപോലും അവർക്കു കഴിഞ്ഞില്ല.
മർക്കോ 3:21	അവൻെറ സ്വന്തക്കാർ ഇതുകേട്ട്, അവനെ പിടിച്ചുകൊണ്ടുപോകാൻ പുറപ്പെട്ടു. കാരണം, അവനു സുബോധം നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് അവർ കേട്ടിരുന്നു.
ലൂക്കാ 11:14	അവൻ ഊമനായ ഒരു പിശാചിനെ ബഹിഷ്കരിക്കുകയായിരുന്നു. പിശാച് പുറത്തുപോയപ്പോൾ ആ ഊമൻ സംസാരിച്ചു. ജനങ്ങൾ അദ്ഭുതപ്പെട്ടു.
ലൂക്കാ 11:15	അവരിൽ ചിലർ പറഞ്ഞു: അവൻ പിശാചുക്കളുടെ തലവനായ ബേൽസെബൂലിനെക്കൊണ്ടാണ് പിശാചുക്കളെ ബഹിഷ്കരിക്കുന്നത്.
ലൂക്കാ 11:16	വേറെ ചിലർ അവനെ പരീക്ഷിക്കുവാൻ സ്വർഗത്തിൽനിന്ന് ഒരടയാളം അവനോട് ആവശ്യപ്പെട്ടു.
ലൂക്കാ 11:17	അവരുടെ വിചാരങ്ങൾ അറിഞ്ഞുകൊണ്ട് അവൻ പറഞ്ഞു: അന്ത ശ്ഛിദ്രമുള്ള രാജ്യം നശിച്ചുപോകും. അന്ത ശ്ഛിദ്രമുള്ള ഭവനവും വീണുപോകും.
ലൂക്കാ 11:18	സാത്താൻ തനിക്കുതന്നെ എതിരായി ഭിന്നിച്ചാൽ അവൻെറ രാജ്യം എങ്ങനെ നിലനിൽക്കും? ഞാൻ ബേൽസെബൂലിനെക്കൊണ്ടു പിശാചുക്കളെ പുറത്താക്കുന്നു എന്നു നിങ്ങൾ പറയുന്നു.
ലൂക്കാ 11:19	ബേൽസെ ബൂലിനെക്കൊണ്ടാണ് ഞാൻ പിശാചുക്കളെ ബഹിഷ്കരിക്കുന്നതെങ്കിൽ നിങ്ങളുടെ പുത്രൻമാർ ആരെക്കൊണ്ടാണ് അവയെ ബഹിഷ്കരിക്കുന്നത്? അതുകൊണ്ട് അവർ നിങ്ങളുടെ വിധികർത്താക്കളായിരിക്കും.
ലൂക്കാ 11:20	എന്നാൽ, ദൈവകരംകൊണ്ടാണ് ഞാൻ പിശാചുക്കളെ പുറത്താക്കുന്നതെങ്കിൽ, ദൈവരാജ്യം നിങ്ങളുടെയിടയിൽ വന്നുകഴിഞ്ഞിരിക്കുന്നു.
ലൂക്കാ 11:21	ശക്തൻ ആയുധ ധാരിയായി തൻെറ കൊട്ടാരത്തിനു കാവൽ നിൽക്കുമ്പോൾ അവൻെറ വസ്തുക്കൾ സുരക്ഷിതമാണ്.
ലൂക്കാ 11:22	എന്നാൽ, കൂടുതൽ ശക്തനായ ഒരുവൻ അവനെ ആക്രമിച്ചു കീഴ്പ്പെടുത്തിയാൽ അവൻ ആശ്രയിച്ചിരുന്ന ആയുധങ്ങൾ മറ്റവൻ അപഹരിക്കുകയും കൊള്ളമുതൽ ഭാഗിച്ചെടുക്കുകയും ചെയ്യും.
ലൂക്കാ 11:23	എന്നോടുകൂടെയല്ലാത്തവൻ എനിക്ക് എതിരാണ്. എന്നോടുകൂടെ ശേഖരിക്കാത്തവൻ ചിതറിച്ചു കളയുന്നു

152. അശുദ്ധാത്മാവിൻെറ തിരിച്ചുവരവ്

ലൂക്കാ 11:24	അശുദ്ധാത്മാവ് ഒരുവനെ വിട്ടുപോയാൽ, വരണ്ട സ്ഥലങ്ങളിലൂടെ ആശ്വാസംതേടി അലഞ്ഞുനടക്കും. കണ്ടെത്താതെ വരുമ്പോൾ അവൻ പറയുന്നു: ഇറങ്ങി പ്പോന്ന ഭവനത്തിലേക്കുതന്നെ ഞാൻ തിരിച്ചുചെല്ലും.
ലൂക്കാ 11:25	തിരിച്ചുവരുമ്പോൾ ആ വീട് അടിച്ചുവാരി സജ്ജീകരിക്കപ്പെട്ടതായിക്കാണുന്നു.
ലൂക്കാ 11:26	അപ്പോൾ അവൻ പോയി തന്നെക്കാൾ ദുഷ്ടരായ മറ്റ് ഏഴു അശുദ്ധാത്മാക്കളെക്കൂടി കൊണ്ടുവന്ന് അവിടെ പ്രവേ ശിച്ചു വാസമുറപ്പിക്കുന്നു. അങ്ങനെ, ആ മനുഷ്യൻെറ സ്ഥിതി ആദ്യത്തേതിനെക്കാൾ മോശമായിത്തീരുന്നു.
ലൂക്കാ 11:27	അവൻ ഇത് അരുളിച്ചെയ്തുകൊണ്ടിരിക്കുമ്പോൾ ജനക്കൂട്ടത്തിൽനിന്ന് ഒരു സ്ത്രീ ഉച്ചത്തിൽ അവനോടു പറഞ്ഞു: നിന്നെ വഹിച്ച ഉദരവും നിന്നെ പാലൂട്ടിയ മുലകളും ഭാഗ്യമുള്ളവ.
ലൂക്കാ 11:28	അവൻ പറഞ്ഞു:ദൈവവചനംകേട്ട് അതുപാലിക്കുന്നവർ കൂടുതൽ ഭാഗ്യവാൻമാർ.

153. യോനായുടെ അടയാളം

മത്താ 12:38	അപ്പോൾ, നിയമജ്ഞരിലും ഫരിസേയരിലുംപെട്ട ചിലർ അവനോടുപറഞ്ഞു: ഗുരോ, നിന്നിൽനിന്ന് ഒരടയാളം കാണാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.
മത്താ 12:39	അവൻ മറുപടി പറഞ്ഞു: ദുഷിച്ചതും അവിശ്വസ്തവുമായ തലമുറ അടയാളം അന്വേഷിക്കുന്നു.
മത്താ 12:40	യോനാപ്രവാചകൻെറ അടയാളമല്ലാതെ, മറ്റൊരടയാളവും അതിനു നൽകപ്പെടുകയില്ല. യോനാ മൂന്നു രാവും മൂന്നു പകലും തിമിംഗലത്തിൻെറ ഉദരത്തിൽ കിടന്നതുപോലെ മനുഷ്യപുത്രനും മൂന്നു രാവും മൂന്നുപകലും ഭൂമിക്കുള്ളിലായിരിക്കും.
മത്താ 12:41	നിനെവേനിവാസികൾ വിധിദിവസം ഈ തലമുറയോടൊത്ത് എഴുന്നേറ്റ് ഇതിനെ കുറ്റം വിധിക്കും. എന്തെന്നാൽ, യോനായുടെ പ്രസംഗം കേട്ട് അവർ അനുതപിച്ചു. ഇതാ, ഇവിടെ യോനായെക്കാൾ വലിയവൻ!
മത്താ 12:42	ദക്ഷിണദേശത്തെ രാജ്ഞി വിധിദിവസം ഈ തലമുറയോടൊത്ത് ഉയിർപ്പിക്കപ്പെടുകയും ഇതിനെ കുറ്റം വിധിക്കുകയും ചെയ്യും. എന്തെന്നാൽ, സോളമൻെറ വിജ്ഞാനം ശ്രവിക്കാൻ അവൾ ഭൂമിയുടെ അതിർത്തികളിൽനിന്നു വന്നെത്തി. ഇതാ, ഇവിടെ സോളമനെക്കാൾ വലിയവൻ!

154. ഫരിസേയരുടെയും നിയമജ്ഞരുടെയും കപടനാട്യം

ലൂക്കാ 11:37	അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു ഫരിസേയൻ തൻെറ കൂടെ ഭക്ഷണം കഴിക്കുന്നതിന് അവനെ ക്ഷണിച്ചു. അവൻ പ്രവേശിച്ചു ഭക്ഷണത്തിനിരുന്നു.
ലൂക്കാ 11:38	ഭക്ഷണത്തിനു മുമ്പ് അവൻ കഴുകി ശുദ്ധി വരുത്താഞ്ഞതിനെപ്പറ്റി ആ ഫരിസേയൻ അദ്ഭുതപ്പെട്ടു.
ലൂക്കാ 11:39	അപ്പോൾ കർത്താവ് അവനോടു പറഞ്ഞു: ഫരിസേയരായ നിങ്ങൾ കോപ്പകളുടെയും പാത്രങ്ങളുടെയും പുറം കഴുകി വെടിപ്പാക്കുന്നു. നിങ്ങളുടെ അകമോ കവർച്ചയും ദുഷ്ടതയുംകൊണ്ടു നിറഞ്ഞിരിക്കുന്നു.
ലൂക്കാ 11:40	ഭോഷൻമാരേ, പുറം നിർമിച്ചവൻ തന്നെയല്ലേ അ കവും നിർമിച്ചത്?
ലൂക്കാ 11:41	നിങ്ങൾക്കുള്ളവ ദാനം ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് എല്ലാം ശുദ്ധമായിരിക്കും.
ലൂക്കാ 11:42	ഫരിസേയരേ, നിങ്ങൾക്കു ദുരിതം! എന്തെന്നാൽ, നിങ്ങൾ അരൂതയുടെയും തുളസിയുടെയും മറ്റെല്ലാ ചെടികളുടെയും ദശാംശം കൊടുക്കുന്നു. എന്നാൽ, ദൈവത്തിൻെറ നീതിയും സ്നേഹവും നിങ്ങൾ അവഗണിച്ചുകളയുന്നു. ഇവയാണു നിങ്ങൾ ചെയ്യേണ്ടിയിരുന്നത്-മറ്റുള്ളവ അവഗണിക്കാതെ തന്നെ.

ലൂക്കാ 11:43	ഫരിസേയരേ, നിങ്ങള്‍ക്കു ദുരിതം! എന്തെന്നാല്‍, നിങ്ങള്‍ സിനഗോഗുകളില്‍ പ്രമുഖസ്ഥാനവും പൊതുസ്ഥലങ്ങളില്‍ അ ഭിവാദനവും അഭിലഷിക്കുന്നു.
ലൂക്കാ 11:44	നിങ്ങള്‍ക്കു ദുരിതം! എന്തെന്നാല്‍, കാണപ്പെടാത്ത കുഴിമാടങ്ങള്‍പോലെയാണു നിങ്ങള്‍. അതിന്‍െറ മീതേ നടക്കുന്നവന്‍ അത് അറിയുന്നുമില്ല.
ലൂക്കാ 11:45	നിയമജ്ഞരില്‍ ഒരാള്‍ അവനോടു പറഞ്ഞു: ഗുരോ, നീ ഇങ്ങനെ സംസാരിക്കുമ്പോള്‍ ഞങ്ങളെക്കൂടെ അപമാനിക്കുകയാണു ചെയ്യുന്നത്.
ലൂക്കാ 11:46	അവന്‍ പറഞ്ഞു: നിയമജ്ഞരേ, നിങ്ങള്‍ക്കു ദുരിതം! താങ്ങാനാവാത്ത ചുമടുകള്‍ മനുഷ്യരുടെമേല്‍ നിങ്ങള്‍ കെട്ടിയേല്‍പിക്കുന്നു. നിങ്ങളോ അവരെ സഹായിക്കാന്‍ ഒരു ചെറുവിരല്‍ പോലും അനക്കുന്നില്ല.
ലൂക്കാ 11:47	നിങ്ങള്‍ക്കു ദുരിതം! എന്തെന്നാല്‍, നിങ്ങളുടെ പിതാക്കന്‍മാര്‍ വധിച്ച പ്രവാചകന്‍മാര്‍ക്കു നിങ്ങള്‍ കല്ലറകള്‍ പണിയുന്നു.
ലൂക്കാ 11:48	അങ്ങനെ നിങ്ങളുടെ പിതാക്കന്‍മാരുടെ പ്രവൃത്തികള്‍ക്ക് നിങ്ങള്‍ സാക്ഷ്യവും അംഗീകാര വും നല്‍കുന്നു. എന്തെന്നാല്‍, അവര്‍ അവരെ കൊന്നു; നിങ്ങളോ അവര്‍ക്കു കല്ലറ കള്‍ പണിയുന്നു.
ലൂക്കാ 11:49	അതുകൊണ്ടാണ്, ദൈവത്തിന്‍െറ ജ്ഞാനം ഇങ്ങനെ പറഞ്ഞിരിക്കുന്നത്: ഞാന്‍ അവരുടെ അടുത്തേക്കു പ്രവാചകന്‍മാരെയും അപ്പസ്തോലന്‍മാരെയും അയയ്ക്കും. അവരില്‍ ചിലരെ അവര്‍ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്യും.
ലൂക്കാ 11:50	ലോകാരംഭം മുതല്‍ ചൊരിയപ്പെട്ടിട്ടു ള്ള സകല പ്രവാചകന്‍മാരുടെയും രക്തത്തിന് – ആബേല്‍ മുതല്‍, ബലിപീഠത്തിനും വിശുദ്ധസ്ഥലത്തിനും മധ്യേവച്ചു കൊല്ലപ്പെട്ട സഖറിയാവരെയുള്ളവരുടെ രക്തത്തിന് – ഈ തലമുറ ഉത്തരം പറയേണ്ടിവരും.
ലൂക്കാ 11:51	അതേ, ഞാന്‍ പറയുന്നു, ഈ തലമുറയോട് അത് ആവശ്യപ്പെടും.
ലൂക്കാ 11:52	നിയമജ്ഞരേ, നിങ്ങള്‍ക്കു ദുരിതം! നിങ്ങള്‍ വിജ്ഞാനത്തിന്‍െറ താക്കോല്‍ കരസ്ഥമാക്കിയിരിക്കുന്നു. നിങ്ങളോ അകത്തു പ്രവേ ശിച്ചില്ല; പ്രവേശിക്കാന്‍ വന്നവരെ തടസ്സപ്പെടുത്തുകയും ചെയ്തു.
ലൂക്കാ 11:53	അവന്‍ അവിടെ നിന്നു പോകവേ, നിയമജ്ഞരും ഫരിസേയരും കോപാകുലരായി പല കാര്യങ്ങളെപ്പറ്റി സംസാരിക്കാന്‍ അവനെ പ്രേരിപ്പിക്കുകയും ചെയ്തു.

155. ഭയംകൂടാതെ സാക്ഷ്യം നല്‍കുക

ലൂക്കാ 12:1	പരസ്പരം ചവിട്ടേല്‍ക്കത്തക്കവിധം ആയിരക്കണക്കിനു ജനങ്ങള്‍ തിങ്ങിക്കൂടി. അപ്പോള്‍ അവന്‍ ശിഷ്യരോടു പറയുവാന്‍ തുടങ്ങി: ഫരിസേയരുടെ കാപട്യമാകുന്ന പുളിപ്പിനെ സൂക്ഷിച്ചുകൊള്ളുവിന്‍.
ലൂക്കാ 12:2	മറഞ്ഞിരിക്കുന്നതൊന്നും വെളിച്ചത്തുവരാതിരിക്കുകയില്ല; നിഗൂഢമായിരിക്കുന്നതൊന്നും അറിയപ്പെടാതിരിക്കുകയുമില്ല.
ലൂക്കാ 12:3	അതുകൊണ്ട്, നിങ്ങള്‍ ഇരുട്ടത്തു സംസാരിച്ചത് വെളിച്ചത്തു കേള്‍ക്കപ്പെടും. വീട്ടില്‍ സ്വകാര്യമുറികളില്‍ വച്ചു ചെവിയില്‍ പറഞ്ഞത് പുരമുകളില്‍നിന്നു പ്രഘോഷിക്കപ്പെടും.
ലൂക്കാ 12:4	എന്‍െറ സ്നേഹിതരേ, നിങ്ങളോടു ഞാന്‍ പറയുന്നു, ശരീരത്തെ കൊല്ലുന്നതില്‍ക്കവിഞ്ഞ് ഒന്നും ചെയ്യാന്‍ കഴിയാത്തവരെ നിങ്ങള്‍ ഭയപ്പെടേണ്ടാ.
ലൂക്കാ 12:5	എന്നാല്‍, നിങ്ങള്‍ ആരെ ഭയപ്പെടണമെന്നു ഞാന്‍ മുന്നറിയിപ്പു തരാം. കൊന്നതിനുശേഷം നിങ്ങളെ നരകത്തിലേക്കു തള്ളിക്കളയാന്‍ അധികാരമുള്ളവനെ ഭയപ്പെടുവിന്‍. അതേ, ഞാന്‍ പറയുന്നു, അവനെ ഭയപ്പെടുവിന്‍.
ലൂക്കാ 12:6	അഞ്ചു കുരുവികള്‍ രണ്ടു നാണയത്തുട്ടിനു വില്‍ക്കപ്പെടുന്നില്ലേ? അവയില്‍ ഒന്നുപോലും ദൈവസന്നിധിയില്‍ വിസ്മരിക്കപ്പെടുന്നില്ല.
ലൂക്കാ 12:7	നിങ്ങളുടെ തലമുടിയിഴപോലും എണ്ണപ്പെട്ടിരിക്കുന്നു. ഭയപ്പെടേണ്ടാ, നിങ്ങള്‍ അനേകം കുരുവികളെക്കാള്‍ വിലയുള്ളവരാണ്.
ലൂക്കാ 12:8	ഞാന്‍ നിങ്ങളോടു പറയുന്നു, മനുഷ്യരുടെ മുമ്പില്‍ എന്നെ ഏറ്റുപറയുന്ന ഏതൊരുവനെയും ദൈവത്തിന്‍െറ ദൂതന്‍മാരുടെ മുമ്പില്‍ മനുഷ്യപുത്രനും ഏറ്റുപറയും.
ലൂക്കാ 12:9	മനുഷ്യരുടെമുമ്പില്‍ എന്നെ തള്ളിപ്പറയുന്നവന്‍ ദൈവത്തിന്‍െറ ദൂതന്‍മാരുടെ മുമ്പിലും തള്ളിപ്പറയപ്പെടും.

156. പരിശുദ്ധാത്മാവിനെതിരായ പാപം

മര്‍ക്കോ 3:28	സത്യമായി ഞാന്‍ നിങ്ങളോടു പറയുന്നു: മനുഷ്യമക്കളുടെ എല്ലാ പാപങ്ങളും അവര്‍ പറയുന്ന ദൂഷണങ്ങളും ക്ഷമിക്കപ്പെടും.
മര്‍ക്കോ 3:29	എന്നാല്‍, പരിശുദ്ധാത്മാവിനെതിരായി ദൂഷണം പറയുന്നവന് ഒരുകാലത്തും പാപത്തില്‍നിന്നു മോചനമില്ല. അവന്‍ നിത്യപാപത്തിന് ഉത്തരവാദിയാകും.
മര്‍ക്കോ 3:30	അവന്‍ ഇങ്ങനെ പറഞ്ഞത്, തനിക്ക് അശുദ്ധാത്മാവുണ്ട് എന്ന് അവര്‍ പറഞ്ഞതിനാലാണ്.

157. ഫലത്തില്‍നിന്നു വൃക്ഷത്തെ അറിയുക

്ലൂക്കാ 6:43	നല്ല വൃക്ഷം ചീത്ത ഫലങ്ങള്‍ പുറ പ്പെടുവിക്കുന്നില്ല; ചീത്ത വൃക്ഷം നല്ല ഫലങ്ങളും.
്ലൂക്കാ 6:44	ഓരോ വൃക്ഷവും ഫലം കൊണ്ടു തിരിച്ചറിയപ്പെടുന്നു. മുള്‍ച്ചെടിയില്‍നിന്ന് അത്തിപ്പഴമോ ഞെരിഞ്ഞിലില്‍ നിന്നു മുന്തിരിപ്പഴമോ ലഭിക്കുന്നില്ലല്ലോ.
മത്താ 12:33	ഒന്നുകില്‍ വൃക്ഷം നല്ലത്, ഫലവും നല്ലത്; അല്ലെങ്കില്‍ വൃക്ഷം ചീത്ത, ഫലവും ചീത്ത. എന്തെന്നാല്‍, ഫലത്തില്‍നിന്നാണു വൃക്ഷത്തെ മനസ്സിലാക്കുന്നത്.
മത്താ 12:34	അണലിസന്തതികളേ! ദുഷ്ടരായിരിക്കെ, നല്ല കാര്യങ്ങള്‍ പറയാന്‍ നിങ്ങള്‍ക്ക് എങ്ങനെ കഴിയും? ഹൃദയത്തിന്‍െറ നിറവില്‍നിന്നാണല്ലോ അധരം സംസാരിക്കുന്നത്.
മത്താ 12:35	നല്ല മനുഷ്യന്‍ നന്‍മയുടെ ഭണ്ഡാരത്തില്‍ നിന്നു നന്‍മ പുറപ്പെടുവിക്കുന്നു. ദുഷ്ടനാകട്ടെ, തിന്‍മയുടെ ഭണ്ഡാരത്തില്‍നിന്നു തിന്‍മ പുറപ്പെടുവിക്കുന്നു.

മത്താ 12:36	ഞാൻ നിങ്ങളോടു പറയുന്നു: മനുഷ്യർ പറയുന്ന ഓരോ വ്യർഥവാക്കിനും വിധിദിവസത്തിൽ കണക്കുകൊടുക്കേണ്ടിവരും.
മത്താ 12:37	നിന്റെ വാക്കുകളാൽ നീ നീതീകരിക്കപ്പെടും; നിന്റെ വാക്കുകളാൽ നീ കുറ്റം വിധിക്കപ്പെടുകയും ചെയ്യും.

158. പരിശുദ്ധാത്മാവിന്റെ സഹായം

ലൂക്കാ 12:11	സിനഗോഗുകളിലും അധികാരികളുടെയും ഭരണാധിപൻമാരുടെയും മുമ്പിലും അവർ നിങ്ങളെ കൊണ്ടുപോകുമ്പോൾ, എങ്ങനെ, എന്ത് ഉത്തരം കൊടുക്കുമെന്നും എന്തു പറയുമെന്നും ഉത്കണ്ഠാകുലരാകേണ്ടാ.
ലൂക്കാ 12:12	എന്താണു പറയേണ്ടതെന്ന് ആ സമയത്തു പരിശുദ്ധാത്മാവു നിങ്ങളെ പഠിപ്പിക്കും.

159. അത്യാഗ്രഹങ്ങൾ

ലൂക്കാ 12:13	ജനക്കൂട്ടത്തിൽനിന്ന് ഒരുവൻ അവനോടു പറഞ്ഞു: ഗുരോ, പിതൃസ്വത്ത് ഞാനുമായി പങ്കുവയ്ക്കാൻ എന്റെ സഹോദരനോടു കൽപിക്കണമേ
ലൂക്കാ 12:14	യേശു അവനോടു ചോദിച്ചു: ഹേ, മനുഷ്യാ, എന്നെ നിങ്ങളുടെ ന്യായാധിപനോ സ്വത്തു ഭാഗിക്കുന്നവനോ ആയി ആരു നിയമിച്ചു?
ലൂക്കാ 12:15	അനന്തരം അവൻ അവരോടു പറഞ്ഞു: ജാഗരൂകരായിരിക്കുവിൻ. എല്ലാ അത്യാഗ്രഹങ്ങളിലും നിന്ന് അകന്നിരിക്കുകയും ചെയ്യുവിൻ. മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത്.

160. ഭോഷ്ക്കനായ ധനികൻ

ലൂക്കാ 12:16	ഒരു ഉപമയും അവൻ അവരോടു പറഞ്ഞു: ഒരു ധനികന്റെ കൃഷി സ്ഥലം സമൃദ്ധമായ വിളവു നൽകി.
ലൂക്കാ 12:17	അവൻ ഇങ്ങനെ ചിന്തിച്ചു: ഞാനെന്തു ചെയ്യും? ഈ ധാന്യം മുഴുവൻ സൂക്ഷിക്കാൻ എനിക്കു സ്ഥലമില്ലല്ലോ.
ലൂക്കാ 12:18	അവൻ പറഞ്ഞു: ഞാൻ ഇങ്ങനെ ചെയ്യും, എന്റെ അ റപ്പുരകൾ പൊളിച്ച്, കൂടുതൽ വലിയവ പണിയും; അതിൽ എന്റെ ധാന്യവും വിഭവങ്ങളും സംഭരിക്കും.
ലൂക്കാ 12:19	അനന്തരം ഞാൻ എന്റെ ആത്മാവിനോടു പറയും: ആത്മാവേ, അനേകവർഷത്തേക്കു വേണ്ട വിഭവങ്ങൾ നിനക്കായി സംഭരിക്കപ്പെട്ടിരിക്കുന്നു. വിശ്രമിക്കുക, തിന്നുകുടിച്ച് ആനന്ദിക്കുക.
ലൂക്കാ 12:20	എന്നാൽ, ദൈവം അവനോടു പറഞ്ഞു: ഭോഷാ, ഈ രാത്രി നിന്റെ ആത്മാവിനെ നിന്നിൽനിന്ന് ആവശ്യപ്പെടും; അപ്പോൾ നീ ഒരുക്കിവെച്ചിരിക്കുന്നവ ആരുടേതാകും?
ലൂക്കാ 12:21	ഇതുപോലെയാണ് ദൈവസന്നിധിയിൽ സമ്പന്നനാകാതെ തനിക്കുവേണ്ടി സമ്പത്തു ശേഖരിച്ചുവയ്ക്കുന്നവനും.

161. വിശ്വസ്തരും ജാഗരൂകരുമായ ഭൃത്യൻമാർ

ലൂക്കാ 12:35	നിങ്ങൾ അരമുറുക്കിയും വിളക്കുകത്തിച്ചും ഇരിക്കുവിൻ.
ലൂക്കാ 12:36	തങ്ങളുടെയജമാനൻ കല്യാണവിരുന്നു കഴിഞ്ഞ് മടങ്ങിവന്നു മുട്ടുന്ന ഉടനെ തുറന്നു കൊടുക്കുവാൻ അവന്റെ വരവും കാത്തിരിക്കുന്നവരെപ്പോലെ ആയിരിക്കുവിൻ.
ലൂക്കാ 12:37	യജമാനൻ വരുമ്പോൾ ഉണർന്നിരിക്കുന്നവരായി കാണുന്ന ഭൃത്യൻമാർ ഭാഗ്യവാൻമാർ. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അവൻ അരമുറുക്കി അവരെ ഭക്ഷണത്തിനിരുത്തുകയും അടുത്തുചെന്ന് അവരെ പരിചരിക്കുകയും ചെയ്യും.
ലൂക്കാ 12:38	അവൻ രാത്രിയുടെ രണ്ടാംയാമത്തിലോ മൂന്നാംയാമത്തിലോ വന്നാലും അവരെ ഒരുക്കമുള്ളവരായിക്കണ്ടാൽ ആ ഭൃത്യൻമാർ ഭാഗ്യവാൻമാർ.
ലൂക്കാ 12:39	ഇത് അറിഞ്ഞു കൊള്ളുവിൻ: കള്ളൻ ഏതു മണിക്കൂറിൽ വരുമെന്ന് ഗൃഹനായ കൻ അറിഞ്ഞിരുന്നുവെങ്കിൽ തന്റെ വീടു കുത്തിത്തുറക്കാൻ അനുവദിക്കുമായിരുന്നില്ല.
ലൂക്കാ 12:40	നിങ്ങളും ഒരുങ്ങിയിരിക്കുവിൻ. എന്തെന്നാൽ, പ്രതീക്ഷിക്കാത്ത മണിക്കൂറിലാണ് മനുഷ്യപുത്രൻ വരുന്നത്.
ലൂക്കാ 12:41	പത്രോസ് ചോദിച്ചു: കർത്താവേ, നീ ഈ ഉപമ പറയുന്നത് ഞങ്ങൾക്കുവേണ്ടിയോ എല്ലാവർക്കും വേണ്ടിയോ?
ലൂക്കാ 12:42	അപ്പോൾ കർത്താവ് പറഞ്ഞു: വീട്ടുജോലിക്കാർക്കു യഥാസമയം ഭക്ഷണം കൊടുക്കേണ്ടതിന് യജമാനൻ അവരുടെമേൽ നിയമിക്കുന്ന വിശ്വസ്തനും വിവേകിയുമായ കാര്യസ്ഥൻ ആരാണ്?
ലൂക്കാ 12:43	യജമാനൻ വരുമ്പോൾ ജോലിയിൽ വ്യാപൃതനായി കാണപ്പെടുന്ന ഭൃത്യൻ ഭാഗ്യവാൻ.
ലൂക്കാ 12:44	സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അവൻ തന്റെ സകല സ്വത്തുക്കളുടെയുംമേൽ അവനെ നിയമിക്കും
ലൂക്കാ 12:45	എന്നാൽ, ആ ഭൃത്യൻ തന്റെ യജമാനൻ വരാൻ വൈകും എന്ന് ഉള്ളിൽ കരുതി, യജമാനന്റെ ദാസൻമാരെയും ദാസിമാരെയും അടിക്കാനും തിന്നുകുടിച്ച് ഉൻമത്തനാകാനും തുടങ്ങിയാൽ,
ലൂക്കാ 12:46	പ്രതീക്ഷിക്കാത്ത ദിവസത്തിലും അറിയാത്ത മണിക്കൂറിലുംയജമാനൻ വരുകയും അവനെ ശിക്ഷിച്ച്, അവന്റെ പങ്ക് അവിശ്വാസികളോടുകൂടെ ആക്കുകയും ചെയ്യും.
ലൂക്കാ 12:47	യജമാനന്റെ ഹിതം അറിഞ്ഞിട്ടും, അതനുസരിച്ചു പ്രവർത്തിക്കുകയോ അതിന് ഒരുങ്ങുകയോ ചെയ്യാത്ത ഭൃത്യൻ കഠിനമായി പ്രഹരിക്കപ്പെടും.
ലൂക്കാ 12:48	എന്നാൽ, അറിയാതെയാണ് ഒരുവൻ ശിക്ഷാർഹ മായ തെറ്റു ചെയ്തതെങ്കിൽ, അവൻ ലഘുവായേ പ്രഹരിക്കപ്പെടുകയുള്ളൂ. അധികം ലഭിച്ചവനിൽനിന്ന് അധികം ആവശ്യപ്പെടും; അധികം ഏൽപിക്കപ്പെട്ടവനോട് അധികംചോദിക്കും.

162. വീടുകളിലെ ഭിന്നതകൾ

ലൂക്കാ 12:49	ഭൂമിയിൽ തീയിടാനാണ് ഞാൻ വന്നത്. അത് ഇതിനകം കത്തിജ്ജ്വലിച്ചിരുന്നെങ്കിൽ!
ലൂക്കാ 12:50	എനിക്ക് ഒരു സ്നാനം സ്വീകരിക്കാനുണ്ട്; അതു നിവൃത്തിയാകുവോളം ഞാൻ എത്ര ഞെരുങ്ങുന്നു!
ലൂക്കാ 12:51	ഭൂമിയിൽ സമാധാനം നൽകാനാണു ഞാൻ വന്നിരിക്കുന്നതെന്നു നിങ്ങൾ വിചാരിക്കുന്നുവോ?അല്ല, ഭിന്നത എന്നു ഞാൻ നിങ്ങളോടു പറയുന്നു.
ലൂക്കാ 12:52	ഭിന്നിച്ചിരിക്കുന്ന അഞ്ചുപേർ ഇനിമേൽ ഒരു വീട്ടിലുണ്ടായിരിക്കും. മൂന്നുപേർ രണ്ടു പേർക്ക് എതിരായും രണ്ടുപേർ മൂന്നുപേർക്ക് എതിരായും ഭിന്നിച്ചിരിക്കും.
ലൂക്കാ 12:53	പിതാവു പുത്രനും പുത്രൻ പിതാവിനും എതിരായും അമ്മ മകൾക്കും മകൾ അമ്മയ്ക്കും എതിരായും അമ്മായിയമ്മ മരുമ കൾക്കും മരുമകൾ അമ്മായിയമ്മയ്ക്കും എതിരായും ഭിന്നിക്കും.
മത്താ 10:36	സ്വന്തം കുടുംബത്തിൽപ്പെട്ടവർ തന്നെയായിരിക്കും ഒരുവൻെറ ശത്രുക്കൾ.

163. കാലത്തിൻെറ അടയാളങ്ങൾ വിവേചിക്കുവിൻ

ലൂക്കാ 12:54	അവൻ ജനക്കൂട്ടത്തോടു പറഞ്ഞു: പടിഞ്ഞാറു മേഘം ഉയരുന്നതുകണ്ടാൽ മഴ വരുന്നു എന്നു നിങ്ങൾ പറയുന്നു; അങ്ങനെ സംഭവിക്കുകയും ചെയ്യുന്നു.
ലൂക്കാ 12:55	തെക്കൻ കാറ്റടിക്കുമ്പോൾ അത്യുഷ്ണം ഉണ്ടാകും എന്നു നിങ്ങൾ പറയുന്നു; അതു സംഭവിക്കുന്നു.
ലൂക്കാ 12:56	കപടനാട്യക്കാരേ, ഭൂമിയുടെയും ആകാശത്തിൻെറയും ഭാവഭേദം വ്യാഖ്യാനിക്കാൻ നിങ്ങൾക്കറിയാം. എന്നാൽ, ഈ കാലത്തെ വ്യാഖ്യാനിക്കാൻ നിങ്ങൾക്ക് അറിയാത്തത് എന്തുകൊണ്ട്?

164. പശ്ചാത്തപ്പിക്കുക

ലൂക്കാ 13:1	ഗലീലിയക്കാരായ ഏതാനും പേരുടെ ബലികളിൽ അവരുടെ രക്തംകൂടി പീലാത്തോസ് കലർത്തിയ വിവരം, ആ സമയത്ത് അവിടെയുണ്ടായിരുന്ന ചിലർ അവനെ അറിയിച്ചു
ലൂക്കാ 13:2	അവൻ ചോദിച്ചു: ഇവയെല്ലാം അനുഭവിച്ചതുകൊണ്ട് അവർ മറ്റെല്ലാ ഗലീലിയക്കാരെയുംകാൾ കൂടുതൽ പാപികളായിരുന്നു എന്നു നിങ്ങൾ കരുതുന്നുവോ?
ലൂക്കാ 13:3	അല്ല എന്നു ഞാൻ പറയുന്നു. പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശിക്കും.
ലൂക്കാ 13:4	അഥവാ, സിലോഹായിലെ ഗോപുരം ഇടിഞ്ഞുവീണു കൊല്ലപ്പെട്ട ആ പതിനെട്ടു പേർ, അന്നു ജറുസ ലെമിൽ വസിച്ചിരുന്ന എല്ലാവരെയുംകാൾ കുറ്റക്കാരായിരുന്നു എന്നു നിങ്ങൾ വിചാരിക്കുന്നുവോ?
ലൂക്കാ 13:5	അല്ല എന്നു ഞാൻ പറയുന്നു: പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശിക്ക

165. ഫലം തരാത്ത അത്തിവൃക്ഷം

ലൂക്കാ 13:6	അവൻ ഈ ഉപമ പറഞ്ഞു: ഒരുവൻ മുന്തിരിത്തോട്ടത്തിൽ ഒരു അത്തിവൃക്ഷം നട്ടുപിടിപ്പിച്ചു. അതിൽ പഴമുണ്ടോ എന്നുനോക്കാൻ അവൻ വന്നു; എന്നാൽ ഒന്നും കണ്ടില്ല.
ലൂക്കാ 13:7	അപ്പോൾ അവൻ കൃഷിക്കാരനോടു പറഞ്ഞു: മൂന്നു വർഷമായി ഞാൻ ഈ അത്തിവൃക്ഷത്തിൽനിന്ന് ഫലം അന്വേഷിച്ചുവരുന്നു; ഒന്നും കാണുന്നില്ല. അതു വെട്ടിക്കളയുക. എന്തിനു നിലം പാഴാക്കണം?
ലൂക്കാ 13:8	കൃഷിക്കാരൻ അവനോടു പറഞ്ഞു:യജമാനനേ, ഈ വർഷം കൂടെ അതു നിൽക്കട്ടെ. ഞാൻ അതിൻെറ ചുവടുകിളച്ചു വളമിടാം.
ലൂക്കാ 13:9	മേലിൽ അതു ഫലം നൽ കിയേക്കാം. ഇല്ലെങ്കിൽ നീ അതു വെട്ടിക്ക ളഞ്ഞുകൊള്ളുക.

166. കൂനുള്ള സ്ത്രീയെ സുഖപ്പെടുത്തുന്നു

ലൂക്കാ 13:10	ഒരു സാബത്തിൽ അവൻ ഒരു സിനഗോഗിൽ പഠിപ്പിച്ചുകൊണ്ടിരുന്നു.
ലൂക്കാ 13:11	പതിനെട്ടു വർഷമായി ഒരു ആത്മാവു ബാധിച്ച് രോഗിണിയായി നിവർന്നു നിൽക്കാൻ സാധിക്കാത്തവിധം കൂനിപ്പോയ ഒരുവൾ അവിടെയുണ്ടായിരുന്നു.
ലൂക്കാ 13:12	യേശു അവളെ കണ്ടപ്പോൾ അടുത്തുവിളിച്ചു പറഞ്ഞു: സ്ത്രീയേ, നിൻെറ രോഗത്തിൽനിന്നു നീ മോചിക്കപ്പെട്ടിരിക്കുന്നു.
ലൂക്കാ 13:13	അവൻ അവളുടെമേൽ കൈകൾവച്ചു. തത്ക്ഷണം അവൾ നിവർന്നുനിൽക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു.
ലൂക്കാ 13:14	യേശു സാബത്തിൽ രോഗം സുഖപ്പെടുത്തിയതിൽ കോപിച്ച് സിനഗോഗധികാരി ജനങ്ങളോടു പറഞ്ഞു: ജോലി ചെയ്യാവുന്ന ആറു ദിവ സങ്ങൾ ഉണ്ട്. ആദിവസങ്ങളിൽ വന്ന് രോഗശാന്തി നേടിക്കൊള്ളുക; സാബത്തുദിവസം പാടില്ല.
ലൂക്കാ 13:15	അപ്പോൾ കർത്താവു പറഞ്ഞു: കപടനാട്യക്കാരേ, നിങ്ങൾ ഓരോരുത്തരും സാബത്തിൽ കാളയെയോ കഴുതയെയോ തൊഴുത്തിൽ നിന്നഴിച്ച് വെള്ളം കുടിപ്പിക്കാൻ കൊണ്ടു പോകുന്നില്ലേ?
ലൂക്കാ 13:16	പ തിനെട്ടുവർഷം സാത്താൻ ബന്ധിച്ചിട്ടിരുന്നവളായ അബ്രാഹത്തിൻെറ ഈ മകളെ സാബത്തു ദിവസം അഴിച്ചുവിടേണ്ടതില്ലെന്നോ?
ലൂക്കാ 13:17	ഇതുകേട്ട് അവൻെറ പ്രതിയോഗികളെല്ലാം ലജ്ജിതരായി. എന്നാൽ, ജനക്കൂട്ടം മുഴുവൻ അവൻ ചെയ്തിരുന്ന മഹനീയ കൃത്യങ്ങളെക്കുറിച്ചു സന്തോഷിച്ചു.

167. കളകളുടെ ഉപമ

മത്താ 13:24	മറ്റൊരുപമ അവൻ അവരോടു പറഞ്ഞു: ഒരുവൻ വയലിൽ നല്ല വിത്തു വിതയ്ക്കുന്നതിനോട് സ്വർഗരാജ്യത്തെ ഉപമിക്കാം.
മത്താ 13:25	ആളുകൾ ഉറക്കമായപ്പോൾ അവൻെറ ശത്രുവന്ന്, ഗോതമ്പിനിടയിൽ കള വിതച്ചിട്ടു കടന്നുകളഞ്ഞു.
മത്താ 13:26	ചെടികൾ വളർന്ന് കതിരായപ്പോൾ കളകളും പ്രത്യക്ഷപ്പെട്ടു.
മത്താ 13:27	വേലക്കാർ ചെന്ന് വീട്ടുടമസ്ഥനോടു ചോദിച്ചു:യജമാനനേ, നീ വയലിൽ, നല്ല വിത്തല്ലേ വിതച്ചത്? പിന്നെ കളകളുണ്ടായത് എവിടെ നിന്ന്?
മത്താ 13:28	അവൻ പറഞ്ഞു: ശത്രുവാണ് ഇതുചെയ്തത്. വേലക്കാർ ചോദിച്ചു: ഞങ്ങൾപോയി കളകൾ പറിച്ചുകൂട്ടട്ടേ?
മത്താ 13:29	അവൻ പറഞ്ഞു: വേണ്ടാ, കളകൾ പറിച്ചെടുക്കുമ്പോൾ അവയോടൊപ്പം ഗോതമ്പുചെടികളും നിങ്ങൾ പിഴുതുകളഞ്ഞെന്നുവരും.
മത്താ 13:30	കൊയ്ത്തുവരെ അവ രണ്ടും ഒരുമിച്ചു വളരട്ടെ. കൊയ്ത്തുകാലത്തു ഞാൻ കൊയ്ത്തുകാരോടു പറയും: ആദ്യമേ കളകൾ ശേഖരിച്ച്, തീയിൽ ചുട്ടുകളയുവാൻ അവ കെട്ടുകളാക്കിവയ്ക്കുവിൻ; ഗോതമ്പ് എൻെറ ധാന്യപ്പുരയിൽ സംഭരിക്കുവിൻ.

168. കടുകുമണിയുടെ ഉപമ

മത്താ 13:31	വേറൊരുപമ അവൻ അവരോടു പറഞ്ഞു: സ്വർഗരാജ്യം ഒരുവൻ വയലിൽ പാകിയ കടുകുമണിക്കു സദൃശം. അത് എല്ലാവിത്തിനെയുംകാൾ ചെറുതാണ്; എന്നാൽ, വളർന്നു കഴിയുമ്പോൾ അതു മറ്റു ചെടികളെക്കാൾ വലുതായി, ആകാശപ്പറവകൾ വന്ന് അതിൻെറ ശിഖരങ്ങളിൽ ചേക്കേറാൻ തക്കവിധം മരമായിത്തീരുന്നു.

169. പുളിമാവിന്റെ ഉപമ

ലൂക്കാ 13:20	അവൻ വീണ്ടും പറഞ്ഞു: ദൈവരാജ്യത്തെ എന്തിനോടാണു ഞാൻ ഉപമിക്കേണ്ടത്?
ലൂക്കാ 13:21	ഒരു സ്ത്രീ മൂന്നളവു മാവിൽ അതു മുഴുവൻ പുളിക്കുവോളം ചേർത്തുവച്ച പുളിപ്പുപോലെയാണത്.

170. യേശു ഉപമകൾ ഉപയോഗിക്കുന്നു

മത്താ 13:34	ഇതെല്ലാം യേശു ഉപമകൾ വഴിയാണ് ജനക്കൂട്ടത്തോട് അരുളിച്ചെയ്തത്. ഉപമകളിലൂടെയല്ലാതെ അവൻ ഒന്നും അവരോടു പറഞ്ഞിരുന്നില്ല.
മത്താ 13:35	ഞാൻ ഉപമകൾ വഴി സംസാരിക്കും, ലോകസ്ഥാപനം മുതൽ നിഗൂഢമായിരുന്നവ ഞാൻ പ്രസ്താവിക്കും എന്ന പ്രവാചക വചനം പൂർത്തിയാകാനായിരുന്നു ഇത്.
മർക്കോ 4:34	എന്നാൽ, ശിഷ്യൻമാർക്ക് എല്ലാം രഹസ്യമായി വിശ ദീകരിച്ചുകൊടുത്തിരുന്നു.

171. കളകളുടെ ഉപമ – വിശദീകരണം

മത്താ 13:36	ജനക്കൂട്ടത്തെ പറഞ്ഞയച്ചിട്ട് അവൻ വീട്ടിലേക്കു വന്നു. ശിഷ്യൻമാർ അവൻെറ അടുത്തുവന്ന് അപേക്ഷിച്ചു: വയലിലെ കളകളെ സംബന്ധിക്കുന്ന ഉപമ ഞങ്ങൾക്കു വിശദീകരിച്ചു തന്നാലും!
മത്താ 13:37	അവൻ ഉത്തരം പറഞ്ഞു: നല്ല വിത്തു വിതയ്ക്കുന്നവൻമനുഷ്യപുത്രനാണ്.
മത്താ 13:38	വയൽ ലോകവും നല്ല വിത്ത് രാജ്യത്തിൻെറ പുത്രൻമാരും കളകൾ ദുഷ്ടൻെറ പുത്രൻമാരുമാണ്.
മത്താ 13:39	അവ വിതച്ച ശത്രു പിശാചാണ്. കൊയ്ത്തുയുഗാന്തമാണ്; കൊയ്ത്തുകാർ ദൈവദൂതൻമാരും.
മത്താ 13:40	കളകൾ ശേഖരിച്ച് അഗ്നിക്കിരയാക്കുന്നതെങ്ങനെയോ അങ്ങനെതന്നെയുഗാന്തത്തിലും സംഭവിക്കും.
മത്താ 13:41	മനുഷ്യപുത്രൻ തൻെറ ദൂതൻമാരെ അയയ്ക്കുകയും
മത്താ 13:42	അവർ അവൻെറ രാജ്യത്തുനിന്ന് എല്ലാ പാപഹേതുക്കളെയും തിൻമ പ്രവർത്തിക്കുന്നവരെയും ഒരുമിച്ചു കൂട്ടി അഗ്നികുണ്ഡത്തിലേക്കെറിയുകയുംചെയ്യും. അവിടെ വിലാപവും പല്ലുകടിയുമായിരിക്കും.
മത്താ 13:43	അപ്പോൾ നീതിമാൻമാർ തങ്ങളുടെ പിതാവിൻെറ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രശോഭിക്കും. ചെവിയുള്ളവൻ കേൾക്കട്ടെ.

172. ഒളിച്ചുവച്ചിരിക്കുന്ന നിധി

മത്താ 13:44	സ്വർഗരാജ്യം, വയലിൽ ഒളിച്ചുവച്ചിരിക്കുന്ന നിധിക്കു തുല്യം. അതു കണ്ടെത്തുന്നവൻ അതു മറച്ചുവയ്ക്കുകയും സന്തോഷത്തോടെ പോയി തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങുകയുംചെയ്യുന്നു.

173. ഒളിച്ചുവച്ചിരിക്കുന്ന രത്നങ്ങൾ

മത്താ 13:45	വീണ്ടും, സ്വർഗരാജ്യം നല്ല രത്നങ്ങൾ തേടുന്ന വ്യാപാരിക്കു തുല്യം.
മത്താ 13:46	അവൻ വിലയേറിയ ഒരു രത്നം കണ്ടെത്തുമ്പോൾ പോയി, തനിക്കുള്ളതെല്ലാം വിറ്റ് അതു വാങ്ങുന്നു.

174. കടലിൽ എറിയപ്പെട്ട വല

മത്താ 13:47	സ്വർഗരാജ്യം, എല്ലാത്തരം മത്സ്യങ്ങളെയും ശേഖരിക്കാൻ കടലിൽ എറിയപ്പെട്ട വലയ്ക്കു തുല്യം.
മത്താ 13:48	വല നിറഞ്ഞപ്പോൾ അവർ അതു കരയ്ക്കു വലിച്ചു കയറ്റി. അവർ അവിടെയിരുന്ന്, നല്ല മത്സ്യങ്ങൾ പാത്രത്തിൽ ശേഖരിക്കുകയും ചീത്ത മത്സ്യങ്ങൾ പുറത്തേക്ക് എറിയുകയും ചെയ്തു.
മത്താ 13:49	യുഗാന്തത്തിലും ഇതുപോലെ സംഭവിക്കും. ദൈവദൂതൻമാർ ദുഷ്ടൻമാരെ നീതിമാൻമാരിൽനിന്നു വേർതിരിക്കുകയും അഗ്നികുണ്ഡത്തിലേക്കെറിയുകയും ചെയ്യും.
മത്താ 13:50	അവിടെ വിലാപവും പല്ലുകടിയുമായിരിക്കും.

175. പുതിയതും പഴയതുമായ നിക്ഷേപങ്ങൾ

മത്താ 13:51	നിങ്ങൾ ഇതെല്ലാം ഗ്രഹിച്ചുവോ? അവൻ ചോദിച്ചു. ഉവ്വ്, അവർ ഉത്തരം പറഞ്ഞു.
മത്താ 13:52	അവൻ തുടർന്നു: സ്വർഗരാജ്യത്തിൻെറ ശിഷ്യനായിത്തീർന്ന ഓരോ നിയമജ്ഞനും, തൻെറ നിക്ഷേപത്തിൽനിന്നു പുതിയതും പഴയതും പുറത്തെടുക്കുന്ന വീട്ടുടമസ്ഥനു തുല്യൻ.
മത്താ 13:53	യേശു ഈ ഉപമകൾ അവസാനിപ്പിച്ചശേഷം അവിടെനിന്നു പുറപ്പെട്ടു.

176. പെസഹാത്തിരുനാളിൽ യഹൂദർ യേശുവിനെ അന്വേഷിക്കുന്നു

യോഹ 11:55	യഹൂദരുടെ പെസഹാത്തിരുനാൾ അടുത്തിരുന്നു. ഗ്രാമങ്ങളിൽനിന്നു വളരെപ്പേർ തങ്ങളെത്തന്നെ വിശുദ്ധീകരിക്കുന്നതിനായി പെസഹായ്ക്കുമുമ്പേ ജറുസലെമിലേക്കു പോയി.
യോഹ 11:56	അവർ യേശുവിനെ അന്വേഷിച്ചുകൊണ്ട് ദേവാലയത്തിൽവച്ചു പരസ്പരം ചോദിച്ചു: നിങ്ങൾ എന്തു വിചാരിക്കുന്നു? അവൻ തിരുനാളിനു വരികയില്ലേന്നോ?
യോഹ 11:57	അവൻ എവിടെയാണെന്ന് ആർക്കെങ്കിലും വിവരം ലഭിച്ചാൽ, അവനെ ബന്ധിക്കേണ്ടതിന് തങ്ങളെ അറിയിക്കണമെന്നു പുരോഹിതപ്രമുഖൻമാരും ഫരിസേയരും കൽപന കൊടുത്തിരുന്നു.

177. ഇടുങ്ങിയ വാതിൽ

ലൂക്കാ 13:22	പട്ടണങ്ങളിലും ഗ്രാമങ്ങളിലും പഠിപ്പിച്ചുകൊണ്ട് അവൻ ജറുസലെമിലേക്കുയാത്രചെയ്യുകയായിരുന്നു.
ലൂക്കാ 13:23	ഒരുവൻ അവനോടുചോദിച്ചു: കർത്താവേ, രക്ഷപ്രാപിക്കുന്നവർ ചുരുക്കമാണോ? അവൻ അവരോടു പറഞ്ഞു:
ലൂക്കാ 13:24	ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവാൻ പരിശ്രമിക്കുവിൻ. ഞാൻ നിങ്ങളോടു പറയുന്നു, അനേകംപേർ പ്രവേശിക്കാൻ ശ്രമിക്കും. എന്നാൽ അവർക്കു സാധിക്കുകയില്ല.
ലൂക്കാ 13:25	വീട്ടുടമസ്ഥൻ എഴുന്നേറ്റ്, വാതിൽ അടച്ചു കഴിഞ്ഞാൽ പിന്നെ, നിങ്ങൾ പുറത്തുനിന്ന്, കർത്താവേ, ഞങ്ങൾക്കു തുറന്നുതരണമേ എന്നു പറഞ്ഞ് വാതിൽക്കൽ മുട്ടാൻ തുടങ്ങും. അപ്പോൾ അവൻ നിങ്ങളോടു പറയും: നിങ്ങൾ എവിടെ നിന്നാണെന്നു ഞാൻ അറിയുന്നില്ല.
ലൂക്കാ 13:26	അപ്പോൾ നിങ്ങൾ പറയും: നിൻെറ സാന്നിധ്യത്തിൽ ഞങ്ങൾ ഭക്ഷിക്കുകയും പാനംചെയ്യുകയും ഞങ്ങളുടെ തെരുവുകളിൽ നീ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്.
ലൂക്കാ 13:27	എന്നാൽ അവൻ പറയും: നിങ്ങൾ എവിടെനിന്നാണെന്നു ഞാൻ അ റിയുന്നില്ല. അനീതി പ്രവർത്തിക്കുന്ന നിങ്ങൾ എന്നിൽനിന്ന് അകന്നു പോകുവിൻ.
ലൂക്കാ 13:28	അബ്രാഹവും ഇസഹാക്കും യാക്കോബും സകല പ്രവാചകൻമാരും ദൈവരാജ്യത്തിൽ ഇരിക്കുന്നതായും നിങ്ങൾ പുറംതള്ളപ്പെടുന്നതായും കാണുമ്പോൾ നിങ്ങൾ വിലപിക്കുകയും പല്ലിറുമ്മുകയും ചെയ്യും.
ലൂക്കാ 13:29	കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വടക്കുനിന്നും തെക്കുനിന്നും ജനങ്ങൾ വന്ന് ദൈവ രാജ്യത്തിൽ വിരുന്നിനിരിക്കും.
ലൂക്കാ 13:30	അപ്പോൾ മുൻപൻമാരാകുന്ന പിൻപൻമാരും പിൻപൻമാരാകുന്ന മുൻപൻമാരും ഉണ്ടായിരിക്കും.

178. യേശു ഹേറോദാവിനെതിരെ മുന്നറിയീപ്പ് നൽകുന്നു

ലൂക്കാ 13:31	അപ്പോൾതന്നെ ചില ഫരിസേയർ വന്ന് അവനോടു പറഞ്ഞു: ഇവിടെ നിന്നു പോവുക; ഹേറോദേസ് നിന്നെകൊല്ലാൻ ഒരുങ്ങുന്നു.
ലൂക്കാ 13:32	അവൻ പറഞ്ഞു: നിങ്ങൾ പോയി ആ കുറുക്കനോടു പറയുവിൻ: ഞാൻ ഇന്നും നാളെയും പിശാചുക്കളെ പുറത്താക്കുകയും രോഗശാന്തി നൽകുകയും ചെയ്യും. മൂന്നാംദിവസം എൻെറ ദൗത്യം ഞാൻ പൂർത്തിയാക്കിയിരിക്കും.
ലൂക്കാ 13:33	എങ്കിലും ഇന്നും നാളെയും മറ്റന്നാളും ഞാൻ എൻെറ യാത്ര തുടരേണ്ടിയിരിക്കുന്നു. എന്തെന്നാൽ, ജറുസലെമിനു പുറത്തുവച്ച് ഒരു പ്രവാചകൻ നശിക്കുക സാധ്യമല്ല.

179. മഹോദരരോഗിയെ സുഖപ്പെടുത്തുന്നു

ലൂക്കാ 14:1	ഒരു സാബത്തിൽ അവൻ ഫരിസേയപ്രമാണികളിൽ ഒരുവൻെറ വീട്ടിൽ ഭക്ഷ ണത്തിനുപോയി. അവർ അവനെ ശ്രദ്ധിച്ചുകൊണ്ടിരുന്നു.
ലൂക്കാ 14:2	അവിടെ ഒരു മഹോദര രോഗി ഉണ്ടായിരുന്നു.
ലൂക്കാ 14:3	യേശു നിയമജ്ഞരോടും ഫരിസേയരോടുമായി ചോദിച്ചു: സാബത്തിൽ രോഗശാന്തി നൽകുന്നത് അ നുവദനീയമോ അല്ലയോ?
ലൂക്കാ 14:4	അവർ നിശ്ശ ബ്ദരായിരുന്നു. യേശു അവനെ അടുത്തുവിളിച്ചു സുഖപ്പെടുത്തി അയച്ചു.
ലൂക്കാ 14:5	അനന്ത രം അവൻ അവരോടു ചോദിച്ചു: സാബത്തിൽ തൻെറ പുത്രനോ കാളയോ കിണ റ്റിൽ വീണാൽ ഉടൻ പിടിച്ചു കയറ്റാത്ത വനായി നിങ്ങളിൽ ആരുണ്ട്?
ലൂക്കാ 14:6	മറുപടി പറയാൻ അവർക്കു കഴിഞ്ഞില്ല.

180. അതിഥിക്കും ആതിഥേയനും ഉപദേശം

ലൂക്കാ 14:7	ക്ഷണിക്കപ്പെട്ടവർ പ്രമുഖസ്ഥാനങ്ങൾ തെരഞ്ഞെടുക്കുന്നതു കണ്ടപ്പോൾ അവൻ അവരോട് ഒരു ഉപമ പറഞ്ഞു:
ലൂക്കാ 14:8	ആരെങ്കിലും നിന്നെ ഒരു കല്യാണവിരുന്നിനു ക്ഷണിച്ചാൽ, പ്രമുഖസ്ഥാനത്തു കയറിയിരിക്കരുത്. ഒരുപക്ഷേ, നിന്നെക്കാൾ ബഹുമാന്യനായ ഒരാളെ അവൻ ക്ഷണിച്ചിട്ടുണ്ടായിരിക്കും.
ലൂക്കാ 14:9	നിങ്ങളെ രണ്ടുപേരെയും ക്ഷണിച്ചവൻ വന്ന്, ഇവനു സ്ഥലം കൊടുക്കുക എന്നു നിന്നോടു പറയും. അപ്പോൾ നീ ലജ്ജിച്ച്, അവസാനത്തെ സ്ഥാനത്തുപോയി ഇരിക്കും.
ലൂക്കാ 14:10	അതുകൊണ്ട്, നീ വിരുന്നിനു ക്ഷണിക്കപ്പെടുമ്പോൾ അവസാനത്തെ സ്ഥാനത്തുപോയി ഇരിക്കുക. ആതിഥേയൻ വന്നു നിന്നോട്, സ്നേഹിതാ, മുമ്പോട്ടു കയറിയിരിക്കുക എന്നുപറയും. അപ്പോൾ നിന്നോടുകൂടെ ഭക്ഷണത്തിനിരിക്കുന്ന സകലരുടെയും മുമ്പാകെ നിനക്കു മഹത്വമുണ്ടാകും.
ലൂക്കാ 14:11	തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെതാഴ്ത്തുന്നവൻ ഉയർത്തപ്പെടും.
ലൂക്കാ 14:12	തന്നെ ക്ഷണിച്ചവനോടും അവൻ പറഞ്ഞു: നീ ഒരു സദ്യയോ അത്താഴവിരുന്നോ കൊടുക്കുമ്പോൾ നിൻെറ സ്നേഹിതരെയോ സഹോദരരെയോ ബന്ധുക്കളെയോ ധനികരായ അയൽക്കാരെയോ വിളിക്കരുത്. ഒരു പക്ഷേ, അവർ നിന്നെ പകരം ക്ഷണിക്കുകയും അതു നിനക്കു പ്രതിഫലമാവുകയും ചെയ്യും.
ലൂക്കാ 14:13	എന്നാൽ, നീ സദ്യ നടത്തുമ്പോൾ ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണിക്കുക.
ലൂക്കാ 14:14	അപ്പോൾ നീ ഭാഗ്യവാനായിരിക്കും; എന്തെന്നാൽ, പകരം നൽകാൻ അവരുടെ പക്കൽ ഒന്നുമില്ല. നീതിമാൻമാരുടെ പുനരുത്ഥാനത്തിൽ നിനക്കു പ്രതിഫലം ലഭിക്കും.

181. വിരുന്നിൻെറ ഉപമ

ലൂക്കാ 14:15	അവനോടുകൂടെ ഭക്ഷണത്തിനിരുന്ന വരിൽ ഒരുവൻ ഇതു കേട്ടിട്ട് അവനോടു പറഞ്ഞു: ദൈവരാജ്യത്തിൽ അപ്പം ഭക്ഷിക്കുന്നവൻ ഭാഗ്യവാൻ.
ലൂക്കാ 14:16	അപ്പോൾ യേശു അവനോടു പറഞ്ഞു: ഒരുവൻ ഒരിക്കൽ ഒരു വലിയ സദ്യ ഒരുക്കി; വളരെപ്പേരെ ക്ഷണിക്കുകയും ചെയ്തു.
ലൂക്കാ 14:17	സദ്യയ്ക്കു സമയമായപ്പോൾ അവൻ ദാസനെ അയച്ചു ക്ഷണിക്കപ്പെട്ടവരെ അറിയിച്ചു: വരുവിൻ, എല്ലാം തയ്യാറായിരിക്കുന്നു.
ലൂക്കാ 14:18	എന്നാൽ അവരെല്ലാവരും ഒന്നുപോലെ ഒഴികഴിവു പറയാൻ തുടങ്ങി, ഒന്നാമൻ പറഞ്ഞു: ഞാൻ ഒരു വയൽ വാങ്ങി; അതുപോയി കാണേണ്ടിയിരിക്കുന്നു. എന്നെ ഒഴിവാക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു.
ലൂക്കാ 14:19	മറ്റൊരുവൻ പറഞ്ഞു: ഞാൻ അഞ്ചുജോടി കാളകളെ വാങ്ങി; അവയെ പരീക്ഷിച്ചുനോക്കുവാൻ പോകുന്നു; എനിക്ക് ഒഴിവുതരണം എന്ന് അപേക്ഷിക്കുന്നു.
ലൂക്കാ 14:20	മൂന്നാമതൊരുവൻ പറഞ്ഞു: എൻെറ വിവാഹം കഴിഞ്ഞതേയുള്ളൂ. അതിനാൽ എനിക്കു വരാൻ നിവൃത്തിയില്ല.
ലൂക്കാ 14:21	ആദാസൻ തിരിച്ചുവന്ന്യജമാനനെ വിവരം ധരിപ്പിച്ചു. ഗൃഹനാഥൻ കോപിച്ച് ദാസനോടു പറഞ്ഞു: നീ വേഗം പട്ടണത്തിൻെറ തെരുവുകളിലും ഊടുവഴികളിലും ചെന്ന്, ദരിദ്രരെയും, വികലാംഗരെയും, കുരുടരെയും, മുടന്തരെയും ഇവിടെ കൂട്ടിക്കൊണ്ടു വരുക.
ലൂക്കാ 14:22	അനന്ത രം ആദാസൻ പറഞ്ഞു:യജമാനനേ, നീ കൽപിച്ചതുപോലെ ഞാൻ ചെയ്തു. ഇനിയും സ്ഥലമുണ്ട്.
ലൂക്കാ 14:23	യജമാനൻ ദാസനോടു പറഞ്ഞു: നീ പെരുവഴിയിലും ഇടവഴികളി ലും ചെന്ന്, എൻെറ വീടു നിറയുവോളം ആളുകൾ അകത്തേക്കു വരുവാൻ നിർബന്ധിക്കുക.
ലൂക്കാ 14:24	എന്തെന്നാൽ, ക്ഷണിക്കപ്പെട്ടവരിൽ ഒരുവനും എൻെറ വിരുന്ന് ആസ്വദിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.

182. ശിഷ്യത്വത്തിൻെറ വില

ലൂക്കാ 14:25	വലിയ ജനക്കൂട്ടങ്ങൾ അവൻെറ അ ടുത്തുവന്നു. അവൻ തിരിഞ്ഞ് അവരോടു പറഞ്ഞു:
ലൂക്കാ 14:26	സ്വന്തം പിതാവിനെയും മാതാവിനെയും ഭാര്യയെയും മക്കളെയും സഹോദരൻമാരെയും സഹോദരിമാരെയും എന്നല്ല, സ്വജീവനെത്തന്നെയും വെറുക്കാതെ എൻെറ അടുത്തുവരുന്ന ആർക്കും എൻെറ ശിഷ്യനായിരിക്കുവാൻ സാധിക്കുകയില്ല.
ലൂക്കാ 14:27	സ്വന്തം കുരിശു വഹിക്കാതെ എൻെറ പിന്നാലെ വരുന്നവന് എൻെറ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല.
ലൂക്കാ 14:28	ഗോപുരം പണിയാൻ ഇച്ഛിക്കുമ്പോൾ, അതു പൂർത്തിയാക്കാൻവേണ്ട വക തനിക്കുണ്ടോ എന്ന് അതിൻെറ ചെലവ് ആദ്യമേ തന്നെ കണക്കു കൂട്ടി നോക്കാത്തവൻ നിങ്ങളിൽ ആരുണ്ട്?

ലൂക്കാ 14:29	അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അടിത്തറ കെട്ടിക്കഴിഞ്ഞ് പണിമുഴുവനാക്കാൻ കഴിയാതെ വരുമ്പോൾ, കാണുന്ന വരെല്ലാം അവനെ ആക്ഷേപിക്കും.
ലൂക്കാ 14:30	അവർ പറയും: ഈ മനുഷ്യൻ പണി ആരംഭിച്ചു; പക്ഷേ, പൂർത്തിയാക്കാൻ കഴിഞ്ഞില്ല.
ലൂക്കാ 14:31	അല്ലെങ്കിൽ, ഇരുപതിനായിരം ഭടൻമാരോടുകൂടെ തനിക്കെതിരേ വരുന്നവനെ പതിനായിരം കൊണ്ടു നേരിടാൻ സാധിക്കുമോ എന്ന് ആദ്യമേ ആലോചിക്കാതെ മറ്റൊരു രാജാവിനോടുയുദ്ധത്തിനു പോകുന്ന ഏതു രാജാവാണുള്ളത്?
ലൂക്കാ 14:32	അതു സാധ്യമല്ലെങ്കിൽ, അവൻ ദൂരത്തായിരിക്കുമ്പോൾ തന്നെ ദൂതൻമാരെ അയച്ച്, സമാധാനത്തിന് അപേക്ഷിക്കും.
ലൂക്കാ 14:33	ഇതുപോലെ, തനിക്കുള്ളതെല്ലാം ഉപേക്ഷിക്കാതെ നിങ്ങളിലാർക്കും എൻെറ ശിഷ്യനാവുക സാധ്യമല്ല.

183. കാണാതായ ആടിൻെറ ഉപമ

ലൂക്കാ 15:1	ചുങ്കക്കാരും പാപികളുമെല്ലാം അവൻെറ വാക്കുകൾ കേൾക്കാൻ അടുത്തുവന്നുകൊണ്ടിരുന്നു.
ലൂക്കാ 15:2	ഫരിസേയരും നിയമജ്ഞരും പിറുപിറുത്തു: ഇവൻ പാപികളെ സ്വീകരിക്കുകയും അവരോടുകൂടെ ഭക്ഷണം കഴിക്കുകയും ചെയ്യുന്നു.
ലൂക്കാ 15:3	അവൻ അവരോട് ഈ ഉപമ പറഞ്ഞു:
ലൂക്കാ 15:4	നിങ്ങളിലാരാണ്, തനിക്കു നൂറ് ആടുകൾ ഉണ്ടായിരിക്കേ അവയിൽ ഒന്നു നഷ്ടപ്പെട്ടാൽ തൊ ണ്ണൂറ്റൊൻപതിനെയും മരുഭൂമിയിൽ വിട്ടിട്ട്, നഷ്ടപ്പെട്ടതിനെ കണ്ടുകിട്ടുവോളം തേടിപ്പോകാത്തത്?
ലൂക്കാ 15:5	കണ്ടുകിട്ടുമ്പോൾ സന്തോഷിച്ച് അതിനെ തോളിലേറ്റുന്നു.
ലൂക്കാ 15:6	വീട്ടിൽ എത്തുമ്പോൾ അവൻ കൂട്ടുകാരെയും അയൽവാസികളെയും വിളിച്ചുകൂട്ടിപ്പറയും: നിങ്ങൾ എന്നോടുകൂടെ സന്തോഷിക്കുവിൻ. എൻെറ നഷ്ടപ്പെട്ട ആടിനെ കണ്ടുകിട്ടിയിരിക്കുന്നു.
ലൂക്കാ 15:7	അതുപോലെ തന്നെ, അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാൻമാരെക്കുറിച്ച് എന്നതിനെക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും എന്ന് ഞാൻ നിങ്ങളോടു പറയുന്നു.
മത്താ 18:14	ഇതുപോലെ, ഈ ചെറിയവരിൽ ഒരുവൻ പോലും നശിച്ചുപോകാൻ എൻെറ സ്വർഗസ്ഥനായ പിതാവ് ഇഷ്ടപ്പെടുന്നില്ല.

184. കാണാതായ നാണയത്തിൻെറ ഉപമ

ലൂക്കാ 15:8	ഏതു സ്ത്രീയാണ്, തനിക്കു പത്തു നാണയം ഉണ്ടായിരിക്കേ, അതിൽ ഒന്നു നഷ്ടപ്പെട്ടാൽ വിളക്കുകൊളുത്തി വീട് അടിച്ചുവാരി, അത് കണ്ടുകിട്ടുവോളം ഉത്സാഹത്തോടെ അന്വേഷിക്കാത്തത്?
ലൂക്കാ 15:9	കണ്ടുകിട്ടുമ്പോൾ അവൾ കൂട്ടുകാരെയും അയൽവാസികളെയും വിളിച്ചുകൂട്ടിപ്പറയും: എന്നോടുകൂടെ സന്തോഷിക്കുവിൻ. എൻെറ നഷ്ടപ്പെട്ട നാണയം വീണ്ടുകിട്ടിയിരിക്കുന്നു.
ലൂക്കാ 15:10	അതുപോലെതന്നെ, അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് ദൈവത്തിൻെറ ദൂതൻമാരുടെ മുമ്പിൽ സന്തോഷമുണ്ടാകും എന്ന് ഞാൻ നിങ്ങളോടു പറയുന്നു.

185. ധൂർത്തപുത്രൻെറ ഉപമ

ലൂക്കാ 15:11	അവൻ പറഞ്ഞു: ഒരു മനുഷ്യനു രണ്ടു പുത്രൻമാരുണ്ടായിരുന്നു.
ലൂക്കാ 15:12	ഇളയ വൻ പിതാവിനോടു പറഞ്ഞു: പിതാവേ, സ്വത്തിൽ എൻെറ ഓഹരി എനിക്കു തരിക. അവൻ സ്വത്ത് അവർക്കായി ഭാഗിച്ചു.
ലൂക്കാ 15:13	ഏറെ താമസിയാതെ, ഇളയമകൻ എല്ലാംശേഖരിച്ചുകൊണ്ടു ദൂരദേശത്തേക്കു പോയി, അവിടെ ധൂർത്തനായി ജീവിച്ച്, സ്വത്തു നശിപ്പിച്ചുകളഞ്ഞു.
ലൂക്കാ 15:14	അവൻ എല്ലാം ചെലവഴിച്ചു കഴിഞ്ഞപ്പോൾ ആ ദേശത്ത് ഒരു കഠിനക്ഷാമം ഉണ്ടാവുകയും അവൻ ഞെരുക്കത്തിലാവുകയും ചെയ്തു.
ലൂക്കാ 15:15	അവൻ , ആ ദേശത്തെ ഒരു പൗരൻെറ അടുത്ത് അഭയംതേടി. അയാൾ അവനെ പന്നികളെ മേയിക്കാൻ വയലിലേക്കയച്ചു.
ലൂക്കാ 15:16	പന്നി തിന്നിരുന്നതവിടെങ്കിലുംകൊണ്ടു വയറു നിറയ്ക്കാൻ അവൻ ആശിച്ചു. പക്ഷേ, ആരും അവനു കൊടുത്തില്ല.
ലൂക്കാ 15:17	അപ്പോൾ അവനു സുബോധമുണ്ടായി. അവൻ പറഞ്ഞു: എൻെറ പിതാവിൻെറ എത്രയോ ദാസൻമാർ സുഭിക്ഷമായി ഭക്ഷണം കഴിക്കുന്നു! ഞാനോ ഇവിടെ വിശന്നു മരിക്കുന്നു!
ലൂക്കാ 15:18	ഞാൻ എഴുന്നേറ്റ് എൻെറ പിതാവിൻെറ അടുത്തേക്കു പോകും. ഞാൻ അവനോടു പറയും: പിതാവേ, സ്വർഗത്തിനെതിരായും നിൻെറ മുമ്പിലും ഞാൻ പാപം ചെയ്തു.
ലൂക്കാ 15:19	നിൻെറ പുത്രൻ എന്നു വിളിക്കപ്പെടാൻ ഞാൻ ഇനി യോഗ്യനല്ല. നിൻെറ ദാസരിൽ ഒരുവനായി എന്നെ സ്വീകരിക്കണമേ.
ലൂക്കാ 15:20	അവൻ എഴുന്നേറ്റ്, പിതാവിൻെറ അടുത്തേക്കു ചെന്നു. ദൂരെ വച്ചുതന്നെ പിതാവ് അവനെ കണ്ടു. അവൻ മനസ്സലിഞ്ഞ് ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ചു ചുംബിച്ചു.
ലൂക്കാ 15:21	മകൻ പറഞ്ഞു: പിതാവേ, സ്വർഗത്തിനെതിരായും നിൻെറ മുമ്പി ലും ഞാൻ പാപം ചെയ്തു. നിൻെറ പുത്രൻ എന്നു വിളിക്കപ്പെടാൻ ഞാൻ ഇനി യോഗ്യനല്ല.
ലൂക്കാ 15:22	പിതാവാകട്ടെ, തൻെറ ദാ സരോടു പറഞ്ഞു: ഉടനെ മേൽത്തരം വ സ്ത്രം കൊണ്ടുവന്ന് ഇവനെ ധരിപ്പിക്കുവിൻ. ഇവൻെറ കൈയിൽ മോതിരവും കാലിൽ ചെരിപ്പും അണിയിക്കുവിൻ.
ലൂക്കാ 15:23	കൊഴുത്ത കാളക്കുട്ടിയെ കൊണ്ടുവന്നു കൊല്ലുവിൻ. നമുക്കു ഭക്ഷിച്ച് ആഹ്ലാദിക്കാം.

ലൂക്കാ 15:24	എൻെറ ഈ മകൻ മൃതനായിരുന്നു; അവൻ ഇതാ, വീണ്ടും ജീവിക്കുന്നു. അവൻ നഷ്ടപ്പെട്ടിരുന്നു; ഇപ്പോൾ വീണ്ടുകിട്ടിയിരിക്കുന്നു. അവർ ആഹ്ലാദിക്കാൻ തുടങ്ങി.
ലൂക്കാ 15:25	അവൻെറ മൂത്തമകൻ വയലിലായിരുന്നു. അവൻ തിരിച്ചു വരുമ്പോൾ വീടി നടുത്തുവച്ച് സംഗീതത്തിൻെറയും നൃത്തത്തിൻെറയും ശബ്ദം കേട്ടു.
ലൂക്കാ 15:26	അവൻ ഒരു വേലക്കാരനെ വിളിച്ച് കാര്യം തിരക്കി.
ലൂക്കാ 15:27	വേലക്കാരൻ പറഞ്ഞു: നിൻെറ സഹോദരൻ തിരിച്ചുവന്നിരിക്കുന്നു. അവനെ സ സുഖം തിരിച്ചുകിട്ടിയതുകൊണ്ട് നിൻെറ പിതാവ് കൊഴുത്ത കാളക്കുട്ടിയെ കൊന്നിരിക്കുന്നു.
ലൂക്കാ 15:28	അവൻ കോപിച്ച് അകത്തു കയറാൻ വിസമ്മതിച്ചു. പിതാവു പുറത്തുവന്ന് അവനോടു സാന്ത്വനങ്ങൾ പറഞ്ഞു.
ലൂക്കാ 15:29	എന്നാൽ, അവൻ പിതാവിനോടു പറഞ്ഞു: നോക്കൂ, എത്ര വർഷമായി ഞാൻ നിനക്കു ദാസ്യവേലചെയ്യുന്നു. ഒരിക്കലും നിൻെറ കൽപന ഞാൻ ലംഘിച്ചിട്ടില്ല. എങ്കിലും, എൻെറ കൂട്ടുകാരോടൊത്ത് ആഹ്ലാദിക്കാൻ ഒരു ആട്ടിൻകുട്ടിയെപ്പോലും നീ എനിക്കു തന്നില്ല.
ലൂക്കാ 15:30	എന്നാൽ, വേശ്യകളോടു കൂട്ടുചേർന്ന്, നിൻെറ സ്വത്തെല്ലാം ധൂർത്തടിച്ചനിൻെറ ഈ മകൻ തിരിച്ചുവന്നപ്പോൾ അവനുവേണ്ടി നീ കൊഴുത്ത കാളയെ കൊന്നിരിക്കുന്നു.
ലൂക്കാ 15:31	അപ്പോൾ പിതാവു പറഞ്ഞു: മകനേ, നീ എപ്പോഴും എന്നോടുകൂടെ ഉണ്ടല്ലോ. എനിക്കുള്ളതെല്ലാം നിൻേറതാണ്.
ലൂക്കാ 15:32	ഇപ്പോൾ നമ്മൾ ആ നന്ദിക്കുകയും ആഹ്ലാദിക്കുകയും വേണം. എന്തെന്നാൽ, നിൻെറ ഈ സഹോദരൻമൃതനായിരുന്നു; അവനിപ്പോൾ ജീവിക്കുന്നു. നഷ്ടപ്പെട്ടിരുന്നു; ഇപ്പോൾ കണ്ടുകിട്ടിയിരിക്കുന്നു.

186. അവിശ്വസ്തനായ കാര്യസ്ഥൻ

ലൂക്കാ 16:1	യേശു ശിഷ്യരോടു പറഞ്ഞു: ഒരു ധനവാന് ഒരു കാര്യസ്ഥൻ ഉണ്ടായിരുന്നു. അവൻ സ്വത്ത് ദുർവ്യയം ചെയ്യുന്നുവെന്ന്യജമാനനു പരാതി ലഭിച്ചു.
ലൂക്കാ 16:2	യജമാനൻ അവനെ വിളിച്ചു ചോദിച്ചു: നിന്നെപ്പറ്റി ഞാൻ കേൾക്കുന്നത് എന്താണ്? നിൻെറ കാര്യസ്ഥതയുടെ കണക്കു ബോധിപ്പിക്കുക. മേലിൽ നീ കാര്യസ്ഥനായിരിക്കാൻ പാടില്ല.
ലൂക്കാ 16:3	ആ കാര്യസ്ഥൻ ആത്മഗതം ചെയ്തു:യജമാനൻ കാര്യസ്ഥത എന്നിൽ നിന്ന് എടുത്തുകളയുന്നതിനാൽ ഞാൻ ഇനി എന്തുചെയ്യും? കിളയ്ക്കാൻ എനിക്കു ശക്തിയില്ല. ഭിക്ഷയാചിക്കാൻ ലജ്ജ തോന്നുന്നു.
ലൂക്കാ 16:4	എന്നാൽ, യജമാനൻ കാര്യസ്ഥത എന്നിൽനിന്ന് എടുത്തു കളയുമ്പോൾ ആളുകൾ തങ്ങളുടെ വീടുകളിൽ എന്നെ സ്വീകരിക്കേണ്ടതിന് എന്തു ചെയ്യണമെന്ന് എനിക്കറിയാം.
ലൂക്കാ 16:5	യജമാനനിൽനിന്നു കടം വാങ്ങിയവർ ഓരോരുത്തരെ അവൻ വിളിച്ചു. ഒന്നാമനോട് അവൻ ചോദിച്ചു: നീ എൻെറ യജമാനന് എന്തു കൊടുക്കാനുണ്ട്?
ലൂക്കാ 16:6	അവൻ പറഞ്ഞു: നൂറു ബത്ത് എണ്ണ. അവൻ പറഞ്ഞു: ഇതാ, നിൻെറ പ്രമാണം, എടുത്ത് അമ്പതു ബത്ത് എന്നു തിരുത്തിയെഴുതുക.
ലൂക്കാ 16:7	അനന്തരം അവൻ മറ്റൊരുവനോടു ചോദിച്ചു: നീ എന്തു കടപ്പെട്ടിരിക്കുന്നു? അവൻ പറഞ്ഞു: നൂറു കോർ ഗോതമ്പ്. അവൻ പറഞ്ഞു: നിൻെറ പ്രമാണം എടുത്ത് എൺപതുകോർ എന്നു തിരുത്തിയെഴുതുക.
ലൂക്കാ 16:8	കൗശലപൂർവം പ്രവർത്തിച്ചതിനാൽ നീതിരഹിതനായ കാര്യസ്ഥനെയജമാനൻ പ്രശംസിച്ചു. എന്തെന്നാൽ, ഈയുഗത്തിൻെറ മക്കൾ തങ്ങളുടെ തലമുറയിൽ വെളിച്ചത്തിൻെറ മക്കളെക്കാൾ ബുദ്ധിശാലികളാണ്.
ലൂക്കാ 16:9	ഞാൻ നിങ്ങളോടു പറയുന്നു. അധാർമിക സമ്പത്തുകൊണ്ട് നിങ്ങൾക്കായി സ്നേഹിതരെ സമ്പാദിച്ചുകൊള്ളുവിൻ. അതു നിങ്ങളെകൈവെടിയുമ്പോൾ അവർ നിങ്ങളെ നിത്യകൂടാരങ്ങളിൽ സ്വീകരിക്കും.

187. വിശ്വസ്തത

ലൂക്കാ 16:10	ചെറിയ കാര്യത്തിൽ വിശ്വസ്തൻ വലിയ കാര്യത്തിലും വിശ്വസ്തനായിരിക്കും. ചെറിയ കാര്യത്തിൽ അവിശ്വസ്തൻ വലിയ കാര്യത്തിലും അവിശ്വസ്തനായിരിക്കും.
ലൂക്കാ 16:11	അധാർമിക സമ്പത്തിൻെറ കാര്യത്തിൽ വിശ്വസ്തരായിരിക്കുന്നില്ലെങ്കിൽയഥാർഥധനം ആരു നിങ്ങളെ ഏൽപിക്കും?
ലൂക്കാ 16:12	മറ്റൊരുവൻെറ കാര്യത്തിൽ നിങ്ങൾ വിശ്വസ്തരല്ലെങ്കിൽ, നിങ്ങൾക്കു സ്വന്തമായവ ആരു നിങ്ങൾക്കുതരും?

188. ഫരിസേയർ ശാസിക്കപ്പെടുന്നു

ലൂക്കാ 16:14	പണക്കൊതിയരായ ഫരിസേയർ ഇതെല്ലാം കേട്ടപ്പോൾ അവനെ പുച്ഛിച്ചു.
ലൂക്കാ 16:15	അവൻ അവരോടു പറഞ്ഞു: മനുഷ്യരുടെ മുമ്പിൽ നിങ്ങൾ നിങ്ങളെത്തന്നെ നീതീകരിക്കുന്നു. എന്നാൽ, ദൈവം നിങ്ങളുടെ ഹൃദയങ്ങളെ അറിയുന്നു. മനുഷ്യർക്ക് ഉത്കൃഷ്ടമായത് ദൈവദൃഷ്ടിയിൽ നികൃഷ്ടമാണ്.

189. നിയമവും പ്രവാചകൻമാരും

ലൂക്കാ 16:16	നിയമവും പ്രവാചകൻമാരും യോഹന്നാൻ വരെ ആയിരുന്നു. അതിനുശേഷം, ദൈവരാജ്യത്തിൻെറ സുവിശേഷം പ്രസംഗിക്കപ്പെടുന്നു. എല്ലാവരും ബലം പ്രയോഗിച്ച് അതിൽ പ്രവേശിക്കുന്നു.
ലൂക്കാ 16:17	നിയമത്തിലെ ഒരു പുള്ളിയെങ്കിലും അസാധുവാകുന്നതിനെക്കാൾ എളുപ്പം, ആകാശവും ഭൂമിയും അപ്രത്യക്ഷമാകുന്നതാണ്.

190. ധനവാനും ലാസറും

ലൂക്കാ 16:19	ഒരു ധനവാൻ ഉണ്ടായിരുന്നു. അവൻ ചെമന്ന പട്ടും മൃദുലവസ്ത്രങ്ങളും ധരിക്കുകയും എന്നും സുഭിക്ഷമായി ഭക്ഷിച്ച് ആനന്ദിക്കുകയും ചെയ്തിരുന്നു.
ലൂക്കാ 16:20	അവൻെറ പടിവാതിൽക്കൽ ലാസർ എന്നൊരു ദരിദ്രൻ കിടന്നിരുന്നു. അവൻെറ ശരീരം വ്രണങ്ങൾകൊണ്ടു നിറഞ്ഞിരുന്നു.
ലൂക്കാ 16:21	ധനവാൻെറ മേശയിൽനിന്നു വീണിരുന്നവകൊണ്ടു വിശപ്പടക്കാൻ അവൻ ആഗ്രഹിച്ചു. നായ്ക്കൾവന്ന് അവൻെറ വ്രണങ്ങൾ നക്കിയിരുന്നു.

ലൂക്കാ 16:22	ആദരിദ്രൻമരിച്ചു. ദൈവദൂതൻമാർ അവനെ അബ്രാഹത്തിൻെറ മടിയിലേക്കു സംവഹിച്ചു. ആ ധനികനും മരിച്ച് അടക്കപ്പെട്ടു.
ലൂക്കാ 16:23	അവൻ നരകത്തിൽ പീഡിപ്പിക്കപ്പെടുമ്പോൾ കണ്ണുകൾ ഉയർത്തി നോക്കി; ദൂരെ അബ്രാഹത്തെയും അവൻെറ മടിയിൽ ലാസറിനെയും കണ്ടു.
ലൂക്കാ 16:24	അവൻ വിളിച്ചു പറഞ്ഞു: പിതാവായ അബ്രാഹമേ, എന്നിൽ കനിയേണമേ! തൻെറ വിരൽത്തുമ്പു വെള്ളത്തിൽ മുക്കി എൻെറ നാവു തണുപ്പിക്കാനായി ലാസറിനെ അയയ്ക്കണമേ! ഞാൻ ഈ അഗ്നിജ്വാലയിൽക്കിടന്ന്യാതനയനുഭവിക്കുന്നു.
ലൂക്കാ 16:25	അബ്രാഹം പറഞ്ഞു: മകനേ, നീ ഓർമിക്കുക: നിനക്കു ജീവിതകാലത്ത് എല്ലാ സുഖസൗകര്യങ്ങളും ലഭിച്ചിരുന്നു; ലാസറിനോ കഷ്ടതകളും. ഇപ്പോൾ അവൻ ഇവിടെ ആനന്ദിക്കുകയും നീ വേദന അനുഭവിക്കുകയും ചെയ്യുന്നു.
ലൂക്കാ 16:26	കൂടാതെ, ഞങ്ങൾക്കും നിങ്ങൾക്കും മധ്യേ ഒരു വലിയ ഗർത്തവും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇവിടെ നിന്നു നിങ്ങളുടെ അടുത്തേക്കോ അവിടെ നിന്നു ഞങ്ങളുടെ അടുത്തേക്കോ വരാൻ ആഗ്രഹിക്കുന്നവർക്ക് അതു സാധിക്കുകയില്ല.
ലൂക്കാ 16:27	അപ്പോൾ അവൻ പറഞ്ഞു: പിതാവേ, അങ്ങനെയെങ്കിൽ, ലാസറിനെ എൻെറ പിതൃഭവനത്തിലേക്ക് അയയ്ക്കണമേ എന്നു ഞാൻ അപേക്ഷിക്കുന്നു.
ലൂക്കാ 16:28	എനിക്ക് അഞ്ചു സഹോദരൻമാരുണ്ട്. അവരും പീഡകളുടെ ഈ സ്ഥലത്തു വരാതിരിക്കേണ്ടതിന് അവൻ അവർക്കു സാക്ഷ്യം നൽകട്ടെ.
ലൂക്കാ 16:29	അബ്രാഹം പറഞ്ഞു: അവർക്കു മോശയും പ്രവാചകൻമാരും ഉണ്ടല്ലോ. അവരുടെ വാക്കു കേൾക്കട്ടെ.
ലൂക്കാ 16:30	ധനവാൻ പറഞ്ഞു: പിതാവായ അബ്രാഹമേ, അങ്ങനെയല്ല, മരിച്ചവരിൽ ഒരുവൻ ചെന്നു പറഞ്ഞാൽ അവർ അനുതപിക്കും.
ലൂക്കാ 16:31	അബ്രാഹം അവനോടു പറഞ്ഞു: മോശയും പ്രവാചകൻമാരും പറയുന്നത് അവർ കേൾക്കുന്നില്ലെങ്കിൽ മരിച്ചവരിൽനിന്ന് ഒരുവൻ ഉയിർത്താലും അവർക്കു ബോധ്യമാവുകയില്ല.

191. ദുഷ്പ്രേരണ

മത്താ 18:7	പ്രലോഭനങ്ങൾ നിമിത്തം ലോകത്തിനു ദുരിതം! പ്രലോഭനങ്ങൾ ഉണ്ടാകേണ്ടതാണ്, എന്നാൽ, പ്രലോഭന ഹേതുവാകുന്നവനു ദുരിതം!
മത്താ 18:6	എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവനു ദുഷ്പ്രേരണ നൽകുന്നവൻ ആരായാലും അവനു കൂടുതൽ നല്ലത് കഴുത്തിൽ ഒരു വലിയ തിരികല്ലുകെട്ടി കടലിൻെറ ആഴത്തിൽ താഴ്ത്തപ്പെടുകയായിരിക്കും

192. പ്രലോഭനങ്ങൾ

മർക്കോ 9:43	നിൻെറ കൈ നിനക്കു ദുഷ്പ്രേരണയ്ക്കു കാരണമാകുന്നെങ്കിൽ, അതു വെട്ടിക്കളയുക.
മർക്കോ 9:44	ഇരു കൈകളും ഉള്ളവനായി നരകത്തിലെ കെടാത്ത അ ഗ്നിയിൽ നിപതിക്കുന്നതിനെക്കാൾ നല്ലത് അംഗഹീനനായി ജീവനിലേക്കു പ്രവേശിക്കുന്നതാണ്.
മർക്കോ 9:45	നിൻെറ പാദം നിനക്കു ദുഷ്പ്രേരണയ്ക്കു കാരണമാകുന്നെങ്കിൽ, അതു മുറിച്ചുകളയുക.
മർക്കോ 9:46	രണ്ടു പാദങ്ങളും ഉള്ളവനായി നരകത്തിൽ എറിയപ്പെടുന്നതിനെക്കാൾ നല്ലത്, മുടന്തനായി ജീവനിലേക്കു പ്രവേശിക്കുന്നതാണ്.
മർക്കോ 9:47	നിൻെറ കണ്ണുമൂലം നിനക്കു ദുഷ്പ്രേരണ ഉണ്ടാകുന്നെങ്കിൽ അതു ചൂഴ്ന്നെടുത്ത് എറിഞ്ഞുകളയുക. ഇരുകണ്ണുകളും ഉള്ളവനായി,
മർക്കോ 9:48	പുഴു ചാകാത്തതും തീ കെടാത്തതുമായ നരകത്തിലേക്ക് എറിയപ്പെടുന്നതിനെക്കാൾ നല്ലത്, ഒരു കണ്ണോടുകൂടെ ദൈവരാജ്യത്തിലേക്കു പ്രവേശിക്കുന്നതാണ്.
മർക്കോ 9:49	കാരണം, എല്ലാവരും അഗ്നിയാൽ ഉറകൂട്ടപ്പെടും.

193. സഹോദരനെ ശാസിക്കുക

മത്താ 18:15	നിൻെറ സഹോദരൻ തെറ്റുചെയ്താൽ നീയും അവനും മാത്രമായിരിക്കുമ്പോൾ ചെന്ന് ആ തെറ്റ് അവനു ബോധ്യപ്പെടുത്തിക്കൊടുക്കുക.
ലൂക്കാ 17:3	നിങ്ങൾ ശ്രദ്ധയുള്ളവരായിരിക്കു വിൻ. നിൻെറ സഹോദരൻ തെറ്റു ചെയ് താൽ അവനെ ശാസിക്കുക; പശ്ചാത്തപിച്ചാൽ അവനോടു ക്ഷമിക്കുക.
ലൂക്കാ 17:4	ദിവസത്തിൽ ഏഴുപ്രാവശ്യം അവൻ നിനക്കെതിരായി പാപംചെയ്യുകയും ഏഴു പ്രാവശ്യവും തിരിച്ചുവന്ന്, ഞാൻ പശ്ചാത്തപിക്കുന്നു എന്നു പറയുകയും ചെയ്താൽ നീ അവനോടു ക്ഷമിക്കണം.
മത്താ 18:16	അവൻ നിൻെറ വാക്കു കേൾക്കുന്നെങ്കിൽ നീ നിൻെറ സഹോദരനെ നേടി. അവൻ നിന്നെ കേൾക്കുന്നില്ലെങ്കിൽ രണ്ടോ മൂന്നോ സാക്ഷികൾ ഓരോ വാക്കും സ്ഥിരീകരിക്കുന്നതിനുവേണ്ടി ഒന്നോ രണ്ടോ സാക്ഷികളെക്കൂടി നിന്നോടൊത്തുകൊണ്ടുപോവുക.
മത്താ 18:17	അവൻ അവരെയും അനുസരിക്കുന്നില്ലെങ്കിൽ, സഭയോടു പറയുക; സഭയെപ്പോലും അനുസരിക്കുന്നില്ലെങ്കിൽ, അവൻ നിനക്കു വിജാതീയനെപ്പോലെയും ചുങ്കക്കാരനെപ്പോലെയും ആയിരിക്കട്ടെ.
മത്താ 18:18	സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും.

194. പരസ്പരം തിരുത്തുക

മത്താ 18:19	വീണ്ടും ഞാൻ നിങ്ങളോടു പറയുന്നു: ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ചു ചോദിക്കുന്ന ഏതു കാര്യവും എൻെറ സ്വർഗസ്ഥനായ പിതാവ് നിറവേറ്റിത്തരും.
മത്താ 18:20	എന്തെന്നാൽ, രണ്ടോ മൂന്നോപേർ എൻെറ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും.

195. ക്ഷമ

മത്താ 18:21	അപ്പോൾ പത്രോസ് മുന്നോട്ടു വന്ന് അവനോടു ചോദിച്ചു: കർത്താവേ, എന്നോടു തെറ്റുചെയ്യുന്ന എൻെറ സഹോദരനോടു ഞാൻ എത്ര പ്രാവശ്യം ക്ഷമിക്കണം? ഏഴു പ്രാവശ്യമോ?
മത്താ 18:22	യേശു അരുളിച്ചെയ്തു: ഏഴെന്നല്ല, ഏഴ്എഴുപതു പ്രാവശ്യം എന്നു ഞാൻ നിന്നോടു പറയുന്നു.

196. നിർദയനായ ഭൃത്യൻെറ ഉപമ

മത്താ 18:23	സ്വർഗരാജ്യം, തൻെറ സേവകൻമാരുടെ കണക്കു തീർക്കാൻ ആഗ്രഹിച്ച ഒരു രാജാവിനു സദൃശം.
മത്താ 18:24	കണക്കു തീർക്കാനാരംഭിച്ചപ്പോൾ, പതിനായിരം താലന്ത് കടപ്പെട്ടിരുന്ന ഒരുവനെ അവർ അവൻെറ മുമ്പിൽ കൊണ്ടുവന്നു.
മത്താ 18:25	അവന് അതു വീട്ടാൻ നിർവാഹമില്ലാതിരുന്നതുകൊണ്ട് അവനെയും ഭാര്യയെയും മക്കളെയും അവൻെറ സമസ്ത വസ്തുക്കളെയും വിറ്റു കടം വീട്ടാൻയജമാനൻ കൽപിച്ചു.
മത്താ 18:26	അപ്പോൾ സേവകൻ വീണു നമസ്കരിച്ചുകൊണ്ടു പറഞ്ഞു: പ്രഭോ, എന്നോടു ക്ഷമിക്കണമേ! ഞാൻ എല്ലാം തന്നുവീട്ടിക്കൊള്ളാം.
മത്താ 18:27	ആ സേവകൻെറ യജമാനൻമനസ്സലിഞ്ഞ് അവനെ വിട്ടയയ്ക്കുകയും കടം ഇളച്ചുകൊടുക്കുകയും ചെയ്തു.
മത്താ 18:28	അവൻ പുറത്തിറങ്ങിയപ്പോൾ, തനിക്കു നൂറു ദനാറ നൽകാനുണ്ടായിരുന്നതൻെറ സഹസേവകരിലൊരുവനെ കണ്ടുമുട്ടി. അവൻെറ കഴുത്തു പിടിച്ചു ഞെരിച്ചുകൊണ്ട് അവൻ പറഞ്ഞു: എനിക്ക് തരാനുള്ളതു തന്നുതീർക്കുക.
മത്താ 18:29	അപ്പോൾ ആ സഹസേവകൻ അവനോട് വീണപേക്ഷിച്ചു: എന്നോടു ക്ഷമിക്കണമേ! ഞാൻ തന്നു വീട്ടിക്കൊള്ളാം.
മത്താ 18:30	എന്നാൽ, അവൻ സമ്മതിച്ചില്ല. കടം വീട്ടുന്നതുവരെ സഹസേവകനെ അവൻ കാരാഗൃഹത്തിലിട്ടു.
മത്താ 18:31	സംഭവിച്ചതറിഞ്ഞ് മറ്റു സേവകൻമാർ വളരെ സങ്കടപ്പെട്ടു. അവർ ചെന്ന് നടന്നതെല്ലാംയജമാനനെ അറിയിച്ചു.
മത്താ 18:32	യജമാനൻ അവനെ വിളിച്ചു പറഞ്ഞു: ദുഷ്ടനായ സേവകാ, നീ എന്നോടു കേണപേക്ഷിച്ചതുകൊണ്ടു നിൻെറ കടമെല്ലാം ഞാൻ ഇളച്ചുതന്നു.
മത്താ 18:33	ഞാൻ നിന്നോടു കരുണ കാണിച്ചതുപോലെ നീയും നിൻെറ സഹസേവകനോടു കരുണ കാണിക്കേണ്ടതായിരുന്നില്ലേ?
മത്താ 18:34	യജമാനൻ കോപിച്ച് കടം മുഴുവൻ വീട്ടുന്നതുവരെ അവനെ കാരാഗൃഹാധികൃതർക്ക് ഏൽപിച്ചുകൊടുത്തു.
മത്താ 18:35	നിങ്ങൾ സഹോദരനോടു ഹൃദയപൂർവം ക്ഷമിക്കുന്നില്ലെങ്കിൽ എൻെറ സ്വർഗസ്ഥനായ പിതാവ് നിങ്ങളോടും ഇതുപോലെതന്നെ പ്രവർത്തിക്കും.

197. വിശ്വാസം

ലൂക്കാ 17:5	അപ്പോൾ അപ്പസ്തോലൻമാർ കർത്താവിനോടു പറഞ്ഞു: ഞങ്ങളുടെ വിശ്വാസം വർധിപ്പിക്കണമേ!
ലൂക്കാ 17:6	കർത്താവു പറഞ്ഞു: നിങ്ങൾക്കു ഒരു കടുകുമണിയോളം വിശ്വാസ മുണ്ടെങ്കിൽ ഈ സിക്കമിൻ വൃക്ഷത്തോട് ചുവടോടെ ഇളകി കടലിൽചെന്നു വേരുറയ്ക്കുക എന്നു പറഞ്ഞാൽ അതു നിങ്ങളെ അനുസരിക്കും.

198. ഉത്തരവാദിത്വ ബോധം

ലൂക്കാ 17:7	നിങ്ങളുടെ ഒരു ഭൃത്യൻ ഉഴുകുകയോ ആടുമേയിക്കുകയോ ചെയ്തിട്ടു വയലിൽ നിന്നു തിരിച്ചുവരുമ്പോൾ അവനോട്, നീ ഉടനെ വന്ന് ഭക്ഷണത്തിനിരിക്കുക എന്നു നിങ്ങളിലാരെങ്കിലും പറയുമോ?
ലൂക്കാ 17:8	എനിക്കു ഭക്ഷണം തയ്യാറാക്കുക. ഞാൻ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതുവരെ അരമുറുക്കി എന്നെ പരിചരിക്കുക; അതിനുശേഷം നിനക്കു തിന്നുകയും കുടിക്കുകയും ചെയ്യാം എന്നല്ലേ നിങ്ങൾ പറയുക.
ലൂക്കാ 17:9	കൽപിക്കപ്പെട്ടതു ചെയ്തതുകൊണ്ട് ദാസനോടു നിങ്ങൾ നന്ദി പറയുമോ?
ലൂക്കാ 17:10	ഇതുപോലെ തന്നെ നിങ്ങളും കൽപിക്കപ്പെട്ടവയെല്ലാം ചെയ്തതിനുശേഷം, ഞങ്ങൾ പ്രയോജനമില്ലാത്ത ദാസൻമാരാണ്; കടമ നിർവഹിച്ചതേയുള്ളു എന്നു പറയുവിൻ.

199. പത്തു കുഷ്ഠരോഗികൾ

ലൂക്കാ 17:11	ജറുസലെമിലേക്കുള്ളയാത്രയിൽ അവൻ സമരിയായ്ക്കും ഗലീലിക്കും മധ്യേ കടന്നുപോവുകയായിരുന്നു.
ലൂക്കാ 17:12	അവൻ ഒരു ഗ്രാമത്തിൽ പ്രവേശിച്ചപ്പോൾ അകലെ നിന്നിരുന്ന പത്തു കുഷ്ഠരോഗികൾ അവനെക്കണ്ടു.
ലൂക്കാ 17:13	അവർ സ്വരമുയർത്തി യേശുവേ, ഗുരോ, ഞങ്ങളിൽ കനിയണമേ എന്ന് അപേക്ഷിച്ചു.
ലൂക്കാ 17:14	അവരെക്കണ്ടപ്പോൾ അവൻ പറഞ്ഞു: പോയി നിങ്ങളെത്തന്നെ പുരോഹിതൻമാർക്കു കാണിച്ചു കൊടുക്കുവിൻ. പോകുംവഴി അവർ സുഖം പ്രാപിച്ചു.
ലൂക്കാ 17:15	അവരിൽ ഒരുവൻ , താൻ രോഗവിമുക്തനായി എന്നുകണ്ട് ഉച്ചത്തിൽ ദൈവത്തെ സ്തുതിച്ചുകൊണ്ടു തിരിച്ചുവന്നു.
ലൂക്കാ 17:16	അവൻ യേശുവിൻെറ കാൽക്കൽ സാഷ്ടാംഗം പ്രണമിച്ചു നന്ദി പറഞ്ഞു. അവൻ ഒരു സമരിയാക്കാരനായിരുന്നു.
ലൂക്കാ 17:17	യേശു ചോദിച്ചു: പത്തുപേരല്ലേ സുഖപ്പെട്ടത്? ബാക്കി ഒൻപതു പേർ എവിടെ?
ലൂക്കാ 17:18	ഈ വിജാതീയനല്ലാതെ മറ്റാർക്കും തിരിച്ചുവന്നു ദൈവത്തെ മഹത്വപ്പെടുത്തണം എന്നു തോന്നിയില്ലേ?

ലൂക്കാ 17:19	അനന്തരം, യേശു അവനോടു പറഞ്ഞു: എഴുന്നേറ്റു പൊയ്ക്കൊള്ളുക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.

200. മനുഷ്യപുത്രന്റെ ആഗമനം

ലൂക്കാ 17:20	ദൈവരാജ്യം എപ്പോഴാണു വരുന്നത് എന്നു ഫരിസേയർ ചോദിച്ചതിന്, അവന്‍ മറുപടി പറഞ്ഞു: പ്രത്യക്ഷമായ അടയാളങ്ങളോടുകൂടെയല്ല ദൈവരാജ്യം വരുന്നത്.
ലൂക്കാ 17:21	ഇതാ ഇവിടെ, അതാ അവിടെ എന്നു ആരും പറയുകയുമില്ല. എന്തെന്നാല്‍, ദൈവരാജ്യം നിങ്ങളുടെ ഇടയില്‍ത്തന്നെയുണ്ട്.
ലൂക്കാ 17:22	അവന്‍ ശിഷ്യരോടു പറഞ്ഞു: മനുഷ്യപുത്രന്റെ ദിവസങ്ങളിലൊന്നു കാണാന്‍ നിങ്ങള്‍ ആഗ്രഹിക്കുന്ന സമയം വരും. എന്നാല്‍, നിങ്ങള്‍ കാണുകയില്ല.
ലൂക്കാ 17:23	അതാ അവിടെ, ഇതാ ഇവിടെ എന്ന് അവര്‍ നിങ്ങളോടു പറയും. നിങ്ങള്‍ പോകരുത്. അവരെ നിങ്ങള്‍ അനുഗമിക്കുകയുമരുത്.
ലൂക്കാ 17:24	ആകാശത്തിന്റെ ഒരറ്റത്തുനിന്നു മറ്റേ അറ്റത്തേക്കു പായുന്ന മിന്നല്‍പ്പിണര്‍ പ്രകാശിക്കുന്നതുപോലെയായിരിക്കും തന്റെ ദിവസത്തില്‍ മനുഷ്യപുത്രനും.
ലൂക്കാ 17:25	എന്നാല്‍, ആദ്യമേ അവന്‍ വളരെ കഷ്ടത കള്‍ സഹിക്കുകയും ഈ തലമുറയാല്‍ ഉപേക്ഷിക്കപ്പെടുകയും ചെയ്യേണ്ടിയിരിക്കുന്നു.
ലൂക്കാ 17:26	നോഹയുടെ ദിവസങ്ങളില്‍ സംഭവിച്ചത് എങ്ങനെയോ അങ്ങനെയായിരിക്കും മനുഷ്യപുത്രന്റെ ദിവസങ്ങളിലും.
ലൂക്കാ 17:27	നോഹ പെട്ടകത്തില്‍ പ്രവേശിക്കുകയും ജലപ്രളയം വന്ന് സകലതും നശിപ്പിക്കുകയും ചെയ്തതുവരെ അവര്‍ തിന്നും കുടിച്ചും വിവാഹം ചെയ്തും ചെയ്തുകൊടുത്തും കഴിഞ്ഞിരുന്നു.
ലൂക്കാ 17:28	ലോത്തിന്റെ നാളുകളിലും അങ്ങനെതന്നെ ആയിരുന്നു– അവര്‍ തിന്നുകയും കുടിക്കുകയും വാങ്ങുകയും വില്‍ക്കുകയും നടുകയും വീടു പണിയുകയും ചെയ്തു കൊണ്ടിരുന്നു.
ലൂക്കാ 17:29	പക്ഷേ, ലോത്ത് സോദോമില്‍നിന്ന് ഓടിപ്പോയ ദിവസം സ്വര്‍ഗത്തില്‍ നിന്നു തീയും ഗന്ധകവും പെയ്ത് അവരെയെല്ലാം നശിപ്പിച്ചു.
ലൂക്കാ 17:30	ഇപ്രകാരം തന്നെയായിരിക്കും മനുഷ്യപുത്രന്‍ വെളിപ്പെടുന്ന ദിവസത്തിലും.
ലൂക്കാ 17:31	ആദിവസം പുരമുകളില്‍ ആയിരിക്കുന്നവന്‍ വീട്ടിനകത്തുള്ള തന്റെ സാധനങ്ങള്‍ എടുക്കാന്‍ താഴേക്ക് ഇറങ്ങിപ്പോകരുത്. അതുപോലെതന്നെ വയലില്‍ ആയിരിക്കുന്നവനും പിന്നിലുള്ളവയിലേക്കു തിരിയരുത്.
ലൂക്കാ 17:32	ലോത്തിന്റെ ഭാര്യയ്ക്കു സംഭവിച്ചത് ഓര്‍മിക്കുക.
ലൂക്കാ 17:33	തന്റെ ജീവന്‍ നിലനിര്‍ത്താന്‍ പരിശ്രമിക്കുന്നവന്‍ അതു നഷ്ടപ്പെടുത്തും. എന്നാല്‍, തന്റെ ജീവന്‍ നഷ്ടപ്പെടുത്തുന്നവന്‍ അതു നിലനിര്‍ത്തും.
ലൂക്കാ 17:34	ഞാന്‍ നിങ്ങളോടു പറയുന്നു: അന്നു രാത്രി ഒരു കട്ടിലില്‍ രണ്ടു പേര്‍ ഉണ്ടായിരിക്കും. ഒരാള്‍ എടുക്കപ്പെടും; മറ്റേയാള്‍ അവശേഷിക്കും.
ലൂക്കാ 17:35	രണ്ടു സ്ത്രീകള്‍ ഒരുമിച്ചു ധാന്യംപൊടിച്ചുകൊണ്ടിരിക്കും. ഒരുവള്‍ എടുക്കപ്പെടും; മറ്റവള്‍ അവശേഷിക്കും.
ലൂക്കാ 17:36	കര്‍ത്താവേ, എവിടേക്ക് എന്ന് അവര്‍ ചോദിച്ചു.
ലൂക്കാ 17:37	അവന്‍ പറഞ്ഞു: ശവം എവിടെയോ അവിടെ കഴുകന്‍മാര്‍ വന്നു കൂടും.

201. നീതിരഹിതനായ ന്യായാധിപന്‍

ലൂക്കാ 18:1	ഭഗ്നാശരാകാതെ എപ്പോഴും പ്രാര്‍ഥിക്കണം എന്നു കാണിക്കാന്‍ യേശു അവരോട് ഒരു ഉപമ പറഞ്ഞു:
ലൂക്കാ 18:2	ദൈവത്തെ ഭയപ്പെടുകയോ മനുഷ്യരെ മാനിക്കുകയോ ചെയ്യാത്ത ഒരുന്യായാധിപന്‍ ഒരു പട്ടണത്തില്‍ ഉണ്ടായിരുന്നു.
ലൂക്കാ 18:3	ആ പട്ടണത്തില്‍ ഒരു വിധവയും ഉണ്ടായിരുന്നു. അവള്‍ വന്ന് അവനോട്, എതിരാളിക്കെതിരേ എനിക്കു നീതി നടത്തിത്തരണമേ എന്നപേക്ഷിക്കുമായിരുന്നു.
ലൂക്കാ 18:4	കുറേ നാളത്തേക്ക് അവന്‍ അതു ഗൗനിച്ചില്ല. പിന്നീട്, അവന്‍ ഇങ്ങനെ ചിന്തിച്ചു: ഞാന്‍ ദൈവത്തെ ഭയപ്പെടുകയോ മനുഷ്യരെ മാനിക്കുകയോ ചെയ്യുന്നില്ല.
ലൂക്കാ 18:5	എങ്കിലും ഈ വിധവ എന്നെ ശല്യപ്പെടുത്തുന്നതുകൊണ്ടു ഞാന വള്‍ക്കു നീതിനടത്തിക്കൊടുക്കും. അല്ലെങ്കില്‍, അവള്‍ കൂടെക്കൂടെ വന്ന് എന്നെ അസഹ്യപ്പെടുത്തും.
ലൂക്കാ 18:6	കര്‍ത്താവ് പറഞ്ഞു: നീതിരഹിതനായ ആന്യായാധിപന്‍ പറഞ്ഞതെന്തെന്ന് ശ്രദ്ധിക്കുവിന്‍.
ലൂക്കാ 18:7	അങ്ങനെയെങ്കില്‍, രാവും പകലും തന്നെ വിളിച്ചു കരയുന്നതന്റെ തെരഞ്ഞെടുക്കപ്പെട്ട വര്‍ക്കു ദൈവം നീതി നടത്തിക്കൊടുക്കുകയില്ലേ? അവിടുന്ന് അതിനു കാലവിളംബം വരുത്തുമോ?
ലൂക്കാ 18:8	അവര്‍ക്കു വേഗം നീതി നടത്തിക്കൊടുക്കും എന്നു ഞാന്‍ നിങ്ങളോടു പറയുന്നു. എങ്കിലും, മനുഷ്യപുത്രന്‍ വരുമ്പോള്‍ ഭൂമിയില്‍ വിശ്വാസം കണ്ടെത്തുമോ?

202. ചുങ്കക്കാരന്‍

ലൂക്കാ 18:9	തങ്ങള്‍ നീതിമാന്‍മാരാണ് എന്ന ധാരണയില്‍ തങ്ങളില്‍ത്തന്നെ ആശ്രയിക്കുകയും മറ്റുള്ളവരെ പുച്ഛരിക്കുകയും ചെയ്യുന്നവരോട് അവന്‍ ഈ ഉപമ പറഞ്ഞു:
ലൂക്കാ 18:10	രണ്ടു പേര്‍ പ്രാര്‍ഥിക്കാന്‍ ദേവാലയത്തിലേക്കുപോയി– ഒരാള്‍ ഫരിസേയനും മറ്റേയാള്‍ ചുങ്കക്കാരനും.
ലൂക്കാ 18:11	ഫരിസേയന്‍ നിന്നുകൊണ്ട് ഇങ്ങനെ പ്രാര്‍ഥിച്ചു: ദൈവമേ, ഞാന്‍ നിനക്കു നന്ദി പറയുന്നു. എന്തെന്നാല്‍, ഞാന്‍ അക്രമികളും നീതിരഹിതരും വ്യഭിചാരികളുമായ മറ്റു മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനെപ്പോലെയോ അല്ല.

ലൂക്കാ 18:12	ഞാൻ ആഴ്ചയിൽ രണ്ടു പ്രാവശ്യം ഉപവസിക്കുന്നു. ഞാൻ സമ്പാദിക്കുന്ന സകലത്തിൻെറയും ദശാംശം കൊടുക്കുന്നു.
ലൂക്കാ 18:13	ആ ചുങ്കക്കാരനാകട്ടെ, ദൂരെനിന്നു സ്വർഗത്തിലേക്കു കണ്ണുകൾ ഉയർത്താൻ പോലും ധൈര്യപ്പെടാതെ, മാറത്തടിച്ചുകൊണ്ട്, ദൈവമേ, പാപിയായ എന്നിൽ കനിയണമേ എന്നു പ്രാർഥിച്ചു.
ലൂക്കാ 18:14	ഞാൻ നിങ്ങളോടു പറയുന്നു, ഇവൻ ആ ഫരിസേയനെക്കാൾ നീതികരിക്കപ്പെട്ടവനായി വീട്ടിലേക്കു മടങ്ങി. എന്തെന്നാൽ, തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെതാഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും.

203. വിവാഹമോചനം, വ്യഭിചാരം, ബ്രഹ്മചര്യം

മത്താ 19:1	ഈ വാക്കുകൾ അവസാനിപ്പിച്ചശേഷം, യേശു ഗലീലിവിട്ട് ജോർദാന് അക്കരെയൂദയായുടെ അതിർത്തിയിലെത്തി.
മത്താ 19:2	വലിയ ജനക്കൂട്ടങ്ങൾ അവനെ അനുഗമിക്കുകയും അവൻ അവിടെ വച്ച് അവരെ സുഖപ്പെടുത്തുകയും ചെയ്തു.
മത്താ 19:3	ഫരിസേയർ അടുത്തുചെന്ന് അവനെ പരീക്ഷിച്ചുകൊണ്ടു ചോദിച്ചു: ഏതെങ്കിലും കാരണത്താൽ ഒരുവൻ ഭാര്യയെ ഉപേക്ഷിക്കുന്നത് നിയമാനുസൃതമാണോ?
മത്താ 19:4	അവൻ മറുപടി പറഞ്ഞു: സ്രഷ്ടാവ് ആദിമുതലേ അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു എന്നും,
മത്താ 19:5	ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോടു ചേർന്നിരിക്കും; അവർ ഇരുവരും ഏകശരീരമായിത്തീരും എന്ന് അവിടുന്ന് അരുളിച്ചെയ്തിട്ടുണ്ടെന്നും നിങ്ങൾ വായിച്ചിട്ടില്ലേ?
മത്താ 19:6	തൻമൂലം, പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റ ശരീരമായിരിക്കും. ആകയാൽ, ദൈവം യോജിപ്പിച്ചതു മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ.
മത്താ 19:7	അവർ അവനോടു ചോദിച്ചു: അങ്ങനെയെങ്കിൽ ഉപേക്ഷാപത്രം നൽകി ഭാര്യയെ ഉപേക്ഷിക്കാമെന്നു മോശ വിധിച്ചതെന്തുകൊണ്ട്?
മത്താ 19:8	അവൻ പറഞ്ഞു: നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമാണ് ഭാര്യയെ ഉപേക്ഷിക്കാൻ മോശ നിങ്ങൾക്ക് അനുമതി നൽകിയത്. ആദിമുതലേ അങ്ങനെയായിരുന്നില്ല.
മത്താ 19:9	എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു; പരസംഗംമൂലം അല്ലാതെ മറ്റേതെങ്കിലും കാരണത്താൽ ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുവളെ വിവാഹം ചെയ്യുന്നവൻ വ്യഭിചാരം ചെയ്യുന്നു.
മത്താ 19:10	ശിഷ്യൻമാർ അവനോടു പറഞ്ഞു: ഭാര്യാഭർതൃബന്ധം ഇത്തരത്തിലുള്ളതെങ്കിൽ, വിവാഹം ചെയ്യാതിരിക്കുന്നതാണല്ലോ ഭേദം.
മത്താ 19:11	അവൻ പറഞ്ഞു: കൃപലഭിച്ചവരല്ലാതെ മറ്റാരും ഈ ഉപദേശം ഗ്രഹിക്കുന്നില്ല.
മത്താ 19:12	എന്തെന്നാൽ, ഷണ്ഡരായി ജനിക്കുന്നവരുണ്ട്; മനുഷ്യരാൽ ഷണ്ഡരാക്കപ്പെടുന്നവരുണ്ട്; സ്വർഗ്ഗരാജ്യത്തെപ്രതി തങ്ങളെത്തന്നെ ഷണ്ഡരാക്കുന്നവരുണ്ട്. ഗ്രഹിക്കാൻ കഴിവുള്ളവൻ ഗ്രഹിക്കട്ടെ.

204. ശിശുക്കളെ അനുഗ്രഹിക്കുന്നു

മർക്കോ 10:13	അവൻ തൊട്ട് അനുഗ്രഹിക്കുന്നതിനുവേണ്ടി ശിശുക്കളെ അവൻെറ അടുക്കൽ അവർ കൊണ്ടുവന്നു. ശിഷ്യൻമാരാകട്ടെ അവരെ ശകാരിച്ചു.
മർക്കോ 10:14	ഇതു കണ്ടപ്പോൾ യേശു കോപിച്ച് അവരോടു പറഞ്ഞു: ശിശുക്കൾ എൻെറ യടുത്തു വരാൻ അനുവദിക്കുവിൻ. അവരെ തടയരുത്. എന്തെന്നാൽ, ദൈവരാജ്യം അവരെപ്പോലുള്ളവരുടേതാണ്.
മർക്കോ 10:15	സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കാത്ത ആരും അതിൽ പ്രവേശിക്കുകയില്ല.
മർക്കോ 10:16	അവൻ ശിശുക്കളെ എടുത്ത്, അവരുടെമേൽ കൈകൾ വച്ച് അനുഗ്ര ഹിച്ചു.

205. ധനികനായ യുവ അധികാരി

മർക്കോ 10:17	യേശു വഴിയിലേക്കിറങ്ങിയപ്പോൾ ഒരു അധികാരി ഓടിവന്ന് അവൻെറ മുമ്പിൽ മുട്ടുകുത്തി ചോദിച്ചു: നല്ലവനായ ഗുരോ, നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തുചെയ്യണം?
മർക്കോ 10:18	യേശു അവനോടുചോദിച്ചു: എന്തുകൊണ്ടാണ് നീ എന്നെ നല്ലവൻ എന്നുവിളിക്കുന്നത്? ദൈവം ഒരുവനല്ലാതെ നല്ലവനായി ആരും ഇല്ല.
മർക്കോ 10:19	പ്രമാണങ്ങൾ നിനക്കറിയാമല്ലോ: കൊല്ലരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം നൽകരുത്, വഞ്ചിക്കരുത്, പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക.
മർക്കോ 10:20	അവൻ പറഞ്ഞു: ഗുരോ, ചെറുപ്പം മുതൽ ഞാൻ ഇവയെല്ലാം പാലിക്കുന്നുണ്ട്.
മർക്കോ 10:21	യേശു സ്നേഹപൂർവം അവനെ കടാക്ഷിച്ചുകൊണ്ടു പറഞ്ഞു: നിനക്ക് ഒരു കുറവുണ്ട്. പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക.
മർക്കോ 10:22	ഈ വചനം കേട്ട് അവൻ വിഷാദിച്ച് സങ്കടത്തോടെ തിരിച്ചുപോയി. കാരണം, അവന് വളരെയേറെ സമ്പത്തുണ്ടായിരുന്നു.
മർക്കോ 10:23	യേശു ചുറ്റും നോക്കി ശിഷ്യരോടു പറഞ്ഞു: സമ്പന്നൻ ദൈവരാജ്യത്തിൽ പ്രവേശിക്കുക എത്രപ്രയാസം!
മർക്കോ 10:24	അവൻെറ വാക്കു കേട്ടു ശിഷ്യൻമാർ വിസ്മയിച്ചു. യേശു വീണ്ടും അവരോടു പറഞ്ഞു: മക്കളേ, ദൈവരാജ്യത്തിൽ പ്രവേശിക്കുക എത്ര പ്രയാസം!
മർക്കോ 10:25	ധനവാൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണ്.
മർക്കോ 10:26	അവർ അത്യന്തം വിസ്മയഭരിതരായി ചോദിച്ചു: അങ്ങനെയെങ്കിൽ, രക്ഷപെടാൻ ആർക്കു കഴിയും?

മർക്കോ 10:27	യേശു അവരുടെ നേരേ നോക്കി പറഞ്ഞു: മനുഷ്യന് ഇത് അസാധ്യമാണ്; ദൈവത്തിന് അങ്ങനെയല്ല. അവിടുത്തേക്ക് എല്ലാം സാധിക്കും.

206. ത്യാഗം

മർക്കോ 10:28	പത്രോസ് പറഞ്ഞു: ഇതാ, ഞങ്ങൾ എല്ലാം ഉപേക്ഷിച്ച് നിന്നെ അനുഗമിച്ചിരിക്കുന്നു.
മർക്കോ 10:29	യേശു പ്രതിവചിച്ചു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്നെപ്രതിയും സുവിശേഷത്തെപ്രതിയും ഭവനത്തെയോ സഹോദരൻമാരെയോ സഹോദരിമാരെയോ മാതാവിനെയോ പിതാവിനെയോ മക്കളെയോ വയലുകളെയോ ത്യജിക്കുന്നവരിലാർക്കും
മർക്കോ 10:30	ഇവിടെ വച്ചുതന്നെ നൂറിരട്ടി ലഭിക്കാതിരിക്കയില്ല – ഭവനങ്ങളും സഹോദരൻമാരും സഹോദരിമാരും മാതാക്കളും മക്കളും വയലുകളും അവയോടൊപ്പം പീഡനങ്ങളും; വരാനിരിക്കുന്ന കാലത്തു നിത്യജീവനും.
മർക്കോ 10:31	എന്നാൽ, മുമ്പൻമാരിൽ പലരും പിമ്പൻമാരും പിമ്പൻമാരിൽ പലരും മുമ്പൻമാരുമാകും.

207. മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ

മത്താ 20:1	സ്വർഗരാജ്യം, തൻെറ മുന്തിരിത്തോട്ടത്തിലേക്കു ജോലിക്കാരെ വിളിക്കാൻ അതിരാവിലെ പുറപ്പെട്ട വീട്ടുടമസ്ഥനു സദൃശം.
മത്താ 20:2	ദിവസം ഒരു ദനാറ വീതം വേതനം നൽകാമെന്ന കരാറിൽ അവൻ അവരെ മുന്തിരിത്തോട്ടത്തിലേക്ക് അയച്ചു.
മത്താ 20:3	മൂന്നാം മണിക്കൂറിൽ അവൻ പുറത്തേക്കിറങ്ങിയപ്പോൾ ചിലർ ചന്തസ്ഥലത്ത് അലസരായി നിൽക്കുന്നതുകണ്ട് അവരോടു പറഞ്ഞു:
മത്താ 20:4	നിങ്ങളും മുന്തിരിത്തോട്ടത്തിലേക്കു ചെല്ലുവിൻ;ന്യായമായ വേതനം നിങ്ങൾക്കു ഞാൻ തരാം. അവരും മുന്തിരിത്തോട്ടത്തിലേക്കു പോയി.
മത്താ 20:5	ആറാം മണിക്കൂറിലും ഒമ്പതാം മണിക്കൂറിലും പുറത്തേക്കിറങ്ങിയപ്പോഴും അവൻ ഇതുപോലെതന്നെചെയ്തു.
മത്താ 20:6	ഏകദേശം പതിനൊന്നാം മണിക്കൂറിൽ അവൻ പുറത്തേക്കിറങ്ങിയപ്പോഴും അവിടെ ചിലർ നിൽക്കുന്നതുകണ്ട് അവരോടു ചോദിച്ചു: നിങ്ങൾ ദിവസം മുഴുവൻ അലസരായി നിൽക്കുന്നതെന്ത്?
മത്താ 20:7	ഞങ്ങളെ ആരും വേലയ്ക്കു വിളിക്കാത്തതുകൊണ്ട് എന്ന് അവർ മറുപടി നൽകി. അവൻ പറഞ്ഞു: നിങ്ങളും മുന്തിരിത്തോട്ടത്തിലേക്കു ചെല്ലുവിൻ.
മത്താ 20:8	വൈകുന്നേരമായപ്പോൾ മുന്തിരിത്തോട്ടത്തിൻെറ ഉടമസ്ഥൻ കാര്യസ്ഥനോടു പറഞ്ഞു: ജോലിക്കാരെ വിളിച്ച് അവസാനം വന്നവർക്കു തുടങ്ങി ആദ്യം വന്നവർക്കുവരെ കൂലി കൊടുക്കുക.
മത്താ 20:9	പതിനൊന്നാം മണിക്കൂറിൽ വന്നവർക്ക് ഓരോ ദനാറ ലഭിച്ചു.
മത്താ 20:10	തങ്ങൾക്കു കൂടുതൽ ലഭിക്കുമെന്ന് ആദ്യം വന്നവർ വിചാരിച്ചു. എന്നാൽ, അവർക്കും ഓരോ ദനാറ തന്നെ കിട്ടി.
മത്താ 20:11	അതു വാങ്ങുമ്പോൾ അവർ വീട്ടുടമസ്ഥനെതിരേ പിറുപിറുത്തു–
മത്താ 20:12	അവസാനം വന്ന ഇവർ ഒരു മണിക്കൂറേ ജോലി ചെയ്തുള്ളു; എന്നിട്ടും പകലിൻെറ അധ്വാനവും ചൂടും സഹിച്ച ഞങ്ങളോട് അവരെ നീ തുല്യരാക്കിയല്ലോ.
മത്താ 20:13	അവൻ അവരിലൊരുവനോട് ഇങ്ങനെ മറുപടി പറഞ്ഞു: സ്നേഹിതാ, ഞാൻ നിന്നോട് ഒരനീതിയുംചെയ്യുന്നില്ല. ഒരു ദനാറയ്ക്കല്ലേ നീ എന്നോടു സമ്മതിച്ചിരുന്നത്?
മത്താ 20:14	നിനക്ക് അവകാശപ്പെട്ടതു വാങ്ങിക്കൊണ്ടു പൊയ്ക്കൊള്ളുക. അവസാനം വന്ന ഇവനും നിനക്കു നൽകിയതുപോലെതന്നെ കൊടുക്കാനാണ് എനിക്കിഷ്ടം.
മത്താ 20:15	എൻെറ വസ്തുവകകൾകൊണ്ട് എനിക്കിഷ്ടമുള്ളതു ചെയ്യാൻ പാടില്ലെന്നോ? ഞാൻ നല്ലവനായതുകൊണ്ട് നീ എന്തിന് അസൂയപ്പെടുന്നു?
മത്താ 20:16	ഇപ്രകാരം, പിമ്പൻമാർ മുമ്പൻമാരും മുമ്പൻമാർ പിമ്പൻമാരുമാകും.

208. പീഡാനുഭവവും ഉത്ഥാനവും – മൂന്നാം പ്രവചനം

മത്താ 20:17	യേശു തൻെറ പന്ത്രണ്ടുപേരെ മാത്രം കൂട്ടിക്കൊണ്ട് ജറുസലെമിലേക്കുയാത്ര ചെയ്യുമ്പോൾ വഴിയിൽവച്ച് അരുളിച്ചെയ്തു:
മത്താ 20:18	ഇതാ! നമ്മൾ ജറുസലെമിലേക്കുപോകുന്നു. മനുഷ്യപുത്രൻ പ്രധാനപുരോഹിതൻമാർക്കും നിയമജ്ഞൻമാർക്കും ഏൽപിക്കപ്പെടും.
മത്താ 20:19	അവർ അവനെ മരണത്തിനു വിധിക്കുകയും വിജാതീയർക്ക് ഏൽപിച്ചുകൊടുക്കുകയും ചെയ്യും. അവർ അവനെ പരിഹസിക്കുകയും പ്രഹരിക്കുകയും ക്രൂശിക്കുകയും ചെയ്യും. എന്നാൽ മൂന്നാം ദിവസം അവൻ ഉയിർപ്പിക്കപ്പെടും.

209. സെബദീപുത്രൻമാരുടെ അഭ്യർഥന

മത്താ 20:20	അപ്പോൾ, സെബദീപുത്രൻമാരുടെ മാതാവ് തൻെറ പുത്രൻമാരോടുകൂടെ വന്ന് അവൻെറ മുമ്പിൽ യാചനാപൂർവം പ്രണമിച്ചു.
മത്താ 20:21	അവൻ അവളോടു ചോദിച്ചു: നിനക്ക് എന്താണു വേണ്ടത്? അവൾ പറഞ്ഞു: നിൻെറ രാജ്യത്തിൽ എൻെറ ഈ രണ്ടു പുത്രൻമാരിൽ ഒരുവൻ നിൻെറ വലത്തുവശത്തും അപരൻ ഇടത്തുവശത്തും ഇരിക്കുന്നതിനു കൽപിക്കണമേ!
മത്താ 20:22	യേശു മറുപടി നൽകി: നിങ്ങൾ ചോദിക്കുന്നതെന്താണെന്നു നിങ്ങൾ അറിയുന്നില്ല. ഞാൻ കുടിക്കാൻ പോകുന്ന പാനപാത്രം കുടിക്കാൻ നിങ്ങൾക്കു കഴിയുമോ? അവർ പറഞ്ഞു: ഞങ്ങൾക്കു കഴിയും.
മത്താ 20:23	അവൻ അവരോടു പറഞ്ഞു: എൻെറ പാനപാത്രം തീർച്ചയായും നിങ്ങൾ കുടിക്കും. എന്നാൽ, എൻെറ വലത്തുവശത്തും ഇടത്തുവശത്തും ഇരിക്കാനുള്ള വരം നിങ്ങൾക്കു നൽകേണ്ടതു ഞാനല്ല; അത് എൻെറ പിതാവ് ആർക്കുവേണ്ടി സജ്ജമാക്കിയിരിക്കുന്നുവോ അവർക്കുള്ളതാണ്.

മത്താ 20:24	ഇതു കേട്ടപ്പോൾ ബാക്കി പത്തുപേർക്കും ആ രണ്ടു സഹോദരൻമാരോട് അമർഷംതോന്നി.
മത്താ 20:25	എന്നാൽ, യേശു അവരെ അടുത്തുവിളിച്ച് ഇപ്രകാരം പറഞ്ഞു: വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽയജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ.
മത്താ 20:26	എന്നാൽ, നിങ്ങളുടെയിടയിൽ അങ്ങനെയാകരുത്.
മത്താ 20:27	നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം.
മത്താ 20:28	ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനും മനുഷ്യപുത്രൻ വന്നിരിക്കുന്നതുപോലെ തന്നെ.

210. ജറീക്കോയിലെ അന്ധനു കാഴ്ച നൽകുന്നു

ലൂക്കാ 18:35	അവൻ ജറീക്കോയെ സമീപിച്ച പ്പോൾ ഒരു കുരുടൻ വഴിയരുകിൽ ഇരുന്ന് ഭിക്ഷയാചിക്കുന്നുണ്ടായിരുന്നു.
ലൂക്കാ 18:36	ജനക്കൂട്ടം കടന്നുപോകുന്ന ശബ്ദം കേട്ട് എന്താണ് സംഭവിക്കുന്നതെന്ന് അവൻ അന്വേഷിച്ചു.
ലൂക്കാ 18:37	നസറായനായ യേശു കടന്നുപോകുന്നു എന്ന് അവർ പറഞ്ഞു.
ലൂക്കാ 18:38	അപ്പോൾ അവൻ വിളിച്ചു പറഞ്ഞു: ദാവീദിൻെറ പുത്രനായ യേശുവേ, എന്നിൽ കനിയണമേ!
ലൂക്കാ 18:39	മുമ്പേ പൊയ്ക്കൊണ്ടിരുന്നവർ, നിശ്ശ ബ്ദനായിരിക്കാൻ പറഞ്ഞ് അവനെ ശകാരിച്ചു. അവനാകട്ടെ, കൂടുതൽ ഉച്ചത്തിൽ ദാവീദിൻെറ പുത്രാ, എന്നിൽ കനിയണമേ എന്നു നിലവിളിച്ചുകൊണ്ടിരുന്നു.
ലൂക്കാ 18:40	യേശു അവിടെ നിന്നു; അവനെ തൻെറ അടുത്തേക്കുകൊണ്ടുവരാൻ കൽപിച്ചു.
ലൂക്കാ 18:41	അവൻ അടുത്തു വന്നപ്പോൾ യേശു ചോദിച്ചു:ഞാൻ നിനക്കുവേണ്ടി എന്തു ചെയ്യണമെന്നാണു നീ ആഗ്രഹിക്കുന്നത്? അവൻ പറഞ്ഞു: കർത്താവേ, എനിക്കു കാഴ്ച വീണ്ടുകിട്ടണം.
ലൂക്കാ 18:42	യേശു പറഞ്ഞു: നിനക്കു കാഴ്ചയുണ്ടാകട്ടെ. നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.
ലൂക്കാ 18:43	തത്ക്ഷണം അവനു കാഴ്ച ലഭിച്ചു. അവൻ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് യേശുവിൻെറ പിന്നാലെ പോയി. ഇതുകണ്ട് എല്ലാവരും ദൈവത്തെ സ്തുതിച്ചു.

211. സക്കേവൂസിൻെറ ഭവനത്തിൽ

ലൂക്കാ 19:1	യേശു ജറീക്കോയിൽ പ്രവേശിച്ച് അതിലൂടെ കടന്നുപോവുകയായിരുന്നു.
ലൂക്കാ 19:2	അവിടെ സക്കേവൂസ് എന്നു പേരായ ഒരാളുണ്ടായിരുന്നു. അവൻ ചുങ്കക്കാരിൽ പ്രധാനനും ധനികനുമായിരുന്നു.
ലൂക്കാ 19:3	യേശു ആരെന്നു കാണാൻ അവൻ ആഗ്രഹിച്ചു. പൊക്കം കുറവായിരുന്നതിനാൽ ജനക്കൂട്ടത്തിൽ നിന്നുകൊണ്ട് അതു സാധ്യമായിരുന്നില്ല.
ലൂക്കാ 19:4	യേശുവിനെ കാണാൻവേണ്ടി അവൻ മുമ്പേ ഓടി, ഒരു സിക്കമൂർ മരത്തിൽ കയ റിയിരുന്നു. യേശു അതിലേയാണ് കടന്നുപോകാനിരുന്നത്.
ലൂക്കാ 19:5	അവിടെയെത്തിയപ്പോൾ അവൻ മുകളിലേക്കു നോക്കിപ്പറഞ്ഞു: സക്കേവൂസ്, വേഗം ഇറങ്ങിവരുക. ഇന്ന് എനിക്കു നിൻെറ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു.
ലൂക്കാ 19:6	അവൻ തിടുക്കത്തിൽ ഇറങ്ങിച്ചെന്ന് സന്തോഷത്തോടെ അവനെ സ്വീകരിച്ചു.
ലൂക്കാ 19:7	ഇതു കണ്ടപ്പോൾ അവരെല്ലാവരും പിറുപിറുത്തു: ഇവൻ പാപിയുടെ വീട്ടിൽ അതിഥിയായി താമസിക്കുന്നല്ലോ.
ലൂക്കാ 19:8	സക്കേ വൂസ് എഴുന്നേറ്റു പറഞ്ഞു: കർത്താവേ, ഇതാ, എൻെറ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ, നാലിരട്ടിയായി തിരിച്ചു കൊടുക്കുന്നു.
ലൂക്കാ 19:9	യേശു അവനോടു പറഞ്ഞു: ഇന്ന് ഈ ഭവനത്തിനുരക്ഷ ലഭിച്ചിരിക്കുന്നു. ഇവനും അബ്രാ ഹത്തിൻെറ പുത്രനാണ്.
ലൂക്കാ 19:10	നഷ്ടപ്പെട്ടുപോയതിനെ കണ്ടെത്തി രക്ഷിക്കാനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്.

212. പത്തു നാണയത്തിൻെറ ഉപമ

ലൂക്കാ 19:11	അവർ ഇതു കേട്ടുകൊണ്ടിരിക്കുമ്പോൾ, അവൻ തുടർന്ന് ഒരു ഉപമ പറഞ്ഞു. കാരണം, അവൻ ജറുസലെമിനു സ മീപത്തായിരുന്നു. ദൈവരാജ്യം ഉടൻ വന്നുചേരുമെന്ന് അവർ വിചാരിക്കുകയും ചെയ്തിരുന്നു.
ലൂക്കാ 19:12	അവൻ പറഞ്ഞു: ഒരു പ്രഭു രാജപദവി സ്വീകരിച്ചു തിരിച്ചു വരാൻ വേണ്ടി ദൂരദേശത്തേക്കു പോയി.
ലൂക്കാ 19:13	അവൻ ഭൃത്യൻമാരിൽ പത്തുപേരെ വിളിച്ച്, പത്തു നാണയം അവരെ ഏൽപിച്ചുകൊണ്ടു പറഞ്ഞു: ഞാൻ തിരിച്ചുവരുന്നതുവരെ നിങ്ങൾ ഇതുകൊണ്ടു വ്യാപാരം ചെയ്യുവിൻ.
ലൂക്കാ 19:14	അവൻെറ പൗരൻമാർ അവനെ വെറുത്തിരുന്നു. ഈ മനുഷ്യൻ ഞങ്ങളെ ഭരിക്കുവാൻ ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല എന്ന നിവേദനവുമായി അവർ ഒരു പ്രതിനിധിസംഘത്തെ അവൻെറ പിന്നാലെ അയച്ചു.
ലൂക്കാ 19:15	എന്നാൽ, അവൻ രാജപദവി സ്വീകരിച്ചു തിരിച്ചുവന്നു. താൻ പണം ഏൽപിച്ചിരുന്ന ഭൃത്യൻമാർ വ്യാപാരം ചെയ്ത് എന്തു സ മ്പാദിച്ചുവെന്ന് അറിയുന്നതിന് അവരെ വിളിക്കാൻ അവൻ കൽപിച്ചു.
ലൂക്കാ 19:16	ഒന്നാമൻ വന്നുപറഞ്ഞു:യജമാനനേ, നീ തന്ന നാണയം പത്തുകൂടി നേടിയിരിക്കുന്നു.
ലൂക്കാ 19:17	അവൻ പറഞ്ഞു: കൊള്ളാം, നല്ലവനായ ഭൃത്യാ, ചെറിയകാര്യത്തിൽ വിശ്വസ്തനായിരുന്നതുകൊണ്ട് പത്തു നഗരങ്ങളുടെമേൽ നീ അധികാരിയായിരിക്കും.

ലൂക്കാ 19:18	രണ്ടാമൻ വന്നു പറഞ്ഞു:യജമാനനേ, നീ തന്ന നാണയം അഞ്ചുകൂടി നേടിയിരിക്കുന്നു.
ലൂക്കാ 19:19	യ ജമാനൻ അവനോടു പറഞ്ഞു: അഞ്ചു നഗരങ്ങളുടെമേൽ നീ അധികാരിയായിരിക്കും.
ലൂക്കാ 19:20	വേറൊരുവൻ വന്നു പറഞ്ഞു:യജമാനനേ, ഞാൻ തുണിയിൽ പൊതിഞ്ഞു സൂക്ഷിച്ചിരുന്ന നിൻെറ നാണയം ഇതാ.
ലൂക്കാ 19:21	നിന്നെ എനിക്കു ഭയമായിരുന്നു. കാരണം, നീ കർക്കശനും വയ്ക്കാത്തത് എടുക്കുന്നവനും വിതയ്ക്കാത്തതു കൊയ്യുന്നവനുമാണ്.
ലൂക്കാ 19:22	അവൻ പറഞ്ഞു: ദുഷ്ടഭൃത്യാ, നിൻെറ വാക്കുകൊണ്ടുതന്നെ നിന്നെ ഞാൻ വിധിക്കും. ഞാൻ കർക്കശനും വയ്ക്കാത്തത് എടുക്കുന്നവനും വിതയ്ക്കാത്ത തു കൊയ്യുന്നവനും ആണെന്നു നീ അറിഞ്ഞിരുന്നല്ലോ.
ലൂക്കാ 19:23	പിന്നെ നീ എന്തുകൊണ്ടു പണമിടപാടുകാരെ എൻെറ പണം ഏൽപിച്ചില്ല? എങ്കിൽ, ഞാൻ മടങ്ങിവന്നപ്പോൾ പലിശയോടുകൂടി അതു തിരിച്ചു വാങ്ങുമായിരുന്നില്ലേ?
ലൂക്കാ 19:24	അവൻ ചുറ്റും നിന്നിരുന്നവരോടു പറഞ്ഞു: അവനിൽ നിന്ന് ആ നാണയം എടുത്ത് പത്തുനാണയമുള്ളവനു കൊടുക്കുക.
ലൂക്കാ 19:25	അവർ അവനോട്, യജമാനനേ, അവനു പത്തു നാണയം ഉണ്ടല്ലോ എന്നു പറഞ്ഞു.
ലൂക്കാ 19:26	ഞാൻ നിങ്ങളോടു പറയുന്നു, ഉള്ളവനു കൊടുക്കപ്പെടും; ഇല്ലാത്തവനിൽനിന്ന് ഉള്ള തുപോലും എടുക്കപ്പെടും.
ലൂക്കാ 19:27	ഞാൻ ഭരിക്കുന്നത് ഇഷ്ടമില്ലാതിരുന്ന എൻെറ ശത്രുക്കളെ ഇവിടെ കൊണ്ടുവന്ന് എൻെറ മു മ്പിൽവച്ചു കൊന്നുകളയുവിൻ

213. ബർതിമേയൂസിനു കാഴ്ച നൽകുന്നു

മത്താ 20:29	അവൻ ജറീക്കോയിൽനിന്നുയാത്ര പുറപ്പെട്ടപ്പോൾ ഒരു വലിയ ജനക്കൂട്ടം അവനെ അനുഗമിച്ചു.
മത്താ 20:30	യേശു ആ വഴി കടന്നുപോകുന്നെന്നു കേട്ടപ്പോൾ, വഴിയരികിലിരുന്ന രണ്ട് അന്ധൻമാർ ഉച്ചത്തിൽ നിലവിളിച്ചു: കർത്താവേ, ദാവീദിൻെറ പുത്രാ, ഞങ്ങളിൽ കനിയണമേ!
മത്താ 20:31	മിണ്ടാതിരിക്കാൻ പറഞ്ഞുകൊണ്ട് ജനക്കൂട്ടം അവരെ ശാസിച്ചു. അവരാകട്ടെ, കർത്താവേ, ദാവീദിൻെറ പുത്രാ, ഞങ്ങളിൽ കനിയണമേ എന്ന് കൂടുതൽ ഉച്ചത്തിൽ നിലവിളിച്ചു പറഞ്ഞു.
മത്താ 20:32	യേശു അവിടെ നിന്ന് അവരെ വിളിച്ചു ചോദിച്ചു: ഞാൻ നിങ്ങൾക്ക് എന്തുചെയ്യണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?
മത്താ 20:33	അവർ പറഞ്ഞു: കർത്താവേ, ഞങ്ങൾക്കു കണ്ണുകൾ തുറന്നു കിട്ടണം.
മത്താ 20:34	യേശു ഉള്ളലിഞ്ഞ് അവരുടെ കണ്ണുകളിൽ സ്പർശിച്ചു. തത്ക്ഷണം അവർക്കു കാഴ്ചകിട്ടി. അവരും അവനെ അനുഗമിച്ചു.

214. തൈലാഭിഷേകം

യോഹ 12:1	മരിച്ചവരിൽനിന്നു താൻ ഉയിർപ്പിച്ച ലാസർ താമസിച്ചിരുന്ന ബഥാനിയായിലേക്കു പെസഹായ്ക്ക് ആറു ദിവസം മുമ്പ് യേശു വന്നു.
യോഹ 12:2	അവർ അവന് അത്താഴം ഒരുക്കി. മർത്താ പരിചരിച്ചു. അവനോടുകൂടെ ഭക്ഷണത്തിനിരുന്നവരിൽ ലാസറും ഉണ്ടായിരുന്നു.
യോഹ 12:3	മറിയം വിലയേറിയതും ശുദ്ധവുമായ ഒരു കുപ്പി നാർദിൻ സുഗന്ധതൈലമെടുത്ത് യേശുവിൻെറ പാദങ്ങളിൽ പൂശുകയും തൻെറ തലമുടികൊണ്ട് അവൻെറ പാദങ്ങൾ തുടയ്ക്കുകയും ചെയ്തു. തൈലത്തിൻെറ പരിമളംകൊണ്ടു വീടു നിറഞ്ഞു.
യോഹ 12:4	അവൻെറ ശിഷ്യൻമാരിലൊരുവനും അവനെ ഒറ്റിക്കൊടുക്കാനിരുന്നവനുമായ യൂദാസ് സ്കറിയോത്താ പറഞ്ഞു:
യോഹ 12:5	എന്തുകൊണ്ട് ഈ തൈലം മുന്നൂറു ദനാറയ്ക്കു വിറ്റു ദരിദ്രർക്കു കൊടുത്തില്ല?
യോഹ 12:6	അവൻ ഇതു പറഞ്ഞത് അവനു ദരിദ്രരോടു പരിഗണനയുണ്ടായിരുന്നതുകൊണ്ടല്ല, പ്രത്യുത, അവൻ ഒരു കള്ളനായിരുന്നതുകൊണ്ടും പണസഞ്ചി അവൻെറ കൈയിലായിരുന്നതുകൊണ്ടും അതിൽ വീഴുന്നതിൽനിന്ന് അവൻ എടുത്തിരുന്നതുകൊണ്ടുമാണ്.
യോഹ 12:7	യേശു പറഞ്ഞു: അവളെ തടയേണ്ടാ. എൻെറ ശവസംസ്കാരദിനത്തിനായി ഇതു ചെയ്തുവെന്ന് അവൾ കരുതിക്കൊള്ളട്ടെ.
യോഹ 12:8	ദരിദ്രർ എപ്പോഴും നിങ്ങളോടുകൂടെയുണ്ട്; ഞാൻ എപ്പോഴും നിങ്ങളോടൊത്തുണ്ടായിരിക്കുകയില്ല.
മർക്കോ 14:9	ഞാൻ സത്യമായി നിങ്ങളോടു പറയുന്നു: ലോകത്തിലെവിടെയെല്ലാം സുവിശേഷം പ്രസംഗിക്കപ്പെടുമോ അവിടെയെല്ലാം ഇവൾ ചെയ്ത കാര്യവും ഇവളുടെ സ്മരണയ്ക്കായി പ്രസ്താവിക്കപ്പെടും.
യോഹ 12:9	അവൻ അവിടെയുണ്ടെന്നറിഞ്ഞ് വലിയ ഒരു ഗണം യഹൂദർ അവിടേക്കു വന്നു. അവർ വന്നത് യേശുവിനെ ഉദ്ദേശിച്ചുമാത്രമല്ല; അവൻ മരിച്ചവരിൽനിന്നുയിർപ്പിച്ച ലാസറിനെ കാണാൻകൂടിയാണ്.
യോഹ 12:10	ലാസറിനെക്കൂടി കൊല്ലാൻ പുരോഹിതപ്രമുഖൻമാർ ആലോചിച്ചു.
യോഹ 12:11	എന്തെന്നാൽ, അവൻ നിമിത്തം യഹൂദരിൽ വളരെപ്പേർ അവരെ വിട്ടു യേശുവിൽ വിശ്വസിച്ചിരുന്നു.

215. രാജകീയപ്രവേശനം

മത്താ 21:1	അവർ ജറുസലെമിനെ സമീപിക്കവേ, ഒലിവുമലയ്ക്കരികെയുള്ള ബഥ്ഫഗെയിലെത്തി. അപ്പോൾ യേശു തൻെറ രണ്ടു ശിഷ്യൻമാരെ ഇപ്രകാരം നിർദേശിച്ചയച്ചു:
മത്താ 21:2	എതിരേ കാണുന്ന ഗ്രാമത്തിലേക്കു പോകുവിൻ. അവിടെ ഒരു കഴുതയെയും അടുത്ത് അതിൻെറ കുട്ടിയെയും കെട്ടിയിരിക്കുന്നത് ഉടനെ നിങ്ങൾ കാണും. അവയെ അഴിച്ച് എൻെറ അടുക്കൽ കൊണ്ടുവരുക.
മത്താ 21:3	ആരെങ്കിലും നിങ്ങളോട് എന്തെങ്കിലുംചോദിച്ചാൽ, കർത്താവിന് അവയെക്കൊണ്ട് ആവശ്യമുണ്ടെന്നു പറയുക, അവൻ ഉടനെ തന്നെ അവയെ വിട്ടുതരും.
മത്താ 21:4	പ്രവാചകൻ വഴി പറയപ്പെട്ട വചനം പൂർത്തിയാകാനാണ് ഇതു സംഭവിച്ചത്.
മത്താ 21:5	സീയോൻപുത്രിയോടു പറയുക: ഇതാ, നിൻെറ രാജാവ് വിനയാന്വിതനായി കഴുതയുടെയും കഴുതക്കുട്ടിയുടെയും പുറത്ത് നിൻെറ അടുത്തേക്കു വരുന്നു.
മത്താ 21:6	ശിഷ്യൻമാർപോയി യേശു കൽപിച്ചതുപോലെ ചെയ്തു.
മത്താ 21:7	അവർ കഴുതയെയും കഴുതക്കുട്ടിയെയുംകൊണ്ടുവന്ന് അവയുടെമേൽ വസ്ത്രങ്ങൾ വിരിച്ചു. അവൻ കയറി ഇരുന്നു.

216. വിജയകരമായ യാത്ര

മത്താ 21:8	ജനക്കൂട്ടത്തിൽ വളരെപ്പേർ വഴിയിൽ തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ചു; മറ്റു ചിലരാകട്ടെ വൃക്ഷങ്ങളിൽ നിന്നു ചില്ലകൾ മുറിച്ച് വഴിയിൽ നിരത്തി.
മത്താ 21:9	യേശുവിനു മുമ്പിലും പിമ്പിലും നടന്നിരുന്ന ജനങ്ങൾ ആർത്തു വിളിച്ചു: ദാവീദിൻെറ പുത്രനു ഹോസാന! കർത്താവിൻെറ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ! ഉന്നതങ്ങളിൽ ഹോസാന!
യോഹ 12:17	ലാസറിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച അവസരത്തിൽ അവനോടൊപ്പമുണ്ടായിരുന്ന ജനക്കൂട്ടം അവനു സാക്ഷ്യം നൽകിയിരുന്നു.
യോഹ 12:18	അവൻ ഈ അടയാളം പ്രവർത്തിച്ചെന്നു കേട്ടതുകൊണ്ടുകൂടിയാണ് ജനക്കൂട്ടം അവനെ സ്വീകരിക്കുവാൻ വന്നത്.
യോഹ 12:19	അപ്പോൾ ഫരിസേയർ പരസ്പരം പറഞ്ഞു: നമുക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ലെന്നു കാണുന്നില്ലേ? നോക്കൂ. ലോകം അവൻെറ പിന്നാലെ പോയിക്കഴിഞ്ഞു.
ലൂക്കാ 19:39	ജനക്കൂട്ടത്തിൽ ഉണ്ടായിരുന്ന ചില ഫരിസേയർ അവനോടു പറഞ്ഞു: ഗുരോ, നിൻെറ ശിഷ്യൻമാരെ ശാസിക്കുക.
ലൂക്കാ 19:40	അവൻ പ്രതിവചിച്ചു: ഇവർ മൗനം ഭജിച്ചാൽ ഈ കല്ലുകൾ ആർത്തുവിളിക്കുമെന്ന് ഞാൻ നിങ്ങളോടു പറയുന്നു.

217. യേശു ജറുസലെമിനേയോർത്ത് വിലപിക്കുന്നു

ലൂക്കാ 19:41	അവൻ അടുത്തുവന്ന് പട്ടണം കണ്ടപ്പോൾ അതിനെക്കുറിച്ചു വിലപിച്ചുകൊണ്ടു പറഞ്ഞു:
ലൂക്കാ 19:42	സമാധാനത്തിനുള്ള മാർഗങ്ങൾ ഈ ദിവസത്തിലെങ്കിലും നീ അറിഞ്ഞിരുന്നെങ്കിൽ! എന്നാൽ, അവ ഇപ്പോൾ നിൻെറ ദൃഷ്ടിയിൽനിന്നു മറയ്ക്കപ്പെട്ടിരിക്കുന്നു.
ലൂക്കാ 19:43	ശത്രുക്കൾ നിനക്കു ചുറ്റും പാളയമടിച്ചു നിന്നെ വളയുകയും, എല്ലാ ഭാഗത്തുംനിന്നു നിന്നെ ഞെരുക്കുകയും ചെയ്യുന്ന ദിവസങ്ങൾ വരും.
ലൂക്കാ 19:44	നിന്നെയും നിൻെറ മക്കളെയും നശിപ്പിക്കുകയും നിന്നിൽ കല്ലിൻമേൽ കല്ലു ശേഷിപ്പിക്കാതിരിക്കുകയും ചെയ്യും. എന്തെന്നാൽ, നിൻെറ സന്ദർശനദിനം നീ അറിഞ്ഞില്ല.

218. യേശു ജറുസലെമിൽ പ്രവേശിക്കുന്നു

മത്താ 21:10	അവൻ ജറുസലെമിൽ പ്രവേശിച്ചപ്പോൾ നഗരം മുഴുവൻ ഇളകിവശായി, ആരാണിവൻ എന്നു ചോദിച്ചു.
മത്താ 21:11	ജനക്കൂട്ടം പറഞ്ഞു: ഇവൻ ഗലീലിയിലെ നസറത്തിൽ നിന്നുള്ള പ്രവാചകനായ യേശുവാണ്.
മത്താ 21:14	അന്ധന്മാരും മുടന്തൻമാരും ദേവാലയത്തിൽ അവൻെറ അടുത്തെത്തി. അവൻ അവരെ സുഖപ്പെടുത്തി.
മത്താ 21:15	അവൻ ചെയ്ത വിസ്മയകരമായ പ്രവൃത്തികളെയും ദാവീദിൻെറ പുത്രനു ഹോസാന എന്ന് ഉദ്ഘോഷിച്ച് ദേവാലയത്തിൽ ആർപ്പുവിളിക്കുന്ന കുട്ടികളെയും കണ്ടപ്പോൾ പ്രധാനപുരോഹിതൻമാരും നിയമജ്ഞരും രോഷാകുലരായി.
മത്താ 21:16	അവർ അവനോടു പറഞ്ഞു: ഇവരെന്താണു പറയുന്നതെന്ന് നീ കേൾക്കുന്നില്ലേ? യേശു പ്രതിവചിച്ചു: ഉവ്വ്; ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും അധരങ്ങളിൽ നീ സ്തുതി ഒരുക്കി എന്ന് നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലേ?
മത്താ 21:17	അനന്തരം അവൻ അവരെ വിട്ട് നഗരത്തിൽനിന്ന് ബഥാനിയായിലേക്കു പോയി അവിടെ താമസിച്ചു.

219. അത്തിവൃക്ഷത്തെ ശപിക്കുന്നു

മർക്കോ 11:12	അടുത്ത ദിവസം അവർ ബഥാനിയായിൽനിന്നു വരുമ്പോൾ അവനു വിശക്കുന്നുണ്ടായിരുന്നു.
മർക്കോ 11:13	അകലെ തളിരിട്ടു നിൽക്കുന്ന ഒരു അത്തിമരം കണ്ട് അതിൽ എന്തെങ്കിലും ഉണ്ടാകാം എന്നു വിചാരിച്ച് അടുത്തുചെന്നു. എന്നാൽ, ഇലകളല്ലാതെ മറ്റൊന്നും കണ്ടില്ല. അത് അത്തിപ്പഴങ്ങളുടെ കാലമല്ലായിരുന്നു.
മർക്കോ 11:14	അവൻ പറഞ്ഞു: ആരും ഇനിയൊരിക്കലും നിന്നിൽനിന്നു പഴം തിന്നാതിരിക്കട്ടെ! അവൻെറ ശിഷ്യൻമാർ ഇതുകേട്ടു.

220. ദേവാലയ ശുദ്ധീകരണം

മർക്കോ 11:15	അവർ ജറുസലെമിലെത്തി. അവൻ ദേവാലയത്തിൽ പ്രവേശിച്ച്, അവിടെ ക്രയ വിക്രയം ചെയ്തുകൊണ്ടിരുന്നവരെ പുറത്താക്കാൻ തുടങ്ങി. നാണയമാറ്റക്കാരുടെ മേശകളും പ്രാവുവിൽപനക്കാരുടെ ഇരിപ്പിടങ്ങളും അവൻ തട്ടിമറിച്ചിട്ടു.
മർക്കോ 11:16	ദേവാലയത്തിലൂടെ പാത്രങ്ങൾ ചുമന്നുകൊണ്ടുപോകാൻ ആരെയും അവൻ അനുവദിച്ചില്ല.
മർക്കോ 11:17	അവൻ അവരെ പഠിപ്പിച്ചു: എൻെറ ഭവനം എല്ലാ ജനതകൾക്കുമുള്ള പ്രാർഥനാലയം എന്നു വിളിക്കപ്പെടും എന്ന് എഴുതപ്പെട്ടിട്ടില്ലേ? നിങ്ങൾ അതിനെ കവർച്ചക്കാരുടെ ഗുഹയാക്കിത്തീർത്തിരിക്കുന്നു.

221. യഹൂദർ യേശുവിനെതിരെ ഗൂഡാലോചന നടത്തുന്നു

ലൂക്കാ 19:47	അവൻ ദിവസവും ദേവാലയത്തിൽ പ ഠിപ്പിച്ചിരുന്നു. പുരോഹിതപ്രമുഖൻമാരും നിയമജ്ഞരും ജനപ്രമാണികളും അവനെ നശിപ്പിക്കാൻമാർഗം അന്വേഷിച്ചുകൊണ്ടിരുന്നു.
ലൂക്കാ 19:48	എന്നാൽ, അവർക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. കാരണം, ജനങ്ങളെല്ലാം അവൻെറ വാക്കുകളിൽ മുഴുകി അവനെ വിട്ടുപോകാതെ നിന്നു.
മർക്കോ 11:19	വൈകുന്നേരമായപ്പോൾ അവർ നഗരത്തിനു വെളിയിലേക്കു പോയി.

222. ഉണങ്ങിപ്പോയ അത്തിവൃക്ഷം

മർക്കോ 11:20	അവർ രാവിലെ അത്തിമരത്തിൻെറ സമീപത്തുകൂടെ കടന്നുപോകുമ്പോൾ അതു സമൂലം ഉണങ്ങിപ്പോയിരിക്കുന്നതു കണ്ടു.
മർക്കോ 11:21	അപ്പോൾ പത്രോസ് അവനെ അ നുസ്മരിപ്പിച്ചു: ഗുരോ, നോക്കൂ, നീ ശപിച്ച അത്തിമരം ഉണങ്ങിപ്പോയിരിക്കുന്നു!
മർക്കോ 11:22	യേശു പ്രതിവചിച്ചു: ദൈവത്തിൽ വിശ്വസിക്കുക.
മർക്കോ 11:23	സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ആരെങ്കിലും ഈ മലയോട് ഇ വിടെനിന്നു മാറി കടലിൽച്ചെന്നു വീഴുക എന്നുപറയുകയും ഹൃദയത്തിൽ ശങ്കിക്കാതെ, താൻ പറയുന്നതു സംഭവിക്കുമെന്നു വിശ്വസിക്കുകയും ചെയ്താൽ അവന് അതു സാധിച്ചുകിട്ടും.
മർക്കോ 11:24	അതിനാൽ, ഞാൻ പറയുന്നു: പ്രാർഥിക്കുകയുംയാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്നു വിശ്വസിക്കുവിൻ; നിങ്ങൾക്കു ലഭിക്കുകതന്നെ ചെയ്യും.

223. യേശുവിൻെറ അധികാരം

മർക്കോ 11:27	അവർ വീണ്ടും ജറുസലെമിൽ വന്നു. അവൻ ദേവാലയത്തിലൂടെ നടക്കുമ്പോൾ പ്രധാന പുരോഹിതൻമാരും നിയമജ്ഞരും ജനപ്രമാണികളും അവൻെറ അടുത്തെത്തി.
മർക്കോ 11:28	അവർ അവനോടു ചോദിച്ചു: എന്തധികാരത്താലാണ് നീ ഇവയൊക്കെ ചെയ്യുന്നത്? ഇവ പ്രവർത്തിക്കുന്നതിന് ആരാണ് നിനക്ക് അധികാരം നൽകിയത്?
മർക്കോ 11:29	യേശു പറഞ്ഞു: ഞാൻ നിങ്ങളോട് ഒരു കാര്യം ചോദിക്കാം. എന്നോട് ഉത്തരം പറയുവിൻ. എന്തധികാരത്താലാണ് ഞാൻ ഇവ ചെയ്യുന്നതെന്ന് അപ്പോൾ പറയാം.
മർക്കോ 11:30	യോഹന്നാൻെറ ജ്ഞാനസ്നാനം സ്വർഗത്തിൽനിന്നോ മനുഷ്യരിൽ നിന്നോ? ഉത്തരം പറയുവിൻ.
മർക്കോ 11:31	അവർ പരസ്പരം ആലോചിച്ചു: സ്വർഗത്തിൽനിന്ന് എന്നു പറഞ്ഞാൽ, പിന്നെ എന്തുകൊണ്ട് നിങ്ങൾ അവനെ വിശ്വസിച്ചില്ല എന്ന് അവൻ ചോദിക്കും.
മർക്കോ 11:32	മനുഷ്യരിൽനിന്ന് എന്നുപറയാൻ അവർക്കു ജനങ്ങളെ ഭയമായിരുന്നു. കാരണം, യോഹന്നാൻയഥാർഥത്തിൽ ഒരു പ്രവാചകനാണെന്ന് എല്ലാവരും കരുതിയിരുന്നു.
മർക്കോ 11:33	അതിനാൽ, അവർ യേശുവിനോടു പറഞ്ഞു: ഞങ്ങൾക്ക് അറിഞ്ഞുകൂടാ. അപ്പോൾ യേശു പറഞ്ഞു: എന്തധികാരത്താലാണ് ഞാൻ ഇവ ചെയ്യുന്നതെന്ന് ഞാനും നിങ്ങളോടു പറയുന്നില്ല.

224. രണ്ടു പുത്രൻമാരുടെ ഉപമ

മത്താ 21:28	നിങ്ങൾക്ക് എന്തു തോന്നുന്നു? ഒരു മനുഷ്യനു രണ്ടു പുത്രൻമാരുണ്ടായിരുന്നു. അവൻ ഒന്നാമൻെറ അടുത്തുചെന്നു പറഞ്ഞു: മകനേ, പോയി ഇന്നു മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്യുക.
മത്താ 21:29	ഞാൻ പോകാം എന്ന് അവൻ പറഞ്ഞു; എങ്കിലും പോയില്ല.
മത്താ 21:30	അവൻ രണ്ടാമൻെറ അടുത്തുചെന്ന് ഇതുതന്നെ പറഞ്ഞു. അവനാകട്ടെ, എനിക്കു മനസ്സില്ല എന്നു പറഞ്ഞു; എങ്കിലും പിന്നീടു പശ്ചാത്തപിച്ച് അവൻ പോയി.
മത്താ 21:31	ഈ രണ്ടുപേരിൽ ആരാണ് പിതാവിൻെറ ഇഷ്ടം നിറവേറ്റിയത്? അവർ പറഞ്ഞു: രണ്ടാമൻ. യേശു പറഞ്ഞു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ചുങ്കക്കാരും വേശ്യകളുമായിരിക്കും നിങ്ങൾക്കു മുമ്പേ സ്വർഗരാജ്യത്തിൽ പ്രവേശിക്കുക.
മത്താ 21:32	എന്തെന്നാൽ, യോഹന്നാൻ നീതിയുടെ മാർഗത്തിലൂടെ നിങ്ങളെ സമീപിച്ചു; നിങ്ങൾ അവനിൽ വിശ്വസിച്ചില്ല. എന്നാൽ ചുങ്കക്കാരും വേശ്യകളും അവനിൽ വിശ്വസിച്ചു. നിങ്ങൾ അതു കണ്ടിട്ടും അവനിൽ വിശ്വസിക്കത്തക്കവിധം അനുതപിച്ചില്ല.

225. മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ

മത്താ 21:33	മറ്റൊരു ഉപമ കേട്ടുകൊള്ളുക. ഒരു വീട്ടുടമസ്ഥൻ ഒരു മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ചു. അതിനുചുറ്റും വേലികെട്ടി. അതിൽ ഒരു മുന്തിരിച്ചക്കു സ്ഥാപിക്കുകയും ഗോപുരം നിർമിക്കുകയും ചെയ്തു. അനന്തരം അതു കൃഷിക്കാരെ ഏൽപിച്ചിട്ട് അവൻ പോയി.
മത്താ 21:34	വിളവെടുപ്പുകാലം വന്നപ്പോൾ അവൻ പഴങ്ങൾ ശേഖരിക്കാൻ ഭൃത്യൻമാരെ കൃഷിക്കാരുടെ അടുത്തേക്കയച്ചു.

മത്താ 21:35	എന്നാൽ, കൃഷിക്കാർ ഭൃത്യൻമാരിൽ ഒരുവനെ പിടിച്ച് അടിക്കുകയും മറ്റൊരുവനെ കൊല്ലുകയും വേറൊരുവനെ കല്ലെറിയുകയും ചെയ്തു.
മത്താ 21:36	വീണ്ടും അവൻ ആദ്യത്തേതിൽ കൂടുതൽ ഭൃത്യൻമാരെ അയച്ചു. അവരോടും കൃഷിക്കാർ അപ്രകാരംതന്നെപ്രവർത്തിച്ചു.
മത്താ 21:37	പിന്നീട് അവൻ , എൻെറ പുത്രനെ അവർ ബഹുമാനിക്കും എന്നുപറഞ്ഞ് സ്വപുത്രനെത്തന്നെ അവരുടെ അടുക്കലേക്കയച്ചു.
മത്താ 21:38	അവനെക്കണ്ടപ്പോൾ കൃഷിക്കാർ പരസ്പരം പറഞ്ഞു: ഇവനാണ് അവകാശി; വരുവിൻ നമുക്കിവനെ കൊന്ന് അവകാശം കരസ്ഥമാക്കാം.
മത്താ 21:39	അവർ അവനെ പിടിച്ച് മുന്തിരിത്തോട്ടത്തിനു വെളിയിലേക്കെറിഞ്ഞുകൊന്നുകളഞ്ഞു.
മത്താ 21:40	അങ്ങനെയെങ്കിൽ മുന്തിരിത്തോട്ടത്തിൻെറ ഉടമസ്ഥൻ വരുമ്പോൾ അവൻ ആ കൃഷിക്കാരോട് എന്തുചെയ്യും?
മത്താ 21:41	അവർ പറഞ്ഞു: അവൻ ആദുഷ്ടരെ നിഷ്ഠുരമായി നശിപ്പിക്കുകയും യഥാകാലം ഫലംകൊടുക്കുന്ന മറ്റു കൃഷിക്കാരെ മുന്തിരിത്തോട്ടം ഏൽപിക്കുകയും ചെയ്യും.
മത്താ 21:42	യേശു അവരോടുചോദിച്ചു: പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞകല്ലു തന്നെ മൂലക്കല്ലായിത്തീർന്നു. ഇതു കർത്താവിൻെറ പ്രവൃത്തിയാണ്. നമ്മുടെ ദൃഷ്ടികൾക്ക് ഇത് അദ്ഭുതകരമായിരിക്കുന്നു എന്നു വിശുദ്ധലിഖിതത്തിൽ നിങ്ങൾ വായിച്ചിട്ടില്ലേ?
മത്താ 21:43	അതുകൊണ്ടു ഞാൻ നിങ്ങളോടു പറയുന്നു, ദൈവരാജ്യം നിങ്ങളിൽ നിന്ന് എടുത്തു ഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്കു നൽകപ്പെടും.
മത്താ 21:44	ഈ കല്ലിൽ വീഴുന്നവൻ തകർന്നുപോകും. ഇത് ആരുടെമേൽ വീഴുന്നുവോ, അവനെ അതു ധൂളിയാക്കും.
മത്താ 21:45	പ്രധാന പുരോഹിതന്മാരും ഫരിസേയരും അവൻെറ ഉപമകൾ കേട്ടപ്പോൾ, അവൻ തങ്ങളെപ്പറ്റിയാണു സംസാരിക്കുന്നതെന്നു മനസ്സിലാക്കി.
മത്താ 21:46	അവർ അവനെ പിടികൂടാൻ ശ്രമിച്ചെങ്കിലും ജനക്കൂട്ടത്തെ ഭയപ്പെട്ടു. കാരണം, ജനങ്ങൾ അവനെ പ്രവാചകനായി പരിഗണിച്ചിരുന്നു.

226. വിവാഹവിരുന്നിൻെറ ഉപമ

മത്താ 22:1	യേശു വീണ്ടും ഉപമകൾവഴി അവരോടു സംസാരിച്ചു:
മത്താ 22:2	സ്വർഗരാജ്യം, തൻെറ പുത്രനുവേണ്ടി വിവാഹവിരുന്നൊരുക്കിയരാജാവിനു സദൃശം.
മത്താ 22:3	വിവാഹവിരുന്നിനു ക്ഷണിക്കപ്പെട്ടവരെ വിളിക്കാൻ അവൻ ഭൃത്യൻമാരെ അയച്ചു; എന്നാൽ, വരാൻ അവർ വിസമ്മതിച്ചു.
മത്താ 22:4	വീണ്ടും അവൻ വേറെ ഭൃത്യന്മാരെ അയച്ചുകൊണ്ടു പറഞ്ഞു: ഇതാ, വിരുന്നു സജ്ജമായിരിക്കുന്നു; എൻെറ കാളകളെയും കൊഴുത്ത മൃഗങ്ങളെയും കൊന്ന് എല്ലാം തയ്യാറാക്കിക്കഴിഞ്ഞു; വിവാഹവിരുന്നിനു വരുക, എന്നു ക്ഷണിക്കപ്പെട്ടവരോടു ചെന്നു പറയുവിൻ.
മത്താ 22:5	എന്നാൽ, ക്ഷണിക്കപ്പെട്ടവർ അതു വകവയ്ക്കാതെ ഒരുവൻ വയലിലേക്കും, വേറൊരുവൻ വ്യാപാരത്തിനും പൊയ്ക്കളഞ്ഞു.
മത്താ 22:6	മറ്റുള്ളവർ ആ ഭൃത്യൻമാരെ പിടികൂടി അവരെ അവമാനിക്കുകയും വധിക്കുകയും ചെയ്തു.
മത്താ 22:7	രാജാവു ക്രുദ്ധനായി, സൈന്യത്തെ അയച്ച് ആ കൊലപാതകികളെ നശിപ്പിച്ചു; അവരുടെ നഗരം അഗ്നിക്കിരയാക്കി.
മത്താ 22:8	അനന്തരം, അവൻ ഭൃത്യൻമാരോടു പറഞ്ഞു: വിവാഹ വിരുന്നു തയ്യാറാക്കിയിരിക്കുന്നു; എന്നാൽ ക്ഷണിക്കപ്പെട്ടവർ അയോഗ്യരായിരുന്നു.
മത്താ 22:9	അതിനാൽ, നിങ്ങൾ വഴിക്കവലകളിൽചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം വിവാഹവിരുന്നിനു ക്ഷണിക്കുവിൻ.
മത്താ 22:10	ആ ഭൃത്യൻമാർ നിരത്തുകളിൽചെന്ന് ദുഷ്ടരും ശിഷ്ടരും ഉൾപ്പെടെ കണ്ടെത്തിയവരെയെല്ലാം വിളിച്ചുകൂട്ടി. അങ്ങനെ വിരുന്നുശാല അതിഥികളെക്കൊണ്ടു നിറഞ്ഞു.
മത്താ 22:11	അതിഥികളെക്കാണാൻ രാജാവ് എഴുന്നള്ളിയപ്പോൾ വിവാഹവസ്ത്രം ധരിക്കാത്ത ഒരാളെ അവിടെ കണ്ടു.
മത്താ 22:12	രാജാവ് അവനോടു ചോദിച്ചു: സ്നേഹിതാ, വിവാഹവസ്ത്രം ധരിക്കാതെ നീ ഇവിടെ പ്രവേശിച്ചതെങ്ങനെ? അവൻ മൗനം അവലംബിച്ചു.
മത്താ 22:13	അപ്പോൾ രാജാവ് പരിചാരകൻമാരോടു പറഞ്ഞു: അവനെ കൈകാലുകൾ കെട്ടി പുറത്തെ അന്ധകാരത്തിലേക്ക് വലിച്ചെറിയുക; അവിടെ വിലാപവും പല്ലുകടിയുമായിരിക്കും.
മത്താ 22:14	എന്തെന്നാൽ, വിളിക്കപ്പെട്ടവർ വളരെ; തെരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം.

227. സീസറിനു നികുതി

മത്താ 22:15	അപ്പോൾ ഫരിസേയർ പോയി, യേശുവിനെ എങ്ങനെ വാക്കിൽ കുടുക്കാം എന്ന് ആലോചന നടത്തി.
മത്താ 22:16	അവർ തങ്ങളുടെ അനുയായികളെ ഹേറോദേസ് പക്ഷക്കാരോടൊത്ത് അവൻെറ അടുത്ത് അയച്ചുചോദിച്ചു: ഗുരോ, നീ സത്യവാനാണെന്നും ആരുടെയും മുഖംനോക്കാതെ നിർഭയനായി ദൈവത്തിൻെറ വഴി സത്യമായി പഠിപ്പിക്കുന്നുവെന്നും ഞങ്ങൾ അറിയുന്നു.
മത്താ 22:17	അതുകൊണ്ടു ഞങ്ങളോടു പറയുക, നിനക്ക് എന്തു തോന്നുന്നു, സീസറിനു നികുതികൊടുക്കുന്നതു നിയമാനുസൃതമാണോ അല്ലയോ?
മത്താ 22:18	അവരുടെ ദുഷ്ടത മനസ്സിലാക്കിക്കൊണ്ട് യേശു പറഞ്ഞു: കപടനാട്യക്കാരേ, നിങ്ങൾ എന്നെ പരീക്ഷിക്കുന്നതെന്ത്?

മത്താ 22:19	നികുതിക്കുള്ള നാണയം എന്നെക്കാണിക്കുക. അവര്‍ ഒരു ദനാറ അവനെ കാണിച്ചു.
മത്താ 22:20	യേശു ചോദിച്ചു: ഈ രൂപവും ലിഖിതവും ആരുടേതാണ്?
മത്താ 22:21	സീസറിന്‍േറ ത് എന്ന് അവര്‍ പറഞ്ഞു. അവന്‍ അരുളിച്ചെയ്തു: സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുക.
മത്താ 22:22	ഇതുകേട്ട് അവര്‍ വിസ്മയഭരിതരായി അവനെ വിട്ടുപോയി.

228. പുനരുത്ഥാനത്തെക്കുറിച്ച്

മത്താ 22:23	പുനരുത്ഥാനമില്ലെന്നു പറയുന്ന സദുക്കായര്‍ അന്നുതന്നെ അവനെ സമീപിച്ചു ചോദിച്ചു:
മത്താ 22:24	ഗുരോ, ഒരുവന്‍ സന്താനമില്ലാതെ മരിച്ചാല്‍ അവന്‍െറ സഹോദരന്‍ ആ വിധവയെ വിവാഹം ചെയ്ത് സഹോദരനു സന്താനങ്ങളെ ഉത്പാദിപ്പിക്കണമെന്ന്മോശ അനുശാസിച്ചിട്ടുണ്ട്.
മത്താ 22:25	ഞങ്ങളുടെയിടയില്‍ ഏഴു സഹോദരന്‍മാര്‍ ഉണ്ടായിരുന്നു. ഒന്നാമന്‍ വിവാഹം ചെയ്തു. സന്താനമില്ലാതെ ഭാര്യയെ സഹോദരനു വിട്ടുകൊണ്ട് അവന്‍ മരണമടഞ്ഞു.
മത്താ 22:26	ഇങ്ങനെതന്നെ രണ്ടാമനും മൂന്നാമനും; അങ്ങനെ ഏഴാമന്‍വരെയും.
മത്താ 22:27	അവസാനം ആ സ്ത്രീയും മരിച്ചു.
മത്താ 22:28	അതിനാല്‍, പുനരുത്ഥാനത്തില്‍ അവള്‍ ഈ ഏഴുപേരില്‍ ആരുടെ ഭാര്യയായിരിക്കും? അവര്‍ക്കെല്ലാം അവള്‍ ഭാര്യയായിരുന്നിട്ടുണ്ടല്ലോ.
മത്താ 22:29	യേശു മറുപടി പറഞ്ഞു: വിശുദ്ധലിഖിതങ്ങളോ ദൈവത്തിന്‍െറ ശക്തിയോ മനസ്സിലാക്കാത്തതിനാല്‍ നിങ്ങള്‍ക്കു തെറ്റുപറ്റിയിരിക്കുന്നു.
മത്താ 22:30	പുനരുത്ഥാനത്തില്‍ അവര്‍ വിവാഹം ചെയ്യുകയോ ചെയ്തുകൊടുക്കുകയോ ഇല്ല. പിന്നെയോ, അവര്‍ സ്വര്‍ഗദൂതന്‍മാരെപ്പോലെയായിരിക്കും.
മത്താ 22:31	ഞാന്‍ അബ്രാഹത്തിന്‍െറ ദൈവവും ഇസഹാക്കിന്‍െറ ദൈവവും യാക്കോബിന്‍െറ ദൈവവുമാണ് എന്നു മരിച്ചവരുടെ പുനരുത്ഥാനത്തെപ്പറ്റി ദൈവം നിങ്ങളോട് അരുളിച്ചെയ്തിരിക്കുന്നതു നിങ്ങള്‍ വായിച്ചിട്ടില്ലേ?
മത്താ 22:32	അവിടുന്ന് മരിച്ചവരുടെ അല്ല ജീവിക്കുന്നവരുടെ ദൈവമാണ്.
മത്താ 22:33	ജനക്കൂട്ടം ഇതു കേട്ടപ്പോള്‍ അവന്‍െറ പ്രബോധനത്തെപ്പറ്റി ആശ്ചര്യപ്പെട്ടു.

229. സുപ്രധാന കല്‍പനകള്‍

മര്‍ക്കോ 12:28	ഒരു നിയമജ്ഞന്‍ വന്ന് അവരുടെ വിവാദം കേട്ടു. അവന്‍ നന്നായി ഉത്തരം പറയുന്നുവെന്നു മനസ്സിലാക്കി അവനോടു ചോദിച്ചു: എല്ലാറ്റിലും പ്രധാനമായ കല്‍പന ഏതാണ്?
മര്‍ക്കോ 12:29	യേശു പ്രതിവചിച്ചു: ഇതാണ് ഒന്നാമത്തെ കല്‍പന: ഇസ്രായേലേ, കേള്‍ക്കുക! നമ്മുടെ ദൈവമായ കര്‍ത്താവാണ് ഏക കര്‍ത്താവ്.
മര്‍ക്കോ 12:30	നീ നിന്‍െറ ദൈവമായ കര്‍ത്താവിനെ പൂര്‍ണ ഹൃദയത്തോടും, പൂര്‍ണാത്മാവോടും, പൂര്‍ണമനസ്സോടും, പൂര്‍ണ ശക്തിയോടുംകൂടെ സ്നേഹിക്കുക.
മര്‍ക്കോ 12:31	രണ്ടാമത്തെ കല്‍പന: നിന്നെപ്പോലെതന്നെ നിന്‍െറ അയല്‍ക്കാരനെയും സ്നേഹിക്കുക. ഇവയെക്കാള്‍ വലിയ കല്‍പനയൊന്നുമില്ല.
മര്‍ക്കോ 12:32	നിയമജ്ഞന്‍ പറഞ്ഞു: ഗുരോ, അങ്ങു പറഞ്ഞതു ശരിതന്നെ. അവിടുന്ന് ഏകനാണെന്നും അവിടുന്നല്ലാതെ മറ്റൊരു ദൈവമില്ലെന്നും
മര്‍ക്കോ 12:33	അവിടുത്തെ പൂര്‍ണ ഹൃദയത്തോടും പൂര്‍ണമനസ്സോടും പൂര്‍ണശക്തിയോടും കൂടെ സ്നേഹിക്കുന്നതും തന്നെപ്പോലെതന്നെ അയല്‍ക്കാരനെ സ്നേഹിക്കുന്നതും എല്ലാ ദഹനബലികളെയുംയാഗങ്ങളെയുംകാള്‍ മഹനീയമാണെന്നും അങ്ങു പറഞ്ഞതു സത്യമാണ്.
മര്‍ക്കോ 12:34	അവന്‍ ബുദ്ധിപൂര്‍വം മറുപടി പറഞ്ഞു എന്നു മനസ്സിലാക്കി യേശു പറഞ്ഞു: നീ ദൈവരാജ്യത്തില്‍നിന്ന് അകലെയല്ല. പിന്നീട് യേശുവിനോടു ചോദ്യം ചോദിക്കാന്‍ ആരും ധൈര്യപ്പെട്ടില്ല.

230. ക്രിസ്തു ദാവീദിന്‍െറ പുത്രന്‍

മത്താ 22:41	ഫരിസേയര്‍ ഒരുമിച്ചുകൂടിയപ്പോള്‍ യേശു അവരോടു ചോദിച്ചു:
മത്താ 22:42	നിങ്ങള്‍ ക്രിസ്തുവിനെപ്പറ്റി എന്തു വിചാരിക്കുന്നു? അവന്‍ ആരുടെ പുത്രനാണ്? ദാവീദിന്‍െറ, എന്ന് അവര്‍ പറഞ്ഞു.
മത്താ 22:43	അവന്‍ ചോദിച്ചു: അങ്ങനെയെങ്കില്‍ ദാവീദ് ആത്മാവിനാല്‍ പ്രചോദിതനായി അവനെ കര്‍ത്താവ് എന്നു വിളിക്കുന്നതെങ്ങനെ? അവന്‍ പറയുന്നു:
മത്താ 22:44	കര്‍ത്താവ് എന്‍െറ കര്‍ത്താവിനോടരുളിച്ചെയ്തു: ഞാന്‍ നിന്‍െറ ശത്രുക്കളെ നിന്‍െറ പാദങ്ങള്‍ക്കു കീഴിലാക്കുവോളം നീ എന്‍െറ വലത്തുഭാഗത്ത് ഉപവിഷ്ടനാവുക.
മത്താ 22:45	ദാവീദ് അവനെ കര്‍ത്താവേ എന്നുവിളിക്കുന്നുവെങ്കില്‍ അവന്‍ അവന്‍െറ പുത്രനാകുന്നതെങ്ങനെ?
മത്താ 22:46	അവനോട് ഉത്തരമായി ഒരു വാക്കുപോലും പറയാന്‍ ആര്‍ക്കും കഴിഞ്ഞില്ല. അന്നുമുതല്‍ അവനോട് എന്തെങ്കിലും ചോദിക്കാന്‍ ആരും ധൈര്യപ്പെട്ടതുമില്ല.

231. നിയമജ്ഞരുടെയും ഫരിസേയരുടെയും കപടനാട്യം

മത്താ 23:1	യേശു ജനക്കൂട്ടത്തോടും തൻെറ ശിഷ്യൻമാരോടും അരുളിച്ചെയ്തു:
മത്താ 23:2	നിയമജ്ഞരും ഫരിസേയരും മോശയുടെ സിംഹാസനത്തിൽ ഇരിക്കുന്നു.
മത്താ 23:3	അതിനാൽ, അവർ നിങ്ങളോടു പറയുന്നതെല്ലാം അനുസരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുവിൻ. എന്നാൽ, അവരുടെ പ്രവൃത്തികൾ നിങ്ങൾ അനുകരിക്കരുത്. അവർ പറയുന്നു; പ്രവർത്തിക്കുന്നില്ല.
മത്താ 23:4	അവർ ഭാരമുള്ള ചുമടുകൾ മനുഷ്യരുടെ ചുമലിൽ വച്ചുകൊടുക്കുന്നു. സഹായിക്കാൻ ചെറുവിരൽ അനക്കാൻപോലും തയ്യാറാകുന്നുമില്ല.
മത്താ 23:5	മറ്റുള്ളവർ കാണുന്നതിനുവേണ്ടിയാണ്അവർ തങ്ങളുടെ പ്രവൃത്തികളെല്ലാം ചെയ്യുന്നത്. അവർ തങ്ങളുടെ നെറ്റിപ്പട്ടകൾക്കു വീതിയും വസ്ത്രത്തിൻെറ തൊങ്ങലുകൾക്കു നീളവും കൂട്ടുന്നു;
മത്താ 23:6	വിരുന്നുകളിൽ പ്രമുഖസ്ഥാനവും സിനഗോഗുകളിൽ പ്രധാനപീഠവും
മത്താ 23:7	നഗരവീഥികളിൽ അഭിവാദനവും ഇഷ്ടപ്പെടുന്നു. റബ്ബീ എന്നു സംബോധന ചെയ്യപ്പെടാനും ആഗ്രഹിക്കുന്നു.
മത്താ 23:8	എന്നാൽ, നിങ്ങൾ റബ്ബീ എന്നു വിളിക്കപ്പെടരുത്. എന്തെന്നാൽ നിങ്ങൾക്ക് ഒരു ഗുരുവേയുള്ളൂ. നിങ്ങളെല്ലാം സഹോദരൻമാരാണ്.
മത്താ 23:9	ഭൂമിയിൽ ആരെയും നിങ്ങൾ പിതാവെന്നു വിളിക്കരുത്. എന്തെന്നാൽ, നിങ്ങൾക്ക് ഒരു പിതാവേയുള്ളൂ – സ്വർഗസ്ഥനായ പിതാവ്.
മത്താ 23:10	നിങ്ങൾ നേതാക്കൻമാർ എന്നും വിളിക്കപ്പെടരുത്. എന്തെന്നാൽ, ക്രിസ്തുവാണ് നിങ്ങളുടെ ഏക നേതാവ്.
മത്താ 23:11	നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം.
മത്താ 23:12	തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെതാഴ്ത്തുന്നവൻ ഉയർത്തപ്പെടും.
മത്താ 23:13	കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ മനുഷ്യരുടെ മുമ്പിൽ സ്വർഗരാജ്യം അടച്ചുകളയുന്നു.
മത്താ 23:14	നിങ്ങൾ അതിൽ പ്രവേശിക്കുന്നില്ല; പ്രവേശിക്കാൻ വരുന്നവരെ അനുവദിക്കുന്നുമില്ല.
മത്താ 23:15	കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! ഒരുവനെ നിങ്ങളുടെ മതത്തിൽ ചേർക്കാൻ നിങ്ങൾ കടലും കരയും ചുറ്റി സഞ്ചരിക്കുന്നു. ചേർന്നു കഴിയുമ്പോൾ നിങ്ങൾ അവനെ നിങ്ങളുടെ ഇരട്ടി നരകസന്തതിയാക്കിത്തീർക്കുന്നു.
മത്താ 23:16	അന്ധരായ മാർഗദർശികളേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ പറയുന്നു: ഒരുവൻ ദേവാലയത്തെക്കൊണ്ട് ആണയിട്ടാൽ ഒന്നുമില്ല. ദേവാലയത്തിലെ സ്വർണത്തെക്കൊണ്ട് ആണയിട്ടാൽ അവൻ കടപ്പെട്ടവനാണ്.
മത്താ 23:17	അന്ധരും മൂഢരുമായവരേ, ഏതാണു വലുത്? സ്വർണമോ സ്വർണത്തെ പവിത്രമാക്കുന്ന ദേവാലയമോ?
മത്താ 23:18	നിങ്ങൾ പറയുന്നു: ഒരുവൻ ബലിപീഠത്തെക്കൊണ്ട് ആണയിട്ടാൽ ഒന്നുമില്ല; എന്നാൽ ബലിപീഠത്തിലെ കാഴ്ചവസ്തുവിനെക്കൊണ്ട് ആണയിട്ടാൽ അവൻ കടപ്പെട്ടവനാണ്.
മത്താ 23:19	അന്ധരേ, ഏതാണു വലുത്? കാഴ്ചവസ്തുവോ കാഴ്ചവസ്തുവിനെ പവിത്രമാക്കുന്ന ബലിപീഠമോ?
മത്താ 23:20	ബലിപീഠത്തെക്കൊണ്ട് ആണയിടുന്നവൻ അതിനെക്കൊണ്ടും അതിൻമേലുള്ള എല്ലാ വസ്തുക്കളെക്കൊണ്ടും ആണയിടുന്നു.
മത്താ 23:21	ദേവാലയത്തെക്കൊണ്ട് ആണയിടുന്നവൻ അതിനെക്കൊണ്ടും അതിൽ വസിക്കുന്നവനെക്കൊണ്ടും ആണയിടുന്നു.
മത്താ 23:22	സ്വർഗത്തെക്കൊണ്ട് ആണയിടുന്നവൻ ദൈവത്തിൻെറ സിംഹാസനത്തെക്കൊണ്ടും അതിൽ ഇരിക്കുന്നവനെക്കൊണ്ടും ആണയിടുന്നു.
മത്താ 23:23	കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ തുളസി, ചതകുപ്പ, ജീരകം എന്നിവയ്ക്കു ദശാംശം കൊടുക്കുകയും നിയമത്തിലെ ഗൗരവമേറിയ കാര്യങ്ങളായ നീതി, കാരുണ്യം, വിശ്വസ്തത എന്നിവ അവഗണിക്കുകയും ചെയ്യുന്നു. ഇവയാണു നിങ്ങൾ ചെയ്യേണ്ടിയിരുന്നത് – മറ്റുള്ളവ അവഗണിക്കാതെതന്നെ.
മത്താ 23:24	അന്ധരായ മാർഗദർശികളേ, കൊതുകിനെ അരിച്ചു നീക്കുകയും ഒട്ടകത്തെ വിഴുങ്ങുകയുംചെയ്യുന്നവരാണു നിങ്ങൾ!
മത്താ 23:25	കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ പാനപാത്രത്തിൻെറയും ഭക്ഷണപാത്രത്തിൻെറയും പുറംവെടിപ്പാക്കുന്നു; എന്നാൽ, അവയുടെ ഉള്ള് കവർച്ചയും ആർത്തിയുംകൊണ്ട് നിറഞ്ഞിരിക്കുന്നു.
മത്താ 23:26	അന്ധനായ ഫരിസേയാ, പാനപാത്രത്തിൻെറയും ഭക്ഷണപാത്രത്തിൻെറയും പുറംകൂടി ശുദ്ധിയാകാൻവേണ്ടി ആദ്യമേ അകം ശുദ്ധിയാക്കുക.
മത്താ 23:27	കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ വെള്ളയടിച്ച കുഴിമാടങ്ങൾക്കു സദൃശരാണ്. അവ പുറമേ മനോഹരമായി കാണപ്പെടുന്നെങ്കിലും അവയ്ക്കുള്ളിൽ മരിച്ചവരുടെ അസ്ഥികളും സർവവിധ മാലിന്യങ്ങളും നിറഞ്ഞുകിടക്കുന്നു.
മത്താ 23:28	അതുപോലെ, ബാഹ്യമായി മനുഷ്യർക്കു നല്ലവരായി കാണപ്പെടുന്ന നിങ്ങൾ ഉള്ളിൽ കാപട്യവും അനീതിയും നിറഞ്ഞ വരാണ്.
മത്താ 23:29	കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ പ്രവാചകൻമാർക്കു ശവകുടീരങ്ങൾ നിർമിക്കുകയും നീതിമാൻമാരുടെ സ്മാരകങ്ങൾ അലങ്കരിക്കുകയുംചെയ്തുകൊണ്ടുപറയുന്നു,
മത്താ 23:30	ഞങ്ങൾ ഞങ്ങളുടെ പിതാക്കൻമാരുടെ കാലത്തു ജീവിച്ചിരുന്നെങ്കിൽ പ്രവാചകൻമാരുടെ രക്തത്തിൽ അവരോടുകൂടെ പങ്കാളികളാകുമായിരുന്നില്ല എന്ന്.
മത്താ 23:31	അങ്ങനെ, നിങ്ങൾ പ്രവാചകൻമാരെ വധിച്ചവരുടെ സന്താനങ്ങളാണെന്ന് നിങ്ങൾക്കുതന്നെ എതിരായി സാക്ഷ്യം നൽകുന്നു.

മത്താ 23:32	നിങ്ങളുടെ പിതാക്കൻമാരുടെ ചെയ്തികൾ നിങ്ങൾ പൂർത്തിയാക്കുവിൻ!
മത്താ 23:33	സർപ്പങ്ങളേ, അണലി സന്തതികളേ, നരകവിധിയിൽ നിന്നൊഴിഞ്ഞുമാറാൻ നിങ്ങൾക്കെങ്ങനെ കഴിയും?
മത്താ 23:34	അതുകൊണ്ട്, ഇതാ, പ്രവാചകൻമാരെയും ജ്ഞാനികളെയും നിയമജ്ഞരെയും ഞാൻ നിങ്ങളുടെ അടുക്കലേക്കയയ്ക്കുന്നു. അവരിൽ ചിലരെ നിങ്ങൾ വധിക്കുകയും ക്രൂശിക്കുകയുംചെയ്യും; ചിലരെ നിങ്ങൾ നിങ്ങളുടെ സിനഗോഗുകളിൽ വച്ച്, ചമ്മട്ടി കൊണ്ടടിക്കുകയും പട്ടണംതോറും പിന്തുടർന്നു പീഡിപ്പിക്കുകയും ചെയ്യും.
മത്താ 23:35	അങ്ങനെ, നിരപരാധനായ ആബേലിൻെറ രക്തം മുതൽ ദേവാലയത്തിനും ബലിപീഠത്തിനും മധ്യേ വച്ചു നിങ്ങൾ വധിച്ച ബറാക്കിയായുടെ പുത്രനായ സഖറിയായുടെ രക്തംവരെ, ഭൂമിയിൽ ചൊരിയപ്പെട്ട എല്ലാ നീതിമാൻമാരുടെയും രക്തം നിങ്ങളുടെമേൽ പതിക്കും.
മത്താ 23:36	സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഇവയെല്ലാം ഈ തലമുറയ്ക്കു സംഭവിക്കുകതന്നെ ചെയ്യും.
മത്താ 23:37	ജറുസലെം, ജറുസലെം, പ്രവാചകൻമാരെ വധിക്കുകയും നിൻെറ അടുത്തേക്ക് അയയ്ക്കപ്പെടുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, പിടക്കോഴി കുഞ്ഞുങ്ങളെ ചിറകുകൾക്കുള്ളിൽ കാത്തുകൊള്ളുന്നതുപോലെ നിൻെറ സന്തതികളെ ഒരുമിച്ചുകൂട്ടാൻ ഞാൻ എത്രയോ പ്രാവശ്യം ആഗ്രഹിച്ചു! പക്ഷേ, നിങ്ങൾ വിസമ്മതിച്ചു.
മത്താ 23:38	ഇതാ, നിങ്ങളുടെ ഭവനം പരിത്യക്തവും ശൂന്യവുമായിത്തീർന്നിരിക്കുന്നു.
മത്താ 23:39	ഞാൻ നിങ്ങളോടു പറയുന്നു, കർത്താവിൻെറ നാമത്തിൽ വരുന്നവൻ അനുഗൃഹീതനാണ് എന്നു നിങ്ങൾ പറയുന്നതുവരെ ഇനി നിങ്ങൾ എന്നെ കാണുകയില്ല.

232. വിധവയുടെ കാണിക്ക

മർക്കോ 12:41	അവൻ ഭണ്ഡാരത്തിന് എതിർവശത്തിരുന്ന് ജനക്കൂട്ടം ഭണ്ഡാരത്തിൽ നാണ യത്തുട്ടുകൾ ഇടുന്നതു ശ്രദ്ധിച്ചു. പല ധനവാൻമാരും വലിയ തുകകൾ നിക്ഷേ പിച്ചു.
മർക്കോ 12:42	അപ്പോൾ, ദരിദ്രയായ ഒരു വിധവ വന്ന് ഏറ്റവും വിലകുറഞ്ഞരണ്ടു ചെമ്പുനാണയങ്ങൾ ഇട്ടു.
മർക്കോ 12:43	അവൻ ശിഷ്യൻമാരെ അടുത്തു വിളിച്ചു പറഞ്ഞു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഈ ദരിദ്രവിധവ മറ്റാരെയുംകാൾ കൂടുതൽ ഭണ്ഡാരത്തിൽ നിക്ഷേപിച്ചിരിക്കുന്നു.
മർക്കോ 12:44	എന്തെന്നാൽ, അവരെല്ലാവരും തങ്ങളുടെ സമൃദ്ധിയിൽനിന്നു സംഭാവന ചെയ്തു. ഇവളാകട്ടെ, തൻെറ ദാരിദ്ര്യത്തിൽനിന്ന് തനിക്കുണ്ടായിരുന്നതെല്ലാം, തൻെറ ഉപജീവനത്തിനുള്ള വക മുഴുവനും നിക്ഷേപിച്ചിരിക്കുന്നു.

233. ദേവാലയത്തിൻെറ നാശത്തെക്കുറിച്ച്

ലൂക്കാ 21:37	എല്ലാ ദിവസവും അവൻ ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നു. രാത്രിയിൽ അവൻ പട്ടണത്തിനു പുറത്തുപോയി ഒലിവുമലയിൽ വിശ്രമിച്ചു.
ലൂക്കാ 21:38	അവൻെറ വാക്കു കേൾക്കാൻവേണ്ടി ജനം മുഴുവൻ അതിരാവിലെ ദേവാലയത്തിൽ അവൻെറ അടുത്തുവന്നിരുന്നു.
മർക്കോ 13:1	യേശു ദേവാലയത്തിൽനിന്നു പുറത്തുവന്നപ്പോൾ, ശിഷ്യൻമാരിൽ ഒരുവൻ പറഞ്ഞു: ഗുരോ, നോക്കു, എത്ര വലിയ കല്ലുകൾ! എത്ര വിസ്മയകരമായ സൗധങ്ങൾ!
മർക്കോ 13:2	അവൻ പറഞ്ഞു: ഈ മഹാസൗധങ്ങൾ നിങ്ങൾ കാണുന്നില്ലേ? എന്നാൽ ഇവയെല്ലാം കല്ലിൻമേൽ കല്ലു ശേഷിക്കാതെ തകർക്കപ്പെടും.

234. വേദനകളുടെ ആരംഭം

മത്താ 24:3	അവൻ ഒലിവുമലയിൽ ഇരിക്കുമ്പോൾ ശിഷ്യൻമാർ തനിച്ച് അവനെ സമീപിച്ചു പറഞ്ഞു: ഇതെല്ലാം എപ്പോൾ സംഭവിക്കുമെന്നും നിൻെറ ആഗമനത്തിൻെറയുംയുഗാന്തത്തിൻെറയും അടയാളമെന്താണെന്നും ഞങ്ങൾക്കു പറഞ്ഞുതരണമേ!
മത്താ 24:4	യേശു പറഞ്ഞു: ആരും നിങ്ങളെ വഴിതെറ്റിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ.
മത്താ 24:5	പലരും എൻെറ നാമത്തിൽ വന്ന്, ഞാൻ ക്രിസ്തുവാണ് എന്നുപറയുകയും അനേകരെ വഴിതെറ്റിക്കുകയും ചെയ്യും.
മത്താ 24:6	നിങ്ങൾയുദ്ധങ്ങളെപ്പറ്റി കേൾക്കും; അവയെപ്പറ്റിയുള്ള കിംവദന്തികളും. എന്നാൽ, നിങ്ങൾ അസ്വസ്ഥരാകരുത്. കാരണം, ഇതെല്ലാം സംഭവിക്കേണ്ടതാണ്. എന്നാൽ, ഇനിയും അവസാനമായിട്ടില്ല.
മത്താ 24:7	ജനം ജനത്തിനെതിരായും രാജ്യം രാജ്യത്തിനെതിരായും ഉണർന്നെഴുന്നേൽക്കും. ക്ഷാമങ്ങളും ഭൂകമ്പങ്ങളും പലസ്ഥലങ്ങളിലും ഉണ്ടാകും.
മത്താ 24:8	ഇതെല്ലാം ഈററുനോവിൻെറ ആരംഭം മാത്രമാണ്.

235. വരാനിരിക്കുന്ന കഷ്ടത

മത്താ 24:9	അവർ നിങ്ങളെ പീഡനത്തിന് ഏൽപിച്ചുകൊടുക്കും. അവർ നിങ്ങളെ വധിക്കും. എൻെറ നാമം നിമിത്തം സർവജനങ്ങളും നിങ്ങളെ ദ്വേഷിക്കും.
മത്താ 24:10	അനേകർ വിശ്വാസം ഉപേക്ഷിക്കുകയും പരസ്പരം ഒറ്റിക്കൊടുക്കുകയും ദ്വേഷിക്കുകയും ചെയ്യും.
മത്താ 24:11	നിരവധി വ്യാജപ്രവാചകൻമാർ പ്രത്യക്ഷപ്പെട്ട് അനേകരെ വഴിതെറ്റിക്കും.
മത്താ 24:12	അധർമം വർധിക്കുന്നതിനാൽ പലരുടെയും സ്നേഹം തണുത്തുപോകും.
മത്താ 24:13	എന്നാൽ, അവസാനംവരെ സഹിച്ചുനിൽക്കുന്നവൻ രക്ഷിക്കപ്പെടും.

മത്താ 24:14	എല്ലാ ജനതകളുടെയും സാക്ഷ്യത്തിനായി രാജ്യത്തിൻെറ ഈ സുവിശേഷം ലോകമെങ്ങും പ്രസംഗിക്കപ്പെടും. അതിനുശേഷം അന്ത്യം ആഗതമാകും.
മത്താ 10:17	മനുഷ്യരെ സൂക്ഷിച്ചുകൊള്ളുവിൻ; അവർ നിങ്ങളെന്യായാധിപസംഘങ്ങൾക്ക് ഏൽപിച്ചുകൊടുക്കും. തങ്ങളുടെ സിനഗോഗുകളിൽവച്ച് അവർ നിങ്ങളെ മർദിക്കും.
മത്താ 10:18	നിങ്ങൾ എന്നെപ്രതി നാടുവാഴികളുടെയും രാജാക്കൻമാരുടെയും സന്നിധിയിലേക്കു നയിക്കപ്പെടും. അവിടെ അവരുടെയും വിജാതീയരുടെയും മുമ്പാകെ നിങ്ങൾ സാക്ഷ്യം നൽകും.
മത്താ 10:19	അവർ നിങ്ങളെ ഏൽപിച്ചുകൊടുക്കുമ്പോൾ, എങ്ങനെ പറയണമെന്നോ എന്തു പറയണമെന്നോ നിങ്ങൾ ആകുലപ്പെടേണ്ടാ. നിങ്ങൾ പറയേണ്ടത് ആ സമയത്തു നിങ്ങൾക്കു നൽകപ്പെടും.
മത്താ 10:20	എന്തെന്നാൽ, നിങ്ങളല്ല, നിങ്ങളിലൂടെ നിങ്ങളുടെ പിതാവിൻെറ ആത്മാവാണു സംസാരിക്കുന്നത്.
മത്താ 10:21	സഹോദരൻ സഹോദരനെയും പിതാവ് പുത്രനെയും മരണത്തിന് ഏൽപിച്ചുകൊടുക്കും; മക്കൾ മാതാപിതാക്കൻമാരെ എതിർക്കുകയും അവരെ വധിക്കുകയും ചെയ്യും.
മത്താ 10:22	എൻെറ നാമംമൂലം നിങ്ങൾ സർവരാലും ദ്വേഷിക്കപ്പെടും. അവസാനംവരെ സഹിച്ചുനിൽക്കുന്നവൻ രക്ഷപെടും.
മത്താ 10:23	ഒരു പട്ടണത്തിൽ അവർ നിങ്ങളെ പീഡിപ്പിക്കുമ്പോൾ മറ്റൊന്നിലേക്ക് ഓടിപ്പോകുവിൻ. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: മനുഷ്യപുത്രൻെറ ആഗമനത്തിനുമുമ്പ്, നിങ്ങൾ ഇസ്രായേലിലെ പട്ടണങ്ങളെല്ലാം ഇങ്ങനെ ഓടി പൂർത്തിയാക്കുകയില്ല.
മത്താ 10:24	ശിഷ്യൻ ഗുരുവിനെക്കാൾ വലിയവനല്ല; ഭൃത്യൻയജമാനനെക്കാൾ വലിയ വനല്ല.
മത്താ 10:25	ശിഷ്യൻ ഗുരുവിനെപ്പോലെയും ഭൃത്യൻയജമാനനെപ്പോലെയും ആയാൽ മതി. ഗൃഹനാഥനെ അവർ ബേൽസെബൂൽ എന്നു വിളിച്ചെങ്കിൽ അവൻെറ കുടുംബാംഗങ്ങളെ എന്തുതന്നെ വിളിക്കുകയില്ല!

236. ജറുസലെമിൻെറ പതനം

മത്താ 24:15	ദാനിയേൽ പ്രവാചകൻ പ്രവചിച്ചവിനാശത്തിൻെറ അശുദ്ധലക്ഷണം വിശുദ്ധ സ്ഥലത്തു നിൽക്കുന്നതു കാണുമ്പോൾ – വായിക്കുന്നവൻ ഗ്രഹിക്കട്ടെ –
മത്താ 24:16	യൂദയായിലുള്ളവർ പർവതങ്ങളിലേക്കു പലായനം ചെയ്യട്ടെ.
മത്താ 24:17	പുരമുകളിലായിരിക്കുന്നവൻ വീട്ടിൽ നിന്ന് എന്തെങ്കിലും എടുക്കാൻ താഴേക്ക് ഇറങ്ങാതിരിക്കട്ടെ.
മത്താ 24:18	വയലിലായിരിക്കുന്നവൻ മേലങ്കിയെടുക്കാൻ പിന്തിരിയരുത്.
മത്താ 24:19	ആദിവസങ്ങളിൽ ഗർഭിണികൾക്കും മുലയൂട്ടുന്നവർക്കും ദുരിതം!
മത്താ 24:20	നിങ്ങളുടെ പലായനം ശീതകാലത്തോ സാബത്തിലോ ആകാതിരിക്കാൻ പ്രാർഥിക്കുവിൻ.
മത്താ 24:21	എന്തെന്നാൽ, ലോകാരംഭം മുതൽ ഇന്നേവരെ ഉണ്ടായിട്ടില്ലാത്ത, ഇനി ഉണ്ടാകാനിടയില്ലാത്ത, ഉഗ്രപീഡനം അന്നുണ്ടാകും.
മത്താ 24:22	ആദിവസങ്ങൾ പരിമിതപ്പെടുത്തിയില്ലായിരുന്നെങ്കിൽ, ഒരുവനും രക്ഷപെടുകയില്ലായിരുന്നു. എന്നാൽ, തെരഞ്ഞെടുക്കപ്പെട്ടവരെ പ്രതി ആദിവസങ്ങൾ പരിമിതപ്പെടുത്തും.

237. മനുഷ്യപുത്രൻെറ ആഗമനം

മത്താ 24:23	ഇതാ, ക്രിസ്തു ഇവിടെ അല്ലെങ്കിൽ അവിടെ എന്ന് ആരെങ്കിലും പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കരുത്.
മത്താ 24:24	കാരണം, കള്ളക്രിസ്തുമാരും വ്യാജപ്രവാചകൻമാരും പ്രത്യക്ഷപ്പെടുകയും സാധ്യമെങ്കിൽ തെരഞ്ഞെടുക്കപ്പെട്ടവരെപ്പോലും വഴിതെറ്റിക്കത്തക്കവിധം വലിയ അടയാളങ്ങളും അദ്ഭുതങ്ങളും കാണിക്കുകയും ചെയ്യും.
മത്താ 24:25	ഇതാ, ഞാൻ മുൻകൂട്ടി നിങ്ങളോടു പറഞ്ഞിരിക്കുന്നു.
മത്താ 24:26	അതുകൊണ്ട്, അവൻ മരുഭൂമിയിലുണ്ടെന്ന് അവർ പറഞ്ഞാൽ നിങ്ങൾ പുറപ്പെടരുത്. അവൻ മുറിക്കുള്ളിലുണ്ട് എന്നു പറഞ്ഞാലും നിങ്ങൾ വിശ്വസിക്കരുത്.
മത്താ 24:27	കിഴക്കുനിന്നു പടിഞ്ഞാറോട്ടു പായുന്ന മിന്നൽപ്പിണർപോലെയായിരിക്കും മനുഷ്യപുത്രൻെറ ആഗമനം.
മത്താ 24:28	ശവമുള്ളിടത്ത് കഴുകൻമാർ വന്നുകൂടും.
മത്താ 24:29	അക്കാലത്തെ പീഡനങ്ങൾക്കുശേഷം പൊടുന്നനെ സൂര്യൻ ഇരുണ്ടുപോകും. ചന്ദ്രൻ പ്രകാശം തരുകയില്ല. നക്ഷത്രങ്ങൾ ആകാശത്തിൽനിന്നു നിപതിക്കും. ആകാശ ശക്തികൾ ഇളകുകയും ചെയ്യും.
മത്താ 24:30	അപ്പോൾ ആകാശത്തിൽ മനുഷ്യപുത്രൻെറ അടയാളം പ്രത്യക്ഷപ്പെടും; ഭൂമിയിലെ സർവഗോത്രങ്ങളും വിലപിക്കുകയും മനുഷ്യപുത്രൻ വാനമേഘങ്ങളിൽ ശക്തിയോടും മഹത്വത്തോടുംകൂടെ വരുന്നതു കാണുകയുംചെയ്യും.
മത്താ 24:31	വലിയ കാഹളധ്വനിയോടുകൂടെ തൻെറ ദൂതൻമാരെ അവൻ അയയ്ക്കും. അവർ ആകാശത്തിൻെറ ഒരറ്റം മുതൽ മറ്റേ അറ്റംവരെ നാലുദിക്കുകളിലുംനിന്ന് അവൻെറ തെരഞ്ഞെടുക്കപ്പെട്ടവരെ ഒരുമിച്ചുകൂട്ടും.

238. അത്തിമരത്തിന്റെ ഉപമ

മത്തായി 24:32	അത്തിമരത്തിൽനിന്നു പഠിക്കുവിൻ. അതിൻെറ കൊമ്പുകൾ ഇളതാവുകയും തളിർക്കുകയും ചെയ്യുമ്പോൾ വേനൽക്കാലം അടുത്തിരിക്കുന്നുവെന്നു നിങ്ങൾ മനസ്സിലാക്കുന്നു.
മത്തായി 24:33	അതുപോലെ, ഇതെല്ലാം കാണുമ്പോൾ അവൻ സമീപത്ത്, വാതിൽക്കലെത്തിയിരിക്കുന്നു എന്നു നിങ്ങൾ മനസ്സിലാക്കിക്കൊള്ളുവിൻ.
മത്തായി 24:34	സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഇതെല്ലാം സംഭവിക്കുന്നതുവരെ ഈ തലമുറ കടന്നുപോവുകയില്ല.
മത്തായി 24:35	ആകാശവും ഭൂമിയും കടന്നുപോകും; എന്നാൽ, എൻെറ വചനങ്ങൾ കടന്നുപോവുകയില്ല.
മത്തായി 24:36	ആദിവസത്തെക്കുറിച്ചോ മണിക്കൂറിനെക്കുറിച്ചോ പിതാവിനല്ലാതെ മറ്റാർക്കും, സ്വർഗത്തിലെ ദൂതൻമാർക്കോ പുത്രനുപോലുമോ അറിഞ്ഞുകൂടാ.

239. ജാഗരൂകരായിരിക്കുക

ലൂക്കാ 21:34	സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ നിങ്ങളുടെ മന സ്സു ദുർബലമാവുകയും, ആദിവസം ഒരു കെണിപോലെ പെട്ടെന്നു നിങ്ങളുടെമേൽ വന്നു വീഴുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുവിൻ.
മർക്കോ 13:33	ശ്രദ്ധാപൂർവം ഉണർന്നിരിക്കുവിൻ. സമയം എപ്പോഴാണെന്നു നിങ്ങൾക്കറിവില്ലല്ലോ.
മർക്കോ 13:34	വീടുവിട്ടു ദൂരേക്കു പോകുന്ന ഒരുവൻ സേവകർക്ക് അവരവരുടെ ചുമതലയും കാവൽക്കാരന് ഉണർന്നിരിക്കാനുള്ള കൽപനയും നൽകുന്നതുപോലെയാണ് ഇത്.
മർക്കോ 13:35	ആകയാൽ, ജാഗരൂകരായിരിക്കുവിൻ. എന്തെന്നാൽ, ഗൃഹനാഥൻ എപ്പോൾ വരുമെന്ന്, സന്ധ്യയ്ക്കോ അർധരാത്രിക്കോ കോഴി കൂവുമ്പോഴോ രാവിലെയോ എന്നു നിങ്ങൾക്കറിഞ്ഞുകൂടാ.
മർക്കോ 13:36	അവൻ പെട്ടെന്നു കയറിവരുമ്പോൾ നിങ്ങളെ നിദ്രാധീനരായിക്കാണരുതല്ലോ.
മർക്കോ 13:37	ഞാൻ നിങ്ങളോടു പറയുന്നത് എല്ലാവരോടുമായിട്ടാണ് പറയുന്നത്; ജാഗരൂകരായിരിക്കുവിൻ.

240. പത്തുകന്യകമാരുടെ ഉപമ

മത്തായി 25:1	സ്വർഗരാജ്യം, വിളക്കുമെടുത്ത് മണവാളനെ എതിരേൽക്കാൻ പുറപ്പെട്ട പത്തുകന്യകമാർക്കു സദൃശം.
മത്തായി 25:2	അവരിൽ അഞ്ചു പേർ വിവേകശൂന്യരും അഞ്ചുപേർ വിവേകവതികളുമായിരുന്നു.
മത്തായി 25:3	വിവേകശൂന്യകൾ വിളക്കെടുത്തപ്പോൾ എണ്ണ കരുതിയില്ല.
മത്തായി 25:4	വിവേകവതികളാകട്ടെ വിളക്കുകളോടൊപ്പം പാത്രങ്ങളിൽ എണ്ണയും എടുത്തിരുന്നു.
മത്തായി 25:5	മണവാളൻ വരാൻ വൈകി. ഉറക്കം വരുകയാൽ കന്യകമാർ കിടന്നുറങ്ങി.
മത്തായി 25:6	അർധരാത്രിയിൽ, ഇതാ, മണവാളൻ! പുറത്തുവന്ന് അവനെ എതിരേൽക്കുവിൻ! എന്ന് ആർപ്പുവിളിയുണ്ടായി.
മത്തായി 25:7	ആ കന്യകമാരെല്ലാം ഉണർന്ന് വിളക്കുകൾ തെളിച്ചു.
മത്തായി 25:8	വിവേക ശൂന്യകൾ വിവേകവതികളോടു പറഞ്ഞു: ഞങ്ങളുടെ വിളക്കുകൾ അണഞ്ഞുപോകുന്നതിനാൽ നിങ്ങളുടെ എണ്ണയിൽ കുറെ ഞങ്ങൾക്കു തരുക.
മത്തായി 25:9	വിവേകവതികൾ മറുപടി പറഞ്ഞു: ഞങ്ങൾക്കും നിങ്ങൾക്കും മതിയാകാതെ വരുമെന്നതിനാൽ നിങ്ങൾ വിൽപനക്കാരുടെ അടുത്തുപോയി വാങ്ങിക്കൊള്ളുവിൻ.
മത്തായി 25:10	അവർ വാങ്ങാൻ പോയപ്പോൾ മണവാളൻ വന്നു. ഒരുങ്ങിയിരുന്നവർ അവനോടൊത്തു വിവാഹവിരുന്നിന് അകത്തു പ്രവേശിച്ചു; വാതിൽ അടയ്ക്കപ്പെടുകയും ചെയ്തു.
മത്തായി 25:11	പിന്നീട് മറ്റു കന്യകമാർ വന്ന്, കർത്താവേ, കർത്താവേ, ഞങ്ങൾക്കു തുറന്നു തരണമേ എന്ന് അപേക്ഷിച്ചു.
മത്തായി 25:12	അവൻ പ്രതിവചിച്ചു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഞാൻ നിങ്ങളെ അറിയുകയില്ല.
മത്തായി 25:13	അതുകൊണ്ട് ജാഗരൂകരായിരിക്കുവിൻ. ആദിവസമോ മണിക്കൂറോ നിങ്ങൾ അറിയുന്നില്ല.

241. താലന്തുകളുടെ ഉപമ

മത്തായി 25:14	ഒരുവൻ യാത്ര പുറപ്പെടുന്നതിനു മുമ്പ് ഭൃത്യൻമാരെ വിളിച്ച് തൻെറ സമ്പത്ത് അവരെ ഭരമേൽപിച്ചതുപോലെയാണ് സ്വർഗരാജ്യം.
മത്തായി 25:15	അവൻ ഓരോരുത്തൻെറയും കഴിവനുസരിച്ച് ഒരുവന് അഞ്ചു താലന്തും മറ്റൊരുവന് രണ്ടും വേറൊരുവന് ഒന്നും കൊടുത്തശേഷംയാത്ര പുറപ്പെട്ടു.
മത്തായി 25:16	അഞ്ചു താലന്തു ലഭിച്ചവൻ ഉടനെപോയി വ്യാപാരം ചെയ്ത് അഞ്ചു താലന്തു കൂടി സമ്പാദിച്ചു.
മത്തായി 25:17	രണ്ടു താലന്തു കിട്ടിയവനും രണ്ടുകൂടി നേടി.
മത്തായി 25:18	എന്നാൽ, ഒരു താലന്തു ലഭിച്ചവൻ പോയി നിലം കുഴിച്ച്യജമാനൻെറ പണം മറച്ചുവച്ചു.
മത്തായി 25:19	ഏറെക്കാലത്തിനുശേഷം ആ ഭൃത്യൻമാരുടെയജമാനൻ വന്ന് അവരുമായി കണക്കുതീർത്തു.
മത്തായി 25:20	അഞ്ചു താലന്തു കിട്ടിയവൻ വന്ന്, അഞ്ചു കൂടി സമർപ്പിച്ച്,യജ മാനനേ, നീ എനിക്ക് അഞ്ചു താലന്താണല്ലോ നൽകിയത്. ഇതാ, ഞാൻ അഞ്ചുകൂടി സമ്പാദിച്ചിരിക്കുന്നു എന്നു പറഞ്ഞു.

മത്താ 25:21	യജമാനൻ പറഞ്ഞു: കൊള്ളാം, നല്ലവനും വിശ്വസ്തനുമായ ഭൃത്യാ, അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നതിനാൽ അനേകകാര്യങ്ങൾ നിന്നെ ഞാൻ ഭരമേൽപിക്കും. നിൻെറ യജമാനൻെറ സന്തോഷത്തിലേക്കു നീ പ്രവേശിക്കുക.
മത്താ 25:22	രണ്ടു താലന്തു കിട്ടിയ വനും വന്നുപറഞ്ഞു:യജമാനനേ, നീ എനിക്കു രണ്ടു താലന്താണല്ലോ നൽകിയത്. ഇതാ, ഞാൻ രണ്ടുകൂടി സമ്പാദിച്ചിരിക്കുന്നു.
മത്താ 25:23	യജമാനൻ പറഞ്ഞു: കൊള്ളാം, നല്ലവനും വിശ്വസ്തനുമായ ഭൃത്യാ, അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നതിനാൽ അനേക കാര്യങ്ങൾ നിന്നെ ഞാൻ ഭരമേൽപിക്കും. നിൻെറ യജമാനൻെറ സന്തോഷത്തിലേക്കു നീ പ്രവേശിക്കുക.
മത്താ 25:24	ഒരു താലന്തു കിട്ടിയവൻ വന്നു പറഞ്ഞു:യജമാനനേ, നീ വിതയ്ക്കാത്തിടത്തുനിന്നു കൊയ്യുകയും വിതറാത്തിടത്തുനിന്നു ശേഖരിക്കുകയും ചെയ്യുന്ന കഠിനഹൃദയനാണെന്ന് ഞാൻ മനസ്സിലാക്കി.
മത്താ 25:25	അതിനാൽ ഞാൻ ഭയപ്പെട്ട് നിൻെറ താലന്ത് മണ്ണിൽ മറച്ചുവച്ചു. ഇതാ, നിൻേറ ത് എടുത്തുകൊള്ളുക.
മത്താ 25:26	യജമാനൻ പറഞ്ഞു: ദുഷ്ടനും മടിയനുമായ ഭൃത്യാ, ഞാൻ വിതയ്ക്കാത്തിടത്തുനിന്നു കൊയ്യുന്നവനും വിതറാത്തിടത്തുനിന്ന് ശേഖരിക്കുന്നവനും ആണെന്നു നീ മനസ്സിലാക്കിയിരുന്നല്ലോ.
മത്താ 25:27	എൻെറ നാണയം നീ പണവ്യാപാരികളുടെ പക്കൽ നിക്ഷേപിക്കേണ്ടതായിരുന്നു. ഞാൻ വന്ന് എൻെറ പണം പലിശ സഹിതം വാങ്ങുമായിരുന്നു.
മത്താ 25:28	ആ താലന്ത് അവനിൽ നിന്നെടുത്ത്, പത്തു താലന്തുള്ളവനുകൊടുക്കുക.
മത്താ 25:29	ഉള്ളവനു നൽകപ്പെടും; അവനു സമൃദ്ധിയുണ്ടാവുകയും ചെയ്യും. ഇല്ലാത്തവനിൽനിന്ന് ഉള്ളതുപോലും എടുക്കപ്പെടും.
മത്താ 25:30	പ്രയോജനമില്ലാത്ത ആ ഭൃത്യനെ പുറത്ത് അന്ധകാരത്തിലേക്കു തള്ളിക്കളയുക. അവിടെ വിലാപവും പല്ലുകടിയുമായിരിക്കും.

242. അവസാന വിധി

മത്താ 25:31	മനുഷ്യപുത്രൻ എല്ലാ ദൂതൻമാരോടുംകൂടെ മഹത്വത്തിൽ എഴുന്നള്ളുമ്പോൾ അവൻ തൻെറ മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനാകും.
മത്താ 25:32	അവൻെറ മുമ്പിൽ എല്ലാ ജനതകളും ഒരുമിച്ചു കൂട്ടപ്പെടും. ഇടയൻ ചെമ്മരിയാടുകളെ കോലാടുകളിൽനിന്നു വേർതിരിക്കുന്നതുപോലെ
മത്താ 25:33	അവൻ അവരെ തമ്മിൽ വേർതിരിക്കും. അവൻ ചെമ്മരിയാടുകളെ തൻെറ വലത്തുവശത്തും കോലാടുകളെ ഇടത്തുവശത്തും നിറുത്തും.
മത്താ 25:34	അനന്തരം രാജാവ് തൻെറ വലത്തുഭാഗത്തുള്ളവരോട് അരുളിച്ചെയ്യും: എൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ.
മത്താ 25:35	എന്തെന്നാൽ എനിക്കു വിശന്നു; നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു; നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചു.
മത്താ 25:36	ഞാൻ നഗ്നനായിരുന്നു; നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചു. ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എൻെറ യടുത്തു വന്നു.
മത്താ 25:37	അപ്പോൾ നീതിമാൻമാർ ഇങ്ങനെ മറുപടി പറയും: കർത്താവേ, നിന്നെ വിശക്കുന്നവനായിക്കണ്ട് ഞങ്ങൾ ആഹാരം നൽകിയതും ദാഹിക്കുന്നവനായികണ്ട് കുടിക്കാൻ നൽകിയതും എപ്പോൾ?
മത്താ 25:38	നിന്നെ പരദേശിയായിക്കണ്ട് സ്വീകരിച്ചതും നഗ്നനായിക്കണ്ട് ഉടുപ്പിച്ചതും എപ്പോൾ?
മത്താ 25:39	നിന്നെ ഞങ്ങൾ രോഗാവസ്ഥയിലോകാരാഗൃഹത്തിലോകണ്ടു സന്ദർശിച്ചത് എപ്പോൾ?
മത്താ 25:40	രാജാവു മറുപടി പറയും: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എൻെറ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്.
മത്താ 25:41	അനന്തരം അവൻ തൻെറ ഇടത്തു ഭാഗത്തുള്ളവരോടു പറയും: ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നിൽ നിന്നകന്ന് പിശാചിനും അവൻെറ ദൂതൻമാർക്കുമായി സജ്ജമാക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ.
മത്താ 25:42	എനിക്കു വിശന്നു; നിങ്ങൾ ആഹാരം തന്നില്ല. എനിക്കു ദാഹിച്ചു; നിങ്ങൾ കുടിക്കാൻ തന്നില്ല.
മത്താ 25:43	ഞാൻ പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചില്ല. ഞാൻ നഗ്നനായിരുന്നു; നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല. രോഗാവസ്ഥയിലും കാരാഗൃഹത്തിലും ആയിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചില്ല.
മത്താ 25:44	അപ്പോൾ അവർ ചോദിക്കും: കർത്താവേ, ഞങ്ങൾ നിന്നെ വിശക്കുന്നവനോ, ദാഹിക്കുന്നവനോ, പരദേശിയോ, നഗ്നനോരോഗിയോ, കാരാഗൃഹത്തിൽ കഴിയുന്നവനോ ആയി കണ്ടതും നിനക്കു ശുശ്രൂഷ ചെയ്യാതിരുന്നതും എപ്പോൾ?
മത്താ 25:45	അവൻ മറുപടി പറയും: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഈ ഏറ്റവും എളിയവരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്യാതിരുന്നപ്പോൾ എനിക്കു തന്നെയാണു ചെയ്യാതിരുന്നത്.
മത്താ 25:46	ഇവർ നിത്യശിക്ഷയിലേക്കും നീതിമാൻമാർ നിത്യജീവനിലേക്കും പ്രവേശിക്കും.
മത്താ 26:1	യേശു ഈ വചനങ്ങളെല്ലാം അവസാനിപ്പിച്ചശേഷം ശിഷ്യൻമാരോടു പറഞ്ഞു:
മത്താ 26:2	രണ്ടു ദിവസം കഴിഞ്ഞ് പെസഹായാണെന്നു നിങ്ങൾക്കറിയാമല്ലോ. മനുഷ്യപുത്രൻ ക്രൂശിക്കപ്പെടാനായി ഏൽപിക്കപ്പെടും.

243. യേശുവിനെ വധിക്കാൻ ആലോചന

ലൂക്കാ 22:1	പെസഹാ എന്നു വിളിക്കപ്പെടുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ അ ടുത്തു.
ലൂക്കാ 22:2	പുരോഹിതൻമാരും നിയമജ്ഞ രും അവനെ എങ്ങനെ വധിക്കാമെന്ന് അ ന്വേഷിച്ചുകൊണ്ടിരുന്നു. പക്ഷേ, അവർ ജനങ്ങളെ ഭയപ്പെട്ടു.
ലൂക്കാ 22:3	പന്ത്രണ്ടുപേരിൽ ഒരുവനും സ്കറിയോത്താ എന്നു വിളിക്കപ്പെടുന്നവനുമായ യൂദാസിൽ സാത്താൻ പ്രവേശിച്ചു.
ലൂക്കാ 22:4	അവൻ പുരോഹിതപ്രമുഖൻമാരെയും സേനാധിപൻമാരെയും സമീപിച്ച് എങ്ങനെയാണ് യേശുവിനെ അവർക്ക് ഒറ്റിക്കൊടുക്കേണ്ടത് എന്ന് ആലോചിച്ചു.
ലൂക്കാ 22:5	അവർ സന്തോഷിച്ച് അവനു പണം കൊടുക്കാമെന്നു വാഗ്ദാനം ചെയ്തു.
ലൂക്കാ 22:6	അവൻ അവർക്കു വാക്കു കൊടുത്തു. ജനക്കൂട്ടമില്ലാത്തപ്പോൾ അവനെ ഒറ്റിക്കൊടുക്കാൻ അവൻ അവസരം പാർത്തുകൊണ്ടിരുന്നു.

244. യേശു തന്റെ മരണത്തേക്കുറിച്ച് സംസാരിക്കുന്നു

യോഹ 12:20	തിരുനാളിൽ ആരാധിക്കാൻ വന്നവരിൽ ഏതാനും ഗ്രീക്കുകാരുമുണ്ടായിരുന്നു.
യോഹ 12:21	ഇവർ ഗലീലിയിലെ ബേത്സയ്ദായിൽനിന്നുള്ള പീലിപ്പോസിന്റെ അടുക്കൽ ചെന്നു പറഞ്ഞു: പ്രഭോ, ഞങ്ങൾ യേശുവിനെ കാണാൻ ആഗ്രഹിക്കുന്നു.
യോഹ 12:22	പീലിപ്പോസ് പോയി അന്ത്രയോസിനോടു പറഞ്ഞു: അന്ത്രയോസും പീലിപ്പോസും കൂടി യേശുവിനെ വിവരമറിയിച്ചു.
യോഹ 12:23	യേശു പറഞ്ഞു: മനുഷ്യപുത്രൻമഹത്വപ്പെടാനുള്ള സമയമായിരിക്കുന്നു.
യോഹ 12:24	സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും.
യോഹ 12:25	തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തുന്നു. ഈ ലോകത്തിൽ തന്റെ ജീവനെ ദ്വേഷിക്കുന്നവൻ നിത്യജീവനിലേക്ക് അതിനെ കാത്തുസൂക്ഷിക്കും.
യോഹ 12:26	എന്നെ ശുശ്രൂഷിക്കാൻ ആഗ്രഹിക്കുന്നവൻ എന്നെ അനുഗമിക്കട്ടെ. അപ്പോൾ, ഞാൻ ആയിരിക്കുന്നിടത്ത് എന്റെ ശുശ്രൂഷകനും ആയിരിക്കും; എന്നെ ശുശ്രൂഷിക്കുന്നവനെ പിതാവു ബഹുമാനിക്കും.
യോഹ 12:27	ഇപ്പോൾ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു. ഞാൻ എന്തു പറയേണ്ടു? പിതാവേ, ഈ മണിക്കൂറിൽനിന്ന് എന്നെ രക്ഷിക്കണമേ! അല്ല, ഇതിനുവേണ്ടിയാണല്ലോ ഈ മണിക്കൂറിലേക്കു ഞാൻ വന്നത്.
യോഹ 12:28	പിതാവേ, അങ്ങയുടെ നാമത്തെ മഹത്വപ്പെടുത്തണമേ! അപ്പോൾ സ്വർഗത്തിൽനിന്ന് ഒരു സ്വരമുണ്ടായി: ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹ ത്വപ്പെടുത്തും.
യോഹ 12:29	അവിടെ നിന്നിരുന്ന ജനക്കൂട്ടം ഇതു കേട്ടിട്ട്, ഇടിമുഴക്കമുണ്ടായി എന്നു പറഞ്ഞു. എന്നാൽ ചിലർ ഒരു ദൂതൻ അവനോടു സംസാരിച്ചു എന്നു പറഞ്ഞു.
യോഹ 12:30	യേശു പറഞ്ഞു: ഈ സ്വരമുണ്ടായത് എനിക്കുവേണ്ടിയല്ല, നിങ്ങൾക്കുവേണ്ടിയാണ്.
യോഹ 12:31	ഇപ്പോഴാണ് ഈ ലോകത്തിന്റെന്യായവിധി. ഇപ്പോൾ ഈ ലോകത്തിന്റെ അധികാരി പുറന്തള്ളപ്പെടും.
യോഹ 12:32	ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും.
യോഹ 12:33	അവൻ ഇതു പറഞ്ഞത്, താൻ ഏതു വിധത്തിലുള്ള മരണമാണു വരിക്കാൻ പോകുന്നത് എന്നു സൂചിപ്പിക്കാനാണ്.
യോഹ 12:34	അപ്പോൾ ജനക്കൂട്ടം അവനോടു ചോദിച്ചു: ക്രിസ്തു എന്നേക്കും നിലനിൽക്കുന്നു എന്നാണല്ലോ നിയമത്തിൽ ഞങ്ങൾ കേട്ടിട്ടുള്ളത്. പിന്നെ മനുഷ്യപുത്രൻ ഉയർത്തപ്പെടേണ്ടിയിരിക്കുന്നു എന്നു നീ പറയുന്നതെങ്ങനെ? ആരാണ് ഈ മനുഷ്യപുത്രൻ?
യോഹ 12:35	യേശു അവരോടു പറഞ്ഞു: അൽപസമയത്തേക്കുകൂടി പ്രകാശം നിങ്ങളുടെയിടയിലുണ്ട്. അന്ധകാരം നിങ്ങളെ കീഴടക്കാതിരിക്കാൻ പ്രകാശമുള്ളപ്പോൾ നടന്നുകൊള്ളുവിൻ. അന്ധകാരത്തിൽ നടക്കുന്നവൻ താൻ എവിടേക്കാണ് പോകുന്നതെന്ന് അറിയുന്നില്ല.
യോഹ 12:36	നിങ്ങൾ പ്രകാശത്തിന്റെ മക്കളാകേണ്ടതിന് നിങ്ങൾക്കു പ്രകാശമുള്ളപ്പോൾ അതിൽ വിശ്വസിക്കുവിൻ.

245. യഹൂദരുടെ അവിശ്വാസം

യോഹ 12:37	ഇതു പറഞ്ഞതിനുശേഷം യേശു അവരിൽനിന്നു പോയി രഹസ്യമായി പാർത്തു. അവൻ വളരെ അടയാളങ്ങൾ അവരുടെ മുമ്പാകെ പ്രവർത്തിച്ചെങ്കിലും അവർ അവനിൽ വിശ്വസിച്ചില്ല.
യോഹ 12:38	ഏശയ്യാ പ്രവാചകൻ പറഞ്ഞവചനം പൂർത്തിയാകേണ്ടതിനാണ് ഇത്. കർത്താവേ, ഞങ്ങളുടെ സന്ദേശം ആരു വിശ്വസിച്ചു? കർത്താവിന്റെ ഭുജം ആർക്കാണു വെളിപ്പെട്ടത്?
യോഹ 12:39	അതുകൊണ്ട് അവർക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. ഏശയ്യാ വീണ്ടും പറഞ്ഞിരിക്കുന്നു:
യോഹ 12:40	അവർ തങ്ങളുടെ കണ്ണുകൾകൊണ്ടു കാണുകയും ഹൃദയംകൊണ്ട് ഗ്രഹിക്കുകയും അങ്ങനെ അവർ എന്നിലേക്കു തിരിഞ്ഞ് ഞാൻ അവരെ സുഖപ്പെടുത്തുകയുംചെയ്യാതിരിക്കേണ്ട തിന് അവിടുന്ന് അവരുടെ കണ്ണുകളെ അന്ധമാക്കുകയും ഹൃദയത്തെ കഠിനമാക്കുകയും ചെയ്തു.
യോഹ 12:41	അവന്റെ മഹത്വം കാണുകയും അവനെപ്പറ്റി സംസാരിക്കുകയും ചെയ്തതുകൊണ്ടാണ് ഏശയ്യാ ഇങ്ങനെ പ്രസ്താവിച്ചത്.
യോഹ 12:42	എന്നിട്ടും, അധികാരികളിൽപ്പോലും അനേകർ അവനിൽ വിശ്വസിച്ചു. എന്നാൽ, സിനഗോഗിൽനിന്നു ബഹിഷ്കൃതരാകാതിരിക്കാൻവേണ്ടി ഫരിസേയരെ ഭയന്ന് അവരാരും അത് ഏറ്റുപറഞ്ഞില്ല.
യോഹ 12:43	ദൈവത്തിൽനിന്നുള്ള മഹത്വത്തെക്കാളധികം മനുഷ്യരുടെ പ്രശംസ അവർ അഭിലഷിച്ചു.

246. വചനത്താലുള്ള വിധി

യോഹ 12:44	യേശു ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല, എന്നെ അയച്ചവനിലാണു വിശ്വസിക്കുന്നത്.
യോഹ 12:45	എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു.
യോഹ 12:46	എന്നിൽ വിശ്വസിക്കുന്ന വരാരും അന്ധകാരത്തിൽ വസിക്കാതിരിക്കേണ്ടതിന് ഞാൻ വെളിച്ചമായി ലോകത്തിലേക്കു വന്നിരിക്കുന്നു.
യോഹ 12:47	എൻെറ വാക്കുകൾ കേൾക്കുന്നവൻ അവ പാലിക്കുന്നില്ലെങ്കിലും ഞാൻ അവനെ വിധിക്കുന്നില്ല. കാരണം, ഞാൻ വന്നിരിക്കുന്നത് ലോകത്തെ വിധിക്കാനല്ല, രക്ഷിക്കാനാണ്.
യോഹ 12:48	എന്നാൽ, എന്നെ നിരസിക്കുകയും എൻെറ വാക്കുകൾ തിരസ്കരിക്കുകയും ചെയ്യുന്നവന് ഒരു വിധികർത്താവുണ്ട്. ഞാൻ പറഞ്ഞവചനംതന്നെ അന്ത്യദിനത്തിൽ അവനെ വിധിക്കും.
യോഹ 12:49	എന്തെന്നാൽ, ഞാൻ സ്വമേധയാ അല്ല സംസാരിച്ചത്. ഞാൻ എന്തു പറയണം, എന്തു പഠിപ്പിക്കണം എന്ന് എന്നെ അയച്ച പിതാവുതന്നെ എനിക്കു കല്പന നൽകിയിരിക്കുന്നു.
യോഹ 12:50	അവിടുത്തെ കല്പന നിത്യജീവനാണെന്നു ഞാൻ അറിയുന്നു. അതിനാൽ, ഞാൻ പറയുന്നതെല്ലാം പിതാവ് എന്നോടു കല്പിച്ചതുപോലെ തന്നെയാണ്.

247. ശിഷ്യൻമാർ പെസഹാ ഒരുക്കുന്നു

മർക്കോ 14:12	പെസഹാബലി അർപ്പിക്കുന്ന പുളിപ്പില്ലാത്ത അപ്പത്തിൻെറ ഒന്നാം ദിവസം, ശിഷ്യൻമാർ യേശുവിനോടു ചോദിച്ചു: നിനക്കു ഞങ്ങൾ എവിടെ പെസഹാ ഒരുക്കണമെന്നാണ് നീ ആഗ്രഹിക്കുന്നത്?
മർക്കോ 14:13	അവൻ രണ്ടു ശിഷ്യൻമാരെ അയച്ചുകൊണ്ടു പറഞ്ഞു: നിങ്ങൾ നഗരത്തിലേക്കുചെല്ലുക. ഒരുകുടം വെള്ളം ചുമന്നുകൊണ്ട് ഒരുവൻ നിങ്ങൾക്കെതിരേ വരും. അവനെ അനുഗമിക്കുക.
മർക്കോ 14:14	അവൻ എവിടെ ചെന്നു കയറുന്നുവോ അവിടത്തെ ഗൃഹ നാഥനോടു പറയുക: ഗുരു ചോദിക്കുന്നു, ഞാൻ എൻെറ ശിഷ്യൻമാരുമൊത്തു പെ സഹാ ഭക്ഷിക്കുന്നതിന് എൻെറ വിരുന്നുശാല എവിടെയാണ്?
മർക്കോ 14:15	സജ്ജീകൃതമായ ഒരു വലിയ മാളികമുറി അവർ കാണിച്ചുതരും. അവിടെ നമുക്കുവേണ്ടി ഒരുക്കുക.
മർക്കോ 14:16	ശിഷ്യൻമാർ പുറപ്പെട്ട് നഗരത്തിലെത്തി, അവൻ പറഞ്ഞിരുന്നതുപോലെ കണ്ടു.
മർക്കോ 14:17	അവർ പെസഹാ ഒരുക്കി. സന്ധ്യയായപ്പോൾ അവൻ പന്ത്രണ്ടുപേരുമൊരുമിച്ചു വന്നു.

248. യേശു ശിഷ്യൻമാരുടെ പാദം കഴുകുന്നു

യോഹ 13:1	ഈ ലോകം വിട്ട് പിതാവിൻെറ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനു മുമ്പ് യേശു അറിഞ്ഞു. ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു.
യോഹ 13:2	അത്താഴ സമയത്ത് പിശാച് ശിമയോൻെറ പുത്രനായ യൂദാസ് സ്കറിയോത്തായുടെ മനസ്സിൽ യേശു വിനെ ഒറ്റിക്കൊടുക്കുവാൻ തോന്നിച്ചു.
യോഹ 13:3	പിതാവ് സകലതും തൻെറ കരങ്ങളിൽഏൽപിച്ചിരിക്കുന്നുവെന്നും താൻ ദൈവത്തിൽനിന്നു വരുകയും ദൈവത്തിങ്കലേക്കുപോവുകയും ചെയ്യുന്നുവെന്നും യേശു അറിഞ്ഞു.
യോഹ 13:4	അത്താഴത്തിനിടയിൽ അവൻ എഴുന്നേറ്റ്, മേലങ്കി മാറ്റി, ഒരു തൂവാലയെടുത്ത് അരയിൽ കെട്ടി.
യോഹ 13:5	അനന്തരം, ഒരു താലത്തിൽ വെള്ളമെടുത്ത് ശിഷ്യൻമാരുടെ പാദങ്ങൾ കഴുകാനും അരയിൽ ചുറ്റിയിരുന്നതൂവാലകൊണ്ടു തുടയ്ക്കാനും തുടങ്ങി.
യോഹ 13:6	അവൻ ശിമയോൻ പത്രോസിൻെറ അടുത്തെത്തി. പത്രോസ് അവനോടു ചോദിച്ചു: കർത്താവേ, നീ എൻെറ കാൽ കഴുകുകയോ?
യോഹ 13:7	യേശു പറഞ്ഞു: ഞാൻ ചെയ്യുന്നതെന്തെന്ന് ഇപ്പോൾ നീ അറിയുന്നില്ല; എന്നാൽ പിന്നീട് അറിയും.
യോഹ 13:8	പത്രോസ് പറഞ്ഞു: നീ ഒരിക്കലും എൻെറ പാദം കഴുക രുത്. യേശു പറഞ്ഞു: ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല.
യോഹ 13:9	ശിമയോൻ പത്രോസ് പറഞ്ഞു: കർത്താവേ, എങ്കിൽ എൻെറ പാദങ്ങൾ മാത്രമല്ല, കരങ്ങളും ശിരസ്സുംകൂടി കഴുകണമേ! ശുചിയായിരിക്കും. നിങ്ങളും ശുദ്ധിയുള്ളവരാണ്; എന്നാൽ എല്ലാവരുമല്ല.
യോഹ 13:10	യേശു പ്രതിവചിച്ചു: കുളികഴിഞ്ഞവൻെറ കാലുകൾ മാത്രമേ കഴുകേണ്ടതുള്ളു. അവൻ മുഴുവൻ
യോഹ 13:11	തന്നെ ഒറ്റിക്കൊടുക്കുന്നവൻ ആരാണെന്ന് അവൻ അറിഞ്ഞിരുന്നു; അതുകൊണ്ടാണ് നിങ്ങളിൽ എല്ലാവരും ശുദ്ധിയുള്ള വരല്ല എന്ന് അവൻ പറഞ്ഞത്.
യോഹ 13:12	അവരുടെ പാദങ്ങൾ കഴുകിയതിനുശേഷം അവൻ മേലങ്കി ധരിച്ച്, സ്വസ്ഥാനത്തിരുന്ന് അവരോടു പറഞ്ഞു: ഞാനെന്താണു നിങ്ങൾക്കു ചെയ്തതെന്ന് നിങ്ങൾ അറിയുന്നുവോ?
യോഹ 13:13	നിങ്ങൾ എന്നെ ഗുരു എന്നും കർത്താവ് എന്നും വിളിക്കുന്നു. അതു ശരിതന്നെ, ഞാൻ ഗുരുവും കർത്താവുമാണ്.
യോഹ 13:14	നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം.
യോഹ 13:15	എന്തെന്നാൽ, ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ട തിന്, ഞാൻ നിങ്ങൾക്കൊരു മാതൃക നൽകിയിരിക്കുന്നു.
യാഹ 13:16	സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഭൃത്യൻയജമാനനെക്കാൾ വലിയവനല്ല; അയയ്ക്കപ്പെട്ടവൻ അയച്ചവനെക്കാളും വലിയവനല്ല.
യോഹ 13:17	ഈ കാര്യങ്ങൾ അറിഞ്ഞ് നിങ്ങൾ ഇതനുസരിച്ചു പ്രവർത്തിച്ചാൽ അനുഗൃഹീതർ.

യോഹ 13:18	നിങ്ങൾ എല്ലാവരെയുംകുറിച്ചല്ല ഞാനിതു പറയുന്നത്. ഞാൻ തെരഞ്ഞെടുത്തവരെ എനിക്കറിയാം. എൻെറ അപ്പം ഭക്ഷിക്കുന്നവൻ എനിക്കെതിരേ കുതികാലുയർത്തി എന്നതിരുവെഴുത്തു പൂർത്തിയാകേണ്ടിയിരിക്കുന്നു.
യോഹ 13:19	അതു സംഭവിക്കുമ്പോൾ ഞാൻ തന്നെ എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനാണു സംഭവിക്കുന്നതിനുമുമ്പുതന്നെ ഞാൻ നിങ്ങളോടു പറയുന്നത്.

249. യൂദാസിൻെറ വഞ്ചന

യോഹ 13:21	ഇതു പറഞ്ഞപ്പോൾ യേശു ആത്മാവിൽ അസ്വസ്ഥനായി. അവൻ വ്യക്തമായി പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും.
യോഹ 13:22	അവൻ ആരെപ്പറ്റി പറയുന്നു എന്നറിയാതെ ശിഷ്യൻമാർ ആ കുലചിത്തരായി പരസ്പരം നോക്കി.
യോഹ 13:23	ശിഷ്യൻമാരിൽ യേശു സ്നേഹിച്ചിരുന്നവൻ അവൻെറ വക്ഷസ്സിലേക്കു ചാരിക്കിടന്നിരുന്നു.
യോഹ 13:24	ശിമയോൻ പത്രോസ് അവനോട് ആംഗ്യം കാണിച്ചു പറഞ്ഞു: അവൻ ആരെപ്പറ്റി പറയുന്നു എന്നു ചോദിക്കുക.
യോഹ 13:25	യേശുവിൻെറ വക്ഷസ്സിൽ ചേർന്നു കിടന്നുകൊണ്ട് അവൻ ചോദിച്ചു: കർത്താവേ, ആരാണത്?
യോഹ 13:26	അവൻ പ്രതിവചിച്ചു: അപ്പക്കഷണം മുക്കി ഞാൻ ആർക്കു കൊടുക്കുന്നുവോ അവൻ തന്നെ. അവൻ അപ്പക്കഷണം മുക്കി ശിമയോൻ സ്കറിയോത്തായുടെ മകൻ യൂദാസിനു കൊടുത്തു.
യോഹ 13:27	അപ്പക്കഷണം സ്വീകരിച്ചതിനെത്തുടർന്ന് സാത്താൻ അവനിൽ പ്രവേശിച്ചു. യേശു അവനോടു പറഞ്ഞു: നീ ചെയ്യാനിരിക്കുന്നതു വേഗം ചെയ്യുക.
യോഹ 13:28	എന്നാൽ, ഭക്ഷണത്തിനിരുന്നവരിൽ ആരും അവൻ ഇത് എന്തിനു പറഞ്ഞുവെന്ന് അറിഞ്ഞില്ല.
യോഹ 13:29	പണസഞ്ചി യൂദാസിൻെറ പക്കലായിരുന്നതിനാൽ , നമുക്കു തിരുനാളിനാവശ്യമുള്ളതു വാങ്ങുക എന്നോ ദരിദ്രർക്ക് എന്തെങ്കിലും കൊടുക്കുക എന്നോ ആയിരിക്കാം യേശു അവനോട് ആവശ്യപ്പെട്ടതെന്നു ചിലർ വിചാരിച്ചു.
യോഹ 13:30	ആ അപ്പക്കഷണം സ്വീകരിച്ച ഉടനെ അവൻ പുറത്തു പോയി. അപ്പോൾ രാത്രിയായിരുന്നു.

250. അന്ത്യത്താഴം

ലൂക്കാ 22:15	അവൻ അവരോടു പറഞ്ഞു: പീഡയനുഭവിക്കുന്നതിനുമുമ്പ് നിങ്ങളോടു കൂടെ ഈ പെസഹാ ഭക്ഷിക്കുന്നതിന് ഞാൻ അത്യധികം ആഗ്രഹിച്ചു.
ലൂക്കാ 22:19	പിന്നെ അവൻ അപ്പമെടുത്ത്, കൃതജ്ഞതാ സ്തോത്രംചെയ്ത്, മുറിച്ച്, അവർക്കുകൊ ടുത്തുകൊണ്ട് അരുളിച്ചെയ്തു: ഇതു നിങ്ങൾക്കുവേണ്ടി നൽകപ്പെടുന്ന എൻെറ ശരീരമാണ്. എൻെറ ഓർമയ്ക്കായി ഇതു ചെയ്യുവിൻ.
ലൂക്കാ 22:16	ഞാൻ നിങ്ങളോടു പറയുന്നു: ദൈവരാജ്യത്തിൽ ഇതു പൂർത്തിയാകുന്നതുവരെ ഞാൻ ഇനി ഇതു ഭക്ഷിക്കയില്ല.
ലൂക്കാ 22:20	അപ്രകാരം തന്നെ അത്താഴത്തിനുശേഷം അവൻ പാനപാത്രം എടുത്തുകൊണ്ട് അരുളിച്ചെയ്തു: ഈ പാന പാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എൻെറ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്.
ലൂക്കാ 22:17	അവൻ പാനപാത്രം എടുത്തു കൃതജ്ഞതാസ്തോത്രം ചെയ്ത തിനുശേഷം പറഞ്ഞു: ഇതുവാങ്ങി നിങ്ങൾ പങ്കുവയ്ക്കുവിൻ.
ലൂക്കാ 22:18	ഞാൻ നിങ്ങളോടു പറയുന്നു, ഇപ്പോൾ മുതൽ ദൈവരാജ്യം വരുന്നതുവരെ മുന്തിരിയുടെ ഫലത്തിൽ നിന്ന് ഞാൻ പാനം ചെയ്യുകയില്ല.

251. ശിഷ്യൻമാർക്കിടയിലെ മുൻഗണനയേപ്പററിയുള്ള തർക്കം

ലൂക്കാ 22:24	തങ്ങളിൽ വലിയവൻ ആരാണ് എന്നൊരു തർക്കം അവരുടെയിടയിൽ ഉണ്ടായി.
ലൂക്കാ 22:25	അപ്പോൾ അവൻ അവരോടു പറഞ്ഞു: വിജാതീയരുടെമേൽ അവരുടെ രാജാക്കൻമാർ ആധിപത്യം അടിച്ചേൽപിക്കുന്നു. തങ്ങളുടെമേൽ അധികാരമുള്ളവരെ അവർ ഉപകാരികളായി കണക്കാക്കുകയും ചെയ്യുന്നു.
ലൂക്കാ 22:26	എന്നാൽ, നിങ്ങൾ അങ്ങനെയായിരിക്കരുത്. നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയവനെപ്പോലെയും അധികാരമുള്ളവൻ ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം.
ലൂക്കാ 22:27	ആരാണു വലിയവൻ, ഭക്ഷണത്തിനിരിക്കുന്നവനോ പരിചരിക്കുന്നവനോ? ഭക്ഷണത്തിനിരിക്കുന്നവനല്ലേ? ഞാനാകട്ടെ നിങ്ങളുടെയിടയിൽ പരിചരിക്കുന്നവനെപ്പോലെയാണ്.
ലൂക്കാ 22:28	എൻെറ പരീക്ഷകളിൽ എന്നോടുകൂടെ നിരന്തരം ഉണ്ടായിരുന്നവരാണു നിങ്ങൾ.
ലൂക്കാ 22:29	എൻെറ പിതാവ് എനിക്കു രാജ്യം കൽപിച്ചു തന്നിരിക്കുന്നതുപോലെ ഞാൻ നിങ്ങൾക്കും തരുന്നു.
ലൂക്കാ 22:30	അത് നിങ്ങൾ എൻെറ രാജ്യത്തിൽ എൻെറ മേശയിൽനിന്നു ഭക്ഷിക്കുകയും പാനം ചെയ്യുകയും സിംഹാസനങ്ങളിൽ ഇരുന്ന് ഇസ്രായേലിലെ പന്ത്രണ്ടുഗോത്രങ്ങളെ വിധിക്കുകയും ചെയ്യുന്നതിനുവേണ്ടിയത്രേ.

252. പുതിയ പ്രമാണം

മത്താ 26:30	സ്തോത്രഗീതം ആലപിച്ചശേഷം അവർ ഒലിവുമലയിലേക്കു പോയി.
യോഹ 13:31	അവൻ പുറത്തു പോയിക്കഴിഞ്ഞപ്പോൾ യേശു പറഞ്ഞു: ഇപ്പോൾ മനുഷ്യപുത്രൻമഹത്വപ്പെട്ടിരിക്കുന്നു. അവനിൽ ദൈവവും മഹത്വപ്പെട്ടിരിക്കുന്നു.
യോഹ 13:32	ദൈവം അവനിൽ മഹത്വപ്പെട്ടുവെങ്കിൽ ദൈവം അവനെ തന്നിൽ മഹത്വപ്പെടുത്തും; ഉടൻതന്നെ മഹത്വപ്പെടുത്തും.

യോഹ 13:33	എൻെറ കുഞ്ഞുങ്ങളേ, ഇനി അൽപസമയംകൂടി ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. നിങ്ങൾ എന്നെ അന്വേഷിക്കും. എന്നാൽ, ഞാൻ യഹൂദരോടു പറഞ്ഞതുപോലെ ഇപ്പോൾ നിങ്ങളോടും പറയുന്നു, ഞാൻ പോകുന്നിടത്തേക്കു വരാൻ നിങ്ങൾക്കു കഴിയുകയില്ല.
യോഹ 13:34	ഞാൻ പുതിയൊരു കൽപന നിങ്ങൾക്കു നൽകുന്നു.
യോഹ 13:35	നിങ്ങൾ പരസ്പരം സ്നേഹിക്കു വിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എൻെറ ശിഷ്യൻമാരാണെന്ന് അതുമൂലം എല്ലാവരും അറിയും.

253. പത്രോസ് ഗുരുവിനെ നിഷേധിക്കും

യോഹ 13:36	ശിമയോൻ പത്രോസ് ചോദിച്ചു: കർത്താവേ, നീ എവിടേക്കു പോകുന്നു? യേശു പ്രതിവചിച്ചു: ഞാൻ പോകുന്നിടത്തേക്ക് ഇപ്പോൾ എന്നെ അനുഗമിക്കാൻ നിനക്കു കഴിയുകയില്ല. എന്നാൽ, പിന്നീടു നീ അനുഗമിക്കും.
യോഹ 13:37	പത്രോസ് പറഞ്ഞു: കർത്താവേ, ഇപ്പോൾത്തന്നെ നിന്നെ അനുഗമിക്കാൻ എനിക്കു കഴിയാത്തത് എന്തുകൊണ്ട്? നിനക്കുവേണ്ടി എൻെറ ജീവൻ ഞാൻ ത്യജിക്കും.
മത്താ 26:31	യേശു അവരോടു പറഞ്ഞു: ഈ രാത്രി നിങ്ങൾ എല്ലാവരും എന്നിൽ ഇടറും. ഞാൻ ഇടയനെ അടിക്കും; ആടുകൾ ചിതറിപ്പോകും എന്നെഴുതപ്പെട്ടിരിക്കുന്നു.
മത്താ 26:32	എന്നാൽ, ഞാൻ ഉയിർപ്പിക്കപ്പെട്ടശേഷം നിങ്ങൾക്കു മുമ്പേ ഗലീലിയിലേക്കുപോകും.
മത്താ 26:33	അപ്പോൾ പത്രോസ് അവനോടു പറഞ്ഞു. എല്ലാവരും നിന്നിൽ ഇടറിയാലും ഞാൻ ഇടറുകയില്ല.
ലൂക്കാ 22:31	ശിമയോൻ, ശിമയോൻ, ഇതാ, സാത്താൻ നിങ്ങളെ ഗോതമ്പുപോലെ പാ റ്റാൻ ഉദ്യമിച്ചു.
ലൂക്കാ 22:32	എന്നാൽ, നിൻെറ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രാർഥിച്ചു. നീ തിരിച്ചുവന്ന് നിൻെറ സഹോദരരെ ശക്തിപ്പെടുത്തണം.
ലൂക്കാ 22:33	ശിമയോൻ പറഞ്ഞു: കർത്താവേ, നിൻെറ കൂടെ കാരാഗൃഹത്തിലേക്കു പോകാനും മരിക്കാൻ തന്നെയും ഞാൻ തയ്യാറാണ്.
ലൂക്കാ 22:34	അവൻ പറഞ്ഞു: പത്രോസേ, ഞാൻ നിന്നോടു പറയുന്നു, നീ എന്നെ അറിയുകയില്ല എന്നു മൂന്നു പ്രാവശ്യം നിഷേധിച്ചു പറയുന്നതിനുമുമ്പ് ഇന്നു കോഴി കൂവുകയില്ല.

254. പണവും വാളും കരുതുക

ലൂക്കാ 22:35	അനന്തരം, അവൻ അവരോടു ചോദിച്ചു: ഞാൻ നിങ്ങളെ മടിശ്ശീലയോ ഭാണ്ഡമോ ചെരിപ്പോ ഇല്ലാതെ അയച്ചപ്പോൾ നിങ്ങൾക്ക് എന്തിനെങ്കിലും കുറവുണ്ടായോ? അവർ പറഞ്ഞു: ഒന്നിനും കുറവുണ്ടായില്ല.
ലൂക്കാ 22:36	അവൻ പറഞ്ഞു: എന്നാൽ, ഇപ്പോൾ മടിശ്ശീലയുള്ളവൻ അതെടുക്കട്ടെ; അതുപോലെതന്നെ ഭാണ്ഡവും. വാളില്ലാത്തവൻ സ്വന്തം കുപ്പായം വിറ്റ് വാൾ വാങ്ങട്ടെ.
ലൂക്കാ 22:37	ഞാൻ നിങ്ങളോടു പറയുന്നു, അവൻ നിയമലംഘകരോടുകൂടെ എണ്ണപ്പെട്ടു എന്നെഴുതപ്പെട്ടിരിക്കുന്നത് എന്നിൽ നിവൃത്തിയാകേണ്ടിയിരിക്കുന്നു. എന്തെന്നാൽ, എന്നെപ്പറ്റി എഴുതപ്പെട്ടിരിക്കുന്നതു പൂർത്തിയാകേണ്ടതാണ്.
ലൂക്കാ 22:38	അവർ പറഞ്ഞു: കർത്താവേ, ഇതാ, ഇവിടെ രണ്ടു വാളുണ്ട്. അവൻ പറഞ്ഞു: മതി.

255. യേശു പിതാവിലേക്കുള്ള വഴി

യോഹ 14:1	നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ.
യോഹ 14:2	എൻെറ പിതാവിൻെറ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ഇല്ലായിരുന്നെങ്കിൽ നിങ്ങൾക്കു സ്ഥലമൊരുക്കാൻ പോകുന്നുവെന്നു ഞാൻ നിങ്ങളോടു പറയുമായിരുന്നോ?
യോഹ 14:3	ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്തു നിങ്ങളും ആയിരിക്കേണ്ടതിനു ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും.
യോഹ 14:4	ഞാൻ പോകുന്നിടത്തേക്കുള്ള വഴി നിങ്ങൾക്കറിയാം.
യോഹ 14:5	തോമസ് പറഞ്ഞു: കർത്താവേ, നീ എവിടേക്കു പോകുന്നുവെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും?
യോഹ 14:6	യേശു പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിൻെറ അടുക്കലേക്കു വരുന്നില്ല.
യോഹ 14:7	നിങ്ങൾ എന്നെ അറിഞ്ഞിരുന്നുവെങ്കിൽ എൻെറ പിതാവിനെയും അറിയുമായിരുന്നു. ഇപ്പോൾ മുതൽ നിങ്ങൾ അവനെ അറിയുന്നു. നിങ്ങൾ അവനെ കാണുകയും ചെയ്തിരിക്കുന്നു.
യോഹ 14:8	പീലിപ്പോസ് പറഞ്ഞു: കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരുക, ഞങ്ങൾക്ക് അതു മതി.
യോഹ 14:9	യേശു പറഞ്ഞു: ഇക്കാലമത്രയും ഞാൻ നിങ്ങളോടുകൂടെയായിരുന്നിട്ടും പീലിപ്പോസേ, നീ എന്നെ അറിയുന്നില്ലേ? എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു. പിന്നെ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരുക എന്നു നീ പറയുന്നതെങ്ങനെ?
യോഹ 14:10	ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്നു നീ വിശ്വസിക്കുന്നില്ലേ? ഞാൻ നിങ്ങളോടു പറയുന്ന വാക്കുകൾ സ്വമേധയാ പറയുന്നതല്ല; പ്രത്യുത, എന്നിൽ വസിക്കുന്ന പിതാവ് തൻെറ പ്രവൃത്തികൾ ചെയ്യുകയാണ്.
യോഹ 14:11	ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്ന് ഞാൻ പറയുന്നതു വിശ്വസിക്കുവിൻ. അല്ലെങ്കിൽ പ്രവൃത്തികൾമൂലം വിശ്വസിക്കുവിൻ.
യോഹ 14:12	സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്നിൽ വിശ്വസിക്കുന്നവനും ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും. ഞാൻ പിതാവിൻെറ അടുത്തേക്കു പോകുന്നതുകൊണ്ട് ഇവയെക്കാൾ വലിയവയും അവൻ ചെയ്യും.

യോഹ 14:13	നിങ്ങൾ എൻെറ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും, പിതാവു പുത്രനിൽ മഹത്വപ്പെടാൻവേണ്ടി ഞാൻ പ്രവർത്തിക്കും.
യോഹ 14:14	എൻെറ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തുതരും.

256. പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്നു

യോഹ 14:15	നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എൻെറ കൽപന പാലിക്കും.
യോഹ 14:16	ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെയായിരിക്കാൻമറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്കു തരുകയും ചെയ്യും.
യോഹ 14:17	ഈ സത്യാത്മാവിനെ സ്വീകരിക്കാൻ ലോകത്തിനു സാധിക്കുകയില്ല. കാരണം, അത് അവനെ കാണുകയോ അറിയുകയോ ചെയ്യുന്നില്ല. എന്നാൽ, നിങ്ങൾ അവനെ അറിയുന്നു. കാരണം, അവൻ നിങ്ങളോടൊത്തു വസിക്കുന്നു; നിങ്ങളിൽ ആയിരിക്കുകയും ചെയ്യും.
യോഹ 14:18	ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്കു വരും.
യോഹ 14:19	അൽപ സമയംകൂടി കഴിഞ്ഞാൽ പിന്നെ ലോകം എന്നെ കാണുകയില്ല. എന്നാൽ, നിങ്ങൾ എന്നെ കാണും. ഞാൻ ജീവിക്കുന്നു; അതിനാൽ നിങ്ങളും ജീവിക്കും.
യോഹ 14:20	ഞാൻ എൻെറ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലുമാണെന്ന് ആദിവസം നിങ്ങൾ അറിയും.
യോഹ 14:21	എൻെറ കൽപനകൾ സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്നവനാണ് എന്നെ സ്നേഹിക്കുന്നത്. എന്നെ സ്നേഹിക്കുന്നവനെ എൻെറ പിതാവും സ്നേഹിക്കും. ഞാനും അവനെ സ്നേഹിക്കുകയും എന്നെ അവനു വെളിപ്പെടുത്തുകയും ചെയ്യും.
യോഹ 14:22	യൂദാസ് – യൂദാസ്കറിയോത്തായല്ല – അവനോടു പറഞ്ഞു: കർത്താവേ, നീ നിന്നെ ഞങ്ങൾക്കു വെളിപ്പെടുത്താൻ പോകുന്നു, എന്നാൽ, ലോകത്തിനു വെളിപ്പെടുത്തുകയില്ല എന്നു പറഞ്ഞതെന്താണ്?
യോഹ 14:23	യേശു പ്രതിവചിച്ചു: എന്നെ സ്നേഹിക്കുന്നവൻ എൻെറ വചനം പാലിക്കും. അപ്പോൾ എൻെറ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവൻെറ അടുത്തു വന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും.
യോഹ 14:24	എന്നെ സ്നേഹിക്കാത്തവനോ എൻെറ വചനങ്ങൾ പാലിക്കുന്നില്ല. നിങ്ങൾ ശ്രവിക്കുന്ന ഈ വചനം എൻേറതല്ല; എന്നെ അയച്ച പിതാവിൻേറതാണ്.
യോഹ 14:25	നിങ്ങളോടുകൂടെ ആയിരിക്കുമ്പോൾത്തന്നെ ഇതു ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു.
യോഹ 14:26	എന്നാൽ, എൻെറ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാകാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയുംചെയ്യും.

257. സമാധാനം

യോഹ 14:27	ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടു പോകുന്നു. എൻെറ സമാധാനം നിങ്ങൾക്കു ഞാൻ നൽകുന്നു. ലോകം നൽകുന്നതുപോലെയല്ല ഞാൻ നൽകുന്നത്. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. നിങ്ങൾ ഭയപ്പെടുകയും വേണ്ടാ.
യോഹ 14:28	ഞാൻ പോകുന്നെന്നും വീണ്ടും നിങ്ങളുടെ അടുത്തേക്കു വരുമെന്നും ഞാൻ പറഞ്ഞതു നിങ്ങൾ കേട്ടല്ലോ. നിങ്ങൾ എന്നെ സ്നേഹിച്ചിരുന്നുവെങ്കിൽ, പിതാവിൻെറ യടുത്തേക്കു ഞാൻ പോകുന്നതിൽ നിങ്ങൾ സന്തോഷിക്കുമായിരുന്നു. എന്തെന്നാൽ, പിതാവ് എന്നെക്കാൾ വലിയവനാണ്.
യോഹ 14:29	അതു സംഭവിക്കുമ്പോൾ നിങ്ങൾ വിശ്വസിക്കേണ്ടതിന്, സംഭവിക്കുന്നതിനുമുമ്പുതന്നെ നിങ്ങളോടു ഞാൻ പറഞ്ഞിരിക്കുന്നു.
യോഹ 14:30	നിങ്ങളോട് ഇനിയും ഞാൻ അധികം സംസാരിക്കുകയില്ല. കാരണം, ഈ ലോകത്തിൻെറ അധികാരി വരുന്നു. എങ്കിലും അവന് എൻെറ മേൽ അധികാരമില്ല.
യോഹ 14:31	എന്നാൽ, ഞാൻ പിതാവിനെ സ്നേഹിക്കുന്നുവെന്നും അവിടുന്ന് എന്നോടു കൽപിച്ചതുപോലെ ഞാൻ പ്രവർത്തിക്കുന്നുവെന്നും ലോകം അറിയണം. എഴുന്നേൽക്കുവിൻ, നമുക്ക് ഇവിടെനിന്നുപോകാം.

258. മുന്തിരിച്ചെടിയും ശാഖകളും

യോഹ 15:1	ഞാൻ സാക്ഷാൽ മുന്തിരിച്ചെടിയും എൻെറ പിതാവ് കൃഷിക്കാരനുമാണ്.
യോഹ 15:2	എൻെറ ശാഖകളിൽ ഫലം തരാത്തതിനെ അവിടുന്നു നീക്കിക്കളയുന്നു. എന്നാൽ, ഫലം തരുന്നതിനെ കൂടുതൽ കായ്ക്കാനായി അവിടുന്നു വെട്ടിയൊരുക്കുകയും ചെയ്യുന്നു.
യോഹ 15:3	ഞാൻ നിങ്ങളോടു പറഞ്ഞ വചനം നിമിത്തം നിങ്ങൾ ശുദ്ധിയുള്ളവരായിരിക്കുന്നു.
യോഹ 15:4	നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും. മുന്തിരിച്ചെടിയിൽ നിൽക്കാതെ ശാഖയ്ക്ക് സ്വയമേവ ഫലം പുറപ്പെടുവിക്കാൻ സാധിക്കാത്തതുപോലെ, എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും സാധിക്കുകയില്ല.
യോഹ 15:5	ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല.
യോഹ 15:6	എന്നിൽ വസിക്കാത്തവൻമുറിച്ച ശാഖപോലെ പുറത്തെ റിയപ്പെടുകയും ഉണങ്ങിപ്പോവുകയും ചെയ്യുന്നു. അത്തരം കമ്പുകൾ ശേഖരിച്ച് തീയിലിട്ടു കത്തിച്ചുകളയുന്നു.
യോഹ 15:7	നിങ്ങൾ എന്നിൽ വസിക്കുകയും എൻെറ വാക്കുകൾ നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളുക; നിങ്ങൾക്കു ലഭിക്കും.
യോഹ 15:8	നിങ്ങൾ ധാരാളം ഫലം പുറപ്പെടുവിക്കുകയും അങ്ങനെ എൻെറ ശിഷ്യൻമാരായിരിക്കുകയും ചെയ്യുന്നതുവഴി പിതാവ് മഹത്വപ്പെടുന്നു.

259. ക്രിസ്തുവിന്റെ സ്നേഹത്തിൽ വസിക്കുക

യോഹ 15:9	പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എൻെറ സ്നേഹത്തിൽ നിലനിൽക്കുവിൻ.
യോഹ 15:10	ഞാൻ എൻെറ പിതാവിൻെറ കൽപനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ, നിങ്ങൾ എൻെറ കൽപന കൾ പാലിച്ചാൽ എൻെറ സ്നേഹത്തിൽ നിലനിൽക്കും.
യോഹ 15:11	ഇത് ഞാൻ നിങ്ങളോടു പറഞ്ഞത് എൻെറ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണമാകാനും വേണ്ടിയാണ്.
യോഹ 15:12	ഇതാണ് എൻെറ കൽപന: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം.
യോഹ 15:13	സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹം ഇല്ല.
യോഹ 15:14	ഞാൻ നിങ്ങളോടു കൽപിക്കുന്നത് നിങ്ങൾ ചെയ്യുന്നെങ്കിൽ നിങ്ങൾ എൻെറ സ്നേഹിതരാണ്.
യോഹ 15:15	ഇനി ഞാൻ നിങ്ങളെ ദാസൻമാർ എന്നു വിളിക്കുകയില്ല. കാരണം, യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ, ഞാൻ നിങ്ങളെ സ്നേഹിതൻമാരെന്നു വിളിച്ചു. എന്തെന്നാൽ, എൻെറ പിതാവിൽനിന്നു കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു.
യോഹ 15:16	നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണു ചെയ്തത്. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനിൽക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു. തൻമൂലം, നിങ്ങൾ എൻെറ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും.
യോഹ 15:17	ഞാൻ നിങ്ങളോടു കൽപിക്കുന്നു: പരസ്പരം സ്നേഹിക്കുവിൻ.

260. ലോകം നിങ്ങളെ വെറുക്കും

യോഹ 15:18	ലോകം നിങ്ങളെ ദ്വേഷിക്കുന്നുവെങ്കിൽ അതിനുമുമ്പേ അത് എന്നെ ദ്വേഷിച്ചു എന്ന് അറിഞ്ഞുകൊള്ളുവിൻ.
യോഹ 15:19	നിങ്ങൾ ലോകത്തിൻേറ തായിരുന്നുവെങ്കിൽ ലോകം സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ, നിങ്ങൾ ലോകത്തിൻേറതല്ലാത്തതുകൊണ്ട്, ഞാൻ നിങ്ങളെ ലോകത്തിൽനിന്നു തെരഞ്ഞെടുത്തതുകൊണ്ട്, ലോകം നിങ്ങളെ ദ്വേഷിക്കുന്നു.
യോഹ 15:20	ദാസൻയജമാനനെക്കാൾ വലിയവനല്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞവചനം ഓർമിക്കുവിൻ. അവർ എന്നെ പീഡിപ്പിച്ചുവെങ്കിൽ നിങ്ങളെയും പീഡിപ്പിക്കും. അവർ എൻെറ വചനം പാലിച്ചുവെങ്കിൽ നിങ്ങളുടേതും പാലിക്കും.
യോഹ 15:21	എന്നാൽ, എൻെറ നാമം മൂലം അവർ ഇതെല്ലാം നിങ്ങളോടു ചെയ്യും. കാരണം, എന്നെ അയച്ചവനെ അവർ അറിയുന്നില്ല.
യോഹ 15:22	ഞാൻ വന്ന് അവരോടു സംസാരിച്ചിരുന്നില്ലെങ്കിൽ അവർക്കു പാപം ഉണ്ടാകുമായിരുന്നില്ല. എന്നാൽ, ഇപ്പോൾ അവരുടെ പാപത്തെക്കുറിച്ച് അവർക്ക് ഒഴികഴിവില്ല.
യോഹ 15:23	എന്നെ ദ്വേഷിക്കുന്നവൻ എൻെറ പിതാവിനെയും ദ്വേഷിക്കുന്നു.
യോഹ 15:24	മറ്റാരും ചെയ്തിട്ടില്ലാത്ത പ്രവൃത്തികൾ ഞാൻ അവരുടെയിടയിൽ ചെയ്തില്ലായിരുന്നുവെങ്കിൽ, അവർക്കു പാപമുണ്ടാകുമായിരുന്നില്ല. എന്നാൽ, ഇപ്പോൾ അവർ എന്നെയും എൻെറ പിതാവിനെയും കാണുകയും ദ്വേഷിക്കുകയും ചെയ്തിരിക്കുന്നു.
യോഹ 15:25	അവർ കാരണം കൂടാതെ എന്നെ വെറുത്തു എന്ന് അവരുടെ നിയമത്തിൽ എഴുതപ്പെട്ടിരിക്കുന്ന വചനം പൂർത്തിയാകാനാണ് ഇതു സംഭവിച്ചത്.
യോഹ 15:26	ഞാൻ പിതാവിൻെറ അടുത്തുനിന്ന് അയയ്ക്കുന്ന സഹായകൻ, പിതാവിൽനിന്നു പുറപ്പെടുന്ന ആ സത്യാത്മാവ്, വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നൽകും.
യോഹ 15:27	ആരംഭം മുതൽ എന്നോടുകൂടെയുള്ളവരായതുകൊണ്ട് നിങ്ങളും സാക്ഷ്യം നൽകും.
യോഹ 16:1	നിങ്ങൾക്ക് ഇടർച്ചയുണ്ടാകാതിരിക്കേണ്ടതിനാണ് ഞാൻ ഇതെല്ലാം നിങ്ങളോടു പറഞ്ഞത്.
യോഹ 16:2	അവർ നിങ്ങളെ സിനഗോഗുകളിൽനിന്നു പുറത്താക്കും. നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിനു ബലിയർപ്പിക്കുന്നു എന്നു കരുതുന്ന സമയം വരുന്നു.
യോഹ 16:3	അവർ പിതാവിനെയോ എന്നെയോ അറിഞ്ഞിട്ടില്ലാത്തതുകൊണ്ട് ഇതു ചെയ്യും.
യോഹ 16:4	അവരുടെ സമയം വരുമ്പോൾ, ഇതു ഞാൻ പറഞ്ഞിരുന്നു എന്നു നിങ്ങൾ ഓർമിക്കാൻവേണ്ടി ഞാൻ ഇതു നിങ്ങളോടു പറഞ്ഞിരിക്കുന്നു. ഇക്കാര്യങ്ങൾ ആരംഭത്തിലേ നിങ്ങളോടു പറയാതിരുന്നത് ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരുന്നതുകൊണ്ടാണ്.

261. പരിശുദ്ധാത്മാവിൻെറ പ്രവർത്തനം

യോഹ 16:5	എന്നാൽ, ഇപ്പോൾ ഞാൻ എന്നെ അയച്ചവൻെറ അടുക്കലേക്കു പോവുകയാണ്. എന്നിട്ടും നീ എവിടെപോകുന്നു എന്ന് നിങ്ങളിലാരും എന്നോടു ചോദിക്കുന്നില്ല.
യോഹ 16:6	ഞാൻ ഇതെല്ലാം നിങ്ങളോടു പറഞ്ഞതുകൊണ്ട് നിങ്ങളുടെ ഹൃദയം ദുഃഖപൂരിതമായിരിക്കുന്നു.
യോഹ 16:7	എങ്കിലും, സത്യം ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങളുടെ നൻമയ്ക്കുവേണ്ടിയാണ് ഞാൻ പോകുന്നത്. ഞാൻ പോകുന്നില്ലെങ്കിൽ, സഹായകൻ നിങ്ങളുടെ അടുക്കലേക്കു വരുകയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്കു ഞാൻ അയയ്ക്കും.
യോഹ 16:8	അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും –

യോഹ 16:9	അവർ എന്നിൽ വിശ്വസിക്കാത്തതിനാൽ പാപത്തെക്കുറിച്ചും ,
യോഹ 16:10	ഞാൻ പിതാവിൻെറ അടുക്കലേക്കു പോകുന്നതുകൊണ്ടും നിങ്ങൾ ഇനിമേലിൽ എന്നെ കാണുകയില്ലാത്തതുകൊണ്ടും നീതിയെക്കുറിച്ചും ,
യോഹ 16:11	ഈ ലോകത്തിൻെറ അധികാരി വിധിക്കപ്പെട്ടിരിക്കുന്നതിനാൽ ന്യായവിധിയെക്കുറിച്ചും ബോധ്യപ്പെടുത്തും.
യോഹ 16:12	ഇനിയും വളരെ കാര്യങ്ങൾ എനിക്കു നിങ്ങളോടു പറയാനുണ്ട്. എന്നാൽ, അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്കു കഴിവില്ല.
യോഹ 16:13	സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിൻെറ പൂർണതയിലേക്കു നയിക്കും.
യോഹ 16:14	അവൻ സ്വമേധയാ ആയിരിക്കയില്ല സംസാരിക്കുന്നത്; അവൻ കേൾക്കുന്നതു മാത്രം സംസാരിക്കും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളെ അറിയിക്കും. അവൻ എനിക്കുള്ളവയിൽനിന്നു സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും. അങ്ങനെ അവൻ എന്നെ മഹത്വപ്പെടുത്തും.
യോഹ 16:15	പിതാവിനുള്ളതെല്ലാം എനിക്കുള്ളതാണ്. അതുകൊണ്ടാണ് എനിക്കുള്ളവയിൽനിന്നു സ്വീകരിച്ച് അവൻ നിങ്ങളോടു പ്രഖ്യാപിക്കും എന്നു ഞാൻ പറഞ്ഞത്.

262. ദുഃഖം സന്തോഷമായി മാറും

യോഹ 16:16	അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല. വീണ്ടും അൽപ സമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും.
യോഹ 16:17	അപ്പോൾ അവൻെറ ശിഷ്യൻമാരിൽ ചിലർ പരസ്പരം പറഞ്ഞു: അൽപ സമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല, വീണ്ടും അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും എന്നും, ഞാൻ പിതാവിൻെറ അടുത്തേക്കു പോകുന്നു എന്നും അവൻ നമ്മോടു പറയുന്നതിൻെറ അർഥമെന്താണ്?
യോഹ 16:18	അവർ തുടർന്നു: അൽപസമയം എന്നതുകൊണ്ട് അവൻ എന്താണ് അർഥമാക്കുന്നത്? അവൻ പറയുന്നതെന്താണെന്നു നമുക്കറിഞ്ഞുകൂടാ.
യോഹ 16:19	ഇക്കാര്യം അവർ തന്നോടു ചോദിക്കാൻ ആഗ്രഹിക്കുന്നു എന്നു മനസ്സി ലാക്കി യേശു പറഞ്ഞു: അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല, വീണ്ടും അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും എന്നു ഞാൻ പറഞ്ഞതിനെപ്പറ്റി നിങ്ങൾ പരസ്പരം ചോദിക്കുന്നുവോ?
യോഹ 16:20	സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും; എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും; എന്നാൽ, നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും.
യോഹ 16:21	സ്ത്രീക്കു പ്രസവവേദന ആരംഭിക്കുമ്പോൾ അവളുടെ സമയം വന്നതുകൊണ്ട് അവൾക്കു ദുഃഖം ഉണ്ടാകുന്നു. എന്നാൽ, ശിശുവിനെ പ്രസ വിച്ചുകഴിയുമ്പോൾ ഒരു മനുഷ്യൻ ലോകത്തിൽ ജനിച്ചതുകൊണ്ടുള്ള സന്തോഷം നിമിത്തം ആ വേദന പിന്നീടൊരിക്കലും അവൾ ഓർമിക്കുന്നില്ല.
യോഹ 16:22	അതുപോലെ ഇപ്പോൾ നിങ്ങളും ദുഃഖിതരാണ്. എന്നാൽ ഞാൻ വീണ്ടും നിങ്ങളെ കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും. നിങ്ങളുടെ ആ സന്തോഷം ആരും നിങ്ങളിൽനിന്ന് എടുത്തു കളയുകയുമില്ല.
യോഹ 16:23	അന്ന് നിങ്ങൾ എന്നോട് ഒന്നും ചോദിക്കുകയില്ല. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ എൻെറ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും.
യോഹ 16:24	ഇതുവരെ നിങ്ങൾ എൻെറ നാമത്തിൽ ഒന്നുംതന്നെ ചോദിച്ചിട്ടില്ല. ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അതുമൂലം നിങ്ങളുടെ സന്തോഷം പൂർണമാവുകയും ചെയ്യും.
യോഹ 16:25	ഉപമകൾ വഴിയാണ് ഇതെല്ലാം ഞാൻ നിങ്ങളോടു പറഞ്ഞത്. ഉപമകൾ വഴിയല്ലാതെ ഞാൻ നിങ്ങളോടു സംസാരിക്കുന്ന സമയം വരുന്നു. അപ്പോൾ പിതാവിനെപ്പറ്റി സ്പഷ്ടമായി ഞാൻ നിങ്ങളെ അറിയിക്കും.
യോഹ 16:26	അന്ന് നിങ്ങൾ എൻെറ നാമത്തിൽ ചോദിക്കും; ഞാൻ നിങ്ങൾക്കുവേണ്ടി പിതാവിനോടു പ്രാർഥിക്കാം എന്നു പറയുന്നില്ല.
യോഹ 16:27	കാരണം, പിതാവുതന്നെ നിങ്ങളെ സ്നേഹിക്കുന്നു. എന്തെന്നാൽ നിങ്ങൾ എന്നെ സ്നേഹിക്കുകയും ഞാൻ ദൈവത്തിൽനിന്നു വന്നുവെന്നു വിശ്വസിക്കുകയുംചെയ്തിരിക്കുന്നു.
യോഹ 16:28	ഞാൻ പിതാവിൽനിന്നു പുറപ്പെട്ടു ലോകത്തിലേക്കു വന്നു. ഇപ്പോൾ വീണ്ടും ലോകം വിട്ട് പിതാവിൻെറ അടുത്തേക്കു പോകുന്നു.

263. ശിഷ്യൻമാർ ചിതറിപോകും

യോഹ 16:29	അവൻെറ ശിഷ്യൻമാർ പറഞ്ഞു: ഇപ്പോൾ ഇതാ, നീ സ്പഷ്ടമായി സംസാരിക്കുന്നു; ഉപമയൊന്നും പറയുന്നുമില്ല.
യോഹ 16:30	നീ എല്ലാക്കാര്യങ്ങളും അറിയുന്നുവെന്നും ആരും നിന്നോടു ചോദിക്കേണ്ട ആവശ്യമില്ലെന്നും ഇപ്പോൾ ഞങ്ങൾ മനസ്സിലാക്കുന്നു. നീ ദൈവത്തിൽനിന്നു വന്നുവെന്ന് ഇതിനാൽ ഞങ്ങൾ വിശ്വസിക്കുന്നു.
യോഹ 16:31	യേശു ചോദിച്ചു: ഇപ്പോൾ നിങ്ങൾ വിശ്വസിക്കുന്നുവോ?
യോഹ 16:32	എന്നാൽ, നിങ്ങൾ ഓരോരുത്തരും താന്താങ്ങളുടെ വഴിക്കു ചിതറിക്കപ്പെടുകയും എന്നെ ഏകനായി വിട്ടുപോവുകയും ചെയ്യുന്ന സമയം വരുന്നു; അല്ല, അതു വന്നുകഴിഞ്ഞു. എങ്കിലും ഞാൻ ഏകനല്ല; കാരണം, പിതാവ് എന്നോടുകൂടെയുണ്ട്.
യോഹ 16:33	നിങ്ങൾ എന്നിൽ സമാധാനം കണ്ടെത്തേണ്ടതിനാണ് ഞാൻ ഇതു നിങ്ങളോടു പറഞ്ഞത്. ലോകത്തിൽ നിങ്ങൾക്കു ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു.

264. ശിഷ്യൻമാർക്കുവേണ്ടി പ്രാർഥിക്കുന്നു

യോഹ 17:1	ഇത്രയും പറഞ്ഞതിനുശേഷം യേശു സ്വർഗത്തിലേക്കു കണ്ണുകളുയർത്തി പ്രാർഥിച്ചു: പിതാവേ, സമയമായിരിക്കുന്നു; പുത്രൻ അവിടുത്തെ മഹത്വപ്പെടുത്തേണ്ടതിന് പുത്രനെ അങ്ങു മഹത്വപ്പെടുത്തണമേ!
യോഹ 17:2	എന്തെന്നാൽ, അവിടുന്ന് അവനു നൽകിയിട്ടുള്ളവർക്കെല്ലാം അവൻ നിത്യജീവൻ നൽകേണ്ടതിന്, എല്ലാവരുടെയുംമേൽ അവന് അവിടുന്ന് അധികാരം നൽകിയിരിക്കുന്നുവല്ലോ.
യോഹ 17:3	ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ.
യോഹ 17:4	അവിടുന്ന് എന്നെ ഏൽപിച്ച ജോലി പൂർത്തിയാക്കിക്കൊണ്ട് ഭൂമിയിൽ അവിടുത്തെ ഞാൻ മഹത്വപ്പെടുത്തി.
യോഹ 17:5	ആകയാൽ പിതാവേ, ലോകസൃഷ്ടിക്കുമുമ്പ് എനിക്ക് അവിടുത്തോടുകൂടെയുണ്ടായിരുന്ന മഹത്വത്താൽ ഇപ്പോൾ അവിടുത്തെ സന്നിധിയിൽ എന്നെ മഹത്വപ്പെടുത്തണമേ.
യോഹ 17:6	ലോകത്തിൽനിന്ന് അവിടുന്ന് എനിക്കു നൽകിയവർക്ക് അവിടുത്തെനാമം ഞാൻ വെളിപ്പെടുത്തി. അവർ അങ്ങയുടേതായിരുന്നു; അങ്ങ് അവരെ എനിക്കു നൽകി. അവർ അങ്ങയുടെ വചനം പാലിക്കുകയും ചെയ്തു.
യോഹ 17:7	അവിടുന്ന് എനിക്കു നൽകിയതെല്ലാം അങ്ങിൽനിന്നാണെന്ന് അവർ ഇപ്പോൾ അറിയുന്നു.
യോഹ 17:8	എന്തെന്നാൽ, അങ്ങ് എനിക്കു നൽകിയ വചനം ഞാൻ അവർക്കു നൽകി. അവർ അതു സ്വീകരിക്കുകയും ഞാൻ അങ്ങയുടെ അടുക്കൽനിന്നു വന്നുവെന്നു സത്യമായി അറിയുകയും അങ്ങ് എന്നെ അയച്ചുവെന്നു വിശ്വസിക്കുകയും ചെയ്തു.
യോഹ 17:9	ഞാൻ അവർക്കുവേണ്ടിയാണുപ്രാർഥിക്കുന്നത്; ലോകത്തിനുവേണ്ടിയല്ല, അങ്ങ് എനിക്കു തന്നവർക്കു വേണ്ടിയാണ് പ്രാർഥിക്കുന്നത്. എന്തെന്നാൽ, അവർ അവിടുത്തേക്കുള്ളവരാണ്. എനിക്കുള്ളതെല്ലാം അങ്ങയുടേതാണ്.
യോഹ 17:10	അങ്ങേക്കുള്ളതെല്ലാം എൻേറതും. ഞാൻ അവരിൽ മഹത്വപ്പെട്ടിരിക്കുന്നു.
യോഹ 17:11	ഇനിമേൽ ഞാൻ ലോകത്തിലല്ല; എന്നാൽ, അവർ ലോകത്തിലാണ്. ഞാൻ അങ്ങയുടെ അടുത്തേക്കു വരുന്നു. പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന് അവിടുന്ന് എനിക്കു നൽകിയ അവിടുത്തെനാമത്തിൽ അവരെ അങ്ങ് കാത്തുകൊള്ളണമേ!
യോഹ 17:12	ഞാൻ അവരോടുകൂടെയായിരുന്നപ്പോൾ, അങ്ങ് എനിക്കു നൽകിയ അവിടുത്തെനാമത്തിൽ ഞാൻ അവരെ സംരക്ഷിച്ചു; ഞാൻ അവരെ കാത്തുസൂക്ഷിച്ചു. വിശുദ്ധലിഖിതം പൂർത്തിയാകാൻവേണ്ടി നാശത്തിൻെറ പുത്രനല്ലാതെ അവരിൽ ആരും നഷ്ടപ്പെട്ടിട്ടില്ല.
യോഹ 17:13	എന്നാൽ, ഇപ്പോൾ ഇതാ, ഞാൻ അങ്ങയുടെ അടുത്തേക്കു വരുന്നു. ഇതെല്ലാം ലോകത്തിൽവച്ചു ഞാൻ സംസാരിക്കുന്നത് എൻെറ സന്തോഷം അതിൻെറ പൂർണ തയിൽ അവർക്കുണ്ടാകേണ്ടതിനാണ്.
യോഹ 17:14	അവിടുത്തെ വചനം അവർക്കു ഞാൻ നൽകിയിരിക്കുന്നു. എന്നാൽ, ലോകം അവരെ ദ്വേഷിച്ചു. എന്തെന്നാൽ, ഞാൻ ലോകത്തിൻേറതല്ലാത്തതുപോലെ അവരും ലോകത്തിൻേറതല്ല.
യോഹ 17:15	ലോകത്തിൽനിന്ന് അവരെ അവിടുന്ന് എടുക്കണം എന്നല്ല, ദുഷ്ടനിൽനിന്ന് അവരെ കാത്തുകൊള്ളണം എന്നാണു ഞാൻ പ്രാർഥിക്കുന്നത്.
യോഹ 17:16	ഞാൻ ലോകത്തിൻേറതല്ലാത്തതുപോലെ അവരും ലോകത്തിൻേറതല്ല.
യോഹ 17:17	അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ! അവിടുത്തെ വചനമാണ് സത്യം.
യോഹ 17:18	അങ്ങ് എന്നെ ലോകത്തിലേക്കയച്ചതുപോലെ ഞാനും അവരെ ലോകത്തിലേക്കയച്ചിരിക്കുന്നു.
യോഹ 17:19	അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു.
യോഹ 17:20	അവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനം മൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിക്കൂടിയാണു ഞാൻ പ്രാർഥിക്കുന്നത്.
യോഹ 17:21	അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.
യോഹ 17:22	നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്കു തന്ന മഹത്വം അവർക്കു ഞാൻ നൽകിയിരിക്കുന്നു.
യോഹ 17:23	അവർ പൂർണമായും ഒന്നാകേണ്ടതിന് ഞാൻ അവരിലും അവിടുന്ന് എന്നിലും ആയിരിക്കുന്നു. അങ്ങനെ, അങ്ങ് എന്നെ അയച്ചുവെന്നും അങ്ങ് എന്നെ സ്നേഹിച്ചതുപോലെതന്നെ അവരെയും സ്നേഹിച്ചുവെന്നും ലോകം അറിയട്ടെ.
യോഹ 17:24	പിതാവേ, ലോകസ്ഥാപനത്തിനുമുമ്പ്, എന്നോടുള്ള അവിടുത്തെ സ്നേഹത്താൽ അങ്ങ് എനിക്കു മഹത്വം നൽകി. അങ്ങ് എനിക്കു നൽകിയവരും അതു കാണാൻ ഞാൻ ആയിരിക്കുന്നിടത്ത് എന്നോടുകൂടെ അവരും ആയിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.
യോഹ 17:25	നീതിമാനായ പിതാവേ, ലോകം അങ്ങയെ അറിഞ്ഞിട്ടില്ല; എന്നാൽ, ഞാൻ അങ്ങയെ അറിഞ്ഞിരിക്കുന്നു. എന്നെ അവിടുന്നാണ് അയച്ചതെന്ന് ഇവരും അറിഞ്ഞിരിക്കുന്നു.
യോഹ 17:26	അങ്ങയുടെ നാമം അവരെ ഞാൻ അറിയിച്ചു. അവിടുന്ന് എനിക്കു നൽകിയ സ്നേഹം അവരിൽ ഉണ്ടാകേണ്ടതിനും ഞാൻ അവരിൽ ആയിരിക്കേണ്ടതിനുമായി ഞാൻ ഇനിയും അത് അറിയിക്കും.

265. ഗത്സേമനിയിൽ പ്രാർഥിക്കുന്നു

മത്താ 26:36	അനന്തരം യേശു അവരോടൊത്ത് ഗത്സേമനി എന്ന സ്ഥലത്തെത്തി. അവൻ ശിഷ്യൻമാരോടു പറഞ്ഞു: ഞാൻ പോയി പ്രാർഥിക്കുവോളം നിങ്ങൾ ഇവിടെ ഇരിക്കുക.
മത്താ 26:37	അവൻ പത്രോസിനെയും സെബദിയുടെ ഇരുപുത്രൻമാരെയും കൂടെക്കൊണ്ടുപോയി, ദുഃഖിക്കാനും അസ്വസ്ഥനാകാനും തുടങ്ങി.
മത്താ 26:38	അവൻ അവരോടു പറഞ്ഞു: തീവ്രദുഃഖത്താൽ ഞാൻ മരണത്തോളം എത്തിയിരിക്കുന്നു. നിങ്ങൾ എന്നോടൊത്ത് ഉണർന്നിരിക്കുക.
മത്താ 26:39	അവൻ അൽപദൂരം മുന്നോട്ടു ചെന്ന് കമിഴ്ന്നു വീണു പ്രാർഥിച്ചു: എൻെറ പിതാവേ, സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകന്നുപോകട്ടെ. എങ്കിലും എൻെറ ഹിതംപോലെയല്ല; അവിടുത്തെ ഹിതംപോലെയാകട്ടെ.
ലൂക്കാ 22:43	അപ്പോൾ അവനെ ശക്തിപ്പെടുത്താൻ സ്വർഗത്തിൽനിന്ന് ഒരു ദൂതൻ പ്രത്യക്ഷപ്പെട്ടു.
ലൂക്കാ 22:44	അവൻ തീവ്രവേദനയിൽ മുഴുകി കൂടുതൽ തീക്ഷ്ണമായി പ്രാർഥിച്ചു. അവൻെറ വിയർപ്പു രക്തത്തുള്ളികൾപോലെ നിലത്തുവീണു.
മത്താ 26:40	അനന്തരം അവൻ ശിഷ്യൻമാരുടെ അടുത്തേക്കുവന്നു. അപ്പോൾ അവർ ഉറങ്ങുന്നതു കണ്ടു. അവൻ പത്രോസിനോടു ചോദിച്ചു: എന്നോടുകൂടെ ഒരു മണിക്കൂർ ഉണർന്നിരിക്കാൻ നിങ്ങൾക്കു കഴിഞ്ഞില്ലേ?
മത്താ 26:41	പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ നിങ്ങൾ ഉണർന്നിരുന്നു പ്രാർഥിക്കുവിൻ; ആത്മാവു സന്നദ്ധമെങ്കിലും ശരീരം ബലഹീനമാണ്.
മത്താ 26:42	രണ്ടാം പ്രാവശ്യവും അവൻ പോയി പ്രാർഥിച്ചു: എൻെറ പിതാവേ, ഞാൻ കുടിക്കാതെ ഇതു കടന്നുപോകയില്ലെങ്കിൽ അങ്ങയുടെ ഹിതം നിറവേറട്ടെ!
മത്താ 26:43	അവൻ വീണ്ടും വന്നപ്പോൾ അവർ ഉറങ്ങുന്നതു കണ്ടു. അവരുടെ കണ്ണുകൾ നിദ്രാഭാരമുള്ളവയായിരുന്നു.
മത്താ 26:44	അവൻ അവരെവിട്ടു മൂന്നാം പ്രാവശ്യവും പോയി അതേ പ്രാർഥന ആവർത്തിച്ചു.
മത്താ 26:45	പിന്നെ അവൻ ശിഷ്യൻമാരുടെ അടുത്തു വന്നു പറഞ്ഞു: നിങ്ങൾ ഇപ്പോഴും ഉറങ്ങി വിശ്രമിക്കുന്നുവോ? ഇതാ, സമയം അടുത്തിരിക്കുന്നു. മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ ഏൽപിക്കപ്പെടുന്നു.
മത്താ 26:46	എഴുന്നേൽക്കുവിൻ, നമുക്കു പോകാം. എന്നെ ഒറ്റിക്കൊടുക്കുന്നവൻ അടുത്തെത്തിയിരിക്കുന്നു.

266. യേശുവിനെ ഒറ്റിക്കൊടുക്കുന്നു

മത്താ 26:47	അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ പന്ത്രണ്ടുപേരിൽ ഒരുവനായ യൂദാസ് അവിടെയെത്തി. അവനോടുകൂടെ പ്രധാനപുരോഹിതൻമാരുടെയും ജനപ്രമാണികളുടെയും അടുക്കൽനിന്ന് വാളും വടികളുമായി ഒരു ജനക്കൂട്ടവും വന്നിരുന്നു.
മത്താ 26:48	ഒറ്റുകാരൻ അവർക്ക് ഈ അടയാളം നൽകിയിരുന്നു. ഞാൻ ആരെ ചുംബിക്കുന്നുവോ അവൻ തന്നെ. അവനെ പിടിച്ചുകൊള്ളുക.
മത്താ 26:49	അവൻ പെട്ടെന്ന് യേശുവിൻെറ അടുത്തുചെന്ന്, ഗുരോ, സ്വസ്തി എന്നു പറഞ്ഞ് അവനെ ചുംബിച്ചു.
മത്താ 26:50	യേശു അവനോടു ചോദിച്ചു: സ്നേഹിതാ, നീ എന്തിനാണു വന്നത്? അപ്പോൾ അവർ മുന്നോട്ടു വന്ന് യേശുവിനെ പിടിച്ചു.
യോഹ 18:4	തനിക്കു സംഭവിക്കാനിരിക്കുന്നതെല്ലാം അറിഞ്ഞിരുന്ന യേശു മുമ്പോട്ടു വന്ന് അവരോടു ചോദിച്ചു: നിങ്ങൾ ആരെയാണ് അന്വേഷിക്കുന്നത്?
യോഹ 18:5	അവർ പറഞ്ഞു: നസറായനായ യേശുവിനെ. യേശു പറഞ്ഞു: അതു ഞാനാണ്. അവനെ ഒറ്റിക്കൊടുത്ത യൂദാസും അവരോടുകൂടെ ഉണ്ടായിരുന്നു.
യോഹ 18:6	ഞാനാണ് എന്ന് അവൻ പറഞ്ഞപ്പോൾ അവർ പിൻവലിയുകയും നിലംപതിക്കുകയും ചെയ്തു.
യോഹ 18:7	അവൻ വീണ്ടും ചോദിച്ചു: നിങ്ങൾ ആരെ അന്വേഷിക്കുന്നു? അവർ പറഞ്ഞു: നസറായനായ യേശുവിനെ.
യോഹ 18:8	യേശു പ്രതിവചിച്ചു: ഞാനാണ് എന്നു നിങ്ങളോടു പറഞ്ഞുവല്ലോ. നിങ്ങൾ എന്നെയാണ് അന്വേഷിക്കുന്നതെങ്കിൽ ഇവർ പൊയ്ക്കൊള്ളട്ടെ.
യോഹ 18:9	നീ എനിക്കു തന്നവ രിൽ ആരെയും ഞാൻ നഷ്ടപ്പെടുത്തിയില്ല എന്ന് അവൻ പറഞ്ഞവചനം പൂർത്തിയാകാൻവേണ്ടിയായിരുന്നു ഇത്.
മത്താ 26:51	യേശുവിനോടുകൂടെ ഉണ്ടായിരുന്നവരിൽ ഒരുവൻ കൈനീട്ടി, വാൾ ഊരി പ്രധാന പുരോഹിതൻെറ സേവകനെ വെട്ടി, അവൻെറ ചെവി ഛേദിച്ചുകളഞ്ഞു.
മത്താ 26:52	യേശു അവനോടു പറഞ്ഞു: വാൾ ഉറയിലിടുക; വാളെടുക്കുന്നവൻ വാളാൽ നശിക്കും.
മത്താ 26:53	എനിക്ക് എൻെറ പിതാവിനോട് അപേക്ഷിക്കാൻ കഴിയുകയില്ലെന്നും ഉടൻ തന്നെ അവിടുന്ന് എനിക്കു തൻെറ ദൂതൻമാരുടെ പന്ത്രണ്ടിലേറെ വ്യൂഹങ്ങളെ അയച്ചുതരുകയില്ലെന്നും നീ വിചാരിക്കുന്നുവോ?
മത്താ 26:54	അങ്ങനെയെങ്കിൽ, ഇപ്രകാരം സംഭവിക്കണമെന്ന വിശുദ്ധ ലിഖിതം എങ്ങനെ നിറവേറും?
മത്താ 26:55	യേശു ജനക്കൂട്ടത്തോടു പറഞ്ഞു: കവർച്ചക്കാരനെതിരേ എന്നപോലെ വാളുകളും വടികളുമായി നിങ്ങൾ എന്നെ ബന്ധിക്കുവാൻ വന്നിരിക്കുന്നുവോ? ഞാൻ ദിവസവും ദേവാലയത്തിലിരുന്നു നിങ്ങളെ പഠിപ്പിച്ചിരുന്നു; നിങ്ങൾ എന്നെ പിടിച്ചില്ല.
മത്താ 26:56	പ്രവാചകൻമാരുടെ ലിഖിതങ്ങൾ പൂർത്തിയാകാൻ വേണ്ടിയാണ് ഇതൊക്കെയും സംഭവിച്ചത്. അപ്പോൾ ശിഷ്യൻമാരെല്ലാവരും അവനെവിട്ട് ഓടിപ്പോയി.

267. ശിഷ്യൻമാർ യേശുവിനെ അനുഗമിക്കുന്നു

യോഹ 18:15	ശിമയോൻ പത്രോസും മറ്റൊരു ശിഷ്യനും യേശുവിനെ അനുഗമിച്ചിരുന്നു. ആ ശിഷ്യനെ പ്രധാനാചാര്യനു പരിചയമുണ്ടായിരുന്നതിനാൽ അവൻ യേശുവിനോടുകൂടെ പ്രധാനപുരോഹിതൻെറ കൊട്ടാരമുറ്റത്തു പ്രവേശിച്ചു.
യോഹ 18:16	പത്രോസാകട്ടെ പുറത്തു വാതിൽക്കൽ നിന്നു. അതിനാൽ പ്രധാനപുരോഹിതൻെറ പരിചയക്കാരനായ മറ്റേ ശിഷ്യൻ പുറത്തുചെന്നു വാതിൽക്കാവൽക്കാരിയോടു സംസാരിച്ച് പത്രോസിനെയും അ കത്തു പ്രവേശിപ്പിച്ചു.

268. യേശു പ്രധാനപുരോഹിതൻെറ മുമ്പിൽ

യോഹ 18:19	പ്രധാനപുരോഹിതൻ യേശുവിനെ അവൻെറ ശിഷ്യരെയും പ്രബോധനത്തെയും കുറിച്ചു ചോദ്യംചെയ്തു.
യോഹ 18:20	യേശു മറുപടി പറഞ്ഞു: ഞാൻ പരസ്യമായിട്ടാണു ലോകത്തോടു സംസാരിച്ചത്. എല്ലാ യഹൂദരും ഒരുമിച്ചുകൂടുന്ന സിനഗോഗിലും ദേവാലയത്തിലുമാണ് എപ്പോഴും ഞാൻ പഠിപ്പിച്ചിട്ടുള്ളത്. രഹസ്യമായി ഞാൻ ഒന്നും സംസാരിച്ചിട്ടില്ല.
യോഹ 18:21	എന്നോടു ചോദിക്കുന്നതെന്തിന്? ഞാൻ പറഞ്ഞതെന്താണെന്ന് അതു കേട്ടവരോടു ചോദിക്കുക. ഞാൻ എന്താണു പറഞ്ഞതെന്ന് അവർക്കറിയാം.
യോഹ 18:22	അവൻ ഇതു പറഞ്ഞപ്പോൾ അടുത്തു നിന്നിരുന്ന സേവകൻമാരിലൊരുവൻ, ഇങ്ങനെയാണോ പ്രധാനപുരോഹിതനോടു മറുപടി പറയുന്നത് എന്നു ചോദിച്ചുകൊണ്ട് യേശുവിനെ അടിച്ചു.
യോഹ 18:23	യേശു അവനോടു പറഞ്ഞു: ഞാൻ പറഞ്ഞതു തെറ്റാണെങ്കിൽ അതു തെളിയിക്കുക. ശരിയാണു പറഞ്ഞതെങ്കിൽ എന്തിനു നീ എന്നെ അടിക്കുന്നു?

269. പത്രോസ് യേശുവിനെ തള്ളിപ്പറയുന്നു

ലൂക്കാ 22:56	അവൻ തീയ്ക്കരികെ ഇരിക്കുന്നതു കണ്ട് ഒരു പരിചാരിക സൂക്ഷിച്ചുനോക്കിയിട്ടു പറഞ്ഞു: ഇവനും അവനോടു കൂടെയായിരുന്നു.
ലൂക്കാ 22:57	എന്നാൽ, പത്രോസ് അതു നിഷേധിച്ച്, സ്ത്രീയേ, അവനെ ഞാൻ അറിയുകയില്ല എന്നു പറഞ്ഞു.
ലൂക്കാ 22:58	അൽപം കഴിഞ്ഞ് വേറൊരാൾ പത്രോസിനെ കണ്ടിട്ടു പറഞ്ഞു: നീയും അവരിൽ ഒരുവനാണ്. അപ്പോൾ അവൻ പറഞ്ഞു: മനുഷ്യാ, ഞാനല്ല.
ലൂക്കാ 22:59	ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞ് വേറൊരാൾ ഉറപ്പിച്ചു പറഞ്ഞു: തീർച്ചയായും ഈ മനുഷ്യനും അവനോടു കൂടെയായിരുന്നു. ഇവനും ഗലീലിയാക്കാരനാണല്ലോ.
ലൂക്കാ 22:60	പത്രോസ് പറഞ്ഞു: മനുഷ്യാ, നീ പറയുന്നത് എന്താണെന്ന് എനിക്കറിഞ്ഞുകൂടാ. അവൻ ഇ തു പറഞ്ഞുകൊണ്ടിരിക്കുമ്പോൾത്തന്നെ കോഴി കൂവി.
ലൂക്കാ 22:61	കർത്താവ് പത്രോസിൻെറ നേരേ തിരിഞ്ഞ് അവനെ നോക്കി. ഇന്നു കോഴികൂവുന്നതിനു മുമ്പു മൂന്നു പ്രാവശ്യം നീ എന്നെ നിഷേധിക്കും എന്ന് കർത്താവ് പറഞ്ഞവചനം അപ്പോൾ പത്രോസ് ഓർമിച്ചു.
ലൂക്കാ 22:62	അവൻ പുറത്തുപോയി മനംനൊന്തു കരഞ്ഞു.

270. യേശു കയ്യഫാസിന്റെ മുമ്പിൽ

മർക്കോ 14:53	അവർ യേശുവിനെ പ്രധാന പുരോഹിതൻെറ അടുത്തേക്കു കൊണ്ടുപോയി. എല്ലാ പുരോഹിതപ്രമുഖൻമാരും ജനപ്രമാണികളും നിയമജ്ഞരും ഒരുമിച്ചുകൂടി.
മർക്കോ 14:55	പുരോഹിതപ്രമുഖൻമാരുംന്യായാധിപസംഘം മുഴുവനും യേശുവിനെ വധിക്കുന്നതിന് അവനെതിരേ സാക്ഷ്യം അന്വേഷിച്ചു. പക്ഷേ, അവർ കണ്ടെത്തിയില്ല.
മർക്കോ 14:56	പലരും അവനെ തിരേ കള്ളസാക്ഷ്യം പറഞ്ഞെങ്കിലും അവ തമ്മിൽ പൊരുത്തപ്പെട്ടില്ല.
മർക്കോ 14:57	ചിലർ എഴുന്നേറ്റ് അവനെതിരേ ഇപ്രകാരം കള്ളസാക്ഷ്യം പറഞ്ഞു:
മർക്കോ 14:58	കൈകൊണ്ടു പണിത ഈ ദേവാലയം ഞാൻ നശിപ്പിക്കുകയും കൈകൊണ്ടു പണിയാത്ത മറ്റൊന്ന് മൂന്നു ദിവസംകൊണ്ടു നിർമിക്കുകയും ചെയ്യും എന്ന് ഇവൻ പറയുന്നതു ഞങ്ങൾ കേട്ടിട്ടുണ്ട്.
മർക്കോ 14:59	ഇക്കാര്യത്തിലും അവരുടെ സാക്ഷ്യങ്ങൾ പൊരുത്തപ്പെട്ടില്ല.
മർക്കോ 14:60	പ്രധാന പുരോഹിതൻമധ്യത്തിൽ എഴുന്നേറ്റുനിന്ന് യേശുവിനോടു ചോദിച്ചു: ഇവർ നിനക്കെതിരേ സാക്ഷ്യപ്പെടുത്തുന്നതിന് നിനക്കു മറുപടിയൊന്നും പറയാനില്ലേ?
മർക്കോ 14:61	അവൻ നിശ്ശ ബ്ദനായിരുന്നു: മറുപടിയൊന്നും പറഞ്ഞില്ല. പ്രധാന പുരോഹിതൻ വീണ്ടും ചോദി ച്ചു: നീയാണോ വാഴ്ത്തപ്പെട്ടവൻെറ പുത്രനായ ക്രിസ്തു?
മർക്കോ 14:62	യേശു പറഞ്ഞു: ഞാൻ തന്നെ. മനുഷ്യപുത്രൻ ശക്തിയുടെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും.
മർക്കോ 14:63	അപ്പോൾ പ്രധാന പുരോഹി തൻ വസ്ത്രം വലിച്ചുകീറിക്കൊണ്ടു പറഞ്ഞു: ഇനി സാക്ഷികളെക്കൊണ്ട് നമുക്ക് എന്താവശ്യം?
മർക്കോ 14:64	ദൈവദൂഷണം നിങ്ങൾകേട്ടുവല്ലോ? നിങ്ങൾക്ക് എന്തു തോന്നുന്നു? അവൻ മരണത്തിന് അർഹനാണെന്ന് അവരെല്ലാവരും വിധിച്ചു.
മർക്കോ 14:65	ചിലർ അവനെ തുപ്പാനും അവൻെറ മുഖം മൂടിക്കെട്ടി മുഷ്ടികൊണ്ട് ഇടിക്കാനും, നീ പ്രവചിക്കുക എന്ന് അവനോടു പറയാനും തുടങ്ങി. ഭൃത്യൻമാർ അവൻെറ ചെകിട്ടത്തടിച്ചു.

271. യേശുവിനെ പിലാത്തോസിൻ്റെ അടുത്തേക്ക് അയക്കക്കുന്നു

മത്താ 27:1	പ്രഭാതമായപ്പോൾ പ്രധാന പുരോഹിതൻമാരും ജനപ്രമാണികളും യേശുവിനെ വധിക്കേണ്ടതിന് അവനെതിരേ ആലോചന നടത്തി.
മത്താ 27:2	അവർ അവനെ ബന്ധിച്ചുകൊണ്ടുപോയി ദേശാധിപതിയായ പീലാത്തോസിനെ ഏൽപിച്ചു.

272. യൂദാസിൻെറ അന്ത്യം

മത്താ 27:3	അവനെ ഒറ്റിക്കൊടുത്ത യൂദാസ് അവൻ ശിക്ഷയ്ക്കു വിധിക്കപ്പെട്ടു എന്നറിഞ്ഞപ്പോൾ പശ്ചാത്തപിച്ച് ആ മുപ്പതുവെള്ളിനാണയങ്ങൾ പ്രധാനപുരോഹിതൻമാരെയും പ്രമാണിമാരെയും ഏൽപിച്ചുകൊണ്ടു പറഞ്ഞു:
മത്താ 27:4	നിഷ്കളങ്കരക്തത്തെ ഒറ്റിക്കൊടുത്ത് ഞാൻ പാപം ചെയ്തിരിക്കുന്നു. അവർ അവനോടു പറഞ്ഞു: അതിനു ഞങ്ങൾക്കെന്ത്? അതു നിൻെറ കാര്യമാണ്.
മത്താ 27:5	വെള്ളിനാണയങ്ങൾ ദേവാലയത്തിലേക്കു വലിച്ചെറിഞ്ഞിട്ട് അവൻ പോയി കെട്ടി ഞാന്നു ചത്തു.
മത്താ 27:6	പ്രധാന പുരോഹിതൻമാർ ആവെള്ളിനാണയങ്ങൾ എടുത്തുകൊണ്ടുപറഞ്ഞു: ഇതു രക്തത്തിൻെറ വിലയാകയാൽ ഭണ്ഡാരത്തിൽ നിക്ഷേപിക്കുന്നത് അനുവദനീയമല്ല.
മത്താ 27:7	അതുകൊണ്ട്, അവർ കൂടിയാലോചിച്ച്, ആ പണം കൊടുത്ത് വിദേശീയരെ സംസ്കരിക്കാൻ വേണ്ടി കുശവൻെറ പറമ്പു വാങ്ങി.
മത്താ 27:8	അത് ഇന്നും രക്തത്തിൻെറ പറമ്പ് എന്ന് അറിയപ്പെടുന്നു.
മത്താ 27:9	പ്രവാചകനായ ജറെമിയാ വഴി അരുളിച്ചെയ്യപ്പെട്ടത് അപ്പോൾ പൂർത്തിയായി: അവൻെറ വിലയായി ഇസ്രായേൽ മക്കൾ നിശ്ചയിച്ച മുപ്പതുവെള്ളിനാണയങ്ങളെടുത്ത്,
മത്താ 27:10	കർത്താവ് എന്നോടു കൽപിച്ചതുപോലെ അവർ കുശവൻെറ പറമ്പിനായി കൊടുത്തു.

273. യേശു പിലാത്തോസിൻ്റെ മുമ്പിൽ

യോഹ 18:29	അതിനാൽ പീലാത്തോസ് പുറത്ത് അവരുടെ അടുക്കൽ വന്നു ചോദിച്ചു: ഈ മനുഷ്യനെതിരേ എന്താരോപണമാണു നിങ്ങൾ കൊണ്ടുവരുന്നത്?
യോഹ 18:30	അവർ പറഞ്ഞു: ഇവൻ തിൻമ പ്രവർത്തിക്കുന്നവനല്ലെങ്കിൽ ഞങ്ങൾ ഇവനെ നിനക്ക് ഏൽപിച്ചു തരുകയില്ലായിരുന്നു.
യോഹ 18:31	പീലാത്തോസ് പറഞ്ഞു: നിങ്ങൾതന്നെ അവനെ കൊണ്ടുപോയി നിങ്ങളുടെ നിയമമനുസരിച്ചു വിധിച്ചുകൊള്ളുവിൻ. അപ്പോൾ യഹൂദർ പറഞ്ഞു: ആരെയും വധിക്കുന്നതിന് നിയമം ഞങ്ങളെ അനുവദിക്കുന്നില്ല.
യോഹ 18:32	ഏതു വിധത്തിലുള്ള മരണമാണു തനിക്കു വരാനിരിക്കുന്നതെന്ന് സൂചിപ്പിച്ചുകൊണ്ട് യേശു പറഞ്ഞവചനം പൂർത്തിയാകാനാണ് ഇതു സംഭവിച്ചത്.
യോഹ 18:33	പീലാത്തോസ് വീണ്ടും പ്രത്തോറിയത്തിൽ പ്രവേശിച്ച് യേശുവിനെ വിളിച്ച് അവനോടു ചോദിച്ചു: നീ യഹൂദരുടെ രാജാവാണോ?
യോഹ 18:34	യേശു പ്രതിവചിച്ചു: നീ ഇതു സ്വയമേവ പറയുന്നതോ, അതോ മറ്റുള്ളവർ എന്നെപ്പറ്റി നിന്നോടു പറഞ്ഞതോ?
യോഹ 18:35	പീലാത്തോസ് പറഞ്ഞു: ഞാൻ യഹൂദനല്ലല്ലോ; നിൻെറ ജനങ്ങളും പുരോഹിതപ്രമുഖൻമാരുമാണ് നിന്നെ എനിക്കേൽപിച്ചു തന്നത്. നീ എന്താണു ചെയ്തത്?
യോഹ 18:36	യേശു പറഞ്ഞു: എൻെറ രാജ്യം ഐഹികമല്ല. ആയിരുന്നുവെങ്കിൽ ഞാൻ യഹൂദർക്ക് ഏൽപിക്കപ്പെടാതിരിക്കാൻ എൻെറ സേവകർ പോരാടുമായിരുന്നു. എന്നാൽ, എൻെറ രാജ്യം ഐഹികമല്ല.
യോഹ 18:37	പീലാത്തോസ് ചോദിച്ചു: അപ്പോൾ നീ രാജാവാണ് അല്ലേ? യേശു പ്രതിവചിച്ചു: നീതന്നെ പറയുന്നു, ഞാൻ രാജാവാണെന്ന്. ഇതിനുവേണ്ടിയാണു ഞാൻ ജനിച്ചത്. ഇതിനുവേണ്ടിയാണ് ഞാൻ ഈ ലോകത്തിലേക്കു വന്നതും – സത്യത്തിനു സാക്ഷ്യം നൽകാൻ. സത്യത്തിൽനിന്നുള്ളവൻ എൻെറ സ്വരം കേൾക്കുന്നു.
യോഹ 18:38	പീലാത്തോസ് അവനോടു ചോദിച്ചു: എന്താണു സത്യം?
ലൂക്കാ 23:4	പീലാത്തോസ് പുരോഹിത പ്രമുഖൻമാരോടും ജനക്കൂട്ടത്തോടും പറഞ്ഞു: ഞാൻ ഈ മനുഷ്യനിൽ ഒരു കുറ്റ വും കാണുന്നില്ല.
മർക്കോ 15:3	പുരോഹിതപ്രമുഖൻമാർ അവനിൽ പല കുറ്റങ്ങളും ആരോപിച്ചു.
മർക്കോ 15:4	പീലാത്തോസ് വീണ്ടും ചോദിച്ചു: നിനക്കു മറുപടിയൊന്നും പറയാനില്ലേ? നോക്കൂ! എത്ര കുറ്റങ്ങളാണ് അവർ നിൻെറ മേൽ ആരോപിക്കുന്നത്!
മർക്കോ 15:5	എന്നാൽ, യേശു മറുപടി ഒന്നും പറഞ്ഞില്ല. തൻമൂലം പീലാത്തോസ് വിസ്മയിച്ചു.

274. യേശു ഹേറോദേസിൻെറ മുമ്പിൽ

ലൂക്കാ 23:5	അവരാകട്ടെ, നിർബന്ധപൂർവം പറഞ്ഞു: ഇവൻ ഗലീലി മുതൽ ഇവിടംവരെയുംയൂദയായിലെങ്ങും പഠിപ്പിച്ചുകൊണ്ട് ജനത്തെ ഇളക്കിവിടുന്നു.
ലൂക്കാ 23:6	ഇതുകേട്ടു പീലാത്തോസ്, ഈ മനുഷ്യൻ ഗലീലിയക്കാരനാണോ എന്നുചോദിച്ചു.
ലൂക്കാ 23:7	അവൻ ഹേറോദേസിൻെറ അധികാരത്തിൽപ്പെട്ടവനാണെന്നറിഞ്ഞപ്പോൾ പീലാത്തോസ് അവനെ അവൻെറ അടുത്തേക്ക് അയച്ചു. ആദിവസങ്ങളിൽ ഹേറോദേസ് ജറുസലെമിൽ ഉണ്ടായിരുന്നു.
ലൂക്കാ 23:8	ഹേറോദേസ് യേശുവിനെക്കണ്ടപ്പോൾ അത്യധികം സന്തോഷിച്ചു. എന്തെന്നാൽ, അവൻ യേശുവിനെപ്പറ്റി കേട്ടിരുന്നതുകൊണ്ട് അവനെ കാണാൻ ആഗ്രഹിച്ചിരുന്നു; അവൻ ചെയ്യുന്ന ഏതെങ്കിലും ഒരദ്ഭുതം കാണാമെന്നു പ്രതീക്ഷിക്കുകയും ചെയ്തിരുന്നു.
ലൂക്കാ 23:9	അതിനാൽ, അവൻ പലതും അവനോടു ചോദിച്ചു. പക്ഷേ, അവൻ ഒന്നിനും ഉത്തരം പറഞ്ഞില്ല.

ലൂക്കാ 23:10	പ്രധാനപുരോഹിതൻമാരും നിയമജ്ഞരും അവൻെറ മേൽ ആവേശപൂർവം കുറ്റം ചുമത്തിക്കൊണ്ട് ചുറ്റുംനിന്നിരുന്നു.
ലൂക്കാ 23:11	ഹേറോദേസ് പടയാളികളോടു ചേർന്ന് അവനോടു നിന്ദ്യമായി പെരുമാറുകയും അവനെ അധിക്ഷേപിക്കുകയും ചെയ്തു. അവൻ യേശുവിനെ പകിട്ടേറിയ വസ്ത്രം ധരിപ്പിച്ച് പീലാത്തോസിൻെറ അടുത്തേക്കു തിരിച്ചയച്ചു.
ലൂക്കാ 23:12	അന്നുമുതൽ ഹേറോദേസും പീലാത്തോസും പരസ്പരം സ്നേഹിതൻമാരായി. മുമ്പ് അവർ ശത്രുതയിലാണു കഴിഞ്ഞിരുന്നത്.

275. പിലാത്തോസ് യേശുവിന്റെ നിരപരാധിത്വം പ്രഖ്യാപിക്കുന്നു

ലൂക്കാ 23:13	പീലാത്തോസ് പുരോഹിതപ്രമുഖൻമാരെയും നേതാക്കൻമാരെയും ജനത്തെയും ഒന്നിച്ചുകൂട്ടി അവരോടു പറഞ്ഞു:
ലൂക്കാ 23:14	ജനത്തെ വഴിപിഴപ്പിക്കുന്നു എന്നു പറഞ്ഞ് നിങ്ങൾ ഇവനെ എൻെറ മുമ്പിൽകൊണ്ടുവന്നു. ഇതാ, നിങ്ങളുടെ മുമ്പിൽവച്ചുതന്നെ ഇവനെ ഞാൻ വിസ്തരിച്ചു. നിങ്ങൾ ആരോപിക്കുന്ന കുറ്റങ്ങളിൽ ഒന്നുപോലും ഇവനിൽ ഞാൻ കണ്ടില്ല.
ലൂക്കാ 23:15	ഹേറോദേസും കണ്ടില്ല. അവൻ ഇവനെ എൻെറ അടുത്തേക്കു തിരിച്ചയച്ചിരിക്കയാണല്ലോ. നോക്കൂ, മരണശിക്ഷ അർഹിക്കുന്ന ഒരു കുറ്റവും ഇവൻ ചെയ്തിട്ടില്ല.
ലൂക്കാ 23:16	അതിനാൽ ഞാൻ ഇവനെ ചമ്മട്ടികൊണ്ട് അടിപ്പിച്ച് വിട്ടയയ്ക്കും.
ലൂക്കാ 23:17	അപ്പോൾ, അവർ ഏകസ്വരത്തിൽ ആക്രോശിച്ചു: ഇവനെ കൊണ്ടുപോവുക.
ലൂക്കാ 23:18	ബറാബ്ബാസിനെ ഞങ്ങൾക്കു വിട്ടുതരിക.
ലൂക്കാ 23:19	പട്ടണത്തിൽ നടന്ന കലാപത്തിനും കൊലപാതകത്തിനും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടവനാണ് ബറാബ്ബാസ്.
ലൂക്കാ 23:20	യേശുവിനെ വിട്ടയയ്ക്കണം എന്നാഗ്രഹിച്ചുകൊണ്ട് പീലാത്തോസ് ഒരിക്കൽകൂടി അവരോടു സംസാരിച്ചു.
ലൂക്കാ 23:21	അവരാകട്ടെ, ക്രൂശിക്കുക, അവനെക്രൂശിക്കുക എന്നു വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.
ലൂക്കാ 23:22	പീലാത്തോസ് മൂന്നാം പ്രാവശ്യവും അവരോടു ചോദിച്ചു: അവൻ എന്തു തിൻമ പ്രവർത്തിച്ചു? വധശിക്ഷ അർഹിക്കുന്ന ഒരു കുറ്റവും ഞാൻ അവനിൽ കണ്ടില്ല. അതുകൊണ്ട് ഞാൻ അവനെ ചമ്മട്ടികൊണ്ട് അടിപ്പിച്ച് വിട്ടയയ്ക്കും.
ലൂക്കാ 23:23	അവനെ ക്രൂശിക്കണമെന്ന് അവർ നിർബന്ധപൂർവം ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. അവസാനം അവരുടെ നിർബന്ധംതന്നെ വിജയിച്ചു.
ലൂക്കാ 23:24	അവർ ആവശ്യപ്പെട്ടത് അനുവദിച്ചുകൊടുക്കുവാൻ പീലാത്തോസ് തീരുമാനിച്ചു.
ലൂക്കാ 23:25	അവർ ആവശ്യപ്പെട്ട മനുഷ്യനെ വ കലാപത്തിനും കൊലപാതകത്തിനും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരുന്നവനെ വ അവൻ വിട്ടയയ്ക്കുകയും യേശുവിനെ അവരുടെ ഇംഗിതത്തിന് ഏൽപിച്ചു കൊടുക്കുകയും ചെയ്തു.

276. യേശുവിനെ പരിഹസിക്കുന്നു

മത്താ 27:27	അനന്തരം, ദേശാധിപതിയുടെ പടയാളികൾ യേശുവിനെ പ്രത്തോറിയത്തിലേക്കുകൊണ്ടു പോയി, സൈന്യവിഭാഗത്തെ മുഴുവൻ അവനെതിരേ അണിനിരത്തി,
മത്താ 27:28	അവർ അവൻെറ വസ്ത്രം ഉരിഞ്ഞുമാറ്റി ഒരു ചെമന്ന പുറങ്കുപ്പായം അണിയിച്ചു.
മത്താ 27:29	ഒരു മുൾക്കിരീടം മെടഞ്ഞ് അവൻെറ ശിരസ്സിൽ വച്ചു. വലത്തു കൈയിൽ ഒരു ഞാങ്ങണയും കൊടുത്തു. അവൻെറ മുമ്പിൽ മുട്ടുകുത്തിക്കൊണ്ട്, യഹൂദരുടെ രാജാവേ, സ്വസ്തി! എന്നു പറഞ്ഞ് അവർ അവനെ പരിഹസിച്ചു.
മത്താ 27:30	അവർ അവൻെറ മേൽ തുപ്പുകയും ഞാങ്ങണ എടുത്ത് അവൻെറ ശിരസ്സില ടിക്കുകയും ചെയ്തു.

277. യേശുവിനെ മുൾക്കിരീടം ചൂടിക്കുന്നു

യോഹ 19:4	പീലാത്തോസ് വീണ്ടും പുറത്തു വന്ന് അവരോടു പറഞ്ഞു: ഒരു കുറ്റവും ഞാൻ അവനിൽ കാണുന്നില്ല എന്നു നിങ്ങൾ അറിയാൻ ഇതാ, അവനെ നിങ്ങളുടെ അടുത്തേക്കു കൊണ്ടുവരുന്നു.
യോഹ 19:5	മുൾക്കിരീടവും ചെമന്ന മേലങ്കിയും ധരിച്ച് യേശു പുറത്തേക്കു വന്നു. അപ്പോൾ പീലാത്തോസ് അവരോടു പറഞ്ഞു: ഇതാ, മനുഷ്യൻ!
യോഹ 19:6	അവനെക്കണ്ടപ്പോൾ പുരോഹിതപ്രമുഖൻമാരും സേവകരും വിളിച്ചുപറഞ്ഞു: അവനെ ക്രൂശിക്കുക! അവനെ ക്രൂശിക്കുക! പീലാത്തോസ് പറഞ്ഞു: നിങ്ങൾതന്നെ അവനെ കൊണ്ടുപോയി ക്രൂശിച്ചുകൊള്ളുവിൻ; എന്തെന്നാൽ, ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല.
യോഹ 19:7	യഹൂദർ പറഞ്ഞു: ഞങ്ങൾക്കൊരു നിയമമുണ്ട്. ആ നിയമമനുസരിച്ച് ഇവൻമരിക്കണം. കാരണം, ഇവൻ തന്നെത്തന്നെ ദൈവപുത്രനാക്കിയിരിക്കുന്നു.
യോഹ 19:8	ഇതു കേട്ടപ്പോൾ പീലാത്തോസ് കൂടുതൽ ഭയപ്പെട്ടു.
യോഹ 19:9	അവൻ വീണ്ടും പ്രത്തോറിയത്തിൽ പ്രവേശിച്ച് യേശുവിനോടു ചോദിച്ചു: നീ എവിടെനിന്നാണ്? യേശു മറുപടിയൊന്നും പറഞ്ഞില്ല.
യോഹ 19:10	പീലാത്തോസ് ചോദിച്ചു: നീ എന്നോടു സംസാരിക്കുകയില്ലേ? നിന്നെ സ്വതന്ത്രനാക്കാനും ക്രൂശിക്കാനും എനിക്ക് അധികാരമുണ്ടെന്ന് അറിഞ്ഞുകൂടേ?

യോഹ 19:11	യേശു പ്രതിവചിച്ചു: ഉന്നതത്തിൽനിന്നു നൽകപ്പെട്ടില്ലായിരുന്നുവെങ്കിൽ എൻെറ മേൽ ഒരധികാരവും നിനക്കുണ്ടാകുമായിരുന്നില്ല. അതിനാൽ, എന്നെ നിനക്കേൽപിച്ചുതന്നവൻെറ പാപം കൂടുതൽ ഗൗരവമുള്ളതാണ്.
യോഹ 19:12	അപ്പോൾ മുതൽ പീലാത്തോസ് അവനെ വിട്ടയ്ക്കാൻ ശ്രമമായി. എന്നാൽ, യഹൂദർ വിളിച്ചുപറഞ്ഞു: ഇവനെ മോചിപ്പിക്കുന്നപക്ഷം നീ സീസറിൻെറ സ്നേഹിതനല്ല. തന്നെത്തന്നെ രാജാവാക്കുന്ന ഏവനും സീസറിൻെറ വിരോധിയാണ്.
യോഹ 19:13	ഈ വാക്കുകൾ കേട്ടപ്പോൾ പീലാത്തോസ് യേശുവിനെ പുറത്തേക്കു കൊണ്ടുവന്ന്, കൽത്തളം – ഹെബ്രായ ഭാഷയിൽ ഗബ്ബാത്ത – എന്നു വിളിക്കപ്പെടുന്ന സ്ഥലത്ത്ന്യായാസനത്തിൽ ഇരുന്നു.
യോഹ 19:14	അന്നു പെസഹായുടെ ഒരുക്കത്തിനുള്ള ദിവസമായിരുന്നു. അപ്പോൾ ഏകദേശം ആറാം മണിക്കൂറുമായിരുന്നു. അവൻ യഹൂദരോടു പറഞ്ഞു:
യോഹ 19:15	ഇതാ, നിങ്ങളുടെ രാജാവ്! അവർ വിളിച്ചുപറഞ്ഞു: കൊണ്ടുപോകൂ, അവനെ കൊണ്ടുപോയി കുരിശിൽ തറയ്ക്കൂ. പീലാത്തോസ് അവരോടു ചോദിച്ചു: നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിക്കണമെന്നോ? പുരോഹിതപ്രമുഖൻമാർ പറഞ്ഞു: സീസറല്ലാതെ ഞങ്ങൾക്കു വേറെ രാജാവില്ല.

278. പിലാത്തോസ് യേശുവിനെ ക്രൂശിക്കാൻ ഉത്തരവിടുന്നു

യോഹ 19:16	അപ്പോൾ അവൻ യേശുവിനെ ക്രൂശിക്കാനായി അവർക്കു വിട്ടുകൊടുത്തു.
ലൂക്കാ 23:26	അവർ അവനെ കൊണ്ടുപോകുമ്പോൾ, നാട്ടിൻപുറത്തുനിന്ന് ആ വഴി വന്ന ശിമയോൻ എന്ന ഒരു കിറേനേക്കാരനെ പിടിച്ചു നിർത്തി കുരിശ് ചുമലിൽവച്ച് യേശുവിൻെറ പുറകേ ചുമന്നുകൊണ്ടുവ രാൻ നിർബന്ധിച്ചു.
ലൂക്കാ 23:27	ഒരു വലിയ ജനക്കൂട്ടവും, കരയുകയും മുറവിളി കൂട്ടുകയുംചെയ്തിരുന്ന സ്ത്രീകളുടെ സമൂഹവും യേശുവിൻെറ പിന്നാലെ പോയിരുന്നു.
ലൂക്കാ 23:28	അവരുടെ നേരേ തിരിഞ്ഞ് യേശു പറഞ്ഞു: ജറുസലെം പുത്രിമാരേ, എന്നെപ്രതി നിങ്ങൾ കരയേണ്ടാ. നിങ്ങളെയും നിങ്ങളുടെ മക്കളെയുംപ്രതി കരയുവിൻ.
ലൂക്കാ 23:29	എന്തെന്നാൽ, വന്ധ്യകൾക്കും പ്രസവിക്കാത്ത ഉദരങ്ങൾക്കും പാലൂട്ടാത്ത മുലകൾക്കും ഭാഗ്യം എന്നുപറയപ്പെടുന്ന ദിവസങ്ങൾ വരും.
ലൂക്കാ 23:30	അന്ന് അവർ പർവതങ്ങളോടു ഞങ്ങളുടെമേൽ വീഴുക എന്നും കുന്നുകളോടു ഞങ്ങളെ മൂടിക്കളയുക എന്നും പറയാൻ തുടങ്ങും.
ലൂക്കാ 23:31	പച്ചത്തടിയോട് അവർ ഇങ്ങനെയാണ് ചെയ്യുന്നതെങ്കിൽ ഉണങ്ങിയതിന് എന്തു സംഭവിക്കും?
ലൂക്കാ 23:32	കുറ്റവാളികളായ മറ്റു രണ്ടുപേരെക്കൂടെ അവനോടൊപ്പം വധിക്കാൻ അവർ കൂട്ടിക്കൊണ്ടുപോയി.

279. യേശുവിനെ ക്രൂശിക്കുന്നു

മത്താ 27:33	തലയോടിടം എന്നർഥമുള്ള ഗോൽഗോഥായിലെത്തിയപ്പോൾ
ലൂക്കാ 23:33	അവിടെ അവർ അവനെ കുരിശിൽ തറച്ചു;
ലൂക്കാ 23:34	യേശു പറഞ്ഞു: പിതാവേ, അവരോടു ക്ഷമിക്കണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല.
മത്താ 27:34	അവർ അവനു കയ്പുകലർത്തിയ വീഞ്ഞ് കുടിക്കാൻ കൊടുത്തു. അവൻ അതു രുചിച്ചുനോക്കിയെങ്കിലും കുടിക്കാൻ ഇഷ്ടപ്പെട്ടില്ല.
യോഹ 19:23	പടയാളികൾ യേശുവിനെ ക്രൂശിച്ചതിനുശേഷം അവൻെറ വസ്ത്രങ്ങൾ നാലായി ഭാഗിച്ചു – ഓരോ പടയാളിക്കും ഓരോ ഭാഗം. അവൻെറ അങ്കിയും അവർ എടുത്തു. അതാകട്ടെ, തുന്നലില്ലാതെ മുകൾമുതൽ അടിവരെ നെയ്തുണ്ടാക്കിയതായിരുന്നു.
യോഹ 19:24	ആകയാൽ, അവർ പരസ്പരം പറഞ്ഞു: നമുക്ക് അതു കീറേണ്ടാ; പകരം, അത് ആരുടേതായിരിക്കണമെന്നു കുറിയിട്ടു തീരുമാനിക്കാം. എൻെറ വസ്ത്രങ്ങൾ അവർ ഭാഗിച്ചെടുത്തു. എൻെറ അങ്കിക്കുവേണ്ടി അവർ കുറിയിട്ടു എന്നതിരുവെഴുത്തു പൂർത്തിയാകാൻവേണ്ടിയാണ്
യോഹ 19:25	പടയാളികൾ ഇപ്രകാരം ചെയ്തത്.
മത്താ 27:36	അനന്തരം, അവർ അവിടെ അവനു കാവലിരുന്നു.
മത്താ 27:38	അവനോടു കൂടെ രണ്ടു കവർച്ചക്കാരെയും അവർ കുരിശിൽ തറച്ചു–ഒരുവനെ വലത്തും അപരനെ ഇടത്തും.

280. യേശുവിനെ കുരിശിൽ തറയ്ക്കുന്നു

മത്താ 27:39	അതിലെ കടന്നുപോയവർ തല കുലുക്കിക്കൊണ്ട് അവനെ ദുഷിച്ചു പറഞ്ഞു:
മത്താ 27:40	ദേവാലയം നശിപ്പിച്ച് മൂന്നു ദിവസം കൊണ്ട് അതു പണിയുന്നവനേ, നിന്നെത്തന്നെ രക്ഷിക്കുക; നീ ദൈവപുത്രനാണെങ്കിൽ കുരിശിൽനിന്നിറങ്ങി വരുക.
മത്താ 27:41	അപ്രകാരംതന്നെ പ്രധാനപുരോഹിതൻമാർ നിയമജ്ഞരോടും പ്രമാണികളോടുമൊത്ത് അവനെ പരിഹസിച്ചുകൊണ്ടു പറഞ്ഞു:
മത്താ 27:42	ഇവൻമറ്റുള്ളവരെ രക്ഷിച്ചു, തന്നെത്തന്നെ രക്ഷിക്കാൻ ഇവനു സാധിക്കുന്നില്ല. ഇവൻ ഇസ്രായേലിൻെറ രാജാവാണല്ലോ, കുരിശിൽനിന്നിറങ്ങിവരട്ടെ. ഞങ്ങൾ ഇവനിൽ വിശ്വസിക്കാം.
മത്താ 27:43	ഇവൻ ദൈവത്തിലാശ്രയിച്ചു. വേണമെങ്കിൽ ദൈവം ഇവനെ രക്ഷിക്കട്ടെ. ഞാൻ ദൈവപുത്രനാണ് എന്നാണല്ലോ ഇവൻ പറഞ്ഞിരുന്നത്.
മത്താ 27:44	അവനോടൊപ്പം ക്രൂശിക്കപ്പെട്ട കവർച്ചക്കാരും ഇപ്രകാരം തന്നെ അവനെ പരിഹസിച്ചു.

മത്താ 27:37	ഇവൻ യഹൂദരുടെ രാജാവായ യേശുവാണ് എന്ന ആരോപണം അവർ അവൻെറ ശിരസ്സിനു മുകളിൽ എഴുതിവച്ചു.
യോഹ 19:20	യേശുവിനെ ക്രൂശിച്ച സ്ഥലം പട്ടണത്തിനു സമീപമായിരുന്നതിനാൽ യഹൂദരിൽ പലരും ആ ശീർഷകം വായിച്ചു. അത് ഹെബ്രായയിലും ലത്തീനിലും ഗ്രീക്കിലും എഴുതപ്പെട്ടിരുന്നു.
യോഹ 19:21	യഹൂദരുടെ പുരോഹിതപ്രമുഖൻമാർ പീലാത്തോസിനോടു പറഞ്ഞു: യഹൂദരുടെ രാജാവ് എന്നല്ല, യഹൂദരുടെ രാജാവു ഞാനാണ് എന്ന് അവൻ പറഞ്ഞു എന്നാണ് എഴുതേണ്ടത്.
യോഹ 19:22	പീലാത്തോസ് പറഞ്ഞു: ഞാനെഴുതിയത് എഴുതി.

281. മാനസാന്തരപ്പെട്ട കള്ളൻ

ലൂക്കാ 23:39	കുരിശിൽ തൂക്കപ്പെട്ടിരുന്ന കുറ്റവാളികളിൽ ഒരുവൻ അവനെ ദുഷിച്ചു പറഞ്ഞു; നീ ക്രിസ്തുവല്ലേ? നിന്നെയും ഞങ്ങളെയും രക്ഷിക്കുക!
ലൂക്കാ 23:40	അപരൻ അവനെ ശകാരിച്ചു പറഞ്ഞു: നീ ദൈവത്തെ ഭയപ്പെടുന്നില്ലേ? നീയും അതേ ശിക്ഷാവിധിയിൽ തന്നെയാണല്ലോ.
ലൂക്കാ 23:41	നമ്മുടെ ശിക്ഷാവിധിന്യായമാണ്. നമ്മുടെ പ്രവൃത്തികൾക്കു തക്ക പ്രതിഫലം നമുക്കു ലഭിച്ചിരിക്കുന്നു. ഇവൻ ഒരു തെറ്റും ചെയ്തിട്ടില്ല.
ലൂക്കാ 23:42	അവൻ തുടർന്നു: യേശുവേ, നീ നിൻെറ രാജ്യത്തു പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കണമേ!
ലൂക്കാ 23:43	യേശു അവനോട് അരുളിച്ചെയ്തു: സത്യമായി ഞാൻ ഇന്ന് നിന്നോടു പറയുന്നു, നീ എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും.

282. സ്ത്രീകൾ കുരിശിനരികെ

മത്താ 27:55	ഗലീലിയിൽനിന്ന് യേശുവിനെ അനുഗമിച്ചവരും അവനു ശുശ്രൂഷ ചെയ്തിരുന്നവരുമായ അനേകം സ്ത്രീകൾ അകലെ ഇക്കാര്യങ്ങൾ നോക്കിക്കൊണ്ടു നിന്നിരുന്നു.
മത്താ 27:56	അക്കൂട്ടത്തിൽ മഗ്ദലേനമറിയവും യാക്കോബിൻെറയും ജോസഫിൻെറയും അമ്മയായ മറിയവും സെബദീപുത്രൻമാരുടെ അമ്മയും ഉണ്ടായിരുന്നു.
യോഹ 19:26	യേശു തൻെറ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നിൽക്കുന്നതു കണ്ട് അമ്മയോടു പറഞ്ഞു: സ്ത്രീയേ, ഇതാ, നിൻെറ മകൻ .
യോഹ 19:27	അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു: ഇതാ, നിൻെറ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു.

283. യേശുവിൻെറ മരണം

മത്താ 27:45	ആറാം മണിക്കൂർ മുതൽ ഒമ്പതാം മണിക്കൂർവരെ ഭൂമിയിലെങ്ങും അന്ധകാരം വ്യാപിച്ചു.
മത്താ 27:46	ഏകദേശം ഒമ്പതാം മണിക്കൂറായപ്പോൾ യേശു ഉച്ചത്തിൽ നിലവിളിച്ചു. ഏലി, ഏലി, ല്മാ സബക്ഥാനി. അതായത്, എൻെറ ദൈവമേ, എൻെറ ദൈവമേ, എന്തുകൊണ്ടു നീ എന്നെ ഉപേക്ഷിച്ചു?
മത്താ 27:47	അടുത്തു നിന്നിരുന്നവരിൽ ചിലർ ഇതുകേട്ടു പറഞ്ഞു: അവൻ ഏലിയായെ വിളിക്കുന്നു.
യോഹ 19:28	അനന്തരം, എല്ലാം നിറവേറിക്കഴിഞ്ഞുവെന്ന് അറിഞ്ഞ് തിരുവെഴുത്തു പൂർത്തിയാകാൻവേണ്ടി യേശു പറഞ്ഞു: എനിക്കു ദാഹിക്കുന്നു.
മത്താ 27:48	ഉടനെ അവരിൽ ഒരാൾ ഓടിച്ചെന്ന് നീർപ്പഞ്ഞിയെടുത്തു വിനാഗിരിയിൽ മുക്കി, ഒരു ഞാങ്ങണമേൽ ചുറ്റി അവനു കുടിക്കാൻ കൊടുത്തു.
മത്താ 27:49	അപ്പോൾ മറ്റുള്ളവർ പറഞ്ഞു: നിൽക്കൂ, ഏലിയാ വന്ന് അവനെ രക്ഷിക്കുമോ എന്നു കാണട്ടെ.
യോഹ 19:30	യേശു വിനാഗിരി സ്വീകരിച്ചിട്ടു പറഞ്ഞു: എല്ലാം പൂർത്തിയായിരിക്കുന്നു. അവൻ തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു.
ലൂക്കാ 23:46	യേശു ഉച്ചത്തിൽ നിലവിളിച്ചു പറഞ്ഞു: പിതാവേ, അങ്ങയുടെ കരങ്ങളിൽ എൻെറ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു. ഇതു പറഞ്ഞ് അവൻ ജീവൻ വെടിഞ്ഞു.
മത്താ 27:48	അപ്പോൾ ദേവാലയത്തിലെ തിരശ്ശീല മുകൾമുതൽ താഴെവരെ രണ്ടായി കീറി; ഭൂമി കുലുങ്ങി; പാറകൾ പിളർന്നു; ശവകുടീരങ്ങൾ തുറക്കപ്പെട്ടു.
മത്താ 27:54	യേശുവിന് കാവൽ നിന്നിരുന്ന ശതാധിപനും അവൻെറ കൂടെ ഉണ്ടായിരുന്നവരും ഭൂകമ്പവും മറ്റു സംഭവങ്ങളും കണ്ട് അത്യധികം ഭയപ്പെട്ടു, സത്യമായും ഇവൻ ദൈവപുത്രനായിരുന്നു എന്നുപറഞ്ഞു
ലൂക്കാ 23:48	കാഴ്ച കാണാൻ കൂടിയിരുന്ന ജനക്കൂട്ടം ഇതെല്ലാം കണ്ട് മാറത്തടിച്ചുകൊണ്ടു തിരിച്ചുപോയി.
ലൂക്കാ 23:49	അവൻെറ പരിചയക്കാരും ഗലീലിയിൽനിന്ന് അവനെ അനുഗമിച്ചിരുന്ന സ്ത്രീകളും അകലെ ഇതെല്ലാം കണ്ടുകൊണ്ടു നിന്നിരുന്നു.

284. യേശുവിൻെറ പാർശ്വം പിളർക്കപ്പെടുന്നു

യോഹ 19:31	അത് സാബത്തിനുള്ള ഒരുക്കത്തിൻെറ ദിവസമായിരുന്നു. ആ സാബത്ത് ഒരു വലിയ ദിവസമായിരുന്നു. സാബത്തിൽ ശരീരങ്ങൾ കുരിശിൽ കിടക്കാതിരിക്കാൻവേണ്ടി അവരുടെ കാലുകൾ തകർക്കാനും അവരെ നീക്കംചെയ്യാനും യഹൂദർ പീലാത്തോസിനോട് ആവശ്യപ്പെട്ടു.
യോഹ 19:32	അതിനാൽ പടയാളികൾ വന്ന് അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരുന്ന രണ്ടുപേരുടെയും കാലുകൾ തകർത്തു.
യോഹ 19:33	അവർ യേശുവിനെ സമീപിച്ചപ്പോൾ അവൻ മരിച്ചുകഴിഞ്ഞു എന്നു കാണുകയാൽ അവൻെറ കാലുകൾ തകർത്തില്ല.
യോഹ 19:34	എന്നാൽ, പടയാളികളിലൊരുവൻ അവൻെറ പാർശ്വത്തിൽ കുന്തംകൊണ്ടു കുത്തി. ഉടനെ അതിൽനിന്നു രക്തവുംവെള്ളവും പുറപ്പെട്ടു.

യോഹ 19:35	അതു കണ്ടയാൾതന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവൻെറ സാക്ഷ്യം സത്യവുമാണ്. നിങ്ങളും വിശ്വസിക്കേണ്ടതിനു താൻ സത്യമാണു പറയുന്നതെന്ന് അവൻ അറിയുകയും ചെയ്യുന്നു.
യോഹ 19:36	അവൻെറ അസ്ഥികളിൽ ഒന്നുപോലും തകർക്കപ്പെടുകയില്ല എന്നതിരുവെഴുത്തു പൂർത്തിയാകാൻവേണ്ടിയാണ് ഇതു സംഭവിച്ചത്.
യോഹ 19:37	മറ്റൊരു തിരുവെഴുത്തു പറയുന്നു: തങ്ങൾ കുത്തി മുറിവേൽപിച്ചവനെ അവർ നോക്കിനിൽക്കും.

285. യേശുവിനെ സംസ്കരിക്കുന്നു

ലൂക്കാ 23:50	യഹൂദരുടെ ഒരു പട്ടണമായ അരിമത്തിയായിൽനിന്നുള്ള ജോസഫ് എന്നൊരുവൻ അവിടെ ഉണ്ടായിരുന്നു. ആലോച നാസംഘത്തിലെ അംഗമായ അവൻ നല്ല വനും നീതിമാനുമായിരുന്നു.
ലൂക്കാ 23:51	അവൻ അവരുടെ ആലോചനകളിലോ പ്രവൃത്തികളിലോ പങ്കുചേർന്നിരുന്നില്ല; ദൈവരാജ്യം പ്രതീക്ഷിച്ചിരിക്കുകയുമായിരുന്നു.
ലൂക്കാ 23:52	അവൻ പീലാത്തോസിൻെറ അടുത്തെത്തി യേശുവിൻെറ ശരീരം ചോദിച്ചു.
ലൂക്കാ 23:53	അവൻ അതു താഴെയിറക്കി ഒരു തുണിയിൽപൊതിഞ്ഞ്, പാറയിൽ വെട്ടിയുണ്ടാക്കിയതും ആരെയും അന്നുവരെ സംസ്കരിച്ചിട്ടില്ലാത്തതുമായ ഒരു കല്ലറയിൽ വച്ചു.
ലൂക്കാ 23:54	അന്ന് ഒരുക്കത്തിൻെറ ദിവസമായിരുന്നു; സാബത്തിൻെറ ആരംഭവുമായിരുന്നു.
ലൂക്കാ 23:55	ഗലീലിയിൽനിന്ന് യേശുവിനോടൊപ്പം വന്നിരുന്ന സ്ത്രീകൾ അവനോടൊപ്പംപോയി കല്ലറ കണ്ടു. അവൻെറ ശരീരം എങ്ങനെ സംസ് കരിച്ചു എന്നും കണ്ടു.
ലൂക്കാ 23:56	അവർ തിരിച്ചുചെന്ന് സുഗന്ധദ്രവ്യങ്ങളും ലേപനവസ്തുക്കളും തയ്യാറാക്കി. സാബത്തിൽ അവർ നിയമാനുസൃതം വിശ്രമിച്ചു.

286. കല്ലറയ്ക്കു കാവൽ

മത്താ 27:62	പിറ്റേദിവസം, അതായത്, ഒരുക്കദിനത്തിൻെറ പിറ്റേന്ന്, പ്രധാന പുരോഹിതൻമാരും ഫരിസേയരും പീലാത്തോസിൻെറ അടുക്കൽ ഒരുമിച്ചു കൂടി.
മത്താ 27:63	അവർ പറഞ്ഞു:യജമാനനേ, മൂന്നു ദിവസം കഴിഞ്ഞ് ഞാൻ ഉയിർത്തെഴുന്നേൽക്കുമെന്ന് ആ വഞ്ചകൻ ജീവിച്ചിരുന്നപ്പോൾ പറഞ്ഞത് ഞങ്ങൾ ഇപ്പോൾ ഓർമിക്കുന്നു.
മത്താ 27:64	അതിനാൽ, മൂന്നാംദിവസംവരെ ശവകുടീരത്തിനു കാവലേർപ്പെടുത്താൻ ആജ്ഞാപിക്കുക. അല്ലെങ്കിൽ അവൻെറ ശിഷ്യൻമാർ വന്ന് അവനെ മോ ഷ്ടിക്കുകയും അവൻ മരിച്ചവരിൽനിന്ന് ഉത്ഥാനംചെയ്തു എന്ന് ജനങ്ങളോടു പറയുകയും ചെയ്തെന്നുവരും. അങ്ങനെ അവസാനത്തെ വഞ്ചന ആദ്യത്തേതിനെക്കാൾ ഗുരുതരമായിത്തീരുകയും ചെയ്യും.
മത്താ 27:65	പീലാത്തോസ് അവരോടു പറഞ്ഞു:നിങ്ങൾക്ക് ഒരു കാവൽ സേനയുണ്ടല്ലോ, പോയി നിങ്ങളുടെ കഴിവുപോലെ കാത്തുകൊള്ളുവിൻ.
മത്താ 27:66	അവർപോയി കല്ലിനു മുദ്രവച്ച്, കാവൽക്കാരെ നിർത്തി കല്ലറ ഭദ്രമാക്കി.

287. പുനരുത്ഥാനം

മത്താ 28:2	അപ്പോൾ വലിയ ഒരു ഭൂകമ്പം ഉണ്ടായി. കർത്താവിൻെറ ദൂതൻ സ്വർഗത്തിൽ നിന്നിറങ്ങിവന്ന്, കല്ലുരുട്ടിമാറ്റി, അതിൻമേൽ ഇരുന്നു.
മത്താ 28:3	അവൻെറ രൂപം മിന്നൽപ്പിണർപോലെ ആയിരുന്നു, വസ്ത്രം മഞ്ഞുപോലെ വെളുത്തതും.
മത്താ 28:4	അവനെക്കുറിച്ചുള്ള ഭയം നിമിത്തം കാവൽക്കാർ വിറപൂണ്ട് മരിച്ചവരെപ്പോലെയായി
മത്താ 27:52	നിദ്രപ്രാപിച്ചിരുന്ന പല വിശുദ്ധൻമാരുടെയും ശരീരങ്ങൾ ഉയിർപ്പിക്കപ്പെട്ടു.
മത്താ 27:53	അവൻെറ പുനരുത്ഥാനത്തിനുശേഷം, അവർ ശവകുടീരങ്ങളിൽനിന്നു പുറത്തുവന്ന് വിശുദ്ധനഗരത്തിൽ പ്രവേശിച്ച് പലർക്കും പ്രത്യക്ഷപ്പെട്ടു.

288. സ്ത്രീകൾ കല്ലറയെ സമീപിക്കുന്നു

മർക്കോ 16:1	സാബത്ത് കഴിഞ്ഞപ്പോൾ മഗ്ദലേന മറിയവും യാക്കോബിൻെറ അമ്മയായ മറിയവും സലോമിയും അവനെ അഭിഷേകം ചെയ്യുന്നതിനുവേണ്ടി സുഗന്ധദ്രവ്യങ്ങൾ വാങ്ങി.
മർക്കോ 16:2	ആഴ്ചയുടെ ആദ്യദിവസം അതി രാവിലെ, സൂര്യനുദിച്ചപ്പോൾത്തന്നെ, അവർ ശവകുടീരത്തിങ്കലേക്കു പോയി.
മർക്കോ 16:3	അവർ തമ്മിൽ പറഞ്ഞു: ആരാണ് നമുക്കുവേണ്ടി ശവകുടീരത്തിൻെറ വാതിൽക്കൽനിന്ന് കല്ല് ഉരുട്ടിമാറ്റുക?
മർക്കോ 16:4	എന്നാൽ, അവർ നോക്കിയപ്പോൾ ആ കല്ല് ഉരുട്ടിമാറ്റിയിരിക്കുന്നു! അതു വളരെ വലുതായിരുന്നുതാനും.
യോഹ 20:2	അവൾ ഉടനെ ഓടി ശിമയോൻ പത്രോസിൻെറയും യേശു സ്നേഹിച്ചിരുന്ന മറ്റേ ശിഷ്യൻെറയും അടുത്തെത്തി പറഞ്ഞു: കർത്താവിനെ അവർ കല്ലറയിൽനിന്നു മാറ്റിയിരിക്കുന്നു. എന്നാൽ, അവനെ അവർ എവിടെ വച്ചുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ

289. സ്ത്രീകൾ കല്ലറയ്ക്കകത്തു കടക്കുന്നു

ലൂക്കാ 24:3	അവർ അകത്തുകടന്നു നോക്കിയപ്പോൾ കർത്താവായ യേശുവിൻെറ ശരീരം കണ്ടില്ല.
ലൂക്കാ 24:4	ഇതിനെക്കുറിച്ച് അമ്പരന്നു നിൽക്കവേ രണ്ടുപേർ തിളങ്ങുന്ന വസ്ത്രങ്ങൾ ധരിച്ച് അവർക്കു പ്രത്യക്ഷപ്പെട്ടു.
ലൂക്കാ 24:5	അവർ ഭയപ്പെട്ടു മുഖം കുനിച്ചു. അപ്പോൾ അവർ അവരോടു പറഞ്ഞു: ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെയിടയിൽ അന്വേഷിക്കുന്നത് എന്തിന്? അവൻ ഇവിടെയില്ല, ഉയിർപ്പിക്കപ്പെട്ടു.
ലൂക്കാ 24:6	മനുഷ്യപുത്രൻ പാപികളുടെ കൈയിൽ ഏൽപിക്കപ്പെടുകയും
ലൂക്കാ 24:7	ക്രൂശിക്കപ്പെടുകയും മൂന്നാം ദിവസം ഉയിർ ത്തെഴുന്നേൽക്കുകയും ചെയ്യേണ്ടിയിരിക്കുന്നു എന്നു താൻ ഗലീലിയിൽ ആയിരുന്നപ്പോൾത്തന്നെ അവൻ നിങ്ങളോടു പറഞ്ഞത് ഓർമിക്കുവിൻ.
ലൂക്കാ 24:8	അപ്പോൾ അവർ അവൻെറ വാക്കുകൾ ഓർമിച്ചു.
മത്താ 28:8	അവർ കല്ലറവിട്ട് ഭയത്തോടും വലിയ സന്തോഷത്തോടും കൂടെ ശിഷ്യൻമാരെ വിവരം അറിയിക്കാൻ ഓടി.
മത്താ 28::9	അപ്പോൾ യേശു എതിരേ വന്ന് അവരെ അഭിവാദനംചെയ്തു. അവർ അവനെ സമീപിച്ച് പാദങ്ങളിൽ കെട്ടിപ്പിടിച്ച് ആരാധിച്ചു.
മത്താ 28:10	യേശു അവരോട് പറഞ്ഞു: ഭയപ്പെടേണ്ടാ; നിങ്ങൾ ചെന്ന് എൻെറ സഹോദരൻമാരോടു ഗലീലിയിലേക്കു പോകണമെന്നും അവിടെ അവർ എന്നെ കാണുമെന്നും പറയുക.

290. കാവൽക്കാരുടെ വ്യാജപ്രസ്താവന

മത്താ 28:11	അവർ പോയപ്പോൾ കാവൽക്കാരിൽ ചിലർ പട്ടണത്തിൽ ചെന്ന് സംഭവിച്ചതെല്ലാംപ്രധാനപുരോഹിതൻമാരെ അറിയിച്ചു.
മത്താ 28:12	അവരും പ്രമാണികളും കൂടിയാലോചിച്ചതിനുശേഷം പടയാളികൾക്കുവേണ്ടത്ര പണംകൊടുത്തിട്ടു പറഞ്ഞു: ഞങ്ങൾ ഉറങ്ങിയപ്പോൾ രാത്രിയിൽ അവൻെറ ശിഷ്യൻമാർ വന്ന് അവനെ മോഷ്ടിച്ചുകൊണ്ടുപോയി എന്നുപറയുവിൻ.
മത്താ 28:13	ദേശാധിപതി ഇതറിഞ്ഞാൽ, ഞങ്ങൾ അവനെ സ്വാധീനിച്ച് നിങ്ങൾക്ക് ഉപദ്രവമുണ്ടാക്കാതെ നോക്കിക്കൊള്ളാം.
മത്താ 28:14	അവർ പണം വാങ്ങി, നിർദേശമനുസരിച്ചു പ്രവർത്തിച്ചു. ഇത് ഇന്നും യഹൂദരുടെയിടയിൽ പ്രചാരത്തിലിരിക്കുന്നു.

291. പത്രോസും യോഹന്നാനും കല്ലറക്കരികിൽ

യോഹ 20:3	പത്രോസ് ഉടനെ മറ്റേ ശിഷ്യനോടുകൂടെ കല്ലറയുടെ അടുത്തേക്കു പോയി. അവർ ഇരുവരും ഒരുമിച്ച് ഓടി.
യോഹ 20:4	എന്നാൽ, മറ്റേ ശിഷ്യൻ പത്രോസിനെക്കാൾ കൂടുതൽ വേഗം ഓടി ആദ്യം കല്ലറയുടെ അടുത്തെത്തി.
യോഹ 20:5	കുനിഞ്ഞു നോക്കിയപ്പോൾ കച്ച കിടക്കുന്നത് അവൻ കണ്ടു. എങ്കിലും അവൻ അകത്തു പ്രവേശിച്ചില്ല.
യോഹ 20:6	അവൻെറ പിന്നാലെ വന്ന ശിമയോൻ പത്രോസ് കല്ലറയിൽ പ്രവേശിച്ചു.
യോഹ 20:7	കച്ച അവിടെ കിടക്കുന്നതും തലയിൽ കെട്ടിയിരുന്നതൂവാല കച്ചയോടുകൂടെയല്ലാതെ തനിച്ച് ഒരിടത്തു ചുരുട്ടി വച്ചിരിക്കുന്നതും അവൻ കണ്ടു.
യോഹ 20:8	അപ്പോൾ കല്ലറയുടെ സമീപത്ത് ആദ്യം എത്തിയ മറ്റേ ശിഷ്യനും അകത്തു പ്രവേശിച്ച് കണ്ടു വിശ്വസിച്ചു.
യോഹ 20:9	അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നു എന്നതിരുവെഴുത്ത് അവർ അതുവരെ മനസ്സിലാക്കിയിരുന്നില്ല.
യോഹ 20:10	അനന്തരം ശിഷ്യൻമാർ മടങ്ങിപ്പോയി.

292. യേശു മഗ്ദലേനമറിയത്തിനുപ്രത്യക്ഷപ്പെടുന്നു

യോഹ 20:11	മറിയം കല്ലറയ്ക്കു വെളിയിൽ കരഞ്ഞുകൊണ്ടു നിന്നു. അവൾ കരഞ്ഞുകൊണ്ടിരിക്കുമ്പോൾ കുനിഞ്ഞു കല്ലറയിലേക്കു നോക്കി.
യോഹ 20:12	വെള്ളവസ്ത്രം ധരിച്ച രണ്ടു ദൂതൻമാർ യേശുവിൻെറ ശരീരം വച്ചിരുന്നിടത്ത്, ഒരുവൻ തലയ്ക്കലും ഇതരൻ കാൽക്കലുമായി ഇരിക്കുന്നത് അവൾ കണ്ടു.
യോഹ 20:13	അവർ അവളോടു ചോദിച്ചു: സ്ത്രീയേ, എന്തിനാണു നീ കരയുന്നത്? അവൾ പറഞ്ഞു: എൻെറ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി; അവർ അവനെ എവിടെയാണു വച്ചിരിക്കുന്നത് എന്ന് എനിക്കറിഞ്ഞുകൂടാ.
യോഹ 20:14	ഇതു പറഞ്ഞിട്ട് പുറകോട്ടു തിരിഞ്ഞപ്പോൾ യേശു നിൽക്കുന്നത് അവൾ കണ്ടു. എന്നാൽ, അത് യേശുവാണെന്ന് അവൾക്കു മനസ്സിലായില്ല.
യോഹ 20:15	യേശു അവളോടു ചോദിച്ചു: സ്ത്രീയേ, എന്തിനാണ് നീ കരയുന്നത്? നീ ആരെയാണ് അന്വേഷിക്കുന്നത്? അതു തോട്ടക്കാരനാണെന്നു വിചാരിച്ച് അവൾ പറഞ്ഞു: പ്രഭോ, അങ്ങ് അവനെ എടുത്തുകൊണ്ടു പോയെങ്കിൽ എവിടെ വച്ചു എന്ന് എന്നോടു പറയുക. ഞാൻ അവനെ എടുത്തുകൊണ്ടുപൊയ്ക്കൊള്ളാം.
യോഹ 20:16	യേശു അവളെ വിളിച്ചു: മറിയം! അവൾ തിരിഞ്ഞ് റബ്ബോനി എന്ന് ഹെബ്രായ ഭാഷയിൽ വിളിച്ചു ഗുരു എന്നർഥം.
യോഹ 20:17	യേശു പറഞ്ഞു: നീ എന്നെതടഞ്ഞുനിർത്താതിരിക്കുക. എന്തെന്നാൽ, ഞാൻ പിതാവിൻെറ അടുത്തേക്ക് ഇതുവരെയും കയറിയിട്ടില്ല. നീ എൻെറ സഹോദരൻമാരുടെ അടുത്തുചെന്ന് അവരോട് ഞാൻ എൻെറ പിതാവിൻെറയും നിങ്ങളുടെ പിതാവിൻെറയും എൻെറ ദൈവത്തിൻെറയും നിങ്ങളുടെദൈവത്തിൻെറയും അടുത്തേക്ക് ആരോഹണം ചെയ്യുന്നു എന്നു പറയുക.

യോഹ 20:18	മഗ്ദലേനമറിയം ചെന്ന് ഞാൻ കർത്താവിനെ കണ്ടു എന്നും അവൻ ഇക്കാര്യങ്ങൾ തന്നോടു പറഞ്ഞു എന്നും ശിഷ്യൻമാരെ അറിയിച്ചു.

293. എമ്മാവൂസിലേക്കു പോയ ശിഷ്യൻമാർ

ലൂക്കാ 24:13	ആദിവസം തന്നെ അവരിൽ രണ്ടുപേർ ജറുസലെമിൽനിന്ന് ഏകദേശം അറുപതു സ്താദിയോൺ അകലെയുള്ള എമ്മാവൂസ് ഗ്രാമത്തിലേക്കു പോവുകയായിരുന്നു.
ലൂക്കാ 24:14	ഈ സംഭവങ്ങളെക്കുറിച്ചെല്ലാം അവർ സംസാരിച്ചുകൊണ്ടിരുന്നു.
ലൂക്കാ 24:15	അവർ സംസാരിക്കുകയും വാദിക്കുകയും ചെയ്തു കൊണ്ടുപോകുമ്പോൾ യേശുവും അടുത്തെത്തി അവരോടൊപ്പംയാത്ര ചെയ്തു.
ലൂക്കാ 24:16	എന്നാൽ, അവനെ തിരിച്ചറിയാൻ കഴിയാത്തവിധം അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നു.
ലൂക്കാ 24:17	അവൻ അവരോടു ചോദിച്ചു: എന്തിനെക്കുറിച്ചാണ് നിങ്ങൾ സംസാരിക്കുന്നത്? അവർ മ്ളാനവദനരായിനിന്നു.
ലൂക്കാ 24:18	അവരിൽ ക്ലെയോപാസ് എന്നു പേരായ വൻ അവനോടു ചോദിച്ചു: ഈ ദിവസങ്ങളിൽ ജറുസലെമിൽ നടന്ന സംഭവമൊന്നും അറിയാത്ത അപരിചിതനാണോ നീ?
ലൂക്കാ 24:19	അവൻ ചോദിച്ചു: ഏതു കാര്യങ്ങൾ? അവർ പറഞ്ഞു: നസറായനായ യേശുവിനെക്കുറിച്ചുതന്നെ. അവൻ ദൈവത്തിൻെറയും മനുഷ്യരുടെയും മുമ്പിൽ വാക്കിലും പ്രവൃത്തിയിലും ശക്തനായ പ്രവാചകനായിരുന്നു.
ലൂക്കാ 24:20	ഞങ്ങളുടെ പുരോഹിതപ്രമുഖൻമാരും നേതാക്കളും അവനെ മരണവിധിക്ക് ഏൽപിച്ചുകൊടുക്കുകയും ക്രൂശിക്കുകയുംചെയ്തു.
ലൂക്കാ 24:21	ഇസ്രായേലിനെ മോചിപ്പിക്കാനുള്ളവൻ ഇവനാണ് എന്നു ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. ഇതൊക്കെസംഭവിച്ചിട്ട് ഇതു മൂന്നാം ദിവസമാണ്.
ലൂക്കാ 24:22	ഞങ്ങളുടെ കൂട്ടത്തിലുള്ള ചില സ്ത്രീകൾഞങ്ങളെ വിസ്മയിപ്പിച്ചു. ഇന്നു രാവിലെ അവർ കല്ലറയിങ്കൽ പോയിരുന്നു.
ലൂക്കാ 24:23	അവൻെറ ശരീരം അവർ അവിടെ കണ്ടില്ല. അവർ തിരിച്ചുവന്ന് തങ്ങൾക്കു ദൂതൻമാരുടെ ദർശനമുണ്ടായെന്നും അവൻ ജീവിച്ചിരിക്കുന്നുവെന്ന് അറിയിച്ചുവെന്നും പറഞ്ഞു.
ലൂക്കാ 24:24	ഞങ്ങളുടെ കൂടെയുണ്ടായിരുന്നവരിൽ ചിലരും കല്ലറയിങ്കലേക്കു പോയി, സ്ത്രീകൾ പറഞ്ഞതു പോലെ തന്നെ കണ്ടു. എന്നാൽ, അവനെ അവർ കണ്ടില്ല.
ലൂക്കാ 24:25	അപ്പോൾ അവൻ അവരോടു പറഞ്ഞു: ഭോഷൻമാരേ, പ്രവാചകൻമാർ പറഞ്ഞിട്ടുള്ള തു വിശ്വസിക്കാൻ കഴിയാത്തവിധം ഹൃദയം മന്ദീഭവിച്ചവരേ,
ലൂക്കാ 24:26	ക്രിസ്തു ഇതെല്ലാം സഹിച്ചു മഹത്വത്തിലേക്കു പ്രവേശിക്കേണ്ടിയിരുന്നില്ലേ?
ലൂക്കാ 24:27	മോശ തുടങ്ങി എല്ലാ പ്രവാചകൻമാരും വിശുദ്ധലിഖിതങ്ങളിൽ തന്നെപ്പറ്റി എഴുതിയിരുന്നവയെല്ലാം അവൻ അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു.
ലൂക്കാ 24:28	അവർ എത്തേണ്ടിയിരുന്ന ഗ്രാമത്തോടടുത്തു. അവനാകട്ടെയാത്ര തുടരുകയാണെന്നു ഭാവിച്ചു.
ലൂക്കാ 24:29	അവർ അവനെ നിർബന്ധിച്ചുകൊണ്ടു പറഞ്ഞു: ഞങ്ങളോടുകൂടെ താമസിക്കുക. നേരം വൈകുന്നു; പകൽ അസ്തമിക്കാറായി. അവൻ അവരോടുകൂടെ താമസിക്കുവാൻ കയറി.
ലൂക്കാ 24:30	അവരോടൊപ്പം ഭക്ഷണത്തിനിരുന്നപ്പോൾ, അവൻ അപ്പം എടുത്ത് ആശീർവ്വദിച്ച് മുറിച്ച് അവർക്കുകൊടുത്തു.
ലൂക്കാ 24:31	അപ്പോൾ അവരുടെ കണ്ണു തുറക്കപ്പെട്ടു. അവർ അവനെ തിരിച്ചറിഞ്ഞു. പക്ഷേ, അവൻ അവരുടെ മുമ്പിൽനിന്ന് അപ്രത്യക്ഷനായി.
ലൂക്കാ 24:32	അവർ പരസ്പരം പറഞ്ഞു: വഴിയിൽവച്ച് അവൻ വിശുദ്ധലിഖിതം വിശദീകരിച്ചുകൊണ്ട് നമ്മോടു സംസാരിച്ചപ്പോൾ നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലേ?
ലൂക്കാ 24:33	അവർ അപ്പോൾത്തന്നെ എഴുന്നേറ്റ് ജറുസലെമിലേക്കു തിരിച്ചുപോയി; അവിടെ കൂടിയിരുന്ന പതിനൊന്നുപേരെയും അവരോടൊപ്പമുണ്ടായിരുന്നവരെയും കണ്ടു.
ലൂക്കാ 24:34	കർത്താ വു സത്യമായും ഉയിർത്തെഴുന്നേറ്റു; ശിമയോനു പ്രത്യക്ഷപ്പെട്ടു എന്ന് അവർ പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു.
ലൂക്കാ 24:35	വഴിയിൽവച്ചു സംഭവിച്ചതും അപ്പം മുറിക്കുമ്പോൾ തങ്ങൾ അവനെ തിരിച്ചറിഞ്ഞതും അവരും വിവരിച്ചു.

294. യേശു തോമസിനൊഴികെ ശിഷ്യഗണത്തിനു പ്രത്യക്ഷനാകുന്നു

ലൂക്കാ 24:36	അവർ ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ യേശു അവരുടെ മധ്യേ പ്രത്യക്ഷ നായി അവരോട് അരുളിച്ചെയ്തു: നിങ്ങൾക്കു സമാധാനം! അവർ ഭയന്നു വിറച്ചു.
ലൂക്കാ 24:37	ഭൂതത്തെയാണ് കാണുന്നത് എന്ന് അവർ വിചാരിച്ചു.
ലൂക്കാ 24:38	അവൻ അവരോടു ചോദിച്ചു: നിങ്ങൾ അസ്വസ്ഥരാകുന്നതെന്തിന്? നിങ്ങളുടെ മനസ്സിൽ ചോദ്യങ്ങൾ ഉയരുന്നതും എന്തിന്?
ലൂക്കാ 24:39	എൻെറ കൈകളും കാലുകളും കണ്ട് ഇതു ഞാൻ തന്നെയാണെന്നു മനസ്സിലാക്കുവിൻ.
ലൂക്കാ 24:40	എന്നെ സ്പർശിച്ചുനോക്കുവിൻ. എനിക്കുള്ളതുപോലെ മാംസവും അസ്ഥികളും ഭൂതത്തിന് ഇല്ലല്ലോ.
ലൂക്കാ 24:41	എന്നിട്ടും അവർ സന്തോഷാധിക്യത്താൽ അവിശ്വസിക്കുകയും അദ്ഭുതപ്പെടുകയും ചെയ്തപ്പോൾ അവൻ അവരോടുചോദിച്ചു: ഇവിടെ ഭക്ഷിക്കാൻ എന്തെങ്കിലുമുണ്ടോ?
ലൂക്കാ 24:42	ഒരു കഷണം വറുത്ത മീൻ അവർ അവനു കൊടുത്തു.
ലൂക്കാ 24:43	അവൻ അതെടുത്ത് അവരുടെ മുമ്പിൽവച്ചു ഭക്ഷിച്ചു.

യോഹ 20:21	യേശു വീണ്ടും അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം! പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു.
യോഹ 20:22	ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ.
യോഹ 20:23	നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും.
യോഹ 20:24	പന്ത്രണ്ടുപേരിലൊരുവനും ദിദിമോസ് എന്നു വിളിക്കപ്പെടുന്നവനുമായ തോമസ് യേശു വന്നപ്പോൾ അവരോടുകൂടെ ഉണ്ടായിരുന്നില്ല.
യോഹ 20:25	അതുകൊണ്ടു മറ്റു ശിഷ്യൻമാർ അവനോടു പറഞ്ഞു: ഞങ്ങൾ കർത്താവിനെ കണ്ടു. എന്നാൽ, അവൻ പറഞ്ഞു: അവൻെറ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എൻെറ വിരൽ ഇടുകയും അവൻെറ പാർശ്വത്തിൽ എൻെറ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല.

295. തോമസിനും മററുശിഷ്യൻമാർക്കു പ്രത്യക്ഷപ്പെടുന്നു

യോഹ 20:26	എട്ടു ദിവസങ്ങൾക്കു ശേഷം വീണ്ടും അവൻെറ ശിഷ്യൻമാർ വീട്ടിൽ ആയിരുന്നപ്പോൾ തോമസും അവരോടുകൂടെയുണ്ടായിരുന്നു. വാതിലുകൾ അടച്ചിരുന്നു. യേശു വന്ന് അവരുടെ മധ്യത്തിൽ നിന്നുകൊണ്ടു പറഞ്ഞു: നിങ്ങൾക്കു സമാധാനം!
യോഹ 20:27	അവൻ തോമസിനോടു പറഞ്ഞു: നിൻെറ വിരൽ ഇവിടെ കൊണ്ടുവരുക; എൻെറ കൈകൾ കാണുക; നിൻെറ കൈ നീട്ടി എൻെറ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക.
യോഹ 20:28	തോമസ് പറഞ്ഞു: എൻെറ കർത്താവേ, എൻെറ ദൈവമേ!
യോഹ 20:29	യേശു അവനോടു പറഞ്ഞു: നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; കാണാതെതന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാൻമാർ.

296. പ്രേഷിതദൗത്യം

മത്താ 28:16	യേശു നിർദേശിച്ചതുപോലെ പതിനൊന്നു ശിഷ്യൻമാരും ഗലീലിയിലെ മലയിലേക്കു പോയി.
മത്താ 28:17	അവനെക്കണ്ടപ്പോൾ അവർ അവനെ ആരാധിച്ചു. എന്നാൽ, ചിലർ സംശയിച്ചു.
മത്താ 28:18	യേശു അവരെ സമീപിച്ച്, അരുളിച്ചെയ്തു: സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു.
മത്താ 28:19	ആകയാൽ, നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ.
മത്താ 28:20	പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.
മർക്കോ 16:15	അവൻ അവരോടു പറഞ്ഞു: നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ.
മർക്കോ 16:16	വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും.
മർക്കോ 16:17	വിശ്വസിക്കുന്നവരോടുകൂടെ ഈ അടയാളങ്ങൾ ഉണ്ടായിരിക്കും: അവർ എൻെറ നാമത്തിൽ പിശാചുക്കളെ ബഹിഷ്കരിക്കും. പുതിയ ഭാഷകൾ സംസാരിക്കും.
മർക്കോ 16:18	അവർ സർപ്പങ്ങളെ കൈയിലെടുക്കും. മാരകമായ എന്തു കുടിച്ചാലും അത് അവരെ ഉപദ്രവിക്കുകയില്ല. അവർ രോഗികളുടെമേൽ കൈകൾ വയ്ക്കും; അവർ സുഖം പ്രാപിക്കുകയും ചെയ്യും.

297. യേശു വീണ്ടും പ്രത്യക്ഷപ്പെടുന്നു

യോഹ 21:1	ഇതിനുശേഷം യേശു തിബേരിയാസ് കടൽത്തീരത്തുവച്ച് ശിഷ്യൻമാർക്കു വീണ്ടും തന്നെത്തന്നെ വെളിപ്പെടുത്തി. അവൻ വെളിപ്പെടുത്തിയത് ഇപ്രകാരമാണ്:
യോഹ 21:2	ശിമയോൻ പത്രോസ്, ദിദിമോസ് എന്നു വിളിക്കപ്പെടുന്ന തോമസ്, ഗലീലിയിലെ കാനായിൽനിന്നുള്ള നഥാനയേൽ, സെബദിയുടെ പുത്രൻമാർ എന്നിവരും വേറെ രണ്ടു ശിഷ്യൻമാരും ഒരുമിച്ചിരിക്കുകയായിരുന്നു.
യോഹ 21:3	ശിമയോൻ പത്രോസ് പറഞ്ഞു: ഞാൻ മീൻ പിടിക്കാൻ പോകുകയാണ്. അവർ പറഞ്ഞു: ഞങ്ങളും നിന്നോടുകൂടെ വരുന്നു. അവർ പോയി വള്ളത്തിൽ കയറി. എന്നാൽ, ആ രാത്രിയിൽ അവർക്ക് ഒന്നും കിട്ടിയില്ല.
യോഹ 21:4	ഉഷസ്സായപ്പോൾ യേശു ക ടൽക്കരയിൽ വന്നു നിന്നു. എന്നാൽ, അതു യേശുവാണെന്നു ശിഷ്യൻമാർ അറിഞ്ഞില്ല.
യോഹ 21:5	യേശു അവരോടു ചോദിച്ചു: കുഞ്ഞുങ്ങളേ, നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ? ഇല്ല എന്ന് അവർ ഉത്തരം പറഞ്ഞു.
യോഹ 21:6	അവൻ പറഞ്ഞു: വള്ളത്തിൻെറ വലത്തു വശത്തു വലയിടുക. അപ്പോൾ നിങ്ങൾക്കു കിട്ടും. അവർ വലയിട്ടു. അപ്പോൾ വലയിലകപ്പെട്ട മത്സ്യത്തിൻെറ ആധിക്യം നിമിത്തം അതു വലിച്ചു കയറ്റാൻ അവർക്കു കഴിഞ്ഞില്ല.
യോഹ 21:7	യേശു സ്നേഹിച്ചിരുന്ന ആ ശിഷ്യൻ പത്രോസിനോടു പറഞ്ഞു: അതു കർത്താവാണ്. അതു കർത്താവാണെന്നുകേട്ടപ്പോൾ ശിമയോൻ പത്രോസ് താൻ നഗ്നനായിരുന്നതുകൊണ്ടു പുറങ്കുപ്പായം എടുത്തു ധരിച്ചു കടലിലേക്കു ചാടി.
യോഹ 21:8	എന്നാൽ, മറ്റു ശിഷ്യൻമാർ മീൻ നിറഞ്ഞവലയും വലിച്ചുകൊണ്ടു വള്ളത്തിൽത്തന്നെ വന്നു. അവർ കരയിൽനിന്ന് ഏകദേശം ഇരുനൂറു മുഴത്തിലധികം അകലെയല്ലായിരുന്നു.
യോഹ 21:9	കരയ്ക്കിറങ്ങിയപ്പോൾ തീകൂട്ടിയിരിക്കുന്നതും അതിൽ മീൻ വച്ചിരിക്കുന്നതും അപ്പവും അവർ കണ്ടു.
യോഹ 21:10	യേശു പറഞ്ഞു: നിങ്ങൾ ഇപ്പോൾ പിടിച്ച മത്സ്യത്തിൽ കുറെ കൊണ്ടുവരുവിൻ.

യോഹ 21:11	ഉടനെ ശിമയോൻപത്രോസ് വള്ളത്തിൽ കയറി വലിയ മത്സ്യങ്ങൾകൊണ്ടു നിറഞ്ഞവല വലിച്ചു കരയ്ക്കു കയറ്റി. അതിൽ നൂറ്റിയ മ്പത്തിമൂന്നു മത്സ്യങ്ങളുണ്ടായിരുന്നു. ഇത്രയധികം ഉണ്ടായിരുന്നിട്ടും വല കീറിയില്ല.
യോഹ 21:12	യേശു പറഞ്ഞു: വന്നു പ്രാതൽ കഴിക്കുവിൻ. ശിഷ്യൻമാരിലാരും അവനോട് നീ ആരാണ് എന്നു ചോദിക്കാൻമുതിർന്നില്ല; അതു കർത്താവാണെന്ന് അവർ അറിഞ്ഞിരുന്നു.
യോഹ 21:13	യേശു വന്ന് അപ്പമെടുത്ത് അവർക്കു കൊടുത്തു; അതുപോലെതന്നെ മത്സ്യവും.
യോഹ 21:14	യേശു മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടശേഷം ശിഷ്യൻമാർക്കു പ്രത്യക്ഷപ്പെടുന്നത് ഇതു മൂന്നാം പ്രാവശ്യമാണ്.
യോഹ 21:15	അവരുടെ പ്രാതൽ കഴിഞ്ഞപ്പോൾ യേശു ശിമയോൻപത്രോസിനോടു ചോദിച്ചു: യോഹന്നാൻെറ പുത്രനായ ശിമയോനെ, നീ ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ? അവൻ പറഞ്ഞു: ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുവല്ലോ. യേശു അവനോടു പറഞ്ഞു: എൻെറ ആടുകളെ മേയിക്കുക.
യോഹ 21:16	രണ്ടാം പ്രാവശ്യവും അവൻ ചോദിച്ചു: യോഹന്നാൻെറ പുത്രനായ ശിമയോനെ, നീ എന്നെ സ്നേഹിക്കുന്നുവോ? അവൻ പറഞ്ഞു: ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്ന് നീ അറിയുന്നുവല്ലോ. അവൻ പറഞ്ഞു: എൻെറ കുഞ്ഞാടുകളെ മേയിക്കുക.
യോഹ 21:17	അവൻ മൂന്നാം പ്രാവശ്യവും അവനോടു ചോദിച്ചു: യോഹന്നാൻെറ പുത്രനായ ശിമയോനെ, നീ എന്നെ സ്നേഹിക്കുന്നുവോ? തന്നോടു മൂന്നാം പ്രാവശ്യവും നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് അവൻ ചോദിച്ചതുകൊണ്ട് പത്രോസ് ദുഃഖിതനായി. അവൻ പറഞ്ഞു: കർത്താവേ, നീ എല്ലാം അറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നു. യേശു പറഞ്ഞു: എൻെറ കുഞ്ഞാടുകളെ മേയിക്കുക.
യോഹ 21:18	സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ചെറുപ്പമായിരുന്നപ്പോൾ നീ സ്വയം അര മുറുക്കുകയും ഇഷ്ടമുള്ളിടത്തേക്കു പോവുകയും ചെയ്തിരുന്നു. എന്നാൽ, പ്രായമാകുമ്പോൾ നീ നിൻെറ കൈകൾ നീട്ടുകയും മറ്റൊരുവൻ നിൻെറ അര മുറുക്കുകയും നീ ആഗ്രഹിക്കാത്തിടത്തേക്കു നിന്നെ കൊണ്ടുപോവുകയും ചെയ്യും.
യോഹ 21:19	ഇത് അവൻ പറഞ്ഞത്, ഏതു വിധത്തിലുള്ള മരണത്താൽ പത്രോസ് ദൈവത്തെ മഹത്വപ്പെടുത്തും എന്നു സൂചിപ്പിക്കാനാണ്. അതിനുശേഷം യേശു അവനോട് എന്നെ അനുഗമിക്കുക എന്നു പറഞ്ഞു.
യോഹ 21:20	പത്രോസ് തിരിഞ്ഞു നോക്കിയപ്പോൾ യേശു സ്നേഹിച്ചിരുന്ന ആ ശിഷ്യൻ പിന്നാലെ വരുന്നതു കണ്ടു. ഇവനാണ് അത്താഴസമയത്ത് യേശുവിൻെറ വക്ഷസ്സിൽ ചാരിക്കിടന്നുകൊണ്ട്, കർത്താവേ, ആരാണു നിന്നെ ഒറ്റിക്കൊടുക്കുവാൻ പോകുന്നത് എന്നു ചോദിച്ചത്.
യോഹ 21:21	അവനെ കണ്ടപ്പോൾ പത്രോസ് യേശുവിനോടു ചോദിച്ചു: കർത്താവേ, ഇവൻെറ കാര്യം എന്ത്?
യോഹ 21:22	യേശു പറഞ്ഞു: ഞാൻ വരുന്നതുവരെ ഇവൻ ജീവിച്ചിരിക്കണമെന്നാണ് എൻെറ ഹിതമെങ്കിൽ നിനക്കെന്ത്? നീ എന്നെ അനുഗമിക്കുക.
യോഹ 21:23	ആ ശിഷ്യൻമരിക്കുകയില്ല എന്ന ഒരു സംസാരം സഹോദരരുടെയിടയിൽ പരന്നു. എന്നാൽ, അവൻ മരിക്കുകയില്ല എന്നല്ല യേശു പറഞ്ഞത്; പ്രത്യുത, ഞാൻ വരുന്നതുവരെ അവൻ ജീവിച്ചിരിക്കണമെന്നാണ് എൻെറ ഹിതമെങ്കിൽ നിനക്കെന്ത് എന്നാണ്.

298. യേശുവിൻെറ സ്വർഗാരോഹണം

ലൂക്കാ 24:44	അവൻ അവരോടു പറഞ്ഞു: മോശയുടെ നിയമത്തിലും പ്രവാചകൻമാരിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നതെല്ലാം പൂർത്തിയാകേണ്ടിയിരിക്കുന്നു എന്നുഞാൻ നിങ്ങളോടുകൂടെ ആയിരുന്നപ്പോൾ പറഞ്ഞിട്ടുണ്ടല്ലോ.
ലൂക്കാ 24:45	വിശുദ്ധലിഖിതങ്ങൾ ഗ്രഹിക്കാൻ തക്കവിധം അവരുടെ മനസ്സ് അവൻ തുറന്നു.
ലൂക്കാ 24:46	അവൻ പറഞ്ഞു: ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: ക്രിസ്തു സഹിക്കുകയും മൂന്നാം ദിവസം മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കുകയുംചെയ്യണം;
ലൂക്കാ 24:47	പാപമോചനത്തിനുള്ള അനുതാപം അവൻെറ നാമത്തിൽ ജറുസലെമിൽ ആരംഭിച്ച് എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു.
ലൂക്കാ 24:48	നിങ്ങൾ ഇവയ്ക്കു സാക്ഷികളാണ്.
ലൂക്കാ 24:49	ഇതാ, എൻെറ പിതാവിൻെറ വാഗ്ദാനം നിങ്ങളുടെമേൽ ഞാൻ അയയ്ക്കുന്നു. ഉന്നതത്തിൽനിന്നു ശക്തി ധരിക്കുന്നതുവരെ നഗരത്തിൽത്തന്നെ വസിക്കുവിൻ.
ലൂക്കാ 24:50	അവൻ അവരെ ബഥാനിയാവരെ കൂട്ടിക്കൊണ്ടു പോയി; കൈകൾ ഉയർത്തി അവരെ അനുഗ്രഹിച്ചു.
ലൂക്കാ 24:51	അനുഗ്രഹിച്ചുകൊണ്ടിരിക്കേ അവൻ അവരിൽനിന്നു മറയുകയും സ്വർഗത്തിലേക്കു സംവഹിക്കപ്പെടുകയും ചെയ്തു.
ലൂക്കാ 24:52	അവർ അവനെ ആരാധിച്ചു; അത്യന്തം ആനന്ദത്തോടെ ജറുസലെമിലേക്കു മടങ്ങി. അവർ ദൈവത്തെ സ്തുതിച്ചു കൊണ്ട് സദാസമയവും ദേവാലയത്തിൽ കഴിഞ്ഞുകൂടി.

299. ഉപസംഹാരം

യോഹ 20:30	ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മറ്റനേകം അടയാളങ്ങളും യേശു ശിഷ്യരുടെ സാന്നിധ്യത്തിൽ പ്രവർത്തിച്ചു.
യോഹ 20:31	എന്നാൽ, ഇവതന്നെയും എഴുതപ്പെട്ടിരിക്കുന്നത്, യേശു ദൈവപുത്രനായ ക്രിസ്തുവാണെന്നു നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവൻെറ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്.
യോഹ 21:24	ഈ ശിഷ്യൻതന്നെയാണ് ഈ കാര്യങ്ങൾക്കു സാക്ഷ്യം നൽകുന്നതും ഇവ എഴുതിയതും. അവൻെറ സാക്ഷ്യം സത്യമാണെന്നു ഞങ്ങൾക്കറിയാം.
യോഹ 21:25	യേശു ചെയ്ത മറ്റു പല കാര്യങ്ങളും ഉണ്ട്. അതെല്ലാം എഴുതിയിരുന്നെങ്കിൽ, ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ ലോകത്തിനുതന്നെ സാധിക്കാതെവരുമെന്നാണ് എനിക്കു തോന്നുന്നത്.